www.malankaralibrary.com

# മാർപാപ്പ ഇന്ത്യയോട്



## ഇന്ത്യയിലെ പ്രസംഗങ്ങൾ

www.malankaralibrary.com

# മാർപാപ്പ ഇന്ത്യയോട്

ജോൺ പോൾ രണ്ടാമന്റെ

ഇന്ത്യയിലെ പ്രസംഗങ്ങൾ

എസ്. എച്ച്. ലീഗ്
ആലുവ 683 103

www.malankaralibrary.com

*Malayalam*

**MARPAPA INDIAYODU**

Pope's Speeches in India

First Published: December 1986

Copyright: S. H. League

Printed at:
Pellissery Printers, Kottayam-1

Price Rs. 30

Published by
S. H. League, Alwaye 683 103

www.malankaralibrary.com

# താളുകൾ മറിക്കുമ്പോൾ


ആമുഖം
അവതാരിക
1. ഡൽഹി വിമാനത്താവളത്തിൽ 9
2. രാജ്ഘട്ടിലെ പ്രഭാഷണം 13
3. രാജ്ഘട്ടിലെ സമാധാനപ്രാർത്ഥന 17
4. ഇന്ദിരാഗാന്ധിസ്റ്റേഡിയത്തിൽ 19
5. കത്തോലിക്ക മെത്രാൻമാരോട് 25
6. ഡൽഹി ദിവ്യബലി പ്രസംഗം 37
7. ഡൽഹി ത്രികാലപ്രാർത്ഥനയിൽ 45
8. ഡൽഹി പൊതുപ്രവർത്തകരോട് 47
9. റാഞ്ചി ദിവ്യബലിപ്രഭാഷണം 56
10. കൽക്കട്ട 'നിർമ്മലഹൃദയ' പ്രാർത്ഥന 64
11. 'നിർമ്മലഹൃദയ'യിലെ പ്രഭാഷണം 66
12. കൽക്കട്ട ക്രൈസ്തവനേതാക്കളോട് 68
13. കൽക്കട്ട സാമൂഹ്യപ്രവർത്തകരോട് 70
14. ഷില്ലോംഗ് ദിവ്യബലിക്കിടയിൽ 78
15. കൽക്കട്ട: പൊതുജനങ്ങളോട് 86
16. കൽക്കട്ട ദിവ്യബലിക്കിടയിൽ 88
17. അക്രൈസ്തവമതനേതാക്കളോട് 96
18. സെൻറ്തോമസ് മൗണ്ടിൽ 103
19. സെൻറ്തോമസ് കത്തീഡ്രലിൽ 104
20. മറീനബീച്ച് ദിവ്യബലിയിൽ 105
21. ഗോവ ദിവ്യബലിക്കിടയിൽ 113
22. മംഗലാപുരത്തെ ശുശ്രൂഷയിൽ 120
23. ഭാരതത്തിലെ വൈദികരോട് 128
24. തൃശൂരിലെ ശുശ്രൂഷയിൽ 137
25. കളമശേരിയിലെ പ്രസംഗം 144
26. വരാപ്പുഴ കത്തീഡ്രലിൽ 152
27. യാക്കോബായ കാതോലിക്കയോട് 153
28. എറണാകുളം കത്തീഡ്രലിൽ 156
29. ചാവറയച്ചനും അൽഫോൻസമ്മയും 157
30. കോട്ടയംരൂപത കത്തീഡ്രലിൽ 167
31. ഓർത്തഡോക്സ് കാതോലിക്കയോട് 168
32. വിജയപുരം നല്ലിടയൻ പള്ളിയിൽ 171
33. തിരുവനന്തപുരം രൂപതയിൽ 172

www.malankaralibrary.com


| | | |
|---|---|---|
| 34. | തിരുവനന്തപുരം അതിരൂപതയിൽ | 173 |
| 35. | തിരുവനന്തപുരം ശുശ്രൂഷയിൽ | 174 |
| 36. | വാസായിലെ പ്രഭാഷണം | 182 |
| 37. | ബോംബെ ബാന്ദ്രബസിലിക്കയിൽ | 188 |
| 38. | ബോംബെ കത്തീഡ്രലിൽ | 191 |
| 39. | ശിവജിപാർക്കിലെ ദിവ്യബലിയിൽ | 192 |
| 40. | ശിവജിപാർക്കിൽ മാതാവിനോട് | 201 |
| 41. | പുനെ സെമിനാരിയിൽ | 204 |
| 42. | സന്യാസിനീസന്യാസികളോട് | 211 |
| 43. | ബോംബെയിൽ യുവാക്കളോട് | 219 |
| 44. | വിടവാങ്ങൽസന്ദേശം | 226 |
| | അനുബന്ധം: | |
| | സന്ദർശനത്തിനു മുമ്പും പിമ്പും | 227 |


വിവർത്തനം: 1–8 ജോൺ വീപ്പാട്ടുപറമ്പിൽ. 9–16 ജോസ് ആര്യൻകാലായിൽ. 16–23 തോമസ് കാച്ചപ്പിള്ളി. 24–35 ജെയിംസ് ചേരിക്കൽ. 36-44 ജഗദീശൻ കെ. അനുബന്ധം ജോസഫ് കൊച്ചുപറമ്പിൽ.

www.malankaralibrary.com

# ആമുഖം

ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ഭാരത സന്ദർശനം ഒരു തീർത്ഥാടനമായിരുന്നു. ഭാരതമെന്ന പുണ്യഭൂമിയിലേക്കുള്ള തീർത്ഥാടനം. എന്താണ് പാപ്പയുടെ വീക്ഷണത്തിൽ ഭാരതത്തെ ഒരു പുണ്യ ഭൂമിയാക്കുന്നത്? സഹസ്രാബ്ദങ്ങളായി ഇവിടെ വളർന്നു വികസിച്ച ഈശ്വരാഭിമുഖ്യംതന്നെ.

ആഴമായ ഈശ്വരാന്വേഷണത്തിന്റെ നാടാണ് ഭാരതം എന്നു പാപ്പ തന്റെ സന്ദർശനവേളയിൽ ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി. ഭാരതീയ വീക്ഷണത്തിൽ പരമസത്തയായ ഈശ്വരനെ തേടിയിറങ്ങുന്ന തീർത്ഥാടകനാണ് മനുഷ്യൻ. മഹാത്മാഗാന്ധിയെയാണ് തത്വത്തിലും പ്രയോഗത്തിലും ഈ ദർശനത്തിന്റെ വക്താവും പ്രതീകവുമായി ജോൺ പോൾ രണ്ടാമൻ സ്വീകരിക്കുന്നത്. മഹാത്മാഗാന്ധി ഭാരതത്തിന്റെ ആത്മാവിന്റെ മൂർത്തരൂപമാണെന്നാണ് പാപ്പയുടെ അഭിമതം. അതുകൊണ്ടാണ് പാപ്പ ഭാരതഭൂമിയിലേക്കുള്ള തന്റെ തീർത്ഥാടനം ഗാന്ധിസമാധിയിൽ തുടക്കം കുറിച്ചത്: 'വെറുപ്പിനെ സ്നേഹംകൊണ്ടും അസത്യത്തെ സത്യം കൊണ്ടും അക്രമത്തെ സമാധാനം കൊണ്ടും' ജയിക്കണമെന്നുപദേശിച്ച ഗാന്ധിയായിരുന്നു സന്ദർശനത്തിലുടനീളം മാർപാപ്പയുടെ വഴികാട്ടി.

രാഷ്ട്രപിതാവിന്റെ സ്മാരകത്തിനു മുമ്പിൽ പാപ്പ ഇപ്രകാരം പ്രാർത്ഥിച്ചു: 'ചരിത്രത്തിലെ അങ്ങയുടെ (ദൈവത്തിന്റെ) സാന്നിധ്യത്തെയും പ്രവർത്തനത്തെയുംപററി ആഴമായ അവബോധം സൃഷ്ടിക്കാനും, സത്യസന്ധതയും ഉത്തരവാദിത്വവും കൂടുതൽ ഫലദായകമായി പ്രായോഗികമാക്കാനും, എല്ലാ പ്രതിബന്ധങ്ങൾക്കുമതീതമായ സൗഹൃദവും, എല്ലാവർക്കും നീതിയും, ജീവിതപൂർണതയും സാധ്യമാക്കാനും ഞങ്ങളുടെ എല്ലാ സഹോദരീസഹോദരന്മാരോടുമൊപ്പം ഒത്തൊരുമിച്ചു പ്രവർത്തിക്കുവാൻ ഞങ്ങളെത്തന്നെ സമർപ്പിക്കുന്നു.'

മതസൗഹാർദ്ദത്തിന് മാർപാപ്പയുടെ ആഹ്വാനം എന്താണ് അർത്ഥമാക്കുന്നതെന്നു വ്യക്തമാക്കുന്ന പ്രാർത്ഥനയാണിത്.

'മനുഷ്യനെപ്പററി ആഴമായ ആധ്യാത്മിക

www.malankaralibrary.com

ദർശനം കാഴ്ചവയ്ക്കുന്ന രാജ്യമാണ് ഭാരതം' എന്ന് മാർപാപ്പ ഡൽഹിയിലെ ഇന്ദിരാഗാന്ധിസ്റ്റേഡിയത്തിൽ പ്രസ്താവിക്കുകയുണ്ടായി. എന്തിലാണ് മനുഷ്യനെപ്പററിയുള്ള ആധ്യാത്മിക വീക്ഷണം അടങ്ങിയിരിക്കുന്നത്? മനുഷ്യൻ ദൈവത്തിന്റെ പ്രതിഛായയാണ് എന്നതുതന്നെ. അതാണ് മനുഷ്യനെപ്പററിയുള്ള ഭാരതീയ തത്വദർശനം. അതുതന്നെയാണ് മനുഷ്യനെപ്പററിയുള്ള ക്രൈസ്തവ വീക്ഷണവും.

മനുഷ്യനെന്ന വഴി പിന്തുടർന്നുകൊണ്ടാണ് സഭ തന്നോടുതന്നെ വിശ്വസ്തത പുലർത്തേണ്ടതെന്ന് പാപ്പ പ്രഖ്യാപിക്കുകയുണ്ടായി: 'മനുഷ്യസേവനം ദൈവസേവനമാണെന്ന' വിവേകാനന്ദന്റെ വാക്കുകൾ കൽക്കട്ടയിൽവച്ച് ഉദ്ധരിച്ചുകൊണ്ട് മതസൗഹാർദ്ദത്തിന്റെ ഏററവും വിശാലമായ മേഖലയിലേക്ക് അദ്ദേഹം നമ്മുടെ ശ്രദ്ധ തിരിച്ചുവിട്ടു. മനുഷ്യവംശത്തിന്റെ നന്മക്കായി എല്ലാ മതങ്ങളും പരസ്പരം സഹകരിക്കണമെന്ന് പാപ്പ ആഹ്വാനം ചെയ്തു.

കൽക്കട്ട നഗരത്തെ വേദനയുടെ പ്രതീകമായാണ് ജോൺ പോൾ രണ്ടാമൻ ചിത്രീകരിച്ചത്. സഹനം എത്ര ഭീകരമായാലും പ്രത്യാശയോടെ അതിനെ മറികടക്കുവാൻ മനുഷ്യനു സാധിക്കുമെന്നതിന്റെ ഉദാത്തമായ പ്രതീകമായി മദർ തെരേസയെയും അവർ നടത്തുന്ന 'നിർമ്മൽ ഹൃദയ്' ആതുരാലയത്തെയും പാപ്പ വിഭാവനം ചെയ്തു.

'മനുഷ്യചരിത്രത്തിന്റെ അലിഖിത ഗ്രന്ഥ'മെന്ന് പാപ്പ വേദനയെ വിശേഷിപ്പിച്ചു. വേദനയും നിസ്സഹായാവസ്ഥയും മനുഷ്യനിൽ സൃഷ്ടിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ? എന്നു ചോദിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. തൃപ്തികരമായൊരു ഉത്തരം കണ്ടെത്താൻ പ്രത്യക്ഷത്തിൽ പ്രയാസമേറിയ ഒരു ചോദ്യം! സഹനത്തിന്റെ പ്രതീകമായ ക്രിസ്തുവെന്ന മഹാരഹസ്യത്തിലേക്കു പരോക്ഷമായി നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ് മാർപാപ്പ.

'നൽകുക മാത്രമല്ല, സ്വീകരിക്കുകകൂടി' തങ്ങളുടെ കടമയാണെന്ന് ഭാരതക്രൈസ്തവരെ പാപ്പ ബോധ്യപ്പെടുത്തുന്നുണ്ട്. ക്രൈസ്തവവിശ്വാസിക്ക് ഭാരതത്തിന്റെ ആധ്യാത്മികവീക്ഷണം ഏറെ

www.malankaralibrary.com

മൂല്യങ്ങൾ കാഴ്ചവയ്ക്കുന്നുണ്ടെന്ന് എളിമയോടെ ഏററു പറയുകയാണിവിടെ.

ക്രൈസ്തവസഹോദരങ്ങളുടെ പുനരൈക്യത്തിനായുള്ള ഉൽക്കടമായ ദാഹം കൊച്ചിയിലും കോട്ടയത്തും വച്ചുനടന്ന കൂടിക്കാഴ്ചകളിലും, തദവസരങ്ങളിലെ സന്ദേശങ്ങളിലും പ്രകടമാണ്.

ക്രിസ്തുവായിരിക്കണം ക്രൈസ്തവകുടുംബങ്ങളുടെ പ്രകാശമെന്നും കത്തോലിക്കർ ഈ നാടിൻെറ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗക്കാരുമായി സഹകരിച്ചു മുന്നോട്ടുപോകണമെന്നും പാപ്പ തൃശ്ശൂരിൽവച്ച് ആഹ്വാനംചെയ്തു.

കേരളസഭയെ സംബന്ധിച്ചിടത്തോളം അവളുടെ രണ്ടു വീരസന്താനങ്ങളായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും അൽഫോൻസമ്മയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കപ്പെട്ടത് പാപ്പാസന്ദർശനത്തിൻെറ മാററുകൂട്ടുവാൻ കാരണമായി. ഈ ദിവ്യാവസരത്തിൽ 'ആഗോളസഭ ഭാരതസഭയോടൊപ്പം സന്തോഷിക്കുന്നു' എന്നു പാപ്പ പ്രഖ്യാപിക്കുകയുണ്ടായി.

പാപ്പയുടെ സന്ദേശങ്ങളൊക്കെയും ചുരുക്കത്തിൽ നാലു വിഭാഗത്തിൽപെടുത്താം. രാഷ്ട്രപുരോഗതിയെപ്പററി ഭരണാധികാരികളോടും പൊതുപ്രവർത്തകരോടും, വിശ്വാസത്തിൽ വളരേണ്ടതിൻെറ ആവശ്യകതയെപ്പററി ഭാരതസഭയോടും, മതസൗഹാർദ്ദത്തെപ്പററി എല്ലാമതവിഭാഗങ്ങളോടും, ലോകസമാധാനത്തെപ്പററി സന്മനസ്സുള്ള എല്ലാവരോടുമായുള്ളവയാണ് ആ പ്രസംഗങ്ങൾ എല്ലാം.

മാർപാപ്പയുടെ ഭാരത തീർത്ഥാടനത്തിനിടയിലെ സന്ദേശങ്ങളെല്ലാം ലളിതവും സുഗ്രാഹ്യവുമായ ശൈലിയാണ് അവലംബിച്ചത്. പ്രാമാണിക ദൈവശാസ്ത്രതർക്കങ്ങൾക്ക് ഇവിടെ സ്ഥാനം ഇല്ലായിരുന്നു. തർക്കവിഷയങ്ങളൊന്നും പരാമർശിക്കപ്പെട്ടില്ല. ഭാരതത്തിൻെറ നന്മകളെ അംഗീകരിക്കാനും ആദരിക്കാനുമാണ് താൻ വന്നതെന്ന് പാപ്പ വ്യക്തമാക്കി. എല്ലാററിനുമുപരി, ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വ്യക്തിപ്രഭാവം ഇവിടത്തെ മനുഷ്യരെ ഹഠാദാകർഷിച്ചു. അതൊക്കെ പ്രകടമാക്കുന്ന ഒരു വ്യക്തിസാക്ഷ്യമാണ് ശ്രീ. സുകുമാർ അഴീക്കോടിൻേറത്. മദ്രാസിലെ രാജാജിഹാളിൽവച്ചുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്ത സുകുമാർ അഴീക്കോടിൻെറ

www.malankaralibrary.com

അതിനെപ്പററിയുള്ള പ്രതികരണം 'ഗംഭീരം' എന്നായിരുന്നു. 'ആ ദർശനം അവിസ്മരണീയമായ ഒരനുഭവമാണ്. അത്തരമൊരു ചടങ്ങും. എനിക്ക് എന്തെന്നില്ലാത്ത ചാരിതാർത്ഥ്യം തോന്നുന്നു.'

ഇന്ത്യൻ എക്സ്പ്രസ് മുഖപ്രസംഗത്തിൽ (1986, ഫെ 11) വിജയപ്രദമായൊരു അജപാലന സന്ദർശനം എന്നാണ് പാപ്പയുടെ ഭാരതതീർത്ഥാടനത്തെ വിശേഷിപ്പിച്ചത്.

പാപ്പാസന്ദർശനത്തിൻെറ ആവേശം പെട്ടെന്നങ്ങു കെട്ടടങ്ങിയ മട്ടാണിവിടെ. എന്നാൽ അതിൻെറ സന്ദേശം നാമിനിയും പഠനവിഷയമാക്കുകയും, വിലയിരുത്തുകയും, പ്രായോഗികമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനു നമ്മെ സഹായിക്കാനാണ് മാർപാപ്പയുടെ ഭാരതസന്ദേശങ്ങളുടെ സമാഹാരമായ 'മാർപാപ്പ ഇന്ത്യയോട്' എന്ന ഈ ഗ്രന്ഥം ഞങ്ങൾ കൈരളിക്കു കാഴ്ചവയ്ക്കുന്നത്. പാപ്പാ ഭാരത സന്ദർശനവേളയിൽചെയ്ത പ്രസംഗങ്ങൾക്കു പുറമെ, അതിനു മുമ്പും പിമ്പും ഭാരതവുമായി ബന്ധപ്പെട്ട ജോൺ പോൾ രണ്ടാമൻെറ പരാമർശങ്ങളൊക്കെയും ഈ ഗ്രന്ഥത്തിൻെറ അവസാന ഭാഗത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്

ഈ സന്ദേശങ്ങൾ പരിഭാഷപ്പെടുത്തി സഹായിച്ച ജഗദീശൻ കെ, ജെയിംസ് ചേരിക്കൽ, ജോൺ വീപ്പാട്ടുപറമ്പിൽ, ജോസഫ് ആര്യൻകാലായിൽ, ജോസഫ് കൊച്ചുപറമ്പിൽ, തോമസ് കാച്ചപ്പിള്ളി എന്നിവർക്കും, ഇതിൻെറ മുദ്രണം മനോഹരമായി നിർവഹിച്ച ശ്രീ. ജോൺ പെല്ലിശേരിക്കും, ഇതിൻെറ പ്രസിദ്ധീകരണം ഏറെറടുത്ത എസ്. എച്ച്. ലീഗ് പ്രവർത്തകർക്കും, എല്ലാററിലുമുപരി പ്രൗഢമായൊരു അവതാരികകൊണ്ട് ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച കെ. സി. ബി. സി. പ്രസിഡൻറ് ആർച്ച്ബിഷപ്പ് ആൻറണി പടിയറ തിരുമേനിക്കും നന്ദിയുടെ കൂപ്പുകൈ!

ഈ സന്ദേശങ്ങൾ അനുവാചകരുടെ ഹൃദയാന്തരാളങ്ങളിലേക്ക് ഇറങ്ങിച്ചെല്ലട്ടെ, അതവിടെ പുളിമാവായി വർത്തിക്കട്ടെ എന്ന പ്രാർത്ഥനയോടെ

**ബോസ്കോ പുത്തൂർ**

എഡിററർ

www.malankaralibrary.com

# അവതാരിക

ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ഭാരത സന്ദർശനം ഇവിടത്തെ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ സംഭവമാണ്. ഭാരതത്തിന്റെ ചിരകാലാഭിലാഷമായ പാപ്പാസന്ദർശനം സാക്ഷാത്ക്കരിക്കപ്പെടുകയായിരുന്നു കഴിഞ്ഞ ഫെബ്രുവരി ഒന്നുമുതൽ പത്തുവരെയുള്ള ദിവസങ്ങളിൽ. ഈ നാടിന്റെ എല്ലാ മുക്കിലും മൂലയിലും ആ ആധ്യാത്മിക തീർത്ഥാടനത്തിന്റെ അലയടികൾ ഉയർന്നുപൊങ്ങി. അപ്രതിരോധവേഗത്തിൽ ആ ദിനങ്ങൾ കടന്നുപോയി. ആ സാധുകനെ കണ്ടപ്പോൾ, കേട്ടപ്പോൾ നമ്മിലുണ്ടായ ചലനങ്ങളും പ്രചോദനങ്ങളും നിലനിറുത്തേണ്ടതുണ്ട്; വികാരതലത്തിൽനിന്ന് പ്രവൃത്തിപഥത്തിലേക്കെത്തിക്കേണ്ടതുണ്ട്.

മതേതര രാഷ്ട്രമായ ഭാരതത്തിന്റെ രാഷ്ട്ര അതിഥിയായിട്ടാണ് പാപ്പ വന്നതെങ്കിലും ആ സന്ദർശനം ഒരു തീർത്ഥാടനം ആയിരുന്നു. ഭാരതീയരെ കാണാൻ കേൾക്കാൻ, പഠിക്കാൻ, തന്റെ അനുഭവങ്ങൾ അവരുമായി പങ്കുവയ്ക്കാൻ, അവരോടൊത്തു പ്രാർത്ഥിക്കാൻ–ഇതായിരുന്നു പാപ്പാസന്ദർശനത്തിന്റെ ലക്ഷ്യം.

പാപ്പ സംസാരിച്ചത് വിശ്വസാഹോദര്യത്തിന്റെ ഭാഷയാണ്. മാനവസമൂഹത്തിനുമുഴുവൻ പ്രസക്തമായിരുന്നു ആ സന്ദേശം. അതിൽ മതനേതാക്കൾക്കും, രാഷ്ട്രമീമാംസകർക്കും, സാമൂഹ്യ–സാമ്പത്തിക വിദഗ്ദ്ധർക്കും, തൊഴിലാളികൾക്കും, രോഗികൾക്കും, യുവജനങ്ങൾക്കും, വൃദ്ധർക്കുംവേണ്ട മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. കുടുംബനാഥർക്കും, സന്യസ്തർക്കും, വൈദികവിദ്യാർത്ഥികൾക്കും, വൈദികർക്കും, മെത്രാന്മാർക്കുംവേണ്ട സന്ദേശങ്ങളുണ്ട്. മാനവികാഭിമുഖ്യമുള്ള എല്ലാവർക്കുമായുള്ള ആ സന്ദേശങ്ങളുടെ സമാഹാരമാണീ ഗ്രന്ഥം.

അവിടുന്നു സന്ദർശിച്ച എല്ലായിടങ്ങളിലും സന്ദേശങ്ങൾ നൽകുകയുണ്ടായി. ഓരോ പ്രസംഗവും ഒരു പിതാവിന്റെ വികാരങ്ങളോടെ, ഹൃദയത്തിന്റെ ഭാഷയിൽ,താൻ അനുഭവിച്ചറിഞ്ഞ ആഴമേറിയ

www.malankaralibrary.com

ആധ്യാത്മികചൈതന്യം തുടിക്കുന്നതാണ്. അവ ആരിലും ചലനം സൃഷ്ടിക്കുവാൻ ശക്തവുമാണ്. എല്ലാ പ്രഭാഷണങ്ങളിലും 'ഐക്യത്തിലേക്കുള്ള നാഥന്റെ വിളി' എന്ന തന്റെ തീർത്ഥാടനമുദ്രാവാക്യത്തിന്റെ പ്രതിഫലനം കാണാം.

പാപ്പാസന്ദർശനത്തിന്റെ ചൈതന്യം കഴിഞ്ഞ കാല സംഭവമായി നമുക്കു നഷ്ടപ്പെടാനുള്ളതല്ല. ശാശ്വതമായ സമ്പത്തായിരിക്കണമത്. അതു കാത്തു സൂക്ഷിക്കാൻ ഈ പ്രസംഗശേഖരം വളരെ സഹായകമാണ്. ഭാരതസഭ അതിന്റെ മഹത്തായ പൈതൃകം നഷ്ടപ്പെടുത്താതെ ആർഷഭാരത മണ്ണിൽ വേരോടി വളരാൻ എന്തുചെയ്യണമെന്നത് ഈ പ്രസംഗങ്ങളിൽ പ്രകടമാണ്. പാപ്പയുടെ ഭാരതസന്ദേശങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം ക്രൈസ്തവർക്കു മാത്രമല്ല, സത്യാന്വേഷകരും, സാധകരുമായ ഏവർക്കും ഒരു മുതൽക്കൂട്ടാണ്.

പാപ്പയുടെ പ്രസംഗങ്ങൾ വ്യക്തിതലത്തിലും, ഇടവകതലത്തിലും, സംഘടനാവേദികളിലും പഠനവിഷയമാക്കേണ്ടതുണ്ട് — ജീവിതഭാഗമാക്കേണ്ടതുണ്ട്. അതിലൂടെ മാത്രമേ ആ സന്ദേശങ്ങൾ ഐക്യത്തിലേക്കുള്ള നാഥന്റെ വിളിക്ക് ക്രൈസ്തവമായ പ്രതികരണമാകൂ.

കൈരളിയിലെ സത്യാന്വേഷകർക്കായി ഈ സാധകസന്ദേശം അനശ്വരതയണിയിച്ച ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലെ എസ്. എച്ച്. ലീഗിനും, സഹപ്രവർത്തകർക്കും കെ. സി. ബി. സി. പ്രസിഡന്റ് എന്ന നിലയിലും വ്യക്തിപരമായും എന്റെ ആശംസകൾ! പാപ്പയുടെ ഇന്ത്യയിലെ എല്ലാ പ്രസംഗങ്ങളും ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഭവനങ്ങളിലും ഉണ്ടായിരിക്കേണ്ട ഒന്നാണ്. വൈദികരും വൈദിക വിദ്യാർത്ഥികളും, സന്യസ്തരും, അത്മായരും ഇത് ആഴമായ പഠനവിഷയമാക്കുമെന്നാശിക്കട്ടെ. വിശ്വസാഹോദര്യമാഗ്രഹിക്കുന്ന എല്ലാവർക്കും ഈ പ്രസംഗസമാഹാരം പ്രചോദനമാകട്ടെ എന്നാശംസിച്ചുകൊണ്ട്, ഈ മഹത്ഗ്രന്ഥം അനുവാചകരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

മാർ ആന്റണി പടിയറ
എറണാകുളം ആർച്ച്ബിഷപ്പ്
കെ. സി. ബി. സി. പ്രസിഡന്റ്

എറണാകുളം
15-12-1986

*

www.malankaralibrary.com

# 1

# ഡൽഹി വിമാനത്താവളത്തിൽ

**ആ**ദരണീയനായ രാഷ്ട്രപതി, പ്രധാനമന്ത്രി, ഉന്നത ഉദ്യോഗസ്ഥരേ, മാന്യജനങ്ങളേ, 'നമസ്ക്കാരം'.

1.1. ഇന്ന് ഇന്ത്യയിൽ നിങ്ങളോടുകൂടെ ആയിരിക്കുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ട്. രാഷ്ട്രപതി എനിക്കു നൽകിയ സ്വീകരണത്തിനും, പൗരാണികവും, അതേസമയം യുവത്വം തുളുമ്പുന്നതുമായ ഈ രാജ്യത്തിലേയ്ക്കു് എന്നെ ക്ഷണിച്ചതിനും കൃതജ്ഞത അർപ്പിക്കട്ടെ.

ഈ ഔദ്യോഗിക ചടങ്ങുകളിൽ പങ്കെടുത്തു് പ്രധാനമന്ത്രി എന്നോടു് ആദരം പ്രകടിപ്പിച്ചതിനു് ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. എന്റെ സന്ദർശനം മോടിപിടിപ്പിക്കുവാൻ നിങ്ങൾ ചെയ്ത എല്ലാത്തിനും ഞാൻ ഹാർദ്ദവമായി നന്ദിപറയുന്നു. വിശാലമായ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കാനും, സ്നേഹധനരായ ഭാരതീയമക്കളെ നേരിൽ കാണാനും, ഈ ആർഷഭൂവിന്റെ മഹത്തായ സംസ്ക്കാര സമ്പന്നത നേരിട്ടറിയാനുംവേണ്ടി ചെയ്തുതന്ന നിർലോപമായ സഹകരണത്തിനു് ആത്മാർത്ഥതയോടെ ഹൃദയം നിറയെ നന്ദി പറയുന്നു. ധന്യമായ ആർഷഭാരതത്തിന്റെ നന്മയ്ക്കും, ജനങ്ങളുടെ പുരോഗതിക്കും സന്ദർശനം ഉപകരിക്കട്ടെയെന്നു് പ്രാർത്ഥിക്കുന്നു.

1.2. ആദരണീയനായ രാഷ്ട്രപതി, എന്നെ ഈ നാട്ടിലേക്കു ക്ഷണിച്ചതും, ഇവിടെ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയതും ഇന്ത്യയും പരിശുദ്ധ സിംഹാസനവും തമ്മിൽ ഏറെ നാളായി നിലനിൽക്കുന്ന ഔദ്യോഗിക ബന്ധങ്ങളുടെ ഒരു സത്ഫലമാണു്. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവും 12–ാം പീയൂസ് മാർപാപ്പയും തമ്മിൽ 1955–ൽ വത്തിക്കാനിൽവച്ചു് നടന്ന കൂടിക്കാഴ്ചയും ആറാം പൗലോസ് പാപ്പയുടെ 1964–ലെ ബോംബെ സന്ദർശനവും തദവസരത്തിൽ, ഇന്ത്യയിലെ ഉന്നത ഭരണാധികളെ കണ്ടതും, അഞ്ചു വർഷങ്ങൾക്കപ്പുറം പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ വത്തിക്കാൻ സന്ദർശനവും ചരിത്രത്തിലെ നാഴികക്കല്ലുകളാണു്.

എന്റെ സന്ദർശനം ഭാരതത്തിൽ രാഷ്ട്രവും സഭയും തമ്മിൽ ആദ്യംമുതൽ നിലനിൽക്കുന്ന നല്ല ബന്ധങ്ങളുടെ പ്രതി

www.malankaralibrary.com



ഫലനംകൂടിയാണ്. ഇന്ത്യയിൽ കത്തോലിക്ക സഭയ്ക്ക് ലഭിക്കുന്ന മതിപ്പിൽ ഞാൻ തികച്ചും സംതൃപ്തനാണ്. വിദ്യാഭ്യാസ ആതുരരംഗങ്ങളിലെ പുരോഗതിയോടൊപ്പം മാനവികവികാസത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഭാരതസഭ അർപ്പണബുദ്ധ്യാ നൽകിക്കൊണ്ടിരിക്കുന്ന ആത്മാർത്ഥമായ സംഭാവനകളെക്കുറിച്ച് ഞാൻ വളരെയേറെ ബോധവാനാണ്. ക്രൈസ്തവമതത്തിന്റെ ആരംഭദശമുതലേ ഭാരതമണ്ണിൽ അവ വേരുറച്ചിട്ടുണ്ട്. അതുവഴി കഴിഞ്ഞ 20 നൂറ്റാണ്ടുകാലംകൊണ്ടു സഭ ഭാരത ജനതയുടെയും ജീവിത പുരോഗതിയുടെയും അവിഭാജ്യഘടകമായി. ആർഷഭൂവിന്റെ അഖണ്ഡതയ്ക്കും സാഹോദര്യത്തിനുംവേണ്ടി സഭ എപ്പോഴും വിശ്വസ്തതാപൂർവ്വം സഹകരിക്കുമെന്നു ഞാൻ ഉറപ്പുതരുന്നു. അതോടൊപ്പം നീതിയും സ്നേഹവും സമാധാനവും സംസ്ഥാപിക്കുന്നതിനും, സർവ്വോപരി ഈ നാട് സർവ്വതോമുഖമായി വളർച്ച പ്രാപിക്കുന്നതിനുംവേണ്ടി സഭ എപ്പോഴും യത്നിക്കും.

1.3. എന്റെ ഭാരതസന്ദർശനത്തിനു മതാത്മകവും മാനുഷികവും ആയ വശങ്ങളുണ്ട്. ഇന്ത്യയിലെ കത്തോലിക്കരുടെ ഇടയിലേക്ക് അജപാലനദൗത്യവുമായി വരുന്നതോടൊപ്പം ഇവിടത്തെ മഹത്തായ ജനങ്ങളെയും അവരുടെ വൈവിധ്യമാർന്ന സംസ്ക്കാരത്തെയും സൗഹൃദബുദ്ധ്യാ ആദരിക്കാനും ഞാനാഗ്രഹിക്കുന്നു. ആദ്യമായി ഇന്ത്യയിലെ എല്ലാ മതങ്ങളോടുമുള്ള എന്റെ ആത്മാർത്ഥതനിറഞ്ഞ താല്പര്യം ഞാനിവിടെ പ്രകടിപ്പിക്കുന്നു. വിവിധ മതവിശ്വാസങ്ങൾ വച്ചുപുലർത്തുന്ന നമുക്കു പരസ്പരബഹുമാനത്തിലൂടെയുള്ള സംവാദവും സഹകരണവും സാധിക്കും.

ഇന്ത്യൻ ഭരണഘടന മതസ്വാതന്ത്ര്യത്തിനു നൽകുന്ന അംഗീകാരത്തിലൂടെ ഭാരതത്തിലെ എല്ലാ വ്യക്തികളുടെയും കാതലായ ആധ്യാത്മികമൂല്യങ്ങളെ ആദരിക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം സാമൂഹ്യജീവിതത്തിന്റെ അടിസ്ഥാനഘടകമായ ആധ്യാത്മികമൂല്യങ്ങൾക്ക് പ്രോൽസാഹനം നൽകുകയും ചെയ്യുന്നു.

1.4. ഭാരതീയരോടുള്ള ആദരവും സഹോദരനിർവിശേഷമായ സ്നേഹവും പ്രകടിപ്പിച്ചുകൊണ്ടാണ് ഞാൻ ഈ സന്ദർശനം ആരംഭിക്കുന്നത്. ഇന്ത്യൻ രാഷ്ട്രപതിയിലൂടെ ഭാരതത്തിലെ പുരുഷന്മാരും സ്ത്രീകളും വൃദ്ധരും യുവാക്കളും കുഞ്ഞുങ്ങളും അവരുടെ മാതാപിതാക്കന്മാരും ആയ എല്ലാവരെയും ഞാൻ അഭിവാദ്യംചെയ്യുന്നു. എനിക്ക് സാധിക്കാവുന്നിടത്തോളം ജനങ്ങളെ നേരിൽ കാണുന്നതിനും അതുവഴി നിങ്ങളെ ശ്രവിക്കുന്നതിനും നിങ്ങളുടെ ജീവിതാനുഭവങ്ങളിൽനിന്നും പഠിക്കുന്നതിനും സാധിക്കുമെന്നു കരുതുന്നു.

www.malankaralibrary.com



ഭാരതത്തിൻെറ വൈവിധ്യമാർന്ന സംസ്കാരങ്ങളിൽ എനിക്ക അതിയായ താല്പര്യമുണ്ട്. ഇവിടത്തെ കലകളും കലാരീതികളും സാഹിത്യവും ആചാരങ്ങളുമെല്ലാം പ്രകടമാക്കുന്ന ഭാരതീയസംസ്കാരത്തിൻെറ പൗരാണികതയെ ഞാൻ ബഹുമാനിക്കുന്നു. ആധുനികഭാരതം പഴമയും പുതുമയും ഉൾക്കൊള്ളുന്ന സംസ്കാരസമ്പന്നതയുടെ ഒരു യഥാർത്ഥ സംഗമംതന്നെയാണ്. മാറിക്കൊണ്ടിരിക്കുന്ന ഈ സാമൂഹ്യപരിത:സ്ഥിതികളിൽ ഇതു് അനിവാര്യവും അത്യന്താപേക്ഷിതവുമാകുന്നതോടൊപ്പം ആധുനികസാങ്കേതിക വ്യാവസായികവിദ്യകളുടെ വെല്ലുവിളികൾക്കുള്ള പ്രതികരണംകൂടിയാണതു്. ജീവസ്സുററ പ്രവർത്തനക്ഷമമായ സമൂഹത്തിൻെറ പ്രത്യക്ഷ അടയാളം.

1.5. ഭാരതത്തിൻെറ ചൈതന്യമുൾക്കൊള്ളുന്ന ദേശീയവും അന്തർദേശീയവുമായ പ്രവർത്തനങ്ങൾ അതിപുരാതനകാലം മുതലേ ലോകശ്രദ്ധ പിടിച്ചുപററിയിട്ടുണ്ട്. വ്യക്തിത്വത്തെ ബഹുമാനിക്കാനും, സമത്വത്തെ അംഗീകരിക്കാനും സമൂഹത്തിൽ സൗഹാർദ്ദം വളർത്താനും നാനാത്വത്തിൽ ഏകത്വം ദർശിക്കാനും ഉള്ള ശ്രമങ്ങളെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. രാജ്യത്തിൻെറ സാമൂഹ്യസാമ്പത്തിക പുരോഗതിക്കായുള്ള നിങ്ങളുടെ പ്രയത്നങ്ങളും, പ്രത്യേകിച്ച് കഷ്ടപ്പെടുന്നവരോടുള്ള അനുഭാവവും ഭാരതത്തിനകത്തും പുറത്തും വിശ്വസ്തതയും സൗഹാർദ്ദവുമുൾക്കൊള്ളുന്ന അന്തരീക്ഷം വളർത്താനുള്ള ശ്രമങ്ങളും ആർഷസംസ്കാരമുൾക്കൊള്ളുന്ന ഈ നാടിൻെറ പാരമ്പര്യത്തെ എടുത്തുകാണിക്കുന്നു. ഭാരതത്തിൻെറ മഹത്വത്തെ പരാമർശിച്ച് ടാഗോർ ഗീതാഞ്ജലിയിൽ ഇപ്രകാരം കുറിച്ചുവച്ചിട്ടുണ്ട്: 'എവിടെ മനസ്സ് നിർഭയമായിരിക്കുകയും ശിരസ്സ് ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നുവോ, എവിടെ വിജ്ഞാനം സ്വതന്ത്രമായിരിക്കുന്നുവോ, എവിടെ ലോകം ഇടുങ്ങിയ ഗാർഹികഭിത്തികളാൽ ഛിന്നഭിന്നമായി തകർക്കപ്പെടാതിരിക്കുന്നുവോ, എവിടെ സത്യത്തിൻെറ ആഴങ്ങളിൽനിന്ന് വചനം നിർഗളം പ്രവഹിക്കുന്നുവോ, എവിടെ അക്ഷീണമായ പരിശ്രമം പൂർണതയിലേക്കു കൈകൾ നീട്ടുന്നുവോ, എവിടെ യുക്തിവിചാരത്തിൻെറ തെളിഞ്ഞ നീരുറവ മൃതമായ നിരാനന്ദ മരുപ്രദേശങ്ങളിലേക്കു വഴിതെററിപ്പോകാതെ ഒഴുകുന്നുവോ, എവിടെ മനസ്സ് കൂടുതൽ വിശാലമാകുന്ന ചിന്തയിലേക്കും കർമ്മത്തിലേക്കും അങ്ങയിൽ മുന്നോട്ട് നയിക്കപ്പെടുന്നുവോ, സ്വാതന്ത്ര്യത്തിൻെറ ആ സ്വർഗത്തിലേക്ക്, എൻെറ പിതാവേ, എൻെറ രാജ്യം ഉണർന്നെഴുന്നേൽക്കട്ടെ' (ഗീതാഞ്ജലി 35).

ലോകത്തിലെ ഏററവും വലിയ ജനാധിപത്യരാഷ്ട്രമായ ആധുനിക ഭാരതത്തിൻെറ ഈ മഹത്തായ വീക്ഷണങ്ങളെല്ലാം

www.malankaralibrary.com



അന്താരാഷ്ട്രസമാധാനവുമായി ബന്ധപ്പെട്ടിരിക്കുകയാണ്.1986 –ലെ ലോകസമാധാനദിന സന്ദേശത്തിൽ ഞാൻ സൂചിപ്പിച്ച കാര്യം ഇവിടെ ആവർത്തിക്കട്ടെ. 'അതിർവരമ്പുകളില്ലാത്ത ജനതകൾക്കും ഭൂഖണ്ഡങ്ങൾക്കും നീതിയും സമാധാനവും പ്രദാനം ചെയ്യുന്ന ആഗോളസമൂഹത്തിന് രൂപംകൊടുക്കുന്ന യഥാർത്ഥ പാത നീതിയിലും സമാധാനത്തിലും വിശ്വസാഹോദര്യത്തിലും അധിഷ്ഠിതമാണ്' (നമ്പർ 4).

ഭാരതത്തിലേക്ക് ഞാൻ വന്നിരിക്കുന്നത് ഐക്യത്തിന്റെയും സമാധാനത്തിന്റെയും ശുശ്രൂഷകനായിട്ടാണ്. ധന്യരായ ഇവിടത്തെ ജനങ്ങളെ ശ്രവിക്കുന്നതിനും, അവരിൽനിന്ന് പഠിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. ഭാരതജനതയോടുള്ള എന്റെ സ്നേഹവും ബഹുമാനവും ഒരിക്കൽകൂടി ദൃഢതരമാക്കുവാൻ എന്റെ ഈ സന്ദർശനം ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്റെ അനുദിനപ്രാർത്ഥനകളിൽ നിങ്ങളെ ഞാൻ അനുസ്മരിക്കുന്നതാണ്. ദൈവം നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

ജയ്ഹിന്ദ്

ഡൽഹി പാലം വിമാനത്താവളത്തിൽ വന്നിറങ്ങിയ പരിശുദ്ധപിതാവിനെ രാഷ്ട്രപതി സ്വീകരിച്ചപ്പോൾ പരിശുദ്ധ പിതാവ് ചെയ്ത പ്രഭാഷണം. 1986 ഫെ. 1.

www.malankaralibrary.com

# 2

# രാജ്ഘട്ടിലെ പ്രഭാഷണം

പ്രിയ സുഹൃത്തുക്കളേ,

സമാധാനവും ശാന്തിയും തേടിയുള്ള തീർത്ഥാടനവും ഭാരതനാടിന്റെ ആത്മാവിനെ നേരിട്ടറിയുവാനുള്ള ആഗ്രഹത്തിന്റെ പൂർത്തീകരണവുമാണ് എന്റെ സന്ദർശനം.

ഈ തീർത്ഥാടനം രാജ്ഘട്ടിൽനിന്ന് രാഷ്ട്രപിതാവും അഹിംസയുടെ സന്ദേശവാഹിയുമായ മഹാത്മാഗാന്ധിയുടെ മഹനീയസ്മരണയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ വേദിയിൽ നിന്ന് ആരംഭിക്കുന്നത് തികച്ചും ഉചിതമാണ്.

2.1. മഹാത്മാഗാന്ധിയുടെ വ്യക്തിത്വവും ജീവിതശൈലിയുടെ അർത്ഥസൂചനകളും മാനവവംശത്തിന്റെ മന:സാക്ഷിയിലേക്ക് ആഴത്തിൽ കടന്നുചെന്നിട്ടുണ്ട്. ലോകത്തിനു മുഴുവൻ ബോദ്ധ്യമായ ഈ വസ്തുത ജവഹർലാൽ നെഹ്റുവിന്റെ പ്രസിദ്ധമായ വാക്കുകൾ ഉൾക്കൊള്ളുന്നു. 'ഈ രാജ്യത്ത് മിന്നിത്തിളങ്ങിയ ആ പ്രകാശം ഒരു സാധാരണ പ്രകാശമായിരുന്നില്ല' (മഹാത്മജിക്കുള്ള അന്ത്യാഭിവാദനത്തിൽനിന്ന്, ന്യൂഡൽഹി, 1948, പേജ് 9–10).

രണ്ടു നാളുകൾക്കു മുമ്പായിരുന്നല്ലൊ അദ്ദേഹത്തിന്റെ മുപ്പത്തിയെട്ടാം ചരമവാർഷികം. അഹിംസയുടെ വക്താവായ അദ്ദേഹം ഹിംസയാൽ പരാജയപ്പെട്ടതുപോലെ കാണപ്പെടുന്നു. അതിഹ്രസ്വമായ ഒരു നിമിഷനേരത്തേക്ക് ആ പ്രകാശം പൊലിഞ്ഞതുപോലെ തോന്നിയെങ്കിലും, ലക്ഷോപലക്ഷം സ്ത്രീപുരുഷ മനസ്സുകളിൽ അദ്ദേഹത്തിന്റെ പ്രബോധനങ്ങളും ജീവിതമാതൃകയും സജീവമായി നിലകൊള്ളുന്നു. അതുകൊണ്ടാണ് പണ്ഡിററ്ജി ഇപ്രകാരം പറഞ്ഞത്: 'നമ്മുടെ ജീവിതത്തിൽനിന്ന് ആ പ്രകാശം മറഞ്ഞുപോയി. എവിടെയും അന്ധകാരമയമാണ്. എന്താണ് നിങ്ങളോട് പറയേണ്ടതെന്നും, അത് എങ്ങനെ പറയണമെന്നും എനിക്കറിഞ്ഞുകൂടാ. ആ പ്രകാശം മറഞ്ഞുപോയി എന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. എന്നാൽ എനിക്ക് തെററിപ്പോയി. എന്തുകൊണ്ടെന്നാൽ, ഈ രാജ്യത്ത് മിന്നിപ്പൊലിഞ്ഞ ആ പ്രകാശം ഒരു സാധാരണ പ്രകാശം മാത്രമായിരുന്നില്ല. അനേകം വർഷങ്ങളിലൂടെ ഈ രാജ്യത്തെ ശോഭിപ്പിച്ചുകൊണ്ടിരിക്കുന്ന ആ പ്രകാശം ഇനിയും

www.malankaralibrary.com



നമ്മുടെ രാജ്യത്തെ ശോഭിപ്പിച്ചുകൊണ്ടേയിരിക്കും.' ആ പ്രകാശം ഇപ്പോഴും മിന്നിത്തിളങ്ങുകയാണ്. മഹാത്മാ ഗാന്ധിയുടെ മഹത്തായ പൈതൃകം നമ്മോട് ഇപ്പോഴും സംസാരിക്കുന്നു. സമാധാനത്തിന്റെ തീർത്ഥാടകനായി ഇവിടെ വന്നിരിക്കുന്ന ഞാൻ മാനവവംശത്തിന്റെ വീരപുരുഷനായ മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു.

2.2. അസാധാരണമനുഷ്യനായ ഗാന്ധിയുടെ സ്മരണയ്ക്കായി എന്നേക്കും പൂജിക്കപ്പെട്ടിരിക്കുന്ന പരിപാവനമായ ഈ സ്ഥലത്തുനിന്നുകൊണ്ട്, ഭാരതത്തിലും ലോകമെമ്പാടുമുള്ള എല്ലാ ജനങ്ങളോടും എന്റെ ആഴമായ ബോധ്യം പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് സമകാലീന സമൂഹത്തിന് അത്യന്താപേക്ഷിതമായിരിക്കുന്ന സമാധാനവും നീതിയും അദ്ദേഹത്തിന്റെ പഠനങ്ങളിലെ കാതലായ സമീപനത്തിൽക്കൂടി മാത്രമേ നേടിയെടുക്കുവാൻ കഴിയൂ. നീതിപൂർവ്വകമായ പ്രവർത്തനങ്ങളുടെ ആന്തരികചൈതന്യത്തിലൂടെ അഹിംസയാൽ എല്ലാം നേടിയെടുക്കുന്ന, ആത്മാവിന്റെ മേധാവിത്വവും സത്യഗ്രഹവുമാണത്" (യുവാക്കൾക്കുള്ള അപ്പസ്തോലിക പ്രബോധനം. കുറിപ്പ് 41).

മഹാത്മാഗാന്ധിയോടുകൂടി, എല്ലാ മനുഷ്യരുടെയും മഹത്വവും സമത്വവും, സാഹോദര്യത്തിന്റെ കെട്ടുറപ്പും അംഗീകരിക്കുവാനും സത്യത്തിന്റെ ശക്തി നമ്മെ പ്രേരിപ്പിക്കുന്നു. ആധുനിക ഭാരതത്തിലും ലോകത്തിലെമ്പാടുമുള്ള ബഹുമൂല്യാധിഷ്ഠിതമായ സമൂഹത്തിൽ വിവിധ മതങ്ങൾ തമ്മിൽ പുലർത്തേണ്ട പരസ്പരധാരണയുടെയും, അംഗീകാരത്തിന്റെയും, സഹകരണത്തിന്റെയും ആവശ്യകത അത് നമുക്ക് കാണിച്ചുതരുന്നു.

2.3. നമ്മുടെ ഈ ലോകത്തിൽ വിശപ്പും ദാരിദ്ര്യവും രോഗവും ഉയർത്തുന്ന പരമ്പരാഗതങ്ങളായ നീറുന്ന പ്രശ്നങ്ങൾ ഇതുവരെയും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. അവ പല രംഗങ്ങളിലും രൂക്ഷമായിത്തീർന്നിട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രമല്ല ഉൽകണ്ഠയും സംഘർഷവും വളർത്തുന്ന പുതിയ പ്രശ്നങ്ങൾ പെരുകുകകൂടി ചെയ്തിട്ടുണ്ട്. മാനവസമൂഹത്തിന്റെ സമൂലനാശത്തിനുപയുക്തമായ മാരകായുധങ്ങളുടെ ഭീമമായ സംഭരണശാലകൾ ഇന്ന് നിലനിൽക്കുന്നത് നമ്മുടെ മനസ്സിൽ ഗൗരവതരവും ന്യായവുമായ അസ്വസ്ഥതയുളവാക്കുന്നു. വികസനത്തിലെ അസന്തുലിതത്വം ചിലരെ അനുകൂലിക്കുകയും മറ്റു ചിലരെ ദയനീയമായ പരാശ്രയത്വത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ സമാധാനം എളുപ്പം പൊട്ടിത്തെറിക്കാവുന്നതുപോലെ ലോലമാകുകയും അനീതി അതിയായി തഴച്ചുവളരുകയും ചെയ്യുന്നു.

www.malankaralibrary.com



അതുകൊണ്ട് മാനവകുടുംബത്തിന്റെ ചരിത്രഭാഗമായിത്തീർന്നിരിക്കുന്ന ഈ വേദിയിൽനിന്നുകൊണ്ട് ഒരിക്കൽക്കൂടി ആവർത്തിച്ചുപ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: ദൈവസഹായത്തോടുകൂടി നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ കൂടുതൽ മെച്ചപ്പെട്ട ഒരു ലോകം കെട്ടിപ്പടുക്കാൻവേണ്ട കഴിവ് മാനവവംശത്തിനു കരഗതമായിരിക്കുന്നു.

എന്നാൽ ജനനേതാക്കളും സന്മനസ്സുള്ള എല്ലാവരും ഈ പ്രശ്നങ്ങളുടെ പരിഹാരം മാനവഹൃദയങ്ങളിലാണ് കുടികൊള്ളുന്നതെന്ന് വിശ്വസിക്കുകയും തദനുസരണം പ്രവർത്തിക്കുകയും വേണം. 'നവീനമായ ഒരു ഹൃദയത്തിലാണ് സമാധാനം ജനിക്കുന്നത്'' (പരി. പിതാവ് 1984 ജൂൺ 1-ന് നൽകിയ വിശ്വശാന്തിദിനസന്ദേശത്തിൽനിന്ന്). ശ്രവിക്കാൻ മനസ്സുള്ളവരോട് മഹാത്മാഗാന്ധി ഇന്നും തന്റെ ഹൃദയവികാരങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടു പറയുന്നു: 'സ്നേഹത്തിന്റെ നിയമം ലോകത്തെ ഭരിക്കുന്നു....സത്യം അസത്യത്തിന്മേൽ വിജയിക്കുന്നു.... സ്നേഹം വെറുപ്പിനെ കീഴടക്കുന്നു' (യംഗ് ഇന്ത്യ, ഒക്ടോ. 23, 1924).

2.4. ഈ സ്ഥലത്തുനിന്നുകൊണ്ട് മഹത്തരമായ ദൈവഭക്തിയും സഹജീവികളോടുള്ള സ്നേഹവും അലങ്കരിക്കുന്ന ഈ മനുഷ്യവ്യക്തിയെക്കുറിച്ച് ധ്യാനിക്കുമ്പോൾ ക്രിസ്തീയവേദഗ്രന്ഥത്തിലെ ചില വാക്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ വാക്യങ്ങൾ അദ്ദേഹത്തിന് സുപരിചിതവും അദ്ദേഹത്തിന്റെ ഹൃദയവിചാരങ്ങളെ ആഴത്തിൽ ഉറപ്പിക്കുവാൻ പോരുന്നവയുമായിരുന്നു: 'ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു. ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും. ശാന്തശീലമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ഭൂമി അവകാശമാക്കും. നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ സംതൃപ്തരാക്കപ്പെടും. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർക്ക് കരുണ ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ അവർ ദൈവപുത്രരെന്ന് വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡകൾ സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗരാജ്യം അവരുടേതാകുന്നു' (മത്താ. 5:3-10).

ഈ വേദവാക്യങ്ങളും മഹത്തായ മതപാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന ആർഷഭാരതത്തിലെ മതങ്ങളുടെ വി. ഗ്രന്ഥങ്ങളിലെ സാദൃശവാക്യങ്ങളും ജനപദങ്ങളുടെയിടയിൽ നീതിയും, രാഷ്ട്രങ്ങൾതമ്മിൽ സമാധാനവും തേടുന്ന എല്ലാവർക്കും പ്രചോ

www.malankaralibrary.com



ദക സ്രോതസ്സുകളായി ഭവിക്കട്ടെ.

മനുഷ്യർ തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ടായാലും എല്ലാ മനുഷ്യർക്കുമുള്ള അതുല്യമായ മഹത്വത്തെ അംഗീകരിച്ചുകൊണ്ടും സത്യത്തെ ആശ്ലേഷിച്ചുകൊണ്ടും ജീവിക്കുമെങ്കിൽ സ്നേഹസംസ്കാരമുള്ള ഒരു പുതിയ ലോകത്തെ നിലവിൽകൊണ്ടുവരാൻ സാധിക്കുമെന്ന് മഹാത്മാഗാന്ധി പഠിപ്പിച്ചു. ഇന്നും അദ്ദേഹം ലോകത്തെ പ്രേരിപ്പിച്ചുകൊണ്ട് വാദിക്കുന്നതു നമുക്കു കേൾക്കാം. സ്നേഹംകൊണ്ട് വിദ്വേഷത്തെയും സത്യംകൊണ്ട് അസത്യത്തെയും സഹനംകൊണ്ട് അക്രമത്തെയും കീഴടക്കുക' (ഗാന്ധിസൂക്തങ്ങൾ, എ.ഡി. നിർമ്മൽകുമാർ ബോസ് നവജീവൻ പ്രസ്സ്, അഹമ്മദാബാദ് 1948).

പരസ്പരം കൈകോർത്ത് സമാധാനത്തിന്റെ ഒരു ലോകം കെട്ടിപ്പടുക്കാൻ ഒത്തൊരുമിച്ച് മുന്നേറുവാൻ പരിശ്രമിക്കുന്ന നമ്മെ ദൈവം നയിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

മഹാത്മാഗാന്ധിയുടെ സമാധിയായ രാജ്ഘട്ടിൽ റീത്ത് സമർപ്പിച്ചശേഷം പരിശുദ്ധപിതാവ് നടത്തിയ പ്രഭാഷണം. 1986 ഫെ. 1.

www.malankaralibrary.com

# 3

# രാജ്ഘട്ടിലെ സമാധാനപ്രാർത്ഥന

സകലത്തിന്റെയും നാഥനും ദൈവവുമായ അങ്ങയുടെ മക്കളായ ഞങ്ങളെല്ലാവരും ആത്മാവിന്റെ ഐക്യത്തിലൂടെ, പരസ്പരം അംഗീകാരത്തിലും സമാധാനത്തിലും സൗമ്യതയിലും വളർന്നുവരണമെന്ന് അങ്ങ് തിരുമനസ്സാകുന്നുവല്ലോ. എന്നാൽ ഈ കാലയളവിൽ ഞങ്ങളുടെ സ്വാർത്ഥതയും ധനേച്ഛയും നിമിത്തം അങ്ങയുടെ തിരുമനസ്സിന് വിധേയമാകാത്തതിനെ ഓർത്തു ഞങ്ങൾ ദുഃഖിക്കുന്നു.

സമാധാനം അങ്ങയുടെ ദാനമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അങ്ങയുടെ ഉപകരണങ്ങളായി, അങ്ങയോട് സഹകരിച്ച് പ്രവർത്തിക്കണമെങ്കിൽ ഭൂമിയിലെ വിഭവങ്ങൾ എല്ലാ ജനങ്ങളുടെയും പുരോഗതിക്കായി വിനിയോഗിക്കാനുള്ള കഴിവും കാര്യസ്ഥതയും ഞങ്ങൾക്ക് കൂടിയേതീരൂ എന്ന് ഞങ്ങൾ അറിയുന്നു. ഇതു സാധ്യമാകണമെങ്കിൽ മനുഷ്യജീവിതത്തെപ്പറ്റി ആഴമായ അറിവും ബഹുമാനവും മനുഷ്യമഹത്വത്തെപ്പറ്റിയും, മനസ്സാക്ഷിയുടെ പവിത്രതയെപ്പറ്റിയും മതിപ്പുമുണ്ടായിരിക്കണമെന്ന ഞങ്ങൾ അറിയുന്നു. നിയമത്തിലൂടെയും, യാഥാർത്ഥ്യത്തിലൂടെയും മനുഷ്യർക്കനുഭവപ്പെടുന്ന വിവേചനങ്ങൾക്കെതിരായി സമരം ചെയ്യേണ്ടതുണ്ട്.

അങ്ങയുടെ ചരിത്രത്തിലെ ഇടപെടലിനെയും സാന്നിധ്യത്തെയുംകുറിച്ച് ആഴമായ ബോധ്യം ഞങ്ങളിൽ വളർത്തുവാനും സത്യസന്ധതയും ഉത്തരവാദിത്വവും കൂടുതൽ പരിശീലിക്കുവാനും എല്ലാവിധ സമ്മർദ്ദകശക്തികളിൽനിന്നും മോചനം നേടാൻ പരിശ്രമിക്കാനും, എല്ലാ അതിർവരമ്പുകളെയും ഭേദിച്ച് നീതിയിലും ജീവിതത്തിന്റെ പൂർണതയിലും സാഹോദര്യ സൗഹാർദ്ദമനോഭാവം പുലർത്തുവാനും ഞങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് പ്രതിജ്ഞാബദ്ധരാകുന്നു.

ഭാരതത്തിന്റെ തലസ്ഥാനനഗരിയിൽ സമ്മേളിച്ചിരിക്കുന്ന ഞങ്ങൾ, സ്നേഹത്തിന്റെയും അഹിംസയുടെയും അതിമാനുഷപ്രഭാവനായിരിക്കുന്ന രാഷ്ട്രപിതാവിന്റെ ഈ സ്മാരകവേദിയിൽ നിന്നുകൊണ്ട് ഞങ്ങളുടെ രാജ്യത്തിന്റെയും ലോകത്തിലെമ്പാടുമുള്ള രാജ്യങ്ങളുടെയും ജനനേതാക്കളുടെയുംമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ വർഷിക്കണമേ എന്നു പ്രാർത്ഥി

www.malankaralibrary.com



കുന്നു. എല്ലാ മതവിശ്വാസികളുടെയും, സന്മനസ്സുള്ള എല്ലാവരുടെയുംമേൽ അങ്ങയുടെ അനുഗ്രഹങ്ങൾ വർഷിക്കണമേ.

അക്രമരഹിതമായ ഒരു സംസ്ക്കാരം കെട്ടിപ്പടുക്കുന്ന പൊതുധർമ്മത്തിൽ അങ്ങയോടൊത്ത് പരസ്പരം സജീവസഹകാരികളായി ജീവിക്കാനും വളരാനും നാഥാ ഞങ്ങളെ സഹായിക്കണമേ. മാരകായുധങ്ങളുടെ നിർമ്മാണത്തിലല്ലാതെ, സത്യവും സ്നേഹവും നീതിയും വിളയാടുന്ന ഒരു ലോകസംസ്ക്കാരത്തിൽ അങ്ങയുടെ എല്ലാ മക്കൾക്കും നല്ലൊരു ഭാവി ഉണ്ടാക്കിക്കൊടുക്കുന്ന പരസ്പരവിശ്വാസത്തിൽ സ്വന്തം സുരക്ഷിതത്വം കണ്ടെത്താൻ ശ്രമിക്കുന്ന ഒരു ആഗോളസമൂഹത്തെ രൂപപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കണമേ.

•

രാജ്ഘട്ട് പ്രഭാഷണത്തിനുശേഷം പരിശുദ്ധപിതാവിന്റെ സമാധാനത്തിനായുള്ള പ്രാർത്ഥന. 1986 ഫെ. 1.

www.malankaralibrary.com

# 4

# ഇന്ദിരാഗാന്ധിസ്റ്റേഡിയത്തിൽ

വത്സല സഹോദരരെ,

ഞാൻ വഴിയും സത്യവും ജീവനുമാകുന്നു (യോഹ. 14:6) വെന്നു് യേശുക്രിസ്തു, ഈ സായംസന്ധ്യയിൽ നമ്മോടു് വീണ്ടും ആവർത്തിക്കുന്നു.

4:1. ദൈവജനം അധിവസിക്കുന്ന വിശാലമായ ഈ ആർഷ ഭാരതത്തിലേക്കുള്ള തീർത്ഥാടനത്തിന്റെ ആരംഭദിനമായ ഇന്നു് ഞാൻ നിങ്ങളോടു് ക്രിസ്തുനാഥന്റെ ഈ വചനത്തെക്കുറിച്ചാണു് സംസാരിക്കുവാൻ ആഗ്രഹിക്കുന്നതു്. വിശ്വാസത്തിലൂടെയുള്ള നമ്മുടെ തീർത്ഥാടനത്തെക്കുറിച്ചാണു് ഈ തിരുവചനങ്ങൾ സൂചിപ്പിക്കുന്നതു്. വിശ്വാസത്തിൽ ക്രിസ്തുവാകുന്ന വഴിയിലൂടെ നാം ദൈവത്തിലേക്കു യാത്രചെയ്യുകയാണു്.

യേശു ദൈവപുത്രനും, സത്തയിൽ പിതാവിനെപ്പോലെയുമാണു്. നിത്യപിതാവിലേക്കുള്ള യാത്രയിൽ നമ്മുടെ മാർഗമായിത്തീരുന്നതിനാണു്, ദൈവത്തിൽനിന്നുള്ള ദൈവവും പ്രകാശത്തിൽനിന്നുള്ള പ്രകാശവുമായ അവിടുന്നു മനുഷ്യനായി അവതരിച്ചതു്. തന്റെ ഭൗമിക ജീവിതകാലത്തു യേശു പിതാവുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. യേശു, തന്നെ ശ്രവിച്ചവരുടെ ഹൃദയങ്ങളും വിചാരങ്ങളും നിത്യപിതാവിലേക്കാണു് തിരിച്ചുവിട്ടതു്. യേശു ദൈവത്തിന്റെ പിതൃത്വം അവരുമായി പങ്കിട്ടു. തന്റെ ശിഷ്യരെ പഠിപ്പിച്ച 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ഇതു പ്രത്യേകം പ്രകടമാക്കുന്നു.

തന്റെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും തലേനാൾ തന്റെ രക്ഷാകരദൗത്യപൂർത്തീകരണവേളയിൽ യേശു അപ്പസ്തോലന്മാരോടു് അരുളിച്ചെയ്തു: 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ടു്; ഇല്ലായിരുന്നുവെങ്കിൽ നിങ്ങൾക്കു് സ്ഥലമൊരുക്കാൻ പോകുന്നുവെന്നു ഞാൻ നിങ്ങളോടു് പറയുമായിരുന്നോ?' (യോഹ. 14:2).

മാനവജീവിതം ദൈവപിതാവിന്റെ ഭവനത്തിലേക്കുള്ള തീർത്ഥാടനമാണെന്നു് സുവിശേഷത്തിലൂടെ വെളിപ്പെടുത്തുന്നതോടൊപ്പം, നമുക്കു് ലഭിച്ചിരിക്കുന്നതു് വിശ്വാസത്തിലേക്കുള്ള ഒരു വിളിയാണെന്നു് നമ്മെ പഠിപ്പിക്കുന്നു. ഈ വിശ്വാ

www.malankaralibrary.com



സത്തിൽ നാം ഓരോരുത്തരും ദൈവത്തിലേക്കുള്ള തീർത്ഥാടകരാണ്. അതായത്ു് നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത്ു് വിശ്വാസത്തിലൂടെയുള്ള തീർത്ഥാടനത്തിനായിട്ടാണ്. അതിനാൽ ക്രിസ്തു പറയുന്നു: 'ഞാൻ വഴിയും സത്യവും ജീവനും ആകുന്നു.'

4.2. ഭൂമിയിൽ മനുഷ്യജീവിതം ഒരു തീർത്ഥാടനമാണ്. നാമെല്ലാവരും ലോകത്തിലൂടെ കടന്നുപോകുന്നു എന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ബോധവാന്മാരാണ്. മനുഷ്യജീവിതത്തിന് ആരംഭവും അന്ത്യവുമുണ്ട്. മനുഷ്യജീവിതം ജനനത്തോടെ ആരംഭിക്കുകയും മരണവിനാഴികവരെ എത്തുകയും ചെയ്യുന്നു. കേവലം ക്ഷണഭംഗുരമായ മനുഷ്യജീവിതമാകുന്ന തീർത്ഥാടനത്തിൽ, മതം അവനെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരുവാൻ സഹായിക്കുന്നു. മനുഷ്യൻ തന്റെ നശ്വരജീവിതത്തെ നിരന്തരം അഭിമുഖീകരിക്കുമ്പോൾ, അവ തന്റെ അനശ്വര ജീവനുവേണ്ടിയുള്ള വളരെ പ്രാധാന്യമർഹിക്കുന്ന ഒരുക്കമാണെന്ന് അവൾ മനസ്സിലാക്കുന്നു. മനുഷ്യന്റെ തീർത്ഥാടകവിശ്വാസം അവനെ ദൈവോന്മുഖനാക്കുകയും, നിത്യജീവനിലേക്കുള്ള തന്റെ പ്രയാണത്തിന് സഹായകരമാകുന്ന തെരഞ്ഞെടുപ്പിന് അവനെ സഹായിക്കുകയും ചെയ്യുന്നു. അതിനാൽ മനുഷ്യന്റെ ഭൂമിയിലെ തീർത്ഥാടനത്തിലെ തെരഞ്ഞെടുപ്പുകളും വെല്ലുവിളികളും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

മാനുഷിക സംസ്കാരമെന്ന യാഥാർത്ഥ്യം അവന്റെ തീർത്ഥാടനവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഈ വസ്തുതയെ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരം എടുത്തുകാണിക്കുന്നു: 'രക്ഷാകരദൗത്യവും മാനവസംസ്കാരവും തമ്മിൽ നിരവധി ബന്ധങ്ങൾ കാണുന്നുണ്ട്. കാരണം ദൈവം മാംസമായി അവതരിച്ച് പുത്രനിൽ തന്റെ സ്വയാവിഷ്കരണം പൂർത്തീകരിക്കുന്നതുവരെ തന്റെ ജനങ്ങൾ സ്വയം വെളിപ്പെടുത്തിക്കൊണ്ട് ഓരോ കാലഘട്ടത്തിന്റെയും പ്രത്യേക സംസ്കാരമനുസരിച്ച് സംസാരിച്ചിട്ടുണ്ട്'' (സഭ ആധുനിക ലോകത്തിൽ 58). വീണ്ടും സൂനഹദോസ് ആവർത്തിക്കുന്നു: 'സ്വർഗീയ നഗരത്തിലേക്ക തീർത്ഥാടനം ചെയ്യുന്ന ക്രൈസ്തവർ ഉന്നതങ്ങളിൽ ഉള്ളവയെ അന്വേഷിക്കുകയും മാനിക്കുകയും വേണം. ഈ ചുമതല കൂടുതൽ മാനുഷികമായ ലോകം കെട്ടിപ്പടുക്കുന്നതിൽ സർവ മനുഷ്യരുമൊന്നിച്ച് പണിയെടുക്കുവാനുള്ള അവരുടെ കർത്തവ്യത്തിന്റെ പ്രാധാന്യത്തെ ഒരുതരത്തിലും ലാഘവപ്പെടുത്തുകയല്ല, വദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്'' (57).

തീർത്ഥാടകനായ മനുഷ്യൻ നിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ടവനാകയാൽ അവൻ എല്ലാ സാഹചര്യങ്ങളിലും ആദരവും സ്നേഹവും പരിഗണനയും അർഹിക്കുന്നുവെന്ന് സഭ

www.malankaralibrary.com



ഉദ്ഘോഷിക്കുന്നു. ഈ ഭൂമിയിലെ തീർത്ഥാടനത്തിൽ ശരിയായ എല്ലാ മാനവസംസ്കാരങ്ങളും മനുഷ്യമഹത്വവും ഭാഗധേയവും പരിഗണിക്കുന്നതുവഴി മനുഷ്യന്റെ മഹനീയവും ധർമ്മാധിഷ്ഠിതവുമായ ജീവിതത്തിന് മാർഗദർശകങ്ങളായിത്തീരുന്നു. വി. പൗലോസ് ഇത്തരത്തിലുള്ള ഒരു ജീവിതശൈലിയെ എടുത്തുകാണിക്കുകയും, അതിന്റെ ആവശ്യകതയെക്കുറിച്ച് ഫിലിപ്പിയക്കുള്ള ലേഖനത്തിലൂടെ ക്രൈസ്തവസമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. 'സത്യവും നീതിയുക്തവും പരിശുദ്ധവും, സ്നേഹാർദ്രവും, സ്തുത്യർഹവും, ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാക്കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുവിൻ' (ഫിലിപ്പി. 4:8).

4.3. മനുഷ്യന്റെ ഭൗമിക ജീവിതവേളയിൽ ജനനത്തിൽ നിന്നു് മരണത്തിലേക്ക് അവൻ പ്രയാണംചെയ്യുമ്പോഴും താൻ പരമസത്തയെത്തേടിയുള്ള തീർത്ഥാടകനാണെന്ന അവബോധം ഉണ്ടാകുന്നു. ഈ സത്യം ആർഷഭാരതത്തിൽ അതിപുരാതന കാലംമുതൽക്കേ ആഴത്തിൽ വേരുറച്ചിട്ടുണ്ട്. നിങ്ങളുടെ ഋഷിവര്യന്മാർ ആത്യന്തികസത്തക്കായുള്ള ആത്മാവിന്റെ രോദനത്തെക്കുറിച്ച് എടുത്തുപറഞ്ഞിട്ടുണ്ട്. നൂററാണ്ടുകളായി മനുഷ്യനിലെ ഈശ്വരനുവേണ്ടിയുള്ള അടങ്ങാത്ത ദാഹത്തിന്റെയും ആഗ്രഹത്തിന്റെയും, പ്രപഞ്ചംമുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവികസാന്നിധ്യബോധത്തിന്റെയും ആവിഷ്കരണമാണ് നാം കൊണ്ടാടുന്ന തിരുനാളുകളും ആഘോഷങ്ങളും.

ഈശ്വരനോടുള്ള അദമ്യമായ ആഗ്രഹത്തിൽത്തന്നെ ദൈവാനുഭവം പ്രകടമാണ്. നൂററാണ്ടുകളായി ദൈവത്തെ അന്വേഷിച്ചിറങ്ങിയവരുടെ കൂട്ടത്തിൽ ദൈവത്തെ കണ്ടെത്തിയ ഹിപ്പോയിലെ വി. അഗസ്റ്റിനോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: 'എനിക്കു മുകളിലുള്ള നിന്നിൽതന്നെയല്ലാതെ നിന്നെ അറിയാനായി എവിടെയാണ് നിന്നെ ഞാൻ കണ്ടെത്തിയത്? (Confessions. 10:26). ഭാരതത്തിൽ ഈ ഈശ്വരാന്വേഷണവും ഈശ്വരാനുഭവവും ലളിതജീവിതവും സന്യാസമനോഭാവവും പരിത്യാഗാരൂപിയുമായി ബന്ധപ്പെട്ടാണ് വളർന്നിട്ടുള്ളത്. ഇവ ആധ്യാത്മിക തീർത്ഥാടനത്തിനായി പ്രത്യേകം നീക്കിവച്ച ഒരു രാഷ്ട്രമെന്നനിലയിൽ ആർഷഭാരതത്തിന്റെ കീർത്തിക്കു മാററുകൂട്ടുന്നു.

4.4. ഈ ലോകത്തിൽ ലൗകികതയുടെ മധ്യേ വ്യാപരിച്ചിരുന്ന മനുഷ്യന് തന്റെ ജീവിതത്തിലുടനീളം നിഴലിക്കുന്ന ദൈവസാന്നിധ്യത്തെക്കുറിച്ച് അവബോധമുണ്ടായിരുന്നുവെന്നു് ബൈബിളിലെ വെളിപാടുകൾ എടുത്തുകാണിക്കുന്നു. ഈ ലോകത്തിലെ വേദനകളിലും കഷ്ടപ്പാടുകളിലും ആത്യന്തികമായി

www.malankaralibrary.com



മനുഷ്യനെ ശക്തിപ്പെടുത്തിയിരുന്നത് സജീവ ദൈവസാന്നിധ്യത്തെക്കുറിച്ചുള്ള അവബോധമാണ്. ദൈവസാന്നിധ്യം അനുഭവിച്ചറിയുന്ന മനുഷ്യൻ ദൈവത്തെ പൂർണ്ണമായും സ്വായത്തമാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവദർശനത്തിനായി ദാഹിക്കുന്ന മനുഷ്യനെ സങ്കീർത്തകന്റെ വാക്കുകളിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു: നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു. എന്റെ ദൈവമേ എനിക്കെപ്പോഴാണ് ദൈവസന്നിധിയിലെത്തി അവിടുത്തെ കാണാൻ കഴിയുക? (സങ്കീ. 42:1).

4.5. ദൈവത്തെ അറിയുവാനും അവിടുത്തെ അഭിമുഖം ദർശിക്കുവാനും മനുഷ്യൻ ശ്രമിക്കുമ്പോൾ ദൈവം മനുഷ്യന് സ്വയം വെളിപ്പെടുത്തുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ ദൈവത്തിന്റെ ലോകത്തിലെ ഇടപെടലിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നു. കൗൺസിൽ പറയുന്നു: 'ദൈവാവിഷ്കരണംവഴി ദൈവം തന്നെത്തന്നെയും മനുഷ്യരക്ഷയെക്കുറിച്ചുണ്ടായിരുന്ന തന്റെ തിരുമനസ്സിന്റെ ശാശ്വതതീരുമാനങ്ങളെയും വെളിപ്പെടുത്താനും പകർന്നുതരാനും തിരുമനസ്സായി' (ദൈവാവിഷ്കരണം 6).

ദൈവാവിഷ്കരണത്തിലൂടെ തന്നെത്തന്നെ മറ്റുള്ളവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവം ഇന്നും മനുഷ്യന് അപ്രാപ്യമായ രഹസ്യമായി നിലകൊള്ളുന്നു. ദൈവാന്വേഷിയായ മനുഷ്യൻ തന്റെ ജീവിതംമുഴുവൻ ദൈവദർശനത്തിനായി നീക്കിവയ്ക്കുന്നു. വിശ്വാസത്തിലൂടെയുള്ള തന്റെ തീർത്ഥാടനത്തിന്റെ പരിസമാപ്തിയിൽ മനുഷ്യൻ ദൈവപിതാവിന്റെ ഭവനത്തിലെത്തുന്നു. ദൈവപിതാവിന്റെ ഭവനത്തിലായിരിക്കുകയെന്നാൽ 'ദൈവത്തെ മുഖാഭിമുഖം ദർശിക്കുകയെന്നാണ്' (1 കോറി. 13:12).

4.6. മനുഷ്യമനസ്സിന്റെ അടങ്ങാത്ത ആഗ്രഹമാണ് ദൈവത്തെ അഭിമുഖം ദർശിക്കുകയെന്നത്. ഈ സാഹചര്യത്തിൽ ക്രിസ്തുശിഷ്യനായ ഫിലിപ്പോസ് ഇന്നത്തെ സുവിശേഷത്തിലൂടെ യേശുവിനോട് ചോദിക്കുന്ന ചോദ്യം എത്രയോ അർത്ഥവത്താണ്. ഫിലിപ്പോസ് ഇപ്രകാരം ചോദിച്ചു: 'നാഥാ, ഞങ്ങൾക്ക് പിതാവിനെ കാണിച്ചുതരിക, ഞങ്ങൾക്ക് അതുമാത്രം മതി' (യോഹ. 14:8).

ദൈവത്തിനായുള്ള ആത്മാവിന്റെ അദമ്യമായ ദാഹം ആണ് ഈ വാക്യങ്ങളിലൂടെ സൂചിപ്പിക്കുന്നത്. ഇതിനെക്കാൾ എത്രയോ അർത്ഥവത്താണ് യേശു ഫിലിപ്പോസിന് നല്കുന്ന മറുപടി.

www.malankaralibrary.com



യേശു പറയുന്നു: 'എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു' (യോഹ. 14:9). യേശു പിതാവിന്റെ ആവിഷ്ക്കാരമാണ്. യേശു ലോകത്തോട് വെളിപ്പെടുത്തുകയാണ് താൻ പിതാവിനെപ്പോലെയാണെന്ന്; താൻ പിതാവായതുകൊണ്ടല്ല, മറിച്ച് പിതാവുമായി ദൈവികജീവനിൽ ഒന്നായതുകൊണ്ട് യേശുവിന്റെ വാക്കുകൾ ഇതിനെ സാക്ഷ്യപ്പെടുത്തുന്നു: 'പിതാവ് എന്നിലും ഞാൻ പിതാവിലും ആകുന്നു' (യോഹ. 14:11). അതിനാൽ മനുഷ്യൻ ഒററയ്ക്കു ദൈവത്തെത്തേടി അലയേണ്ടതില്ല. ക്രിസ്തുവുമായുള്ള സഹവർത്തിത്വത്തിലൂടെ മനുഷ്യർ ദൈവത്തെ കണ്ടെത്തുക; ക്രിസ്തുവിലാണവൻ ദൈവത്തെ കണ്ടെത്തുക.

4.7. ദൈവത്തിന്റെ സ്വയാവിഷ്ക്കരണത്തിന്റെ പൂർണതയും പാരമ്യവും ദർശിക്കുക ദൈവസുതനായ യേശുക്രിസ്തുവിലാണ്. ഹെബ്രായർക്കുള്ള ലേഖനത്തിൽ ഇക്കാര്യം പ്രത്യേകം എടുത്തുകാണിക്കുന്നുണ്ട്: 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും, വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോട് സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാനനാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോട് സംസാരിച്ചിരിക്കുന്നു' (ഹെബ്രാ. 1:1-2). അതിനാൽ എക്കാലവും യേശുവാണ് നമ്മുടെ വഴി.

അവിടുന്നു സത്യംതന്നെയായതിനാൽ, അവിടുന്നു നമ്മുടെ വഴിയുമാണ്. 'ദൈവം ആരാണെന്ന ആത്യന്തികമായ ചോദ്യത്തിന് അവിടുന്നു മറുപടി നൽകുന്നു. വി. യോഹന്നാൻ ശ്ലീഹാ ഇതിനെ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നുണ്ട്: 'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഹൃദയൈക്യം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവനെ വെളിപ്പെടുത്തിയത്'' (യോഹ. 1:18). ദൈവപുത്രനായ യേശുക്രിസ്തു തന്റെ മനുഷ്യാവതാരത്തിലൂടെ നിത്യപിതാവിന്റെ സ്നേഹവും കാരുണ്യവും മനുഷ്യനു വെളിപ്പെടുത്തിക്കൊടുത്തു. ഇതു മാനവസമൂഹത്തിനു മനസ്സിലാക്കിക്കൊടുക്കാൻ കന്യകാമറിയത്തിന്റെ മകനായി ദൈവം മനുഷ്യരൂപമെടുത്തു.

നാം സത്യത്തിലൂടെ ദൈവത്തിലെത്തിച്ചേരുന്നു. സത്യത്തിലൂടെ ദൈവത്തെപ്പററിയും ദൈവത്തിനു പുറത്തുള്ള സർവ്വതിനെപ്പററിയും പ്രപഞ്ചത്തെപ്പററിയും മനുഷ്യനെപ്പററിയും ഉള്ള സത്യത്തിലൂടെ ക്രിസ്തു ആയിരിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത സത്യമെന്ന് അനുസ്യൂതം പ്രഖ്യാപിച്ച ക്രിസ്തുവിൽകൂടി നാം ദൈവത്തിലെത്തിച്ചേരുന്നു.

സത്യംതന്നെയായ ക്രിസ്തുവിലൂടെ ദൈവത്തിലെത്തിച്ചേരുന്നതാണ് ജീവന്റെ ഉറവിടം. നിത്യജീവന്റെ ഉറവ

www.malankaralibrary.com



ആരംഭിക്കുന്നതു് ഈ ലോകത്തിലെ അന്ധകാരാവൃതമായ വിശ്വാസത്തിലാണു്. അതിലൂടെ മനുഷ്യൻ താൻ ആയിരിക്കുന്ന അവസ്ഥയിൽനിന്നും മഹത്വത്തിൻെറ പ്രകാശമുൾക്കൊള്ളുന്ന ദൈവദർശനത്തിൻെറ പൂർണതയിലെത്തുന്നു.

4.8. ജീവൻതന്നെയായ ക്രിസ്തു നമുക്കു് ജീവൻ പ്രദാനം ചെയ്യുന്നു. അതിനാൽ അവിടുന്നു് അരുളം ചെയ്തു: 'ഞാൻ ജീവൻ ആണു്', 'ഞാൻ വഴിയും സത്യവും ജീവനുമാണു്.' എൻെറ ആത്മാവേ, നീ എന്തിനു് ആകുലപ്പെടുന്നു.... നീ ദൈവത്തിൽ പ്രത്യാശ വയ്ക്കുക' (സങ്കീർത്ത. 42,43:5). 'ഞാൻ ദൈവത്തിൻെറ ബലിപീഠത്തിലേക്കു് ചെല്ലും, എൻെറ പരമാനന്ദമായ ദൈവത്തിലേക്കുതന്നെ' (സങ്കീർത്ത. 42, 43:4).

നാം ഇവിടെ വന്നിരിക്കുന്നതു് ദിവ്യബലിയർപ്പിക്കുവനാണു്. വിശ്വാസത്തിലൂടെയുള്ള നമ്മുടെ തീർത്ഥാടനത്തിൽ ദിവ്യകാരുണ്യം ഏററവും പരമപ്രധാനമായ കൂദാശയാണു്. നമ്മുടെ അന്വേഷണത്തിൻെറ ശക്തിയും, ജീവിതത്തിൻെറ വിരുന്നമാണു് ദിവ്യകാരുണ്യം.

വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനോടു് നാം ദിവ്യകാരുണ്യത്തിൽ ഐക്യപ്പെട്ടിരിക്കുന്നു. മരണത്തിലും ഉത്ഥാനത്തിലുമുള്ള യേശുവിൻെറ സജീവസാന്നിധ്യം അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ ദിവ്യകാരുണ്യത്തിൽ പ്രകടമാകുകയാണു് ചെയ്യുക. വിശ്വാസത്തിലൂടെയുള്ള നമ്മുടെ തീർത്ഥാടനത്തിൻെറ ഏററവും പൂർണവും ശക്തവുമായ അടയാളമാണു് ദിവ്യകാരുണ്യം.

അതോടൊപ്പം നാം തമ്മിൽ സാഹോദര്യത്തിൽ ഐക്യപ്പെടുന്നു. മാനവസമൂഹത്തോടും മാലാഖമാരോടും ഐക്യപ്പെടുന്നു. സകല സൃഷ്ടിജാലങ്ങളെയും ദൈവത്തിനു് തിരിച്ചേല്പിക്കുന്നു. എല്ലാവരോടുമൊപ്പം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ആലപിക്കുന്നു.

ഈ ആരാധനയുടെയും ദിവ്യകാരുണ്യത്തിൻെയും ഹൃദയമുൾക്കൊണ്ടു് നമുക്കു് എല്ലാവരോടും ഉദ്ഘോഷിക്കാം: ആഹ്ളാദിക്കുവിൻ, ആഹ്ളാദിക്കുവിൻ, ദൈവം നമ്മുടെ കൂടെയുണ്ടു് ആമ്മേൻ.

ഡൽഹിയിലെ ഇന്ദിരാഗാന്ധിസ്റ്റേഡിയത്തിൽ ദിവ്യബലിക്കിടയിൽ ചെയ്ത സുവിശേഷപ്രസംഗം. 1986 ഫെ.1.

www.malankaralibrary.com

# 5

# കത്തോലിക്കമെത്രാന്മാരോട്

മെത്രാൻസംഘത്തിലെ എന്റെ പ്രിയ സഹോദരരേ,

'നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും (1 കൊറി. 1:3).

5.1. എന്റെ ഭാരതസന്ദർശനത്തിന്റെ പ്രഥമദിനമായ ഇന്ന് സഹോദരമെത്രാന്മാരായ നിങ്ങളെ അതിയായ ആനന്ദത്തോടെ അഭിവാദനം ചെയ്യുന്നു. ഈ ധന്യഭൂമിയിലെ ദൈവജനമാകുന്ന ആരാധനാലയത്തിലേക്ക ഞാൻ ഒരു തീർത്ഥാടകനായി വന്നിരിക്കുന്നു. യേശുക്രിസ്തുവിന്റെ അപ്പസ്തോലൻ എന്ന നിലയിൽ സ്നേഹത്തെക്കുറിച്ച് സംസാരിക്കാനും, സ്നേഹത്തിന്റെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കാനുമാണ് ഞാൻ വന്നിരിക്കുന്നത്. ഇതു സ്നേഹമുള്ള ഇടയനായി തന്നെത്തന്നെ വിശേഷിപ്പിച്ച നല്ല ഇടയന്റെ സുവിശേഷമാണ്. ദൈവസ്നേഹത്തിന്റെ സന്ദേശമാണ് എനിക്ക നല്കാനുള്ളതു്. ദൈവസ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടതിങ്ങനെയാണ്: 'തന്റെ ഏകജാതനിലൂടെ നാം ജീവിക്കേണ്ടതിന് ദൈവം അവനെ ലോകത്തിലേയ്ക്കയച്ചു' (1 യോഹ. 4:9). ഈ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ തന്റെ അനുയായികളുടെ ഇടയിൽ ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുന്ന ഐക്യത്തെപ്പററി ഭാരതസഭയെ ഉദ്ബോധിപ്പിക്കുവാനാണ് ഞാൻ വന്നിരിക്കുന്നതു്. പരിത്രിത്വത്തിൽ നിലനില്ക്കുന്ന ജീവനിലും സ്നേഹത്തിലുമുള്ള ഐക്യമാണ് ഇതിനു് മാതൃക.

എന്നോടൊപ്പം ക്രിസ്തുവിന്റെ ആടുകളുടെ അജപാലനത്തിൽ ദത്തശ്രദ്ധരായ ഭാരതത്തിലെ മെത്രാന്മാരായ നിങ്ങളോടുകൂടി ഐക്യത്തിലും സ്നേഹത്തിലും ഈ ദിവസങ്ങൾ ചെലവഴിക്കുന്നതിനാണ് റോമിൽനിന്നും ഞാനിവിടെ വന്നതു്. ഇതു സഭാപരമായ കൂട്ടായ്മയുടെ മണിക്കൂറാണ്. യേശുവിന്റെ സ്നേഹത്തിലും അവിടുത്തെ സഭയുടെ ഐക്യത്തിലും നമ്മുടെ അജപാലനദൗത്യത്തിന്റെ ഒരുമയിലുമുള്ള കൂട്ടായ്മ.

സാർവത്രിക സഭാതലവൻ എന്ന നിലയിൽ സഭയുടെ ഐക്യം കാത്തുസൂക്ഷിക്കുവാൻ ഞാൻ ബാധ്യസ്ഥനാണ്. ഇക്കാരണത്താലാണ് പ്രാദേശികസഭകളിലെ ഇടയന്മാർ എന്ന

www.malankaralibrary.com



നിലയിലുള്ള നിങ്ങളുടെ അജപാലനകടമയിൽ നിങ്ങളെ സഹായിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നത്. മാത്രമല്ല, സംഘാതാത്മകതയുടെ രഹസ്യത്തെ അതിൻെറ സാർവത്രികമാനങ്ങളിൽ പ്രാവർത്തികമാക്കുകയെന്നത് നമ്മുടെ കൂട്ടുത്തരവാദിത്തമാണ്. പത്രോസിൻെറ പിൻഗാമി എന്ന നിലയിൽ നിങ്ങളെയും നിങ്ങളുടെ പ്രാദേശികസഭകളെയും വിശ്വാസത്തിൽ സ്വീകരിക്കുന്നതിനാണ് ഞാൻ വന്നിരിക്കുന്നത്. നിങ്ങളുടെ ആയാസകരമായ അപ്പസ്തോലികശുശ്രൂഷയുടെ എല്ലാ തലങ്ങളിലും നിങ്ങളെ ഉറപ്പിക്കുന്നതിനാണ് പ്രിയസഹോദര മെത്രാന്മാരേ, സഭാജീവിതത്തിൽ നിങ്ങൾ നൽകുന്ന ആധ്യാത്മികമായ സംഭാവനകളിൽനിന്നു ഫലമെടുക്കുന്നതിനും അതു സാർവത്രിക സഭാതലങ്ങളിൽ എത്തിക്കുന്നതിനുമാണ്, ഞാനിവിടെ വന്നിട്ടുള്ളത്.

5:2. വളരെ മഹത്തരവും, ശ്രേഷ്ഠവുമായ ദൗത്യമാണ് മെത്രാന്മാർ എന്നനിലയിൽ നിങ്ങൾ ഇന്നു ഭാരതത്തിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങളുടെ ജനങ്ങളുടെയിടയിൽ ക്രിസ്തുവിൻെറ സുവിശേഷത്തിനു സാക്ഷ്യംവഹിക്കുക എന്ന അപ്പസ്തോലിക ദൗത്യനിർവഹണത്തിനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. 'തൻെറ ഏകജാതനെ ലോകത്തിലേക്കു് അയയ്ക്കാൻമാത്രം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16). ദൈവത്തിൻെറ നാമത്തിൽ രക്ഷയും, കരുണയും, അനുകമ്പയും പ്രഘോഷിക്കുവാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.

പാവങ്ങൾക്കു സദ്വാർത്ത എത്തിക്കുന്നതിൽ ക്രിസ്തുവിനോട് നിങ്ങൾ നേരിട്ട് പങ്കാളികളാകുന്നു. നിങ്ങൾ മാനവസമുദായത്തിൻെറ ദാസന്മാരും ദൈവസ്നേഹത്തിൻെറ സന്ദേശവാഹകരുമാണ്: 'സമ്പന്നനായിരുന്നെങ്കിലും നിങ്ങൾക്കുവേണ്ടി, അവൻെറ ദാരിദ്ര്യത്തിലൂടെ നിങ്ങളെ സമ്പന്നരാക്കുവാൻ വേണ്ടി ദരിദ്രനായ' (2 കൊറി. 8:9) യേശുക്രിസ്തുവിൻെറ രഹസ്യത്തിലാണ് നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം കേന്ദ്രീകൃതമായിരിക്കുന്നത്. മനുഷ്യകുലത്തെ തന്നിലേക്കുയർത്തുന്നതിനായി മാനവദാരിദ്ര്യവുമായി തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയ ദൈവത്തിൻെറ മനുഷ്യാവതാരമെന്ന യാഥാർത്ഥ്യത്തിനാണ് നിങ്ങൾ സാക്ഷ്യംവഹിക്കുന്നത്.

ദൈവികവെളിപാടിനെ പ്രഘോഷിച്ചുകൊണ്ടാണ് നാം തോറുമുള്ള നിങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്നത്. ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹം, മനുഷ്യൻെറ സുസ്ഥിതിയിലുള്ള താല്പര്യം, ആത്മാവും ശരീരവുമുൾക്കൊള്ളുന്ന സമഗ്രമനുഷ്യനിലുള്ള ദൈവത്തിൻെറ ശ്രദ്ധ എന്നീ കാര്യങ്ങൾ ഇതിലുൾപ്പെടുന്നവയാണ്. സത്യദൈവവും സത്യമനുഷ്യനുമായ ദൈവ

www.malankaralibrary.com



ത്തിന്റെ നാമത്തിലാണ് നിങ്ങൾ ഇതെല്ലാം ചെയ്യുന്നത്. നിങ്ങൾ ചെയ്യുന്നതൊക്കെയും ദൈവത്തിനുവേണ്ടിയാണ്— അവിടുത്തെ മഹത്വത്തിനുവേണ്ടി. നിങ്ങൾ ചെയ്യുന്നതെല്ലാം മനുഷ്യനും, മനുഷ്യന്റെ നന്മയ്ക്കും രക്ഷയ്ക്കുംവേണ്ടിയാണ്: 'ദൈവസുതനായ നസ്രത്തിലെ യേശുവിന്റെ നാമത്തിനും, പ്രബോധനങ്ങൾക്കും, ജീവിതത്തിനും, വാഗ്ദാനങ്ങൾക്കും, രാജ്യത്തിനും, രഹസ്യത്തിനും' (Evangelii Nuntiandi, 22) സാക്ഷ്യംവഹിക്കലാണ് നിങ്ങളുടെ സുവിശേഷപ്രഘോഷണം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനും, മനുഷ്യാവതാരരഹസ്യത്തിലേക്ക് ഉയർത്തപ്പെട്ടവനും, ദൈവവുമായി അടുത്ത ബന്ധത്തിലേക്ക് ആനയിക്കപ്പെട്ടവനും നിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ടവനും ആയ മനുഷ്യനോടുള്ളതാണ് യേശുവിന്റെ സ്നേഹം.

5.3. മനുഷ്യനോട് ദൈവസ്നേഹത്തെക്കുറിച്ചുള്ള നിങ്ങളുടെ പ്രഘോഷണം അവന്റെ ഭൗതിക ആവശ്യങ്ങളെ കണക്കിലെടുക്കുന്നതായിരിക്കണം. ഈ ലോകത്തിന്റെ ക്ഷണികസ്വഭാവത്തെ പ്രഖ്യാപിക്കുന്ന സഭ എല്ലാ തലങ്ങളിലും അതിനെ അംഗീകരിക്കുവാനുള്ള ദൈവത്തിന്റെ തിരുവിഷ്ടത്തെപ്പററിയും ഉദ്ബോധിപ്പിക്കുന്നു. വരാനിരിക്കുന്ന ലോകത്തിന്റെ ഉദാത്ത പ്രതിഛായയായി ഈ ലോകത്തെ രൂപാന്തരപ്പെടുത്തുവാൻ അവർ ആഗ്രഹിക്കുന്നു: 'ഭൗതികപുരോഗതി മനുഷ്യസമുദായത്തിന്റെ കൂടുതൽ മെച്ചപ്പെട്ട സംവിധാനത്തിന് സഹായകമാവുന്നതിനനുസരിച്ച് ദൈവരാജ്യത്തോട് അതിന് സജീവബന്ധമുണ്ട്' എന്ന (Gaudium et Spes 39) സഭ പഠിപ്പിക്കുന്നു.

'സുവിശേഷപ്രഘോഷണവും മാനവപുരോഗതിയും—വികസനവും വിമോചനവും തമ്മിൽ ഗാഢമായ ബന്ധമുണ്ട്' (Evangelii Nuntiandi, 31) എന്ന പോൾ ആറാമൻ മാർപാപ്പ വിവരിച്ച, ആ വലിയ യാഥാർത്ഥ്യത്തെപ്പററി നിങ്ങളുടെ അനുദിനമുള്ള പൗരോഹിത്യശുശ്രൂഷയിൽ നിങ്ങൾക്ക് ബോധ്യമുണ്ട്. വിശപ്പ്, പകർച്ചവ്യാധികൾ, നിരക്ഷരത, ദാരിദ്ര്യം, അന്തർദേശീയബന്ധങ്ങളിൽ പ്രത്യേകിച്ച് വ്യാപാരവിനിമയങ്ങളിലുള്ള അനീതി തുടങ്ങി തങ്ങളെ മനുഷ്യോചിതമല്ലാത്ത ജീവിതത്തിലേക്കു നയിക്കുന്ന എല്ലാത്തിനെയും തിരസ്കരിക്കുന്നതിനും അതിജീവിക്കുന്നതിനും പണിപ്പെടുകയും, അതിനായി തങ്ങളുടെ മുഴുവൻ ശക്തിയും ഉപയോഗിച്ച് പരിശ്രമിക്കുകയും (Ibid 30) ചെയ്യുന്നവരുടെ ആവശ്യങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചിട്ടുണ്ട്. ഈ പരിശ്രമങ്ങളിലെല്ലാം സുവിശേഷത്തിന് സാക്ഷ്യം വഹിക്കുന്നതിന്റെപേരിൽ ദശലക്ഷക്കണക്കിനു മനുഷ്യർക്ക് യഥാർത്ഥപുരോഗതിയും

www.malankaralibrary.com



വിമോചനവും ഉറപ്പുവരുത്തുവാൻ സഭ പരിശ്രമിക്കുന്നു. ദൈവസ്നേഹത്തിൽനിന്നുരുത്തിരിയുന്ന സഹോദരസ്നേഹമാണ് സുവിശേഷത്തിന്റെ സത്ത എന്ന ബോധ്യം സഭ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. സ്നേഹത്തിന്റെ നവമായ ഈ കല്പനയുടെ പ്രഘോഷണത്തിന് നീതിയിലും സമാധാനത്തിലുമുള്ള മനുഷ്യന്റെ സമഗ്രവളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന പരിശ്രമങ്ങളിൽനിന്നു് ഒരിക്കലും വിട്ടുനിൽക്കാനാവില്ല. നിങ്ങളുടെ ശുശ്രൂഷയുടെ പ്രധാന മണ്ഡലത്തിലെ പരിശ്രമങ്ങളിൽ ക്രിസ്തുവിന്റെ നിങ്ങളുടെ സഹോദരൻ എന്നനിലയിൽ ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്നുറപ്പുതരുന്നു.

5.4. മതാന്തര സംവാദത്തിലുള്ള തീക്ഷ്ണതയാണ് നിങ്ങളുടെ ശ്രദ്ധ ആകർഷിച്ചിട്ടുള്ള മറ്റൊരു കാര്യം. ഇതും അപ്പസ്തോലിക ശുശ്രൂഷയിൽ വളരെ ഗൗരവമേറിയതാണ്. നിങ്ങളുടെ പ്രത്യേക സാഹചര്യങ്ങളിൽ സഭയുടെ കർത്തവ്യമനുസരിച്ചുള്ള മതാന്തരസംവാദം പ്രോത്സാഹിപ്പിക്കാൻ കഴിവതെല്ലാം ചെയ്യുവാൻ നാഥൻ നിങ്ങളോട് ആവശ്യപ്പെടുന്നു. പോൾ ആറാമൻ മാർപാപ്പ തന്റെ പ്രഥമ ചാക്രികലേഖനത്തിലെ ഏറിയ ഭാഗവും മതസംവാദത്തിനായി മാററിവച്ചു. മതസംവാദത്തിന്റെ ആവശ്യം, വ്യവസ്ഥകൾ, ഉള്ളടക്കം, സ്വഭാവം, അരൂപി തുടങ്ങിയ കാര്യങ്ങൾ അദ്ദേഹം വിശദമായി പരാമർശിച്ചിട്ടുണ്ട്. മതസംവാദത്തെ വിവരിച്ചുകൊണ്ട് പോൾ ആറാമൻ എഴുതി: 'സംസാരിക്കുന്നതിന് മുമ്പ് മനുഷ്യസ്വരം മാത്രമല്ല, അവന്റെ ഹൃദയത്തിന്റെ സ്വരംകൂടി ശ്രവിക്കുക ആവശ്യമാണ്.... സംവാദത്തിന്റെ അരൂപി സൗഹൃദമാണ്. അതിൽ കൂടുതലായി സേവനവും' (Ecclesiam Suam, 87).

മെത്രാന്മാരായ നിങ്ങൾ സൗഹൃദം പങ്കുവയ്ക്കാനും സേവിക്കാനുമായി മുഴുവൻലോകത്തോടും തുറന്ന മനോഭാവം പുലർത്തുവാനാഗ്രഹിക്കുന്ന യേശുവിന്റെ സഭയുടെ പ്രതിനിധികളാണ്. എതിർപ്പുകളും വിവാദങ്ങളും ഇല്ലാത്തതും മാന്യമായ ആദരവും, ചൈതന്യവും വിശ്വസ്തതയും നിലനിർത്തുന്നതുമായ സംവാദത്തിനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നതു്. വിശ്വാസത്തിൽനിന്നുയിർക്കൊള്ളുന്നതും വിനീതസ്നേഹത്തിൽ നടക്കേണ്ടതുമാണ് ഈ സംവാദം. അതേസമയം 'സഭക്ക് ചിലതു് പറയുവാനുണ്ട്, അവർക്ക് സന്ദേശം നൽകുവാനുണ്ട്, അവർക്ക് ആശയവിനിമയം നടത്തുവാനുണ്ട്' (Ecclesiam Suam 65).

മനുഷ്യന്റെ അത്യുൽകൃഷ്ടമായ വിധിയെയും സത്യത്തെയും നീതിയെയും സ്വാതന്ത്ര്യത്തെയും പുരോഗതിയെയും ഐകാ

www.malankaralibrary.com



ന്തതയെയും സമാധാനത്തെയും നാഗരികതയെയുംപററി സം സാരിക്കവാൻ സഭ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. അവൻെറ മാനുഷികവും ആധ്യാത്മികവും ഭൗതികവുമായ നന്മയെ ലാക്കാക്കിയുള്ള സഹകരണത്തിലേക്കാണ് ഈ സംവാദം നയിക്കുന്നതു്.

സുവിശേഷത്തിൻെറ ശുശ്രൂഷകർ എന്നനിലയിൽ ഭാരതത്തിലെ നിങ്ങളുടെ എല്ലാ സഹോദരങ്ങളോടും അവരുടെ വിവിധ മതപാരമ്പര്യങ്ങളുൾക്കൊള്ളുന്ന ആധ്യാത്മികവും ധാർമ്മികവും സാംസ്കാരികവുമായ മൂല്യങ്ങളോടുമുള്ള സഭയുടെ മതിപ്പും, ആദരവും പ്രകടമാക്കാനുള്ള കടമ നിങ്ങൾക്കുണ്ട്. ഇതിനിടയിൽ വിശ്വാസത്തെക്കുറിച്ചുള്ള നിങ്ങളുടേതായ ബോധ്യത്തിന് സാക്ഷ്യംവഹിക്കേണ്ടതുണ്ട്. മററു മതപാരമ്പര്യങ്ങളിലെ മൂല്യങ്ങളെപ്പററി നിങ്ങൾ സ്വതന്ത്രമായി ചിന്തിക്കുന്നതുപോലെത്തന്നെ മററുള്ളവർക്കും യേശുവിൻെറ സ്നേഹത്തിൻെറയും സമാധാനത്തിൻെറയും, സേവനാതുപിയുടെയും, സുവിശേഷത്തെപ്പററി സ്വതന്ത്രമായി ചിന്തിക്കാൻ അവസരം ലഭിക്കണം. പരസ്പരസഹകരണത്തിലൂടെയുള്ള ഈ മതാന്തര സംവാദത്തിൻെറ പരമപ്രധാന മാനദണ്ഡം പരസ്നേഹവും സത്യവുമാണ്. വി. പൗലോസിൻെറ ഉദ്ബോധനം നിങ്ങൾതന്നെ ശിരസാ വഹിക്കണം. 'സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു് ക്രിസ്തുവിലേക്കു് എല്ലാവിധത്തിലും നാം വളരണം. അവനാണ് ശിരസ്'' (എഫേ. 4:15).

5.5. യേശുവിൻെറ സുവിശേഷത്തിനു് സാക്ഷ്യം വഹിക്കുന്ന നിങ്ങളുടെ അജപാലന ദൗത്യം 'യേശുക്രിസ്തുവിൽ ദൈവപുത്രൻ മനുഷ്യനായി അവതരിക്കുകയും മരിക്കുകയും മരിച്ചവരിൽനിന്നു ഉത്ഥിതനാവുകയും ചെയ്തു എന്നും, ദൈവത്തിൻെറ അനുഗ്രഹത്തിൻെറയും കരുണയുടെയും ദാനമാണ് എല്ലാ ജനതകൾക്കുമായി നൽകപ്പെട്ടിരിക്കുന്ന രക്ഷ എന്നും ഉള്ളതിൻെറ വ്യക്തമായ പ്രഘോഷണമായിരിക്കണം' (Evangelii Nuntiandi, 27). സാംസ്ക്കാരികാനുരൂപണത്തിൻെറ മഹത്തായ വെല്ലുവിളികൾക്ക് അർഹിക്കുന്ന പരിഗണന നല്കിക്കൊണ്ടായിരിക്കണം ഇതു നടത്തേണ്ടത്. ഒരു പ്രത്യേക സംസ്ക്കാരത്തിലാണ് ദൈവിക വെളിപാടു് നടന്നതെങ്കിലും, അതിൻെറ ആരംഭം മുതല്ക്കേ അത് എല്ലാ സംസ്ക്കാരങ്ങൾക്കും വേണ്ടിയാണു് നിലകൊള്ളുന്നതു്. രക്ഷയുടെ സദ്വാർത്ത എല്ലാ സംസ്ക്കാരങ്ങളിലും എത്തിക്കുകയും അതിനെ ഓരോ ജനതയുടെയും ചൈതന്യമുൾക്കൊള്ളുന്ന വിധത്തിൽ അവതരിപ്പിക്കയും ചെയ്യേണ്ടത് സഭയുടെ കർത്തവ്യമാണ്. സഭയുടെ ഇപ്പോഴത്തെ കർത്തവ്യം വിശ്വാസത്തിൻെറ നിധിയെ അതിൻെറ ഉള്ളടക്കത്തിലുള്ള

www.malankaralibrary.com



അഭിനവത്വത്തോടുകൂടി വ്യത്യസ്ത ഭാഷകളുംകൊള്ളുന്ന എല്ലാ മനുഷ്യർക്കുമായി വിവർത്തനം ചെയ്യുകയെന്നുള്ളതാണ്. ഈ വെല്ലുവിളിയുടെ കാതൽ 1984-ലെ മെത്രാന്മാരുടെ സിനഡിൽ പ്രകടിപ്പിക്കുകയും പിന്നീട് ഇപ്രകാരം വ്യക്തമാക്കുകയും ചെയ്തു: 'ഒരു ജനത മാത്രമല്ല, ആ ജനതയുടെ അഭിലാഷങ്ങളും സമ്പത്തും പരിമിതികളും, അവരുടെ പ്രാർത്ഥനാശൈലികളും, സ്നേഹാനുഭവങ്ങളും ജീവിത വീക്ഷണവും, ലോകദർശനവും ഒക്കെ പ്രാദേശിക സഭയുടെ അടിസ്ഥാനമാകണം. അതേസമയം സുവിശേഷ സന്ദേശത്തിന്റെ അന്തസത്തയെ സ്വായത്തമാക്കുകയും അതിന്റെ യാഥാർത്ഥ്യത്തിൽനിന്നു അണുവിടപോലും വ്യതിചലിക്കാതെ വിവർത്തനം ചെയ്യുകയുംവേണം'. (Evangelii Nuntiandi, 63)

പ്രാദേശികസഭകളിലെ മെത്രാന്മാർക്ക് കലർപ്പില്ലാത്തതും വിശ്വസ്തതാപൂർവകവുമായ അനുരൂപണം ഉറപ്പുവരുത്തുന്നതിൽ പ്രത്യേക ഉത്തരവാദിത്തമുണ്ട്. പരി. സിംഹാസനത്തോടും സാർവത്രിക സഭയോടുമുള്ള ഐക്യത്തിലൂടെയാണ് ഇതു് നടപ്പിൽവരുത്തേണ്ടതു്. ഇതിൽ വിവേചനം ആവശ്യമാണ്. അതിനാകട്ടെ പ്രാർത്ഥനയും പഠനവും, കൂടിയാലോചനകളും വേണംതാനും. ഇവിടെ വിവേചനത്തെ നയിക്കുന്നതു് അജപാലന വരദാനമായിരിക്കണം.

ക്രിസ്തുവിന്റെ അപരിമേയ സമ്പന്നതയെ(എഫേ. 3:8) എന്നത്തെക്കാളുമുപരിയായി സഭയുടെ ആരാധനാജീവിതത്തിൽ കൂടുതൽ കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യം ഉന്നം വയ്ക്കുന്ന ആരാധനക്രമത്തിലെ സംസ്ക്കാരികാനുരൂപണത്തിൽ മെത്രാന്മാരായ നിങ്ങൾക്ക് പ്രത്യേക ഉത്തരവാദിത്തമുണ്ട്. ഇവിടെ കൂടുതൽ പരിചിന്തനവും പഠനവും ആവശ്യമാണ്. ആരാധനക്രമ നവീകരണം നടപ്പാക്കുന്നതിനുമുമ്പ് വിശ്വാസ സത്യങ്ങളിൽ കോട്ടം വരാതിരിക്കുവാനും വിശ്വാസികളെ അജപാലനപരമായി വേണ്ടവിധത്തിൽ ഒരുക്കാനും ശ്രദ്ധിക്കേണ്ടതാണ്. സഭാസമൂഹത്തിലെ വ്യത്യസ്ത മതാത്മക മനോഭാവങ്ങളോടു് അവയർഹിക്കുന്ന ആദരം പ്രകടിപ്പിച്ചുകൊണ്ടായിരിക്കണം ഇത്തരം നവീകരണങ്ങൾ നടപ്പിൽവരുത്തേണ്ടതു്. ദൈവാരാധനയിൽ പ്രകടമാകേണ്ട സഭാത്മകമായ ഐക്യത്തിനായിരിക്കണം വ്യക്തികൾക്കും വ്യത്യസ്ത ഗ്രൂപ്പുകൾക്കും എന്നതിനെക്കാൾ മുൻഗണന നൽകേണ്ടതു്. എല്ലാററിനുമുപരി എല്ലാ ആരാധനക്രമ അനുരൂപണവും അജപാലനപരമായ പരസ്നേഹവും ധാരണയും പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

5.6. മുകളിൽ പറഞ്ഞിരിക്കുന്ന സുവിശേഷപ്രഘോഷണവും മതാന്തര സംവാദവും സാംസ്ക്കാരികാനുരൂപണവും സാർവ

www.malankaralibrary.com



ത്രിക സഭയുടെ സുസ്ഥിതിയെ ബാധിക്കുന്ന കാര്യങ്ങളാം ആയതുകൊണ്ട് സഭാസമൂഹത്തിൽപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും സഹകരണം ഇക്കാര്യത്തിൽ അനിവാര്യമാണ്. എന്നിരുന്നാലും മെത്രാന്മാരുടെ നേതൃത്വത്തിൽ വൈദികർ ഈ തലത്തിൽ നിർവ്വഹിക്കേണ്ട വ്യതിരിക്ത സംഭാവന എടുത്തുകാട്ടേണ്ടതുണ്ട്. പൗരോഹിത്യ ശുശ്രൂഷ നിലകൊള്ളുന്നതു ദൈവശുശ്രൂഷയിലാണ്. പുരോഹിതൻ സുവിശേഷത്തിന്റെ വക്താവും ദാസനും, സഹോദരങ്ങളുമായി രക്ഷയെക്കുറിച്ച് സംവാദം നടത്തുവാൻ നിയുക്തനായിരിക്കുന്നവനുമാണ്.

പൗരോഹിത്യ ശുശ്രൂഷയുടെ കാര്യക്ഷമത ഒരു വലിയ പരിധിവരെ അവരുടെ തയ്യാറെടുപ്പിനെ ആശ്രയിച്ചിരിക്കുന്നു. ഈ തയ്യാറെടുപ്പ് ആധ്യാത്മികവും ബുദ്ധിപരവുമായ തലങ്ങളിൽ ദൈവവചനത്തെ മനസ്സിലാക്കുന്നതിലും സ്വീകരിക്കുന്നതിലും, പ്രയോജകീഭവിപ്പിക്കുന്നതിലും ബന്ധപ്പെട്ടിരിക്കുന്നു. ദൈവവചനം അതിന്റെ പരിശുദ്ധിയിലും സമഗ്രതയിലും വിശ്വാസികൾക്ക് പറഞ്ഞുകൊടുക്കുവാൻ വൈദികർ പ്രത്യേകം നിയുക്തരാണ്. ദൈവവചനം വിശ്വസ്തതാപൂർവ്വം കൈമാറുന്നതിനും അതിന്റെ പൂർണതയിൽ ജീവിക്കുന്നതിനും സഭയ്ക്കു അപ്പസ്തോലികവും അജപാലനപരവുമായ പ്രത്യേക സിദ്ധി ഉണ്ട്. അതു വിശ്വാസികളുടെയും മുഴുവൻസഭയുടെയും നന്മയെ ഉദ്ദേശിച്ചുള്ളതാണ്. ഈ സിദ്ധിയാണ് സഭയിലെ പ്രബോധനാധികാരം. പൂർണമായും ദൈവവചനശുശ്രൂഷയ്ക്കുള്ള പരിശുദ്ധാത്മാവിന്റെ ദാനമാണിത്. കാര്യക്ഷമമായ സെമിനാരി പരിശീലനത്തിന്റെയും വൈദികർക്ക് വേണ്ടി ആസൂത്രണം ചെയ്യുന്ന സ്ഥായിയായ എല്ലാ പരിപാടികളുടെയും അനിവാര്യഘടകമാണ് സഭയുടെ പ്രബോധനാധികാരത്തോടുള്ള പൂർണ്ണമായ വിശ്വസ്തത. ഈ വിശ്വസ്തതയാണ് വൈദികജീവിതത്തിന്റെയും ശുശ്രൂഷയുടെയും സ്വാഭാവാതീതഫലദായകത്വത്തിന്റെ അച്ചാരം. ഹൃദയത്തിന്റെ എളിമയിലും പ്രാർത്ഥനയിലുമാണ് ഈ വിശ്വസ്തത വളർത്തിയെടുക്കുന്നത്.

5.7. പ്രിയ സഹോദരരേ, നിങ്ങളുടെ എല്ലാ തരത്തിലുമുള്ള അജപാലനപരമായ ഔത്സുക്യത്തിന്റെ കേന്ദ്രബിന്ദു സഭയുടെ ഐക്യമാണ്. യേശുവിന്റെ തിരുഹൃദയം ആഗ്രഹിക്കുന്ന അവിടുത്തോടുള്ള വിശ്വസ്തതയും തന്റെ സഭയുടെ വിശ്വാസയോഗ്യതയും ക്രിസ്തുവിന്റെ ദൗത്യത്തിലെ വിശ്വാസയോഗ്യതയുടെ അടയാളവുമാണ് ഈ ഐക്യത്തിൽ നാം കാണുന്നത്. ഇതു വലിയ അനുഗ്രഹമാണ്. സഭയുടെ ഐക്യത്തിൽ യേശു എന്തിനു മരിച്ചുവെന്നു നാം കാണുന്നു. അതായത്,

www.malankaralibrary.com



'ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചുകൂട്ടുവാൻ വേണ്ടി' (യോഹ. 11:52).

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയുടെ ഐക്യത്തെ മാത്രമല്ല, മനുഷ്യവംശത്തിന്റെ ഐക്യത്തിന്റെ അടയാളമായിരിക്കാനുള്ള അവളുടെ സിദ്ധിയെപ്പറ്റിയും എടുത്തുകാണിക്കുന്നു. ഇത് മനുഷ്യകുലത്തിന്റെ വംശപരവും, രാഷ്ട്രപരവും ഭാഷാപരവും, സംസ്കാരപരവുമായ വൈരുധ്യം നിറഞ്ഞതും എല്ലാവിധ സംഘർഷങ്ങൾക്ക വിധേയവുമാണ്. ആധുനിക ലോകത്തിൽ തന്റെ ദൗത്യം നിർവ്വഹിക്കേണ്ട സഭയ്ക്കു ഐക്യത്തിന്റെ രഹസ്യം അവളിൽത്തന്നെ ജീവിക്കണമെന്ന് അറിയാവുന്നതാണ്. ഐക്യത്തിന് കോട്ടം വരുകയോ, തകരുകയോ, നാശം ഭവിക്കുകയോ ചെയ്യുമ്പോൾ അനുരഞ്ജനത്തിന്റെ ആവശ്യകതയിലേക്കു അവൾ വിളിക്കപ്പെടുകയാണ്.

ഐക്യം ദൈവേഷ്ടമാണെന്നു നമുക്കറിയാം. പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യത്തിൽ ജീവിക്കുവാൻ ദൈവാനുഗ്രഹത്താൽ സഭ വിളിക്കപ്പെട്ടിരിക്കുന്നു. ഐക്യത്തിനായുള്ള ക്രിസ്തുവിന്റെ പ്രാർത്ഥന 'അവർ എല്ലാവരും ഒന്നായിരിക്കുന്നതിന് പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ' (യോഹ. 17:21) സഭയിൽ എല്ലാ തലങ്ങളിലും പ്രായോഗികമാണ്. മെത്രാന്മാരും, വൈദികരും ഈ ഐക്യം പ്രതിഫലിപ്പിക്കാനാണ് പ്രാദേശിക സഭകൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഓരോ പ്രാദേശികസഭയിലും കത്തോലിക്കാസഭയുടെ ഐക്യം നിലനില്ക്കുന്നു. പ്രാദേശിക സഭകൾ തമ്മിലുള്ള കൂട്ടായ്മ സാർവത്രികസഭ പരിശുദ്ധാത്മാവിൽനിന്നു സ്വീകരിക്കുന്ന ഐക്യമെന്ന രഹസ്യത്തിന്റെ പ്രകടനമാണ്. റോമിലെ മെത്രാനുമായുള്ള കൂട്ടായ്മ ഓരോ പ്രാദേശികസഭയുടെയും കാതോലികത്വം ഉറപ്പുവരുത്തുകയും അപ്പസ്തോലിക സംഘാതാത്മകതയിൽ പങ്കുപററുവാൻ മെത്രാന്മാരെ പ്രാപ്തരാക്കുകയും ചെയ്യുന്നു. പ്രാദേശിക സഭയിലെ ദൃശ്യമായ അടയാളവും ഐക്യത്തിന്റെ അടിസ്ഥാനവും അവിടത്തെ മെത്രാനാണ്. എല്ലാ മെത്രാന്മാരുടെയും വിശ്വാസികളുടെയും ഐക്യത്തിന്റെ അടിസ്ഥാനവും, ശാശ്വതവും ദൃശ്യവുമായ ഉറവിടവും വി. പത്രോസിന്റെ പിൻഗാമി ആയിരിക്കുന്നതുപോലെത്തന്നെ (Lumen Gentium, 23).

സഭൈക്യത്തിന്റെയും സഭകളുടെ കൂട്ടായ്മയുടേതുമായ രഹസ്യത്തെപ്പററി ധ്യാനിക്കുമ്പോൾ സഭാജീവിതത്തിലെ ഈ ഘടകത്തിന് സഭാപിതാക്കന്മാരുടെ പാരമ്പര്യങ്ങളിലൂടെ നൽകിവന്ന വലിയ പ്രാധാന്യത്തെപ്പററി നമുക്ക് മനസ്സിലാ

www.malankaralibrary.com



ക്കാവുന്നതാണ്. സഭയ്ക്കുള്ളിലും വേർപെട്ടുനിൽക്കുന്ന സഭാസമൂഹങ്ങളുമായുള്ള ബന്ധത്തിലും ശ്ലൈഹികകൂട്ടായ്മയിലും സംജാതമാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എത്രമാത്രം പ്രാധാന്യമുള്ള കാര്യമാണെന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്. ഈ പശ്ചാത്തലത്തിൽ സഭയിലെ വ്യത്യസ്ത റീത്തുകൾതമ്മിൽ അടുത്ത കൂട്ടായ്മയും, സഹകരണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. പരസ്പരബന്ധങ്ങളിൽ യേശു ആഗ്രഹിക്കുന്നവിധത്തിലുള്ള ഐക്യത്തിൽ വിവിധ റീത്തുകളിലുള്ളവർ ജീവിക്കേണ്ടതുണ്ട്.

ഇതു പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഇവിടെ ഭാരതത്തിൽ നടക്കുന്നുണ്ടെന്നു എനിക്കറിയാം. റീത്തുകൾതമ്മിൽ ഇനിയും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പരി. സിംഹാസനത്തിന്റെ സഹായം നിങ്ങൾക്കുണ്ടായിരിക്കുന്നതാണ്. ഈ വസ്തുതയെക്കുറിച്ച് ഏറെനാളായി പഠനം നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആത്മാർത്ഥതയോടും അഗാധബോധ്യത്തോടുംകൂടിയാണ് വ്യത്യസ്താഭിപ്രായങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നതു്. ആവുന്നത്രവേഗം ഈ പഠനങ്ങളുടെ അന്തിമഘട്ടത്തിലെത്താം എന്നു കരുതുന്നു. ഐക്യത്തിന്റേതും സത്യത്തിന്റേതുമായ അജപാലനവ്യഗ്രതകൾ കണക്കിലെടുത്തുകൊണ്ടുള്ള ന്യായവും യുക്തവുമായ പ്രശ്നപരിഹാരം കണ്ടെത്തുന്നതിൽ കഴിവതെല്ലാം ചെയ്യുമെന്ന് നിങ്ങൾക്കുറപ്പു തരുന്നു. പരി. സിംഹാസനത്തിന്റെ തീരുമാനത്തിന് എല്ലാ മെത്രാന്മാരുടെയും പൂർണപിന്തുണ ലഭിക്കുമെന്ന് എനിക്കു് ആത്മവിശ്വാസമുണ്ട്.

5.8. പ്രിയ സഹോദരമെത്രാന്മാരേ, നിങ്ങളുടെ പരിപാവനമായ ശുശ്രൂഷയുടെ വിവിധ വശങ്ങളെപ്പററി നിങ്ങളോട് ചേർന്നു ചിന്തിക്കുവാൻ എനിക്കാഗ്രഹമുണ്ട്. എന്നാൽ അതിന്റെ എല്ലാ വശങ്ങളെയുംകുറിച്ചു പരാമർശിക്കുക അസാധ്യമാണ്. എങ്കിലും രണ്ടാം വത്തിക്കാൻ സൂനഹദോസ് അഗ്രഹിച്ച സഭാനവീകരണം നടക്കുന്നതിന് അനുരഞ്ജനകൂദാശയ്ക്കുള്ള വലിയ പ്രാധാന്യത്തിനു് ഊന്നൽകൊടുക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാ കൗദാശികജീവിതത്തിന്റെയും കേന്ദ്രവും ഉച്ചിയുമായ പരി. കുർബാനയുടെ രക്ഷാകരമായ ഫലദായകത്വത്തിൽ പൂർണമായി പങ്കുചേരാൻ പ്രായശ്ചിത്തവും അനുതാപവും വളരെ ആവശ്യമാണെന്ന് സഭ എപ്പോഴും എടുത്തുകാട്ടുന്നുണ്ട്. എന്റെ പാപ്പാസ്ഥാനത്തിന്റെ ആരംഭംമുതൽ വ്യക്തിപരമായ കുമ്പസാരത്തിന്റെ പ്രാധാന്യം ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്റെ ആദ്യത്തെ ചാക്രികലേഖനത്തിൽ

www.malankaralibrary.com



ഇക്കാര്യം വ്യക്തമാക്കി. നൂററാണ്ടുകളായി നിലവിലുള്ള അനുതാപത്തിൻെറ കൂദാശ വ്യക്തിപരമായ മനസ്താപത്തോടും തെററുകൾ തിരുത്താമെന്ന പ്രതിജ്ഞയോടും പരിഹാരം ചെയ്യാനുള്ള തീരുമാനത്തോടുംകൂടി വിശ്വസ്തതാപൂർവം അനുഷ്ഠിക്കുന്നതുവഴി സഭ മനുഷ്യാത്മാവിൻെറ അവകാശങ്ങളെ സംരക്ഷിക്കുന്നു. പാപം മോചിക്കുന്ന ക്രൂശിതനായ ക്രിസ്തുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിനുള്ള അവകാശത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത് (Redemptor Hominis, 20). ഇക്കാര്യത്തിൽ ഭാരതസഭ പുലർത്തുന്ന വലിയ വിശ്വസ്തതയുടെ കാര്യം എടുത്തുപറയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കുമ്പസാരമെന്ന കൂദാശയിലൂടെ യേശു തൻെറ സഭയിൽ നിക്ഷേപിച്ചിരിക്കുന്ന സ്നേഹത്തിൻെറയും പാപമോചനത്തിൻെറയും അനുരഞ്ജനത്തിൻെറയുമായ മഹത്തായ നിധി വേണ്ടപോലെ വൈദികരും സന്യാസികളും അത്മായരും ഉപയോഗപ്പെടുത്തുന്നതിന് നിങ്ങളുടെ തുടർന്നുള്ള പ്രോൽസാഹനം ഇടവരുത്തുമെന്ന് എനിക്കുറപ്പുണ്ട്.

5.9. സഭാജീവിതത്തിലെ ഭൗതികക്രമത്തിൽ പ്രത്യേകമായ വിധത്തിൽ സഹകരിക്കുവാൻ വിളിക്കപ്പെട്ടവരാണ് അത്മായർ. രാഷ്ട്രീയ—സാമൂഹികപ്രശ്നങ്ങളും സമ്പദ്ഘടനയും, സംസ്കാരവും ശാസ്ത്രവും കലകളും അന്തർദേശീയ ജീവിതവും സമ്പർക്കമാധ്യമങ്ങളും അവരുടെ പ്രത്യേക പ്രവർത്തനമണ്ഡലങ്ങളാണ് (Cfr. Evangelii Nuntiandi, 70). ലോകത്തോടുള്ള തൻെറ ദൗത്യനിർവഹണത്തിൽ സഭ അത്മായരുടെ സംഭാവനകളെ കൂടുതലായി കണക്കിലെടുക്കേണ്ടതാണ്. പാവങ്ങളെ സഹായിക്കുന്നതിലും വിശപ്പിനെ തുടച്ചുനീക്കുന്നതിലും മാനവപുരോഗതിയും സാമൂഹ്യപരിഷ്ക്കരണവും സമാധാനവും പ്രോത്സാഹിപ്പിക്കുന്നതിലും സേവനത്തിൻേറതും നേതൃത്വത്തിൻേറതുമായ പങ്ക് പ്രത്യേകമായ വിധത്തിൽ നിർവഹിക്കുവാൻ അത്മായർക്ക് കഴിയും. നീതിയിലും പരസ്നേഹത്തിലും ഭൗതിക ക്രമങ്ങളെ നവീകരിക്കുന്നതിന് അത്മായർക്കുള്ള പങ്കിനെപ്പററി കൂടുതൽ ബോധ്യം സമ്പാദിക്കുവാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് ആവശ്യപ്പെടുന്നുണ്ട്. 'ഭക്ഷണം, വസ്ത്രം, ഭവനം, വൈദ്യസഹായം, തൊഴിൽ, വിദ്യാഭ്യാസം, മനുഷ്യോചിതമായി ജീവിക്കാൻ അപരിത്യാജ്യമായ മററു സൗകര്യങ്ങൾ ഇവയുടെ അഭാവത്താൽ കഷ്ടപ്പെടുന്നവരുണ്ട്. ദുരിതങ്ങൾ, അനാരോഗ്യം, നാടുകടത്തൽ, ജയിൽവാസം മുതലായവയാൽ ക്ലേശിക്കുന്നവരുമുണ്ട്. ഇപ്പറഞ്ഞവർ എവിടെയായിരുന്നാലും ക്രിസ്തീയ സാഹോദര്യം അവരെയെല്ലാം തേടിപ്പിടിച്ച് സ്നേഹപൂർവം ആശ്വസിപ്പിക്കണം. വേണ്ടപോലെ

www.malankaralibrary.com



സഹായിച്ച് അവരെ ഉദ്ധരിക്കണം' (Apostolicam Actuositatem, 8) സൂനഹദോസ് തുടർന്നു പറയുന്നുണ്ട്: നീതി ആവശ്യപ്പെടുന്നവ പ്രഥമതഃ നിർവഹിക്കണം. ഒരുവനു നീതിപൂർവം ലഭിക്കേണ്ടതു് പരസ്നേഹത്തിന്റെ പേരിൽ ദാനധർമ്മമാക്കി പകർത്തുന്നതു് തെററാണ് (Ibid). എല്ലാ തലങ്ങളിലും പരസ്നേഹത്തിന്റെയും നീതിയുടേതുമായ ഈ പാത പിന്തുടരുമ്പോഠം സഭ യേശുവിന്റെ നാമത്തിൽ ലോകത്തെ സേവിക്കാനുള്ള അവളുടെ വിളിയോട് വിശ്വസ്തത പുലർത്തുകയാണ് ചെയ്യുന്നതു്.

5.10. ഇന്ത്യയിലേക്കുള്ള എന്റെ തീർത്ഥാടനത്തിന്റെ ഈ അവസരത്തിൽ ഈ നാട്ടിൽ സുവിശേഷത്തിനു് സാക്ഷ്യം വഹിച്ചിട്ടുള്ള എല്ലാവരോടുമുള്ള സഭയുടെ മതിപ്പ് പ്രകടമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ നിങ്ങഠംക്കുമുമ്പേ വിശ്വാസത്തിന്റെ അടയാളത്തെ അടിവരയിട്ടുകൊണ്ടു കടന്നുപോയവരാണ്. നിങ്ങളുടെ ഈ പുണ്യഭൂമിയിൽ എത്തുന്നതിനു് വീരോചിതമായി ത്യാഗം ചെയ്ത എല്ലാ പ്രേഷിതവരേണ്യർക്കും സഭ കൃതജ്ഞതാനിർഭരമായ അഭിവാദനങ്ങഠം അർപ്പിക്കുന്നു. സുവിശേഷത്തിനും, ദരിദ്രർക്കും, നിരാശ്രയർക്കുമായി അവർ അർപ്പിതസേവനം ചെയ്തിട്ടുണ്ട്. തങ്ങളുടെ ജീവൻ ഉദാരമായി സമർപ്പിച്ച ദശലക്ഷക്കണക്കിനുള്ള നിങ്ങളുടെ സഹപൗരന്മാരുടെ ഹൃദയങ്ങളിൽ ദൈവിക വെളിപാടുള്ള വചനങ്ങഠം കൈവരിച്ചിട്ടുള്ള അത്ഭുതങ്ങളെക്കുറിച്ച് സഭ പരി.ത്രിത്വത്തിനു് ആരാധനയും കൃതജ്ഞതയും സമർപ്പിക്കുന്നു.

ആടുകളുടെ ഇടയന്മാരായ നിങ്ങളോടാണ് എനിക്കു് അവസാനമായി കൃതജ്ഞത പറയുവാനുള്ളതു്. 'മുഖ്യ ഇടയനും (1 പത്രോ. 5:14) ആത്മാക്കളുടെ മെത്രാനും' (1 പത്രോ. 2:25) ആയ യേശുവിന്റെ നാമത്തിൽ ദൈവത്തിന്റെ രക്ഷാകരസ്നേഹം പ്രഘോഷിക്കുന്നതിനു് ഞാൻ നിങ്ങഠംക്കു നന്ദി പറയുന്നു. രക്ഷയുടെ സദ്വാർത്ത നിങ്ങളോട് ചേർന്നു വിളിച്ചറിയിക്കുന്നവരും, പാവങ്ങളെ പരിചരിക്കുന്നവരും, സമാധാനസന്ദേശവാഹകരും, സ്നേഹത്തിന്റെ സാക്ഷികളും, ഐക്യത്തിന്റെ പ്രവാചകരും, ലോകരക്ഷകനും, ദൈവപുത്രനുമായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുമായ നിങ്ങളോടുകൂടി സുവിശേഷത്തിന്റെ പങ്കാളിത്തത്തിൽ നിങ്ങളോട് സഹകരിക്കുന്ന എല്ലാവർക്കും ഞാൻ നന്ദി പറയുന്നു.

www.malankaralibrary.com



നിങ്ങളെയും നിങ്ങളുടെ ശുശ്രൂഷയെയും ദൈവമാതാവായ പരി. കന്യകയുടെ സ്നേഹമസൃണമായ പരിപാലനത്തിന് ഞാൻ ഭരമേല്പിക്കുന്നു. യേശുക്രിസ്തുവിൻെറ ദിവസംവരെ അവരം നിങ്ങളെ സന്തോഷത്തിൽ നിലനിർത്തട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡൽഹിയിൽ ഭാരതത്തിലെ കത്തോലിക്ക മെത്രാൻമാരോട്. 1986 ഫെ. 1

www.malankaralibrary.com

# 6

# ഡൽഹിദിവ്യബലിപ്രസംഗം

യേശുവിൽ പ്രിയ സഹോദരീസഹോദരൻമാരെ,

6.1. 'കവാടങ്ങളേ' ശിരസ്സുയർത്തുവിൻ; പുരാതന കവാടങ്ങളേ ഉയർന്നു നിൽക്കുവിൻ, മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ' (സങ്കീ. 23, 24:7). ഇന്നത്തെ ആരാധനക്രമത്തിലൂടെ നാം ശ്രവിച്ച ഈ സങ്കീർത്തനഭാഗം പുരാതനജറുസലെം ദൈവാലയത്തെ അഭിസംബോധന ചെയ്തിട്ടുള്ളതാണ്. മഹത്വത്തിന്റെ രാജാവിനു് പ്രവേശിക്കാൻ ദൈവാലയത്തിന്റെ കവാടങ്ങൾ മലർക്കെ തുറന്നിടണമായിരുന്നു. യേശുവിന്റെ ദൈവാലയ സമർപ്പണത്തിരുന്നാൾ ആഘോഷിക്കുന്ന നാം മഹത്വത്തിന്റെ രാജാവ് ആദ്യമായി ജറുസലെം ദൈവാലയത്തിലേക്കു മനുഷ്യാവതാരവചനമായി പ്രവേശിച്ചതിന്റെ ഓർമ്മ ആചരിക്കുകയാണ് ചെയ്യുന്നതു്.

ലോകത്തിലെ ഏറ്റവും ഉയർന്ന പർവതനിരകൾക്കു താഴെ നാം ഇന്നു ആർഷഭാരതത്തിന്റെ തലസ്ഥാന നഗരിയിൽ സമ്മേളിച്ചിരിക്കുകയാണ്. ഈയവസരത്തിൽ സങ്കീർത്തകന്റെ ഈ ആ മന്ത്രണം ദൈവത്തിന്റെ മറ്റൊരു ആലയത്തിലേക്കു നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഈ ദൈവാലയം ദൃശ്യവും അദൃശ്യവുമായ ഈ പ്രപഞ്ചം മുഴുവൻതന്നെയാണ്. പ്രപഞ്ചത്തിലെല്ലായിടത്തും സന്നിഹിതനായിരിക്കുന്ന ദൈവം നിശ്ശബ്ദതയിലൂടെ നമ്മെ എല്ലാവരെയും തന്നിലേക്ക് ആകർഷിക്കുന്നുണ്ട്. അതിനാൽ ലോകത്തിന്റെ മേൽക്കൂരതന്നെയായ ഹിമാലയ പർവതശൃംഗങ്ങൾ തന്റെ നാഥനായ ദൈവത്തിലേക്കു ഉയർത്തപ്പെടട്ടെ. അതോടൊപ്പം പൗരാണിക സംസ്ക്കാരങ്ങളുടെ പിള്ളത്തൊട്ടിലായ ഈ ധന്യനാടിന്റെ കവാടങ്ങൾ ദൈവത്തിനായി തുറന്നിടട്ടെ.

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടവനും, സംസ്ക്കാരങ്ങളുടെ ശില്പിയുമായ മനുഷ്യനിൽ ദൈവത്തിന്റെ സജീവസാന്നിധ്യമുള്ളതിനാൽ മാനവ സംസ്ക്കാരങ്ങളുടെ ശ്രീകോവിലുകളെല്ലാം ദൈവസാന്നിദ്ധ്യമുൾക്കൊള്ളുന്നവയാണ്,

www.malankaralibrary.com



ആർഷഭാരത സംസ്ക്കാരങ്ങളിലെല്ലാം ദൈവം സന്നിഹിതനാണ്.ഈ നാടിൻെറ പൗരാണിക സാംസ്ക്കാരിക പൈതൃകത്തിനായി തങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെയും, കലാരീതികളെയും ഉപയോഗപ്പെടുത്തുകയും, ആദ്ധ്യാത്മികമൂല്യങ്ങളുടെ രൂപീകരണത്തിനായി അനുഭവ ആശയാഭിലാഷങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്ത എല്ലാവരിലും ദൈവത്തിൻെറ സജീവ സാന്നിധ്യമുണ്ട്.

മഹത്വത്തിൻെറ രാജാവായ ദൈവം ഈ ധന്യമായ സംസ്ക്കാരങ്ങളിലേക്ക് കൂടുതലായി കടന്നുവരാനും, തനിക്കായി തുറന്നിട്ടിരിക്കുന്ന എല്ലാ മാനവഹൃദയങ്ങളിൽ പ്രവേശിക്കാനും ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് 'കവാടങ്ങളേ, ശിരസ്സുയർത്തുവിൻ, പുരാതന കവാടങ്ങളേ ഉയർന്നുനിൽക്കുവിൻ, മഹത്വത്തിൻെറ രാജാവ് പ്രവേശിക്കട്ടെ, എന്നു സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നത്.

6.2. ദൈവാലയ സമർപ്പണതിരുന്നാളായ ഇന്നു ദൈവം തൻെറ ആലയത്തിലേക്ക് മഹത്വപ്രതാപവാനായ രാജാവായി ആഗതനാകുകയാണ്. 'ആരാണ് മഹത്വത്തിൻെറ രാജാവ്?' (സങ്കീ. 23, 24:8) എന്ന ചോദ്യത്തിന് ഇന്നത്തെ തിരുന്നാറം നമുക്ക് ഉത്തരം നൽകുന്നുണ്ട്.

ജറുസലെം ദൈവാലയങ്കണത്തിലേക്ക് ഒരു കൈക്കുഞ്ഞുമായി കടന്നുവരുന്ന മറിയത്തെയും യൗസേപ്പിനെയും നമുക്കൊന്നു ശ്രദ്ധിക്കാം. ജനനത്തിൻെറ നാല്പതാംദിവസമായ അന്ന് അവർ ആ ശിശുവിനെ നിയമാനുഷ്ഠാനങ്ങൾ പൂർത്തീകരിക്കുവാനായി ദൈവാലയത്തിൽ സമർപ്പിക്കുകയാണ്. അവരുടെ അനുസരണത്തിലൂടെ അതിനേക്കാളുപരിയായതു് പൂർത്തീകരിക്കപ്പെടുകയാണ്. അവിടെ പഴയനിയമത്തിലെ പ്രവചനങ്ങൾ നിറവേററപ്പെട്ടു. എന്തെന്നാൽ 'ലോകത്തിൻെറ പ്രകാശം'തന്നെയായ യേശുവിനെയാണ് മാതാവും യൗസേപ്പ് പിതാവും ആ ദൈവാലയത്തിലേക്കു കൊണ്ടുവന്നിരിക്കുന്നതു്.

ദൈവം തൻെറ ആലയത്തിലേക്ക് ആഗതനാകുന്നത് ശക്തനായ ഭരണാധികാരിയായിട്ടല്ല, മറിച്ച്, അമ്മയുടെ കൈകളിലൊതുങ്ങുന്ന ശിശുവായിട്ടാണ്. മഹത്വത്തിൻെറ രാജാവ് തൻെറ ആലയത്തിലേക്കു പ്രവേശിക്കുന്നത് മാനുഷികശക്തിയും പ്രതാപവും പ്രകടിപ്പിച്ചുകൊണ്ടല്ല, കാഹളാരവങ്ങളോടെയല്ല, ഭയവും നാശനഷ്ടവും വരുത്തിയല്ല, അവൻ എങ്ങനെ ലോകത്തിലേക്കാഗതനായോ, അതുപോലെതന്നെയാണവൻ ദൈവാലയത്തിലും പ്രവേശിച്ചത്. പാവങ്ങളുടെയും വിവേകി

www.malankaralibrary.com



കളുടെയും കൂട്ടത്തിൽ നിശ്ശബ്ദതയിലും ദാരിദ്ര്യത്തിലും കഴിയുന്ന ഒരു ശിശുവായി.

മഹത്വത്തിന്റെ രാജാവും എല്ലാത്തിന്റെയും സ്രഷ്ടാവും സ്വർഗത്തിലും ഭൂമിയിലും ഉള്ള സകലത്തിന്റെയും അധിപനു മായ ദൈവം ആഗതനാകുന്നതു് കേവലം ശിശുവായിട്ടാണ്. തന്റെ ജനനത്തിന്റെ ദൈവാലയത്തിലേക്കുള്ള ദൈവത്തി ന്റെ പ്രഥമപ്രവേശനം ഇല്ലായ്മയെന്ന രഹസ്യത്തിൽ പൊ തിഞ്ഞായിരുന്നു, ലാളിത്യത്തിലും നിസ്സഹായാവസ്ഥയിലും അവന്റെ ശക്തി നിഗൂഢമായിരുന്നു. അവന്റെ ആഗമനംമുഴു വൻ രഹസ്യാവൃതമായിരുന്നു.

6.3. തികച്ചും അവിചാരിതമായി ഈ രഹസ്യത്തിന്റെ കേന്ദ്രത്തിൽ ഒരു സ്വരം കേൾക്കാറായി. സുവിശേഷം സാക്ഷ്യ പ്പെടുത്തുന്നതുപോലെ പരിശുദ്ധാത്മാവിനാൽ പൂരിതനായ (ലൂക്കാ. 2:25) വൃദ്ധനായ ശിമയോൻ പ്രവചിക്കുകയായിരു ന്നു. അദ്ദേഹത്തിന്റെ വാക്കുകൾ അത്യാശ്ചര്യമുളവാക്കുന്നവ യായിരുന്നു. ദൈവത്തെ സ്തുതിച്ചുകൊണ്ടു് ശിമയോൻ ഉച്ച ത്തിൽ ഇങ്ങനെ ഉദ്ഘോഷിച്ചു: 'കർത്താവേ.... സകല ജനത കൾക്കുംവേണ്ടി അങ്ങു് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണു കൾ കണ്ടുകഴിഞ്ഞു. അതു വിജാതീയരുടെ വെളിപാടിന്റെ പ്രകാശവും, അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹിമയു മാണ്'' (ലൂക്കാ 2:29–32).

ശിമയോന്റെ പ്രവചനം സത്യമാണെങ്കിൽക്കൂടിയും കേ വലം ഒരു ശിശുവിനെക്കുറിച്ച് പറയപ്പെട്ട ഈ വാക്കുകൾ ആശ്ചര്യജനകങ്ങളാണ്. സങ്കീർത്തനവാക്യങ്ങൾ ഇവിടെ അന്വർത്ഥമാക്കുകയായിരുന്നു. ജറുസലെം ദൈവാലയത്തിനു് ഒരു ശിശുവിനെപ്പോലെ ആഗതനാകുന്നവൻ സർവ്വലോക ത്തിനു് രക്ഷയും പ്രകാശവുമായിത്തീരും: ഇത്തരത്തിൽ പ്രകാശ വും രക്ഷയും പ്രദാനം ചെയ്തുകൊണ്ടവൻ മഹത്വത്തിന്റെ രാ ജാവായി വരും.

6.4. ഈ രാജാവ് ഭൂമിയിൽ മഹത്വത്തിന്റെ രാജ്യം എങ്ങനെയാണ് സ്ഥാപിക്കുകയെന്നും ബേത്‌ലെഹമിൽ ജനിച്ച യേശു എപ്രകാരമാണ് ലോകത്തിനു് പ്രകാശവും രക്ഷ യുമായിത്തീരുകയെന്നും നാം ചോദിച്ചേക്കാം. 'ഇവൻ എതിർ പ്പിന്റെ അടയാളമായിരിക്കും' (ലൂക്കാ 2:34) എന്ന ശിമയോന്റെ വാക്കുകൾ ഇതിനു് വ്യക്തമായ ഉത്തരം നൽകു ന്നുണ്ട്. കാലിത്തൊഴുത്തിലെ ജനനംമുതൽ കാൽവരിയിലെ കുരിശുമരണംവരെയുള്ള ക്രിസ്തുവിന്റെ രക്ഷാകരമാർഗം ഈ വാക്കുകളിലൂടെ അന്വർത്ഥമാക്കുകയാണ്.

www.malankaralibrary.com



യേശു ലോകത്തിനു് വെളിപ്പെടുത്തപ്പെട്ട പ്രകാശമാണെങ്കിലും തന്റെ കാലഘട്ടത്തിലും മററെല്ലാ കാലങ്ങളിലും തന്നെ പ്രതികൂലിക്കുന്നവർക്കെല്ലാം അവൻ എതിർപ്പിന്റെ അടയാളമായിരുന്നു. യേശുവിനു് മുമ്പേ കടന്നുപോയ ഇസ്രായേലിലെ പ്രവാചകന്മാരിലും യേശുവിനു് വഴിയൊരുക്കുവാനായി വന്ന സ്നാപകയോഹന്നാനിലും ഇതു് അക്ഷരാർത്ഥത്തിൽ അന്വർത്ഥമാകുന്നുണ്ടു്. തന്നെ അനുഗമിക്കാനിരിക്കുന്നവരിലും ഇതു് സത്യമായിരിക്കുമെന്നു് യേശു നമ്മെ ഓർമ്മിപ്പിക്കുന്നുണ്ടു്.

രോഗികൾക്കു് സൗഖ്യം നൽകൽ, അപ്പവും മൽസ്യവും വർദ്ധിപ്പിക്കൽ, കടലിനെ ശാന്തമാക്കൽ, മരിച്ചവരെ ഉയിർപ്പിക്കൽ തുടങ്ങിയ വലിയ അത്ഭുതങ്ങളും അടയാളങ്ങളും അവിടുന്നു കാണിച്ചു. അധികാരമുപയോഗിച്ചു് സംസാരിച്ചതിനാൽ ജനക്കൂട്ടം യേശുവിനെ ശ്രദ്ധാപൂർവം കേൾക്കുകയും സന്തോഷപൂർവ്വം അനുഗമിക്കുകയുംചെയ്തു. ഇതെല്ലാമായിരുന്നിട്ടും തനിക്കെതിരെ ഹൃദയങ്ങളും മനസ്സും തുറക്കാൻ മടിച്ചവരിൽനിന്നു യേശുവിനു് കടുത്ത എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ടു്. ആത്യന്തികമായി യേശുവിനോടുള്ള എതിർപ്പിന്റെ വ്യക്തമായ പ്രകടനം അവിടത്തെ സഹനത്തിലും കുരിശുമരണത്തിലുമാണു്. ശിമയോന്റെ പ്രവചനം ഇവിടെ നിറവേറുന്നു. യേശുവിന്റെ ജീവിതത്തിൽ ഇതു സാർത്ഥകമായതുപോലെ എല്ലാ കാലങ്ങളിലും ദേശങ്ങളിലും യേശുവിനെ അനുധാവനം ചെയ്യുന്നവരുടെ ജീവിതത്തിലും ഇതു് സാർത്ഥകമാകുന്നുണ്ടു്.

6.5. ഇതുവഴി കുരിശു് പ്രകാശവും രക്ഷയുമായിത്തീരുകയാണു്. സഹനത്തിന്റെ കയ്പുനീർ കുടിക്കുന്നവർക്കും പാവപ്പെട്ടവർക്കും അറിയിക്കപ്പെട്ട സദ്വാർത്ത ഇതുതന്നെയല്ലേ? ഭാരതത്തിലും ലോകത്തിലെമ്പാടുമുള്ള ലക്ഷോപലക്ഷം പാവങ്ങൾ യേശുവിന്റെ കുരിശിൽ ഭാഗഭാക്കുകളാകുന്നുണ്ടു്. എന്തെന്നാൽ യേശു തന്റെ കുരിശിലൂടെ ഈ ലോകത്തിലെ കുരിശുകളെല്ലാം ഏറെറടുത്തവനാണു്. അനേകായിരങ്ങൾ അനുദിനഅപ്പത്തിനായി അലയുമ്പോഴും തങ്ങളുടെ പിഞ്ചോമനകൾക്കു നൽകാൻ പോഷകാഹാരമില്ലാത്തതിനാൽ പിഞ്ചിളംപ്രായത്തിൽ തന്നെ ഈ ലോകത്തോടു് അവർ അന്ത്യയാത്ര പറയുന്ന അതിദയനീയമായ കാഴ്ചയിൽ കടുത്ത മാനസികവ്യഥ അനുഭവിക്കുന്ന മാതാപിതാക്കളും വിശപ്പിന്റെ കുരിശിനെ ഏററുവാങ്ങുകയാണു ചെയ്യുന്നതു്. മാരകരോഗത്തിന്റെ പിടിയിലമർന്നവരും വേദനിക്കുന്നവരും കടുത്ത നൈരാശ്യബോധം ബാധിച്ചവരുമായ അനേകർ ഇന്നു് ദാരിദ്ര്യത്തിലും വേദനയിലും ജീവിക്കുന്നുണ്ടു്.

www.malankaralibrary.com



വിശപ്പിൻെറയും ദാരിദ്ര്യത്തിൻെറയും സഹനങ്ങളടേതുമായ കുരിശുകൾ രൂപാന്തരപ്പെടുത്താൻ നമുക്ക കഴിയും. കാരണം യേശുവിൻെറ കുരിശ് ലോകത്തിൻെറ പ്രകാശമായിരിക്കകയാണ്. ഇതു നമുക്ക പ്രത്യാശയുടെയും രക്ഷയുടെയും പ്രകാശമാണ്. മനുഷ്യൻെറ വേദനകൾക്കെല്ലാം ഇതു് ആത്യന്തികമായി ഉത്തരം നല്കുന്നു, പാപത്തിൻെറയും വേദനകളുടെയും ബന്ധനത്തിൽനിന്നു മോചിതമാകുന്ന ഒരു നിത്യജീവിതം ഇതു നമുക്ക വാഗ്ദാനം ചെയ്യുന്നു. കുരിശിനെ തുടർന്നു ഉത്ഥാനമുണ്ട്. ജീവൻ മരണത്തെ കീഴടക്കി. യേശുവിൻെറ കുരിശുമരണത്തിലും വേദനയിലും പങ്കുപററുന്ന എല്ലാവർക്കും യേശു നേടിയ വിജയം കൈവരിക്കവാൻ കഴിയും.

പാപത്തിൻെറയും മരണത്തിൻെറയും അടിമത്തത്തിൽ നിന്നും യേശുവിൻെറ കുരിശ് നമുക്കു മോചനം നല്കി. പാപത്തിൻെറ ഈ ലോകപ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ ബന്ധനങ്ങളിലുംനിന്ന് ഇതു നമ്മെ സ്വാതന്ത്ര്യത്തിലേക്ക നയിക്കുന്നു. അത്ര അടിസ്ഥാനപരവും സർവ്വശ്രേഷ്ഠവുമാണ് ഈ സ്വാതന്ത്ര്യം, ഈ വിമോചനം. ഈ മോചനം നമ്മെ ദാരിദ്ര്യത്തിനെതിരായി സന്ധിയില്ലാസമരത്തിന് ആഹ്വാനം ചെയ്യുന്നു. ക്രിസ്തുശിഷ്യരായ നാം വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനുള്ള നിരന്തരയജ്ഞത്തിൽ നിന്ന് ഒരിക്കലും പിൻമാറരുതെന്നും ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ടാണ് സഭയുടെ സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ സമാധാനത്തിനും നീതിക്കും മനുഷ്യൻെറ സമഗ്രവളർച്ചക്കും ഉതകുന്ന കർമ്മപരിപാടികൾക്ക രൂപം നല്കുന്നതു്. ഈ കർമ്മപദ്ധതികളെ അവഗണിക്കുന്നതു് യഥാർത്ഥ സുവിശേഷപ്രഘോഷണമല്ല, അതു് 'ദരിദ്രർക്ക സുവിശേഷവുമായി' (ലൂക്കാ. 4:18) കടന്നു വന്ന യേശുനാഥൻെറ മാതൃകയോടുള്ള അവിശ്വസ്തതയാണ്. 'വചനം മാംസമായി അവതരിച്ചു'(യോഹ. 1:14). യേശുവിൻെറ മനുഷ്യാവതാരത്തിൻെറ മഹനീയ ഫലങ്ങളെ നിരാകരിക്കുകയാകും അതു്.

6.6. അനേക വർഷങ്ങളായി ഭാരതസഭ ഈ നാടിൻെറ പുരോഗതിക്കായുള്ള സംഭാവനകളും ഈ നാടിൻെറ പാവങ്ങളുടെ വേദനകൾ ലഘൂകരിക്കുന്നതിനുള്ള ശ്രമവും ചെയ്തുവരുന്നുണ്ട്. പാവങ്ങളുടെ അമ്മയായ കൽക്കട്ടയിലെ മദർ തെരേസയുടെയും ആതുരശുശ്രൂഷാമണ്ഡലങ്ങളിൽ സേവനം ചെയ്യുന്ന കത്തോലിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഇതിന് സജീവസാക്ഷ്യം നൽകുന്നു.

ഭാരതത്തിലെ വേദനിക്കുന്നവരെ ആശ്വസിപ്പിക്കുവാനും ദാരിദ്ര്യത്തിൻെറ അടിമത്തത്തിൽ നിന്ന് അതിജീവിക്കുവാനുമുള്ള നിങ്ങളുടെ ശ്രമങ്ങളെ വിദേശത്തും ഭാരതത്തിലു

www.malankaralibrary.com



മുള്ള ക്രൈസ്തവർ അനുമോദിച്ചിട്ടുണ്ട്. നിലവിലിരുന്ന സാമൂഹ്യനീചത്വങ്ങളുടെ അതിർവരമ്പുകളെ അതിലംഘിച്ചുകൊണ്ട് ഐക്യത്തിന്റെയും അഭിവൃദ്ധിയുടേതുമായ ഒരു നവയുഗത്തിനു കളമൊരുക്കിയ മഹാത്മാഗാന്ധിയുടെ സംഭാവനകൾ ശാശ്വത സ്മാരകങ്ങളാണ്. മഹാദേവ് ദേശായി തന്റെ ഡയറിയിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: 'നാം എല്ലാവരും തുല്യരാണ്. പാപത്തിന്റെ സ്പർശനം നമ്മെ മലിനരാക്കുകയും മനുഷ്യരല്ലാതാക്കുകയും ചെയ്യുന്നു. തങ്ങളുടെ ജീവിതം സേവനത്തിനായി സമർപ്പിച്ചിരിക്കുന്നതിൽ ആരും ഉയർന്നവരോ താഴ്ന്നവരോ അല്ല' (മഹാദേവ്ദേശായി, ദേശായിയുടെ ഡയറി അഹമ്മദാബാദ് 1953 P.286-87 Vol I യാർവ്വദ് ജയിൽ Aug 1932).

ലോക സമാരാധ്യനായ മഹാത്മാഗാന്ധി ഭാരതജനതയുടെ ഉയർന്ന ആധ്യാത്മികമൂല്യങ്ങളുടെയും ഉൽകൃഷ്ടതയുടെയും പ്രതീകമായി നിലകൊള്ളുന്നു. ആധുനികഭാരതത്തിന്റെ ആത്മാവിനെ രൂപാന്തരപ്പെടുത്തുന്നതിൽ രവീന്ദ്രനാഥടാഗോറും മഹത്തായ പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹം ശാസ്ത്രസാങ്കേതിക വിദ്യകളുടെ നേട്ടങ്ങളെ അംഗീകരിക്കുന്നതോടൊപ്പം ആധ്യാത്മികമൂല്യങ്ങൾക്ക് പ്രഥമസ്ഥാനം നൽകാൻ ജനങ്ങളെ പഠിപ്പിച്ചു.

6.7. പാവങ്ങളെ കൈകൊടുത്തുയർത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുള്ള മററു പലരെയും ഇവിടെ എടുത്തുപറയേണ്ടിയിരിക്കുന്നു. അവരെല്ലാം നിങ്ങളുടെ ഹൃദയങ്ങളിൽ ജീവിക്കുന്നതോടൊപ്പം ലോകത്തിലെല്ലായിടത്തും ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ഭാരതത്തിൽ സാമൂഹ്യപരിഷ്കരണത്തെ പാലൂട്ടി വളർത്തുന്നതിനും സമഗ്രമനുഷ്യന്റെ സർവ്വതോമുഖമായ വളർച്ചക്കുംവേണ്ടി മഹത്തായ ശ്രമങ്ങൾ നടത്തിയിട്ടുള്ളവർ യേശുവിന്റെ സുവിശേഷചൈതന്യവുമായി ഒത്തിണങ്ങി ചേർന്നവരാണ്. സഹോദരങ്ങളുടെ നന്മക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി യത്നിക്കുന്നവരെല്ലാം മഹത്വത്തിന്റെ ദാതാവായ ക്രിസ്തുവിന്റെ മുമ്പിൽ അനുഗൃഹീതരാണ്. സ്നേഹസമ്പന്നമായ ഒരു സംസ്കാരത്തിനു രൂപംകൊടുക്കുന്നതിൽ ഇവരുടെ സേവനങ്ങൾ അങ്ങേയററം സഹായിച്ചിട്ടുണ്ട്. അതുവഴി സമ്പന്നർ സ്വമനസാലെ പാവങ്ങളുമായി പങ്കുവയ്ക്കുകയും പാവങ്ങൾ വിശപ്പിലും ദാരിദ്ര്യത്തിലുംനിന്നു മോചനംനേടുകയും മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിന്റെ അധരത്തിൽനിന്നും പുറപ്പെടുന്ന ഓരോ വാക്കുകൾകൊണ്ടുമാണ് ജീവിക്കുന്നത് (മത്താ. 4:4) എന്ന യേശുവിന്റെ വചനങ്ങൾ എല്ലാവരും മനസ്സിലാക്കാൻ ഇടവരുത്തുകയും ചെയ്യുന്നു.

www.malankaralibrary.com



6.8. ഇത്തരത്തിലുള്ള ഒരു സംസ്കാരം ഇനിയും പൂർണ്ണമായും സംജാതമായിട്ടില്ല. അതു് സാക്ഷാത്കരിക്കുവാൻ ഇനിയും നിരവധി തടസ്സങ്ങളുണ്ടു്. യേശുവിന്റെ ദൈവാലയസമർപ്പണതിരുനാൾ കൊണ്ടാടുന്ന ഈ സുദിനത്തിൽ ദൈവാലയാങ്കണത്തിലേക്കാനീതനാകുന്ന യേശുവിനെക്കുറിച്ച് ധ്യാനിക്കുന്ന നിങ്ങളുടെ ശ്രദ്ധയെ ആദ്യവായനയിൽ നാം ശ്രവിച്ച മലാക്കിയാസിന്റെ പ്രവചനത്തിലേക്കു് ക്ഷണിക്കുകയാണു്. നിങ്ങൾ തേടുന്ന കർത്താവു് ഉടൻതന്നെ തന്റെ ആലയത്തിലേക്കു് ആഗതനാകും. എന്നാൽ അവിടുത്തെ വരവിന്റെ ദിനത്തെ അതിജീവിക്കുവാൻ നിങ്ങളിൽ ആർക്ക് കഴിയും. ഉലയിലെ അഗ്നിപോലെയും അലക്കുകാരന്റെ കാരംപോലെയുമാണവിടുന്നു്. വെള്ളി ഉലയിൽ ശുദ്ധീകരിക്കുന്നതുപോലെ അവിടുന്നു് ഉപവിഷ്ടനാകും (മലാക്കി 3:1—3).

ഭാരതത്തിൽ ലോകത്തിലെമ്പാടുമുള്ള സാമൂഹ്യപ്രശ്നങ്ങൾക്കു് ശുദ്ധീകരണവും സംസ്കരണവും ആവശ്യമായിത്തീർന്നിരിക്കുകയാണു്. സമൂഹത്തിലും വ്യക്തികളിലും അന്തരഞ്ജനവും സുഖപ്പെടുത്തലും അനിവാര്യമായിരിക്കുകയാണു്. സഹിഷ്ണുതയും ധാരണയുംവഴി അജ്ഞതയും മുൻവിധിയും നിർമാർജ്ജനം ചെയ്യണം. അർപ്പിതശുശ്രൂഷയിലൂടെയും സാഹോദര്യത്തിലൂടെയും നിസംഗഭാവത്തെയും വർഗസമരത്തെയും തുടച്ചുമാററണം.

ജാതി, മതം, ലിംഗം, വർണ്ണം തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള വിവേചനം മനുഷ്യമഹത്വവുമായി പൊരുത്തപ്പെടാത്തതിനാൽ അവയെ പൂർണമായി തള്ളിക്കളയാം. നമ്മുടെ ലക്ഷ്യങ്ങളും മനസ്സുകളും ഹൃദയങ്ങളും ശുദ്ധീകരിക്കുവാൻ കർത്താവു് ആഗതനാകും. നമുക്കു് മാനസാന്തരത്തിന്റെ അനുഗ്രഹത്തിനായി യാചിക്കുകയും സന്തോഷപൂർവം അവിടുത്തേക്ക് സ്വാഗതമരുളുകയും ചെയ്യാം.

6.9. ഡൽഹി, ആഗ്ര അതിരൂപതകളിൽനിന്നും ആജ്മീർ, ജയ്പൂർ, അലഹബാദ്, ബിജ്നോർ, ഗോരഖ്പൂർ, ജാൻസി, ലക്നോ, ജലന്തർ, മീററ്റ്, സിംല, ചണ്ഡീഗഢ്, ഉദയ്പൂർ, വാരാണസി, ജമ്മു–കാശ്മീർ എന്നീ രൂപതകളിൽനിന്നും നേപ്പാളിൽനിന്നും ഇവിടെ എത്തിയിട്ടുള്ള വന്ദ്യമെത്രാന്മാരേ, വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയമക്കളേ, ദൈവാലയസമർപ്പണതിരുനാൾ ആഘോഷിക്കുന്ന ഈ വേളയിൽ ലോകത്തിലെ ഉന്നത ശൃംഗങ്ങൾ അത്യുന്നതനായ ദൈവത്തിലേക്കു് ഉയർത്തപ്പെടട്ടെ. അവിടുത്തെ സ്വീകരിക്കുവാൻ ഈ ഭൂമുഖത്തിന്റെ പൗരാണികസംസ്കാരത്തിന്റെ വാതായനങ്ങൾ തുറക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ ആരാധ

www.malankaralibrary.com



നക്രമത്തിലൂടെ പരിശുദ്ധ കന്യകാമറിയവും യൗസേപ്പപിതാവും നമുക്കായി അവനെ സ്വാഗതം ചെയ്തിരിക്കുന്നു.

രാത്രിയുടെ യാമങ്ങളിൽ ബെത്ലഹെമിലെ തന്റെ ദരിദ്രജനനവും, സുവിശേഷത്തിലെ അഷ്ടഭാഗ്യങ്ങളും, കുരിശിലെ മരണവും ഉത്ഥാനവുംവഴി അവൻ നമുക്ക് 'എതിർപ്പിന്റെ അടയാളവും' വിജാതിയർക്കായി വെളിപ്പെടുത്തപ്പെട്ട പ്രകാശവും 'ലോകത്തിന്റെ പ്രകാശവു'മാണ്. അവൻ നമുക്കു സദൃശനായി. അതിലൂടെ നമ്മെ ഓരോരുത്തരെയും തന്റെ സഹോദരങ്ങളാക്കി. ഈ പൗരാണിക ഭൂമിയിലെ ഓരോ മകനെയും മകളെയുംപോലെയാണ് അവിടുന്ന്.

'അവൻ പീഡ സഹിക്കയും, പരീക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ട്, പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കുവാൻ അവനു സാധിക്കുമല്ലോ' (ഹെബ്രാ. 2:18). അവിടുന്ന് നമ്മെ എല്ലാവരെയും സഹായിക്കാൻ കഴിവുള്ളവനാണ്. അബ്രാഹത്തിന്റെ ഏകമകനെ സംരക്ഷിച്ചതുപോലെ നമ്മെ എല്ലാവരെയും അവിടുന്ന് സംരക്ഷിക്കുന്നുണ്ട്. അവസാനമായി തന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിൽ അവിടുന്ന് നമ്മെ പ്രത്യേകം സംരക്ഷിക്കുന്നു. കുരിശിൻചുവട്ടിൽവച്ച് മാതാവിന്റെ 'ഹൃദയം വ്യാകുലവാളാൽ പിളർക്കപ്പെടുകയും.... അനേകരുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു' (ലൂക്കാ. 2:35).

യേശുക്രിസ്തു നമ്മുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുന്ന പ്രകാശവും, നമ്മെ മോചിപ്പിക്കുന്ന സത്യവുമാണ്. നമുക്ക് അവിടുത്തെ സ്വീകരിക്കാം. വിശ്വാസത്തോടും സ്നേഹത്തോടും കൂടി നമുക്ക് അവിടുത്തേക്ക് സ്വാഗതമരുളാം.

ഗാന്ധിസ്റേഡിയത്തിലെ ദിവ്യബലിവേളയിൽ ചെയ്ത സുവിശേഷപ്രസംഗം, 1986 ഫെ. 2.

www.malankaralibrary.com

# 7

# ഡൽഹി ത്രികാലപ്രാർത്ഥനയിൽ

7.1. ലോകത്തെമ്പാടുമുള്ള ക്രൈസ്തവ ദൈവാലയങ്ങളിലും കുടുംബങ്ങളിലും, സെമിനാരികളിലും, കന്യകാമഠങ്ങളിലും എന്നുവേണ്ട നഗരങ്ങളിലും, ഗ്രാമങ്ങളിലും, ജോലിസമയത്തും വിശ്രമത്തിലും ക്രൈസ്തവമക്കരം അൽപസമയം ത്രികാലപ്രാർത്ഥനയ്ക്കായി ചെലവഴിക്കുന്നു.

'കർത്താവിന്റെ മാലാഖ പരിശുദ്ധ കന്യകയോട് അരുളിച്ചെയ്തതിനാൽ പരിശുദ്ധ അരൂപിയാൽ അവരം ഗർഭവതിയായി'. പരിശുദ്ധ കന്യക ദൈവപുത്രനെ ഗർഭം ധരിച്ചതുവഴി 'വചനം മാംസമാകുകയും,നമ്മുടെ ഇടയിൽ വസിക്കുകയും ചെയ്തു.'

എല്ലാ ദിവസവും ത്രികാലജപത്തിലൂടെ നാം കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യാവതാരം ചെയ്ത ദൈവികരഹസ്യത്തെ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ഈ രക്ഷാകര രഹസ്യത്തിലൂടെ മാനവവംശത്തിനു സാരമായ മാററം കൈവരികയുണ്ടായി. മനുഷ്യകുലത്തിനു ഒരു പുതിയ മഹത്വം കൈവന്നു. പാപം ഒഴികെ മറെറല്ലാ കാര്യങ്ങളിലും നമ്മോടൊപ്പം ഒന്നായിത്തീർന്നതിനാൽ നാമും ദൈവത്തിൽ ഒന്നായിത്തീരേണ്ടതുണ്ട്. 'നിന്റെ ഇഷ്ടംപോലെ എന്നിൽ സംഭവിക്കട്ടെ' എന്നു മറിയം പ്രത്യുത്തരിച്ച ആ നിമിഷത്തിൽ ദൈവം വിണ്ണിൽനിന്നു മന്നിലേക്ക് ഇറങ്ങിവരികയും നമ്മെ ദൈവത്തിലേക്ക് ഉയർത്തുകയും ചെയ്തു. അതുവഴി ദൈവം നമ്മെ തന്നിലേയ്ക്കടുപ്പിക്കുകയും, നാം ദൈവത്തോടടുക്കുകയും ചെയ്തു. തദ്വാരാ, നാം പരസ്പരം അടുക്കുവാനും കാരണമായി.

നിത്യവചനമായ ദൈവസുതൻ മാനവരൂപം ധരിച്ചതുവഴി അവിടുന്നു നമ്മുടെ സഹോദരനായി. അതിന്റെ ഫലമായി നാം ദൈവത്തിന്റെ സഹോദരങ്ങളായി. ദൈവത്തിന്റെ മനുഷ്യാവതാരം വഴി എല്ലാ മനുഷ്യരും സഹോദരങ്ങളാകുന്നു. അതുകൊണ്ടാണു വി. യോഹന്നാൻ ശ്ളീഹാ എഴുതുന്നതു്: 'താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു് കാണപ്പെടാത്ത ദൈവത്തെ സ്നേഹി

www.malankaralibrary.com



ക്കുവാൻ സാധിക്കുകയില്ല. ക്രിസ്തുവിൽനിന്ന് നമുക്ക് ഈ കല്പന ലഭിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം' (1 യോഹ. 4:20-21).

ത്രിസന്ധ്യാ പ്രാർത്ഥനയിലൂടെ നമ്മുടെ അമ്മ പരിശുദ്ധ കന്യകയുമൊത്ത് ദൈവത്തിന്റെ മനുഷ്യാവതാര രഹസ്യത്തിൽ നാം നന്ദിപറയുകയും, യേശു നമ്മെ സ്നേഹിക്കുന്നതുപോലെ നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കാനുള്ള അനുഗ്രഹത്തിനായി നിത്യപിതാവിനോട്ട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡൽഹിയിൽ ത്രികാലപ്രാർത്ഥനാസമയത്തു നടത്തിയ പ്രഭാഷണം, 1986 ഫെ. 2

www.malankaralibrary.com

# 8

# ഡൽഹി പൊതുപ്രവർത്തകരോട്

പ്രിയ സുഹൃത്തുക്കളേ,

8.1. എൻെറ ഭാരത തീർത്ഥാടനത്തിൽ ഡൽഹിയിലുള്ളവർ ഒരിക്കൽക്കൂടി ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽ വരുവാനിടയായതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. വിശാലവും ആകർഷണീയവുമായ ഈ രാജ്യത്തിൻെറ മതപരവും സാംസ്കാരികവുമായ ഒരു പശ്ചാത്തലത്തിലിരുന്നുകൊണ്ട് മനുഷ്യനെന്ന യാഥാർത്ഥ്യത്തെ നാം ഒത്തൊരുമിച്ച് അനുഭവിച്ചറിയുവാൻ ശ്രമിക്കുകയാണ്. നിങ്ങളെല്ലാവരും മനുഷ്യജീവിതത്തിൻെറ വ്യത്യസ്തതലങ്ങളിലെ നേതാക്കളും പ്രതിനിധികളുമാണ്. നിങ്ങൾക്കെല്ലാവർക്കും സൗഹൃദത്തിൻെറയും ബഹുമാനത്തിൻെറയും സാഹോദര്യത്തിൻെറയും ആശംസകൾ അർപ്പിക്കുന്നു.

ഈ സമ്മേളനം സംഘടിപ്പിക്കുവാൻ ശ്രമിച്ച എല്ലാവർക്കും ഞാൻ നന്ദി പ്രകാശിപ്പിക്കുന്നു. ഇവിടെ ധാരാളം യുവാക്കൾ സന്നിഹിതരായിരിക്കുന്നതിൽ ഞാൻ പ്രത്യേകിച്ച് സന്തോഷവാനാണ്. എന്നെ ഹൃദ്യമായി സ്വീകരിക്കുകയും, ഭാരതത്തോടും ലോകത്തോടുമുള്ള തങ്ങളുടെ തീവ്രമായ ആഗ്രഹങ്ങളും ആഴമേറിയ പരിചിന്തനങ്ങളും പ്രകാശിപ്പിക്കുകയും ചെയ്ത എല്ലാ മതങ്ങളിലുംപെട്ടവർക്ക് ഞാൻ നന്ദി പ്രകടിപ്പിക്കുന്നു.

നാം അനുധാവനം ചെയ്യുകയും ആയിരിക്കുകയും ചെയ്യുന്ന മനുഷ്യനെന്ന യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ആഴമേറിയ പരിചിന്തനത്തിന് ഈ സമ്മേളനം സഹായകമാണ്. ഇന്ത്യയിൽ ഈ യാഥാർത്ഥ്യം മനുഷ്യനെപ്പററിയുള്ള ഒരു ആധ്യാത്മിക ദർശനത്തിന് കളമൊരുക്കുമെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ഈ ആധ്യാത്മികദർശനം ഭാരതജനതയ്ക്ക് ആത്യന്തികമായി അവരുടെ ഭാവിയിൽ പ്രസക്തിയുള്ളതും അവരുടെ മൂല്യങ്ങളിൽ പ്രത്യാശകളെയും മനുഷ്യമഹത്വത്തെയും അഭിനിവേശങ്ങളെയും സാരമായി പ്രകടമാക്കുന്നതുമാണെന്ന് ഞാൻ വിശ്വസിക്കുന്നു. മനുഷ്യൻെറ ആധ്യാത്മിക ദർശനം മനുഷ്യവംശത്തിനുതന്നെയും വളരെയേറെ പ്രാധാന്യമർഹിക്കുന്നതാണ്. ആധ്യാത്മിക മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു നൂതനമനോഭാവം രൂപപ്പെടുത്തുവാൻ ലോകത്തിന്

www.malankaralibrary.com



കഴിയും. നൂതനമെങ്കിലും ഈ മനോഭാവം പൗരാണികമായ ഈ നാട്ടിൽ തന്നെയുള്ളതും നൂററാണ്ടുകളായി കാത്തുസൂക്ഷിക്കപ്പെട്ടുപോരുന്നതുമായ സാന്മാർഗികമൂല്യങ്ങളിൽ അധിഷ്ഠിതമാണ്. ഈ മനോഭാവത്തിൽ സ്നേഹവും അർപ്പിതസേവനവും സഹിഷ്ണുതയും പരിത്യാഗവും നിസ്സംഗഭാവവും ധാർമ്മികമായ വീഴ്ചകൾക്കുള്ള പശ്ചാത്താപവും, പരിഹാരവും, ക്ഷമയും, സഹനശീലവുമെല്ലാം ഉൾപ്പെടുന്നുണ്ട്.

8.2. കാലം കടന്നുപോകുന്തോറും ലോകത്തിന്റെ കേന്ദ്രബിന്ദുവായ മനുഷ്യനിലേക്ക് ഇറങ്ങിച്ചെല്ലേണ്ട ആവശ്യകത കൂടുതൽ വ്യക്തമാകുന്നുണ്ട്. ഈ മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയും മകനും തന്റെ ഹൃദയത്തിലും ആത്മാവിലും ദൈവഛായയും സാദൃശ്യവുമുള്ളവനും നിത്യമായി ജീവിക്കുവാൻ വിളിക്കപ്പെട്ടവനുമാണ്.

തന്നോടുതന്നെ വിശ്വസ്തയായിരിക്കേണ്ടതിന് കത്തോലിക്കാസഭ സ്വീകരിക്കേണ്ട മാനദണ്ഡം മനുഷ്യനാണ് എന്ന കാര്യത്തിൽ ഇന്ന് നിങ്ങളോട് സംസാരിക്കുന്ന എനിക്കും ഉറച്ച ബോധ്യമുണ്ട്. എന്റെ ആദ്യത്തെ ചാക്രികലേഖനത്തിൽ ഞാൻ ഈ കാര്യം വ്യക്തമാക്കിയിട്ടുള്ളതാണല്ലോ. മനുഷ്യൻ അവന്റെ അസ്തിത്വമാകുന്ന പൂർണസത്യത്തിൽ തന്റെ വ്യക്തിപരമായ അസ്തിത്വത്തിലും സമൂഹത്തിലും സാമൂഹികാസ്തിത്വത്തിലും കുടുംബതലങ്ങളിലും സാമൂഹികവും മററു വ്യത്യസ്ത പശ്ചാത്തലങ്ങളിലും..... ഇത്തരത്തിലുള്ള എല്ലാ മാനവസമൂഹതലങ്ങളിലും മനുഷ്യനാകുന്ന മാനദണ്ഡത്തിലൂടെ സഭ തന്റെ ദൗത്യവും നിർവ്വഹിച്ചുകൊണ്ട് യാത്രചെയ്യണം (മനുഷ്യരക്ഷകൻ, 14). അതോടൊപ്പം മനുഷ്യനാകുന്ന പ്രഥമമാർഗത്തെ മാനവരാശി മുഴുവനും അനുധാവനം ചെയ്യണമെന്ന് ഞാൻ ആഹ്വാനംചെയ്യുന്നു. മനുഷ്യനെ അവന്റെ അസ്തിത്വത്തിന്റെ പൂർണസത്യത്തിലാണ് എപ്പോഴും അംഗീകരിക്കേണ്ടത്.

8.3. മനുഷ്യനെയും അവന്റെ അസ്തിത്വത്തെയും മനസ്സിലാക്കണമെന്ന കാര്യത്തിൽ ഭാരതം ലോകത്തിന് വളരെയധികം സംഭാവനകൾ നൽകുന്നു. മനുഷ്യന്റെ മഹത്തരമായ ഒരു ആധ്യാത്മികദർശനമാണ് ഭാരതം നൽകുന്നത്. മനുഷ്യൻ പരമാത്മാവിന്റെ ഒരു തീർത്ഥാടകനാണെന്നും ഒരേ ലക്ഷ്യത്തിലേക്കു യാത്രചെയ്യുന്നവനാണെന്നും ഈ ആധ്യാത്മികദർശനം വ്യക്തമാക്കുന്നുണ്ട്. മഹാത്മാഗാന്ധി ഇതിനെ ഇപ്രകാരം എടുത്തുകാണിക്കുന്നു: 'ഞാൻ നേടണമെന്ന് ആഗ്രഹിക്കുന്നതും അഭിലഷിക്കുന്നതും ഉദ്യമിക്കുന്നതും ദൈവത്തെ മുഖാമുഖം ദർശിക്കുന്ന ഒരു സാക്ഷാത്ക്കാരമാണ്. ഞാൻ ജീവിക്കു

www.malankaralibrary.com



ന്നതും ചലിക്കുന്നതും നിലനിൽക്കുന്നതും ഈ ലക്ഷ്യത്തിനു വേണ്ടിയാണ്'' (ആത്മകഥ PP. 4–5).

ഈ ആധ്യാത്മികദർശനത്തിന്റെ ആജ്ഞവത്വത്താലാണ് അനുദിനജീവിതത്തിൽ മനുഷ്യൻ സംരക്ഷിക്കപ്പെടേണ്ടത്. ഈ ആധ്യാത്മികദർശനമുണ്ടെങ്കിൽ മനുഷ്യനു് അവന്റെ ആത്മാവിനെ മുറിപ്പെടുത്തുകയും ശരീരത്തെ പീഡിപ്പിക്കുകയും ചെയ്യുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ സാധിക്കും. ഈ ദർശനത്തിൽനിന്നും മനുഷ്യനു് അവന്റെ ബുദ്ധിമുട്ടുകൾ ഏറ്റെടുക്കുന്നതിനും അവന്റെ അവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും, പരിഹരിക്കുന്നതിനും, അവന്റെ സമഗ്രവികസനത്തിനായി നിരന്തരയത്നത്തിൽ ഏർപ്പെടുന്നതിനും പ്രചോദനം ലഭിക്കുന്നു. ഇതിൽനിന്നുമാണ് മനുഷ്യന്റെ ഈ യത്നത്തിൽ നിലനിൽക്കുന്നതിനുള്ള ശക്തിയും മനുഷ്യന്റെ പ്രശ്നങ്ങൾക്ക് വ്യക്തമായ പരിഹാരം കണ്ടെത്തുന്നതിനായുള്ള ചിന്താശക്തിയും വരുന്നത്. മനുഷ്യന്റെ ആധ്യാത്മികദർശനത്തിൽനിന്നാണ് സഹായം തേടാനും മാനവവംശത്തിന്റെ സർവതോമുഖമായ നന്മയുടെ പോഷണത്തിൽ സഹകരിക്കാനുമുള്ള ചൈതന്യം ഉണ്ടാകുന്നത്. മനുഷ്യന്റെ ഈ ദർശനത്തിൽനിന്നും ഈ ലോകത്തിൽ അവനു് അവകാശപ്പെട്ട സ്ഥാനം നേടിയെടുക്കാനുള്ള അജയ്യമായ ചൈതന്യം ലഭിക്കുന്നു.

ദാരിദ്ര്യവും, അടിച്ചമർത്തലും, തിന്മയും, പാപവും അതിന്റെ എല്ലാ രൂപങ്ങളിലും നിലനിൽക്കുന്നുണ്ടെങ്കിലും സത്യത്തിന്റെ ശക്തി– ദൈവത്തെക്കുറിച്ചുള്ള സത്യവും മനുഷ്യനെക്കുറിച്ചുള്ള സത്യവും– ശക്തിപ്രാപിക്കുന്നു. സത്യം അജയ്യമായതുകൊണ്ടു് എന്നും നിലനിൽക്കുന്നു. 'സത്യമേവ ജയതേ'– സത്യം മാത്രമേ ജയിക്കുകയുള്ളൂ എന്ന ആപ്തവാക്യം ഭാരതം എന്നും ഉദ്ഘോഷിക്കുന്നു.

8.4. മനുഷ്യനെക്കുറിച്ചുള്ള പൂർണസത്യം ആഗോള വ്യാപകമായ ഉത്തരവാദിത്വവും സഹകരണവും ആവശ്യപ്പെടുന്ന സമൂലമായ ഒരു പ്രവർത്തനപരിപാടി രൂപപ്പെടുത്തുന്നു. എന്റെ മുൻഗാമി പോൾ ആറാമൻ മനുഷ്യന്റെ സമഗ്രവികസനമെന്ന ആശയത്തിലേക്ക് തന്റെ ശ്രദ്ധ വീണ്ടും വീണ്ടും തിരിച്ചിട്ടുണ്ട്. കാരണം അതു് മനുഷ്യനെക്കുറിച്ചുള്ള പൂർണമായ സത്യത്തിൽ അധിഷ്ഠിതമാണ്. എക്കാലവും പ്രത്യേകിച്ച്, ചരിത്രത്തിന്റെ ഈ ഘട്ടത്തിൽ മനുഷ്യന്റെ യഥാർത്ഥ പുരോഗതി കൈവരിക്കുന്നതിനുള്ള ഏകമാർഗമാണിതെന്ന് അദ്ദേഹം എടുത്തുപറഞ്ഞിട്ടുണ്ട്. ഉന്നതവും എല്ലാററിലും നിറഞ്ഞുനിൽക്കുന്ന നന്മയുമായ സമാധാനത്തിലേയ്ക്കു് എത്തിച്ചേരുന്നതിനുള്ള ഉപാധിയാണു്

www.malankaralibrary.com


മാനവസമഗ്രവികസനമെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. വാസ്തവത്തിൽ 'സമാധാനത്തിനുള്ള പുതിയ പേരാണ് വികസനം' എന്ന് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട് (Populorum progressio, 87).

സമഗ്രമാനവ വികസനത്തെ അനുധാവനം ചെയ്യുമ്പോൾ എന്താണ് മനുഷ്യനിൽ ഏററവും ഉന്നതവും മഹത്തരവുമായിരിക്കുക എന്നതിനെക്കുറിച്ച് അവബോധമുണ്ടായിരിക്കുക ആവശ്യമാണ്. മനുഷ്യപ്രകൃതിയെയും അവൻെറ ജീവിതത്തെയും ലക്ഷ്യത്തെയും കുറിച്ച് ചിന്തിക്കണം. ഒററവാക്കിൽപറഞ്ഞാൽ, സമഗ്രമാനവ വികസനം മനുഷ്യൻെറ ആദ്ധ്യാത്മിക ദർശനം ആവശ്യപ്പെടുന്നു.

മാനവ പുരോഗതിയെ മെച്ചപ്പെടുത്തണമെങ്കിൽ അവൻെറ സമ്പൂർണ അഭിവൃദ്ധിയെ തടസ്സപ്പെടുത്തുന്നതും അവൻെറ ജീവിതത്തെ ബാധിക്കുന്നതുമായ പ്രശ്നങ്ങൾ ഏതൊക്കെയാണെന്ന് തിരിച്ചറിയണം. അവൻെറ ജീവിതത്തെ മുറിപ്പെടുത്തുകയും, ദുർബ്ബലപ്പെടുത്തുകയും, നശിപ്പിക്കുകയും ചെയ്യുന്നതെന്താണെന്നും, മനുഷ്യമഹത്വത്തെ ആക്രമിക്കുകയും, സത്യം കണ്ടെത്തുന്നതിൽ അഥവാ സത്യമനുസരിച്ച് ജീവിക്കുന്നതിൽനിന്ന് അവനെ തടയുന്നതെന്താണെന്നും നാം കണ്ടെത്തണം.

സമഗ്രമാനവവികസനത്തിൻെറ അനുധാവനം സംസ്ക്കാരത്തെപ്പററി ചിന്തിക്കുന്നതിനും, മനുഷ്യൻെറ ആത്യന്തിക ലക്ഷ്യത്തോട് ബന്ധപ്പെടുത്തി അതിനെ കാണുന്നതിനും ലോകത്തെ ക്ഷണിക്കുന്നുണ്ട്. സംസ്ക്കാരം മനുഷ്യൻെറ ഭൗതിക ജീവിതത്തിൻെറ പ്രകടനം മാത്രമല്ല, മറിച്ച് നിത്യജീവിതത്തിലേയ്ക്കുള്ള ഒരു സഹായിയാണ്.

ഇതിൽ ഭാരതത്തിൻെറ ദൗത്യം വളരെ നിർണായകമാണ്. കാരണം മനുഷ്യൻെറ ആധ്യാത്മിക പ്രകൃതിയെക്കുറിച്ച് അവക്ക് ഉൾക്കാഴ്ചയുണ്ട്. വാസ്തവത്തിൽ ഭാരതം ലോകത്തിനു നൽകിയിട്ടുള്ള ഏററവും മഹത്തരമായ സംഭാവന മനുഷ്യൻെറ ആധ്യാത്മിക ദർശനമാണ്. ലോകം സ്വമേധയാ ഈ പൗരാണിക ജ്ഞാനത്തെ ശ്രവിക്കുകയും അതിൽ മനുഷ്യജീവിതത്തിൻെറ മഹത്വം കണ്ടെത്തുകയും ചെയ്യുന്നു.

8.5. മനുഷ്യൻെറ സമഗ്ര വികസനത്തിൽ ഓരോ വ്യക്തിക്കും തൻേറതായ കടമകൾ നിർവ്വഹിക്കുവാനുണ്ട്. മററുള്ളവരോട് അടിസ്ഥാനപരമായ തുറന്ന മനോഭാവം ആവശ്യപ്പെടുന്നുണ്ട്. തങ്ങളുടെയും അയൽക്കാരൻെറയും ആധ്യാത്മിക പ്രകൃതി മനസ്സിലാക്കുമ്പോൾ, ജനങ്ങൾ പരസ്പരം തുറന്ന മനോഭാവത്തിലൂടെ കൂടുതൽ അടുക്കാൻ സന്നദ്ധരാകുന്നു.

www.malankaralibrary.com



തൻെറ സഹോദരങ്ങളോടും ചരിത്രത്തോടുമുള്ള ഉത്തരവാദിത്തത്താൽ മനുഷ്യനെ നിർവ്വചിക്കുന്ന പുതിയ മാനവികതയുടെ ഉദയം (Gaudium et Spes, 55) ഈ ലോകത്തിൽ അസാദ്ധ്യമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ മനസ്സിലാക്കിയിരുന്നു. മനുഷ്യൻ മനുഷ്യനോട് കാണിക്കുന്ന ക്രൂരത ഇവിടെ തികച്ചും അസ്ഥാനത്താണ്. സ്വാത്മത വൈരുദ്ധ്യമാണ്. മനുഷ്യൻ അവൻെറ പ്രകൃതിയാൽത്തന്നെ, സ്നേഹത്തിൽ തൻെറ അയൽക്കാരോട് ഹൃദയം തുറക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇതിനെ ക്രൈസ്തവ പാരമ്പര്യത്തിൽ യോഹന്നാൻ ഇപ്രകാരം എടുത്തുകാണിക്കുന്നുണ്ട്. 'പ്രിയപ്പെട്ടവരേ 'ദൈവം നമ്മെ ഇപ്രകാരം സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കയും, അവിടുത്തെ സ്നേഹം നമ്മിൽ പൂർണമാകുകയും ചെയ്യും' (1 യോഹ. 4:11).

നവീനലോകത്തിൻെറ നിർമ്മാണത്തിന് ഓരോ മനുഷ്യനും തൻേറതായ വ്യക്തിപരമായ സംഭാവനകാം നൽകേണ്ടതുണ്ട്. ലോകത്തിൻെറ നവീകരണം അതിൻെറ എല്ലാ സാമൂഹിക ബന്ധങ്ങളിലും ആരംഭിക്കുന്നതു് ആദ്യമായും ഓരോ വ്യക്തിയുടെയും ഹൃദയത്തിലാണ്. ഹൃദയപരിവർത്തനവും, അനുതാപവും അതു് നമ്മിൽനിന്നാവശ്യപ്പെടുന്നു. അതേസമയം ഓരോ വ്യക്തിയും സമൂഹത്തോടു ബന്ധപ്പെട്ടാണിരിക്കുന്നതു്. എല്ലാററിലുമുപരി മനുഷ്യൻ നിർവ്വചിക്കപ്പെട്ടിരിക്കുന്നതു് സഹോദരങ്ങളോടുള്ള കൂട്ടുത്തരവാദിത്തത്തിലാണ്. അനുയായികളെ പ്രാർത്ഥിക്കാനായി യേശു പഠിപ്പിച്ചപ്പോൾ പിതാവായ ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്ന സംബോധനയിലൂടെ സമീപിക്കണമെന്ന് ഉപദേശിച്ച കാര്യം ക്രൈസ്തവമക്കാം എന്നും ആദരിക്കുന്നു.

എൻെറ ബോധ്യങ്ങളെപ്പററി പറയുമ്പോൾ അവയിൽ പലതും ഈ നാട്ടിലെ പൗരാണിക ജ്ഞാനവുമായി സാദൃശ്യമുള്ളതാണെന്ന് എനിക്കറിയാം. ഈ ജ്ഞാനം മനുഷ്യനുവേണ്ടിയുള്ള സാഹോദര്യ ഐക്യത്തിനും ആത്യന്തികമായി ദൈവസ്നേഹത്തിനുമുള്ള ചിരപുരാതനവും നിത്യനൂതനവുമായ അടിത്തറയാണെന്ന കാര്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

ഭാരതം ലോകവുമായി പങ്കുവയ്ക്കുന്ന മനുഷ്യനെക്കുറിച്ചുള്ള ഈ ആധ്യാത്മിക വീക്ഷണം, ദൈവത്തെ തേടുന്ന ഏതൊരു മനുഷ്യൻെറയും വീക്ഷണമാണ്. ദൈവം നമ്മിൽനിന്ന് അകലെയല്ലെന്ന് പറഞ്ഞ വി. പൗലോസിൻെറ വാക്കുകളിൽ, തൻെറ ആധ്യാത്മികാന്വേഷണത്തെപ്പററി പറയുന്ന മഹാത്മാ

www.malankaralibrary.com



ഗാന്ധിയുടെ വാക്കുകളും പ്രതിധ്വനിക്കുന്നുണ്ട്. 'അവനിൽ നാം ജീവിക്കുകയും ചരിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു' (നടപടി 17:28).

8.6. മതം നമ്മുടെ ജീവിതത്തെ പൂർണമായി ദൈവത്തിലേക്കുയർത്തുന്നു. അതുവഴി നമ്മുടെ ജീവിതം ദൈവവുമായുള്ള ബന്ധത്തിൽ പൂർണമായി നിറഞ്ഞുനിൽക്കണം. ചുരുക്കിപ്പറഞ്ഞാൽ മതം നമ്മുടെ ജീവിതമായി മാറണം. മതം മനുഷ്യവർഗമുഴുവൻ കൊള്ളുന്ന സകലത്തുമായി ബന്ധപ്പെട്ടിരിക്കുന്നുണ്ട്. ഒരേ സമയം അത് ദൈവത്തിലേക്കും,മാനുഷികമായിട്ടുള്ള സകലത്തിലേക്കും നമ്മെ നയിക്കുന്നു. എന്റെ പാപ്പാസ്ഥാനത്തിന്റെ ആരംഭകാലത്ത് ഞാൻ എഴുതിയിരുന്നത് ഇവിടെ ആവർത്തിക്കട്ടെ: 'ഈ ലോകത്തിൽ മനുഷ്യനോടും അവന്റെ മാനവികതയോടും അവന്റെ ഭാവിയോടുമുള്ള അടങ്ങാനാവാത്ത പ്രതിപത്തിയാൽ, യുഗാന്ത്യോന്മുഖമായ വിശ്വാസത്താൽ പ്രചോദിതയായ സഭ, സകലവിധ വികസനത്തെയും, പുരോഗതിക്കായുള്ള എല്ലാ സംരംഭങ്ങളെയും, തന്റെതന്നെ ദൗത്യത്തിന്റെ അഭേദ്യമായ ഘടകമായി കാണുന്നു.' (മനുഷ്യരക്ഷകൻ 15). മതം ഈ ലോകത്തിൽ ദൈവരാജ്യം വളർത്താൻ ശ്രമിക്കുന്നതിനാൽ അത് സമൂഹത്തെ മുഴുവൻ അലൗകിക തലങ്ങളിലേക്ക് ആനയിക്കുന്നു. അതേസമയം, തന്റെ അയൽക്കാരനോടുണ്ടായിരിക്കേണ്ട അഗാധവും വ്യക്തിപരവുമായ താൽപര്യവും, സമൂഹത്തോട് ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്വവും മതം തന്റെ അനുയായികളെ അഭ്യസിപ്പിക്കുന്നു. യേശുശിഷ്യനായ വി. യോഹന്നാൻ ആദിമ ക്രൈസ്തവസമൂഹത്തിന് നൽകിയ വെല്ലുവിളി, ലോകത്തെമ്പാടുമുള്ള എല്ലാ ഈശ്വര വിശ്വാസികൾക്കും ഇന്നും ബാധകമാണ്. 'ലൗകികസമ്പത്ത് ഉണ്ടായിരിക്കേ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും, അവനെതിരെ ഹൃദയമടക്കുന്നുവെങ്കിൽ അയാളിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും?' (1 യോഹ. 3,17).

8.7.ഇന്ന് മാനവസമൂഹത്തിലെ എല്ലാ മതങ്ങളും സമൂഹത്തിന്റെ ഉന്നമനത്തിനായി സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഇത് മനുഷ്യന്റെ ആധ്യാത്മികപ്രകൃതിയുമായി ബന്ധപ്പെട്ടതിക്കൊണ്ടായിരിക്കണം. ഇക്കാര്യം ഉറക്കെ പ്രഖ്യാപിക്കുവാൻ ഹിന്ദുക്കളും, മുസ്ലീങ്ങളും, സിക്കുകാരും, ബുദ്ധമതക്കാരും, ജൈനമതക്കാരും, പാർസികളും, ക്രൈസ്തവരുമായ നാമും ഇന്നിവിടെ സഹോദര നിർവിശേഷമായ സ്നേഹത്താൽ ഒരുമിച്ചു കൂടിയിരിക്കയാണ്. മനുഷ്യനെക്കുറിച്ചുള്ള സത്യം നാം പ്രഖ്യാപിക്കുമ്പോൾ, അവന്റെ ലൗകികവും സാമൂഹ്യവുമായ അഭിവൃ

www.malankaralibrary.com



ധികം, പൂർണ്ണമായ മഹത്വത്തിനുംവേണ്ടിയുള്ള അന്വേഷണം അവന്റെ ആദ്ധ്യാത്മിക പ്രകൃതിയുടെ അടങ്ങാത്ത ആഗ്രഹങ്ങളുമായി അനുരൂപപ്പെട്ടിരിക്കുന്നു എന്ന വസ്തുത നാം ഊന്നിപ്പറയുന്നു. മനുഷ്യാവകാശങ്ങൾ നേടിയെടുക്കാനും അവയെ സംരക്ഷിക്കുവാനുമുള്ള യത്നം മതങ്ങൾ തമ്മിൽ എല്ലാ തലങ്ങളിലും സഹകരിക്കാനുള്ള ഒരു വിഷയമാക്കണം. മനസ്സാക്ഷിയനുസരിച്ച് ദൈവത്തെ ആരാധിക്കാനും, ആ വിശ്വാസം ബാഹ്യമായി പ്രകടിപ്പിക്കാനുമുള്ള മൗലികാവകാശവും ഇതിൽപെടുന്നു. ഈ സഹകരണം, പട്ടിണിയും, ദാരിദ്ര്യവും നിരക്ഷരതയും, പീഡനവും, വിവേചനവും, മനുഷ്യാത്മാവിന്റെ എല്ലാ ത്തരത്തിലുള്ള അടിമത്തവും നിർമ്മാർജ്ജനം ചെയ്യാനുള്ള ശ്രമങ്ങളിൽ നിലയുറപ്പിക്കുന്നതുമായിരിക്കണം. നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിന്റെ പ്രേരകശക്തിയായി നിലകൊള്ളുന്നത് മതമാണ്. മതാന്തര സഹകരണം ഇതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു.

8.8. മനുഷ്യന്റെ ഉന്നതിക്കായുള്ള സകലവിധ ശ്രമങ്ങളും ഒരു പ്രത്യേക വീക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നവയാണ്. സമ്പൂർണവും ഫലദായകവുമായ എല്ലാ ശ്രമങ്ങളും മനുഷ്യന്റെ ആധ്യാത്മിക വീക്ഷണത്തോട് ബന്ധപ്പെട്ടിരിക്കുന്നുണ്ട്. 'പരമസത്തയോട് ബന്ധപ്പെടാത്തതും, മനുഷ്യജീവിതത്തിന്റെ ശരിയായ അർത്ഥത്തെക്കുറിച്ച് അവബോധമില്ലാത്തതുമായ ഒരു മാനവികതയല്ലെന്നും.... മനുഷ്യൻ അവനപ്പുറത്തേക്ക് കടക്കുമ്പോഴാണ് ആത്മസാക്ഷാത്ക്കാരം സാദ്ധ്യമാകുന്നതെന്നും' (Populorum Progressio, 42) ഉള്ള ബോധ്യം പോൾ ആറാമനോടൊപ്പം ഞാനും ആവർത്തിക്കുകയാണ്.

'മനുഷ്യമഹത്വത്തിനുവേണ്ടിയുള്ള ധാർമ്മികവും ആധ്യാത്മികവുമായ ഒരു വിപ്ലവം മാത്രമേ സാമ്പത്തിക ഉല്പാദനം, സാങ്കേതികസംവിധാനം, വർഗവിവേചനം, അന്ധമായ ദേശീയബോധം തുടങ്ങിയ വിഗ്രഹങ്ങൾക്കപ്പുറത്ത് മനുഷ്യനെ പ്രതിഷ്ഠിക്കുകയുള്ളുവെന്ന (The Present Crisis of Faith, Delhi 1983, p 14) ഭാരതത്തിന്റെ മുൻരാഷ്ട്രപതി ഡോ. രാധാകൃഷ്ണന്റെ പ്രസ്താവന തികച്ചും ശരിയാണ്. അദ്ദേഹം വീണ്ടും ആവർത്തിക്കുന്നു: 'ഉന്നതമായ ആധ്യാത്മിക ആദർശങ്ങളാൽ നയിക്കപ്പെടുന്നവർക്കു മാത്രമേ സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സുരക്ഷിതത്വത്തിന്റേതുമായ ഒരു നവീനലോകം സംജാതമാക്കാൻ കഴിയുകയുള്ളൂ' (Ibid P. 104).

വർദ്ധമാനമാകുന്ന സമ്പാദ്യമല്ല ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യമെന്നതിന് ഭാരതത്തിന്റെ ജ്ഞാനം സാ

www.malankaralibrary.com



ക്ഷ്യം വഹിക്കുന്നതുവഴി, ലോകത്തിന് ഏറെ സംഭാവനകാം നൽകുവാൻ കഴിയുന്നുണ്ട്. മനുഷ്യന്റെ ആധ്യാത്മികവീക്ഷണം ആദരത്തോടെ സ്വീകരിക്കുകയും അതിനെ അനുധാവനം ചെയ്യുകയും ചെയ്യുമ്പോഴാം മാത്രമേ മനുഷ്യന്റെ ശരിയായ വിമോചനം സാധ്യമാകയുള്ളൂ. തന്മൂലം മനുഷ്യമഹത്വത്തിന് ഭീഷണിയായി നിലകൊള്ളുന്ന സകലതിനെയും ഉന്മൂലനം ചെയ്യാനും സാധിക്കും. ഈ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു മാത്രമേ ദ്രുതഗതിയിൽ പരിഹാരം ആവശ്യപ്പെടുന്ന നീതിയുടെയും സമാധാനത്തിന്റെയും സമഗ്രവളർച്ചയുടെയും പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ ലോകത്തിന് സാധിക്കുകയുള്ളൂ. മനുഷ്യനാകുന്ന സത്യത്തിന്റെ ഈ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട്, സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവുമായ മണ്ഡലങ്ങളിലെ മനുഷ്യബന്ധങ്ങളുടെ ആർജ്ജവത്തവും സത്യസന്ധതയും മൂലം ദൈവത്തിന്റെ വിശുദ്ധി പ്രകടമാകും.

8.9. ഈ മാനവികതയാണ് ഇന്നു നമ്മെ യോജിപ്പിക്കയും സാഹോദര്യസഹകരണത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നത്. ഈ മാനവികതയാണ് ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാ യുവജനങ്ങാംക്കും ലോകമെമ്പാടുമുള്ള യുവജനങ്ങാംക്കും നാം നൽകുന്നത്. ഇതിലേക്കാണ് അനശ്വരമായൊരു സംഭാവന നൽകാൻ ഭാരതത്തിന് സാധിക്കുന്നത്. ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുന്നതു് മാനവസമൂഹത്തിന്റെ നന്മയാണ്. നിത്യനഗരത്തെ പ്രതിഫലിപ്പിക്കുന്നതും മനുഷ്യന്റെ അന്തിമലക്ഷ്യത്തിന്റെ ഘടകങ്ങളാം അതിന്റെ പ്രാഥമികരൂപത്തിൽ സ്ഥിതിചെയ്യുന്നതുമായ ഒരു ഭൗതികനഗരത്തിന്റെ നിർമ്മാണത്തിലേക്കാണ് ഇവയെല്ലാം നമ്മെ ക്ഷണിക്കുന്നത്.

ഈ യാഥാത്മ്യത്തെ മുന്നിൽ കണ്ടുകൊണ്ട് പ്രവാചകനായ ഏശയ്യാ നൽകുന്ന വീക്ഷണം ഇപ്രകാരമാണ്: 'സമാധാനത്തെ നിന്റെ മേൽനോട്ടക്കാരും നീതിയെ നിന്റെ അധിപതികളും ആക്കും. നിന്റെ ദേശത്തു് ഇനി അക്രമത്തെപ്പററി കോംക്കുകയില്ല. ശൂന്യതയും നാശവും നിന്റെ അതിർത്തികളിൽ ഉണ്ടാവുകയില്ല. നിന്റെ മതിലുകളെ രക്ഷയെന്നും കവാടങ്ങളെ സ്തുതിയെന്നും നീ വിളിക്കും. പകൽ സൂര്യനായിരിക്കുകയില്ല ഇനി നിനക്ക് പ്രകാശം തരുക. നിനക്ക് പ്രകാശം നൽകാൻ രാത്രി ചന്ദ്രനായിരിക്കുകയില്ല പ്രകാശിക്കുന്നത്. കർത്താവായിരിക്കും നിന്റെ നിത്യമായ പ്രകാശം; നിന്റെ ദൈവമായിരിക്കും നിന്റെ മഹത്വം' (Isiah 60 17-19).

മനുഷ്യന്റെ ആധ്യാത്മികദർശനത്തെ നാം എങ്ങനെ വിശദീകരിച്ചാലും ദൈവത്തിന്റെ പദ്ധതിയിലെ കേന്ദ്ര

www.malankaralibrary.com



ബിന്ദു മനുഷ്യനാണെന്ന് നമുക്കറിയാം. നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത് മനുഷ്യനുവേണ്ടി ജോലിചെയ്യുവാനാണ്. മനുഷ്യൻെറ നന്മകളും, പുരോഗതികളും, സമഗ്രമനുഷ്യവളർച്ചകളുംവേണ്ടിയാണ് നാം അദ്ധ്വാനിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്നത്. മാനവരാശിയുടെ എന്നെന്നുമുള്ള മാർഗം സൃഷ്ടിയും ദൈവത്തിൻെറ മകനുമായ മനുഷ്യനാണ്. അതു് അവൻെറ അസ്തിത്വത്തെപ്പററിയുള്ള പൂർണസത്യത്തിലായിരിക്കയും വേണം.

ഡൽഹി ഇന്ദിരാഗാന്ധി സ്റേറഡിയത്തിൽ മത-സാംസ്ക്കാരിക-സമൂഹിക-സാമ്പത്തിക- രാഷ്ട്രീയമണ്ഡലങ്ങളിലെ പ്രതിനിധികളോട്, 1986 ഫെ. 2.

www.malankaralibrary.com

# 9

# റാഞ്ചി ദിവ്യബലിപ്രഭാഷണം

പ്രിയ സഹോദരീസഹോദരൻമാരേ,

'പർവ്വതങ്ങൾക്ക രൂപം നൽകുന്നതിനുമുമ്പ്
ഭൂമിയും ലോകവും അങ്ങ് നിർമ്മിക്കുന്നതിനുമുമ്പ്
അനാദിമുതൽ അനന്തതവരെ അവിടുന്ന്
ദൈവമാണ്'' (സങ്കീ. 90:2).

9.1. ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും സർവ്വശക്തനായ പിതാവുമായ ദൈവത്തിന് നിങ്ങളോടൊപ്പം ആരാധനയർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭാരതമണ്ണിൽ അവിടുത്തെ ആരാധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വടക്ക് മാനം മുട്ടിനിൽക്കുന്ന ഹിമാലയംമുതൽ ദക്ഷിണതീരങ്ങൾവരെ പരന്നുകിടക്കുന്ന വിസ്തൃതമായ ഈ ദേശത്തുവച്ച് അവിടുത്തെ ആരാധിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബീഹാറിൽനിന്നും ഒറീസ്സയിൽനിന്നും, മദ്ധ്യപ്രദേശിൽനിന്നും ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളിൽനിന്നും, നേപ്പാളിൽനിന്നുമെല്ലാം വന്നവരായ നിങ്ങളോടൊത്ത് ഇവിടെ റാഞ്ചിയിൽവച്ച് സ്രഷ്ടാവിനെ ആരാധിക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. പ്രത്യേകമായ വിധത്തിൽ, ദശലക്ഷക്കണക്കിനു വരുന്ന ഭാരതത്തിലെ തൊഴിലാളികളോടൊത്ത് ദൈവാരാധനയിലും സ്തോത്രത്തിലും ഞാൻ പങ്കുചേരുന്നു. പാടത്തും, ഖനികളിലും,വ്യവസായശാലകളിലും,പണിശാലകളിലും,വീട്ടിലും, ഓഫീസിലും എന്നുവേണ്ട, ഗ്രാമാന്തരങ്ങളിലും നാഗരികകേന്ദ്രങ്ങളിലും പണിയെടുക്കുന്ന ഓരോ പുരുഷനോടും സ്ത്രീയോടുമൊപ്പം അവരുടെ ആരാധനയിൽ ഞാൻ പങ്കുകൊള്ളുന്നു. ഇവിടെ, റാഞ്ചിയിൽ വച്ച് അർപ്പിക്കുന്ന ഈ ദിവ്യബലിയിൽ അനാദിയും അനന്തനുമായ നമ്മുടെ ദൈവത്തെ ആരാധിക്കുന്നതിനായി നമ്മുടെ ഹൃദയങ്ങളെയും സ്വരങ്ങളെയും സമ്മേളിപ്പിക്കുകയാണ് നാം.

9.2. 'ആയിരം വത്സരങ്ങൾ അങ്ങയുടെ ദൃഷ്ടിയിൽ കഴിഞ്ഞുപോയ ഇന്നലെപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രമാണ്'' (സങ്കീ. 90:4) എന്ന് സങ്കീർത്തകൻ പാടുമ്പോൾ അവിടുത്തെ നിത്യതയെയാണ് അദ്ദേഹം പ്രഘോഷിക്കുക.

www.malankaralibrary.com



ദൈവം നിത്യനാണ്, നിത്യതതന്നെയാണവിടുന്ന്. എങ്കിലും അവിടുന്ന് നമ്മിൽനിന്ന് അകന്നോ, അപ്രാപ്യനോ ആയിട്ടല്ല കഴിയുന്നത്. ഈ ലോകത്തിന്റെ സ്രഷ്ടാവാണവിടുന്ന്. സമസ്തവും അവിടുന്നിൽനിന്ന് ജന്മമെടുത്തു. മനുഷ്യനെ സൃഷ്ടിച്ചതും അവിടുന്നാണ്. മരണവിധേയരും, ക്ഷയോന്മുഖമായ ശരീരം ധരിച്ചവരുമായ മനുഷ്യരായ നമ്മോട് അവിടുന്ന് ഈ വചനങ്ങളിലൂടെ അരുളിച്ചെയ്യുന്നു: മനുഷ്യമക്കളേ, തിരിച്ചുപോകുവിൻ (സങ്കീ. 90: 3). എന്നിരുന്നാലും, അവിടുത്തെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഓരോ വ്യക്തിയെയും തന്റെ ജീവനിലും, ജ്ഞാനത്തിലും, നിത്യതയിലും പങ്കാളിയാകാൻ അവിടുന്ന് ക്ഷണിക്കുകയാണ്.

അതിനാൽ ഓരോ സ്ത്രീയും ഓരോ പുരുഷനും ഈ ഭൂമിയിൽ തീർത്ഥാടകനാണ് — പരമാത്മാവിന്റെ തീർത്ഥാടകൻ. പരമാത്മാവിനെ തേടുന്ന തീർത്ഥാടകൻ. ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുകയാണ്. സ്രഷ്ടാവും പിതാവുമായ ദൈവം തന്റെ വിശുദ്ധിയിലേക്കു നയിക്കുന്ന ദൈവജനത്തിലെ അംഗങ്ങളാണ്, തീർത്ഥാടകരാണ് നാമെല്ലാം. ഈ ജീവിതത്തിലെ പരീക്ഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും അവിടുന്ന് നമ്മെ തന്നിലേക്കുതന്നെ അടുപ്പിക്കുകയാണ്.

9.3. 'പിതാവ് അവിടുത്തെ പുത്രനെ നമുക്ക് നൽകിയത് ദൈവൈക്യത്തിലേക്ക് നമ്മെ നയിക്കുന്ന ജീവിതരീതി അഭ്യസിപ്പിക്കാനാണ്. നാം രക്ഷയിലേയ്ക്ക് വളരുന്നതിനായി അവിടുന്ന് അവനെ മൂലക്കല്ല് ആക്കി (1 പത്രോ. 2: 6–8) എന്തെന്നാൽ, അവനിലൂടെ, യേശുക്രിസ്തുവിലൂടെ നാമും ദൈവത്തിന് സ്വീകാര്യമായ ആത്മീയ ബലികളർപ്പിക്കുന്നതിന് ഒരു വിശുദ്ധ പുരോഹിതവർഗമാകേണ്ടതിന് സജീവശിലകളാൽ കൊണ്ടുള്ള ആത്മീയ ഭവനമായി പടുത്തുയർത്തപ്പെട്ടിരിക്കുന്നു' (1 പത്രോ. 2:5).

ഈ ആത്മീയ ബലികൾ നമ്മുടെ ജീവിതത്തെ കെട്ടിപ്പടുക്കുന്ന എല്ലാത്തിനോടും ബന്ധപ്പെട്ടിരിക്കുന്നു. പ്രത്യേകമായൊരു വിധത്തിൽ അവ മനുഷ്യാദ്ധ്വാനത്തോടു ബന്ധപ്പെട്ടുകിടക്കുന്നു. കാരണം മനുഷ്യന്റെ ലൗകിക ജീവിതത്തിന്റെ അടിസ്ഥാനപരമായ ഒരു ഭാഗമാണ് തൊഴിൽ.

9.4 മാനവാദ്ധ്വാനത്തിന്റെ മൂല്യത്തെയും മഹത്വത്തെയും സംബന്ധിച്ച് ഇന്ന് നിങ്ങളോടൊത്ത് പരിചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ആശാരിയുടെ മകനായിരുന്നു യേശുക്രിസ്തു. അവിടുത്തെ ഭൗമികജീവിതത്തിന്റെ സിംഹഭാഗവും, അവിടുത്തെ വളർത്തുപിതാവായ ഔസേപ്പി

www.malankaralibrary.com



നെപ്പോലെ, ആശാരിയുടെ തൊഴിൽ ചെയ്യുന്നതിനാണ് അവിടുന്ന് വിനിയോഗിച്ചത്. അദ്ധ്വാനിച്ചുകൊണ്ട്, അനുദിനജീവിതത്തിലെ സാധാരണ പ്രവർത്തനങ്ങളിലൂടെ, യേശു തൊഴിലിന്റെ മഹത്വം പ്രഖ്യാപിച്ചു. എല്ലാ മനുഷ്യാദ്ധ്വാനവും സ്രഷ്ടാവിന്റെ തന്നെ പ്രവർത്തനത്തിലുള്ള പങ്കുചേരലാണ്. നാം ജോലിചെയ്യുന്നത് വ്യവസായ ശാലയിലാകാം, ഓഫീസിലാകാം, ആശുപത്രിയിലാകാം, പാടത്താകാം, അല്ലെങ്കിൽ ഒരു റിക്ഷാക്കാരനായിട്ടോ, വീട്ടമ്മയായിട്ടോ ആയിരിക്കാം നാം അദ്ധ്വാനിക്കുക. എവിടെ എന്തുചെയ്താലും നാമെല്ലാം ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയാണ്. ഈ വസ്തുതയാണ് നമ്മുടെ പ്രവർത്തനങ്ങൾക്കെല്ലാം അവയുടെ അർത്ഥവും ശ്രേഷ്ഠതയും പ്രദാനം ചെയ്യുന്നത്. 'മനുഷ്യാദ്ധ്വാനത്തിന്റെ മൂല്യം നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനം പ്രധാനമായും എന്തുതരം ജോലിയാണ് ചെയ്യുന്നത് എന്നതല്ല, അതു ചെയ്യുന്നവൻ ഒരു വ്യക്തിയാണ് എന്ന വസ്തുതയാണ്' (Laborem Exercens) ഇതിൽനിന്നും, എല്ലാ മനുഷ്യാദ്ധ്വാനവും, പ്രത്യക്ഷത്തിൽ അതെത്ര ചെറുതായിക്കൊള്ളട്ടെ, പൂർണമായി അദരിക്കപ്പെടുകയും, സംരക്ഷിക്കപ്പെടുകയും, ന്യായമായി വേതനം നൽകപ്പെടുകയും വേണം എന്നുവരുന്നു. അതുവഴി കുടുംബങ്ങളും സമൂഹം മുഴുവൻതന്നെയും സമാധാനത്തിലും ഐശ്വര്യത്തിലും അഭിവൃദ്ധിയിലും ജീവിക്കാൻ ഇടവരണം.

9.5. അദ്ധ്വാനം സന്തോഷവും നിർവൃതിയും പ്രദാനം ചെയ്യുന്നതോടൊപ്പം ആയാസവും ക്ഷീണവും ഉളവാക്കുന്നു. ഭൂമിയുടെമേൽ ആധിപത്യം നേടുക (ഉൽ. 1:28) എന്ന ദൈവദത്തമായ ചുമതല അനുഷ്ഠിക്കാൻ മാനവാദ്ധ്വാനം മനുഷ്യരെ പ്രാപ്തരാക്കുന്നു എന്ന വസ്തുതയിൽനിന്നാണ് ഈ ആനന്ദവും നിർവൃതിയും ഉളവാകുക. ആദ്യത്തെ പുരുഷനോടും സ്ത്രീയോടും ദൈവം പറഞ്ഞു: 'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ' (ഉൽ. 1:28).

ഒരുപക്ഷേ നാം ചെയ്യുന്ന ജോലി നാം ഇഷ്ടപ്പെടുന്ന തരത്തിലുള്ളതല്ലായിരിക്കാം; ഒരുവേള അത് ബുദ്ധിമുട്ടുള്ളതും വിരസവും ആയാസകരവുമായിരിക്കാം. ഇപ്രകാരമാണ് നമ്മുടെ മാനുഷികാവസ്ഥ. ഇതിനുകാരണം മനുഷ്യന്റെ അനുസരണക്കേടാണ്, നെററിയിലെ വിയർപ്പുകൊണ്ട് അവൻ ഭക്ഷണം സമ്പാദിക്കും, അവൻ അദ്ധ്വാനിക്കുന്ന ഭൂമി ആയാസരഹിതമായി അതിന്റെ ഫലം പുറപ്പെടുവിക്കുകയില്ല എന്നും ബൈബി

www.malankaralibrary.com



ളിൽ കുറിച്ചുവച്ചിട്ടുണ്ട് (ഉൽ. 3:16–19). എങ്കിലും ദൈവത്തിൽ വിശ്വാസമർപ്പിക്കുന്ന ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം, അദ്ധ്വാനത്തിന്റെ ക്ഷീണത്തോടും ആയാസത്തോടുമൊപ്പം അവൻ അഥവാ അവരം സ്രഷ്ടാവിനോടു സഹകരിക്കുകയാണ് എന്നറിയുന്നതിൽനിന്നുള്ള ആനന്ദം ആസ്വദിക്കുവാൻ സാധിക്കും.

9.6. ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം, യേശുവാണ് നമ്മുടെ അദ്ധ്വാനത്തിന് ഉത്തമമാതൃകയും ഉത്തേജനവും. അവിടുന്നു തന്റെ അദ്ധ്വാനത്തിൽ സ്വർഗീയപിതാവുമായുള്ള ആഴമായ ഐക്യത്തിൽ നിലനിന്നു. അതുകൊണ്ട്, യേശു നസ്രത്തിൽ കഴിഞ്ഞുകൂടിയ ആ നീണ്ട വർഷങ്ങളിൽ തന്റെ അനുദിനകർമ്മങ്ങളം എത്രമാത്രം വിശ്വസ്തതാപൂർവമാണ് അനുഷ്ഠിച്ചിരുന്നതു് എന്നത് വളരെ ശ്രദ്ധാപൂർവം നാം കണക്കിലെടുക്കേണ്ടതാണ്. നമുക്കെല്ലാമുള്ള ശക്തമായ മാതൃകയാണിതു്. ആശാരിയെന്ന നിലയിൽ തന്റെ അദ്ധ്വാനത്തിലൂടെ യേശു നൽകിയ സാക്ഷ്യം നമ്മെ ആനന്ദംകൊണ്ടു നിറയ്ക്കുകയും, മാനവരാശിക്കുവേണ്ടിയുള്ള നമ്മുടെ എളിയ സേവനത്തിൽ അശ്രാന്തം പരിശ്രമിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരെ, ഇവയേക്കാളെല്ലാമുപരി, എന്തിനായിട്ടാണ് യേശു ലോകത്തിലേയ്ക്കു വന്നത് എന്ന കാര്യം നാം ഒരിക്കലും മറന്നുകൂടാ. അവിടുന്നു വന്നതു് രക്ഷാകരകർമ്മം പൂർത്തീകരിക്കുന്നതിനാണ്. എങ്ങനെയാണ് അവിടുന്ന് ഈ രക്ഷാകരകർമ്മം പൂർത്തീകരിച്ചതു്? അവിടുത്തെ സഹനവും, കുരിശുമരണവും, മഹിമയേറിയ ഉത്ഥാനവും വഴി. എല്ലാ മാനുഷികാദ്ധ്വാനവും, അത്രെത്ര അപ്രധാനമായി പ്രത്യക്ഷത്തിൽ തോന്നിക്കൊള്ളട്ടെ, ഈ രക്ഷാകരകർമ്മത്തിൽ പങ്കുചേരുന്നുണ്ട്. മാനവാദ്ധ്വാനത്തെ സംബന്ധിച്ച് എന്റെ ചാക്രിക ലേഖനത്തിൽ ഞാൻ വ്യക്തമാക്കിയിരുന്നതുപോലെ: 'നമുക്കുവേണ്ടി ക്രൂശിതനായ ക്രിസ്തുവിനോടൊത്ത് അദ്ധ്വാനത്തിന്റെ ആയാസം അനുഭവിക്കുന്ന മനുഷ്യൻ ഒരു വിധത്തിൽ ദൈവപുത്രനോടൊത്തു് മാനവപരിത്രാണത്തിൽ സഹകരിക്കുകയാണ്. താൻ അനുഷ്ഠിക്കുവാനായി വിളിക്കപ്പെടുന്ന പ്രവർത്തനത്തിലൂടെ അനുദിനം തന്റെ ഊഴമനുസരിച്ച് കുരിശു വഹിക്കുമ്പോൾ ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യനായി തന്നെത്തന്നെ വെളിപ്പെടുത്തുകയാണ് അവൻ' (Laborem Exercens. 27).

9.7. ക്രിസ്തുവിന്റെ മാതൃകയോടും സാക്ഷ്യത്തോടും വിശ്വസ്തത പുലർത്താൻ ആഗ്രഹിക്കുന്ന സഭയ്ക്കു് തീർച്ചയായും

www.malankaralibrary.com



തൊഴിലാളികളുടെ ക്ഷേമത്തിൽ പ്രത്യേക താല്പര്യമുണ്ട്. ലെയോ പതിമൂന്നാമന്റെ 'റേരും നൊവാരും' മുതലിങ്ങോട്ട് ഉണ്ടായിട്ടുള്ള മാർപാപ്പമാരുടെ പ്രശസ്ത ചാക്രികലേഖനങ്ങളെല്ലാംതന്നെ യുക്തമായ തൊഴിൽ ചുറ്റുപാടുകളുണ്ടാകുന്നതിനും ന്യായമായ വേതനം ലഭിക്കുന്നതിനുമുള്ള തൊഴിലാളിയുടെ അവകാശത്തെ തുടർച്ചയായി സംരക്ഷിച്ചിട്ടുള്ളവയാണ്. സഭയുടെ പ്രബോധനത്തിന്റെ അടിസ്ഥാനം ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന് അതുല്യമായ, ദൈവദത്തമായ ഒരു മഹത്വമുണ്ട് എന്ന തത്വത്തിലാണ്. അതിനാൽ ഉല്പാദനത്തിനുള്ള വെറുമൊരു ഉപകരണമായി ആരും ഉപയോഗിക്കപ്പെടരുത്. കാരണം, മനുഷ്യൻ വെറുമൊരു യന്ത്രമോ, ഭാരം പേറാനുള്ള മൃഗമോ അല്ല. തൊഴിലാളികളുടെ വ്യക്തിത്വത്തെ മാനിക്കാത്ത എല്ലാ സാമൂഹ്യസാമ്പത്തിക വ്യവസ്ഥകളെയും സഭ നിരാകരിക്കുന്നു. അനുയോജ്യമായ തൊഴിൽ ചുറ്റുപാടുകൾക്കുവേണ്ടിയുള്ള സഭയുടെ ഉൽക്കണ്ഠയ്ക്കുമുപരിയായി തൊഴിലാളിക്ക്, അവന്റെ കുടുംബാവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ന്യായമായ വേതനം ലഭിക്കണം എന്ന് അവൾ പ്രത്യേകം നിഷ്കർഷിക്കുന്നു. 'ഒരു കുടുംബത്തോട് ഉത്തരവാദിത്വമുള്ള പ്രായപൂർത്തിയായ വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാളുടെ തൊഴിലിന്റെ ന്യായമായ പ്രതിഫലം എന്നു പറയുമ്പോൾ അത് അവന്റെ കുടുംബത്തെ വേണ്ടവിധത്തിൽ കെട്ടിപ്പടുക്കുന്നതിനും, സംരക്ഷിക്കുന്നതിനും അതിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനും ഉതകുന്നതായിരിക്കണം' (Laborem Exercens, 19).

ഈ അവസരത്തിൽ, തൊഴിൽ ചെയ്യാൻ ആഗ്രഹമുണ്ടായിരുന്നിട്ടും യോജിച്ച തൊഴിൽ കണ്ടെത്താൻ കഴിയാതെ വലയുന്ന നിരവധി തൊഴിൽരഹിതരോട് പ്രത്യേകവിധം എനിക്ക് സഹാനുഭൂതി തോന്നുന്നു. പലപ്പോഴും ഈ പ്രതിഭാസത്തിനു മതത്തിന്റെയും ജാതിയുടെയും സമൂഹത്തിന്റെയും ഭാഷയുടെയുമൊക്കെ പേരിലുള്ള വിവേചനമുണ്ട്. തൊഴിലില്ലായ്മയും അർഹിക്കുന്ന തൊഴിൽ ലഭിക്കാതെ വരുന്നതും അസ്വസ്ഥതകൾക്കും നിഷ്പ്രയോജനാബോധത്തിനും വഴിയൊരുക്കുന്നതോടൊപ്പം കുടുംബചരിത്രത്തിനും, സമൂഹത്തിന്റെ ഊടിനും പാവിനും ഘടനകൾക്കും ക്ഷീണം തട്ടത്തക്കവിധം നിരവധി ഉൽക്കണ്ഠകൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമാവുന്നു. അവ ഓരോ വ്യക്തിയുടെയും മാനുഷിക ഔന്നത്യത്തിന് ഭീഷണിയായിത്തീരുന്നു. എത്രയും ഗൗരവതരമായ ഈ പ്രശ്നത്തിന് പരിഹാരംകാണാൻ നൂതനങ്ങളായ നീക്കങ്ങൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഈ നീക്കങ്ങളിൽ പലപ്പോഴും ദേശീയവും അന്തർദ്ദേശീയവുമായ തലങ്ങളിലുള്ള സഹ

www.malankaralibrary.com



കരണം ആവശ്യമായി വരുന്നു. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള കൂടിയാലോചനകളും പദ്ധതികളും തൊഴിൽദാതാവും തൊഴിലന്വേഷകനും തമ്മിലുള്ള പരസ്പര ബഹുമാനത്തിന്റെയും സംഭാഷണങ്ങളുടെയും വെളിച്ചത്തിലായിരിക്കണം.

9.8. ഭാരതത്തിന്റെ ഈ ഭാഗത്തുള്ള കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സുവിശേഷ പ്രതീകാത്മമുള്ള ഈ തിരുവസ്ത്രം ഇന്നത്തെ ഈ കുർബാനയിൽ അണിയുന്നതിൽ എനിക്കു സന്തോഷമുണ്ട്. കുർബാനക്കുപ്പായത്തിന്മേലുള്ള ഈ അലങ്കാരങ്ങൾ സൂചിപ്പിക്കുക സ്രഷ്ടാവായ ദൈവം തന്റെ ജനത്തിന്മേൽ വർഷിക്കുന്ന സമൃദ്ധമായ അനുഗ്രഹങ്ങളിലുള്ള നിങ്ങളുടെ വിശ്വാസത്തെയാണ്.

കുർബാനക്കുപ്പായവും 'ഊറാറ'യും പൗരോഹിത്യത്തിന്റെ അടയാളങ്ങളാണ്. പൗരോഹിത്യത്തിലേക്കുള്ള ദൈവവിളിയുടെയും പൗരോഹിത്യ സ്വഭാവത്തിന്റെയും, പൗരോഹിത്യ ശുശ്രൂഷയുടെയും അടയാളങ്ങളാണ്. പുരോഹിതൻ, ദൈവവചന ശുശ്രൂഷയിലൂടെയും കൂദാശകളിലൂടെയും, പ്രത്യേകിച്ച് പരിശുദ്ധ കുർബാനയിലൂടെ, ഇന്നത്തെ ഒന്നാം വായന ഭംഗിയായി വ്യക്തമാക്കുന്നു: 'നിങ്ങളൊരു തെരഞ്ഞെടുക്കപ്പെട്ട വർഗവും, രാജകീയ പുരോഹിതഗണവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തം ജനവുമാകുന്നു' (1 പത്രോ. 2: 9) എന്ന കാര്യം വിശ്വാസികളെ അനുസ്മരിപ്പിക്കുന്നു.

നിങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരായതുകൊണ്ട് അവിടുത്തെ അത്ഭുതകരങ്ങളായ കരവേലകളെ പ്രഘോഷിക്കാൻ കടപ്പെട്ടവരുമാണ്. മനുഷ്യപ്രയത്നത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള എല്ലാററിലൂടെയും നിങ്ങൾ സ്രഷ്ടാവായ ദൈവത്തിന്റെ വിസ്മയകരങ്ങളായ ചെയ്തികൾ പ്രസംഗിക്കണം. ഇക്കാരണമൊന്നുകൊണ്ടു മാത്രമാണ് മനുഷ്യപ്രയത്നത്തിന്റെ ഫലങ്ങളെ അൾത്താരയിലേക്കു നാം കൊണ്ടുവരുന്നതും അവയെ ബലിയർപ്പിക്കുന്നതും.

9.9. ദൈവം 'നിങ്ങളെ അന്ധകാരത്തിൽനിന്നു് അവിടുത്തെ അത്ഭുത പ്രകാശത്തിലേക്കു വിളിച്ചിരിക്കുന്നു' (1. പത്രോ. 2:9).

അതെ, യേശുക്രിസ്തുവിലൂടെ അവിടുന്ന് നമ്മെയെല്ലാം വിളിച്ചിരിക്കുകയാണ്. യേശുക്രിസ്തുവാണ് പ്രകാശം. തീർച്ചയായും അവിടുന്നുതന്നെയാണ് 'വഴിയും സത്യവും പ്രകാശവും' (യോഹ. 14:6). അതുകൊണ്ട് പ്രകാശവും, സത്യവും, വിശുദ്ധിയുംതന്നെയായ പിതാവായ ദൈവത്തിലേക്ക് നമ്മെ നയിക്കാൻ യേശുവിനു കഴിയും. അവിടുന്ന് തന്റെ ദൈവിക

www.malankaralibrary.com



ജീവനിൽ പങ്കാളികളാകുന്നതിനായി നമ്മെ ഓരോരുത്തരെയും പ്രത്യേകം ക്ഷണിക്കുകയാണ്— നമ്മുടെ ഭൗമികഅസ്തിത്വത്തെ കെട്ടിപ്പടുക്കുന്ന എല്ലാത്തിലൂടെയും മനുഷ്യാദ്ധ്വാനത്തിലടങ്ങിയിരിക്കുന്ന എല്ലാ വൈഷമ്യങ്ങളിലൂടെയും.

ക്രിസ്തുവിലുള്ള ആ പ്രകാശം നാം സ്വാംശീകരിക്കുമ്പോൾ നാമും 'ലോകത്തിന്റെ പ്രകാശം' (മത്താ. 5:14) ആയിത്തീരുകയാണ്. മനുഷ്യജീവിതത്തിന് ആസ്വാദ്യത പകരുന്ന 'ലോകത്തിന്റെ ഉപ്പ്'' (മത്താ. 5:13) ആയിത്തീരണം നാം.

ക്രിസ്തുവിന്റെ അനുയായികളെന്നനിലയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത് ഇവിടെ, ഭാരതത്തിൽ ക്രിസ്തുവിന്റെ പ്രകാശമായിത്തീരുവാനാണ്; അതോടൊപ്പം ക്രിസ്തുവിനോടു ചേർന്ന് ലോകത്തെ രൂപാന്തരപ്പെടുത്തുവാനും. നിങ്ങളുടെ അദ്ധ്വാനം നിങ്ങളുടെ അയൽക്കാരന്റെ നന്മയ്ക്കുപകരിക്കട്ടെ. ദുർബലർ, രോഗികൾ, വികലാംഗർ എന്നിവരോടൊത്ത് നിങ്ങൾക്കുള്ളത് പങ്കുവയ്ക്കുക. ജനങ്ങളെ ഞെരുക്കുന്ന എല്ലാത്തിനെയും തുടച്ചുനീക്കുവാൻ, ഒത്തൊരുമിച്ചു പ്രവർത്തിച്ച് തൊഴിലില്ലായ്മ പരിഹരിക്കുവാൻ, നിങ്ങളാൽ ആകുന്നതെല്ലാം ചെയ്യാൻ പരിശ്രമിക്കുക. നിങ്ങളുടെ കുടുംബങ്ങളിലും, നിങ്ങളുടെ കുട്ടികളുടെ മുമ്പിലും, നിങ്ങളുടെജോലിസ്ഥലത്തും എന്നല്ല നിങ്ങൾ എവിടെ ആയിരുന്നാലും അവിടെ ക്രിസ്തുവിൽ നിങ്ങൾ കണ്ടെത്തിയ സദ്ഗുണങ്ങൾ സ്വജീവിതത്തിൽ പകർത്തിക്കൊണ്ട് ക്രിസ്തുവിന്റെ സാന്നിധ്യം പ്രസരിപ്പിക്കുവാൻ പരിശ്രമിക്കുക.

ഈ മഹത്തായ ദേശത്തുവച്ചു ഭാരതത്തിന്റെ പൗരാണികപൈതൃകത്തിന്റെ പശ്ചാത്തലത്തിൽ, ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്; പ്രിയ സഹോദരീസഹോദരന്മാരെ, ക്രിസ്തു തന്റെ ആദ്യ ശ്രോതാക്കളോടു പറഞ്ഞതുപോലെ, ഇന്ന് നിങ്ങളോടു അരുളിച്ചെയ്യുന്ന ഈ വചനങ്ങളെ സ്വീകരിക്കുവിൻ: 'നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് മനുഷ്യർ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തുവാൻ, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (മത്താ. 5:16).

ഭാരതമാതാവിന്റെ പുത്രീപുത്രന്മാരെ, ഈ വചനങ്ങൾ സ്വീകരിക്കൂ! നിരവധി സംസ്കാരങ്ങളും ഭാഷകളും തലമുറകളും പിന്നിട്ട ഈ പുരാതനമായ നാട്ടിൽ സജീവദൈവത്തിന്റെ സഭയാണ് നിങ്ങൾ. ഈ വാക്കുകൾ സ്വീകരിക്കൂ!

യേശുക്രിസ്തുവിന്റെ വാക്കുകളാണിവ. ലോകരക്ഷകനാണ് നിങ്ങളോട് സംസാരിക്കുന്നത്, അവിടുന്ന് നിങ്ങളോടു

www.malankaralibrary.com



പറയുന്നു: 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്'. 'നിങ്ങൾ ലോകത്തിന്റെ ഉപ്പാണ്.' കൂടാതെ, നമ്മുടെ രക്ഷയുടെ 'മൂലക്കല്ല്' അവിടുന്നാണ്; ദൈവത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ മൂലക്കല്ലാണ് അവിടുന്ന്! ആമ്മേൻ.

റാഞ്ചി ദിവ്യബലിക്കിടയിൽ തൊഴിലാളികളോട്, 1986 ഫെ. 3.

www.malankaralibrary.com

# 10

# കൽക്കട്ട് 'നിർമ്മലഹൃദയ' പ്രാർത്ഥന

സർവ്വശക്തനും നിത്യനുമായ ദൈവമേ,
ദരിദ്രരുടെ പിതാവേ,
രോഗികളുടെ ആശ്വാസമേ,
ആസന്നമരണരുടെ പ്രത്യാശയേ,

അങ്ങയുടെ സ്നേഹമാണല്ലോ ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തെയും നിയന്ത്രിക്കുന്നത്. ആസന്നമരണർക്കും രോഗികൾക്കും സ്നേഹമസൃണമായ ശുശ്രൂഷ നൽകപ്പെടുന്ന ഈ 'നിർമ്മൽ ഹൃദയിൽ' വച്ച് ഞങ്ങളുടെ മനസ്സും ഹൃദയവും ഞങ്ങൾ പ്രാർത്ഥനയിൽ അങ്ങയിലേക്കുയർത്തുന്നു. മനുഷ്യജീവിതമെന്ന സമ്മാനത്തിന്, പ്രത്യേകിച്ച് നിത്യജീവിതം വാഗ്ദാനം ചെയ്തതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ബലഹീനരുടെയും ക്ലേശിതരുടെയും സന്തപ്തഹൃദയരുടെയും സമീപെ അങ്ങുണ്ടെന്ന് ഞങ്ങൾക്കറിയാം.

കരുണാമയനും ദയാർദ്രനുമായ ദൈവമേ, രോഗികളായ ഞങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകൾ അങ്ങ് കേട്ടരുളേണമെ. അങ്ങയുടെ സ്നേഹമസൃണമായ സാന്നിധ്യത്താൽ അങ്ങ് അവരെ ആശ്വസിപ്പിക്കണമെ. നാഥാ, അങ്ങയുടെ തിരുമനസ്സ് ഇതാകുന്നുവെങ്കിൽ, അവർക്കും സൗഖ്യം പകരൂ, ആത്മാവിനും ശരീരത്തിനും പുത്തൻശക്തി പ്രദാനം ചെയ്യൂ.

സ്നേഹപിതാവേ മരണാസന്നരെ അനുഗ്രഹിക്കണമെ. അടുത്തുതന്നെ അങ്ങയെ മുഖാമുഖം ദർശിക്കുവാനിരിക്കുന്ന എല്ലാവരെയും ആശീർവദിക്കണമെ. നിത്യജീവിതത്തിലേക്കുള്ള ഞങ്ങളുടെ പ്രവേശനകവാടമായിട്ടാണ് അങ്ങ് മരണത്തെ രൂപപ്പെടുത്തിയിരിക്കുക എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. മരണമടയുന്ന ഞങ്ങളുടെ സഹോദരീസഹോദരന്മാരെ അങ്ങയുടെ സ്നേഹത്തിൽ സംരക്ഷിക്കുകയും അങ്ങയോടൊത്തുള്ള നിത്യജീവിതത്തിൽ സുരക്ഷിതരായി എത്തിക്കുകയും ചെയ്യണമെ.

എല്ലാ ശക്തിയുടെയും ഉറവിടമായ പിതാവേ, മരണാസന്നരെയും, രോഗികളെയും ശുശ്രൂഷിക്കുന്ന എല്ലാവരെയും സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമെ. ധൈര്യവും

www.malankaralibrary.com



സൗമ്യതയും നിറഞ്ഞ ഒരു മനസ്സ് അവർക്ക പ്രദാനം ചെയ്യുക. സൗഖ്യവും ആശ്വാസവും പകരുന്നതിനുള്ള പരിശ്രമങ്ങളിൽ അങ്ങുതന്നെ അവർക്ക് താങ്ങായിരിക്കുക. രൂപാന്തരീകരിക്കുന്ന അങ്ങയുടെ സ്നേഹത്തിന്റെ ഉജ്ജ്വല അടയാളമായി അവരെ അങ്ങ് രൂപപ്പെടുത്തണമെ.

ജീവന്റെ നാഥനും ഞങ്ങളുടെ പ്രത്യാശയുടെ അടിസ്ഥാനവുമേ, 'നിർമ്മൽ ഹൃദയിൽ' ജീവിക്കുകയും അദ്ധ്വാനിക്കുകയും മരണമടയുകയും ചെയ്യുന്ന എല്ലാവരിലും അങ്ങയുടെ സമൃദ്ധമായ അനുഗ്രഹങ്ങൾ ചൊരിയുക. അങ്ങയുടെ പ്രസാദവരത്താലും ശാന്തിയാലും അവരെ നിറയ്ക്കുക. അങ്ങ് ഒരു സ്നേഹപിതാവാണെന്നും കരുണയുടെയും ആർദ്രതയുടെയും ദൈവമാണെന്നും അവർ കാണട്ടെ. ആമ്മേൻ.

അഗതികൾക്കുവേണ്ടി മദർ തെരേസ നടത്തുന്ന കൽക്കട്ടയിലെ നിർമ്മലഹൃദയയിൽ നടത്തിയ പ്രാർത്ഥന, 1986 ഫെ. 3.

www.malankaralibrary.com

# 11

# 'നിർമ്മലഹൃദയ'യിലെ പ്രഭാഷണം

പ്രിയ സഹോദരീ സഹോദരൻമാരേ,

കൽക്കട്ടയിലെ എൻെറ ആദ്യസന്ദർശനം 'നിർമ്മൽ ഹൃദയ്'' പോലെ സ്നേഹത്തിൻെറ പ്രാഥമ്യം വിളിച്ചോതുന്ന ഒരിടത്തായതിൽ ദൈവത്തിനു ഞാൻ നന്ദിപറയുന്നു.

ഞങ്ങൾക്ക് ഏതുവിധത്തിലാണ് അവിടുത്തോടുള്ള സ്നേഹം ഏററം നന്നായി പ്രകടമാക്കുവാൻ കഴിയുക എന്നതിനെപ്പററി ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഈശോ പറയുകയുണ്ടായി: 'സത്യമായും ഞാൻ നിങ്ങളോടു പറയുന്നു, എൻെറ ഈ ചെറിയ സഹോദരങ്ങൾക്ക് നിങ്ങൾ ചെയ്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത്.' (മത്താ. 25:40). മദർ തെരേസയിലൂടെയും ഉപവിയുടെ പ്രേഷിതരിലൂടെയും (Missionaries of Charity) അതുപോലെ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുള്ള മററനേകരിലൂടെയും സമൂഹം പലപ്പോഴും 'ചെറിയവരെന്ന്'' എഴുതിത്തള്ളുന്ന ഈ സഹോദരങ്ങളിൽ യേശു ആഴമായി സ്നേഹിക്കപ്പെട്ടിരിക്കുകയാണ്.

'നിർമ്മൽ ഹൃദയ്'' സഹനത്തിൻെറ സ്ഥലമാണ്. കഷ്ടപ്പാടും വേദനയും ഈ ഭവനത്തിനു പരിചിതമാണ്. ഇതു് മരണാസന്നരുടെയും അഗതികളുടെയും വീടാണ്. പക്ഷേ, 'നിർമ്മൽ ഹൃദയ്'' പ്രത്യാശയുടെ കേന്ദ്രവുമാണ്. വിശ്വാസത്തിലും ധൈര്യത്തിലും പടുത്തുയർത്തിയിരിക്കുന്ന, സ്നേഹം ഭരണം നടത്തുന്ന, സ്നേഹത്താൽ നിറഞ്ഞിരിക്കുന്ന ഒരു സദനമാണിത്.

മാനവസഹനത്തിൻെറ രഹസ്യവും വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയുമായ രഹസ്യവും 'നിർമ്മൽ ഹൃദയിൽ' വച്ച് സന്ധിക്കുന്നു. ഈ കൂടിക്കാഴ്ചയിൽ മനുഷ്യാസ്തിത്വത്തിലെ അടിസ്ഥാന ചോദ്യങ്ങൾ മുഴങ്ങിക്കേൾക്കാം. വേദനകൊണ്ടു പുളയുന്ന മനസ്സും ശരീരവും മുറവിളി കൂട്ടുന്നു: 'എന്തുകൊണ്ടാണിങ്ങനെ?' 'എന്താണ് സഹനത്തിൻെറ ലക്ഷ്യം?' 'എന്തുകൊണ്ട് ഞാൻ മരിക്കണം?' ഇതിനു് ലഭിക്കുന്ന ഉത്തരം—പലപ്പോഴുമതു് ലഭിക്കുക കാരുണ്യത്തിൻെറയും ആർദ്രതയുടെയും രൂപത്തിൽ ശബ്ദരഹിതമായിട്ടായിരിക്കാം— വിശ്വാസപൂർണവും സത്യസന്ധവുമാണ്: 'നിങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം

www.malankaralibrary.com


പൂർണമായ ഉത്തരം നൽകാൻ എന്നെക്കൊണ്ടാവില്ല; നിങ്ങളുടെ വേദന തുടച്ചുമാററാനും എനിക്കാവില്ല. പക്ഷേ ഒന്നെനിക്കു തീർച്ചയാണ്; ദൈവം നിങ്ങളെ അനന്തമായി സ്നേഹിക്കുന്നു. അവിടുത്തെ ദൃഷ്ടിയിൽ നിങ്ങൾ വിലപ്പെട്ടവരാണ്. അവിടുന്നിൽ നിങ്ങളെ ഞാനും സ്നേഹിക്കുന്നു. എന്തെന്നാൽ ദൈവത്തിൽ നാം സഹോദരീസഹോദരന്മാരാണ്''.

ഓരോ മനുഷ്യവ്യക്തിയുടെയും പരമമായ മാഹാത്മ്യത്തെ പ്രഘോഷിക്കുകയാണ് 'നിർമ്മൽ ഹൃദയ്''. മനുഷ്യൻെറ മൂല്യം അളക്കപ്പെടുക അവൻെറ കഴിവുകളുടെയോ പ്രയോജനത്തിൻെറയോ, ആരോഗ്യത്തിൻെറയോ, അനാരോഗ്യത്തിൻെറയോ, ജാതിയുടെയോ, മതത്തിൻെറയോ, പ്രായത്തിൻെറപോലുമോ അടിസ്ഥാനത്തിലല്ല എന്ന സത്യത്തിനു് ഇവിടെ നൽകപ്പെടുന്ന സ്നേഹോഷ്മളമായ സംരക്ഷണം സാക്ഷ്യംനൽകുന്നു. ആരുടെ ഛായയിലാണോ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്, ആ ദൈവത്തിൽ നിന്നാണ് നമ്മുടെ മനുഷ്യമാഹാത്മ്യം പുറപ്പെടുക. ഒരു തോതിലുമുള്ള സഹനത്തിനും ദാരിദ്ര്യത്തിനും ഈ മാഹാത്മ്യം എടുത്തുമാററാൻ സാധ്യമല്ല. കാരണം, ദൈവത്തിൻെറ ദൃഷ്ടിയിൽ നാമെപ്പോഴും വിലപ്പെട്ടവരാണ്.

വിശുദ്ധ യോഹന്നാൻ ശ്ലീഹാ പറയുന്നു: 'നമ്മുടെ സ്നേഹം വെറും വാക്കിലും സംസാരത്തിലുമാകാതെ യഥാർത്ഥവും സജീവവുമായിരിക്കട്ടെ.' (1 യോഹ. 3:18). വിശുദ്ധ യോഹന്നാൻെറ ഈ വാക്കുകൾ നമ്മെ ഒരോരുത്തരെ സംബന്ധിച്ചിടത്തോളം സത്യമായിത്തീരട്ടെ. ഇവിടെ 'നിർമ്മൽ ഹൃദയിൽ' നാം കണ്ടെത്തുന്ന ധീരമായ സ്നേഹവും സജീവമായ വിശ്വാസവും നമ്മിലും യഥാർത്ഥവും സജീവവുമായ അതേ സ്നേഹം ഉണർത്തട്ടെ.

'നിർമ്മൽ ഹൃദയ'യിലെ മരണാസന്നരായ അഗതികളെ സന്ദർശിച്ചശേഷം ചെയ്ത പ്രഭാഷണം 1986, ഫെ. 3.

www.malankaralibrary.com

# 12

# കൽക്കട്ട ക്രൈസ്തവ നേതാക്കളോട്

ക്രിസ്തുവിൽ പ്രിയ സഹോദരൻമാരേ,

12.1. 'പിതാവായ ദൈവത്തിൻെറയും കർത്താവായ യേശുക്രിസ്തുവിൻെറയും കൃപയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ' (റോമ. 1:7).

എൻെറ സഹക്രൈസ്തവരേ, നിങ്ങളുടെ നാട്ടിലേക്കുള്ള എൻെറ ആദ്യത്തെ ഈ സന്ദർശനത്തിൽ നിങ്ങളെ അഭിവാദ്യം ചെയ്യുക സന്തോഷകരമാണ്. ഒരേ കർത്താവിൻെറ അനുയായികളെന്ന നിലയിൽ അതു സൂചിപ്പിക്കുന്ന കൂട്ടായ്മയോടും അന്യോന്യ അംഗീകാരത്തോടും ഇപ്രകാരം ഒരു സന്ദർശനം നടത്തുവാൻ സാധിച്ചതിൽ ഞാൻ ദൈവത്തിനു നന്ദി പറയുകയാണ്.

ഐക്യത്തിനായി വേണ്ടത്ര മുൻകയ്യെടുത്തു പ്രവർത്തിക്കുന്ന ഒരു പാരമ്പര്യം നിങ്ങൾക്ക് ഭാരതത്തിലുണ്ട്. ഭാരതത്തിൽ മാത്രമല്ല, അന്തർദ്ദേശീയതലത്തിൽ പോലും സഭൈക്യ പ്രസ്ഥാനത്തിന് നേതാക്കളെ പ്രദാനം ചെയ്തിട്ടുള്ളവരാണ് നിങ്ങൾ. ഇവയെല്ലാം എൻെറ ഹൃദയത്തിലുണർത്തുക ഉള്ളഴിഞ്ഞൊരു പ്രതികരണമാണ്. മുൻപൊരിക്കൽ ഞാൻ പറഞ്ഞിട്ടുള്ളതുപോലെ, 'റോമാ മെത്രാനെ വളരെ സവിശേഷമായ രീതിയിൽ ബാധിക്കുന്ന ഒന്നാണ് സഭയുടെ ഐക്യം' (ജൂൺ 28,1985). അതുകൊണ്ടാണ് സഭൈക്യത്തെ സംബന്ധിച്ച ഉത്തരവാദിത്വത്തിന് കത്തോലിക്കാസഭയുടെ അജപാലന ദൗത്യത്തിൽ കാര്യമായ മുൻതൂക്കം കൊടുക്കണമെന്നു നിഷ്ക്കർഷിച്ചുകൊണ്ട്, സഭാതനയരെ ഇക്കാര്യത്തിൽ തുടർന്നും ഞാൻ പ്രോത്സാഹിപ്പിക്കുന്നത്. 'ഐക്യത്തിനായുള്ള സംരംഭത്തെ വളരെ ഫലപ്രദമായ രീതിയിൽ സേവിക്കാനായി നമ്മുടെ സഹകരണം വർധിപ്പിക്കുന്നതിന്'' (Ibid) ഭാരതത്തിൽ നമുക്ക് സാധിക്കട്ടെ എന്നു ഞാൻ പ്രത്യാശിക്കുന്നു.

12:2. ഇത്തരം സഹകരണത്തിന് ഒരിക്കലും അതിൽ തന്നെ നിലനിൽക്കാനാവില്ല. വിശ്വാസപ്രഖ്യാപനത്തിൽ നമ്മെ അകററി നിർത്തുന്ന പ്രശ്നങ്ങളെ പരിഹരിക്കാൻ പോന്ന

www.malankaralibrary.com



ദൈവശാസ്ത്ര ചർച്ചകളാൽ പ്രേരിതവും നയിക്കപ്പെടുന്നതുമായിരിക്കണം നമ്മുടെ സഹകരണം. സ്നേഹത്തിന്റേതായ അന്തരീക്ഷത്തിൽ സത്യം വെളിപ്പെടുത്തുവാനും വിശുദ്ധർക്ക് എന്നേയ്ക്കുമായി നൽകപ്പെട്ടിരിക്കുന്ന വിശ്വാസത്തെ (യൂദാ. 3) പൊതുവായ സഹകരണത്തിലൂടെ ആഴപ്പെടുത്തുവാനുമാണ് ചർച്ചകളിൽ ഒരുവൻ പരിശ്രമിക്കേണ്ടത്. സഭകളുടെ ഐക്യപരിശ്രമങ്ങളെ നാം കാര്യമായി പരിഗണിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ഇത് അത്യന്താപേക്ഷിതമായ ഒരു ദൗത്യമാണ്. 'സഭയുടെ കൂട്ടായ്മയെ പ്രകടമാക്കുന്ന ഏറ്റം അടിസ്ഥാനപരമായ ഒരു ഘടകമാണ് വിശ്വാസപ്രഖ്യാപനത്തിലുള്ള നമ്മുടെ ഐക്യം' (Ibid).

12.3. ഇങ്ങനെയുള്ള സംഭാഷണങ്ങൾ തീർച്ചയായും സഹകരണ പരിശ്രമങ്ങളിലൂടെയും സാധിക്കുന്നിടത്തെല്ലാം പൊതുവായ സാക്ഷ്യത്തിലൂടെയും, സർവോപരി തീക്ഷ്ണമായ പ്രാർത്ഥനയും മനപരിവർത്തനവും വഴിയായും പരിപോഷിപ്പിക്കപ്പെടുകയും പ്രകടിപ്പിക്കപ്പെടുകയും വേണം. ഉദാരതയോടും വിവേകത്തോടുംകൂടി ഐക്യത്തിനായി അദ്ധ്വാനിക്കുവാൻ ഭാരതത്തിലെ എല്ലാ ക്രൈസ്തവരും ദൈവാത്മാവിനാൽ പ്രേരിതരാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

എന്നെ അഭിവാദ്യം ചെയ്യുവാനായി ഇവിടെ എത്തിയതിന് ഞാൻ നിങ്ങളോടു കൃതജ്ഞനാണ്. നിങ്ങൾ നൽകിയ എല്ലാ നല്ല ആശംസകളും അതേ വാക്കുകളിൽ നിങ്ങൾക്കും ഞാൻ നേരുന്നു. അതോടൊപ്പം യേശുക്രിസ്തുവിനെപ്രതിയും, രക്ഷാകരമായ സ്നേഹം അവിടുന്നുകൊണ്ടുവന്ന ഈ ലോകത്തെ പ്രതിയും നിങ്ങൾ ചെയ്യുന്ന എല്ലാ സേവനത്തിലും ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. അവിടുന്ന് നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും നിങ്ങൾ സേവിക്കുന്ന എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കൽക്കട്ടയിലെ സെന്റ് സേവ്യേഴ്സ് കോളജിൽ വിവിധ ക്രൈസ്തവസമൂഹങ്ങളുടെ നേതാക്കളോട്
1986 ഫെ. 3

www.malankaralibrary.com

# 13

# കൽക്കട്ട : സാമൂഹ്യപ്രവർത്തകരോട്

പ്രിയ സ്നേഹിതരെ,

കൽക്കട്ട നഗരത്തിൻെറയും, ബംഗാളിൻെറയും, ഭാരതത്തിൻെറയും മതസാംസ്ക്കാരിക സാമൂഹ്യമണ്ഡലങ്ങളിലെ പ്രഗൽഭരായ നിങ്ങളെ അഭിമുഖീകരിക്കാൻ ലഭിച്ച ഈ അവസരത്തിൽ ഞാൻ പ്രത്യേകം സന്തുഷ്ടനാണ്.

13.1. ബംഗാളിൻെറ, ഭാരതത്തിൻെറ മുഴുവൻ തന്നെയും ആദ്ധ്യാത്മിക ചേതനയെ ഞാൻ അഭിവാദ്യം ചെയ്യുന്നു. നിങ്ങളിൽ ഈ നാടിൻെറ ധന്യമായ സംസ്ക്കാരത്തെ അഭിവന്ദിക്കുന്നു. ഇന്നാട്ടിലെ മൂവായിരത്തിൽപ്പരം വർഷങ്ങളിലെ നിരന്തരമായ കലാ സാംസ്ക്കാരിക മത ജീവിതത്തിൻെറ അവകാശികളാണ് നിങ്ങൾ. മാനവചേതനയെ മഹത്തായ രീതിയിൽ പരിചരിച്ച അനവധി ഉൽകൃഷ്ടരായ സ്ത്രീപുരുഷന്മാർ ഉണ്ടായിട്ടുണ്ടിവിടെ. അവരുടെ വിജ്ഞാനവും, വിവേകവും, മനുഷ്യ മനസ്സിൻെറ ആഴമായ അഭിനിവേശങ്ങൾ സംവേദിച്ചറിയാനുള്ള കഴിവും, അമൂല്യങ്ങളായ കലാനേട്ടങ്ങളുമാണ് അവരെ ആദരണീയരാക്കുക.

ഭൂതകാല നേട്ടങ്ങൾ മാത്രമല്ല, ആധുനിക ബംഗാളിൻെറയും, ഭാരതത്തിൻെറയും നേട്ടങ്ങളെ നിങ്ങളിൽ ആദരാതിശയത്തോടുകൂടിത്തന്നെ ഞാൻ അംഗീകരിക്കുന്നു. നിങ്ങളുടെ സഹപൗരന്മാർക്കുവേണ്ടി വിവിധതരം സേവനങ്ങളിൽ നിരതരായ നിങ്ങളോടുള്ള കൂട്ടായ്മയുടെതായ വികാരങ്ങളോടെ, ഒരു സൗഭ്രാത്ര സംഭാഷണത്തിൻെറ മനോഭാവത്തോടെ ഈ കൂടിക്കാഴ്ചക്കുവേണ്ടി ഞാൻ കാത്തിരിക്കുകയായിരുന്നു.

ദാർശനിക ലോകത്തും ശാസ്ത്ര രംഗത്തും പ്രവർത്തിക്കുന്നവരോട് രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ച കാര്യങ്ങൾ നിങ്ങളോടൊത്തു പങ്കുവയ്ക്കുവാൻ ഞാനാഗ്രഹിക്കുന്നു: 'സത്യം കണ്ടെത്തിയശേഷം അതിൽ നവംനവങ്ങളായ വശങ്ങൾ ദർശിക്കുന്നതിനും അതിനെ കൂടുതൽ ആഴത്തിൽ ഗ്രഹിക്കുന്നതിനും മററുള്ളവർക്കു പകർന്നു കൊടുക്കുന്നതിനും പരിശ്രമിക്കുന്നവർ സൗഭാഗ്യവാന്മാരാണ്. സത്യം കണ്ടെത്താൻ ഇതുവരെയും സാധിക്കാതെ നിഷ്ക്കളങ്ക ഹൃദയത്തോടെ അ

www.malankaralibrary.com



നേഷണം തുടർന്നുകൊണ്ടിരിക്കുന്നവരും ഭാഗ്യവാന്മാർതന്നെ. പരിപൂർണ്ണപ്രകാശം കണ്ടെത്തുംവരെ ഇന്നുള്ള പ്രകാശംകൊണ്ടു നാളത്തെ പ്രകാശത്തെ അവർ അന്വേഷിക്കട്ടെ' (ഉപസംഹാര സന്ദേശം).

ഇതായിരിക്കട്ടെ നമ്മുടെ പൊതുവായ പ്രത്യാശയും പ്രാർത്ഥനയും!

13.2. ഇന്നുച്ചതിരിഞ്ഞു കാളിഘട്ടിലുള്ള 'മരണാസന്നരുടെ ഭവനമായ' നിർമ്മൽ ഹൃദയ് ഞാൻ സന്ദർശിച്ചു.

ലോകത്തിലെ ഏതൊരു രാഷ്ട്രത്തിലും, നഗരത്തിലും, പട്ടണത്തിലും, ഗ്രാമത്തിലും, ഏതൊരു ഭവനത്തിലും ഏതൊരു മനുഷ്യ ജീവിതത്തിലും ദുഃഖമെന്ന നിത്യയാഥാർത്ഥ്യത്തെ നാം അഭിമുഖീകരിക്കേണ്ടതുണ്ട്. മാനവചരിത്രത്തിന്റെ 'അലിഖിതമായ പുസ്തകം' നിരന്തരം ചിത്രീകരിക്കുന്ന പ്രമേയം ദുഃഖമാണ്.

വ്യക്തികളും സമൂഹങ്ങളും, ജനതതി മുഴുവനുംതന്നെ, തങ്ങളും പങ്കുവയ്ക്കേണ്ടതാണ് എന്നു തോന്നുന്ന ഏതെങ്കിലും നന്മ കാണുകയും അതു കൈവഴുതിപ്പോവുകയും ചെയ്യുമ്പോൾ ദുഃഖിക്കുന്നു. ഈ ദുഃഖം ചിലപ്പോൾ രൂക്ഷമാകാറുമുണ്ട്. ചില ചരിത്രമുഹൂർത്തങ്ങളിൽ മാനവകുടുംബം പേറേണ്ടി വരുന്ന വേദനാഭാരം ആശ്വാസം ദുസാദ്ധ്യമാക്കുന്ന ഘട്ടംവരെ വർദ്ധിക്കുന്നതായിതോന്നുന്നു.

നമ്മുടെ സമകാലീന ലോകത്തിന്റെ പ്രശ്നങ്ങളെക്കുറിച്ചു ചർച്ചചെയ്യുമ്പോൾ ഞാനൊരിക്കൽ പറയുകയുണ്ടായി. 'മുൻകാലങ്ങളെ അപേക്ഷിച്ചു നമ്മുടെ ലോകം മാനവാദ്ധ്വാനത്തിന്റെ ഫലമായുണ്ടായ പുരോഗതിവഴി രൂപാന്തരപ്പെട്ടിരിക്കുകയാണ്. അതേസമയം തന്നെ മനുഷ്യന്റെ അതിക്രമങ്ങളും തെറ്റുകളും വഴി മുൻപെന്നത്തേക്കാളുമുപരി അപകടത്തിലുമാണ്'' (Ibid).

ദുഃഖം കൂടെയെത്തുന്ന ഭയത്തോടും നിരാശയോടുമൊപ്പം ഏററം നാടകീയവും രൂക്ഷവുമാവുക 'എന്തുകൊണ്ട്?' എന്ന ചോദ്യത്തിനു തൃപ്തമായ ഉത്തരം ലഭിക്കാതെ വരുമ്പോഴാണ്.

ദുഃഖവും വേദനയും അനുഭവിക്കുന്ന കാര്യത്തിൽ എല്ലാ മനുഷ്യരും ഐക്യപ്പെട്ടിരിക്കുന്നതുപോലെ തന്നെ, ബൗദ്ധിക കലാമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന സന്മനസ്സുള്ളവർ ഇക്കാലഘട്ടത്തിന്റെ സ്ഥായിയായ വെല്ലുവിളികളെ നേരിടുന്നതിനായി നൂതനമായ ഒരു കൂട്ടായ്മയിൽ ഒത്തുചേരണമെന്നതാണ് എന്റെ ശക്തമായ വിശ്വാസം. ഈ അർത്ഥത്തിൽ, നിങ്ങളുടെ മാതൃരാജ്യത്തിന്റെ ക്ഷേമം ഉറപ്പു വരുത്താനുള്ള തികച്ചും സവിശേഷമായ ഒരു ചുമതല നിങ്ങളിൽ നിക്ഷിപ്തമാണ്,

www.malankaralibrary.com



അറിവിൻെറയും സാങ്കേതികതയുടെയും മണ്ഡലത്തിലു ണ്ടായ പുരോഗതി മാനവകുടുംബത്തെ പുതിയൊരു അവസ്ഥ യിലേക്കാണ് തള്ളിവിട്ടിരിക്കുന്നത്. ഈ ചുററുപാടിൽ പുണ്യാ ത്മാക്കളുടെയും യോഗീവര്യന്മാരുടെയും മാർഗദർശനത്താൽ മാനവസമുദായം മെനഞ്ഞെടുത്ത ഏററം ഉൽകൃഷ്ടമായ ദർശ നവും കാഴ്ചപ്പാടും ആവശ്യമായിരിക്കുന്നു. പുതിയൊരു സം സ്കാരം ജന്മമെടുക്കുന്നതിനുള്ള ബദ്ധപ്പാടിലാണ്. ദൈവിക ഛായയിൽ സൃഷ്ടിക്കപ്പെട്ട ഓരോ മനുഷ്യവ്യക്തിയുടെയും ശാശ്വ തമായ മാഹാത്മ്യത്തെ മനസ്സിലാക്കുകയും ആദരിക്കുകയും ചെ യ്യുന്ന ഒരു സംസ്ക്കാരം; ന്യായമായ വ്യത്യാസങ്ങൾക്ക് വേണ്ടു ത്ര അവസരമുള്ള, അഭിപ്രായവ്യത്യാസങ്ങൾ ഏററുമുട്ടലില്ലാതെ തുറന്ന സംഭാഷണത്തിലൂടെ ഒത്തുതീർപ്പിലെത്തുന്ന സമാധാന ത്തിൻെറയും നീതിയുടെയുമായ ഒരു സംസ്ക്കാരം.

13.3. മതനേതാക്കൾ പ്രത്യേകിച്ചും, മനുഷ്യൻെറ ആവ ശ്യങ്ങളോടും ആകുലതകളോടും പ്രതികരിക്കാൻ കഴിവുള്ളവ രാകണം. 'മനുഷ്യൻ വിവിധ മതങ്ങളിലേക്കു ഉററുനോക്കുക അവൻെറ ഹൃദയത്തെ പണ്ടെന്നപോലെ ഇന്നും ആഴത്തിൽ ഉല യ്ക്കുന്ന അത്യന്തനിഗൂഢതകൾക്ക് ഉത്തരം കണ്ടെത്തുവാനാണ്. എന്താണ് മനുഷ്യൻ? നമ്മുടെ ജീവിതത്തിൻെറ അർത്ഥവും ല ക്ഷ്യവും എന്താണ്? നന്മയും തിന്മയും എന്താണ്? എന്താണ് നമ്മുടെ ദുഃഖത്തിൻെറ കാരണം, എന്തിനുവേണ്ടി? യഥാർത്ഥ ആനന്ദത്തിലേക്കുള്ള പാത എവിടെയാണ്? (Nostra Aetate).

ഈ ചോദ്യങ്ങളുടെ പശ്ചാത്തലത്തിൽ, ഇവയ്ക്കുള്ള ഉത്ത രമെന്ന നിലയിൽ വിവിധ ദർശനങ്ങളും മതപാരമ്പര്യങ്ങളും തമ്മിൽസംഭാഷണങ്ങൾക്ക് വ്യാപകമായ മേഖല തുറക്കുന്ന തോടൊപ്പം, വികസനപ്രക്രിയയും സമുദ്ധാരണശ്രമങ്ങളും അഭി മുഖീകരിക്കുന്ന വെല്ലുവിളികളോട്, പ്രത്യേകിച്ച് തീർത്തും നിർദ്ധനരായവരോട്, അനുഭവവേദ്യമായ രീതിയിൽ പ്രതികരി ക്കുവാൻ ആവശ്യമായ പരസ്പര സഹകരണത്തിൻെറ മേഖല കളും തുറക്കുന്നു.

പുണ്യാത്മാക്കളും എല്ലാ യഥാർത്ഥ മതാവലംബികളും സങ്കടപ്പെടുന്നവരോടും ദരിദ്രരോടുമുള്ള ശക്തവും ക്രിയാത്മക വുമായ ആർദ്രതയാൽ നിറഞ്ഞവരായിരുന്നു. നമ്മുടെ ഈ കാലഘട്ടത്തിൽ, മതപരവും സാമൂഹ്യവുമായ നമ്മുടെ മനസ്സാ ക്ഷി, വ്യക്തികളുടെയും സമൂഹങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരിശ്രമിക്കുന്നതിനോടൊപ്പം തന്നെ, വികസിതമേഖലകളും അവയെ ആശ്രയിക്കാൻ നിർബന്ധി തരാകുന്ന അവികസിത മേഖലകളും തമ്മിൽ വളർന്നുകൊണ്ടി രിക്കുന്ന അസമത്വം, നാശം വിതച്ച് മരണം കൊയ്യുന്ന ഭീകര

www.malankaralibrary.com



ങ്ങളായ ആയുധങ്ങളുടെ ഉല്പാദനത്തിനായി അത്യാവശ്യ വിഭവങ്ങളെ തിരിച്ചുവിടുന്നതിലെ അനീതി മുതലായ വെല്ലുവിളികളെ നേരിടേണ്ടി വരുന്നു.

എല്ലാത്തരത്തിലുമുള്ള ജീവന്റെ ഔന്നത്യത്തെക്കുറിച്ചും മൂല്യത്തെക്കുറിച്ചും നമ്മെ പഠിപ്പിക്കുന്ന നമ്മുടെ മതവിശ്വാസങ്ങൾ സന്മനസ്സുള്ളവരുടെ, പ്രധാനമായും പാവപ്പെട്ടവരുടെ സംരംഭങ്ങളിൽ നമ്മുടെ ശേഷിയെ നിക്ഷേപിക്കുന്നതിനു് നമ്മെ പ്രേരിപ്പിക്കുന്നു. കൂട്ടത്തിൽ, മനുഷ്യനിർമ്മിതമായ ദാരിദ്ര്യത്തിനും കഷ്ടപ്പാടുകൾക്കും കാരണമായ മനോഭാവങ്ങളെയും സംവിധാനങ്ങളെയും തുടച്ചുമാററുന്നതിനുവേണ്ടി നമ്മുടെ സഹായഹസ്തം എത്തിക്കുവാനും ഇതു നമ്മെ പ്രചോദിപ്പിക്കുന്നു. ഇതു സാധിക്കണമെങ്കിൽ ഭാവനയുടെയും ബുദ്ധിവൈഭവത്തിന്റെയും ശക്തമായ കരുതൽ നിക്ഷേപം ആവശ്യമാണു്. സത്യാന്വേഷണത്തിന്റെ തലത്തിൽ നിങ്ങൾ നൽകുന്ന സംഭാവനകൾ ഇവിടെ സുപ്രധാനങ്ങളാണു്. ബുദ്ധിജീവികൾ, ചിന്തകന്മാർ എഴുത്തുകാർ, ശാസ്ത്രജ്ഞൻ, കലാകാരന്മാർ എന്നീ നിലകളിൽ സത്യത്തിന്റെ ശക്തിയെ മാനവസേവനത്തിനായി തുറന്നുവിടുന്നതിൽ നിങ്ങൾ ഉത്സുകരായിരിക്കണം. 'സത്യത്തിനുവേണ്ടിയല്ലാതെ സത്യത്തിനെതിരായി ഒന്നും പ്രവർത്തിക്കാൻ നമുക്കു കഴിയില്ല' (2 കൊറി. 13:8) എന്നു പറഞ്ഞ താർസൂസിലെ പൗലോസിന്റെ ബോധ്യം നിങ്ങൾക്കുമുണ്ടെന്നു് എനിക്കു തീർച്ചയുണ്ടു്. ഇതു് വാസ്തവത്തിൽ പൗരാണികങ്ങളായ ഉപനിഷത്തുക്കളിൽ കുറിച്ചുവസ്തപ്പെട്ടിട്ടുള്ളതും ആദരണീയമായ നിങ്ങളുടെ നാടിന്റെ മുദ്രാവാക്യമായി ഉയർത്തിപ്പിടിക്കപ്പെടുന്നതുമായ ആ സത്യത്തിന്റെ ഒരു പ്രതിധ്വനിയാണു്: 'സത്യമേവ ജയതേ'— സത്യം മാത്രം ജയിക്കുന്നു (മുണ്ഡക ഉപനിഷത്തു് 3,1,6).

ഈ നഗരവുമായി ബന്ധപ്പെട്ട വിഖ്യാതരായ വ്യക്തികളിൽ ഒരാളായ സ്വാമി വിവേകാനന്ദൻ ഒരിക്കൽ പറയുകയുണ്ടായി: 'മനുഷ്യസ്നേഹം ദൈവസേവനമാണു്.' സഹോദരസ്നേഹത്താൽ പ്രചോദിതരായി നമ്മുടെ സഹോദരന്മാരിലേക്കും സഹോദരിമാരിലേക്കും നാം ഇറങ്ങിച്ചെല്ലുമ്പോൾ നാം കൊടുക്കുന്നതിലുപരിയായി അവരിൽനിന്നു് സ്വീകരിക്കുകയാണു് എന്നതു് ആഴമായ ഒരു ധാർമ്മിക ദർശനമാണു്. ഈ ആന്തരിക ദർശനം ആഴമായ വിധത്തിൽ തന്നെ ഭാരതീയവുമാണു്. നിങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങളും മതാചാര്യന്മാരുമാണു് അതിനു് സാക്ഷികൾ.

എല്ലാവർക്കും കൂടുതൽ നീതി ഉറപ്പുവരുത്തുന്നതിനുള്ള വികസനപ്രക്രിയയിൽ കത്തോലിക്കാസഭക്കുള്ള സമർപ്പണം

www.malankaralibrary.com



തറപ്പിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ലക്ഷ്യത്തിനായി പൂർണമനസ്സോടുകൂടി പ്രവർത്തിക്കാൻ ബംഗാളിലെയും ഭാരതം മുഴുവനിലെയും കത്തോലിക്കരെ ഞാൻ ആഹ്വാനം ചെയ്യുന്നു. അതോടൊപ്പം സ്നേഹത്തിന്റെയും ശാന്തിയുടെയുമായ ഒരു പുത്തൻ സംസ്ക്കാരം കെട്ടിപ്പടുക്കുന്നതിന് എല്ലാ മതവിഭാഗങ്ങളുടെ അനുയായികളും ഒത്തുചേരുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

13.4. വിദ്യാഭ്യാസം, കല, ശാസ്ത്രം മുതലായ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ പ്രതിനിധികളും, മതനേതാക്കന്മാരുമടങ്ങിയ നിങ്ങളോടു സംസാരിക്കുമ്പോൾ, നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന വൈവിധ്യമാർന്ന സാംസ്ക്കാരിക ജീവിതത്തോട് കത്തോലിക്കസഭയ്ക്കുള്ള മതിപ്പ് ഊന്നിപ്പറയാതിരിക്കാൻ എനിക്കു സാധിക്കുകയില്ല. നൂറ്റാണ്ടുകളിലൂടെയുള്ള ഭാരതസംസ്ക്കാരത്തിന്റെ ചരിത്രത്തിൽ സവിശേഷമായി തെളിഞ്ഞു കാണുന്ന രചനാത്മകമായ അതിന്റെ സമ്പന്നതയിൽ സഭ സന്തോഷിക്കുന്നു. ഈ കാലഘട്ടങ്ങളിലെല്ലാം, വിവിധങ്ങളായ ആവിഷ്ക്കരണങ്ങൾക്കിടയിലും, വിസ്മയനീയമായ അവിച്ഛിന്നതയും സൂക്ഷ്മമായ ഐക്യവും അതു കാത്തുസൂക്ഷിച്ചിട്ടുണ്ട്. ഈ സംസ്ക്കാരം വാർത്തെടുത്തിട്ടുള്ള നിരവധി മഹർഷികളും മനീഷികളും, കവികളും കലാകാരന്മാരും, ദാർശനികരും രാജ്യതന്ത്രജ്ഞരുമെല്ലാം ഇതിന്റെ സജീവതയെയും പ്രസക്തിയെയുമാണ് ചൂണ്ടിക്കാട്ടുക.

അതേ, മനുഷ്യവർഗത്തിനു നിങ്ങൾ നൽകിയ സംഭാവനകളെ ആശ്ചര്യത്തോടുകൂടിയാണ് സഭ നോക്കിക്കാണുന്നത്. അതോടൊപ്പം സന്മാർഗത്തെയും സന്യാസത്തെയും സംബന്ധിച്ച നിങ്ങളുടെ പല വീക്ഷണങ്ങളിലും സഭ നിങ്ങളോടൊത്തു ചിന്തിക്കുന്നുണ്ട്, കാലാകാലങ്ങളിൽ നിങ്ങളുടെ സംസ്ക്കാരത്തിലൂടെ പ്രകടിപ്പിക്കപ്പെടുന്നതും വിദ്യാഭ്യാസത്തിലൂടെ പകർന്നു കൊടുക്കുന്നതുമായ മനുഷ്യന്റെ ആത്മീയ വീക്ഷണത്തെ സഭ വളരെ ബഹുമാനിക്കുന്നു. ക്രിസ്തുമതം ആരംഭം മുതലേ ഭാരതീയ മണ്ണിലും ഭാരതീയ മനസ്സുകളിലും അലിഞ്ഞുചേർന്നു എന്നതിൽ അവൾ സന്തുഷ്ടയാണ്.

തീർച്ചയായും, സംസ്ക്കാരമെന്നാൽ ഒരു ജനസമൂഹത്തിന്റെ ആത്മീയ അനുഭൂതികളുടെയും അഭിലാഷങ്ങളുടെയും മൂർത്തരൂപമാണ്. ഇതു് ഓരോ മനുഷ്യസമൂഹത്തിന്റെയും ആന്തരികമായ, തനതായ ഗുണവിശേഷങ്ങളെ ചെത്തിമിനുക്കുകയും അവയുടെ ചുരുളഴിക്കുകയുംചെയ്യുന്നു. സാമൂഹ്യജീവിതത്തെ കൂടുതൽ മാനുഷികവും പൊതുനന്മയ്ക്കു് കൂടുതൽ ഉതകുന്നതുമാക്കാൻ പരിശ്രമിക്കുന്ന ആചാരങ്ങളെയും വ്യവസ്ഥകളെ

www.malankaralibrary.com



ശ്യം സൃഷ്ടിക്കുന്നതും ഇതുതന്നെയാണ്. ഇതു് നിരവധി കലാരൂപങ്ങളിലൂടെ സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനും പ്രത്യക്ഷരൂപം നൽകുന്നു (cf. സഭ ആധുനികലോകത്തിൽ, 53 ff).

ഈ അവസരത്തിൽ, ബംഗാളിന്റെയും കൽക്കട്ടയുടെയും സാംസ്ക്കാരിക പാരമ്പര്യത്തെക്കുറിച്ചു് സൂചിപ്പിക്കുന്നതു് ഉചിതമായിരിക്കും. പൊതുവായ സംസ്ക്കാരത്തിനു് തങ്ങളുടേതായ നിശ്ചിതസംഭാവനകൾ സമ്മാനിക്കുന്ന വിവിധ വംശസമൂഹങ്ങളാൽ അനുഗൃഹീതമാണു് കൽക്കട്ടയും ബംഗാളും.

പ്രകൃതി ദുരന്തവും, രാഷ്ട്രീയ സംഭവവികാസങ്ങളും മൂലം ഞെട്ടിക്കുന്ന അനുഭവങ്ങളുടെ ഒരു പരമ്പരതന്നെ ഉണ്ടായിട്ടും ബംഗാളിന്റെ കലാപരവും സാംസ്ക്കാരികവുമായ ജീവിതം തഴച്ചുവളർന്നുകൊണ്ടിരിക്കുന്നു എന്ന കാര്യം ഏവർക്കും അറിവുള്ളതാണു്. ഗാനം, കവിത, നാടകം, നൃത്തം, ചിത്രമെഴുത്തു് മുതലായ മാധ്യമങ്ങളിലൂടെ ജനജീവിതത്തിൽ ലയിച്ചുചേർന്നിരിക്കുന്ന മൗലികങ്ങളായ മൂല്യങ്ങളെ പ്രകടിപ്പിക്കുകയാണു് ഈ സംസ്ക്കാരം. ഇവിടത്തെ മണ്ണിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള ഒരു സംസ്ക്കാരമാണിതു്. ഇവിടത്തെ ഹൃദ്യമായ ആതിഥ്യമര്യാദകളും, മററുള്ളവരോടുള്ള തുറന്ന മനോഭാവവും, കുടുംബത്തിന്റെ കെട്ടുറപ്പുമെല്ലാം ഒരുവനു ശ്രദ്ധിക്കാവുന്നതേയുള്ളു.

വലിയ ക്ലേശങ്ങളുടെയും സാമൂഹ്യപ്രതിസന്ധികളുടെയും പശ്ചാത്തലത്തിൽ, പ്രത്യാശയുടെ ശക്തിയിലും ദൈവസഹായത്താൽ മനുഷ്യചേതന നേടുന്ന വിജയത്തിലും വിശ്വസിക്കാൻ ഇതു നമ്മെ സഹായിക്കുന്നുണ്ടു്.

13.5. അധുനിക വിദ്യാഭ്യാസം വൻതോതിൽ ആവിഷ്ക്കരിക്കാൻ ആദ്യം മുൻപോട്ടു വന്നവരിൽ ബംഗാളും ഉണ്ടായിരുന്നുവെന്നു ഈ സന്ദർശനത്തിനായി ഒരുങ്ങുന്ന അവസരത്തിൽ എനിക്കു് അറിയുവാൻ സാധിച്ചു. അതുകൊണ്ടു് വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ നിങ്ങൾ നേരിടേണ്ടതില്ല എന്നുപറയുന്നില്ല. വാസ്തവത്തിൽ ഈ പ്രശ്നങ്ങളെ ചങ്കുററത്തോടെ, യുക്തിസഹമായി നേരിടുന്നതിലൂടെ നിങ്ങളുടെ ആധ്യാത്മികവും ബൗദ്ധികവുമായ മണ്ഡലങ്ങളിൽ നിങ്ങൾക്കുള്ള നേതൃത്വത്തിന്റെ സമഗ്രത നിങ്ങൾ പ്രകടിപ്പിക്കുക.

ക്രൈസ്തവസഭകൾ അവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി ബംഗാളിന്റെ സാംസ്ക്കാരിക പുരോഗതിക്കു് വേണ്ട സംഭാവന ചെയ്തിട്ടുണ്ടു് എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഭാരതത്തിലെ കത്തോലിക്കരായ വിദ്യാഭ്യാസപ്രവർത്തക

www.malankaralibrary.com



ന്റെ ഒരു കാര്യം ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളുടെ, പ്രത്യേകിച്ച് പാവപ്പെട്ടവരുടെയും യുവജനങ്ങളുടെയും, സമഗ്രക്ഷേമം ഉറപ്പുവരുത്തുവാനുള്ള ആഹ്വാനത്തെപ്പറ്റി വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അവബോധം ഉണർത്തിക്കൊണ്ട്, നിങ്ങളുടെ സ്കൂളുകളെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും നീതിയുടെ സേവനത്തിനുതകുന്ന, സാമൂഹ്യ വികസനത്തെയും സൗഹാർദ്ദത്തെയും സഹായിക്കുന്ന ഉപകരണങ്ങളാക്കി മാററുക.

ഈ ചുമതല പൂർണമായി നിറവേററുന്നതിന് രണ്ടുതരം വിശ്വസ്തതകളാണ് ഈ സ്ഥാപനങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത്. ഒന്നാമതായി സാർവത്രിക സാഹോദര്യമെന്ന സുവിശേഷം സാഹോദര്യത്തോടും സ്വർഗീയപിതാവിൻെറ സ്നേഹപരിപാലനയോടുമുള്ള വിശ്വസ്തതയാണ്. ഭാരതീയ സംസ്കാരത്തിലെ ഏററവും ഉത്തമവും അമൂല്യവുമായവയോടുള്ള വിശ്വസ്തതയാണ് രണ്ടാമത്തേത്. തങ്ങളുടെ വിളി കൊടുക്കുന്നതിനായി മാത്രമല്ല സ്വീകരിക്കാനുള്ളതുകൂടിയാണെന്ന് ഭാരതത്തിലെ ക്രൈസ്തവർക്കറിയാം. അവരുടേത് മനുഷ്യമനസ്സിൻെറ ആഴങ്ങളിലേക്കുള്ള ഒരു തീർത്ഥയാത്രയാണ്. ഈ തീർത്ഥയാത്ര മതസത്യങ്ങളിലും യേശുക്രിസ്തുവിൻെറ സുവിശേഷത്തിലും അവർക്കുള്ള ദർശനത്തെയും ഉൾക്കാഴ്ചയെയും കൂടുതൽ സമ്പന്നമാക്കുന്നു.

പ്രിയ സ്നേഹിതരെ,

13.6. സത്യത്തെ സംബന്ധിച്ച ചർച്ചകളിൽ പങ്കുകൊള്ളാൻ തയ്യാറുള്ള മനുഷ്യരെ സേവിക്കുന്നതിൽ താല്പര്യമുള്ള ഒരു സഹകാരിയെയും മനുഷ്യരാശിക്കുവേണ്ടി നിങ്ങളുടെ അതുല്യമായ സംഭാവന നൽകുന്നതിന് എന്നും നിങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു കൂട്ടാളിയെയും ആയിരിക്കും കത്തോലിക്കസഭയിൽ നിങ്ങൾ കണ്ടെത്തുക.

ലോകത്തെല്ലാമുള്ള കത്തോലിക്കരെ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇപ്രകാരമാണ് ഉപദേശിക്കുക: 'മററു മതാനുയായികളുമായി സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെട്ടുകൊണ്ട്, വിശ്വാസത്തിനും ക്രൈസ്തവ ജീവിതത്തിനും സാക്ഷ്യം വഹിച്ചുകൊണ്ട്, ഈ ജനങ്ങളിൽ ദൃശ്യമാകുന്ന ആധ്യാത്മികവും ധാർമ്മികവുമായ നന്മകളും, സാമൂഹ്യസാംസ്കാരികമൂല്യങ്ങളും അംഗീകരിക്കുകയും, പരിരക്ഷിക്കുകയും, അഭിവൃദ്ധമാക്കുകയും ചെയ്യണം' (അക്രൈസ്തവ മതങ്ങൾ, 2.). മനുഷ്യമഹത്വം, സാമൂഹ്യനീതി, സമാധാനം, സ്വാതന്ത്ര്യം മുതലായവ ലോകത്തിൽ കാത്തുരക്ഷിക്കാനും വളർത്താനുമുള്ള പൊതുവായ ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് മററു ജനങ്ങളുടെ ആധ്യാത്മികവും ധാർമ്മികവുമായ ക്ഷേമം സംരക്ഷിക്കുന്നതിനും അഭി

www.malankaralibrary.com



വൃദ്ധിപ്പെടുത്തുന്നതിനുമായി കത്തോലിക്കാസഭ ഉററുനോക്കുക സാംസ്ക്കാരിക ലോകത്തിലെ പ്രമുഖരായ നിങ്ങളെയാണ്.

ഉപസംഹാരമായി, ഈ നാടിന്റെതന്നെ ശ്രേഷ്ഠപുത്രരിൽ ഒരാളായ രവീന്ദ്രനാഥടാഗോർ ഉദീരണം ചെയ്ത അർത്ഥപൂർണ മായ ഈ പ്രാർത്ഥന ദൈവ സന്നിധിയിലേക്കുയർത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു: 'ഞങ്ങളുടെ ജീവിതത്തെ, അതിലെ സന്തോഷങ്ങളിലും സന്താപങ്ങളിലും, നേട്ടങ്ങളിലും കോട്ടങ്ങളിലും, ഉയർച്ചയിലും താഴ്ചയിലും, സ്നേഹിക്കുവാൻ, പൂർണമായി സ്നേഹിക്കുവാൻ ഞങ്ങൾക്കു ശക്തിനൽകണമേ. അങ്ങയുടെ ഈ പ്രപഞ്ചത്തെ പൂർണമായി കാണുന്നതിനും കേൾക്കുന്നതിനും, സർവ്വശക്തിയോടുംകൂടെ അവിടെ അദ്ധ്വാനിക്കുന്നതിനും ഞങ്ങൾക്കു ശക്തിയുണ്ടാകട്ടെ. അങ്ങു തന്നജീവിതം അതിന്റെ പൂർണതയിൽ ഞങ്ങൾ ജീവിക്കട്ടെ, ഞങ്ങൾ ധൈര്യപൂർവ്വം സ്വീകരിക്കുകയും നൽകുകയും ചെയ്യട്ടെ. ഇതാണ് അങ്ങയോടുള്ള ഞങ്ങളുടെ പ്രാർത്ഥന. (സാധന, മദ്രാസ് 1979, p. 113).

യോജിപ്പിന്റെയും എല്ലാവരോടുമുള്ള സ്നേഹത്തിന്റേതുമായ ഒരു സംസ്ക്കാരം കെട്ടിപ്പടുക്കാൻ സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കട്ടെ!

കൽക്കട്ട സെന്റ് സേവ്യേഴ്സ് കോളജിൽ വച്ചു സാംസ്ക്കാരിക-വിദ്യാഭ്യാസ മണ്ഡലങ്ങളിലെയും ഇതര മതങ്ങളിലെയും പ്രതിനിധികളോട്. 1986 ഫെ. 3.

www.malankaralibrary.com

# 14

# ഷില്ലോംഗ് ദിവ്യബലിക്കിടയിൽ

യേശുക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

14.1. 'കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും മുട്ടുണ്ടാവുകയില്ല....അവിടുന്നെന്നെ നയിക്കുന്നു....അവിടുന്നെന്റെ ആത്മാവിനെ കുളിർപ്പിക്കുന്നു' (സങ്കീ. 23: 1-3).

നിങ്ങളോടു ചേർന്നുകൊണ്ട് നിത്യനായ നമ്മുടെ പിതാവിന്റെ സന്നിധിയിലേക്ക് എന്റെ ചിന്തകൾ തിരിക്കാൻ ആഗ്രഹിക്കുകയാണ്. അവിടുന്നാണ് നമ്മെ ഒന്നിച്ചുകൂട്ടിയവൻ. അവിടുന്നു 'നമുക്കായി ഒരുക്കുന്നേ' ദൈവ വചനവും വി. കുർബാനയുമെന്ന ദ്വിവിധങ്ങളായ മേശകൾക്കു ചുറ്റും നമ്മുടെ സ്ഥാനം പിടിക്കാൻ വ്യത്യസ്തങ്ങളായ പാതകളിലൂടെ അവിടുന്നു നമ്മെ നയിക്കുകയാണ്. നമുക്കൊരുമിച്ച് അവിടുത്തേക്കു നന്ദിയർപ്പിക്കാം.

പ്രിയ ആർച്ച്ബിഷപ്പ് ഡി റൊസാരിയോ, സഹമെത്രാന്മാരെ, യേശുക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ, ഈ സുപ്രഭാതത്തിൽ, 'മേഘപാളികളുടെ ഇരിപ്പിടമായ' ഈ മേഘാലയക്കുന്നുകളുടെ പശ്ചാത്തലത്തിൽ നാമിവിടെ ഒത്തുചേരുമ്പോൾ, 'കരുണയിൽ സമ്പന്നനായ ദൈവത്തിലുള്ള' (എഫേ. 2:4) ആനന്ദത്തോടുകൂടി ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. പ്രകടനങ്ങളിൽ വൈവിധ്യമാർന്നതും, സൗന്ദര്യത്തിൽ സമ്പന്നവുമായ വിവിധ വർഗങ്ങളുടെയും സംസ്ക്കാരങ്ങളുടെയും പശ്ചാത്തലത്തിൽ നിന്നുവരുന്ന നിങ്ങളോടൊത്ത് ദിവ്യബലി അർപ്പിക്കുന്നതിനുള്ള അപൂർവ്വമായ ഈ അവസരം അവിടുന്ന് എനിക്കു പ്രദാനം ചെയ്യുന്നു.

ഇവിടെ സന്നിഹിതരായിരിക്കുന്ന സിവിൽ അധികാരികൾക്കും, വിവിധ മതപാരമ്പര്യങ്ങളുടെ പ്രതിനിധികൾക്കും ഹൃദ്യമായ സ്വാഗതമാശംസിക്കുന്നതോടൊപ്പം അവർക്ക് ഞാൻ അഭിവാദ്യമർപ്പിക്കുന്നു.

പൂർവ്വോത്തര ഭാരതമെന്ന പ്രദേശത്തിനു രൂപം നൽകുന്ന സംസ്ഥാനങ്ങളെ 'സപ്തസഹോദരികൾ' എന്നു വിശേഷിപ്പിക്കുന്നതു് വളരെ ഉചിതമായിരിക്കുന്നു. ഇതു സൂചിപ്പിക്കുക നിങ്ങളുടെ ഐക്യബോധവും സൗഹാർദ്ദതയുമാണ്.

www.malankaralibrary.com



14.2. എല്ലാ സംസ്കാരങ്ങളിലും ദൈവത്തിന്റെ കരവേലകളെ അറിയുവാൻ സാധിക്കും. നിങ്ങളെ സംബന്ധിച്ചിടത്തോളം ദൈവം കേവലം അമൂർത്തമായ ഒരു ആശയമല്ല, നിങ്ങളുടെ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. പ്രകൃതിതന്നെ അവളുടെ സൗന്ദര്യത്തിലൂടെ അവിടുത്തെ സ്നേഹപൂർണമായ സാന്നിധ്യം നിങ്ങൾക്ക് കാണിച്ചുതരുന്നുണ്ട്. സ്നേഹത്തെപ്രതിയാണ് അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. സ്നേഹത്തിന്റെ ഏകഭാഷ സംസാരിക്കുവാൻ നമുക്ക് കഴിയുന്നുണ്ടെങ്കിൽ അതിനുകാരണം ദൈവം നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ടാണ്. അവിടുന്ന് തന്റെ സ്നേഹം നമുക്ക് വെളിപ്പെടുത്തിയിരിക്കുകയാണ്.

നിങ്ങൾ ബോധവാന്മാരായിരിക്കുന്നതുപോലെ. മനുഷ്യൻ പാപംവഴിയായി സ്രഷ്ടാവിനെതിരെ ഒരിക്കൽ തിരിഞ്ഞുവെങ്കിലും അവിടുന്ന തന്റെ കരുണയാൽ മനുഷ്യവർഗത്തെ കൈവെടിഞ്ഞില്ല; പകരം അവിടുന്ന തന്റെ സ്നേഹാർദ്രമായ രക്ഷാകരപദ്ധതി വെളിപ്പെടുത്തി.

ഈ പൂർവ്വോത്തരഭാരതത്തിൽ പ്രത്യേകിച്ചും, ഓരോ സമൂഹവും പരിശുദ്ധിയുടെ പരിവേഷം ഉൾക്കൊണ്ട അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും കൈവരുന്ന ദൈവ–മനുഷ്യ സമ്പർക്കത്തിന്റെ ചിരപ്രതിഷ്ഠിതമായ പാരമ്പര്യം പേറുന്നതാണ്. വാസ്തവത്തിൽ, തന്റെ അജഗണങ്ങളെ ഒരിക്കലും കൈവെടിയാത്തവനും, ചിതറിപ്പോയവയെ ദൈവമക്കളുടെ കൂട്ടായ്മയിലേക്ക കൊണ്ടുവരുന്നതിനായി അന്വേഷിച്ചു പോകുന്നവനുമായ ഒരു ഇടയനായിട്ട് ദൈവത്തെ നമുക്ക ചിത്രീകരിക്കാൻ സാധിക്കും.

ഇന്നത്തെ കർബാനയിലെ ആദ്യവായന വ്യക്തമായ ഭാഷയിൽ ഇതേപ്പററി പറയുന്നുണ്ട്: 'കരുണാസമ്പന്നനായ ദൈവം, നമ്മോടുള്ള അതിരററ സ്നേഹംനിമിത്തം അതിക്രമം ചെയ്ത് മൃതരായിരുന്ന നമ്മെ ക്രിസ്തുവിനോടൊപ്പം ജീവിപ്പിച്ചു.... അവിടുത്തോടൊപ്പം നമ്മെ ഉയിർപ്പിച്ചു' (എഫേ. 2:4–6).

ദൈവത്തിന്റെ സ്വയാവിഷ്ക്കരണം അതിന്റെ പൂർണതയിലെത്തുന്നത് യേശുക്രിസ്തുവിലാണ്. അവിടുന്ന് പിതാവിന്റെ വചനമാണ്; മനുഷ്യജന്മമെടുത്ത നിത്യനായ ദൈവപുത്രൻ. മനുഷ്യാവതാരരഹസ്യത്തിലൂടെ മനുഷ്യകുടുംബത്തെ സംബന്ധിച്ചു ദൈവികപദ്ധതി മുഴുവൻ വെളിപ്പെടുത്തപ്പെടുകയാണ്. ക്രിസ്തുവിലാണ് പിതാവിനെപ്പററിയുള്ള പൂർണമായ അറിവ് നാം പ്രാപിക്കുന്നത്. എന്തെന്നാൽ 'ദൈവത്തെ ആരും കണ്ടിട്ടില്ല; പിതാവിന്റെ വക്ഷസിലിരിക്കുന്ന ഏകജ

www.malankaralibrary.com



ജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയിരിക്കുന്നത്" (യോഹ. 1:18).

14.3. യേശു സ്വന്തം ജനത്തിനിടയിൽ തന്റെ ശുശ്രൂഷ ആരംഭിച്ച ഘട്ടത്തിൽതന്നെ ദൈവരാജ്യം പ്രഖ്യാപനംചെയ്തു: അവിടുന്ന് തന്റെ വചനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പിതാവിനെയും തന്നെത്തന്നെയും വെളിപ്പെടുത്തി (cf. ദൈവാവിഷ്ക്കരണം, 17).

വിശുദ്ധ ലൂക്കാ ഇന്നത്തെ സുവിശേഷത്തിൽ വിവരിക്കുന്നതുപോലെ, മനുഷ്യകുടുംബത്തെ സംബന്ധിച്ച രക്ഷാകര പദ്ധതി മുഴുവൻ തന്നിൽ സാധിതമായിരിക്കുന്നു എന്ന് നസ്രത്തിലെ സിനഗോഗിൽവച്ച് പ്രഖ്യാപിച്ചുകൊണ്ടാണ് യേശു തന്റെ ശുശ്രൂഷ ആരംഭിക്കുന്നത്.

'കർത്താവിന്റെ അരൂപി എന്റെമേലുണ്ട്. കാരണം ദരിദ്രരോടു സുവിശേഷം പ്രഘോഷിക്കുവാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ദികൾക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഖ്യാപിക്കാൻ, മർദ്ദിതരെ സ്വതന്ത്രരാക്കാൻ, കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ അവൻ എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ. 4:18).

യേശു വന്നതു് ദൈവത്തിനു സ്വന്തപ്പെട്ടവരായിരിക്കുവാനും ദൈവരാജ്യത്തിൽ പ്രവേശിക്കുവാനുമാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നതു് എന്നു് ജനങ്ങളോട് പ്രഖ്യാപിക്കുവാനാണ്. ദൈവരാജ്യമെന്നാൽ പരിശുദ്ധാത്മാവിലുള്ള നീതിയുടെയും സമാധാനത്തിന്റെയും ആനന്ദത്തിന്റേതുമായ ഒരു രാജ്യം എന്നാണ്. താൻ പ്രസംഗിച്ചതു് സ്വവ്യക്തിത്വത്തിൽ ഒരു യാഥാർത്ഥ്യമായിക്കഴിഞ്ഞിരുന്നു എന്നതിന് യേശു തെളിവുകളും നിരത്തി. രോഗികൾ, അന്ധർ, ബധിരർ, മൂകർ, മുടന്തർ മുതലായവരെ അവിടുന്നു സൗഖ്യമാക്കി. മരിച്ചവർക്കു ജീവൻ പ്രദാനം ചെയ്തു, വിശക്കുന്നവർക്കു ഭക്ഷണവും. അവിടുന്ന് ഇതെല്ലാം ചെയ്തതു് അവിടുന്നിൽ തന്നെ സജീവമായിരുന്ന ദൈവത്തിന്റെ ആ സ്നേഹം വെളിപ്പെടുത്തുന്നതിനു വേണ്ടിയാണ്.

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ഏററവും സമുന്നതമായ പ്രകടനം നാം കാണുന്നതു് ക്രിസ്തുവിന്റെ പീഡാസഹനത്തിലും മരണത്തിലുമാണ്: 'സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹം മനുഷ്യനു് ഇല്ല.' (യോഹ. 15:13). സ്നേഹത്തിലൂടെ യേശു പൂർണമായും വ്യവസ്ഥകളില്ലാതെയും പിതാവിനോടും മനുഷ്യവർഗത്തോടും താദാത്മ്യം പ്രാപിച്ചു. അവിടുന്നിലാണ് ദൈവത്തിന്റെ സ്വയാവിഷ്കരണ

www.malankaralibrary.com



വും മനുഷ്യന്റെ സമ്പൂർണമായ പ്രത്യുത്തരവും ഒത്തുചേരുന്നത്. നമ്മുടെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ആധാരമായിരിക്കുകയാണ് യേശു.

14.4. യേശുക്രിസ്തുവിന്റെ സുവിശേഷം വെറുംവാക്കുകളെന്നതിലും എത്രയോ ഉപരി, ദൈവത്തിന് നമ്മോടുള്ള സ്നേഹതാല്പര്യത്തിന്റെ ആവിഷ്ക്കാരമാണ്. യേശു എന്ന വ്യക്തിയുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും സ്പഷ്ടമായി ഇത് പ്രകടമാക്കപ്പെട്ടു. യേശു ഈ ദൃശ്യലോകത്തോടു വിടപറഞ്ഞ ശേഷം, ഈ സുവിശേഷംതന്നെയാണ് അപ്പസ്തോലന്മാർ പ്രസംഗിച്ചു നടന്നതും. പരിശുദ്ധാത്മാവിന്റെ വരം സ്വീകരിച്ചതു മൂലമാണ് അവർക്കതിന് ധൈര്യമുണ്ടായത്. ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾകൊണ്ടു ഞങ്ങൾ നോക്കിക്കണ്ടതും ഞങ്ങളുടെ കൈകൾകൊണ്ടു ഞങ്ങൾ സ്പർശിച്ചതുമായ ജീവന്റെ വചനങ്ങളെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. നിങ്ങൾക്ക് ഞങ്ങളോടു കൂട്ടായ്മയുണ്ടാകാൻ ഞങ്ങൾ കണ്ടതും കേട്ടതും നിങ്ങളോടും ഞങ്ങൾ പ്രഖ്യാപിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്? (1 യോഹ. 1:13).

ഈ സന്ദേശത്തിന്റെ പ്രഘോഷണം ക്രൈസ്തവ സമൂഹങ്ങൾക്ക് ജന്മം നൽകി. അവിടെ വചനം തുടർന്നും പ്രഘോഷിക്കപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്തു; അവിടെ ആരാധനയിലൂടെയും ശരിയായ ജീവിതത്തിലൂടെയും വിശ്വാസം പ്രകടിപ്പിക്കപ്പെട്ടു. അവിടം മുതൽ, ഇതേ ദർശനവും സമർപ്പണവും എല്ലാത്തരത്തിലുമുള്ള പ്രയാസങ്ങളും പ്രതിബന്ധങ്ങളും രക്തം ചിന്തേണ്ടി വന്നാൽ അതും, തരണം ചെയ്ത് യേശുക്രിസ്തുവിന്റെ സദ്വാർത്ത അറിയിക്കാൻ, എണ്ണമററ വൈദികരെയും സന്യാസിനികളെയും അത്മായ പ്രേഷിതരെയും പ്രേരിപ്പിച്ചു.

14.5. ഏകദേശം നൂറു വർഷങ്ങൾക്കു മുമ്പാണ് ആസാം മിഷൻ സ്ഥാപിക്കപ്പെടുകയും അതിന്റെ ചുമതല 'സൊസൈററി ഓഫ് ഡിവൈൻ സേവ്യർ' എന്ന പ്രേഷിത സമൂഹത്തെ ഏല്പിക്കുകയും ചെയ്തത്. ഈ സമൂഹത്തിലെ പ്രേഷിതരാണ് പിന്നീടുള്ള സുവിശേഷ വേലയ്ക്കു ഉറച്ച അടിത്തറ പാകിയത്. സാഹസികരായ മററു പല കത്തോലിക്ക മിഷനറിമാരും, പ്രത്യേകിച്ച് പാരീസിലെയും മിലാനിലെയും, 'വിദേശ മിഷനറിമാരും, ഈ പ്രദേശത്ത് അദ്ധ്വാനിച്ചിട്ടുള്ളവരാണ്. ഫാദർ ക്രീക്കിന്റെയും (Krick), ഫാദർ ബ്രൗറി (Broury) യുടെയും ധീരമായ മരണം നാമിവിടെ അനുസ്മരിക്കുന്നു. വിവിധ ക്രൈസ്തവ സഭകളിലെ മററു പ്രേഷിതരും പലപ്പോഴും സുവിശേ

www.malankaralibrary.com



ഷ പ്രഘോഷണത്തിൽ കത്തോലിക്കർക്ക മുന്നോടികളായിരുന്നിട്ടുണ്ട്. വളരെ ക്ലേശകരമായ സാഹചര്യത്തിലും ദൈവവചനത്തിൻെറ വിത്തുവിതയ്ക്കുവാൻ അവർ സഹിച്ച ത്യാഗങ്ങളെ കൃതജ്ഞതാപൂർവ്വം നമുക്ക സ്മരിക്കാം.

1921_ൽ ആസാം മിഷൻ സലേഷ്യൻസഭയെ ഏല്പിക്കുകയുണ്ടായി. അവരും പ്രത്യേകരീതിയിൽ ഇവിടത്തെ സഭയുടെ വളർച്ചയ്ക്കുവേണ്ടി സംഭാവനകൾ നൽകി. ആസാം സമതലങ്ങളിൽ പ്രവർത്തിച്ച ലെയോ പിയാസെക്കി, വാസികുന്നുകളുടെ അപ്പസ്തോലൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന കോൺസ്റ്റൈൻറൻ വെൻഡ്രാം എന്നിവരെപ്പോലെ ഈ പ്രദേശത്തെ ജനഹൃദയങ്ങളിൽ തങ്ങളുടെ ത്യാഗങ്ങൾവഴി ചിരപ്രതിഷ്ഠനേടിയ സമർപ്പിതരായ വ്യക്തികളുടെ ഓർമ്മ വിസ്മയത്തോടുകൂടി നാം കാത്തുസൂക്ഷിക്കുന്നുണ്ട്.

ഇന്ന് സുവിശേഷവേല തുടർന്നുകൊണ്ടു പോകുന്നത് രൂപതാ വൈദികരുടെ അശ്രാന്തവും തീക്ഷ്ണവുമായ പരിശ്രമങ്ങളിലൂടെയാണ്. നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവരുടെ സംഖ്യ ഇവിടുത്തെ പ്രാദേശിക സഭകളുടെ വളർച്ചയുടെയും പക്വതയുടെയും അടയാളമാണ്.

വടക്കുകിഴക്കൻ ഭാരതത്തിലെ ഈ മിഷൻ പ്രദേശത്തിൻെറ ഇപ്പോഴത്തെ ചുററുപാടും വികസനവും വിവിധ സന്യാസിനീസന്യാസ സമൂഹങ്ങളിലെ അംഗങ്ങളുടെ സജീവമായ സഹകരണത്തിൻെറ അടയാളമാണ്. അവരോട് സഭയ്ക്കുള്ള ആഴമായ കൃതജ്ഞതയുടെയും, ആദരവിൻെറയും, സ്നേഹത്തിൻെറയും കടപ്പാടു പ്രകടിപ്പിക്കുന്നു.

നിങ്ങളുടെ മിഷൻെറ ചരിത്രം പരിശോധിച്ചാൽ കണ്ടെത്തുന്ന മററൊരു സവിശേഷമായ ഘടകം അൽമായരുടെ, പ്രത്യേകിച്ച് മതപ്രബോധകരുടെ സജീവപങ്കാളിത്തമാണ്. അവരാണ് പലപ്പോഴും സുവിശേഷവ്യാപനത്തിനുള്ള കളമൊരുക്കിയത്. സുവിശേഷ സത്യങ്ങളും മൂല്യങ്ങളും വളരെ യഥാർത്ഥമായ രീതിയിൽത്തന്നെ ഈ കുന്നുകളിലെ യുവതലമുറയുടെ ഹൃദയങ്ങളിലും ഭാവനകളിലും വേരോടിയിട്ടുണ്ട്.

14.6. ആദ്യമിഷനറിമാർ ഇവിടെയെത്തിയപ്പോൾ അവർക്ക് അഭിമുഖീകരിക്കേണ്ടിയിരുന്നത് തികച്ചും അപരിചിതരായ ജനവിഭാഗങ്ങളെയും സംസ്ക്കാരങ്ങളെയുമാണ്. എങ്കിലും ഓരോ സാംസ്ക്കാരിക ചുററുപാടിലും തീക്ഷ്ണതയോടെ സുവിശേഷ സന്ദേശം അവർ നട്ടുവളർത്തി. ഇന്നും ആ സന്ദേശത്തിൻെറ പ്രഘോഷണം തുടർന്നുകൊണ്ടിരിക്കുന്നു. പ്രാദേശിക പാരമ്പര്യങ്ങളെ ഉൾക്കൊണ്ടുതന്നെ ഈ നാടിൻെറ

www.malankaralibrary.com



ഓരോ മുക്കിലും മൂലയിലും സുവിശേഷം ജീവിക്കുക യാണ്.

പ്രഘോഷിക്കപ്പെടുന്ന ഈ സുവിശേഷം ഇന്നാട്ടിലേയ്ക്കു വന്നിരിക്കുന്നത് അധികാരം പ്രയോഗിക്കുവാനല്ല, പ്രത്യുത എല്ലാവരെയും സേവിക്കുവാനാണ്. നിങ്ങളുടെ സംസ്കാര ങ്ങളെ തച്ചുടയ്ക്കാതെ, അവയിൽ അവതാരമെടുക്കുന്നതിനാണ് സുവിശേഷം എത്തിയിരിക്കുന്നത്. ഈ പ്രക്രിയയിൽ ക്രിസ്ലീയ പാരമ്പര്യം, ചുററുപാടുകളെ സമ്പന്നമാക്കുന്നതോടൊപ്പം, ഈ കുന്നിൻപുറങ്ങളിലും സമതലങ്ങളിലും വസിക്കുന്ന ജനങ്ങളുടെ ഹൃദയങ്ങളിൽ പരിരക്ഷിക്കപ്പെടുന്ന മൂല്യങ്ങളുമായുള്ള സമ്പർ ക്കംമൂലം സമ്പന്നമാക്കപ്പെടുകയും ചെയ്യുന്നു.

യേശുക്രിസ്തുവിൻെറ സുവിശേഷം എന്താണ് നിങ്ങളോട് പറയുക? പൂർവ്വോത്തര ഭാരതത്തിൽ അതിൻെറ സന്ദേശം എന്താണ്?

ഈ ഭൂമിയിൽവച്ചു തൻെറ ദൈവികജീവനിൽ പങ്കുചേരാ നുള്ള ആഴമായ അഭിനിവേശത്താൽ നിറഞ്ഞിരിക്കുന്നവരാണ് നിങ്ങൾ. മനുഷ്യമാഹാത്മ്യത്തിൻെറ ഉദാത്തങ്ങളായ ആദർശ ങ്ങൾക്കുവേണ്ടി, മനുഷ്യരെന്ന നിലയിൽ നിങ്ങൾക്കുള്ള അവ കാശങ്ങൾ ആദരിക്കപ്പെടുന്നതിനുവേണ്ടി പുരോഗതിക്കും സമാ ധാനത്തിനുംവേണ്ടി അത്യാകാംക്ഷയുള്ളവരാണ് നിങ്ങൾ. എ ങ്കിലും ഇന്ന് ലോകം നേരിടുന്ന പല സാർവത്രികപ്രശ്നങ്ങ ളും പ്രതിബന്ധങ്ങളും നിങ്ങളും അഭിമുഖീകരിക്കേണ്ടിയിരി ക്കുന്നു. നിരക്ഷരത, ഗ്രാമീണ ദാരിദ്ര്യം, ദ്രുതഗതിയിലുള്ള നഗര വൽക്കരണം മുതലായവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, നിങ്ങ ളുടെ സാംസ്കാരിക തനിമയെപ്പററിയുള്ള അവബോധവും മനുഷ്യനെ അവ മതിക്കുന്ന തരത്തിൽ സമൂഹത്തിൽ സജീവമാ യിക്കൊണ്ടിരിക്കുന്ന നിരവധി ശക്തികളും തമ്മിലുള്ള സംഘർ ഷം, ഇങ്ങനെ പോകുന്നു പ്രതിബന്ധങ്ങൾ.

നിങ്ങളുടെതന്നെ പാരമ്പര്യങ്ങളിലും സംസ്കാരങ്ങളി ലും ഈ പ്രശ്നങ്ങൾക്ക് പരിഹാരമില്ലാതില്ല. ഇതിനോടനു ബന്ധമായി സുവിശേഷം, ക്രിസ്തുവെന്ന വ്യക്തിയിൽ മൂർത്ത രൂപം പൂണ്ട സ്നേഹം, സാഹോദര്യം, ദൈവപുത്രത്വം മുതലായ അതുല്യങ്ങളായ സന്ദേശങ്ങളിലൂടെ, ദൈവത്തിൻെറ 'അളവററ കൃപാസമൃദ്ധിയെ' (എഫേ. 2:7-8) വെളിപ്പെടുത്തുകയും സ ന്നിഹിതമാക്കുകയും ചെയ്യുന്നു. ഇപ്രകാരം യേശുവിനെ തൻെറ രക്ഷാകരദൗത്യത്തിനായി അഭിഷേചിച്ച അതേ പരിശുദ്ധാ ത്മാവിൻെറ ശക്തിയിലും വിജ്ഞാനത്തിലും നിങ്ങളുടെ മാനു ഷിക സംരംഭങ്ങളും നിറയപ്പെടുന്നു. മനുഷ്യൻെറ ആഗ്രഹങ്ങൾ ക്ക് ദൈവം നൽകുന്ന ഉത്തരമാണ് ക്രിസ്തു. അവിടുന്ന് മനു

www.malankaralibrary.com



ഷ്യന് ദൈവത്തെയും അവനെത്തന്നെയും വെളിപ്പെടുത്തുന്നു (cf സഭ ആധുനികലോകത്തിൽ, 22).

14.7. സഹോദരീ സഹോദരന്മാരെ, നമുക്കു ചെയ്തു തീർക്കാനുള്ള ജോലി ഇനിയും ബൃഹത്താണ്. സുവിശേഷത്തിന്റെ രക്ഷാകര സന്ദേശം ആശ്ലേഷിച്ചവർക്ക് ആ സന്ദേശം ഈ നാട്ടിന്റെ സംസ്കാരത്തിന് അനുരൂപമായി വ്യാഖ്യാനിക്കുവാനുള്ള പ്രത്യേക ചുമതലയുണ്ട്. സാർവത്രിക സഭയോട് ഒത്തുനിന്നുകൊണ്ട് നിങ്ങളുടെ ജനങ്ങളുടെ ആചാരങ്ങളിലും പാരമ്പര്യങ്ങളിലും വിജ്ഞാനത്തിലും അടങ്ങിയിരിക്കുന്ന ശാശ്വതമൂല്യങ്ങൾ, പരസ്പരവിനിമയത്തിലൂടെ, ഇവിടത്തെ പ്രാദേശിക സഭകൾ സ്വീകരിക്കട്ടെ. അതുവഴി 'ക്രൈസ്തവ ജീവിതം ഓരോ സംസ്കാരത്തിന്റെയും സ്വതസിദ്ധമായ പ്രവണതകൾക്കും വാസനകൾക്കും അനുരൂപപ്പെടുകയും ചെയ്യും' (പ്രേഷിതപ്രവർത്തനം, 22).

അജപാലനപരമായ പ്രതീക്ഷയോടും ആനന്ദത്തോടുംകൂടി, എല്ലാ വൈദികരെയും സന്യാസികളെയും മതബോധകരെയും അൽമായപ്രേഷിതരെയും അവരുടെ പ്രവർത്തനങ്ങളിൽ, വചനം പ്രഘോഷിക്കുവാനുള്ള അവരുടെ തീക്ഷ്ണതയിൽ ഞാൻ സന്തോഷിക്കുന്നു. സഹോദരസ്നേഹത്തിൽ ഐക്യപ്പെട്ട്, കൈകോർത്തുപിടിച്ചുകൊണ്ട് ദൈവരാജ്യം ഈ പ്രദേശത്ത് പരത്തുന്നതിന് നിങ്ങൾ പരിശ്രമിക്കൂ.

ഈ പ്രദേശത്ത് സുവിശേഷസന്ദേശമെത്തിയതിന്റെ ശതാബ്ദി ആഘോഷിക്കുന്നതിന് വർഷങ്ങളായി നടത്തിവരുന്ന ഒരുക്കങ്ങൾക്കിടയിലാണ് നിങ്ങൾ എത്തിയിരിക്കുന്നത് എന്നറിയുന്നതിൽ എനിക്കു സന്തോഷമുണ്ട്. നിങ്ങളുടെ പരിശ്രമങ്ങളെയെല്ലാം ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ! യുവജനങ്ങളോട് എനിക്ക് പ്രത്യേകമായ ഒരു അഭ്യർത്ഥനയുണ്ട്: സുവിശേഷത്തിന്റെ അരൂപിയാൽ നിങ്ങൾ നിറയപ്പെടൂ. നിങ്ങളുടെ സംസ്കാരം, ഭാഷ, ഭൂതകാലചരിത്രം മുതലായവയെ സ്നേഹിക്കുവാനും ആദരിക്കുവാനും പഠിക്കൂ.

നിങ്ങളെല്ലാവരും, സഹോദരങ്ങളെ, വടക്കു കിഴക്കേ ഇന്ത്യയുടെ കുന്നിൻപുറങ്ങളിലും സമതലങ്ങളിലും ദൈവത്തിന്റെ രക്ഷാകര സാന്നിദ്ധ്യത്തിന്റെ സന്ദേശവാഹകരാകണം.

14.8. 'അപ്പസ്തോല പ്രബോധനത്തിലും കൂട്ടായ്മയിലും അപ്പംമുറിക്കലിലും പ്രാർത്ഥനയിലും' (നടപടി. 2:42) ജറുസലത്തെ ആദ്യ ക്രൈസ്തവ സമൂഹം മുഴുകിയിരുന്നുവെന്ന് അപ്പസ്തോലപ്രവർത്തനങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

www.malankaralibrary.com



രണ്ടായിരം വർഷങ്ങൾക്കുശേഷം ഇവിടെ കൂടിയിരിക്കുക നാമും അതു തന്നെയാണ് ചെയ്യുന്നത്. പ്രാർത്ഥനയിലും അപ്പസ്തോലപ്രബോധനങ്ങളെ ശ്രവിക്കുന്നതിലും വിശുദ്ധകുർബാന അർപ്പിക്കുന്നതിലും നാം ഐക്യപ്പെട്ടിരിക്കുകയാണ്. ദൈവവചനവും വിശുദ്ധകുർബാനയുമാകുന്ന മേശക്കു ചുററും നാം ഒന്നു ചേർന്നിരിക്കുന്നു. അതേ, നിത്യഇടയനായ യേശുക്രിസ്തു തന്നെയാണ് നമ്മെ ഒരുമിച്ചുകൂട്ടുന്നത്.

അവസാനം 'ദൈവഭവനത്തിൽ നിത്യകാലം വസിക്കുവാൻ' (സങ്കീ. 23:6) നമ്മുക്കിടവരുന്നതിനായി അവിടുത്തെ നന്മയും കരുണയും നമ്മുടെ ജീവിതകാലമത്രയും നമ്മെ അനുഗമിച്ചുകൊണ്ടിരിക്കും.

നമുക്കായി 'ഒരു സ്ഥലം ഒരുക്കുമെന്നു'' ക്രിസ്തുതന്നെ വാഗ്ദാനം ചെയ്തിട്ടുണ്ട് (cf യോഹ. 14:3). സജീവദൈവത്തിന്റെ നിത്യതയിൽ മനുഷ്യനായി ഒരുക്കപ്പെടുന്ന ഈ 'സ്ഥലം' ആണ് നമ്മുടെ ഭൗമിക തീർത്ഥയാത്രയുടെ അന്ത്യവും ലക്ഷ്യവും.

അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ നിങ്ങളിലേക്കു വരുന്ന യേശുക്രിസ്തു, മനുഷ്യനെ ശ്രേഷ്ഠനാക്കുകയും പിതാവിലേക്കു നയിക്കുകയും ചെയ്യുന്ന എല്ലാററിനോടുമുള്ള തീക്ഷ്ണതയാൽ നിങ്ങളുടെ ഹൃദയങ്ങളെ നിറക്കട്ടെ! പരിശുദ്ധാത്മാവ് നിങ്ങളെ ധൈര്യത്താലും പ്രതീക്ഷയാലും നിറക്കട്ടെ!

അതോടൊപ്പം ഈ പ്രദേശം ആർക്കു സമർപ്പിക്കപ്പെട്ടിരിക്കുന്നുവോ, ആ പ. കന്യകാമറിയം, സഭയുടെ അമ്മ, നിങ്ങൾക്ക് തുടർന്നും പ്രേരണയും മാർഗദർശിയുമാകട്ടെ.! ആമ്മേൻ

പൂർവോത്തര ഭാരതത്തിലെ സഭയുടെ കഴിഞ്ഞ നൂറുവർഷങ്ങൾ അനുസ്മരിച്ചുകൊണ്ട് ഷില്ലോംഗിലെ 'ഗോൾഫ് ലിങ്ക്സിൽ' അർപ്പിച്ച ദിവ്യബലിക്കിടയിലെ സുവിശേഷപ്രസംഗം. 1986 ഫെ. 4.

www.malankaralibrary.com

# 15

# കൽക്കട്ട: പൊതുജനങ്ങളോട്

പ്രിയ സ്നേഹിതരെ,

കൽക്കട്ടയിലെ പ്രിയപ്പെട്ട ജനങ്ങളെ,

ഈ സായാഹ്നത്തിൽ, ഈ വൻനഗരത്തിൻെറ ചെറുപതിപ്പായ നിങ്ങളെ അഭിവാദ്യം ചെയ്യുക വളരെ സന്തോഷകരമാണ്. കൽക്കട്ടയിൽ ഞാനെത്തിയതു മുതൽ നിങ്ങളുടെ സ്നേഹത്തിൻെറ ഊഷ്മളത അനുഭവിക്കാൻ കഴിഞ്ഞു. എനിക്കു നിങ്ങളോടുള്ള നന്ദി അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. എൻെറ ഈ സന്ദർശനം സാധ്യമാക്കുവാൻ ചെയ്ത എല്ലാക്കാര്യങ്ങളെയും ഞാൻ പ്രത്യേകം അനുമോദിക്കുന്നു.

ഒരു സ്നേഹിതനെയും സഹോദരനെയും പോലെയാണ് ഞാൻ നിങ്ങളുടെ അടുത്തു വന്നിരിക്കുക. കൽക്കട്ടയിലെ ഓരോ വ്യക്തിയോടുമുള്ള ആദരവിൻെറയും സ്നേഹത്തിൻേറതുമാണ് എൻെറ സന്ദേശം. മനുഷ്യരെന്ന നിലയിലുള്ള നിങ്ങളുടെ ശ്രേഷ്ഠതയെ ഞാൻ പ്രഖ്യാപനം ചെയ്യുന്നു. പുരോഗതിക്കും മാനുഷിക മുന്നേററത്തിനും വേണ്ടിയുള്ള നിങ്ങളുടെ എല്ലാ പരിശ്രമങ്ങൾക്കും പിന്തുണ ഉറപ്പുതരുന്നു.

ഒരു സ്നേഹിതനും സഹോദരനുമെന്ന നിലയിൽ, നിങ്ങളുടെ സന്തോഷത്തിലും സന്താപത്തിലും, ഭാവിയെപ്പററിയുള്ള ആശാഭിലാഷങ്ങളിലും നിങ്ങളോടൊത്ത് ഞാൻ പങ്കുചേരുകയാണ്. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ എന്ന നിലയിൽ നിങ്ങൾക്കുണ്ടാകേണ്ട ക്ഷേമം, മാനവസൗഹാർദ്ദത്തിനുവേണ്ടി വാദിക്കുന്നതോടൊപ്പം, ഞാൻ ഉയർത്തിപ്പിടിക്കുന്ന ഒരു കാര്യമാണ്.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അനുദിന ജീവിതത്തിൽ ആവശ്യമായിരിക്കുന്ന ധൈര്യവും, പ്രതീക്ഷയും, സന്തോഷവും അവിടുന്ന് നിങ്ങൾക്കു പ്രദാനം ചെയ്യുന്നതിനായി എൻെറ പ്രാർത്ഥന നിങ്ങൾക്കു വാഗ്ദാനം ചെയ്യുന്നു.

കൽക്കട്ടയിലെ എൻെറ ഈ സന്ദർശനം ഞാനെന്നും സ്മരിക്കും. ഇവിടെവച്ച് കണ്ടുമുട്ടാനിടയായ രോഗികൾ, വയോവൃദ്ധർ, യുവജനങ്ങൾ വിവിധ മതങ്ങളുടെ അനുയായികൾ എന്നിവരും എൻെറ ഓർമ്മയിലുണ്ടായിരിക്കും.

www.malankaralibrary.com



നിങ്ങൾക്കെല്ലാമായി എൻെറ ഹൃദയം ഞാൻ വിട്ടുതരികയാണ്. ദൈവത്തിൻെറ സമാധാനം നിങ്ങളുടെമേൽ സമൃദ്ധമായി ഉണ്ടാകുന്നതിന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കൽക്കട്ടയിലെ ദിവ്യബലിക്കുമുമ്പ് പൊതുജനങ്ങളോട്. 1986 ഫെ. 4.

www.malankaralibrary.com

# 16

# കൽക്കട്ട ദിവ്യബലിക്കിടയിൽ

സ്നേഹമുള്ള സഹോദരീ സഹോദരൻമാരെ,

16.1. 'ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുവാൻ അവിടുന്നെന്നെ അഭിഷേചിച്ചിരിക്കുന്നു.' (ലൂക്കാ. 4:18).

വരുവാനിരിക്കുന്ന മിശിഹായെപ്പററി ചിന്തിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഏശയ്യാ പ്രവാചകനാൽ കുറിക്കപ്പെട്ടതാണ് ഈ വചനങ്ങൾ. മിശിഹാ എന്നാൽ അഭിഷിക്തൻ എന്നർത്ഥം. എന്നാൽ, ഇവിടെ വിവക്ഷിക്കപ്പെടുന്ന അഭിഷേകം വെറും തൈലത്താലുള്ളതല്ല. പരിശുദ്ധാത്മാവിനാലുള്ള അഭിഷേകമാണ്.

അതുകൊണ്ടാണ് പ്രവാചകൻ പറയുന്നത്: 'കർത്താവിന്റെ അരൂപി എന്റെമേലുണ്ട്. ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുവാൻ അവിടുന്നെന്നെ അഭിഷേചിച്ചിരിക്കുന്നു.'

അധികാരം പ്രദാനം ചെയ്യുന്നതിനെയാണ് തൈലത്താലുള്ള അഭിഷേകം സൂചിപ്പിക്കുക. മിശിഹാ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനും പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വരുന്നവനുമാണ്. സത്യത്തിന്റെ ആത്മാവിനെയും അവിടുത്തെ ശക്തിയെയും അവൻ ജനങ്ങളിലേയ്ക്കു കൊണ്ടുവരുന്നു.

ക്രിസ്തുവാണ്, യേശുക്രിസ്തുവാണ് മിശിഹാ. നസ്രത്തുകാരനായ യേശു. ആ നസ്രത്തിൽ വച്ചുതന്നെ മിശിഹായെപ്പററി, പരിശുദ്ധാത്മാവിനാലുള്ള അഭിഷേകത്തെപ്പററി പ്രതിപാദിക്കുന്ന ഏശയ്യാ പ്രവാചകന്റെ വചനങ്ങൾ യേശു വായിരുന്നു. ആ സിനഗോഗിൽ കൂടിയിരുന്ന തന്റെ നാട്ടുകാരോട് അവിടുന്നു പറയുന്നു. 'ഇന്ന് ഈ വിശുദ്ധ ലിഖിതം നിങ്ങൾ കേൾക്കെത്തന്നെ നിറവേറിയിരിക്കുന്നു' (ലൂക്കാ. 4:21). അവിടുന്നിൽ അതു പൂർത്തിയാക്കപ്പെട്ടു.

16.2. 'പിതാവ് അഭിഷേകം ചെയ്ത് ലോകത്തിലേക്കു അയച്ചവനാണ്'' (യോഹ. 10:36) നസ്രത്തുകാരൻ യേശു. അവിടുത്തെപററിയുള്ള എല്ലാ പ്രവചനങ്ങളും പൂർത്തീകരിക്കപ്പെട്ടു. ഇസ്രായേലിന്റെയും ലോകജനത മുഴുവന്റെയും പ്രതീക്ഷകൾ അവനിൽ സഫലീകരിക്കപ്പെട്ടു. എന്തെന്നാൽ യേശുക്രിസ്തു കൊണ്ടുവന്നിരിക്കുന്നത് ദൈവത്തിൽനിന്നുതന്നെയുള്ള

www.malankaralibrary.com



ജീവൻെറ പൂർണതയാണ്. ഈ ജീവൻെറ പൂർണ്ണത ആത്മാവിനുള്ളതാണ്. സൃഷ്ടിക്കപ്പെട്ട എല്ലാ ആത്മാവിനും, അനന്ത പൂർണതയും, അരൂപിയുമായ ദൈവം തൻെറ സമ്പൂർണത മനുഷ്യരാശിക്ക മുൻപിൽ പ. അരൂപിയിൽ തുറന്നുവയ്ക്കുന്നു.

ഉൽപത്തിപ്പുസ്തകം വ്യക്തമാക്കുന്നതുപോലെ. ലോകസൃഷ്ടിയിൽതന്നെ 'ദൈവാത്മാവ് ജലപരപ്പിനു മുകളിൽ ചലിച്ചിരുന്നു' (ഉൽപ. 1:2). ദൈവികഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ആദിമുതൽക്കുതന്നെ വിളിക്കപ്പെട്ടിരിക്കുക പരിശുദ്ധാത്മാവിൻെറ ശക്തിയും പ്രസാദവരവും വഴി ദൈവികജീവനിൽ പങ്കുകാരനാകുന്നതിനാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിൻെറ പരിശുദ്ധിക്കും മനുഷ്യഹൃദയത്തിനുമിടയിൽ പാപം ഫണമുയർത്തിയപ്പോഴും, ദൈവത്തിൽ നിന്നുള്ള ജീവൻെറ പൂർണതയിലേക്കുള്ള വഴി രക്ഷയിലൂടെ മാത്രമേ വീണ്ടും തുറക്കപ്പെടുവാൻ സാധ്യമായിരുന്നുള്ളു.

മനുഷ്യ വർഗത്തിൻെറ രക്ഷ! ലോകത്തിൻെറ രക്ഷ! രക്ഷകൻ ഏശയ്യായാൽ പ്രവചിക്കപ്പെട്ടവനാണ്. രക്ഷയുടെ ശക്തിയെയാണ് പരിശുദ്ധാത്മാവിനാലുള്ള അഭിഷേകം സൂചിപ്പിക്കുക. മനുഷ്യാത്മാവിനു് പരിശുദ്ധാത്മാവിലൂടെ നൽകപ്പെട്ടതും, പാപം വഴി കൈമോശം വന്നതും, ദൈവദത്തവുമായ ജീവൻ തിരികെ ലഭിക്കുന്നതിനു് രക്ഷയുടെ വില, ക്രിസ്തുവിൻെറ കുരിശിൻെറ വില, വേണ്ടി വന്നു. തൻെറ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും യേശു ഈ ജീവൻ വെളിപ്പെടുത്തി. തൻെറ സഭയിലൂടെയാണ് അവിടുന്ന് ഈ ജീവൻ എല്ലാ ജനങ്ങൾക്കും നൽകുക. ഇപ്രകാരം രക്ഷയുടെ സദ്വാർത്ത പൂർത്തിയാക്കപ്പെട്ടു: മനുഷ്യൻ ദൈവസ്വഭാവത്തിൽ പങ്കുചേരുന്നു. അവൻ ദൈവത്തിൽനിന്നുള്ള ജീവൻ സ്വീകരിക്കുകയും അതു 'സമൃദ്ധമായി' (cf. യോഹ. 10:10) സ്വീകരിക്കുകയും ചെയ്യുന്നു.

16.3. നമ്മുടെ രക്ഷകനായ ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരെ, രക്ഷയുടെ സദ്വാർത്ത ലോകത്തെ അറിയിക്കുക എന്നതു് സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണ്. അതിനാലാണ് ഞാൻ നിങ്ങളുടെ അടുത്തേക്കുവന്നതു്: ക്രിസ്തുവിൻെറ പീഡാസഹനത്തിൻെറയും ഉത്ഥാനത്തിൻെറയും രക്ഷാകരരഹസ്യം നിങ്ങളോടൊത്തു് വിശുദ്ധ കുർബാനയിൽ ആഘോഷിക്കുവാൻ; ഈ രഹസ്യത്തിനു് ലോകത്തിനുമുൻപിൽ സാക്ഷ്യം നൽകാനുള്ള പരിശ്രമങ്ങളിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ.

www.malankaralibrary.com



രക്ഷയുടെ സദ്വാർത്ത മററുള്ളവർക്കു് പകരുമ്പോൾ അവരുടെ സംസ്കാരത്തെ മനസ്സിലാക്കുവാൻ സഭ പരിശ്രമിക്കുന്നുണ്ടു്. അവരുടെ ശ്രോതാക്കളുടെ മനസ്സുകളും ഹൃദയങ്ങളും, മൂല്യങ്ങളും ആചാരങ്ങളും, അവരുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും, പ്രതീക്ഷകളും, സ്വപ്നങ്ങളുമെല്ലാം അറിയുവാൻ അവർ ആഗ്രഹിക്കുന്നു. സംസ്കാരത്തിന്റെ ഈ വിഭിന്ന വശങ്ങളെപ്പററി അവർ അറിയുകയും മനസ്സിലാക്കുകയും ചെയ്തുകഴിഞ്ഞാൽ, പിന്നെ അവർക്കു് 'രക്ഷയുടെ സംഭാഷണം' ആരംഭിക്കാം. സ്വതന്ത്രമനസ്സോടുകൂടെ ശ്രവിക്കുവാനും പ്രതികരിക്കുവാനും തയ്യാറാകുന്ന ഏവർക്കുംമുൻപിൽ ആദരവോടെ, വ്യക്തമായി, ബോധ്യത്തിൽ അടിയുറച്ചു്, രക്ഷയുടെ സദ്വാർത്ത അവതരിപ്പിക്കുവാൻ അവർക്കു സാധിക്കും. ഇതാണു് വചനപ്രഘോഷണത്തിന്റെ കാര്യത്തിൽ എക്കാലത്തും സഭ നേരിടുന്ന വെല്ലുവിളി.

എന്റെ ഭാരത യാത്രക്കിടയിൽ ഭാരതത്തിന്റെ പൂർവ്വമേഖലയിലുള്ള ഈ വൻനഗരത്തിൽ വരുവാൻ സാധിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. വൈവിധ്യങ്ങളുടെ വർണ്ണപ്പൊലിമയിൽ ഈ പ്രദേശത്തെ ജനങ്ങൾ വ്യതിരിക്തമായ ഒരു സ്വഭാവവൈശിഷ്ട്യം പ്രകടിപ്പിക്കുന്നുണ്ടു്. ഓജസ്സുററ അവരുടെ സംസ്കാരംവഴിയായി രാഷ്ട്രത്തിന്റെ ചരിത്രത്തിനും അഭിവൃദ്ധിക്കും സുപ്രധാനങ്ങളായ സംഭാവനകൾ അവർ നൽകിയിട്ടുണ്ടു്.

രാഷ്ട്രീയസ്വാതന്ത്ര്യത്തിനും ഐക്യത്തിനും വേണ്ടി ബുദ്ധിമുട്ടിയ, നിങ്ങളുടെ ജനങ്ങളുടെ ആദർശങ്ങളുടെയും അഭിനിവേശങ്ങളുടെയും പ്രഗൽഭ വക്താക്കളായിരുന്ന, പ്രമുഖരായ പല രാജ്യതന്ത്രജ്ഞരും നേതാക്കളും ഈ പ്രദേശത്തുനിന്നും ഉയർന്നുവന്നിട്ടുണ്ടു്. സ്വന്തം നാട്ടുകാരുടെ മനസ്സുകളോടും ഹൃദയങ്ങളോടും ഭാവനകളോടും സംസാരിച്ചിട്ടുള്ള കലാകാരന്മാരും, കവികളും മററു സാഹിത്യകാരന്മാരും ഇവിടെനിന്നു വന്നിട്ടുണ്ടു്. സ്വന്തം ഔന്നത്യത്തെക്കുറിച്ചും മേന്മയെക്കുറിച്ചും ഒരവബോധം തങ്ങളുടെ നാട്ടുകാരിൽ ഉണർത്തുവാൻ, അച്ചടക്കവും ത്യാഗവും ആവശ്യപ്പെടുന്ന മൂല്യങ്ങളിലേക്കു് അവരെ നയിക്കാൻ ഇവർ പരിശ്രമിച്ചു.

16.4. സുപ്രസിദ്ധ നോബൽസമ്മാന ജേതാവായ ഗുരുദേവ് രവീന്ദ്രനാഥടാഗോറിനെപ്പോലെ മഹാശയന്മാരായ പല ധാർമ്മിക ചിന്തകരെയും ഈ പ്രദേശം വാർത്തെടുത്തിട്ടുണ്ടു്. ദേശീയ ജീവിതത്തെ സമ്പന്നമാക്കിയ സാംസ്കാരികവും മതപരവുമായ ഒരു സംസ്കരണം സാധിക്കുന്നതിനു് അവർ കാര്യമായി സഹായിച്ചു. അവരെയും അവർ പ്രതിനിധാനം

www.malankaralibrary.com



ചെയ്യുന്ന മതങ്ങളെയും സഭ ആദരിക്കുന്നു. ആറാം പോൾ മാർ പാപ്പ ഒരിക്കൽ അക്രൈസ്തവ മതങ്ങളെപ്പററി പറഞ്ഞതുപോലെ: 'അവ നൂററാണ്ടുകളിലൂടെയുള്ള ദൈവാന്വേഷണത്തിൻെറ പ്രതിധ്വനി പേറുന്നവയാണ്.... ഗഹനങ്ങളായ മതഗ്രന്ഥങ്ങളുടെ പ്രബലമായ ഒരു പൈതൃകം അവയ്ക്ക കൈമുതലായുണ്ട്. തലമുറകൾ തോറുമുള്ള ജനങ്ങളെ അവ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. അവയെല്ലാംതന്നെ എണ്ണമററ 'വചനത്തിൻെറ വിത്തുകളാൽ' നിറയപ്പെട്ടിരിക്കയാണ്. തന്മൂലം സുവിശേഷത്തിനു യഥാർത്ഥമായൊരു കളമൊരുക്കാൻ അവയ്ക്കു കഴിയും' (Evangelii Nuntianti, 53).

ഈ മതങ്ങളുടെ മൂല്യത്തെ ആദരിക്കുമ്പോഴും 'തനിക്കിഷ്ടമുള്ളിടത്തു' (യോഹ. 3:8) വീശുന്ന കാററിനെപ്പോലെയുള്ള പരിശുദ്ധാത്മാവിൻെറ പ്രവർത്തനം അവയിൽ ചിലപ്പോഴൊക്കെ ദർശിക്കുമ്പോഴും, ആവിഷ്കൃതമായ സത്യത്തിൻെറ പൂർണിമ, ക്രിസ്തുവിലുള്ള രക്ഷ, ലോകത്തിനു നൽകാനുള്ള അവളുടെ ചുമതലയെപ്പററി സദാ ബോധവതിയാണ്.

16.5. ഏശയ്യാപ്രവാചകൻെറ വാക്കുകളെ നസ്രത്തിൽ വച്ച് പ്രഖ്യാപനം ചെയ്തപ്പോൾ യേശു അവയെ സ്വന്തമാക്കുകയാണ് ചെയ്തത്. ഏശയ്യാ പറയുന്നു: 'കർത്താവിൻെറ അരൂപി എൻെറമേൽ ഉണ്ട്. കാരണം, ദരിദ്രരോട് സുവിശേഷം പ്രഘോഷിക്കുവാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ദികൾക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഖ്യാപിക്കാൻ, മർദ്ദിതരെ സ്വതന്ത്രരാക്കാൻ, കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ അവൻ എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ. 4: 18-19).

ബംഗാളിലെയും മുഴുവൻ ഭാരതത്തിലെയും സഭ, പൗരാണികമായ അവളുടെ അപ്പസ്തോലികപാരമ്പര്യത്തെ പിൻതുടർന്നുകൊണ്ടും ഓരോ സ്ഥലത്തിൻെറയും വ്യക്തമായ ആവശ്യങ്ങളെ അഭിമുഖീകരിച്ചുകൊണ്ടും, വിഭിന്ന രീതിയിൽ, ഈ രക്ഷാകരപദ്ധതിയെ പ്രായോഗികമാക്കുകയാണ്. ഉദാഹരണത്തിനു, വിദ്യാഭ്യാസമേഖലയിൽ സഭ ഇവിടെ നൽകുന്ന സുപ്രധാനങ്ങളായ സംഭാവനകളെക്കുറിച്ചു ഞാൻ ചിന്തിക്കുന്നു. കഴിഞ്ഞ വർഷം ഈ നഗരത്തിലെത്തന്നെ സെൻറ് സേവ്യേഴ്സ് കോളജ് നൂററിയിരുപത്തഞ്ചു വർഷത്തെ അതിൻെറ സേവനം പൂർത്തിയാക്കിയതിനെ അനുസ്മരിച്ച് ആഘോഷം നടത്തുകയുണ്ടായി. ഭാരതരാഷ്ട്രപതിയുടെ സാന്നിധ്യംകൊണ്ട് ബഹുമാനിതമായ ആ ആഘോഷങ്ങളിൽ ഈ നഗരംവും സംസ്ഥാനം മുഴുവനും പങ്കുചേർന്നു എന്നതു് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

www.malankaralibrary.com



സെൻറ് സേവ്യേഴ്സ് കോളജിനെ കൂടാതെ മററു പല സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ഈശോസഭാവൈദികരെ തുടർന്നു വന്നവരാണ് ലൊറേറേറാ സന്യാസിനികൾ എന്നറിയപ്പെടുന്ന ഇൻസ്റ്റിററ്യൂട്ട് ഓഫ് ദി ബ്ലസഡ് വേർജിൻ മേരി (Institute of the Blessed Virgin Mary) 1842-ൽ പെൺകുട്ടികൾക്കായി അവരുടെ ആദ്യത്തെ സ്കൂൾ തുറന്നു. ഇന്നുവരെയും അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേന്മ പ്രസിദ്ധവും പ്രകീർത്തിതവുമാണ്. മററു പല സന്യാസിനീസന്യാസസമൂഹങ്ങളും പിന്നീട കടന്നുവന്നു മേന്മയുടെയും ഔദാര്യത്തിൻെറയുമായ അർഹമായ ഈ കീർത്തിയിൽ പങ്കുപററുകയുണ്ടായി.

മെത്രാന്മാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്തും സേവനരംഗത്തും ഈ പ്രദേശത്തു സഭ ഏറെറടുത്തിട്ടുള്ള എല്ലാ സംരംഭങ്ങളും ക്രിസ്ത്യാനികളുടെ മാത്രമല്ല ഇവിടെ ജീവിക്കുന്ന എല്ലാവരുടെയും നന്മ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. സന്യാസിനികളുടെയും അത്മായരുടെയും അവരുടെ സഹകാരികളുടെയും സേവനം ഉപയോഗപ്പെടുത്തുന്ന നിങ്ങളുടെ സ്ഥാപനങ്ങൾ എല്ലാ ചുററുപാടുകളിലും എല്ലാ മതങ്ങളിലുമുള്ള ജനങ്ങളെ സഹായിച്ചിട്ടുണ്ട്. ഈ സേവനങ്ങൾ അനുഷ്ഠിക്കുകവഴി നിങ്ങൾ രക്ഷയുടെ സദ്വാർത്തയ്ക്കു സാക്ഷ്യം നൽകുകയായിരുന്നു. അതോടൊപ്പം, നിങ്ങൾ സമൂഹത്തിൻെറ വികസനത്തിനും ഐക്യത്തിനും മഹത്തായ സംഭാവനകൾ അർപ്പിക്കുകയുംചെയ്തു.

16.6. നമ്മുടെ ഈ കാലഘട്ടത്തിൽ നസ്രത്തിലെ യേശുവിൻെറ രക്ഷാകരപദ്ധതി, സുവിശേഷത്തിൻെറ കാര്യപരിപാടി, ഭാരതത്തിൽതന്നെ പ്രത്യേകിച്ച് കൽക്കട്ടയിൽ ഒരു സ്ഥിരീകരണം കണ്ടെത്തിയിരിക്കുകയാണ്. ഈ സ്ഥിരീകരണം വാചാലമായ ഒരു സാക്ഷ്യമാണ്. ലോകംമുഴുവൻ സശ്രദ്ധം വീക്ഷിക്കുന്ന ഒന്നാണ് ഈ സാക്ഷ്യം, ലോകമനസാക്ഷിയെ പിടിച്ചുകലുക്കുന്ന സാക്ഷ്യം. ഭാരതത്തിൽ ജനിച്ചില്ലെങ്കിലും 'കൽക്കട്ടയിലെ മദർ തെരേസ' എന്നറിയപ്പെടുന്ന ആ മഹതിയുടെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള സാക്ഷ്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. കുറെ വർഷങ്ങൾക്കു മുൻപ്, ക്രിസ്തുവിനോടുള്ള സ്നേഹത്താലും, ഏററം വേദനയനുഭവിക്കുന്നവരിലും ആകുലപ്പെടുന്നവരിലും അവിടുത്തെ സേവിക്കാനുള്ള ആഗ്രഹത്താലും പ്രേരിതയായി ഇവിടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒന്നിൽനിന്നു പുറത്തുവന്നു 'ഉപവിയുടെ പ്രേഷിതർ' എന്ന സഭ സ്ഥാപിച്ചു. സുവിശേഷാധിഷ്ഠിതമായ ഇത്തരം സേവനത്തിലൂടെ 'ദരിദ്രർക്കു സുവിശേഷം പ്രഘോഷിക്കുവാനുള്ള' യേശുവിൻെറ രക്ഷാകരപദ്ധതി

www.malankaralibrary.com



വസ്തുനിഷ്ഠമായ രീതിയിൽ പൂർത്തീകരിക്കപ്പെടുകയാണ്. ആവശ്യക്കാരനായ നമ്മുടെ അയൽക്കാരനോടുവേണ്ട ആർദ്രതയുടെയും കലർപ്പില്ലാത്ത സ്നേഹത്തിൻെറയും അനുകരണീയമായ ഒരു പാഠമാണ് ഇതു ലോകത്തിനു നൽകിയിരിക്കുന്നത്. സ്ത്രീപുരുഷന്മാരെ ധീരമായ സേവനത്തിനു പ്രേരിപ്പിക്കുന്നതിനും വർഷംതോറും അവരെ അതിൽ ഉറപ്പിച്ചുനിർത്തുന്നതിനും രക്ഷയ്ക്കുള്ള ശക്തിയെ ഇതു വെളിപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തുവിനോടുള്ള സ്നേഹത്തെപ്രതി ചെയ്യപ്പെടുന്ന ഇത്തരം പരസ്നേഹവും ആത്മത്യാഗങ്ങളും സ്വാർത്ഥതയിലും സുഖലോലുപതയിലും പൂണ്ടുകഴിയുന്ന, പേരിനും പ്രതാപത്തിനും സമ്പത്തിനുംവേണ്ടി കൊതിപൂണ്ട ലോകത്തെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളിയാണ്. നമ്മുടെ ആധുനികകാലഘട്ടത്തിൻെറ തിൻമയുടെ മുമ്പിൽ, ഈ സാക്ഷ്യം വാക്കുകളിലൂടെയല്ലാതെ പ്രവർത്തനങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും സ്നേഹത്തിൻെറ പരമമായ മൂല്യത്തെ, നമ്മുടെ രക്ഷകനായ ക്രിസ്തുവിൻെറ സ്നേഹത്തെ പ്രഘോഷിക്കുകയാണ്. ഇതു പാപിയെ അനുതാപത്തിലേക്കു വിളിക്കുകയും യേശുക്രിസ്തുവിൻെറ മാതൃക പിൻതുടർന്നുകൊണ്ട് 'ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ' (ലൂക്കാ 4:18) ക്ഷണിക്കുകയും ചെയ്യുന്നു.

16.7. പക്ഷേ, ഇന്നത്തെ ലോകത്തിൽ ദരിദ്രർ ആരാണ്? അന്ധരെപ്പററിയും, ബന്ദികളെപ്പററിയും മർദ്ദിതരെപ്പററിയും സുവിശേഷം പറയുന്നുണ്ട് (ലൂക്കാ 4:18). ജീവിതത്തിലെ ശാരീരികവും ആധ്യാത്മികവുമായ അടിസ്ഥാന ആവശ്യങ്ങൾ നിറവേററാൻ സാധിക്കാത്തവരെല്ലാം പാവപ്പെട്ടവരിൽപ്പെടും. ഈ സമകാലീന ലോകത്തും സ്വന്തം നാട്ടിൽനിന്നും നാടുകടത്തപ്പെട്ട ദശലക്ഷക്കണക്കിനു അഭയാർത്ഥികളുണ്ട്. വരൾച്ചയും പട്ടിണിയും മൂലം ഇതിലുമെത്രയോ അധികം ജനങ്ങൾ, ചിലപ്പോൾ ഗോത്രങ്ങളോ ജനതകളോ മുഴുവൻ തന്നെ, സമ്പൂർണനാശത്തിൻെറ നിഴലിലാണ്. ഒരിക്കലും പഠിക്കാൻ അവസരം ലഭിക്കാത്തവർ അനുഭവിക്കുന്ന അജ്ഞതയുടെ ദാരിദ്ര്യത്തെ അംഗീകരിക്കാതിരിക്കുവാൻ ആർക്കുകഴിയും. അനീതിയുടെയും അവികസനത്തിൻെറയും ചുററുപാടിൽ നിരവധിയാളുകൾ അനുഭവിക്കുന്ന പരമ ബലഹീനത ആർക്ക് അവഗണിക്കാനാവും? മതസ്വാതന്ത്ര്യത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ടവരും, നേരായ മനസ്സാക്ഷിയുടെ ചോദനയനുസരിച്ച് ദൈവത്തെ ആരാധിക്കുവാൻ സാധിക്കാതെ കഷ്ടപ്പെടുന്നവരുമായ വളരെയാളുകളുണ്ട്.

www.malankaralibrary.com



മനുഷ്യവ്യക്തിയുടെ ഔന്നത്യത്തെയും സ്വാതന്ത്ര്യത്തെയും ഭീഷണിപ്പെടുത്തുന്ന വിവിധതരം ധാർമ്മിക ദാരിദ്ര്യവും നമ്മുടെ കാലഘട്ടം നേരിടുന്നു. ജീവിതത്തിന്റെ അർത്ഥം കണ്ടെത്താതെ ജീവിക്കുന്നവരുടെ ദാരിദ്ര്യം, മാർഗഭ്രംശം സംഭവിച്ചതും വ്യതിചലിതവുമായ മനസാക്ഷിയുടെ ദാരിദ്ര്യം, വേർപെട്ടതും ശിഥിലവുമായ കുടുംബങ്ങളുടെ ദാരിദ്ര്യം, പാപത്തിന്റെ ദാരിദ്ര്യം— ഇവയെല്ലാം ഈ ധാർമ്മിക ദാരിദ്ര്യത്തിൽപ്പെടും.

വിവിധതരം ദാരിദ്ര്യമനുഭവിക്കുന്ന ഈ ആധുനിക ലോകത്തിൽ 'പാവപ്പെട്ടവനോടു സുവിശേഷം പ്രഘോഷിക്കുവാൻ' സഭ ആഗ്രഹിക്കുന്നു. മദർ തെരേസയുടെയും അവരെപ്പോലെയുള്ള മററാളുകളുടെയും പരിശ്രമങ്ങളിലൂടെയാണ് ഈ പ്രഘോഷണം സഭ ഇന്നു നിർവ്വഹിക്കുക. ക്രിസ്തുവിനോടുള്ള അവരുടെ സ്നേഹവും പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവർക്കുവേണ്ടിയുള്ള അവരുടെ സേവനവും ആഴമായ വിധത്തിൽ പ്രവാചികവും സുവിശേഷാത്മകവുമാണ്. ആത്മത്യാഗത്തിന്റെയും ക്രിസ്തീയ സ്നേഹത്തിന്റെയും ഇത്തരം പ്രവർത്തനങ്ങൾ തീർച്ചയായും വാചാലമായ രീതിയിൽ 'ദൈവത്തിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കാൻ' (ലൂക്കാ. 4: 19) ഉള്ള ഒരു മാർഗമാണ്.

ഇതു് എന്നെ സംബന്ധിച്ചും സഭയെ സംബന്ധിച്ചും 'ക്രിസ്തുവിലുള്ള പ്രോത്സാഹനവും', 'സ്നേഹത്തിനുള്ള പ്രേരണയും' 'ആത്മാവിലുള്ള പങ്കുചേരലു'മാണ് (ഫിലി. 2:1).

16.8. അതിനാൽ, ഈ പ്രവർത്തനം ഇവിടെ കൽക്കട്ടയിൽ കാണുമ്പോൾ, കർത്താവിന്റെ എളിയ ഒരു ദാസിയുടെ ഹൃദയത്തിൽ അവിടുത്തോടുള്ള മഹത്തായ സ്നേഹത്തിൽനിന്നും ഉരുത്തിരിഞ്ഞ ഈ പ്രവർത്തനം കാണുമ്പോൾ, . പൗലോസ് അപ്പസ്തോലൻ ഫിലിപ്പിയിലെ ക്രിസ്ത്യാനികൾക്കു നിർദ്ദേശം കൊടുത്തുകൊണ്ടു് നൽകിയ ഉപദേശം എന്റേതാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

'ക്രിസ്തുവിൽ നിങ്ങൾക്കു് എന്തെങ്കിലും പ്രോത്സാഹനം ഉണ്ടെങ്കിൽ, സ്നേഹത്തിനുള്ള പ്രേരണയുണ്ടെങ്കിൽ, ആത്മാവിലുള്ള പങ്കുചേരലുണ്ടെങ്കിൽ, സ്നേഹമോ സഹാനുഭൂതിയോ ഉണ്ടെങ്കിൽ ഐക്യത്തിൽ ഒരേ സ്നേഹത്തിൽ, യോജിച്ചു് ഏകമനസ്കരായി എന്റെ ആനന്ദം പൂർണമാക്കുക' (ഫിലി. 2:1).

വിജാതീയരുടെ അപ്പസ്തോലന്റെ വാക്കുകൾ ഫിലിപ്പിയിലെ സഭയ്ക്കു മാത്രമായി എഴുതപ്പെട്ടതാണോ? കൽക്കട്ടയിലെ സഭയ്ക്കു മാത്രമായി എഴുതപ്പെട്ടതാണോ? അല്ല! ലോകം മുഴുവനിലെയും എല്ലാ സഭകൾക്കും വേണ്ടി എഴുതപ്പെട്ടതാണ്! എല്ലാ

www.malankaralibrary.com



ക്രിസ്ത്യാനികൾക്കും വേണ്ടിയാണ്! എല്ലാ മതാനുയായികൾക്കും വേണ്ടിയാണ്, സന്മനസ്സുള്ള എല്ലാ ജനങ്ങൾക്കും വേണ്ടിയാണ്.

ഇതാണ് സഹോദര സ്നേഹത്തിന്റെ സാക്ഷ്യം. വിശുദ്ധ പൗലോസിന്റെ ഉപദേശം ഇതാണ്: 'ഐക്യത്തിൽ, ഒരേ സ്നേഹത്തിൽ, യോജിച്ച് ഏകമനസ്കരായി എന്റെ ആനന്ദം പൂർണമാക്കുക. സ്വാർത്ഥതയിലോ വഞ്ചനയിലോ ഒന്നും ചെയ്യരുത്' (ഫിലി. 2:2-3).

വെറുപ്പും അനീതിയും ക്ലേശവും ശാശ്വതമാക്കുന്ന ഒന്നും ചെയ്യരുത്! ആയുധപ്പന്തയത്തിന് അനുകൂലമായി ഒന്നും പ്രവർത്തിക്കരുത്. ജനതകളെയും രാഷ്ട്രങ്ങളെയും അടിച്ചമർത്താൻ സഹായിക്കുന്ന ഒന്നും ചെയ്യരുത്. സാമ്രാജ്യവാദത്തിന്റെയോ മനുഷ്യത്വരഹിതമായ ആശയഗതികളുടെയോ കപടവേഷങ്ങളാൽ പ്രേരിതരായി ഒന്നും ചെയ്യരുത്.

അങ്ങനെ ശബ്ദമില്ലാത്തവർ അവസാനം സംസാരിക്കട്ടെ!

ഭാരതം സംസാരിക്കട്ടെ!

മദർ തെരേസയുടെ ലോകത്തിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവർ സംസാരിക്കട്ടെ!

അവരുടെ ശബ്ദം ക്രിസ്തുവിന്റെ ശബ്ദമാണ്!

ആമേൻ.

കൽക്കട്ട ബ്രിഗേഡ് പോലീസ് ഗ്രൗണ്ട് ദിവ്യബലിക്കിടയിലെ സുവിശേഷപ്രഭാഷണം. 1986 ഫെ. 4.

www.malankaralibrary.com

# 17

# അക്രൈസ്തവമതനേതാക്കളോട്

വിശിഷ്ട സ്നേഹിതരേ,

17.1. അനേകം മതങ്ങളുടെ വിലയേറിയ സാംസ്ക്കാരിക പൈതൃകമുള്ള ഭാരതം സന്ദർശിക്കാനും ഇത്തരമൊരു സമ്മേളനത്തെ അഭിസംബോധന ചെയ്യാനും വളരെക്കാലമായി ഞാൻ ആഗ്രഹിച്ചിരുന്നതാണ്. നിങ്ങളുമായി ആധ്യാത്മിക സൗഹൃദബന്ധം സ്ഥാപിക്കുന്നതിനു് എനിക്കു് അതിയായ സന്തോഷമുണ്ടു്.

പൗരാണിക പാരമ്പര്യങ്ങളുടെ പിള്ളത്തൊട്ടിലാണു് ഭാരതം. ജൈവികവും പദാർത്ഥപരവുമായ മനുഷ്യാസ്തിത്വത്തെക്കാൾ ഉപരിയായി എല്ലാം നീതീകരിക്കുകയും വിശദീകരിക്കുകയും സർവോപരി അവന്റെ സമഗ്രമായ ഉയർച്ചയെ സാധ്യമാക്കുകയും ചെയ്യുന്ന പരമമായ സത്തയെക്കുറിച്ചുള്ള വിശ്വാസങ്ങളും അനുഭവങ്ങളുമുള്ളതാണു് ഭാരതം.

ആധ്യാത്മികവും അദൃശ്യവുമായ വസ്തുക്കളെക്കുറിച്ചുള്ള നിങ്ങളുടെ ഉപാസനകൾ ലോകത്തിൽ വലിയ മതിപ്പുളവാക്കിയിരിക്കുന്നു. ദൈവത്തെയും മതത്തെയുംകുറിച്ചുള്ള നിങ്ങളുടെ അവബോധം ഭൗതികവും നിരീശ്വരപരവുമായ ജീവിതത്തിനെതിരേയുള്ള കരുത്തുറ്റ സാക്ഷ്യമായി കണക്കാക്കാം.

ഭാരതീയർ ജീവിതത്തിൽ മതത്തിനു പ്രഫുല്ലമായ സ്ഥാനമുള്ളതായി ചിന്തിക്കുന്നു. അവന്റെ അസ്ഥിത്വത്തിൽ മനുഷ്യൻ അനുഭവിക്കുന്ന പ്രചോദനങ്ങളും, വികാരങ്ങളും ചോദ്യങ്ങളും, ആഗ്രഹങ്ങളും, അഭിനിവേശങ്ങളും എല്ലാം സാക്ഷ്യപ്പെടുത്തുന്നതു് ഏറ്റവും വലിയ അന്വേഷണം കേവലസത്തയെക്കുറിച്ചുള്ള, ദൈവത്തെപററിയുള്ള അന്വേഷണമാണു് എന്നതാണു്. മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം അക്രൈസ്തവ മതവിഭാഗങ്ങളെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഭാഗത്തെ അനുസ്മരിച്ചുകൊണ്ടു് എന്റെ ആദ്യത്തെ ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ' ഈ പ്രമാണരേഖ ഏററവും മഹത്തായ ആധ്യാത്മിക മൂല്യങ്ങളെ പററിയുള്ള ആഴമായ ആദരത്താൽ നിറഞ്ഞതാണു്. മാനവ സമൂഹത്തിന്റെ ജീവിതത്തിൽ ആധ്യാത്മികതയുടെ പ്രാമാണികത

www.malankaralibrary.com



പ്രകടമാകുന്നതു മുഴുവൻ സംസ്ക്കാരത്തെയും സ്വാധീനിക്കത്തക്കവിധം മനനത്തിലും പിന്നെ ധാർമ്മികതയിലുമാണ്'' (മനുഷ്യരക്ഷകൻ, 11).

17.2. കത്തോലിക്കാസഭ ഭാരതത്തിൻെറ മതപാരമ്പര്യങ്ങളിൽ അന്തർലീനമായിരിക്കുന്ന സനാതന സത്യങ്ങളെ മനസിലാക്കുന്നു. ഈ കാഴ്ചപ്പാട് ശരിയായ ചർച്ചകൾക്കു സാദ്ധ്യതയുളവാക്കുന്നു. നിങ്ങളുടെ സാംസ്ക്കാരിക പൈതൃകത്തിൽ തെളിഞ്ഞു കാണുന്ന മഹത്തായ മതാഭിരുചിയെ സഭ ഇന്ന് ഇവിടെ ആദരിക്കുന്നു. സഭക്കു മററു മതവിഭാഗങ്ങളോടുള്ള സമീപനം അതിരററ ബഹുമാനത്തിൻേറതാണ്. അതിനാൽ അവയുമായി പരസ്പര സൗഹൃദത്തിലേർപ്പെടാൻ അവൾ ആഗ്രഹിക്കുന്നു. ഈ ബഹുമാനം രണ്ടു വിധത്തിലുള്ളതാണ്. ജീവിതത്തിലെ ആഴമായ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന മനുഷ്യരോടുള്ള ആദരവും, മനുഷ്യനിൽ വസിച്ച് അവനെ കർമ്മോന്മുഖനാക്കുന്ന അരൂപിയോടുള്ള ആദരവും.

മനസ്സിൻെറയും ഹൃദയത്തിൻെറയും ആന്തരികമനോഭാവം എന്ന നിലയിൽ ആന്തരികമനുഷ്യനിൽ ഊന്നൽ കൊടുക്കുകയും ആന്തരികപരിവർത്തനം സൃഷ്ടിക്കുകയും ചെയ്യുകയാണ് ആധ്യാത്മികത. മനുഷ്യൻെറ ആധ്യാത്മികതലത്തിൽ നൽകുന്ന ഈ പ്രചോദനം ഏതൊരു വ്യക്തിയുടെയും ഉന്നതമായ സ്ഥാനത്തിനു (ശ്രേഷ്ഠതക്കു) നൽകപ്പെടുന്ന പ്രചോദനമാണ്. എല്ലാ തരത്തിലുമുള്ള ബാഹ്യപ്രവർത്തനങ്ങളുടെ ഹൃദയമായ ആന്തരികത പലവിധത്തിലും അനന്തമായി ബന്ധപ്പെട്ടുകിടക്കുന്നു. ഭാരതത്തിൻെറ മതപാരമ്പര്യങ്ങളിൽ തെളിഞ്ഞുനിൽക്കുന്ന ആന്തരികവിശുദ്ധി പൂർണത പ്രാപിക്കുന്നതു് മനുഷ്യൻെറ ബാഹ്യമായ ജീവിതത്തിലാണ്. മഹാത്മാഗാന്ധിയുടെ ആധ്യാത്മികത ഇതിൻെറ പ്രകടമായ വിശദീകരണമാണ്. അദ്ദേഹം പറയുന്നു: 'മതം എന്നതുകൊണ്ട് ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്നു് വ്യക്തമാക്കാം. അതു് ഒരുവൻെറ പ്രകൃതിയെത്തന്നെ മാററുന്നതും ഒരുവനെ അവനിൽത്തന്നെ വിശുദ്ധീകരിച്ച് സനാതനസത്യവുമായി അഭേദ്യമായി ബന്ധിച്ചു നിറുത്തുന്നതുമാണ്. ഇതു് മനുഷ്യപ്രകൃതിയിൽ കാണപ്പെടുന്ന സ്ഥായിയായ ഘടകവും. എന്തിനുവേണ്ടിയാണോ ഈ മഹത്തരമായ മൂല്യംനൽകി പരിപൂർണമായ അതിൻെറ പ്രകടനം ആവശ്യപ്പെടുന്നതു്, അതു് കണ്ടെത്തി, ആത്മാവിൽ സൃഷ്ടിയും, സ്രഷ്ടാവും തമ്മിലുള്ള ബന്ധവും വ്യാപാരങ്ങളും സാക്ഷാത്കരിക്കപ്പെടുന്നതുവരെ അസ്വസ്ഥമാക്കുന്നതെന്താണോ, അതാണ് മതം (എല്ലാ മനുഷ്യരും സഹോദരന്മാരാണ്, അഹമ്മദാബാദ് 1960. പേജ് 79).

www.malankaralibrary.com



17.3. ദാരിദ്ര്യവും രോഗവും, അജ്ഞതയും, ക്ലേശങ്ങളും നിറഞ്ഞ ഈ ലോകത്തിൽ ശരിയായ ആധ്യാത്മികതക്ക് മനുഷ്യമനസ്സുകളെ വ്യത്യസ്തപ്പെടുത്തുവാൻ മാത്രമല്ല, ലോകത്തെ മെച്ചപ്പെട്ടൊരു അവസ്ഥയിലെത്തിക്കുവാൻകൂടി കഴിയണം. ആവശ്യക്കാർക്കും ആലംബഹീനർക്കും ആശ്രയവും ആശ്വാസവും നൽകുന്നതിന് ശരിയായ ആധ്യാത്മികത ഗൗരവ പൂർണ്ണമായി താല്പര്യം പ്രകടിപ്പിക്കുന്നു. ക്രിസ്തീയ വേദഭാഗങ്ങളിൽ കാണുന്ന ഒരു സവിശേഷസന്ദേശം, ഒരുപക്ഷേ ഏതു മതസാഹചര്യങ്ങളിൽ വിശ്വസിക്കുന്നവർക്കും അംഗീകരിക്കുവാൻ സാധിക്കും എന്നു ഞാൻ കരുതുന്നു: 'താൻ പ്രകാശത്തിലാണെന്നു പറയുകയും അതേസമയം തൻെറ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നവൻ ഇപ്പോഴും അന്ധകാരത്തിൽതന്നെയാണ്. സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ സന്ധിക്കുന്നു. അവന് ഇടർച്ചയുണ്ടാകുന്നില്ല' (1 യോഹ. 2:9-10).

മനുഷ്യത്വരഹിതമായ ജീവിതപരിതസ്ഥിതിയെ നിർമ്മാർജ്ജനം ചെയ്യുക എന്നതു് ആധികാരികമായ ആധ്യാത്മികവിജയമാണ്. കാരണം അതു് മനുഷ്യന് സ്വാതന്ത്ര്യവും അന്തസ്സും ആത്മീയജീവിതത്തിനുള്ള സാദ്ധ്യതയും നൽകുന്നു. ഭൗതികമായ തലങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേൽക്കാനും ഇതു് മനുഷ്യനെ സഹായിക്കും. ഓരോ മനുഷ്യനും അവൻ എത്ര ദരിദ്രനും നിർഭാഗ്യവാനും ആയാലും അവനിൽ ആധ്യാത്മിക സ്വഭാവമുണ്ടെന്നതിനാൽത്തന്നെ ബഹുമാനത്തിനും സ്വാതന്ത്ര്യത്തിനും അർഹനാണ്. മനുഷ്യനിലും അവൻെറ മൂല്യത്തിലും ആന്തരികസത്യത്തിലും വിശ്വസിക്കുന്നതുകൊണ്ടാണ് നാം അവനെ സ്നേഹിക്കുകയും സേവിക്കുകയും അവൻെറ വേദനകളിൽ ഭാഗഭാക്കാകാൻ ആഗ്രഹിക്കുകയും ചെയ്യുന്നത്.

തമിഴ്നാട്ടിലെ ഒരു ജ്ഞാനിയായ പത്തിനാത്തർ രേഖപ്പെടുത്തുന്നതുപോലെ:

'മുകളിലുള്ള ഒരുവനിൽ വിശ്വസിക്കുക.
ദൈവമുണ്ടെന്ന് വിശ്വസിക്കുക.
മറ്റെല്ലാം നാസ്തിയാണെന്നറിയുക.
വിശക്കുന്നവരെ തീറ്റിപ്പോററുക.
സന്മാർഗനിരതവും നല്ലതുമായ
കൂട്ടുകെട്ട് മുതൽക്കൂട്ടാണെന്നറിയുക.
ദൈവേഷ്ടം നിറവേററുന്നതിൽ സംതൃപ്തനായിരിക്കുക.

ഓ! ഹൃദയമേ! ഇതായിരിക്കട്ടെ നിന്നിലെത്തുവോളം എൻെറ പ്രാർത്ഥന.'

(Temple Bells, ed A. J. Appasamy, Calcutta pp, 72-73)

www.malankaralibrary.com



വിശ്വാസികളും അവിശ്വാസികളും ഈ ലോകത്തിന്റെ പുനരുദ്ധാരണപ്രക്രിയ നടത്തുന്നതിന് തമ്മിൽ സഹകരിപ്പിക്കുകയും, യോജിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കത്തോലിക്കാസഭക്കുള്ള പ്രതിജ്ഞാബദ്ധമായ ബോധ്യവും പലപ്പോഴും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതു് സത്യസന്ധവും വിവേകപൂർണവുമായ ചർച്ചകളിലൂടെയല്ലാതെ നടപ്പിലാക്കുവാൻ സാധിക്കുകയില്ല (Gaudium et Spes, 21).

സ്നേഹത്തിന്റെ ആന്തരിക ചൈതന്യത്തിൽനിന്നുത്തിരിയുന്ന (Ecclesiam Suam–64) ചർച്ചകൾ സാമൂഹ്യജീവിതത്തിൽനിന്നും മാനവികബന്ധങ്ങളിൽ നിന്നും അക്ഷന്തവ്യമായ തിന്മകളെ ഉന്മൂലനാശം ചെയ്യാനുള്ള കരുത്തുററ മാദ്ധ്യമങ്ങളാണ്. അതുവഴി സമൂഹത്തിൽ സംതുലനാവസ്ഥ സൃഷ്ടിക്കാനും ഏതു പന്ഥാവുകളിലൂടെ ചരിക്കുന്ന മനുഷ്യരുടെയും പൊതുനന്മക്കുപകരിക്കുന്ന സംഭാവന ചെയ്യാനും ഇതുകൊണ്ടു് ഉപകരിക്കും.

വിവിധ മതാനുയായികൾ തമ്മിലുള്ള ചർച്ചകൾ മനുഷ്യസഹനത്തിന്റെ ഗുരുതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരസ്പര ബഹുമാനം വർദ്ധിപ്പിക്കുന്നതിനും ആഴമുള്ളതാക്കുന്നതിനും വഴിതെളിക്കും. മററുള്ളവരുടെ അഭിപ്രായങ്ങളെ ആദരവും ബഹുമാനവും നൽകി സ്വീകരിക്കുകയാണെങ്കിൽ മഹത്തായ ലക്ഷ്യത്തിനുവേണ്ടി ഐക്യവും അർപ്പണവും വളർത്തിയെടുക്കാം. ചർച്ചകളുടെ അനുഭവങ്ങൾ രാജ്യോദ്ധാരണമെന്ന പ്രവർത്തനമേഖലയിൽ വന്നുഭവിക്കുന്ന അതിർവരമ്പുകളും പ്രശ്നങ്ങളും തരണം ചെയ്യുന്നതിന് സഹായകമാകും. ചർച്ചകൾ കൂടാതെ മുൻവിധികളുടെ വേലിക്കെട്ടുകളും തെററിധാരണകളും സംശയങ്ങളും ഫലപ്രദമായി ദൂരീകരിക്കുവാൻ നമുക്ക് സാധിക്കുകയില്ല. സംഭാഷണംവഴി അതിൽ ഏർപ്പെട്ടിരിക്കുന്നവർ ജീവിതത്തിന്റെ പൊതുപ്രശ്നത്തെക്കുറിച്ച് സത്യസന്ധമായ ഒരു പഠനം നടത്തുവാനും നന്മയെ പ്രാപിക്കുന്നതിനും സത്യത്തെ അംഗീകരിക്കുന്നതിനുമുള്ള വെല്ലുവിളി സ്വീകരിക്കാനുമുള്ള ശക്തി സ്വായത്തമാക്കുന്നു. പരാജയത്തിന്റെയും നാശത്തിന്റെയും അടയാളമാക്കി മാററാതെ സഹനത്തിന്റെയും നിരാശയുടെയും ആശാഭംഗത്തിന്റെയും സംഘട്ടനത്തിന്റെയും അനുഭവത്തെ സൗഹൃദത്തിലും പരസ്പരധാരണയിലും വളരാനുള്ള അവസരങ്ങളായി രൂപാന്തരപ്പെടുത്താനാകും.

ചർച്ചകൾ സത്യത്തെ കണ്ടെത്തുന്നതിനുള്ള വഴികളും അവ മററുള്ളവരുമായി പങ്കുവയ്ക്കുന്നതിനുള്ള മാർഗങ്ങളുമാണ്. കാരണം സത്യം പ്രകാശവും പുതുമയും ശക്തിയുമാകുന്നു.

www.malankaralibrary.com



കത്തോലിക്കാസഭ മുറുകെ പിടിക്കുന്ന വസ്തുത ഇതാണ്: 'ഈ സത്യാന്വേഷണം നടത്തേണ്ടത് മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തിനും, അവന്റെ സാമൂഹ്യസ്വഭാവത്തിനും യുക്തമായ മാർഗ്ഗങ്ങളിലൂടെയായിരിക്കണം. സ്വതന്ത്രമായ ഒരന്വേഷണമായിരിക്കണമത്. അദ്ധ്യാപനം, പഠനം, ആശയവിനിമയം അഭിമുഖസംഭാഷണം എന്നിവവഴിവേണം ഇവ നടത്താൻ. ഇതുവഴി അവർ കണ്ടെത്തിയതും, കണ്ടെത്തി എന്ന് കരുതുന്നതുമായ സത്യം പരസ്പരം പങ്കുവയ്ക്കുവാൻ അവസരം ലഭിക്കുന്നു. സത്യം തെരഞ്ഞുപിടിക്കുവാനുള്ള ഈ പരിശ്രമത്തിൽ അന്യോന്യം ഇതു് സഹായകരമായി ഭവിക്കുന്നു (Dignitatis Humanae).

ആധുനിക മനുഷ്യൻ ചർച്ചയെ വ്യക്തികൾ തമ്മിലും പരസ്പരം സമൂഹങ്ങൾ തമ്മിലുമുള്ള ധാരണ വളർത്താനുള്ള ഒരു യോജിച്ച ഉപാധിയായി കാണുന്നു. ഈ അറിവിന്റെ വെളിച്ചത്തിൽ അക്രൈസ്തവരുടെ സാമൂഹിക സാംസ്ക്കാരിക മൂല്യങ്ങളെപ്പോലെ തന്നെ അവരുടെ ആധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങളെയും അംഗീകരിക്കുവാനും വളർത്തുവാനും രണ്ടാം വത്തിക്കാൻ കൗൺസിൽ ക്രൈസ്തവരെ ഉദ്ബോധിപ്പിക്കുകയാണ്.

ചർച്ചയുടെ ഫലം ജനങ്ങൾ തമ്മിൽത്തമ്മിലും ജനങ്ങളും ദൈവവും തമ്മിലുമുള്ള ഐക്യമാണ്. എല്ലാ സത്യത്തിന്റെയും ഉറവിടവും ആവിഷ്കാരവും ദൈവമാണ്. ആത്മാർത്ഥതയിലും സ്നേഹത്തിലും മനുഷ്യർ പരസ്പരം കണ്ടുമുട്ടുമ്പോൾ മാത്രമാണ് ആ ദൈവത്തിന്റെ അരൂപി അവരെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുക. അനുരഞ്ജന സംഭാഷണം വഴിയായി നാം ദൈവത്തെ നമ്മുടെ മദ്ധ്യത്തിൽ അവതരിക്കുവാൻ അനുവദിക്കുകയാണ്. കാരണം നാം ചർച്ചകളിലൂടെ മററുള്ളവരുമായി നമ്മെത്തന്നെ തുറക്കുമ്പോൾ നാം ദൈവത്തോടും തുറന്ന മനസ്ഥിതിയുള്ളവരാകുന്നു. പരസ്പര ധാരണയും ആന്തരികമായ പ്രേരണയും എന്നുവേണ്ട മനുഷ്യ സഹവർത്തിത്വത്തിനുവേണ്ടിയുള്ള സാധ്യമായ എല്ലാ മാർഗ്ഗങ്ങളും നാം ഉപയോഗിക്കണം.

ഏതൊരുവന്റെയും വ്യക്തി, പൗരൻ എന്ന നിലയിലുള്ള അവകാശങ്ങൾ നാം മാനിക്കണം. വിവിധ മതാനുയായികൾ എന്ന നിലക്ക് മനുഷ്യസാഹോദര്യം, വിദ്യാഭ്യാസം, സംസ്കാരം, സാമൂഹ്യക്ഷേമം, നിയമപരമായ ക്രമങ്ങൾ തുടങ്ങി മതസ്വാതന്ത്ര്യ മണ്ഡലത്തിലെ മൂല്യങ്ങൾ സംരക്ഷിക്കുവാനും വളർത്തിയെടുക്കുവാനും നാം കൂട്ടായി ശ്രമിക്കേണ്ടതാണ്. ചർച്ചകളും സംയുക്തമായ പരിശ്രമങ്ങളും (സംരംഭങ്ങളും) ഈ മഹത്തായ പദ്ധതിയിൽ സാധ്യമാണ്.

www.malankaralibrary.com



17.5 മതപരമായ വൈവിധ്യങ്ങളുടെ തലത്തിൽ എക്കാലവും ഭാരതീയ പൈതൃകത്തിന്റെ ഒരു ഭാഗമായ സഹിഷ്ണുതയുടെ അരൂപി ആഗ്രഹിക്കത്തക്കതാണെന്നു മാത്രമല്ല അത്യാവശ്യംകൂടിയാണ്. പ്രായോഗികബുദ്ധിയോടെ അതു നാം നടപ്പിലാക്കേണ്ടിയിരിക്കുന്നു. മനുഷ്യന് മതസ്വാതന്ത്ര്യത്തിനുള്ള അവകാശമുണ്ട് എന്നതു് സഭയുടെ പഠനമാണ്. വ്യക്തികളുടെയോ സാമൂഹ്യവിഭാഗങ്ങളുടെയോ ഏതെങ്കിലും മനുഷ്യശക്തിയുടെയോ നിർബന്ധത്തിൽനിന്ന് എല്ലാ മനുഷ്യരും സ്വതന്ത്രരായിരിക്കണം എന്നാണ് ഈ സ്വാതന്ത്ര്യംകൊണ്ടുദ്ദേശിക്കുന്നതു്. രഹസ്യമായോ പരസ്യമായോ, ഒററക്കോ കൂട്ടായിട്ടോ ന്യായമായ പരിമിതികൾക്കുള്ളിൽ മതകാര്യങ്ങളിൽ ആരെയും സ്വന്തം ബോധ്യങ്ങൾക്കെതിരായി പ്രവർത്തിക്കാനോ ബോധ്യങ്ങളുടെ പ്രചോദനമനുസരിച്ച് പ്രവർത്തിക്കുന്നതിൽനിന്നു തടയാനോ പാടില്ലെന്ന അവസ്ഥ അതുവഴി ഉണ്ടാകണം.

(Dignitatis Humanae, 2).

ഭാരതത്തിലെ ഭരണഘടനയുടെ മുഖവുരയിൽ എല്ലാ പൗരന്മാർക്കും ചിന്താസ്വാതന്ത്ര്യവും, അഭിപ്രായപ്രകടനത്തിനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുന്നതിനും ആരാധിക്കുന്നതിനും പ്രഘോഷിക്കുന്നതിനുമുള്ള സ്വാതന്ത്ര്യവും നൽകിയിരിക്കുന്നു. ഇത് വലിയ ചാരിതാർത്ഥ്യത്തോടെയാണ് ലോകം വീക്ഷിക്കുന്നത്.

മതത്തിൽ വിശ്വസിക്കുവാനും, അതനുസരിച്ച ജീവിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശം ഉൾക്കൊള്ളുന്ന സവിശേഷമായ ഈ തത്വത്തെ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും എല്ലാ പൗരന്മാർക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും കടമയുണ്ട്. ഇതു് നിർവഹിക്കുന്നതിനുള്ള മാർഗം അവയെ ഫലപ്രദമായി പൊതുജീവിതത്തിൽ പ്രതിഫലിപ്പിക്കുക എന്നതാണ്. എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നതു് ഈ മതസ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനും വിവിധ മതപാരമ്പര്യങ്ങളിൽ ജീവിക്കുന്ന മനുഷ്യർ തമ്മിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും സമാധാനവും സ്വരച്ചേർച്ചയും വളർത്തിയെടുക്കാനും ആണ്.

17.6. എല്ലായിടത്തുമുള്ള ജനതകളുടെ മനസ്സുകളിലും ഹൃദയങ്ങളിലും നിങ്ങളുടെ സംസ്കാരത്തിന്റെ വിശേഷസ്വഭാവമായി എടുത്തു പറയേണ്ട 'ഈശ്വരചിന്ത' ഉണ്ടാകട്ടെ എന്നാണ് എന്റെ എളിയ പ്രാർത്ഥന. അങ്ങനെ ദൈവം കൂടുതൽ ബഹുമാനിക്കപ്പെട്ടും. മനുഷ്യകുടുംബം എന്നത്തേക്കാളുപരിയായി അതിന്റെ ഒരുമയും പൊതുലക്ഷ്യവും കൂടുതൽ പൂർണമായി അനുഭവിക്കുവാൻ ഇടവരും. മനുഷ്യരാശി അഭി

www.malankaralibrary.com



മുഖീകരിച്ചുകൊണ്ടിരിക്കുന്ന വിവിധ വെല്ലുവിളികൾക്ക മുന്നിൽ ആഗോളക്കൂട്ടായ്മക്ക് വേണ്ടിയുള്ള മനുഷ്യരുടെ അടങ്ങാത്ത ദാഹം വർദ്ധിച്ചുവരികയാണ്. മതാർപ്പണത്തിൽ നിന്നുരുത്തിരിയുന്ന വിവേകവും ശക്തിയും ചരിത്രത്തിലൂടെയുള്ള മനുഷ്യന്റെ പ്രയാണത്തെ കൂടുതൽ മാനവീകരിക്കും.

അസ്തിത്വമുള്ള എല്ലാ വസ്തുക്കളുടെയും, സ്രഷ്ടാവും പിതാവും മനുഷ്യന്റെ പരമനന്മയുമായ അത്യുന്നതനായ ദൈവം നമ്മുടെ എല്ലാ പരിശ്രമങ്ങളെയും അനുഗ്രഹിക്കട്ടെ. നമ്മുടെ പാദങ്ങളെ സമാധാനത്തിലേക്ക് നയിക്കുമാറാകട്ടെ.

നിങ്ങൾ എന്നെ സ്വീകരിക്കുവാൻ കാണിച്ച സന്മനസിന് ഞാൻ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം നിങ്ങൾക്കെല്ലാവർക്കും സമാധാനത്തിന്റെ പൂർണത ആശംസിക്കുന്നു.

മദ്രാസിലെ രാജാജിഹാളിൽ അക്രൈസ്തവ മതനേതാക്കന്മാരോട്. 1986 ഫെ. 5.

www.malankaralibrary.com

# 18

# സെൻറ് തോമസ് മൗണ്ടിൽ

പ്രിയ ആർച്ച്ബിഷപ്പ് അരുളപ്പാ,
മദ്രാസിലെ വാത്സല്യമുള്ള സഹോദരീ സഹോദരൻമാരെ,

'അവനോടുകൂടി മരിക്കുവാൻ നമുക്കും പോകാം' (യോഹ. 11:16).

മരണത്തിൻെറ മുമ്പിൽപോലും യേശുവുമൊന്നിച്ചിരിക്കുവാനുള്ള ആഗ്രഹം വി. തോമാശ്ലീഹ പ്രകടമാക്കിയതു് ഈ വാക്കുകളിലൂടെയാണ്. അതേസമയം തനിക്കുണ്ടായിരുന്നതുപോലെ അവക്കും യേശുവിനോടു് സ്നേഹം ഉണ്ടാകുവാനും അതേ ധൈര്യവും വിശ്വസ്തതയും അവരിൽ ജനിപ്പിക്കുവാനും തോമാശ്ലീഹ മററു ശിഷ്യന്മാരോടു് പറഞ്ഞ വാക്കുകളാണിവ.

'അവനോടുകൂടി നമുക്കും മരിക്കുവാൻ പോകാം'

'സെൻറ് തോമസ് മൗണ്ടു്' എന്നു വിളിക്കുന്ന ഈ സ്ഥലത്തു്വച്ചുതന്നെയാണ് പാരമ്പര്യമനുസരിച്ചു് അപ്പസ്തോലൻ വി. തോമസ് തൻെറ ആ ഉപദേശം യാഥാർത്ഥ്യമാക്കിയതു്. മദ്രാസിൽ വിശുദ്ധൻ ക്രിസ്തുവിനുവേണ്ടി ജീവത്യാഗം ചെയ്തത് അവിടുത്തോടുള്ള സ്നേഹം നിമിത്തമാണ്. ക്രിസ്തുവിനും സുവിശേഷത്തിനും വേണ്ടി തോമാശ്ലീഹ രക്തസാക്ഷിയായി മരിച്ചു.

ക്രിസ്തുവിൽ പ്രിയ സ്നേഹിതരേ, പ്രത്യേകിച്ചും വാത്സല്യമുള്ള കുട്ടികളെ, കരുത്തുററ വിശ്വാസത്തിനും ധൈര്യത്തിനും വേണ്ടി നമുക്ക് ദൈവത്തോടു് പ്രാർത്ഥിക്കാം. വി. തോമാശ്ലീഹ കാണിച്ചുതന്നതുപോലെ യേശുവിനെ നമുക്കും സ്നേഹിക്കാം, ഓരോ ദിവസവും നമ്മുടെ ജീവിതം അവിടുത്തേക്ക് സമർപ്പിക്കാം. അതുവഴി നിത്യമായി അവനോടുകൂടി ജീവിക്കാം.

മദ്രാസിലെ സെൻറ്തോമസ് മൗണ്ട് പള്ളി സന്ദർശിച്ചപ്പോൾ. 1986 ഫെ. 5.

www.malankaralibrary.com

# 19

# സെന്റ് തോമസ് കത്തീഡ്രലിൽ

പ്രിയ ആർച്ച്ബിഷപ്പ് അരുളപ്പാ,
ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ നാമത്തിലുള്ള മദ്രാസിലെ ഈ കത്തീഡ്രൽ ബസിലിക്കയിലേക്ക് എനിക്ക് വരുവാൻ സാധിച്ചതുമൂലം ഞാൻ പ്രത്യേകാനുഗ്രഹത്തിന് പാത്രീഭൂതനും ബഹുമാനിതനുമായി തീർന്നിരിക്കുന്നു. എനിക്കുമുമ്പേ കടന്നുപോയ അനേകം തീർത്ഥാടകർ ചെയ്തതുപോലെ ഞാനും ഭാരത അപ്പസ്തോലന്റെ ശവകുടീരം വണങ്ങുന്നതിനായി എത്തിയിരിക്കുകയാണ്. ഈ പ്രിയപ്പെട്ട നാട്ടിലെ സഭയുടെ ചരിത്രം ഈ പുണ്യസ്ഥലംതന്നെ വിളിച്ചോതുന്നുണ്ട്. വി. തോമാശ്ലീഹായെയും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെയുംകുറിച്ച് മാത്രമല്ല അദ്ദേഹത്തിനുശേഷം സുവിശേഷപ്രഘോഷണം നടത്തി ജീവിതം പൂർണമായി ഹോമിച്ചവരെയും വാക്കിലും പ്രവൃത്തിയാലും ക്രിസ്തുവിന് സാക്ഷ്യം നൽകിയവരെയും കുറിച്ചുള്ള സ്മരണകൾ ഇത് എന്റെ മനസിൽ ഉയർത്തുന്നു.

നമ്മുടെ വിശ്വാസം അവരുടേതുപോലെ കരുത്തുറ്റതാകട്ടെയെന്നും അതുവഴി ക്രിസ്തുവിനോടുള്ള നമ്മുടെ സ്നേഹം അയൽക്കാരെ സ്നേഹിക്കാനും അവർക്കുവേണ്ടി സേവനം ചെയ്യാനും നമുക്ക് പ്രചോദനമാകട്ടെയെന്നും പ്രാർത്ഥിക്കുന്നു. വി. തോമാശ്ലീഹായിലൂടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മനുഷ്യരക്ഷയുടെ സദ്വാർത്ത അറിയിക്കാൻ സന്മനസായ ദൈവത്തെ ഹൃദയം നിറഞ്ഞുനിൽക്കുന്ന സന്തോഷത്തോടുകൂടി നമുക്ക് പാടിപ്പുകഴ്ത്താം.

മദ്രാസിലെ മൈലാപ്പൂരിലുള്ള സെന്റ് തോമസ് കത്തീഡ്രൽ സന്ദർശിച്ചപ്പോൾ. 1986 ഫെ. 5.

www.malankaralibrary.com

# 20

# മദ്രാസിലെ ദിവ്യബലിയിൽ

പ്രിയ സഹോദരീ സഹോദരങ്ങളെ,

ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ.
എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ (സങ്കീ. 67:3).

20.1. ഇന്നത്തെ ആരാധനക്രമത്തിലുൾപ്പെടുന്ന ഈ വാക്കുകളിലൂടെ നിങ്ങളുടെ ജന്മനാടായ ഈ സ്ഥലത്തു് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭാരതത്തിലെ അപ്പസ്തോലികസന്ദർശനവേളയിൽ, സാംസ്കാരിക സമ്പന്നതയ്ക്കും, ആഴമേറിയ മതപാരമ്പര്യങ്ങൾക്കും പേരുകേട്ട മദ്രാസിൽ വരുവാൻ ഇടയായതു് ദൈവം എനിക്കു നൽകിയ ഒരു മഹാഭാഗ്യമായി ഞാൻ കണക്കാക്കുന്നു. സുവിശേഷ പ്രഘോഷണത്തിനിടയിൽ തമിഴ്നാട്ടിൽ രക്തസാക്ഷിത്വം വരിച്ച അരുൾ ആനന്ദർ എന്ന വി. ജോൺ ബ്രിട്ടോയെ അനുസ്മരിച്ചുകൊണ്ടു് ഇന്നു് നിങ്ങളോടൊപ്പം ഈ ദിവ്യബലിയർപ്പിക്കുന്നതിൽ ഞാൻ അതീവസന്തുഷ്ടനാണ്.

എന്റെ തീർത്ഥാടനയാത്രയുടെ ഈ ഘട്ടത്തിൽ ഇവിടെ സന്നിഹിതരായിരിക്കുന്ന മെത്രാന്മാർക്കും വൈദികർക്കും സന്യാസിനീസന്യാസികൾക്കും അൽമായർക്കും യുവാക്കൾക്കും വൃദ്ധന്മാർക്കും രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുന്ന ഓരോരുത്തർക്കും എന്റെ ഹൃദ്യമായ അഭിവാദനങ്ങൾ.

ഇവിടെ സമ്മേളിതരായിരിക്കുന്ന ഭരണാധികാരികൾക്കും, കലാസാഹിത്യമേഖലകളെ പ്രതിനിധീകരിക്കുന്നവർക്കും, സാമൂഹികവ്യാവസായിക വിദ്യാഭ്യാസമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർക്കും മറ്റു പൗരന്മാരുടെ ഉന്നമനത്തിനു വേണ്ടിയുള്ള സേവനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും എന്റെ ശുഭാശംസകൾ.

ഇവിടെ എത്തിയിരിക്കുന്ന മറ്റു ക്രൈസ്തവ മതങ്ങളിലും സഭാസമൂഹങ്ങളിലും ഉൾപ്പെട്ട എല്ലാവരോടും നിങ്ങളുടെ നാടിന്റെ വിവിധ മതപ്രതിനിധികളോടും എനിക്കുള്ള പ്രത്യേകമായ ആദരം ഈയവസരത്തിൽ പ്രകടിപ്പിക്കുന്നു, 'ദൈവമേ

www.malankaralibrary.com



ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ; എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ' എന്ന പ്രതിവചന സങ്കീർത്തനം നമുക്കോരോരുത്തർക്കും ഉള്ള പ്രത്യേക ക്ഷണമാകട്ടെ.

20.2. സഹോദരീ സഹോദരന്മാരെ, 'എന്റെ വചനത്തിൽ പ്രഘോഷിച്ചിട്ടുള്ളതുപോലെ ദാവീദിന്റെ വംശജനും മരിച്ചവരിൽനിന്നുയിർത്തവനുമായ യേശുക്രിസ്തുവിനെ സ്മരിക്കുക' (2 തിമോ 2:8.). എന്ന പൗലോസിന്റെ വാക്കുകളിൽ അദ്ദേഹത്തിന്റെ അപ്പസ്തോലിക പ്രബോധനങ്ങളുടെ സുപ്രധാന ആശയം മാറ്റൊലികൊള്ളുന്നതായി നാം കേട്ടിട്ടുണ്ടല്ലോ.

ഒരർത്ഥത്തിൽ ഈ വചനം സഭയുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ ആകെത്തുകയാണ്. ഇവിടെ, മദ്രാസിൽ ഈ വചനം പ്രത്യേകമായി നമ്മുടെ ശ്രദ്ധ മറ്റൊരു വിശുദ്ധന്റെ വ്യക്തിത്വത്തിലേക്ക് ക്ഷണിക്കുന്നു. അതായത് ക്രിസ്തുവിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹയുടെ വ്യക്തിത്വത്തിലേക്ക്. അദ്ദേഹത്തിന്റെ വചന പ്രഘോഷണ ദൗത്യം ഈ നാടുമായി യഥാർത്ഥത്തിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.വചനത്തെ, പ്രത്യേകിച്ചും ക്രിസ്തുവിന്റെ ഉത്ഥാനത്തെ സംബന്ധിച്ച വചനത്തെ, തടഞ്ഞു നിറുത്താനാവില്ലെന്ന് ഉറച്ച ബോധ്യമുള്ളവനായിരുന്നു തോമാശ്ളീഹ (2 തിമോ. 2:9). അതുകൊണ്ടാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നതുപോലെ വി. തോമാശ്ളീഹ ഈ പ്രദേശത്ത് വന്നത്. അദ്ദേഹം ഇവിടെ ക്രിസ്തുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നീ രക്ഷാകര രഹസ്യങ്ങൾക്ക് കരുത്തുറ്റ സാക്ഷ്യമായിരുന്നു.

20.3. വിശ്വപ്രസിദ്ധമായ നിങ്ങളുടെ രാജ്യത്തിനാണ് പ്രത്യേകിച്ചും ഈ തമിഴകത്തിനാണ്, പ്രസിദ്ധമായ സന്യാസസഭകളിലും മിഷനറി സമൂഹങ്ങളിലും പെട്ട വിശ്രുതരായ മുന്ന് മുൻഗാമികളിലൂടെയും ശ്രേഷ്ഠരായ വിശുദ്ധരിലൂടെയും കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം സ്വീകരിക്കുന്നതിനുള്ള അതുല്യമായ ഭാഗ്യം സിദ്ധിച്ചത്.

തോമാശ്ളീഹ കുരിശിനെപ്രതി രക്തസാക്ഷിത്വമകുടമണിഞ്ഞത് ഈ പട്ടണത്തിന് വളരെ അടുത്താണ്. അദ്ദേഹത്തിന്റെ പൂജ്യമായ ശവകുടീരം ഇന്നും ഇവിടെ വണങ്ങപ്പെടുന്നു.

ചരിത്രം രേഖപ്പെടുത്തുന്നതുപോലെ വി. ഫ്രാൻസീസ് സേവ്യർ മുഖ്യമായും തന്റെ വചന പ്രഘോഷണദൗത്യം കേന്ദ്രീകരിച്ചത് പോൾഫിഷറീസ് തീരത്തും കുറച്ചുകാലം വസിച്ചത് അപ്പസ്തോലന്റെ കബറിടത്തിനടുത്തുമാണ്. ഇതേ സ്ഥലത്തുനിന്നാണ് അദ്ദേഹത്തിന് രക്ഷയുടെ സദ്വാർത്ത ജപ്പാനി

www.malankaralibrary.com



ലേക്ക് വ്യാപിപ്പിക്കാൻ പ്രചോദനവും ആത്മധൈര്യവും ശക്തിയും ലഭിച്ചത്.

അവസാനമായി ഇന്ന് ഈ ദിവ്യബലിമദ്ധ്യേ നാം പ്രത്യേകമാംവിധം അനുസ്മരിക്കുന്ന വിശുദ്ധ ജോൺ ബ്രിട്ടോ ഭൂജാതനായത് 1647-ൽ ലിസ്ബണിലാണ്. ഈശോ സഭാംഗമായതിനു ശേഷം വി. ഫ്രാൻസിസ് സേവ്യറിന്റെ കാൽപ്പാടുകളെ പിൻചെന്നുകൊണ്ട് ഭാരതത്തിലെ ദരിദ്രർക്കും ആലംബഹീനർക്കും വേണ്ടി, മധുരമിഷനിലൂടെ സേവനം സമർപ്പിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ക്ഷമാപൂർണമായ കഠിനാധ്വാനവും നിസ്വാർത്ഥമായ സേവന തീക്ഷ്ണതയും കലർപ്പില്ലാത്ത സ്നേഹവും വഴി അദ്ദേഹത്തിനു പാവപ്പെട്ട മനുഷ്യരുടെ ഇടയിൽ വിശ്വാസം നേടിയെടുക്കാൻ കഴിഞ്ഞു. യേശുവിനെപ്പോലെ അദ്ദേഹവും എതിർപ്പിന്റെ അടയാളമായിരുന്നു. അദ്ദേഹത്തിനുണ്ടായ വിജയം എതിർപ്പിനും അസൂയക്കും കാരണമായി. തൽഫലമായി യേശുവിനു സാക്ഷ്യം വഹിച്ചുകൊണ്ട് 1693 ഫെബ്രുവരി 4-ാം തീയതി ജോൺ ബ്രിട്ടോ രക്തസാക്ഷിയായി മരിച്ചു.

ഈ വിശുദ്ധരും, വിവിധ സന്യാസസഭകളും സമൂഹങ്ങളും നിങ്ങളുടെ പ്രിയപ്പെട്ട നാട് യേശുവിനെ അറിയുവാനും സ്നേഹിക്കുവാനും ഇടയാക്കി. ഇന്നു നാം അവരെയെല്ലാം പ്രത്യേകമായി അനുസ്മരിക്കുകയാണ്. പ്രത്യേകിച്ച് 'മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും സ്വന്തം ജീവൻ അനേകർക്കുവേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ' (മർക്കോ. 10:45) എന്ന് ഉദ്ഘോഷിച്ച ദൈവപുത്രന്റെ മാതൃകയെ പിൻചെന്നുകൊണ്ട് ദൈവവചനത്തെ പ്രതി ജീവൻപോലും അർപ്പിക്കപ്പെടേണ്ടിവന്ന രക്തസാക്ഷികളെയും വചന പ്രഘോഷകരെയും നാമിന്ന് ഓർക്കുകയാണ്.

20.4. ഇന്നത്തെ സുവിശേഷഭാഗം ക്രിസ്തുവിനെ യഥാർത്ഥത്തിൽ ആടുകൾക്കുവേണ്ടി ജീവൻപോലും ബലികഴിക്കുവാൻ സന്നദ്ധനാകുന്ന നല്ല ഇടയനായി അവതരിപ്പിച്ചിരിക്കുന്നു.

യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ച പിതാവായ ദൈവത്തിന്റെ അനന്തമായ കരുണയാണ് ഈ ദിവ്യബലിയിലൂടെ വെളിപ്പെടുത്തുന്നത്. ക്രിസ്തു മരണത്തിൽനിന്നും ജീവനിലേക്ക് പ്രവേശിച്ചു! മരണത്തിന്റെ മേലുള്ള അവന്റെ വിജയം പിതാവിനു പുത്രനോടും പുത്രന് പിതാവിനോടും ഉള്ള നിസ്സീമമായ സ്നേഹം നമ്മുടെ മുന്നിൽ വെളിപ്പെടുത്തിയിരിക്കുകയാണ്. 'ഏക സത്യമായ അവിടുത്തെയും അങ്ങ് അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ്

www.malankaralibrary.com



നിത്യജീവൻ' (യോഹ. 17:3) എന്ന് തിരുവത്താഴസമയത്ത് യേശു അരുളിച്ചെയ്തതുപോലെ പരിശുദ്ധാത്മാവിയിലൂടെയുള്ള നിത്യജീവൻെറ രഹസ്യം നമുക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുകയാണ്.

പുനരുത്ഥാനത്തിനുശേഷം ശിഷ്യന്മാരെ പരിവർത്തനത്തിന് വിധേയരാക്കിയത് ഈ അനുഭവമായിരുന്നു. ജ്യോതിർമയമായ ജീവൻ നമോമയമായ മരണത്തെ വിഴുങ്ങുന്നത് അവർ കണ്ടു. ഈ തേജസിനാൽ പ്രകാശിതരായാണവർ ലോകം മുഴുവൻ ദൈവത്തിൻെറ കരുണനിറഞ്ഞ സ്നേഹത്തിൻെറ സന്ദേശവും അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കുമുള്ള അവിടുത്തെ വിളിയും പ്രഘോഷിക്കുവാൻ ഇറങ്ങിത്തിരിച്ചത്.

20.5. അപ്പസ്തോലന്മാരെപ്പോലെ ഈ രഹസ്യത്തിന് സാക്ഷികളായിത്തീരുവാനാണ് നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിൻെറ കുരിശിനും ഉത്ഥാനത്തിനും നാം സാക്ഷ്യം വഹിക്കണം. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും രക്ഷാകരസ്നേഹത്തിന് സാക്ഷികളാകണം.

മാമോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകളിലൂടെയാണ് ആദ്യമായി നാം ഈ ദൗത്യത്തിലേക്ക് വിളിക്കപ്പെട്ടത്. അപ്പസ്തോലൻ പ്രഘോഷിക്കുന്നതുപോലെ നാം അവനോടുകൂടെ മരിച്ചിട്ടുണ്ടെങ്കിൽ അവനോടുകൂടി ജീവിക്കും (2 തിമോ. 2:11). ദൈവമക്കളുടെ സ്ഥാനത്തിനും പ്രസാദവരജീവനും നാം അർഹരായിത്തീരണമെന്നുണ്ടെങ്കിൽ ജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിനോടൊപ്പം മരിച്ച് നാം പുതിയ സൃഷ്ടികളാകണം. ജ്ഞാനസ്നാനജലത്താൽ സംസ്കരിക്കപ്പെട്ട്, പരിശുദ്ധാത്മാവിൻെറ ശക്തിയാൽ വിശുദ്ധീകരിക്കപ്പെട്ട് ലോകത്തിൽ ക്രിസ്തുവിലുള്ള നവജീവന സാക്ഷ്യം വഹിക്കുന്ന വ്യക്തികളായി നാം രൂപാന്തരപ്പെടണം.

20.6. മാമോദീസയും സ്ഥൈര്യലേപനവുംവഴി നമ്മിൽ സ്പഷ്ടമായി സംജാതമാകുന്ന പരിവർത്തനമാണ് പ്രേഷിതപ്രവർത്തനത്തിൻെറ, പ്രത്യേകിച്ചും അൽമായ പ്രേഷിതപ്രവർത്തനത്തിൻെറ ഉറവിടവും അടിസ്ഥാനവും. ജ്ഞാനസ്നാനംവഴിയും പിന്നീട് സ്ഥൈര്യലേപനംവഴി ഉളവാക്കപ്പെടുന്ന നവജീവിതംവഴിയും നാം ക്രിസ്തുവിൻെറ ത്രിവിധങ്ങളായ രാജകീയ, പ്രവാചക പൗരോഹിത്യ ദൗത്യങ്ങളിലും പങ്കുകാരാകുന്നു (Cfr. Lumen Gentium, 34-46 Apostolicam Actuositatem).

www.malankaralibrary.com



തൊഴിൽ മേഖലകളിലും സാമൂഹ്യപരമായ ചുററുപാടുകളിലും കുടുംബാന്തരീക്ഷങ്ങളിലും തങ്ങളുടെ ജീവിതംവഴി ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക (Ad Gentes, 21) യാണ്. അത്മായരുടെ പ്രഥമ ദൗത്യം എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അനുശാസിക്കുന്നതു് ഇക്കാരണത്താലാണ്. ആത്മീയ പ്രേഷിതത്വത്തെപ്പററി കൗൺസിൽ തുടർന്നു പ്രഖ്യാപിക്കുന്നു: അവരുടെ ദേശീയ പാരമ്പര്യങ്ങൾക്ക് അനുസൃതമായി മററു രാജ്യത്തിലെ സാമൂഹ്യവും സാംസ്കാരികവുമായ ചട്ടക്കൂട്ടിൽ അവർ ഈ നവജീവൻ പ്രകടിപ്പിക്കണം. ഈ സംസ്കാരവുമായി അവർ ഇടപഴകുകയും വേണം. അതിനെ അവർ വിശുദ്ധീകരിച്ച് സംരക്ഷിക്കുകയും ആധുനിക പരിതഃസ്ഥിതികൾക്ക് യോജിച്ചവിധം വികസിപ്പിക്കുകയും ക്രിസ്തുവിൽ അതിനെ പൂർണ്ണമാക്കുകയും ചെയ്യണം. അങ്ങനെ ക്രിസ്തുവിലുള്ള വിശ്വാസം സഭാജീവിതത്തിൽ, സമുദായത്തിൽ വൈദേശികമായി പ്രത്യക്ഷപ്പെടാതെ സംസ്കരിച്ചെടുക്കുകയും രൂപാന്തരപ്പെടുത്തുകയും വേണം (Ibid).

ഏതാണ്ട് കഴിഞ്ഞ രണ്ട് സഹസ്രാബ്ദകാലത്തോളം ഇതു് ഇന്ത്യയെ സംബന്ധിച്ചിടത്തോളം സത്യമായിരുന്നു, സത്യമായി ഇന്നും തുടരുന്നു. സ്ലാവ് അപ്പസ്തോലന്മാരെന്ന് അറിയപ്പെടുന്ന വി. സിറിലിനെയും വി. മെത്തോഡിയസിനെയും അനുസ്മരിച്ചുകൊണ്ട് അടുത്തകാലത്ത് ഞാൻ എഴുതിയതുപോലെ ഏതൊരു വ്യക്തിയും ജനതയും രാഷ്ട്രവും അതുപോലെ ചരിത്രത്തിലെ ഏതൊരു സംസ്കാരവും അംഗീകരിക്കുകയും രൂപം കൊടുക്കുകയും ചെയ്യുന്ന നന്മയെയും സത്യത്തെയും സൗന്ദര്യത്തെയും സുവിശേഷം ഒരിക്കലും ബലഹീനമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച് ഇന്നും മൂല്യങ്ങളെ സ്വാംശീകരിക്കുവാനും പരിപുഷ്ടമാക്കുവാനുമാണ് സുവിശേഷം ശ്രമിക്കുക. മഹാമനസ്കതയോടും സന്തോഷത്തോടുംകൂടെ അവ ജീവിക്കുവാനും രഹസ്യാത്മകമായും മഹത്തരവുമായ വെളിപാടിന്റെ പ്രകാശധോരണിയിൽ അവയെ വളർത്തിയെടുക്കുവാനുമാണ് സുവിശേഷം ശ്രമിക്കുക (Slavorum Apostoli, 18). വിശ്വാസവും സംസ്കാരവും തമ്മിലുള്ള സംവാദം പ്രത്യേകമാംവിധം നിക്ഷിപ്തമായിരിക്കുന്നതു് അൽമായരിലാണ്. അവരുടെ വിശ്വാസമാണ് തങ്ങളുടെ രാജ്യത്തിനും സഹജീവികളോടുള്ള അവിശ്രാന്തസേവനപ്രവർത്തനങ്ങൾക്കും ഉണർവേകുന്നതു്.

20.7. ജോൺ ബ്രിട്ടോയുടെ ജീവിതം നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നായിരുന്നു. മരണത്തോളംവരെയെത്തിയ അർ

www.malankaralibrary.com



പ്പിത ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. സഭയുടെ ദൗത്യമായ പരസേവന പ്രവർത്തനങ്ങൾ നവോൻമേഷത്തോടെ മാനവരാശിക്ക് നൽകാൻ ഇതു നമ്മെ വെല്ലുവിളിക്കുന്നു. ക്രിസ്തുവിന് ദരിദ്രരോടും അടിച്ചമർത്തപ്പെട്ടവരോടും, ആലംബഹീനരോടും പാപികളോടുമുള്ള വിശാലവും ആർദ്രവുമായ സ്നേഹം ഇന്ന് ഓരോ ക്രൈസ്തവന്റെയും മുമ്പിൽ ഉയരുന്ന വെല്ലുവിളിയാണ്. സത്യത്തിനുവേണ്ടി അവിശ്രാന്തം അദ്ധ്വാനിച്ച യേശു എല്ലാവരിലും എക്കാലവും നിർബന്ധം ചെലുത്തുന്ന മാതൃകയാണ്. എല്ലാററിലുമുപരിയായി മനുഷ്യകുലത്തോടുള്ള സേവനത്തിന്റെ പൂർത്തീകരണവും രക്ഷയുടെ ഏററവും ശ്രേഷ്ഠകർമ്മവുമായിത്തന്നെ പീഡാനുഭവത്തിലും മരണത്തിലും യേശു പ്രകടമാക്കിയ ഉദാരത നമുക്ക് മഹത്തായ മാതൃകയാണ്. സേവനത്തിനായി വിളിക്കപ്പെട്ടവരാണ് നാം.

സഹജീവികളോട് ഫലപ്രദമായവിധം സ്നേഹം പ്രകടിപ്പിക്കുവാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ യഥാർത്ഥ ക്രിസ്ത്യാനിയായിരിക്കുവാൻ സാധ്യമല്ല. വത്തിക്കാൻ കൗൺസിലിന്റെ സമാപനാവസരത്തിൽ അതുകൊണ്ടാണ് പോൾ ആറാമൻ മാർപാപ്പ ഉദ്ഘോഷിച്ചത്: 'ഓരോ മനുഷ്യന്റെ മുഖത്തും പ്രത്യേകമായി, അവന്റെ മുഖം കണ്ണുനീരുകൊണ്ടും യാതനകൾകൊണ്ടും സുതാര്യമാക്കപ്പെടുമ്പോൾ ക്രിസ്തുവിന്റെ മുഖം ദർശിക്കുവാൻ നമുക്കു കഴിയണം, സാധിക്കണം.... അതുപോലെ ക്രിസ്തുവിന്റെ മുഖത്ത് ദൈവപിതാവിന്റെ മഹത്വം ദർശിക്കുവാൻ നമുക്കു കഴിയണം. അപ്പോഴാണ് നമ്മുടെ മാനുഷികത ക്രൈസ്തവികതയും ആ ക്രൈസ്തവത്വം ദൈവകേന്ദ്രീകൃതവുമാവുക. അങ്ങനെ നമുക്കും പറയുവാൻ സാധിക്കണം.... ദൈവത്തെ അറിയുന്നതിന് മനുഷ്യനെ അറിയുക അത്യാവശ്യമാണെന്ന് (7 Dec. 1965).

രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിലും സമുദായങ്ങൾക്കിടയിലും സമാധാനത്തിനും ശാന്തിക്കുമെതിരെ ഭീഷണി ഉയരുന്ന കാലത്ത് ജീവിക്കുന്നവരാണ് നാം. വിഘടനവും വെറുപ്പും ഭീതിയും നിരാശയുമാണ് ഇന്നു നമുക്കു മുമ്പിൽ അണിനിരക്കുന്ന എതിർമൂല്യങ്ങൾ. യേശുക്രിസ്തുവിന്റെ സ്നേഹസന്ദേശം ഇന്ന് അത്യാവശ്യമായിരിക്കയാണ്. അതുകൊണ്ട് സഭാദൗത്യമായ സുവിശേഷപ്രഘോഷണവും സമൂഹനന്മയ്ക്കുവേണ്ടിയുള്ള ഉദ്ധാരണസംരംഭങ്ങളും ഇന്ത്യയിൽ ഇന്ന് വളരെ പ്രസക്തമാണ്. ഈ കടമനിർവഹണത്തിന് സഭയാകുന്ന സമൂഹത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള, പ്രത്യേകിച്ച്, അൽമായരുടെ ഭാഗത്തുനിന്നുള്ള നിസ്വാർത്ഥമായ സേവനം ഉണ്ടാകേണ്ടിയിരിക്കുന്നു.

www.malankaralibrary.com



20.8. സഭയുടെയും ക്രിസ്തുവിൻെറയും ദൗത്യനിർവഹണത്തിൽ ഏതെങ്കിലുംവിധത്തിൽ പ്രത്യേകമാംവിധം പങ്കാളികളാക്കപ്പെട്ടിരിക്കുന്ന നിങ്ങളോരോരുത്തരോടും ഇന്നത്തെ ദിവ്യബലിയിലെ ആദ്യവായനയിൽ വി. പൗലോസ്ശ്ലീഹ പ്രകടിപ്പിച്ചിരിക്കുന്ന ഭാഗം ഉറച്ച ബോധ്യത്തോടെ ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. '... ദൈവവചനത്തിനു് വിലങ്ങ് വയ്ക്കപ്പെട്ടിട്ടില്ല' (2 തിമോ. 2:9). തീർച്ചയായും ദൈവവചനത്തിനു് വിലങ്ങണിയിക്കുവാൻ ആർക്കും കഴിയുകയില്ല.

'അതിനാൽ യേശുക്രിസ്തുവിൽ ശാശ്വതവും മഹത്വപൂർണവുമായ രക്ഷനേടുന്നതിനു' (2 തിമോ. 2:10) അവനെ അന്വേഷിക്കുന്നവരുടെ മനസിലും ഹൃദയത്തിലും ദൈവവചനം ആഴത്തിൽ വേരുറക്കപ്പെടേണ്ടതു് വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയുമുള്ള നിങ്ങളുടെ ജീവിതസാക്ഷ്യത്തിലൂടെയാണ്. അതുമൂലം അവരും രക്ഷപ്രാപിക്കട്ടെ.

സഹോദരീസഹോദരന്മാരെ, ക്രിസ്തുവിനോടുകൂടെ നാം മരിക്കുകയാണെങ്കിൽ അവനോടുകൂടി നാമും ജീവിക്കും. 'നാം സഹിച്ചു നിൽക്കുകയാണെങ്കിൽ അവനോടുകൂടി ഭരിക്കും' (v. 12).

അപ്പസ്തോലന്മാരുടെ ഹൃദയങ്ങളെ സ്പർശിച്ചതുപോലെ, വി. തോമാശ്ലീഹ, വി. ഫ്രാൻസിസ് സേവ്യർ, വി. ജോൺ ബ്രിട്ടോ എന്നിവരുടെ മനസുകളെ തൊട്ടുണർത്തിയതുപോലെ ഇടയനും പ്രവാചകനും പുരോഹിതനുമായ ക്രിസ്തുതൻെറ വിളിയാൽ നമ്മുടെ ഹൃദയങ്ങളിലും മുദ്രപതിപ്പിച്ചിരിക്കുകയാണ്. ഈ പ്രിയപ്പെട്ട ഭാരതഭൂമിക്കും ഇവിടുത്തെ ജനങ്ങൾക്കും ഇന്ത്യയിലെ സഭക്കുംവേണ്ടി ഈ വിശുദ്ധർ മാധ്യസ്ഥ്യം വഹിക്കട്ടെ എന്നു് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

വിശ്വാസത്തിൽ ദൃഢമായി നിൽക്കുമ്പോൾ നാം എപ്പോഴും സന്തോഷവാന്മാരായിരിക്കും. കാരണം നമ്മുടെ നാഥനായ യേശുക്രിസ്തു വിശ്വാസ്യനാണു്, അവിടുന്നു് എന്നും വിശ്വസ്തനായിരിക്കും; തന്നെത്തന്നെ നിഷേധിക്കുക അവിടുത്തേക്കു സാധ്യമല്ല എന്ന പ്രബോധനം ഞാനിവിടെ അനുസ്മരിപ്പിക്കുന്നു.

സഹോദരീ സഹോദരന്മാരെ, ക്രിസ്തുവിൻെറ സജീവസാക്ഷികളാകാൻ, ദൈവവചനത്തിൻെറ സജീവസാക്ഷികളാകാൻ

www.malankaralibrary.com



ക്രിസ്തുവിൽ ലോകത്തിനു വെളിപ്പെടുത്തിയ സ്നേഹത്തിന്റെയും കരുണയുടെയും രക്ഷാകര സന്ദേശത്തിന്റെയും സജീവസാക്ഷികളാകാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുകയാണ്. ആമേൻ.

മദ്രാസിലെ മറീനാബീച്ചിൽ ദിവ്യബലിക്കിടയിലെ സുവിശേഷപ്രഭാഷണം. 1986 ഫെ. 5.

www.malankaralibrary.com

# 21

# ഗോവദിവ്യബലിക്കിടയിൽ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരൻമാരെ,

21.1. വി. ഫ്രാൻസീസ് സേവ്യറും കൂട്ടുകാരും സുവിശേഷ പ്രഘോഷണം നടത്തിയ ചരിത്രമുറങ്ങുന്ന ഈ ഗോവയിൽ ആയിരിക്കുന്നതിൽ എനിക്കു പ്രത്യേക സന്തോഷമുണ്ട്. ഈ പ്രാദേശിക സഭയിലും കാംവാർ, ബെൽഗാം രൂപതകളിൽനിന്നും എത്തിച്ചേർന്നിരിക്കുന്ന എല്ലാവർക്കും കർത്താവായ യേശുക്രിസ്തുവിൻെറ സ്നേഹത്താൽ ഞാൻ ആശംസകാം നേരുന്നു. നാം പരിശുദ്ധ ത്രീത്വത്തിനു് ആരാധനയും പുകഴ്ച്ചയും നൽകിക്കൊണ്ടു് നമ്മുടെ ഹൃദയങ്ങളും മനസ്സും ഇന്നു നമുക്ക് പ്രാർത്ഥനയിൽ ഒത്തുചേർക്കാം. നിത്യരക്ഷയുടെ പാനപാത്രവും ജീവൻെറ അപ്പവുമായ യേശുനാഥൻെറ കുരിശുമരണത്തിൻെറയും ഉത്ഥാനത്തിൻെറയും ഓർമ്മയും സദാ ജീവിതത്തിൻെറ ഉച്ചിയും കേന്ദ്രവുമായ പരി. കുർബാന അർപ്പിക്കുന്നതിനായിട്ടാണു് ഇന്നു് നാമിവിടെ കൂടിയിരിക്കുന്നതു്. ഈ കുർബാനയിൽ നാം പ്രത്യേകമായി നിയോഗം വയ്ക്കുന്നതു് സഭൈക്യം എന്ന രഹസ്യവും ഐക്യത്തിലേക്കുള്ള നാഥൻെറ വിളിയുമാണു്.

തന്നിൽ വിശ്വസിക്കുന്ന എല്ലാവരുടെയും ഐക്യത്തിനു വേണ്ടിയാണു് പീഡാസഹനത്തിൻെറ തലേരാത്രി അവസാന അത്താഴസമയത്തു് തൻെറ ശ്ലീഹന്മാരോടൊപ്പം യേശു പ്രാർത്ഥിക്കുന്നതു്. അവിടുന്നു് അപ്പസ്തോലന്മാരെ ഉദ്ദേശിച്ചുകൊണ്ടു് അരുളിച്ചെയ്തു:

'ഞാൻ ഇവർക്കുവേണ്ടി മാത്രമല്ല പ്രാർത്ഥിക്കുന്നതു്' അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടികൂടിയാണു്. അവരെല്ലാം ഒന്നായിരിക്കുവാൻവേണ്ടി, പിതാവെ നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിനുവേണ്ടിയാണു്' (യോഹ. 17:20–21). പുതിയതും എന്നും നിലനിൽക്കുന്നതുമായ ഉടമ്പടിയുടെ പുരോഹിതനായ ക്രിസ്തുവിൻെറ ഈ പ്രാർത്ഥന നമ്മുടെയും പ്രാർത്ഥനയാകണം. പുരോഹിതനായ ക്രിസ്തു തൻെറ ശരീരവും രക്തവും ജീവനും മരണവും തന്നെത്തന്നെയും ഒരു യാഗമായി അർപ്പിക്കുന്നു. ഏററവും പരിശുദ്ധമായ ഈ യാഗംവഴിയായി അവിടുന്നു് ലോക

www.malankaralibrary.com



ത്തെ താനുമായി അനുരഞ്ജനപ്പെടുത്തുന്നു. 'ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചു കൂട്ടുന്നതിനുവേണ്ടി' (യോഹ. 11:50) അവിടുന്ന് കുരിശിൽ മരിക്കുന്നു. ഈ സമർപ്പണത്തിന്റെ ആഴത്തിൽനിന്നു വന്ന വാക്കുകളാണ് ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയിൽ കാണുന്നത്. അവിടുത്തെ പ്രാർത്ഥനയും ജീവിതാർപ്പണവും ഒരേ ലക്ഷ്യത്തിനുവേണ്ടിയായിരുന്നു. 'എല്ലാവരും ഒന്നാകുന്നതിനുവേണ്ടി.'

21.2. ഐക്യം എന്നതുകൊണ്ട് ക്രിസ്തു എന്താണ് അർത്ഥമാക്കുന്നത്? മാമോദീസയിൽനിന്നുത്ഭവിക്കുന്ന ഐക്യമാണ് ഇവിടെ വിവക്ഷിക്കുന്നത്. വി. പൗലോസ് ഗലാത്യക്കാർക്കെഴുതിയ ലേഖനത്തിൽ ഇതിനെക്കുറിച്ച് ഇപ്രകാരം പറയുന്നുണ്ട്: 'ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു.... കാരണം നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു' (ഗലാ. (3:27-28).

മാമ്മോദീസവഴി നാം ജലത്തിൽ മുങ്ങപ്പെട്ടവർ മാത്രമല്ല, പ്രഥമമായി ക്രിസ്തുവിന്റെ രക്ഷാകരമായ കുരിശുമരണത്തിൽ ഭാഗഭാക്കുകളായവരാണ്. ഉത്ഥാനത്തിലൂടെ വെളിപ്പെടുത്തപ്പെട്ടതുപോലെ ക്രിസ്തുവിന്റെ മരണം അവിടുത്തെ പുതുജീവനിലേക്കുള്ള ആരംഭമായിരുന്നു. അതുപോലെ നമുക്ക് കൗദാശികമായ ജലത്തിലൂടെയുള്ള അന്തർഗമനം പുതുജീവിതത്തിന്റെ നാന്ദിയാണ്; യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ വെളിപ്പെടുത്തപ്പെട്ട അതേ ദൈവകൃപയുടെ ജീവിതം. ഇത് പിതാവായ ദൈവം പരിശുദ്ധാത്മാവുവഴി ക്രിസ്തുവിലൂടെ നമുക്ക് നൽകിയ ജീവിതമാണ്.

ഈ ജീവിതം ഏററവും അദ്വിതീയവുമാണ്. മാമോദീസ സ്വീകരിച്ച എല്ലാവരിലും ഇതു് യാഥാർത്ഥ്യമായിത്തീരുന്നു. അതുകൊണ്ടുതന്നെ മാമോദീസ സ്വീകരിച്ച എല്ലാവരും ക്രിസ്തുവിൽ ഐക്യപ്പെടേണ്ടവരാണ്. എല്ലാ ക്രൈസ്തവരും ഒന്നായിരിക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാനപരമായ ദൈവവിളിയാണ് മാമോദീസ സൂചിപ്പിക്കുന്നത്. അതേസമയം പരിശുദ്ധാത്മാവിന്റെ ശക്തിവഴി സഭാ ശരീരത്തിനു ഒന്നായിതീരുന്നതിനുള്ള വിളിയാണിതു്.

21.3. ക്രൈസ്തവരെ ഐക്യത്തിൽ ഒന്നിച്ചുനിറുത്തുന്നതു് ദൈവത്തിൽനിന്നാവിർഭവിക്കുന്ന ഐക്യമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്നു ദൈവികസത്തയുടെ യോജിപ്പായ പ. ത്രിത്വമാണ് ഈ ഐക്യത്തിന്റെ ഏററവും പരമമായ മാതൃക. പിതാവെ ഞാൻ നിന്നിലും നീ എന്നിലു

www.malankaralibrary.com



മായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നാകേണ്ടതിനു'' വേണ്ടിയാണു് യേശു അവസാനത്താഴവേളയിൽ പ്രാത്ഥിച്ചതു് (യോഹ. 17:21).

ഈ വിശ്വാസത്തിലും മാമോദീസയിലും ദൈവത്തിൻെറ മക്കളായിത്തീർന്നവരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നതു് ഈ ഐക്യത്തിലേക്കാണ്. വി പൗലോസ്ശ്ലീഹ പറയുന്നു: 'യേശുക്രിസ്തുവിലുള്ള വിശ്വാസംവഴി നിങ്ങളെല്ലാം ദൈവമക്കളാണു'' (ഗലാ. 3:26). പിതാവിൻെറ ഏകപുത്രനായിരിക്കുന്നവനിൽ വിശ്വാസംവഴി ദൈവമക്കളായിക്കൊണ്ടു് പുത്രൻ പിതാവിനോടു് ദൈവൈക്യത്തിലായിരിക്കുന്ന ഐക്യത്തിൻെറ പരമസ്രോതസിൽ നാം പങ്കുചേരണം.

പിതാവും പുത്രനും പരിശുദ്ധാത്മാവിനെ സഭയുടെമേൽ വർഷിച്ചിരിക്കുന്നു. ആബ പിതാവേ എന്നു് വിളിച്ചു് വിശ്വാസത്തോടെ പ്രാർത്ഥിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടു് മാമോദീസ സ്വീകരിച്ച എല്ലാവരുടെയും ഹൃദയങ്ങളിൽ അരൂപി വസിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ 'പരിശുദ്ധാരൂപി വിശ്വാസികളിൽ വസിക്കുന്നു. സഭയിൽ ആവസിച്ചുകൊണ്ടു് അവിടുന്നു് അതിനെ ഭരിക്കുന്നു. വിശ്വാസികളുടെ അത്ഭുതകരമായ ഐക്യവും അവർക്കു ക്രിസ്തുവിലുള്ള ഗാഢബന്ധവും സാധിതമായിരിക്കുന്നു. അങ്ങനെ പരിശുദ്ധാരൂപിയാണു് സഭയുടെ ഐക്യത്തിനു് നിദാനം. ഭിന്നരീതിയിലുള്ള കൃപാവരങ്ങളും ശുശ്രൂഷകളും പ്രദാനം ചെയ്യുന്നതും അവിടുന്നുതന്നെ (cfr. 1 കൊറി. 12:4–11). നിൻെറ ശരീരം കെട്ടിപ്പടുക്കുക എന്ന കൃത്യനിർവ്വഹണത്തിനാവശ്യമായതെല്ലാം നൽകി വിശുദ്ധരെ അണിയിച്ചുകൊണ്ടു'' (എഫെ.4:12) പരിശുദ്ധാരൂപി ക്രിസ്തുവിൻെറ സഭയെ പലതരത്തിലുള്ള സേവനകൃത്യങ്ങളാൽ പരിപോഷിപ്പിക്കുന്നു.

21.4. വിശ്വാസത്തിലും ജ്ഞാനസ്നാനത്തിലും നിന്നുത്ഭൂതമാകുന്ന ഈ ഐക്യത്തിൽ ദൈവത്തിൻെറ മഹത്വം പ്രതിഫലിക്കുന്നുണ്ടു്. ഈ മഹത്വം പിതാവു് തൻെറ പുത്രനു നിത്യമായി നൽകുന്നതും ഭൂമിയിലായിരുന്നപ്പോഴും പ്രത്യേകിച്ചു് അവൻ കുരിശിൽ ഉയർത്തപ്പെട്ടപ്പോഴും അവൻ നൽകിയതുമാണു്. ഐക്യത്തിനുവേണ്ടിയുള്ള അഭിലാഷം ഈ മഹത്വത്തിൽ ഭാഗഭാക്കാകാനുള്ള ആഹ്വാനത്തിൽ വ്യാപിച്ചിരിക്കുന്നു. അതുകൊണ്ടാണു് യേശു ഇപ്രകാരം പ്രാത്ഥിച്ചതു്: 'നീ എനിക്കു് നൽകിയ മഹത്വം ഞാൻ അവർക്കു നൽകിയിരിക്കുന്നു. അങ്ങനെ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കട്ടെ' (യോഹ. 17.22).

www.malankaralibrary.com



എന്തു മഹത്വമാണ് പിതാവ് തന്റെ പുത്രനു നൽകിയതു്? മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന വിനീത സേവനത്തിന്റെ മഹത്വം സ്വതന്ത്രമനസോടെ കുരിശുമരണത്തിൽ എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടി കൈവരിച്ച ക്രിസ്തുവിന്റെ മഹത്വം. ഇത് ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാർക്കും മഹത്വത്തിലേക്കുള്ള പാതയായി നിലകൊള്ളുന്നു. 'എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് തന്റെ പിന്നാലെ വരട്ടെ' (ലൂക്കാ. 9:23) എന്നു പറഞ്ഞ ക്രിസ്തുവിന്റെ മാതൃകയെ അനുധാവനം ചെയ്യുകയാണ് ദൈവമഹത്വത്തിനായുള്ള ഏററവും അഭികാമ്യമായ മാർഗം. ഇത്തരത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന ഏതൊരുവനും ദൈവൈക്യത്തിൽ പങ്കാളികളാകുകയും, പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ ക്രിസ്തുവുമായി ഐക്യം പ്രാപിക്കയും ചെയ്യുന്നു.

21.5. ഐക്യം ത്രിയേകദൈവത്തിന്റെ ദാനമാണ്. വിശ്വാസത്തോടെ ഈ ദാനം എവിടെ സ്വീകരിക്കപ്പെടുന്നുവോ അവിടെ പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ 'സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവ കണക്കാക്കപ്പെടും' (ഗലാ. 5:22). സർവോപരി ഭിന്നതകളെ അതിജീവിക്കുന്നതിനും ഐക്യം സംസ്ഥാപിക്കുന്നതിനും അവ സ്വായത്തമാക്കുന്നതിനും ദൈവം നമ്മെ സഹായിക്കുന്നു. ഹൃദയപരിവർത്തനത്തിനാവശ്യമായ സത്യവെളിച്ചവും പ്രസാദവരവും അവിടുന്ന് പ്രദാനംചെയ്യുന്നു. നമ്മിൽ തന്നെയും മററുള്ളവരുമായുള്ള ബന്ധത്തിലും ഭിന്നതകൾക്ക് കാരണമായേക്കാവുന്ന അജ്ഞത, തെററ്, പാപം എന്നിവയിൽനിന്നൊക്കെ അവിടുന്നു നമ്മെ മോചിപ്പിക്കുന്നു.

തന്നോടുതന്നെ പ്രാർത്ഥിക്കുന്നവരുടെ ഹൃദയത്തിലും മനസിലും ദൈവാത്മാവ് തന്റെ സാന്നിധ്യം ഉളവാക്കുന്നു. ദൈവവുമായുള്ള ഐക്യത്തിന്റെ തികവ് അവിടുന്ന് നമുക്കു നൽകുകയും നമ്മുടെ സഹോദരീ സഹോദരന്മാരോട് അനുരഞ്ജനപ്പെടുവാനുള്ള അനുഗ്രഹം നൽകുകയും ചെയ്യുന്നു.

ഐക്യമെന്നത് മനുഷ്യജീവികളായ നമുക്ക് ഒരിക്കലും സ്വന്തമായി എത്തിപ്പിടിക്കാനാകാത്തതാണെങ്കിലും നാം അതിനുവേണ്ടി അന്വേഷണം നടത്തുകയും പരിശ്രമിക്കയും ചെയ്യേണ്ടതുണ്ട്. നാം വിശ്വാസപ്രമാണത്തിൽപ്രഖ്യാപിക്കുന്നതുപോലെ എന്നും 'ഏകവും വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ' സഭയുടെ സത്താപരമായ സഭാവിശേഷമാണത്. എന്നാൽ സഭ ഏകമായിരിക്കെത്തന്നെ ക്രിസ്തുവിന്റെ അനുയായികളിൽ വിഭിന്നത ദൃശ്യവുമാണ്. അതിനാൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ഐക്യം പുനഃസ്ഥാപിക്കുവാനുള്ള പരി

www.malankaralibrary.com



ശ്രമം ഇന്നു് എന്നത്തേതിനെക്കാളും അത്യാവശ്യമായിരിക്കുന്നു. പഴയതും പുതിയതുമായ ഈ വിഭജനങ്ങൾ അക്രൈസ്തവർക്കു് ഉതപ്പും ക്രിസ്തുവിന്റെ അഭിലാഷത്തിനു് പ്രകടമായ വൈരുദ്ധ്യവും സഭയുടെ വചനപ്രഘോഷണത്തിനു് ഗുരുതരമായ പ്രതിബന്ധവുമാണു്.

21.6. സഭൈക്യപ്രവർത്തനങ്ങൾ നമ്മുടെ നിരന്തരമായ പരിശ്രമങ്ങളും തീക്ഷ്ണമായ പ്രാർത്ഥനയും ആവശ്യപ്പെടുന്നു. മാമോദീസയിൽനിന്നുദ്ഭൂതമാകുന്ന പ്രഥമമായ ഐക്യത്തിന്റെ അംഗീകാരത്തിലാണിതാരംഭിക്കുന്നതു്. ഈ ഐക്യം മാമോദീസ സ്വീകരിച്ചവരെ പരസ്പരം ബന്ധിപ്പിക്കുകയും പരിശുദ്ധ തീതപത്തിന്റെ ജീവനിൽ പങ്കുകാരാക്കുകയും ചെയ്യുന്നു. സർവതരത്തിലുള്ള വ്യത്യാസങ്ങൾക്കും ഭിന്നതകൾക്കും അതീതമായി പ്രസ്തുത ഐക്യം നിലനിൽക്കുന്നു. വി. പൗലോസ്ശ്ലീഹയുടെ വാക്കുകൾ നിത്യസത്യമായി നിലനിൽക്കുന്നു: 'ക്രിസ്തുവിനോടു് ഐക്യപ്പെടുവാൻവേണ്ടി ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള വ്യത്യാസമില്ല; നിങ്ങളെല്ലാം ക്രിസ്തുവിൽ ഒന്നാകുന്നു' (ഗലാ. 3:27–28).

ഈ ഭാരതഭൂമിയിൽ എന്നല്ല ലോകത്തിലെല്ലായിടത്തുമുള്ള ക്രൈസ്തവരുടെ ഐക്യത്തിന്റെ പൂർണതക്കായി നാം ജോലി ചെയ്യണം. ദീർഘനാൾ നിലനിന്നിരുന്ന മുൻവിധികളെയും തെറ്റായ അനുമാനങ്ങളെയും താഴ്ത്തിപറയുന്ന പ്രവൃത്തികളെയും അതിജീവിക്കണം. സാഹോദര്യത്തിലും സഹിഷ്ണുതയിലും മനുഷ്യസേവനത്തിലുമുണ്ടായ പുരോഗതിയിലും ഹൃദയം തുറന്നു സംഭാഷണം നടത്താം. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നമുക്കെല്ലാവർക്കും ഒന്നായിത്തീരാം എന്ന പ്രതീക്ഷയിൽ ദൃഷ്ടികളൂന്നിക്കൊണ്ടു് സമ്പൂർണ ഐക്യത്തിന്റെ പന്ഥാവിലൂടെ അനുസ്യൂതം നീങ്ങാം.

21:7. ഒരുവിധത്തിൽ ക്രിസ്തുശിഷ്യന്മാരുടെ ഐക്യം സഭയുടെ ദൗത്യനിർവഹണത്തിനുള്ള ഒരു വ്യവസ്ഥയാണു്; അത്രയുമല്ല ക്രിസ്തുവിന്റെതന്നെ ദൗത്യം ഈ ലോകത്തിൽ പൂർത്തീകരിക്കുവാനുള്ള വ്യവസ്ഥയാണു്. ക്രൈസ്തവവിശ്വാസം ശക്തിപ്പെടുത്തുന്നതിനും ക്രിയാത്മകമായി പ്രഘോഷിക്കുന്നതിനും ഇതു് അത്യാവശ്യമാണു്. 'അവരെല്ലാം ഒന്നായിരിക്കേണ്ടതിനും നീ എന്നെ അയച്ചു എന്നു് ലോകം വിശ്വസിക്കുന്നതിനും... നീ എന്നെ സ്നേഹിച്ചതുപോലെ അവരെയും സ്നേഹിച്ചു എന്നു് ലോകം അറിയേണ്ടതിനും' എന്നു് യേശു പ്രാർത്ഥിക്കുന്നു. (യോഹ. 17:21, 23).

www.malankaralibrary.com



സുവിശേഷപ്രഘോഷണത്തിന് ക്രൈസ്തവരുടെ ഐക്യം അത്യാവശ്യമാണ്. പ്രസംഗിക്കപ്പെടുന്ന വചനങ്ങളെ മാത്രമല്ല ക്രൈസ്തവസമൂഹത്തിന്റെ ബോധപൂർണമായ സാക്ഷ്യംനൽകലിനെ ഇത് ആശ്രയിക്കുന്നു. ക്രൈസ്തവർ പരസ്പരം എപ്രകാരം സ്നേഹിക്കുന്നു എന്നു കാണാതെ എങ്ങനെയാണ് അക്രൈസ്തവരായ ജനങ്ങൾ ക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിൽ വിശ്വസിക്കുക? ഐക്യത്തിന്റെ സാക്ഷ്യം കൂടാതെ സ്നേഹത്തിന് സ്വയം വെളിപ്പെടുത്താനോ ഹൃദയത്തിൽ കടന്നു ചലനങ്ങൾ സൃഷ്ടിക്കുവാനോ സാധ്യമല്ല. ഐക്യവും ഐക്യത്തിനായുള്ള ആഗ്രഹവും പ്രവർത്തനങ്ങളും ഈ സാക്ഷ്യത്തിനാണ് ആരംഭം കുറിക്കുന്നത്.

21.8. ദൈവത്തിൽനിന്ന് സഭ സ്വീകരിച്ചിട്ടുള്ള ഐക്യമാകുന്ന ദാനംവഴി മാനവകുടുംബത്തോട് പ്രത്യേക ഉത്തരവാദിത്തം ഏറ്റെടുത്തിട്ടുണ്ട്. ജനങ്ങളുടെ ഇടയിൽ സംഭാഷണവും മമതയും വളർത്തുവാനും ഇന്നത്തെ വിഭാജ്യലോകത്തിൽ ഐക്യത്തിനും സമാധാനത്തിനുംവേണ്ടി പ്രവർത്തിക്കുവാനും ആണത്.

ഇന്നത്തെ ലോകം കലാപകലുഷിതമാണ്. രാഷ്ട്രങ്ങൾ കിഴക്കും പടിഞ്ഞാറും വടക്കും തെക്കും സ്നേഹിതനും ശത്രുവുമായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഓരോ രാജ്യത്തിന്റെ അതിർത്തികൾക്കുള്ളിലും ഇൻഡ്യയുടെ അതിർത്തികൾക്കുള്ളിൽത്തന്നെയും മുൻവിധികളിൽനിന്നും പ്രത്യയശാസ്ത്രങ്ങളിൽനിന്നും, വ്യത്യസ്ത ചരിത്രപശ്ചാത്തലത്തിൽനിന്നും, വർഗവ്യത്യാസങ്ങളിൽനിന്നും അതുപോലെ മനുഷ്യമഹത്വത്തിന് നിരക്കാത്ത നിരവധി വസ്തുതകളാൽ എന്നും ഉരുത്തിരിയുന്ന എതിർഗ്രൂപ്പുകളും കക്ഷികളും ശത്രുതകളും കണ്ടെത്താവുന്നതാണ്.

ഇത്തരത്തിൽ വിഭജിക്കപ്പെട്ട ലോകത്തിലേക്കാണ് ഐക്യവും സമാധാനവും പകർന്നുകൊടുക്കേണ്ട ദൗത്യവുമായി സഭ കടന്നുചെല്ലേണ്ടത്. സ്നേഹത്തിലും സത്യത്തിലും ആണ് സഭ മുന്നോട്ടുപോകേണ്ടത്. ആരുടെയും സാമൂഹ്യസ്ഥാനവും വർഗവും മതവും പരിഗണിക്കാതെ എല്ലാ മനുഷ്യരെയും ദൈവമക്കളായി തുല്യമഹിമയുള്ള സഹോദരീസഹോദരന്മാരായി കാണുന്ന സ്നേഹമാണത്. അസത്യത്തിന്റെ അടിമത്തത്തെ വിജയിച്ച് മനസിനെയും ഹൃദയത്തെയും പുതിയ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന സത്യമാണത്.

എല്ലാററിലുമുപരിയായി പാപത്തിന്റെ ഭീഷണിയിൽനിന്നു മോചനം നേടുവാനും ഈ ലോകത്തെ ദൈവവുമായി അനുരഞ്ജിപ്പിക്കുവാനും കുരിശിന്റെ ശക്തിയിലുള്ള അടിയുറച്ച

www.malankaralibrary.com



വിശ്വാസത്തോടെ ക്രിസ്ത്യാനികളായ നാം ഇറങ്ങിത്തിരിക്കണം. 1986_ലെ ലോകസമാധാനസന്ദേശത്തിൽ ഞാൻ പ്രസ്താവിച്ചതുപോലെ, ഈ ലോകം യഥാർത്ഥസാഹോദര്യത്തിൻെറ വിളനിലമാകുന്നതിനുപകരം വിഘടിപ്പിൻെറയും പ്രതിസന്ധികളുടെയും ശത്രുതയുടെയും ചേരിതിരിവുകളുടെയും അന്യായമായ അസമത്വങ്ങളുടെയും രംഗമാകുവാനുള്ള ആത്യന്തികകാരണം പാപം ആണ്. അതായത് മനുഷ്യൻെറ ധാർമ്മികമായ ക്രമരഹിതാവസ്ഥയാണെന്ന വിശ്വാസത്തിൽ പ്രചോദിതനായ ക്രൈസ്തവർ മനസ്സിലാക്കുന്നു. മനുഷ്യാവസ്ഥയെ രൂപപ്പെടുത്തുവാൻ പോരുന്ന ക്രിസ്തുവിൻെറ കൃപാവരം ഈ ലോകത്തിന് അനുസ്യൂതം നൽകപ്പെടുന്നുണ്ട് എന്നും ക്രൈസ്തവനറിയാം. കാരണം, പാപം വർദ്ധിച്ചിടത്ത് കൃപ അതിലേറെ വർദ്ധിച്ചു.

ക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരെ, പിതാവും യേശുവും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കുവാൻ അവിടുന്നു നമ്മെ ആഹ്വാനം ചെയ്യുന്നു.

പ്രയാസങ്ങളും അതിർവരമ്പുകളും മറികടക്കുന്നതിന് പുതിയതും കൂടുതൽ ശക്തവുമായ ഒരു ഐക്യബന്ധം രൂപപ്പെടുത്തുന്നതിനും വേണ്ട ശക്തിയും പ്രചോദനവും യേശുവിലും സഭാസമൂഹത്തിലുമുള്ള ഐക്യത്തിൽ നാം കണ്ടെത്തുന്നു. കുടുംബങ്ങളിലും ഇടവകകളിലും ഉള്ള ഐക്യം പ്രാദേശിക സഭകളിലും റീത്തുകൾ തമ്മിലുള്ള ഐക്യം, സാർവ്വത്രികസഭയും റോമാസഭയുമായി കൂട്ടായ്മയിൽ കഴിയുന്ന ഭാരതത്തിലെ സഭ മുഴുവനിലും സാധിതമാകണം.

നാം കൂടുതൽ വിശ്വാസത്തോടും തീക്ഷ്ണതയോടുംകൂടെ നമ്മുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നത് ലോകം കാത്തിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ വീക്ഷണത്തിൽ അവർ എത്രത്തോളം സുവിശേഷത്തിനനുസരിച്ച് ജീവിക്കുന്നുവോ അത്രത്തോളം ക്രിസ്തീയ ഐക്യം നാം ത്വരിതപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നുവെന്ന് എല്ലാ ക്രൈസ്തവരും ഓർക്കട്ടെ (Unitatis Redintegratio, 7). ആയതിനാൽ പ്രിയമുള്ളവരെ, നമുക്കു് യേശുക്രിസ്തുവിലും അവൻെറ സഭയിലും ഒന്നായിത്തീരാം.

ഗോവയിലെ പനാജിം കാമ്പൽ ഗ്രൗണ്ടിൽ ദിവ്യബലിക്കിടയിൽ ചെയ്ത സുവിശേഷപ്രസംഗം. 1986 ഫെ.6.

www.malankaralibrary.com

# 22

# മംഗലാപുരത്തെ ശുശ്രൂഷയിൽ

പ്രിയ സഹോദരീസഹോദരൻമാരെ, ബഹുമാന്യരായ രാഷ്ട്രീയാധികാരികളെ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ സഹോദരീസഹോദരൻമാരെ, പ്രിയപ്പെട്ട സ്നേഹിതരെ,

22.1. വിസ്തൃതവും പഴമയും പാരമ്പര്യവുമുള്ള ജീവൻ തുടിക്കുന്ന ധാരാളം വാഗ്ദാനങ്ങളുടെ നാടായ ഈ ഭാരതത്തിലൂടെയുള്ള എന്റെ തീർത്ഥാടനവേളയിൽ നിങ്ങളുടെ സംസ്ഥാനം സന്ദർശിക്കുവാൻ അവസരം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. നിങ്ങളുടെ സ്നേഹോഷ്മളമായ ഈ സ്വാഗതത്തിനു് ഞാൻ നന്ദിയുള്ളവനാണ്. ഈ പ്രദേശത്തെ സാംസ്കാരികവും, സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാവരുടെയും സാന്നിധ്യത്തെ ഞാൻ കൃതജ്ഞതയോടെ മനസിലാക്കുന്നു.

വിവിധ ക്രൈസ്തവസഭാംഗങ്ങളോടും അതുപോലെതന്നെ നമ്മുടെ സുഹൃത്തുക്കളായ ഹിന്ദു, മുസ്ലിം, സിക്ക്, ബുദ്ധ, ജൈന, പാഴ്സി മതക്കാരോടുമുള്ള സ്നേഹപൂർവകമായ ആദരം ഞാൻ പ്രകടിപ്പിക്കുന്നു. സ്രഷ്ടാവും പിതാവുമായ ദൈവത്തിൽ ഒരുപോലെ വസിക്കുന്ന നമുക്കെല്ലാവർക്കും യാതൊരു വ്യത്യാസവും വിവേചനവും കൂടാതെ എല്ലാ ജനങ്ങളുടെയും സമാധാനത്തിനും ഉന്നമനത്തിനുംവേണ്ടി ഒററക്കെട്ടായി പരിശ്രമിക്കാം.

കത്തോലിക്കാസഭയിലെ അംഗങ്ങളോടും, അജപാലകരോടും, വിശ്വാസികളോടും, വൈദികരോടും, വൈദികാർത്ഥികളോടും, സന്യാസിനീസന്യാസികളോടും, വേദോപദേശകരോടും, ക്രിസ്തുവിന്റെ പൗരോഹിത്യപരവും പ്രവാചികവും രാജകീയവുമായ ധർമ്മത്തിൽ പങ്കുകൊള്ളുന്ന എല്ലാവരോടും വി. പൗലോസ് ശ്ലീഹ ഫിലിപ്പിയാക്കാർക്കെഴുതിയ ഭാഗംതന്നെ ഞാൻ ആവർത്തിക്കുന്നു. 'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളുടെ ആത്മാവോടുകൂടിയുണ്ടായിരിക്കട്ടെ' ഫിലിപ്പി. 4:23).

22.2. ഇപ്പോഠം നാം ശ്രവിച്ച, വി. ലൂക്കാ എഴുതിയ സുവിശേഷഭാഗത്തു് 'ദൈവത്തിന്റെ ദാസിയായ' (ലൂക്കാ 1:38) മറിയം അവളുടെ സഹോദരി എലിസബത്തിനെ സന്ദർശി

www.malankaralibrary.com



ക്കുന്ന രംഗമാണ് നമ്മുടെ വിചിന്തനത്തിനായി അവതരിപ്പിക്കുന്നത്. ഇതു രണ്ടു സഹോദരിമാർ തമ്മിലുള്ള മാനുഷികമായ സ്നേഹത്തിന്റെ മാഹാത്മ്യത്തെ മാത്രമല്ല കാണിക്കുന്നത്. അതിലുപരി ദൈവത്തിനു മനുഷ്യരോടുള്ള അതിരററ സ്നേഹത്തിനു മൂർത്തരൂപം നൽകിക്കൊണ്ടു് നിത്യലക്ഷ്യത്തിലേക്ക് തുറക്കുന്ന ദൈവികപ്രവർത്തനങ്ങളുടെ രഹസ്യത്തിലേക്ക് – മനുഷ്യാവതാരത്തിലേക്ക് – ഇതു നമ്മെ നയിക്കുന്നു ദൈവത്തിന്റെ പദ്ധതിയോടു സ്വതന്ത്രമായ സമ്മതം അറിയിച്ചതിനുശേഷം മറിയം തന്റെ സഹോദരിയുടെ ആവശ്യനേരത്ത് അവളുടെ അടുക്കലേക്കു തിടുക്കത്തിൽ പുറപ്പെടുന്നു. ദൈവം തങ്ങളുടെ പിതാക്കന്മാർക്കു നൽകിയ ഈ പ്രവാചകന്മാരുടെ പ്രസംഗങ്ങളിലും വി. ലിഖിതങ്ങളിലും ഇസ്രായേലിൽ സജീവമായിരുന്ന രക്ഷയുടെ വാഗ്ദാനം ദൈവം പൂർത്തിയാക്കുന്നുവെന്ന സദ്‌വാർത്ത അവളുമായി പങ്കുവയ്ക്കുവാൻ മേരി ആഗ്രഹിച്ചു.

ദൈവാത്മാവിനാൽ പ്രചോദിതമായ എലിസബത്ത് മറിയത്തിന്റെ ഉദരത്തിൽ ഉരുവാക്കപ്പെട്ടു് വളരെക്കാലം കാത്തിരുന്ന രക്ഷകന്റെ സാമീപ്യം മനസിലാക്കുകയും എന്റെ 'കർത്താവിന്റെ അമ്മ' എന്നു് അഭിവാദനം ചെയ്യുകയും ചെയ്യുന്നു. മിശിഹായുടെ രക്ഷാകരമായ സാമീപ്യംകൊണ്ടു് എലിസബത്തിന്റെ ഉദരത്തിൽ കിടന്ന ശിശുക്കുട്ടി മുദ്രിതനായി. ദൈവാത്മാവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ഈ സാമീപ്യം പൂർണമായി മനസിലാകുകയുള്ളൂ.

'വിശ്വസിച്ചവൾ അനുഗൃഹീതയാകുന്നു'

ഈ അനുഗ്രഹം കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ സഫലമാകുമെന്നു വിശ്വസിച്ചുളവായ (ലൂക്കാ. 1:45) മറിയത്തിനുള്ളതാണ്. വിശ്വാസത്തിന്റെ പാതയിൽ മറിയത്തെ അനുഗമിക്കുന്നവർ ഇതുപോലെ അനുഗൃഹീതരാകുന്നു, എന്തുകൊണ്ടെന്നാൽ മാതാവാണ് പരസ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും കാര്യത്തിൽ സഭയുടെ ഉത്തമ മാതൃകയും ഉദാഹരണവും (L. G. 53).

ഇന്നു നാം മാതാവിനെ ആദരിക്കുമ്പോൾ ഈ അനുഗ്രഹത്തിനു നാമും പാത്രീഭൂതരാകുന്നു. നമ്മുടെ ഭക്തി അവളുടെ തന്നെ വാക്കുകളെ സാക്ഷ്യപ്പെടുത്തുന്നു.

'എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു. ഇതാ ഇപ്പോൾമുതൽ സകല തലമുറയും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും, എന്തെന്നാൽ ശക്തനായവൻ എനിക്ക് വൻകാര്യങ്ങൾ ചെയ്തുതന്നിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാകുന്നു (ലൂക്കാ. 1:47–49).

www.malankaralibrary.com



22.3 രണ്ടാം വത്തിക്കാൻ സൂനഹദോസ് രക്ഷാകര ചരിത്രത്തിൽ മാതാവിനുള്ള പ്രത്യേകസ്ഥാനം ക്രിസ്തുവിന്റെ രഹസ്യത്തോടും സഭയുടെ രഹസ്യത്തോടും ബന്ധപ്പെടുത്തി അവതരിപ്പിക്കുവാൻ ആഗ്രഹിച്ചു. കാരണം, ക്രിസ്തുവിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും മാതാവിനുള്ള അതുല്യമായ സ്ഥാനംമൂലം അവരം സഭയുടെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഉത്തമമായ മാതൃകയായി പരിണമിച്ചു. മറിയം യേശുവിനു് എന്തായിരുന്നുവോ അതുപോലെ ഇന്നും സഭയും ക്രിസ്തുവിന്റെ രക്ഷാകരപ്രവൃത്തികൾ ഭൂമിയുടെ അതിർത്തികൾവരെയും വ്യാപിപ്പിച്ച് പൂർത്തീകരണത്തിലെത്തിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

മറിയം രക്ഷയുടെ സദ്‌വാർത്തയും രക്ഷകന്റെതന്നെ സാമീപ്യവും എലിസബത്തിന്റെ അടുക്കലേക്ക് കൊണ്ടുവന്നതുപോലെ, സുവിശേഷസന്ദേശം എല്ലാ ജനതകളുടെ ഇടയിലും പ്രഘോഷിക്കുന്നതിനുവേണ്ടിയും രക്ഷകനായ ക്രിസ്തുവിന്റെ പ്രകാശവും ജീവനും സ്നേഹവും അവർക്കു നൽകുന്നതിനുവേണ്ടിയുമാണ് സഭ ദശാബ്ദങ്ങളായി നിലകൊള്ളുന്നതു്.

നൂററാണ്ടുകളായി ഭാരതം പുരാതനമായ സംസ്കാരങ്ങളുടെയും മതങ്ങളുടെയും പിള്ളത്തൊട്ടിലാണ്. ഏതാണ്ടു് രണ്ടായിരം വർഷത്തോളം ക്രിസ്തുമതം ഇവിടെ ഈ മഹത്തായ പാരമ്പര്യങ്ങളോട് പരസ്പരസഹവർത്തിത്വത്തിൽ തോളുരുമ്മി ജീവിക്കുന്നു. ഏകദേശം 5 നൂററാണ്ടുകൾക്കുമുമ്പ് സഭ സുവിശേഷത്തിന്റെ സന്ദേശവാഹകരെ ഈ വിശാല ഭാരത ഉപഭൂഖണ്ഡത്തിലേക്ക് അയച്ചു. മററു സ്ഥലങ്ങളിലേതുപോലെ ഭാരതത്തിലും സഭയുടെ ദൗത്യം ക്രിസ്തുവിലുള്ള ജീവിതം വാഗ്ദാനം ചെയ്യുക എന്നതാണ്. ആരിലാണോ തന്റെ പൂർണത ഉൾക്കൊള്ളാൻ ദൈവം തിരുമനസ്സായത് അവനിലൂടെ ഭൂമിയിലും സ്വർഗത്തിലുമുള്ള സർവ്വവും ഐക്യപ്പെട്ടു കുരിശിൽ അവൻ ചൊരിഞ്ഞ രക്തത്താൽ ഈ സമാധാനം സ്ഥാപിതമായി (കൊളൊ. 1:19-20).

സഭ യേശുവിന്റെ അരൂപിയാൽത്തന്നെ അനുരഞ്ജനത്തിന്റെയും സേവനത്തിന്റെയും പ്രവർത്തനം നടത്താൻ സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഏശയാപ്രവാചകൻ മുൻകൂട്ടി പ്രവചിച്ചതുപോലെ ക്രിസ്തു ലോകത്തിലേക്ക് അയക്കപ്പെട്ടത് ചതഞ്ഞ ഞാങ്കണ മുറിക്കാനോ, മങ്ങിയ തിരി കെടുത്തുവാനോ അല്ല, മറിച്ച് ജനതകൾക്ക് ഒരു ഉടമ്പടിയും ദേശങ്ങൾക്ക് പ്രകാശവുമായിട്ടാണ് (ഏശയ്യാ 42:1-6).

കഴിഞ്ഞ നൂററാണ്ടുകളിലും, ഇന്നും സഭ ദൈവത്തിന്റെ പുത്രനും ദാസനുമായ യേശുവിന്റെ ജോലികൾ വിശ്വാസവും

www.malankaralibrary.com



അക്ഷീണസ്നേഹവുമുള്ള എണ്ണമററ മക്കളുടെ നിസ്വാർത്ഥസേവനത്തിലൂടെ ഭാരതത്തിന്റെ ഈ പ്രദേശത്ത് തുടർന്നുകൊണ്ടുപോകുന്നു.

22.4. ക്രൈസ്തവസമൂഹങ്ങൾ ഭാരതത്തിന്റെ മനോഹരമായ പാശ്ചാത്യപ്രദേശങ്ങളിലും കർണാടകത്തിലും, ഭാരതം മുഴുവനിലും ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ ശരിയായി ഗ്രഹിക്കുമ്പോൾ മറിയത്തിനുണ്ടായ അതേ വികാരവായ്പോടെ കർത്താവ് തന്റെ ജനതകളുടെ ഇടയിൽ വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു (ലൂക്കാ. 1:49) എന്നു ഞാൻ സന്തോഷിക്കുന്നു.

വിശ്വാസത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ തീക്ഷ്ണതയുള്ള അനേകം സമൂഹങ്ങൾ ഇവിടെ മുളച്ചുപൊങ്ങി; രാജ്യത്തിന്റെ ഉന്നമനത്തിനുവേണ്ടി ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുന്ന അനേകം യുവതീയുവാക്കന്മാരെ ഇവിടത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ വാർത്തെടുത്തു. ആരോഗ്യകേന്ദ്രങ്ങൾ ഒരു ശതാബ്ദത്തിലേറെയായി യാതൊരുവിധ തരംതിരിവും പക്ഷഭേദവും കൂടാതെ രോഗികളെ ശുശ്രൂഷിച്ചുപോരുന്നു, ക്രൈസ്തവസമൂഹം ഈ പ്രദേശത്തെ ജനങ്ങളുടെ സമുദ്ധാരണത്തിനും അഭിവൃദ്ധിയ്ക്കുംവേണ്ടി ഇത്തരത്തിൽ മററനേകം പ്രവർത്തനങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം ക്രിസ്തുവിന്റെ സഭയുടെ സേവന ദൗത്യത്തിന്റെ സജീവസാക്ഷ്യങ്ങളാണ്.

സഭ പിതാവിന്റെ ഭവനത്തിലെ യുഗാന്ത്യോന്മുഖ രാജ്യത്തെ ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുന്ന ദൈവത്തിന്റെ തീർത്ഥാടകജനമാണ്.

മററു സമൂഹങ്ങളുടെ മതപാരമ്പര്യങ്ങളുടെ ഇടയിലും അവരോടുകൂടിയും സഭ മുന്നോട്ടുനീങ്ങുമ്പോൾ അവൾ, 'ദരിദ്രരിലും ക്ലേശിതരിലും ദരിദ്രനും സഹിക്കുന്നവനുമായ തന്റെ സ്ഥാപകനെ കാണുന്നു' (Lumen Gentiun. 8). അക്കാരണത്താൽ ഓരോ പുരുഷന്റെയും സ്ത്രീയുടെയും അനിഷേധ്യമായ മാഹാത്മ്യം ഏതൊരു രാഷ്ട്രത്തിലും സാമൂഹ്യസംവിധാനത്തിലും സംരക്ഷിക്കുവാനും വളർത്തിയെടുക്കുവാനും താൻ വിളിക്കപ്പെട്ടിരിക്കുന്നതായി അവൾക്കനുഭവപ്പെടുന്നു.

നിങ്ങളുടെ ഇടയിൽ ക്രിസ്തുവിന്റെ നാമത്തിൽ ചെയ്യപ്പെടുന്ന സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് ക്രിസ്തുവിന്റെയും അവന്റെ സഭയുടെയും ഒരു ദാസൻ എന്ന നിലയിൽ ഞാൻ അവിടുത്തേക്ക് നന്ദി പറയുന്നു. നിങ്ങളുടെ സഹപൗരന്മാർക്ക് നിങ്ങൾ ചെയ്യുന്ന സ്നേഹനിർഭരമായ പ്രവർത്തനങ്ങൾക്ക് മറിയം എലിസബത്തിനെ സന്ദർശിച്ചത് പ്രചോദകശക്തിയായിരിക്കട്ടെ. നിങ്ങളുടെ വിശ്വാ

www.malankaralibrary.com



സത്തെ നിലനിറുത്തുന്നതിനും കൂടുതൽ ആത്മാർത്ഥമായ സേവനം ചെയ്യുന്നതിന് നിങ്ങളുടെ അർപ്പണ മനോഭാവത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു.

സഭയുടെ എല്ലാ മക്കളോടുമുള്ള എന്റെ അപേക്ഷ ഇതാണ്: ഉയിർത്തെഴുന്നേററ് ക്രിസ്തുവിന്റെ സാക്ഷികളാകുവിൻ; നിങ്ങൾ ജീവിക്കുന്ന സമൂഹമധ്യത്തിൽ ദൈവസ്നേഹം പരത്തുന്ന ദീപശിഖകളാകുവിൻ.

22.5. ക്രിസ്തുവിന്റെ സഭയെ പരിപാലിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട അഭിഷിക്തരായ മെത്രാന്മാരെ, നിങ്ങളോട് വി. പത്രോസിന്റെ അഭ്യർത്ഥനതന്നെ ഞാനും നടത്തുന്നു: 'നിങ്ങൾക്ക ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ അജഗണങ്ങളെ പരിപാലിക്കുവിൻ; അതു് സന്മാതൃക നൽകിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷനാകുമ്പോൾ മഹത്വത്തിന്റെ ഒളി മങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും' (1 പത്രോ. 5:2-3). സാർവത്രികസഭയിൽനിന്നു് റോമിലെ മെത്രാനുമായി നിങ്ങൾക്കുള്ള കൂട്ടായ്മയിൽനിന്നു് അജപാലന ശുശ്രൂഷക്കുവേണ്ട ശക്തി സംഭരിക്കുവാൻ നിങ്ങൾക്കിടവരട്ടെ.

പ്രിയ വൈദികരെ, സ്നേഹമുള്ള സന്യസ്തരേ, അൽമായ അപ്പസ്തോലരേ, നിങ്ങൾ എനിക്ക് പ്രിയപ്പെട്ടവരാണ്. ദൈവത്തിന്റെ ദാസനായ യേശുവിന്റെ ശിഷ്യന്മാരെ നിങ്ങളിൽ ഞാൻ ദർശിക്കുന്നു. ഇന്നത്തെ സഭയിലെ നിങ്ങളാണ് അവന്റെ സാക്ഷികൾ. നിങ്ങൾ ക്രിസ്തുവിനാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്.

ക്രിസ്തുവിന്റെ മൗതികശരീരത്തെ പടുത്തുയർത്തുവാൻ നിങ്ങൾ നിങ്ങളെത്തന്നെ പൂർണമായി സമർപ്പിച്ചിരിക്കുകയാണല്ലോ. നിങ്ങളുടെ കർത്തവ്യനിർവഹണത്തിൽ ഉദാരമനസ്കരും നിങ്ങളുടെ ദൈവവിളിയിൽ അനുയോജ്യരുമായിരിക്കുവിൻ. നിങ്ങൾ നിസ്വാർത്ഥസേവനത്തിൽ പൂർണമായി അർപ്പിക്കപ്പെട്ടവരും മെത്രാന്മാരുമായി ഐക്യത്തോടെ ജീവിക്കുന്നവരും ആകണം. ക്രിസ്തുവിനോടും അവന്റെ സഭയോടും വിശ്വസ്തരായിരിക്കുവിൻ; അതിലുപരി ദൈവരാജ്യത്തിന്റെ യഥാർത്ഥ അടയാളങ്ങളാകുവിൻ.

22.6. ദൈവത്തിന്റെയും മനുഷ്യരുടെയും ഏകമധ്യസ്ഥനായ യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏററുപറയുന്നവരും ഇവിടെ സമ്മേളിച്ചിരിക്കുന്നവരുമായ ക്രിസ്തീയ സഹോദരന്മാരേ, നമ്മുടെ ഹൃദയങ്ങളെ ഒരുമയോടെ സ്വർഗസ്ഥനായ പിതാവിന്റെ പക്കലേക്കുയർത്തി നമുക്ക് അവിടുത്തെ പുകഴ്ത്താം. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലുള്ള ജ്ഞാനസ്നാനംവഴി നമ്മിൽ കുടി

www.malankaralibrary.com



കൊള്ളുന്ന ഐക്യത്തിന് ദൈവത്തിനു നന്ദി പറയാം. പൂർണമായ കൂട്ടായ്മയും സമാധാനവും നേടിയെടുക്കുവാൻ തുടർന്നും പരിശ്രമിക്കുവാൻ യേശു നമ്മെ പ്രേരിപ്പിക്കുന്നു. അതുവഴി മാത്രമേ അന്ത്യഅത്താഴസമയത്തു് യേശു നടത്തിയ പ്രാർത്ഥനക്ക് പ്രത്യുത്തരമേകാനാവൂ- 'അവരെല്ലാവരും ഒന്നായിരിക്കുന്നതിനുവേണ്ടി പിതാവേ നീ എന്നിലും ഞാൻ നിന്നിലും ഒന്നായിരിക്കുന്നതുപോലെ, അവരും നമ്മിൽ ഒന്നായിരിക്കുന്നതിനും അങ്ങനെ നീ അയച്ചുവെന്നു് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (യോഹ. 17:21). മതസൗഹാർദ്ദതയുടെ വഴിത്താരയിൽ നാം സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ നമ്മുടെ ജീവദാതാവായ കർത്താവിനുമുമ്പിൽ കൂടുതൽ വിശ്വസ്തരാകുവാൻ നമ്മെ സഹായിക്കട്ടെ.

22.7. മററു മത വിഭാഗങ്ങളിൽപ്പെട്ട ധാരാളം സുഹൃത്തുക്കളെ കാണുന്നതിൽ എനിക്കു് അവാച്യമായ ആനന്ദമുണ്ട്. ക്രിസ്തീയ സഹോദരങ്ങളുമായിട്ടുള്ള നിങ്ങളുടെ സൗഹാർദ്ദംതന്നെയാണ് ഈ സാന്നിധ്യം സൂചിപ്പിക്കുന്നതു്. മനുഷ്യരുടെ ആധ്യാത്മികവും മാനുഷികവുമായിട്ടുള്ള മൂല്യങ്ങൾക്ക വിഘാതമായ ശക്തികൾക്കെതിരെ എല്ലാമതക്കാരും ഒത്തൊരുമിച്ച് സംഘാതമായിനിന്നു് പൊരുതണമെന്ന നിങ്ങളുടെ ആഗ്രഹത്തിന്റെ ബാഹ്യപ്രകടനമാണ് നിങ്ങളുടെ സാന്നിധ്യം തെളിയിക്കുന്നതെന്നു് എനിക്ക് തീർച്ചയുണ്ട്. വഴക്കും പിരിമുറുക്കവും നിറഞ്ഞുനില്ക്കുന്ന ബഹുമുഖചിന്താഗതിയുള്ള ലോകത്തിൽ ജീവിക്കുമ്പോൾ ആദ്യമായി മതസമൂഹങ്ങളാണ് സമാധാനത്തിലും പരസ്പരധാരണയിലും അന്യോന്യം അംഗീകരിച്ചും സഹകരിച്ചും കഴിയേണ്ടത്. ദൈവാനുഗ്രഹം നിങ്ങളിലും, നിങ്ങളുടെ സമൂഹത്തിലും കുടുംബങ്ങളിലും രാഷ്ട്രസേവനത്തിനായുള്ള നിങ്ങളുടെ ഉദ്യമത്തിലും സമർപ്പണത്തിലും ഉണ്ടായിരിക്കട്ടെ.

22.8. പൊതുജീവിതത്തിലെ ഉന്നതരായ പ്രതിനിധികളുടെമേൽ സർവ്വശക്തനായ ദൈവം ധാരാളം വിജ്ഞാനവും ധൈര്യവും പകരട്ടെ എന്നു പ്രാർത്ഥിക്കുന്നു. അങ്ങനെ അവർ 'മനുഷ്യരുടെയിടയിൽ' ഫലവത്തായി ചിട്ടയും സമാധാനവും ഉയർത്തിപ്പിടിക്കുന്നവരാകട്ടെ' (IInd Vat. Council, closing message). സ്വാതന്ത്ര്യം, നീതി, സമാധാനം എന്നീ സാംസ്കാരികവും ഭാഷാപരവും മതപരവുമായ വ്യത്യാസങ്ങളെ സമന്വയിപ്പിച്ചിട്ട്, സാമുദായികവും സാമ്പത്തികവുമായ ഉന്നമനത്തിനും സാമൂഹിക സൗഹാർദ്ദത്തിനുംവേണ്ടി ജോലി ചെയ്യാൻ എന്നും നിങ്ങൾക്കിടവരട്ടെ!

22.9. റോമിലേക്ക് പ്രതീക്ഷയോടെ കണ്ണുംനട്ടിരിക്കുന്ന

www.malankaralibrary.com



യുവതീയുവാക്കന്മാരെ, ആശ്വാസത്തിനും സാന്ത്വനത്തിനും വേണ്ടി കർത്താവിൻെറ പക്കലേക്ക് തിരിയുന്ന രോഗികളും വേദന അനുഭവിക്കുന്നവരും വൃദ്ധരുമായവരേ, ദൈവം തന്ന സമ്പത്തിനെ ജനങ്ങളുടെ നിലനില്പിനും വളർച്ചക്കും ആവശ്യമായ ഉപാധികളാക്കിത്തീർക്കുന്ന ജോലിക്കാരെ, കർഷകരെ, പാവപ്പെട്ടവരും ധനികരുമായവരുടെ കുടുംബങ്ങളെ, പ്രത്യേകിച്ച് ഇവിടെനിന്നും മററു സ്ഥലങ്ങളിലേക്ക് കുടിയേറിപ്പാർത്തവരെ, നിങ്ങളോടെല്ലാം ഞാൻ ആദരവിൻെറയും സഹോദരസ്നേഹത്തിൻെറയും വാക്കുകൾ ഉരുവിടുന്നു.

22.10. കർണാടക സംസ്ഥാനത്തിൽ നിലനില്ക്കുന്ന കഠിനമായ വരൾച്ച അതീവദുഃഖിതനായി ഞാനറിഞ്ഞു. പല സ്ഥലങ്ങളിലും ആവശ്യത്തിനുള്ള വെള്ളംപോലുമില്ല. ഭക്ഷണമില്ലാതെ മനുഷ്യരും മൃഗങ്ങളും കഷ്ടപ്പെടുന്നു. അവരുടെ സഹനത്തിൽ പങ്കുചേർന്നുകൊണ്ട് എൻെറ ഹൃദയം വേദനിക്കുന്നു. ഈ ദുർഘടസന്ധിയിൽ ജനങ്ങളെ സഹായിക്കുവാൻ കഴിയുന്നതെല്ലാം ചെയ്യുവാൻ സർക്കാരും സന്നദ്ധസംഘടനകളുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ ഇവിടുത്തെ പ്രാദേശികസഭകളോടു ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ മനുഷ്യവർഗത്തിൻെറ സേവനത്തിനായുള്ള നിങ്ങളുടെ വിളിയെ ഒരിക്കൽകൂടി പ്രകടമാക്കുക! കർണാടകത്തിലെ വരൾച്ചബാധിത പ്രദേശങ്ങളിൽ ധാരാളം മഴ ലഭിക്കുന്നതിനും അതുവഴി വിശക്കുന്നവർക്കു ഭക്ഷണവും ദാഹിക്കുന്നവർക്കു ജലവും ലഭ്യമാകുന്നതിനും അങ്ങനെ ശാരീരികമായി ശക്തിപ്രാപിച്ച് അവരെല്ലാവരും സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുന്നതിനുംവേണ്ടി ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

മനുഷ്യരുടെ ഉയർച്ചയിലേക്കുള്ള പരിശ്രമത്തിനിടയിൽ വന്നുഭവിക്കുന്ന ദുരന്തങ്ങൾക്ക് ബലിയാടുകളായവരെക്കൂടി സ്മരിക്കുവാൻ ഞാൻ താല്പര്യപ്പെടുന്നു. പ്രത്യേകിച്ചും, 1984 ഡിസംബറിൽ ഭോപ്പാൽ ദുരന്തത്തിൽ ജീവിതം നഷ്ടപ്പെട്ടവരെ ദൈവത്തിൻെറപക്കൽ സമർപ്പിക്കുന്നു. ഈ ദുരന്തത്തിലൂടെ കടന്നു രക്ഷപ്പെട്ടുവന്നവരെങ്കിലും തീവ്രമായി വേദനിക്കുന്നവരെയും ഞാൻ സ്മരിക്കുന്നു. അവർക്കാവശ്യമായ സാഹോദര്യത്തിൻെറ തീവ്രമായ ഐക്യം അതിൻെറ പൂർണതയിൽ അനുഭവവേദ്യമാകുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

ജീവിക്കുന്ന ദൈവത്തിൻെറ മകൻ എന്ന നിലയിൽ ഓരോ വ്യക്തിയേയും ആദരിക്കുന്ന ലോകം ഉണ്ടാകുന്നതിനുവേണ്ടി നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. ദൈവത്തെയും സഹജീവികളെയും കൂടുതലായി സേവിക്കുവാനുള്ള പ്രചോദനം ലഭി

www.malankaralibrary.com



ക്കുന്നതിനും സ്നേഹത്തിലും ഐക്യത്തിലും സമാധാനത്തിലും അധിഷ്ഠിതമായ ഒരു മതസംസ്കാരം ഉടലെടുക്കുന്നതിനും വേണ്ടി നമുക്ക് ഒത്തൊരുമിച്ച് പ്രാർത്ഥിക്കാം.

മംഗലാപുരത്ത് ദൈവവചനശുശ്രൂഷയിൽ, 1986
ഫെ. 6.

www.malankaralibrary.com

# 23

## ഭാരതത്തിലെ വൈദികരോട്

ഇന്ത്യയിലെ പ്രിയ വൈദികരേ,

23:1. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ ഇവിടെ സന്നിഹിതരായിരിക്കുന്നവരെയും സന്നിഹിതരാകാൻ സാധിക്കാത്തവരെയും ഞാൻ അഭിവാദനം ചെയ്യുന്നു. അഗാധമായ സ്നേഹവായ്പോടും നന്ദിയോടുംകൂടെ നിങ്ങൾക്ക് ഓരോരുത്തർക്കും എന്റെ ആശംസകൾ.

ഭാരതവൈദികരുടെ ഈ സമ്മേളനം വി. ഫ്രാൻസിസ് സേവ്യറുടെ പുണ്യദേഹം വച്ചുവണങ്ങപ്പെടുന്ന ഈ ബോംജീസസ് ബസിലിക്കയിൽ നടത്തുന്നു എന്നത് എന്നെ സംതൃപ്തനാക്കുന്നു. മഹാനായ ഈ ഈശോസഭാ മിഷനറി വൈദികൻ നമുക്ക തന്നതു വ്യക്തിഗതമായ പരിശുദ്ധിയുടെ ആവേശംകൊള്ളിക്കുന്ന മാതൃകയും ആത്മാക്കൾക്കുവേണ്ടിയുള്ള വിശേഷവിധിയായ ദാഹവും നമ്മുടെ ആധ്യാത്മിക മൂല്യങ്ങൾ നമ്മുടെ ഇടയിൽ ജീവിക്കുന്ന സഹോദരീസഹോദരന്മാരായി പങ്കുവയ്ക്കുന്നതിനുള്ള ശക്തമായ മുദ്രയുമാണ്. നമ്മെ ആവേശഭരിതരാക്കുന്ന ആത്മത്യാഗത്തിന്റെയും സേവന സന്നദ്ധതയുടെയും മുദ്രപതിപ്പിക്കപ്പെട്ട പൗരോഹിത്യ മാതൃകകളായ ഫാ. ജോസഫ് വാസ്, ഫാ. ആഗ്നലോ ഡിസൂസ എന്നീ ധർമ്മദൂതരെ ഞാൻ ഇത്തരുണത്തിൽ സ്മരിക്കുകയാണ്. നിങ്ങൾക്കറിയാവുന്നതുപോലെ, രണ്ടു ദിവസത്തിനകം ഭാരതത്തിലെ നിങ്ങളുടെതന്നെ സഹോദരപുരോഹിതനായ ചാവറ കുരിയാക്കോസ് ഏലിയാസിനെ, തിരുസഭയെ പലതരത്തിലും പ്രബോധനങ്ങൾ ഉൾക്കൊണ്ട് സേവിക്കുകയും അതിന്റെ ഐക്യത്തിനും ആധ്യാത്മികവളർച്ചയുടെ ഉന്നമനത്തിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്ത പുരോഹിതനെ വാഴ്ത്തപ്പെട്ടവനെന്നു പ്രഖ്യാപിക്കുമ്പോഴും എനിക്കു സന്തോഷമുണ്ടാകുകയാണ്. ഇതിനെല്ലാം അദ്ദേഹത്തെ ഉത്തേജിപ്പിച്ചത് തിരുസഭയുടെ ഐക്യത്തിനും ആധ്യാത്മിക വളർച്ചക്കുമായുള്ള ഉൽക്കടൈാഹമാണ്.

യേശുവിൽ പ്രിയ സഹോദരരെ, പുണ്യശ്ലോകരായ ആ മുൻഗാമികളുടെ അതേ പൗരോഹിത്യ ശുശ്രൂഷതന്നെയാണ് നിങ്ങളും നമ്മുടെ ഈ കാലഘട്ടത്തിൽ തുടരുന്നത്. അവരെപ്പോലെ നിങ്ങളും ദൈവജനമധ്യത്തിൽ മഹാപുരോഹിതനായ യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. അവിടുത്തെ പൗരോഹിത്യത്തിലാണ് നാമും പങ്കുചേരുന്നത്. നിങ്ങളുടെ മെത്രാ

www.malankaralibrary.com



ന്മാരോടും, റോമിലെ മെത്രാനോടും ഐക്യപ്പെട്ട് 'സ്വർഗത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളും തന്നോട് അനുരഞ്ജിപ്പിക്കുവാനും കുരിശിലെ രക്തംചിന്തൽവഴി സമാധാനം സ്ഥാപിക്കുവാനുംവന്ന നമ്മുടെ രക്ഷകന്റെ' (കൊളോ. 1:20) ഏക രക്ഷണീയ ദൗത്യത്തിനുവേണ്ടി നിങ്ങളെല്ലാവരും സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ അദ്വിതീയമായ ഈ ഭാരതനാടിന്റെ സുവിശേഷപ്രഘോഷകരും ഐക്യം കെട്ടിപ്പടുക്കേണ്ടവരുമാണ്. ദൈവാനുഗ്രഹത്താൽ വൈവിധ്യങ്ങളായ പ്രകൃതിസമ്പത്തുകൾകൊണ്ടും മാനുഷികമൂല്യങ്ങൾകൊണ്ടും സാംസ്കാരിക പാരമ്പര്യങ്ങൾകൊണ്ടും സമ്പന്നമായ, അതേസമയം അതിന്റെ വളർച്ചക്കും ഉന്നമനത്തിനുംവേണ്ടി ഇനിയും മാനുഷിക ശ്രമങ്ങൾ ആവശ്യമായിരിക്കുന്ന ഈ നാട്ടിൽ തിരുസഭയുടെ ശുശ്രൂഷകരാണ് നിങ്ങൾ.

ഞാൻ നിങ്ങളെ ഏററവും ഹൃദ്യമായി അഭിവാദനം ചെയ്യുന്നതോടൊപ്പം പലപ്പോഴും ക്ലേശകരമായ സാഹചര്യങ്ങളിൽപോലും നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങൾക്ക് എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. ക്രിസ്തുവിനുവേണ്ടി സമർപ്പിതമായ ഒരു ജീവിതമാണ് നിങ്ങളുടേത്. ഈ ദൈവവിളി പല ത്യാഗങ്ങളും ചുമതലകളും ആവശ്യപ്പെടുന്നതും, പല നിബന്ധനകൾക്കു വിധേയമായതും എന്നാൽസമാധാനവും സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്ന ക്രിസ്തുവിനെയും, ക്രിസ്തുജനത്തെയും സ്നേഹിക്കുന്നതിനുമുള്ള വഴിയാണ്. അതിനായി എന്റെ വാക്കുകൾ നിങ്ങളെ ഉത്തേജിതരാക്കുന്നതിനും, നിങ്ങൾ നിങ്ങളുടെ സമർപ്പിതസേവനത്തിൽ കൂടുതൽ വിശ്വസ്തതയോടും മഹത്വത്തോടുംകൂടെ മുന്നോട്ടുപോകുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

23.2. രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ഓർമ്മപ്പെടുത്തുന്നത് ദൈവികജനം അതിന്റെ ഐക്യം എല്ലാററിലുമുപരിയായി പുരോഹിതന്റെ നാവിൽനിന്നുതിരുന്ന ജീവനുള്ള ദൈവത്തിന്റെ വാക്കുകളിലൂടെയാണ് മനസിലാക്കുന്നത് എന്നാണ്. വിശ്വസിക്കാത്തവൻ രക്ഷപ്പെടുകയില്ല എന്നതിനാൽ തങ്ങളുടെ മെത്രാന്മാരോട് സഹകരിച്ചുകൊണ്ട് ദൈവവചനം എല്ലായിടത്തും പ്രഘോഷിക്കുക എന്നതാണ് വൈദികരുടെ പ്രഥമ ദൗത്യം (വൈദികർ. 4).

സൂനഹദോസിന്റെ ഈ വാക്കുകൾ നമ്മുടെ പൗരോഹിത്യ ദൈവവിളിയുടെ ഹൃദയത്തിലേക്ക്, ദൈവവചന പ്രഘോഷണത്തിലേക്ക വിരൽചൂണ്ടുന്നു. സമയത്തിലും സമർപ്പണത്തിലും വേണ്ടവിധത്തിൽ ക്രമപ്പെടുത്തുവാനും തിരുസഭയിൽ നാം പ്രാവർത്തികമാക്കേണ്ട പ്രഥമദൗത്യം നമുക്കുമുമ്പിൽ വ്യക്തമായി മനസിലാക്കാനും ഈ വാക്കുകൾ സഹായകമാകും.

www.malankaralibrary.com



വൈദികരെന്നനിലയിൽ ജനങ്ങളുടെ മുമ്പിൽ പൂർണമായും ദൈവവചനത്താൽ നിറഞ്ഞ മനുഷ്യരായിരിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. വചനത്തിന്റെ രഹസ്യത്തെയും അർത്ഥത്തെയും അനുസ്യൂതം അന്വേഷിച്ചുകൊണ്ട് അതു് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിൽ നാം തല്പരരായിരിക്കണം.

മററു മതങ്ങളുടെ ആദരണീയങ്ങളായ ലിഖിതങ്ങളോടൊപ്പം തിരുസഭയുടെ വി. ഗ്രന്ഥവും ഭാരതത്തിൽ ബഹുമാനിക്കപ്പെടുന്നു എന്നു ഞാൻ മനസിലാക്കുന്നു. ഭാരതത്തിലെ പ്രഗത്ഭരായ ജ്ഞാനികൾ ഈ പുസ്തകങ്ങളെ ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുന്നവരാണ്. ഈ നാടിന്റെ ഇടയന്മാരെന്നനിലയിൽ നിങ്ങളും ജ്ഞാനികളാകണം. സഭയുടെ പ്രബോധനാധികാരം വഴിയായി നൽകപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്തിട്ടുള്ള ദൈവവചനത്തിന്റെ ലിഖിതരൂപവും സഭയുടെ പാരമ്പര്യവുമായിരിക്കണം നിങ്ങളുടെയും പഠനത്തിന്റെയും പ്രാർത്ഥനയുടെയും നിരന്തരവിഷയം. അങ്ങനെ നിങ്ങൾക്ക് കൂടുതൽ വിശ്വാസത്തോടും താല്പര്യത്തോടുംകൂടെ ദൈവവചനം ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കുന്നതിന് സാധിക്കും. അതിന് ഇതു് ആദ്യം നമ്മുടെ ഹൃദയത്തിൽ മുളയെടുക്കണം. തിരുസഭയുടെ പ്രബോധനാധികാരത്തോടുള്ള വിശ്വസ്തത നിങ്ങളുടെ പൗരോഹിത്യദൗത്യത്തിന്റെ ഫലദായകത്വത്തിന് അടിസ്ഥാനമായി നിലകൊള്ളുമെന്നതു് തീർച്ചയാണ്.

മതവിശ്വാസത്തിന്റെ വളർച്ചക്കും പ്രസരണത്തിനുംവേണ്ടി ഉന്നതമായ ഭാഗം അഭിനയിച്ച ആധ്യാത്മികഗുരുഭൂതന്മാരായിട്ടാണ് ഭാരതത്തിലെ ഗുരുക്കൾ അറിയപ്പെട്ടിരുന്നത്. ഗുരു ദൈവികസത്യങ്ങളുടെ മധ്യസ്ഥനാണെന്നു മനസിലാക്കികഴിഞ്ഞിട്ടുണ്ട്. മാത്രമല്ല രക്ഷണീയസത്യം ദൈവത്തിന്റെ സാക്ഷാത്ക്കാരമായി വരുന്ന ഒരുവനിൽനിന്നാണ് വരേണ്ടതെന്ന കാര്യവും ഭാരതീയ മതപാരമ്പര്യങ്ങളിൽ രൂഢമൂലമാണ്. തങ്ങൾക്കേല്പിക്കപ്പെട്ടിരിക്കുന്ന മനുഷ്യർക്ക് വിശ്വസ്തതയോടെ സുവിശേഷസത്യങ്ങൾ പകർന്നുകൊടുത്തുകൊണ്ട് അവരുടെ ആധ്യാത്മികനിയന്താക്കൾ എന്ന തങ്ങളുടെ ദൗത്യം എത്ര തീക്ഷ്ണതയോടെയാണ് വൈദികർ നിർവഹിക്കേണ്ടത്!

കൂദാശകൾവഴിയും രക്ഷണീയവചനംവഴിയും ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥരാകുവാൻ എത്ര ഗൗരവത്തോടുകൂടിയാണ് അവർ വിളിക്കപ്പെട്ടിരിക്കുന്നത്? എത്ര ഉത്സാഹത്തോടെയാണ് ജനങ്ങൾ നമ്മുടെ പുരോഹിതരിൽനിന്നു യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ കാണുന്ന അതേ ജീവദായകഭക്ഷണം പ്രതീക്ഷിക്കുന്നത്.

23.3. വചനത്തിന്റെ ദാസന്മാരെന്നനിലയിൽ നിങ്ങൾ

www.malankaralibrary.com



ടെ ക്രിസ്തീയസമൂഹത്തെ ശരിയായ വിശ്വാസസത്യങ്ങളിൽ രൂപപ്പെടുത്തുന്നതിനും വളർത്തുന്നതിനും വിശ്വാസത്തിന്റെ മുഴുവൻ പൊരുളും അവർക്ക് പകർന്നുകൊടുക്കുന്നതിനുമുള്ള നിങ്ങളുടെ പ്രവർത്തനത്തിൽ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഈ ദൗത്യം നിർവഹിക്കുന്നതിനുതകുന്ന എല്ലാ നവീനരീതികളും പ്രയോജനപ്പെടുത്തുക. കുട്ടികൾക്കും യുവജനങ്ങൾക്കുമായിരിക്കണം പ്രത്യേകം പരിഗണന നൽകുക. പ്രായമായവർക്കുള്ള മതബോധനത്തിൽ അശ്രദ്ധ വന്നുകൂടരുത്.

നിങ്ങൾക്ക് ഭരമേൽപിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ ആസൂത്രിതമായ ഇത്തരത്തിലുള്ള ക്രൈസ്തവ പരിശീലനത്തിലൂടെ ഭക്തിതീക്ഷ്ണതയുള്ളവരും അരൂപിയാൽ പ്രകാശിതരുമായി സഭയിലും ലോകത്തിലും തങ്ങളുടെ ഉത്തരവാദിത്വത്തെ ഉൾക്കൊള്ളുന്നവരും പ്രകടിപ്പിക്കുന്നവരുമായ അൽമായരായി വാർത്തെടുക്കാൻ നിങ്ങൾക്കേ സാധിക്കൂ. ആഴമേറിയ സജീവ പ്രത്യാശയിലും ക്രിയാത്മകമായ സ്നേഹത്തിലും വിശ്വാസത്തിലധിഷ്ഠിതങ്ങളായ ക്രൈസ്തവസമൂഹങ്ങളെ വാർത്തെടുക്കാൻ സഹായിക്കുമ്പോൾ, സഭയിൽ അവർക്ക് അനുയോജ്യമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ അൽമായർ പ്രാപ്തരാകും.

ഇത്തരത്തിൽ സമൂഹത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ഘടനകളുടെ വളർച്ചക്കുവേണ്ടി പരിശ്രമിക്കുന്ന അൽമായർ ലോകത്തിന്റെ പുളിമാവായി വർത്തിക്കും. മതപരമായ വ്യത്യാസംകൂടാതെ സന്മനസ്സുള്ള എല്ലാവരുമായി സമൂഹത്തിൽ ശരിയായ ക്രമം സൃഷ്ടിക്കുന്നതിന് അവർ സഹകരിക്കും.

എന്റെ പ്രിയമുള്ള സഹോദരങ്ങളെ, അൽമായരുടെ മധ്യത്തിൽ സേവകരും നേതാക്കളുമായി നിങ്ങൾ പ്രവർത്തിക്കണം. തങ്ങൾ നൽകുന്ന വില ഗൗനിക്കാതെ ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് ദൈവജനത്തെ രൂപീകരിക്കുവാനും പ്രചോദിപ്പിക്കുവാനും നയിക്കാനും നിയോഗിക്കപ്പെട്ട ദൈവത്തിന്റെ ദാസന്മാരാണ് നിങ്ങൾ. വിഭാഗീയതയും അക്രമവും ഭീഷണി മുഴക്കുന്ന ലോകത്തിൽ തീർച്ചയായും നിങ്ങൾ ഐക്യത്തെ പരിപുഷ്ടിപ്പെടുത്തുന്നവരായിരിക്കണം.

23.4. ദൈവവചന പ്രഘോഷണവും പൗരോഹിത്യ നേതൃത്വത്തിന്റെ വിവിധ രൂപങ്ങളും അതിന്റെ സാക്ഷാത്കാരം കണ്ടെത്തുന്നത് പരിശുദ്ധ കുർബാനയിലാണ്. കാരണം പരി. കുർബാനയാണ് എല്ലാ ദൈവവചനവൽക്കരണ പ്രവർത്തനങ്ങളുടെയും ഉറവിടവും അടിസ്ഥാനവും (വൈദികർ 5). ആരാധന ക്രമത്തിന്റെ അർപ്പണംവഴി നിങ്ങൾ വിശുദ്ധീകരണ പ്രക്രിയയിൽ പരിപൂർണ സഹകാരികളായിത്തീരുന്നു. നിങ്ങൾ നിർ

www.malankaralibrary.com



വഹിക്കുന്ന മറേറതു പ്രവർത്തനങ്ങൾക്കും സമൂഹത്തിന്റെ വളർച്ചക്ക് ഇത്രയധികം സംഭാവന നൽകാൻ സാധ്യമല്ല. ഒരു വൈദികനെന്ന നിലയിൽ നിങ്ങൾക്ക് എക്കാലവും നമുക്കുവേണ്ടി ചെയ്യാവുന്ന ഏററവും വലിയ സേവനം ദിവ്യബലിയാണ്. ദിവ്യബലി നിങ്ങളുടെയും നിങ്ങൾ സേവിക്കുന്ന മററുള്ളവരുടെയും ജീവിതത്തിൽ കേന്ദ്രബിന്ദുവായിത്തീരുകയാണ്.

ഒരു പുരോഹിതന്റെ തനിമ കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതേസമയം പ്രത്യേകമായി പാപസങ്കീർത്തനമെന്ന കൂദാശയിലൂടെ ശുശ്രൂഷ വിശ്വസ്തതാപൂർവം നിർവഹിക്കുമ്പോഴാണ് പുരോഹിതൻ മററാർക്കും ചെയ്യുവാൻ സാധിക്കാത്തവിധം സഭയെ സേവിക്കുന്നതു്. അഭിഷിക്തനായ വൈദികനു മാത്രമേ യേശുവിന്റെ നാമത്തിൽ പാപമോചനം നൽകാൻ കഴിയൂ.

ക്രിസ്തുവിന്റെ നാമത്തിൽ പ്രവർത്തിച്ചുകൊണ്ടു്, പരിശുദ്ധ ത്രീത്വത്തിന്റെ വ്യക്തിപരമായ സ്നേഹം പാപികൾക്ക് അനുഭവവേദ്യമാകുവാൻ നിങ്ങൾ സഹായിക്കുന്നു. വിശ്വാസികളുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ കരുണയിൽ നിന്നുത്ഭൂതമാകുന്ന പുതുജീവനും പ്രത്യാശയും കണ്ടു് നിങ്ങൾക്കു സന്തോഷിക്കാനാകും.

സഭ കൂദാശകളെ നിങ്ങളുടെ സംരക്ഷണത്തിന് ഭരമേൽപിച്ചിരിക്കുകയാണ്. ദൈവത്തിന്റെ എല്ലാ ജനങ്ങൾക്കും ആധ്യാത്മിക നന്മക്കുവേണ്ടി അവ പരികർമ്മം ചെയ്യുവാൻ അവർ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ തനതായതും മററാർക്കും ചെയ്യുവാൻ പററാത്തതുമായ ഈ സേവനത്തിന് എത്ര താല്പര്യപൂർവ്വമാണ് ഹൃദയങ്ങൾ ആഗ്രഹിക്കുന്നതു്.

23.5. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു പ്രധാന പഠനം വിശുദ്ധിയിലേക്കുള്ള സാർവ്വത്രികവിളിയെക്കുറിച്ചുള്ളതാണ്. എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നതു് പൂർണാത്മാവോടും പൂർണഹൃദയത്തോടുംകൂടി ദൈവത്തെ സ്നേഹിക്കുവാനും ദൈവസ്നേഹത്തെപ്രതി അയൽക്കാരെ സ്നേഹിക്കുന്നതിനുമാണ്. യേശു മുഴക്കിയ കാഹളധ്വനിയിൽനിന്നു് ആരും ഒഴിവാക്കപ്പെട്ടിട്ടില്ല. 'സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ' (മത്താ. 5:48).

എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നു് ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ എത്ര വലിയ ഉത്തരവാദിത്വമാണ് പുരോഹിതരുടെ ചുമലിൽ നിക്ഷിപ്തമായിരിക്കുന്നത്. തങ്ങളുടെ സ്വന്തം ഹൃദയങ്ങളെ ക്രിസ്തുവിന്റെ

www.malankaralibrary.com



സ്നേഹംകൊണ്ട് നിറച്ചില്ലെങ്കിൽ എങ്ങനെ ഇത് അവർക്ക് നിർവഹിക്കാനാകും? എന്റെ സഹോദരരെ, നിങ്ങൾ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കണം. ദൈവത്തോടുചേർന്നു നിൽക്കുന്നവരും, അവിടുത്തെ സാന്നിധ്യബോധമുള്ളവരുമായിരിക്കണം. എന്നാൽ പൗരോഹിത്യത്തിന്റെ വിശുദ്ധിയുടെ പേരിൽ നിങ്ങൾ സേവിക്കുന്ന ജനങ്ങളിൽനിന്ന് നിങ്ങളെ വേർപെടുത്തരുത്. ദൈവവചനത്തിനുവേണ്ടി വേർതിരിക്കപ്പെട്ടവരാണ് നിങ്ങൾ എന്നത് സത്യമാണ്. നിങ്ങൾ മറ്റുള്ള വിശ്വാസികളിൽനിന്ന് ഒറ്റപ്പെട്ടവരല്ല. ക്രിസ്തുവിൽ യഥാർത്ഥ സഹോദരരെന്നനിലയിൽ നിങ്ങളുടെ ജനങ്ങളുടെ പ്രത്യേകിച്ച് പാവങ്ങളുടെ ജീവിതസാഹചര്യങ്ങളുമായി യഥാർത്ഥത്തിൽ ഇണങ്ങിച്ചേർന്നുകൊണ്ട നല്ല ഇടയന്റെ സ്വരം ശ്രവിക്കുവാൻ നിങ്ങൾ അവരെ പ്രാപ്തരാക്കണം. അതുപോലെ, അവരെ അനുഗ്രഹദായകവും ജീവലബ്ധവുമായ കൂദാശകളിലേക്കും ദൈവവചനത്തിലേക്കും കൊണ്ടുകരികയുംവേണം.

നമ്മുടെ ദൗത്യം വിജയപ്രദമാകണമെങ്കിൽ നാമിത് 'ദൈവത്തിന്റെ സഹപ്രവർത്തകരും' (1 കൊറി. 3:9) 'ക്രിസ്തുവിന്റെ ദാസന്മാരും ദൈവരഹസ്യങ്ങളുടെ കാര്യസ്ഥന്മാരും' (1 കൊറി. 4:1) എന്നനിലയിൽ ഏറ്റെടുക്കണമെന്നു മറക്കരുത്. നമ്മുടെ ജീവൻതന്നെയായ കർത്താവായ യേശുക്രിസ്തുവിനോടുള്ള ആഴമായ ഐക്യത്തിൽ ജീവിച്ചും പ്രവർത്തിച്ചും ആണ് ഇതു സാധിക്കേണ്ടത്.

വൈദികരെന്നനിലയിൽ അരൂപിയുടെ പ്രവർത്തനങ്ങൾക്കു പരിപൂർണമായി വിധേയരായിക്കൊണ്ട് നമ്മെത്തന്നെ അവിടുത്തെ കരങ്ങളിൽ കയ്യേൽപിക്കുവാനും, ശിശുസഹജമായ വിശ്വാസത്തോടെ അവിടുത്തെ ആശ്രയിക്കാനുമാണ് പിതാവ് നമ്മെ വിളിച്ചിരിക്കുന്നത്. എത്രയും പരി. ത്രീത്വത്തിന്റെ മഹത്വത്തിനായി നമ്മുടെ പുരോഹിതദൗത്യം നിർവഹിക്കുവാൻ നമ്മെ അവിടുന്ന് ക്ഷണിക്കുന്നു. ഇതാണ് ഫലദായകമായ വൈദികത്വത്തിലേക്കുള്ള വ്യക്തമായ പാത.

തന്റെ ആദ്യശ്ലീഹന്മാരോടുള്ള യേശുവിന്റെ വാക്കുകളെ വീണ്ടും ശ്രദ്ധിക്കുക: 'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലം പുറപ്പെടുവിക്കുന്നു. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല' (യോഹ. 15:15). ഭാരതത്തിലെ വൈദികരെ, എത്ര സമ്പന്നവും ആഴവുമായ ആശയങ്ങളാണ് നിങ്ങൾക്കു വേണ്ടി ഇതിൽ ഉൾക്കൊള്ളുന്നത്. ദൈവത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള, തങ്ങൾക്കുണ്ടായിട്ടുള്ള ദൈവാനുഭവത്തിന്റെ

www.malankaralibrary.com



പ്രഭാപൂരം പരത്തുന്ന യഥാർത്ഥ ദൈവികമനുഷ്യരായ ഗുരുക്കന്മാരെ അന്വേഷിക്കുന്ന ആഴമേറിയ മതാത്മകതയുള്ള ജനതയാണ് ഗുരുക്കന്മാരുടെയും ജ്ഞാനികളുടെയും ഈ മഹത്തായ നാട്ടിലുള്ളത്. പ്രവർത്തിക്കുന്ന മനുഷ്യരെക്കാൾ പ്രാർത്ഥനയുടെ മനുഷ്യരെയാണ് ഇവർക്ക് ആവശ്യം. അതിനാൽ എത്ര താല്പര്യത്തോടുകൂടി യേശുക്രിസ്തുവാകുന്ന ജീവജലത്തിൻെറ നീർച്ചാലിൽനിന്നു കുടിക്കേണ്ടിയിരിക്കുന്നു.

23.6. എൻെറ സഹോദര വൈദികരെ, നിങ്ങൾ സഭയുടെ മനുഷ്യരായിരിക്കണമെന്നു ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. വി. പൗലോസ് എന്താണ് പറയുന്നതെന്നു ശ്രദ്ധിക്കുക: 'ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻ തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലംകൊണ്ട് കഴുകി വചനത്താൽ വെൺമയുള്ളവനാക്കി. ഇത് അവളെ കറയോ ചുളിവോ മററു കുറവുകളോ ഇല്ലാതെ മഹത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനുവേണ്ടിയാണ്'' (എഫേ. 5:25-27). നമ്മുടെ അത്യുന്നത മഹാപുരോഹിതൻെറ മാതൃകയെ അനുധാവനം ചെയ്യുക. സഭയെ സ്നേഹിക്കുകയും ഭൂമിയിൽ ക്രിസ്തുവിൻെറ ശരീരവും രക്ഷയുടെ ഭാഗവുമായ അവളുടെ സ്വഭാവത്തെപ്പററി പ്രാർത്ഥനാപൂർവം ധ്യാനിക്കുകയും ചെയ്യുക.

അവളിൽ പോരായ്മകൾ കണ്ടെത്തിയാലും നിങ്ങൾ സഭയെ സ്നേഹിക്കുക. ദൈവവചനത്തിന് അനുയോജ്യമായവിധം അവളുടെ ശരിയായ നവീകരണത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുക. വ്യക്തിപരമായ പോരായ്മകളുള്ള നാമോരോരുത്തരും സഭയുടെ ഭാഗമാണ്, നവീകരണം ആവശ്യമുള്ളവരാണ്. നാമോരോരുത്തരും വ്യക്തിപരമായ ന്യൂനതകൾനിമിത്തം സഭയുടെ മുഖഛായ ഒരേതരത്തിൽ വിരൂപമാക്കുന്നവരാണ്. അതുകൊണ്ട് എല്ലാ നവീകരണവും സ്വന്തം ഹൃദയപരിവർത്തനത്തിലൂടെ ആരംഭിക്കണം.

സഭയുടെ മനുഷ്യരായിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അടിപതറാത്ത വിശ്വസ്തതയോടെ അവളെ സേവിക്കുക എന്നതാണ്. ആയതിനാൽ അവളുടെ പേരിൽ നിങ്ങൾക്ക് സഹിക്കേണ്ടിവരുമ്പോൾപോലും അവളെ ഹൃദയചാഞ്ചല്യമില്ലാതെ സേവിക്കുക. റോമിലെ മെത്രാനോടും നിങ്ങളുടെ മെത്രാന്മാരോടും സഹവൈദികരോടും ചേർന്ന് യഥാർത്ഥവും ആഴവുമായ കൂട്ടായ്മയിൽ ജീവിക്കുക എന്നതാണ് ഇതിൻെറ അർത്ഥം. ഒരേ വിശ്വാസത്തിൻെറ അധ്യാപകരെന്ന

www.malankaralibrary.com



നിലയിൽ ഹൃദയൈക്യത്തിൽ സഭയെ നിങ്ങൾ സേവിക്കണം.

23.7. ഉപസംഹരിക്കുന്നതിനുമുമ്പ്, എന്റെ പ്രിയമുള്ള സഹോദരരേ, എന്റെ ഹൃദയത്തിന് ഏററവും പ്രിയങ്കരമായതും ഇന്നത്തെ സഭയിൽ ഏററവും പ്രാധാന്യമർഹിക്കുന്നതുമായ രണ്ടു തരത്തിലുള്ള അജപാലന ദൗത്യത്തെക്കുറിച്ച് നിങ്ങളെ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു: പാവങ്ങളോടുള്ള പങ്കുചേരലും യുവാക്കളോടുള്ള സഹോദരനിർവ്വിശേഷമായ താല്പര്യവും.

ഈ കാലഘട്ടത്തിൽ പാവപ്പെട്ടവരെക്കുറിച്ച് കൂടുതൽ ശ്രദ്ധയുണ്ടാകണം എന്ന നാഥന്റെ പ്രബോധനത്തെക്കുറിച്ച് സഭ കൂടുതൽ അവബോധമുള്ളവളായിക്കൊണ്ടിരിക്കുകയാണ്. ദരിദ്രരോടും മർദ്ദിതരോടും അടിച്ചമർത്തപ്പെട്ടവരോടും ആലംബഹീനരോടുമുള്ള ദൈവത്തിന്റെ പ്രത്യേകസ്നേഹം വി. ഗ്രന്ഥം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്.

യേശു തന്റെ ശുശ്രൂഷ ആരംഭിച്ചതുതന്നെ ഏശയ്യായുടെ രണ്ടു പ്രവചനങ്ങൾ തന്റെ സ്വന്തമാക്കിക്കൊണ്ടാണ്. 'കർത്താവിന്റെ ആത്മാവ് എന്നിലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും' (ലൂക്കാ 4:18) നൽകുവാൻ ഞാൻ വന്നിരിക്കുന്നു. ദരിദ്രരോടു പങ്കുചേർന്നുകൊണ്ടും കഷ്ടപ്പെടുന്നവർക്കു തന്റെ പ്രവർത്തനോന്മുഖമായ പരിഗണന നൽകിക്കൊണ്ടും ക്രിസ്തു ഈ പ്രവചനം തന്റെ ജീവിതംവഴി സ്ഥിരീകരിച്ചു. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, 'അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി. അവന്റെ ദാരിദ്ര്യത്തിൽനിന്നു നിങ്ങൾ സമ്പന്നരാകുവാൻവേണ്ടിത്തന്നെ' (2കൊറി. 8:9). എന്റെ സഹോദരവൈദികരെ, നിങ്ങൾ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നത് ഈ ദൗത്യത്തിനു വേണ്ടിയാണ്.

പുരോഹിതന് ദരിദ്രരോടുള്ള സ്നേഹം യഥാർത്ഥമാക്കാൻ, അത് അഗാധമായ ദൈവസ്നേഹത്തിൽനിന്നുത്ഭവിക്കുന്നതായിരിക്കണം. ലളിതമായ ജീവിതരീതിയിലും പാവപ്പെട്ടവരല്ലാത്തവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് എല്ലാവർക്കും നൽകുന്ന എളിയ സേവനവും വഴിയാണ് ഇത് ആരംഭിക്കുന്നത്. ഒരു പുതുലോകത്തെ പടുത്തുയർത്തുക എന്നതിലേക്ക് ജനങ്ങളെ നയിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സഹോദരൻ സഹോദരനെ ചൂഷണംചെയ്യാത്ത ഹൃദയങ്ങൾ സമാധാനത്തിൽ പരസ്പരം ഐക്യപ്പെട്ടിരിക്കുന്ന സമൂഹമായിരിക്കും അത്.

രണ്ടാമതായി ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത് നിങ്ങളുടെ അജപാലനദൗത്യത്തിന്റെ പ്രധാനഭാഗമായി യുവ

www.malankaralibrary.com



ജനങ്ങളെ കണക്കിലെടുക്കണം. അവരോട് തുറന്ന മന:സ്ഥിതിയുള്ളവരായിരുന്നുകൊണ്ട്, യഥാർത്ഥത്തിൽ അവരിൽ താല്പര്യമുള്ളവരായിരുന്നുകൊണ്ട് മനുഷ്യജീവിതത്തെക്കുറിച്ചുള്ള സംഭാഷണങ്ങളിലേക്കും, ക്രിസ്തുവിലുള്ള രക്ഷയെക്കുറിച്ചുള്ള ചർച്ചകളിലേക്കും അവരെ നയിക്കണം. നിങ്ങളുടെ ജീവിതമാതൃക കൊണ്ട് ക്രിസ്തു അവരെ സ്നേഹിക്കുന്നുവെന്നും അവരുടെ പ്രതിസ്നേഹം ആവശ്യപ്പെടുന്നുവെന്നും അവരെ മനസിലാക്കുക. സഭയിലുള്ള അവരുടെ വ്യക്തിപരമായ വിളിയെ പ്രാർത്ഥനാപൂർവം പരിഗണിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. വിളവിൻെറ നാഥൻ ധാരാളമായി സന്യാസ– വൈദിക ദൈവവിളികൾകൊണ്ട നമ്മെ അനുഗ്രഹിക്കട്ടെ.

എൻെറ ഏററം പ്രിയമുള്ള സഹോദരവൈദികരേ, പൗരോഹിത്യധർമ്മത്തെക്കുറിച്ച് നിങ്ങളോടു സംസാരിക്കുവാൻ ഇങ്ങനെയൊരു അവസരമുണ്ടായതിൽ ഞാൻ കൃതജ്ഞതയുള്ളവനാണ്. ഞാൻ എല്ലാദിവസവും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. നിങ്ങൾ എനിക്കുവേണ്ടിയും നിരന്തരം പ്രാർത്ഥിക്കണമെന്നു പ്രത്യേകമായി ആവശ്യപ്പെടുന്നു. നിങ്ങളെ വൈദികരുടെ അമ്മയായ പരി. കന്യകാമറിയത്തിൻെറ സ്നേഹമുള്ള സംരക്ഷണത്തിനു ഭരമേൽപിക്കുന്നു. നാഥനിലുള്ള അഗാധമായ സ്നേഹത്തോടെ നിങ്ങളെ ആശീർവദിക്കുന്നു, കൂടാതെ വർദ്ധിച്ച ഔദാര്യബോധത്തോടുകൂടെ യേശുവിനെ ഭാരതത്തിനു നല്കുക എന്ന സേവനം അനുസ്യൂതം തുടരുവാൻ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു.

ഗോവയിലെ ബോം ജീസസ് ബസ്ലിക്കയിൽ ഭാരതത്തിലെ വൈദികരോട്, 1986 ഫെ.6.

www.malankaralibrary.com

# 24

# തൃശ്ശൂരിലെ ശുശ്രൂഷയിൽ

പ്രിയ സുഹൃത്തുക്കളേ,

ഭാരതത്തിലൂടെയുള്ള എന്റെ അപ്പസ്തോലിക തീർത്ഥാടന വേളയിൽ തൃശ്ശൂർ സന്ദർശിക്കാൻ സാധിച്ചതിൽ ഞാൻ തികച്ചും സന്തുഷ്ടനാണ്.

24.1. ബിഷപ്പ് കുണ്ടുകുളത്തിന്റെ സ്നേഹോദാരമായ സ്വാഗതാശംസകൾക്ക നന്ദി പറയുന്നു. ഇവിടെ സന്നിഹിതരായിട്ടുള്ള വിശ്വാസികളേവർക്കും അഭിവാദനങ്ങൾ.

തൃശ്ശൂർ ജില്ലയുടെ ആസ്ഥാനനഗരിയിൽനിന്നു കേരളത്തിന്റെ വടക്കുഭാഗത്തുള്ള തൃശ്ശൂർ, തലശേരി, മാനന്തവാടി, പാലക്കാട്, ഇരിഞ്ഞാലക്കുട എന്നീ സീറോ–മലബാർ രൂപതകളെയും; തിരുവല്ല, ബത്തേരി എന്നീ സീറോ–മലങ്കര രൂപതകളെയും; ലത്തീൻ അതിരൂപതയായ വരാപ്പുഴയെയും, കോഴിക്കോട്, കോയമ്പത്തൂർ രൂപതകളെയും അഭിവാദനം ചെയ്യുന്നു.

അതോടൊപ്പം ഇതര ക്രൈസ്തവസഭകളുടെ പ്രതിനിധികളായി ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാവർക്കും നന്ദി പറയുന്നു. പൗരസ്ത്യക്രൈസ്തവർക്കും, ഓർത്തഡോക്സ് സുറിയാനിക്കാർക്കും, മാർത്തോമ്മാക്കാർക്കും, വിശിഷ്യാ ക്രിസ്തുനാഥന്റെ സഭയുടെ ഭാരതത്തിലെ സ്ഥാപകനായ വി. തോമാശ്ലീഹായെ വണങ്ങുന്ന എല്ലാവർക്കും നന്ദിപറയുന്നു.

ഈ പ്രദേശത്തെ ഇതരമതവിഭാഗങ്ങളുടെ പ്രതിനിധികളോടും എനിക്കുള്ള അതിയായ മതിപ്പും പരിഗണനയും ഈ അവസരത്തിൽ രേഖപ്പെടുത്തട്ടെ.

ഇവിടത്തെ സിവിൽ അധികാരികളോടും, പൊതുജനസേവനരംഗങ്ങളിലുള്ള എല്ലാവരോടും എനിക്കുള്ള കൃതജ്ഞതയും അഭിനന്ദനവും അറിയിക്കുന്നു.

നമ്മുടെ എല്ലാവരുടെയും പിതാവും ആദിയും അന്തവുമായ സർവ്വശക്തനായ ദൈവം ഈ പ്രാർത്ഥനാസമ്മേളനംവഴി പരസ്പരസ്നേഹത്തിന്റെയും ആദരവിന്റെയും ചിന്തകളാൽ നമ്മെ പ്രചോദിപ്പിക്കുകയും അനുഗ്രഹിക്കുകയും ചെയ്യട്ടെ. അങ്ങനെ കൂടുതൽ നീതിനിഷ്ഠവും സമാധാനപ്രിയവുമായ ലോകം പടുത്തുയർത്താൻ നമുക്കു കഴിയട്ടെ.

www.malankaralibrary.com



24.2. ക്രിസ്തുനാഥനിൽ വാത്സല്യമുള്ള സഹോദരീസഹോദരന്മാരേ, 'സഹോദരന്മാർ ഒന്നിച്ചുവസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്'' (സങ്കീ. 133:1) എന്ന സങ്കീർത്തകൻെറ വാക്കുകൾ എത്ര അർത്ഥവത്താണ്!

മാതൃഭാഷയായ മലയാളത്തിൽ നിങ്ങൾ വിശ്വാസപ്രമാണം ചൊല്ലിയപ്പോൾ നിങ്ങളുടെ വിശ്വാസപ്രഖ്യാപനത്തെ ഓർത്ത് ഞാൻ ദൈവത്തിനു നന്ദിപറഞ്ഞു. പരമ്പരാഗത വിശ്വാസമനുസരിച്ച് വി. തോമാശ്ലീഹാ ഈ കരയിലെത്തിച്ച 'ഉയിർത്തെഴുന്നേററ കർത്താവിലുള്ള' വിശ്വാസം, നിങ്ങളുടെ ഹൃദയത്തിലും മനസിലും ഇന്നും ജീവിക്കുന്നു. ഇക്കാരണത്താൽ വി. പൗലോസിനോടുകൂടി 'യേശുക്രിസ്തുവിൽ നിങ്ങൾക്കു കൈവന്ന ദൈവകല്പനകൾക്ക്, ഞാൻ നിങ്ങളെപ്രതി ദൈവത്തിനു സദാ നന്ദിപറയുന്നു' (1 കൊറി. 1:4).

നിങ്ങളുടെ യുവജനങ്ങൾ കൊടുങ്ങല്ലൂരിൽനിന്നു കൊണ്ടുവന്ന ദീപശിഖകൊണ്ട് നിങ്ങളുടെ മധ്യത്തിലുള്ള ഈ വിളക്കു കൊളുത്തിയപ്പോൾ ഞാൻ ഓർമ്മിക്കുകയായിരുന്നു, അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണംമൂലം ജനതകൾക്കു പ്രകാശവും, ലോകത്തിനു മാർഗദീപവുമായ ക്രിസ്തു എപ്രകാരം നിങ്ങൾക്കു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന്. യേശുനാഥൻതന്നെ പറഞ്ഞിട്ടുണ്ടല്ലോ: 'ഞാൻ ലോകത്തിൻെറ പ്രകാശമാണ്, എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല, അവനിൽ ജീവൻെറ പ്രകാശം ഉണ്ടായിരിക്കും' (യോഹ. 8:12).

ഈ അവസരത്തിൽ പത്രോസിൻെറ പിൻഗാമിയും ഐക്യത്തിൻെറ ശുശ്രൂഷകനുമായി വിളിക്കപ്പെട്ടിരിക്കുന്ന ഞാൻ, ക്രൈസ്തവസഭയുടെ ആരംഭവർഷങ്ങൾ തുടങ്ങി, ഈ മണ്ണിൽ ജ്വലിച്ചുനിൽക്കുന്ന ഈ വെളിച്ചത്തിനായി ദൈവത്തോടു നന്ദിപറയുക ഉചിതമല്ലേ? നൂററാണ്ടുകളായി നിങ്ങളുടെ പിതാക്കന്മാർ ഈ പ്രകാശത്തിലൂടെ നടക്കാൻ ശ്രമിച്ചതിനും, അവരുടെ പാദങ്ങളെ നയിക്കാൻ ആ പ്രകാശത്തെ അനുവദിച്ചതിനും ഞാൻ ദൈവത്തെ സ്തുതിക്കേണ്ടതല്ലയോ? ഈ ദിവ്യവെളിച്ചം ഇന്നു നിങ്ങളെയും നാളെ നിങ്ങളുടെ കുഞ്ഞുങ്ങളെയും പ്രകാശിപ്പിക്കുവാനും അങ്ങനെ 'സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്നവൻെറ' (യോഹ. 1:9) സാന്നിധ്യംകൊണ്ടു നിങ്ങളേവരുടെയും ഹൃദയങ്ങൾ നിറയപ്പെടാനുംവേണ്ടി ഞാൻ നിങ്ങളേവരുമൊത്തു പ്രാർത്ഥിക്കട്ടെ.

24.3. ക്രിസ്തുനാഥനിൽ വത്സല സഹോദരങ്ങളേ,

നിങ്ങളുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുവാനും, നിങ്ങളുടെ പിതാമഹൻമാരോടൊപ്പം നിങ്ങൾ തുടർന്നുപോരു

www.malankaralibrary.com



ന്ന സമർപ്പണത്തെ പരസ്യമായി പ്രഖ്യാപിക്കുവാനും കർത്താവ് ഇന്നു നിങ്ങളെ വിളിക്കുകയാണ്. സൽപ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്ന ക്രിസ്തീയജീവിതസാക്ഷ്യത്തിലൂടെ എന്നെക്കാളുപരി ആ വെളിച്ചത്തെ കൂടുതൽ ഉദ്ദീപ്തമാക്കുവാൻ ലോകത്തിന്റെ പ്രകാശമായ മിശിഹാ ഇന്നു നിങ്ങളോടാവശ്യപ്പെടുകയാണ്. കാരണം സ്വയം കത്തിജ്വലിക്കുകയും ചുററുപാടുമുള്ള ലോകത്തിനു വെളിച്ചം പകരുകയും ചെയ്യുമ്പോഠം മാത്രമേ ഒരു യാഥാർത്ഥ്യത്തെ നാം പ്രകാശം എന്നു വിളിക്കയുള്ളല്ലോ.

അതിനാൽ നിങ്ങളുടെ ഹൃദയങ്ങളെയും കുടുംബങ്ങളെയും ഈ ദിവ്യപ്രകാശത്താൽ ഉജ്ജ്വലിപ്പിക്കുവാനാണ് നിങ്ങഠം വിളിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെ സർവ്വദാ സത്യത്തിൽ സഞ്ചരിക്കുന്ന പ്രകാശത്തിന്റെ മക്കളായിത്തീരാൻ ഇതു നിങ്ങളിൽ പൂർണമായും നിറവേറട്ടെ.

എങ്കിൽ മാത്രമേ ക്രിസ്തുവിന്റെ വെളിച്ചം നിങ്ങഠം ചെയ്യുന്നതിലും, നിങ്ങളുമായി ബന്ധപ്പെടുന്നവരിലും പ്രകാശിക്കുകയുള്ളു. നിങ്ങളുടെ ചുററുപാടുകളെയും, നിങ്ങളുടെ ജോലിയുടെയും, പഠനത്തിന്റെയും, കലയുടെയും, പ്രാദേശികവും ദേശീയവുമായ മണ്ഡലങ്ങളിലെ സമർപ്പിതസേവനത്തിന്റെയും ലോകം ഈ വെളിച്ചത്താൽ പ്രശോഭിക്കട്ടെ. ഞാൻ ആശീർവദിക്കാൻ പോകുന്ന അടിസ്ഥാനശിലകളും, സ്മാരകഫലകങ്ങളുമെല്ലാം ഇതിന്റെ പ്രതീകാത്മകമായ സൂചനകളാണ്.

24.4. ജനതകഠംക്കു പ്രകാശമായ ക്രിസ്തുവാണ് എല്ലാ ക്രൈസ്തവകുടുംബങ്ങളുടെയും മാർഗദീപം. ഇന്നിവിടെ വിവാഹവാഗ്ദാനം നടത്തിയ നവവധൂവരന്മാർ നമ്മെ അനുസ്മരിപ്പിക്കുന്നതും ഇതുതന്നെയാണ്. 'ഇന്നുമുതൽ മരണംവരെ പരസ്പര സ്നേഹത്തോടും വിശ്വസ്തതയോടുംകൂടെ ഏകമനസായി ജീവിച്ചുകൊള്ളാ'മെന്ന അവരുടെ പ്രതിജ്ഞകഠംക്ക് നാമേവരും സാക്ഷികളാണല്ലോ. ഈ പ്രതിജ്ഞാപ്രഖ്യാപനത്തിനു സാക്ഷ്യം വഹിച്ച നാം, ആ പ്രതിജ്ഞയുടെ ശരിയായ നിർവഹണത്തിനായി അവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണ്. അവരെയും, ഭാരതത്തിലെ എല്ലാ ക്രൈസ്തവകുടുംബങ്ങളെയും ഞാൻ എന്റെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കുന്നതാണ്.

ആരോഗ്യകരമായ കുടുംബജീവിത പശ്ചാത്തലങ്ങഠം വ്യക്തികളുടെയും സമൂഹങ്ങളുടെയും സുസ്ഥിതിക്ക് അത്യാവശ്യമാണ് (സഭ ആധുനികലോകത്തിൽ. 47). ഭാരതസംസ്കാരം പരമ്പരാഗതമായിത്തന്നെ, കുടുംബജീവിതത്തിന് അമൂല്യമായ സ്ഥാനവും സംരക്ഷണവും നൽകിപ്പോരുന്നുണ്ട്. ഇന്നു

www.malankaralibrary.com



കുടുംബജീവിതം വിവിധങ്ങളായ പ്രശ്നങ്ങളാൽ ഞെരുക്കപ്പെട്ടുന്നുണ്ട്. വിവാഹത്തിൻെറയും കുടുംബജീവിതത്തിൻെറയും പവിത്രതയും പാവനതയും കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ അടിയന്തരശ്രദ്ധയർഹിക്കുന്ന കാര്യമാണെന്ന്, സമൂഹത്തിൻെറ യഥാർത്ഥാവശ്യങ്ങളോട്ടു ശരിയാംവണ്ണം പ്രതികരിക്കുന്ന ഏതൊരാളും പറയും.

ഇതു് എല്ലാ മതപാരമ്പര്യങ്ങളുടെയും, സമൂഹഘടനകളുടെയും ഗൗരവമേറിയ ചുമതലയാണ്. അതിനാൽ പരിശുദ്ധ സിംഹാസനം ഗവൺമെൻറുകളെയും, അന്താരാഷ്ട്രസംഘടനകളെയും, കുടുംബങ്ങളെയും, കുടുംബങ്ങളുടെ സുസ്ഥിതിയെക്കുറിച്ചു താല്പര്യമുള്ള എല്ലാവരെയും അഭിസംബോധന ചെയ്തുകൊണ്ട് 'കുടുംബങ്ങളുടെ ഒരു അവകാശപത്രിക' പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്രികയിൽ എടുത്തുപറഞ്ഞിട്ടുള്ള അവകാശങ്ങളൊക്കെയും മാനവകുലത്തിനു മുഴുവൻ ബാധകമായ പൊതുവായ ചില മൂല്യങ്ങളെ ആധാരമാക്കിയുള്ളതാണ്. സമുദായത്തിൻെറ അടിസ്ഥാനഘടകവും, വ്യക്തികളുടെ തനതും സാമൂഹ്യപരവുമായ വികസനത്തിന് ആവശ്യമായ പ്രഥമപരിതസ്ഥിതിയായി കുടുംബത്തെ ഉയർത്തിക്കാട്ടാനും ശക്തിപ്പെടുത്താനുമുള്ള ലോകവ്യാപകമായ ശ്രമത്തിന് ഇതൊരു മാർഗരേഖയായിത്തീരട്ടെ എന്ന് പ. സിംഹാസനം ആഗ്രഹിക്കുന്നു.

24.5. ഈ പത്രികയുടെ ആമുഖത്തിൽ കൊടുത്തിരിക്കുന്ന വിവിധ തത്വങ്ങളിൽ ഒന്നുമാത്രം നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു: കുടുംബമെന്നത് കേവലം നിയമപരമോ, സാമുദായികമോ, സാമ്പത്തികമോ ആയ ഏകഘടന എന്നതിലുപരി പരസ്പരസ്നേഹത്തിലും അന്യോന്യാശ്രയത്തിലും കെട്ടിപ്പടുക്കേണ്ട ഒന്നാണ്. അത് ഓരോ സമുദായത്തിലെയും അതിലെ അംഗങ്ങളുടെയും കാര്യക്ഷമമായ പുരോഗതിക്കും, അവശ്യാവശ്യകമായ സാംസ്കാരികവും സാന്മാർഗികവും സാമുദായികവും ആധ്യാത്മികവും മതപരവുമായ മൂല്യപ്രബോധനത്തിനുമുള്ള അതുല്യസ്നേഹത്തിൻെറയും ഐക്യത്തിൻെറയും കൂട്ടായ്മയാണ്.

ഭാരതം എന്നും ഈ വിധത്തിൽ സ്നേഹവും പരസ്പരൈക്യവും കൈകോർത്തുപോകുന്ന കുടുംബജീവിതത്തെ നിലനിർത്തുവാനാണ് പരിശ്രമിച്ചിട്ടുള്ളത്. ഈ കുടുംബമെന്ന സ്ഥാപനത്തെ പരിരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഈ അവസരത്തിൽ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ്.

ക്രൈസ്തവകുടുംബങ്ങൾ ദൈവതിരുമനസ്സിനോടുള്ള അവരുടെ താദാത്മ്യവും ഭാഗഭാഗിത്വവും സ്ഥാപിക്കുവാൻ പ്രത്യേക

www.malankaralibrary.com



വിധം വിളിക്കപ്പെട്ടിരിക്കുകയാണ്. 'സ്നേഹം കാത്തുസൂക്ഷിക്കുകയും വെളിപ്പെടുത്തുകയും പകർന്നുകൊടുക്കുകയും ചെയ്യുക എന്ന ദൗത്യം കുടുംബത്തിനുണ്ട്. ഇത് ദൈവത്തിനു മനുഷ്യവർഗത്തോടും, കർത്താവായ ക്രിസ്തുവിനു തൻെറ മണവാട്ടിയായ സഭയോടുമുള്ള സ്നേഹത്തിൻെറ സജീവമായ പ്രതിഫലനവും അതിനാലുള്ള യഥാർത്ഥമായ പങ്കുചേരലുമാണ്'' (കുടുംബം ഒരു കൂട്ടായ്മ 17). ഇതുതന്നെയാണ് കുടുംബജീവിതത്തിൻെറ കാതലും.

കേരളത്തിലെ ക്രൈസ്തവകുടുംബങ്ങളേ, ദൈവത്തിൻെറ ആർദ്രമായ സ്നേഹം അറിയാനും അനുഭവിക്കാനുമുള്ള പവിത്രമായ വേദികളാണ് നിങ്ങളുടെ ഭവനങ്ങൾ എന്നത് നിങ്ങൾ ഒരിക്കലും മറക്കാതിരിക്കട്ടെ. പിറന്നുവീണ കുഞ്ഞിൻെറ കാതുകളിൽ, ശിശുവിൻെറ പേരോടൊപ്പം 'ഈശോ' എന്നുകൂടി മന്ത്രിക്കുന്ന മഹത്തായ പാരമ്പര്യം ഇവിടത്തെ മാർത്തോമ്മാ ക്രൈസ്തവരുടെ ഇടയിൽ ഉണ്ടായിരുന്നെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. ചെറുപ്രായത്തിൽത്തന്നെയുള്ള ശരിയായ ക്രൈസ്തവ രൂപീകരണം എന്നത്തേക്കാളുമുപരി അടിയന്തരപ്രാധാന്യമർഹിക്കുന്ന ഒന്നായിരിക്കുന്ന ഇക്കാലത്ത് ഇത്തരത്തിലുള്ള പാരമ്പര്യങ്ങൾ തുടർന്നുകൊണ്ടുപോകേണ്ടത് ഒരാവശ്യമല്ലേ? നിങ്ങളുടെ ക്രൈസ്തവകുടുംബങ്ങൾ ഇത്തരത്തിലുള്ള ആത്മാർത്ഥമായ ആധ്യാത്മികവും മാനുഷികവുമായ മൂല്യങ്ങളിലാണു പടുത്തുയർത്തപ്പെട്ടിരിക്കുന്നത് എന്നതിനു ഈ പാരമ്പര്യങ്ങൾ തെളിവുമല്ലേ? നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് അവരുടെ കുരുന്നുപ്രായത്തിൽതന്നെ നമ്മുടെ കർത്താവീശോമിശിഹായുടെ അഗാധമായ സ്നേഹം പകർന്നുകൊടുക്കുന്നതും, അവരെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നതും, അവരെ ക്രൈസ്തവസത്യങ്ങൾ പഠിപ്പിക്കുന്നതും, തിരുസ്സഭാജീവിതത്തിലേയ്ക്കു പ്രവേശിപ്പിക്കുന്നതുമെല്ലാം നിങ്ങളുടെ പൈതൃകസ്നേഹത്തിൻെറ മഹത്തായ മാതൃകകളല്ലേ?

സ്നേഹത്താലും ഐക്യത്താലും പരസ്പരസഹായത്താലും നിങ്ങളുടെ കുടുംബങ്ങൾ അനുഗൃഹീതമാകട്ടെ!

24.6. യുവജനങ്ങളെ, നിങ്ങളോടു ഞാൻ പറയാനാഗ്രഹിക്കുന്നത് ഇതാണ്. നിങ്ങളുടെ രാജ്യത്തെയും കുടുംബത്തെയും സ്നേഹിക്കുക. സഭയെ സ്നേഹിക്കുകയും അവളുടെ ജീവിതത്തിൽ പൂർണമായും പങ്കുപററുകയും ചെയ്യുക.

നിങ്ങളിൽ ചിലർ കൊടുങ്ങല്ലൂരിൽനിന്ന് ദീപശിഖയും പാലയൂരിൽനിന്ന് തോമാശ്ലീഹായുടെ ഛായാചിത്രവും ഇവിടെ എത്തിച്ചുവല്ലോ. ലോകജനതക്കുമുഴുവൻ പ്രകാശവും, സാഹോദര്യവും, പ്രത്യാശയും, ആദർശൈക്യവും, നിങ്ങളുടെ

www.malankaralibrary.com



സമകാലീനർക്കും സത്യാന്വേഷികളായ എല്ലാവർക്കും നല്കേണ്ടതിന്റെ ആവശ്യകതയും ചുമതലയും ഈ പ്രതീകങ്ങളിൽ കാണുവാൻ കേരളത്തിലെ—ഭാരതത്തിലെ-മുഴുവൻ യുവജനങ്ങളെയും ഈ അവസരത്തിൽ ഞാൻ ആഹ്വാനം ചെയ്യുകയാണ്. നിങ്ങൾ തീർച്ചയായും മെച്ചപ്പെട്ട ലോകത്തെയാണ് വിഭാവനം ചെയ്യുന്നത്. കൂടുതൽ നീതിനിഷ്ഠവും, സമാധാനപൂർണവും മനുഷ്യോചിതവുമായ ലോകം സാധ്യവുമാണ്. എന്നാൽ അത് പടിപടിയായി പണിയപ്പെടണം. ഈ പ്രക്രിയയിൽ നിങ്ങളുടെ ആദർശങ്ങളും സർഗാത്മക ശക്തിയും ദൃഢമായ വിശ്വാസവും ആവശ്യമാണ്. ഇതിൽ ക്രിസ്തുതന്നെ നിങ്ങൾക്ക മാർഗദീപമായിരിക്കട്ടെ.

24.7. തൃശ്ശൂർ രൂപത, പാവപ്പെട്ടവർക്കുവേണ്ടിയുള്ള സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയോടു സഹകരിച്ചുകൊണ്ട്, ധാരാളം വീടുകൾ നിർമ്മിച്ച് സംഭാവന ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതിന്റെയും ഇനി ചെയ്യേണ്ടതിന്റെയും സൂചനയായി ഒരു വീടിന്റെ താക്കോൽദാനം ഞാൻ നിർവഹിക്കണമെന്നു നിങ്ങൾ ആഗ്രഹം പ്രകടിപ്പിച്ചിരിക്കയാണല്ലോ, വികസനത്തിന്റെ ഈ അടയാളം, സമുദായത്തിന്റെ മുഴുവൻ നന്മയ്ക്കായുള്ള സഹകരണ പ്രവർത്തനങ്ങളുടെ അഭിനന്ദനാർഹമായ ഫലമാണ്.

ഈ പ്രത്യേക അടയാളം സാമൂഹ്യ-സാമ്പത്തിക യാഥാർത്ഥ്യങ്ങളും, മനുഷ്യന്റെ വ്യക്തിമാഹാത്മ്യവും സമഗ്രമായ വിളിയും തമ്മിലുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നതാണ് (സഭ ആധുനിക ലോകത്തിൽ 63). കാരണം വ്യക്തികൾക്കും കുടുംബങ്ങൾക്കും അവരുടെ വ്യക്തിത്വ വളർച്ചക്ക് ആവശ്യമായ ഉറപ്പും സ്വാതന്ത്ര്യവും വേണ്ടവിധത്തിൽ അനുഭവിക്കുന്നതിന്, പരിമിതമായ തോതിലെങ്കിലും, നിലവാരമുള്ള ഒരു തൊഴിലും ജീവിതാവസ്ഥയും അത്യന്താപേക്ഷിതമാണ്. പുരോഗതി എന്നത് ചില പ്രത്യേകാനുകൂല്യങ്ങളുള്ള വ്യക്തികൾക്കോ രാഷ്ട്രങ്ങൾക്കോ ഉള്ള കുത്തകാവശമല്ല. മറിച്ച്, വികസനത്തിന്റെ പ്രയോജനങ്ങൾ എല്ലാവരിലേക്കും ഒരുപോലെ ഒഴുകി എത്തേണ്ടതാണെന്ന അവബോധം ഇന്നു ലോകമെങ്ങും വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. ചിന്താഗതികളും പെരുമാററ ചട്ടങ്ങളും വളരെ സാവധാനം മാത്രം മാറുന്ന, വലിയ അസമത്വങ്ങളുള്ള ലോകത്തിൽ, ഓരോ പൗരനും അടിസ്ഥാനപരമായ ജീവിതാവശ്യങ്ങൾ ഉറപ്പുവരുത്തത്തക്കവിധത്തിലുള്ള സാമൂഹ്യനീതി കൈവരുത്തുവാൻ സമുദായത്തിലെ എല്ലാ വിഭാഗങ്ങൾക്കും അടിയന്തിരമായ ചുമതല ഉണ്ടെന്ന് മനസ്സിലാക്കണം. ഗവൺമെൻറിന്റെയും മററു സംഘടനാ പ്രവർത്തകരുടെയും ഈ

www.malankaralibrary.com



മണ്ഡലങ്ങളിലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

എല്ലാററിലുമുപരിയായി, സാമൂഹ്യാവകാശങ്ങളെയും ചുമതലകളെയുംപററി മനുഷ്യമനസ്സാക്ഷിയെ ബോധവാന്മാരാക്കുകയും, മനുഷ്യമാഹാത്മ്യവും, — മനുഷ്യജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും — ആധ്യാത്മിക പ്രകൃതിയും എല്ലായിടത്തും അംഗീകരിക്കപ്പെടാനും അഭിവൃദ്ധിപ്പെടാനും ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ഇക്കാര്യത്തിൽ മതപരമായ സംഘടനകളുടെ പ്രധാന പങ്ക്. സ്നേഹത്താൽ പ്രചോദിതരായി നാം ഏറെറടുക്കേണ്ട നീതിയുടെ പ്രവർത്തനമാണിത് (Cf. സഭ ആധുനിക ലോകത്തിൽ, 72).

തൃശ്ശൂരുള്ള എന്റെ വത്സലജനങ്ങളേ, കേരളനാടിന്റെ നാനാഭാഗത്തുനിന്നുമുള്ള സുഹൃത്തുക്കളേ, ജനതകളുടെ പ്രകാശമായ ക്രിസ്തു ഈ ലോകത്തിലേക്കു വന്നത് അവിടുത്തെ മാതാവായ പരി. കന്യകാമറിയംവഴിയാണ്. ആ അമ്മയോടുള്ള ഭക്തിയിൽ നിങ്ങൾ എത്രമാത്രം തീക്ഷ്ണതയുള്ളവരാണെന്ന് എനിക്കറിയാം. ഇതിൽ നിങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

തൃശ്ശൂർ രൂപതയുടെയും അതിന്റെ ഭദ്രാസനപ്പള്ളിയുടെയും ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് നിങ്ങളെ ഞാൻ, നമ്മുടെ അനുഗൃഹീത അമ്മയുടെ സംരക്ഷണക്കും മധ്യസ്ഥതയ്ക്കും സന്തോഷപൂർവ്വം ഭരമേല്പിക്കുന്നു. ഞാൻ കിരീടം ധരിപ്പിച്ച ശേഷം ഭദ്രാസനപ്പള്ളിയിൽ സൂക്ഷിക്കാൻ പോകുന്ന പരി. കന്യകാമാതാവിന്റെ ഈ തിരുസ്വരൂപം നിങ്ങളുടെ അടുക്കലേക്കുള്ള എന്റെ തീർത്ഥാടനത്തിന്റെ സ്മാരകമാണ്. നാം ഒരുമിച്ച് അവളോടു പ്രാർത്ഥിച്ചതിന്റെ സ്മാരകം. തലമുറകൾതോറും വിളങ്ങിനില്ക്കുന്നതാണല്ലോ അവളുടെ വിശ്വാസം. ദൈവത്തോടുള്ള നമ്മുടെ അനുസരണത്തിന്റെയും അവിടുത്തെ തിരുമനസ്സ് നമ്മുടെ ജീവിതത്തിൽ സ്വീകരിക്കുന്നതിന്റെയും മാതൃക. അവൾ നിങ്ങളെ എപ്പോഴും കാത്തുസൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ!

തൃശ്ശൂരിലെ പ്രാർത്ഥനാശുശ്രൂഷാവേളയിൽ, 1986 ഫെ. 7.

www.malankaralibrary.com

# 25

# കളമശേരിയിലെ പ്രസംഗം

വാത്സല്യമുള്ള സഹോദരീസഹോദരന്മാരേ,

25.1. 'എല്ലാത്തിലൂടെയും, എല്ലാത്തിലും വർത്തിക്കുന്ന പരമോന്നതനും എല്ലാവരുടെയും പിതാവും ദൈവവുമായി ഒരുവനേയുള്ളൂ' (എഫേ. 4:6) ക്രിസ്തുവിന്റെ സ്നേഹത്തിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ അഭിവാദനങ്ങൾ. കേരളത്തിന്റെ ഈ പ്രദേശത്തുവന്നു നിങ്ങളെ കാണുവാൻ സാധിച്ചതിൽ ഞാൻ തികച്ചും സന്തുഷ്ടനാണ്. ആതിഥ്യമര്യാദകൾക്കു പുകൾപെററ ഈ നാട്ടിൽവച്ച്, നിങ്ങളോടൊത്ത് നമ്മുടെ എല്ലാവരുടെയും പിതാവായ ഏകദൈവത്തെ പ്രകീർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഭൂമിയും വിശ്വംമുഴുവനും അവന്റെ സ്വന്തമാണല്ലോ.

'ഭൂമിയും അതിലെ സമസ്തവസ്തുക്കളും
ഭൂതലവും അതിലെ നിവാസികളും കർത്താ
വിന്റേതാണ്'' (സങ്കീ. 24:1-2) എന്നാണല്ലോ സങ്കീർ
കൻ പാടുന്നത്.

അതിനാൽ സഹോദരങ്ങളേ, ദിവ്യബലിയർപ്പിക്കാനായി ഒന്നുചേർന്നിരിക്കുന്ന നമുക്ക് നമ്മുടെ സ്രഷ്ടാവും പിതാവുമായ ദൈവത്തെ ഏകസ്വരത്തിൽ സ്തുതിച്ചാരാധിക്കാം. അവന്റെ കരവേലയായ സകല സൃഷ്ടികളെയും ഓർത്ത് നമുക്കവിടുത്തെ മഹത്വപ്പെടുത്താം. പ്രത്യേകിച്ച്, നിങ്ങളുടെ മാതൃരാജ്യത്തെയും ഇതിലെ നിവാസികളുടെയും പേരിൽ നമുക്കവിടുത്തെ സ്തുതിക്കാം.

25.2. ഭാരത ക്രൈസ്തവസഭയുടെ പിള്ളത്തൊട്ടിലായ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ളവരാണല്ലോ നിങ്ങൾ. ചുററും നിരനിരയായ കല്പവൃക്ഷങ്ങളും തോടും പുഴയും നീർച്ചാലുകളും പച്ചചാരുതയണിഞ്ഞ മനോഹരമായ മലമടക്കുകളുംകൊണ്ടു നിറഞ്ഞ ഈ ഭൂപ്രദേശം മുഴുവൻ തീർത്ഥാടകനായ എന്നെപ്പോലുള്ളവർക്ക് നയനാനന്ദകരമാണ്. ഈ നാട്ടിലെ വിവിധ മതാനുയായികൾ ഐക്യത്തിലും പരസ്പര സഹകരണത്തിലുമാണല്ലോ മുന്നേറുന്നത്. ഈ നാടിന്റെ സങ്കരസംസ്കാരവും, കുടുംബജീവിതത്തിലെ ഉദാത്തമായ പാരമ്പര്യങ്ങളും, ഈ മേഖലയിലെ സാമൂഹ്യ-മത ജീവിതത്തിന് ആത്മീയതയുടെ ചൈതന്യം പകരുന്നുണ്ട്.

www.malankaralibrary.com



പരിശുദ്ധ ദിവ്യബലി അർപ്പിക്കാൻ നാമിവിടെ ഒന്നു ചേർന്നിരിക്കയാണല്ലോ. അതുകൊണ്ടുതന്നെ ഇവിടം ദൈവത്തിന്റെ വിശുദ്ധസ്ഥലമായി മാറുന്നു. അതെ! ദൈവത്തിന്റെ ദിവ്യസാന്നിധ്യം നിറഞ്ഞുനിൽക്കുന്ന യേശുവിന്റെ ക്രൂശാരോഹണവേദി!

'കർത്താവിന്റെ വിശുദ്ധമലയിൽ ആരു കയറും?
അവിടുത്തെ വിശുദ്ധസ്ഥലത്ത് ആരു നിലകൊള്ളും?
കളങ്കമററ കൈകളും നിർമ്മലമായ ഹൃദയവുമുള്ളവർ........
ഇപ്രകാരമുള്ളവരാണ് അവിടുത്തെ അന്വേഷിക്കുന്നവരുടെ തലമുറ
അവരാണ് യാക്കോബിന്റെ ദൈവത്തെ തേടുന്നത്....'
(സങ്കീ. 24:3-4, 6)

എന്നാണല്ലോ സങ്കീർത്തനവചനങ്ങൾ.

ജീവനുള്ള ദൈവത്തെ തേടുന്ന തലമുറയാണ് നമ്മുടേത്. ഈ അന്വേഷണത്വര നമ്മുടെ ഐഹികജീവിതയാത്രയ്ക്കു മുമ്പിൽ പാത വിരിക്കണം. സജീവദൈവത്തിന്റെ മുഖംതേടിയുള്ള ഈ അന്വേഷണത്വരയാണ് അപ്പസ്തോലന്മാർ അടിത്തറപാകി പണിതുയർത്തിയ ക്രൈസ്തവസഭയുടെ വിശ്വാസപാത.

25.3. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സമൂഹത്തിൽ കൂടിയാണ് ക്രിസ്തുസഭ കേരളത്തിൽ ശതാബ്ദങ്ങളായി പടർന്നു പന്തലിച്ചത്. തങ്ങളുടെ തീക്ഷ്ണതയും വിശുദ്ധിയുംവഴി സഭയെ ബലപ്പെടുത്തിയ സഭാസന്താനങ്ങളോട് നാം ഏറെ കടപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ചും 1542 മുതൽ 1545 വരെ ഇവിടെ സുവിശേഷപ്രഘോഷണം നടത്തിയ വി. ഫ്രാൻസിസ് സേവ്യറിനോട്. വിദ്യാഭ്യാസ - ആരോഗ്യ — സാമൂഹ്യവികസന- ജീവകാരുണ്യ രംഗങ്ങളിൽ കേരളസഭയുടെ മഹത്തായ സേവനപാരമ്പര്യം സുവിശേഷസന്ദേശത്തിന്റെ തിളക്കമേർന്ന സാക്ഷ്യമാണ്.

ഈ പ്രേഷിതരുടെ പിൻഗാമികളായ നാമോരോരുത്തരും, ഏതവസ്ഥയിലാണ് വിശ്വാസസാക്ഷ്യം നമുക്ക ലഭിച്ചതെന്ന് അവഗാഢമായി ചിന്തിക്കേണ്ടതുണ്ട്. വി. തോമാശ്ലീഹായുടെ ചൈതന്യമുററ മാതൃകയാണ് ഇവിടുത്തെ ക്രൈസ്തവസഭകളുടെയും സമൂഹങ്ങളുടെയും മുമ്പിൽ തെളിഞ്ഞുനിൽക്കുന്നത്. 'എന്റെ കർത്താവേ, എന്റെ ദൈവമേ' (യോഹ. 20:28) എന്ന ഉരുത്തുടിപ്പുകളിലൂടെ തനിക്കുണ്ടായ വിശ്വാസപ്രതിസന്ധിയെ അദ്ദേഹം തരണം ചെയ്തു. വി. തോമസ് അപ്പസ്തോലനോടുചേർന്ന് ഒരുമയോടെ നമ്മുടെ വിശ്വാസത്തെ ഏറ്റുപറ

www.malankaralibrary.com



യേണ്ടത് നമ്മുടെ പരിപാവനമായ കർത്തവ്യമാണ്. അതുവഴി 'അവരെല്ലാവരും ഒന്നാകേണ്ടതിന്'' (യോഹ. 17:21) എന്ന യേശു തൻെറ പൗരോഹിത്യ പ്രാർത്ഥനകളിലൂടെ അഭിലഷിച്ച, ഏകസഭ സാധ്യമാക്കുവാൻ നമുക്കു കഴിയണം.

25.4. ആഴമായ അർത്ഥത്തിൽ സഭാസമൂഹത്തിൻെറ കേന്ദ്രവും പ്രഭവസ്ഥാനവുമായി നിലകൊള്ളുന്നത് യേശുവിലൂടെ നിവൃത്തിയാക്കപ്പെടുന്ന പരമപിതാവിൻെറ ദാനമായ സഭയുടെ ഐക്യമാണ്. ക്രിസ്തുനാഥൻ അവിടുത്തെ പരിശുദ്ധാത്മാവിനെ നമുക്കു നല്കി. ഈ പരിശുദ്ധാത്മാവ് 'സഭാഗാത്രത്തെ ഏകീകരിക്കുകയും, പ്രോജ്വലിപ്പിക്കുകയും മുന്നോട്ടാനയിക്കുകയും ചെയ്യുന്നു' (തിരുസഭ 7).

ഈ ആന്തരിക ഐക്യത്തെക്കുറിച്ചുള്ള വി. പൗലോസിൻെറ മനോഹരമായ പ്രതിപാദനം നാമിപ്പോൾ വായിച്ചു കേട്ടല്ലോ. അതായത് 'വിളിക്കപ്പെട്ടപ്പോൾ നിങ്ങൾക്കു ലഭിച്ച പ്രത്യാശ ഒന്നായിരുന്നതുപോലെ ഒരു ശരീരവും ഒരാത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമോദീസയുമേ ഉള്ളൂ. സകലത്തിലുമുപരിയും, സകലതിലൂടെയും, സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവവും ഒരുവൻ' (എഫേ. 4:4–6). എത്ര മനോഹരവും പ്രചോദനാത്മകവുമായ വാക്കുകൾ!

വാസ്തവത്തിൽ ഏതൊരു കാലഘട്ടത്തിലും തലമുറകളിലും സഭയ്ക്കു നിറവേററാനുള്ള കടമ ഇതാണെന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ഈ ഐക്യത്തെ സംരക്ഷിക്കുകയും നിലനിർത്തുകയുമാണ് സഭയുടെ ഏററം പാവനമായ കർത്തവ്യം. ദൈവമായ കർത്താവിനോടുള്ള അവളുടെ വിശ്വസ്തതയുടെ മാനദണ്ഡവും മററൊന്നായിരിക്കില്ല. അതുകൊണ്ടുതന്നെ ഈ ഐക്യബോധത്തിന് അല്പമെങ്കിലും മങ്ങലേൽക്കുന്നപക്ഷം അതിനെ കൂടുതൽ കരുത്തുററതാക്കാൻ സഭ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അടിസ്ഥാനപരമായ ഈ ഐക്യം നിയമാനുസൃതമായ വൈവിധ്യത്തിന് ഒരുവിധത്തിലും തടസമല്ല. ആരാധനാപരവും ആധ്യാത്മികവുമായ വൈവിധ്യമാർന്ന പാരമ്പര്യങ്ങളുള്ള കേരളസഭതന്നെ ഈ വിധത്തിലുള്ള സഭയുടെ പഠനങ്ങൾക്ക് ജീവിക്കുന്ന സാക്ഷികളാണ്.

25.5. ഈ തീർത്ഥാടനവേളയിൽ ഈ ഭൂപ്രദേശത്ത് സഭയുടെ പ്രതിനിധികളായി ഇവിടെ എത്തിയിട്ടുള്ള മെത്രാന്മാരോടും വൈദികരോടും സന്യാസിനീ സന്യാസികളോടും അത്മായരോടുമുള്ള എൻെറ അഭിവാദനങ്ങൾ അർപ്പിക്കുവാൻ ഞാൻ

www.malankaralibrary.com



ആഗ്രഹിക്കുകയാണ്. ആദ്യമായിത്തന്നെ സീറോ-മലബാർ റീത്തിലുള്ള എറണാകുളം അതിരൂപതയ്ക്കും കോതമംഗലം രൂപതയ്ക്കും എന്റെ അഭിവാദനങ്ങൾ.

ഈ വർഷം ശതാബ്ദി ആഘോഷിക്കുന്ന ലത്തീൻ റീത്തിലെ വരാപ്പുഴ അതിരൂപതയ്ക്കും, കൊച്ചി, ആലപ്പുഴ രൂപതകൾക്കും എന്റെ അഭിവാദനങ്ങൾ.

കത്തോലിക്കസഭയുമായി വിവിധതരത്തിൽ ബന്ധപ്പെട്ടു നില്ക്കുന്ന സഭാസമൂഹങ്ങളിലെ അംഗങ്ങൾക്കും എന്റെ അഭിനന്ദനങ്ങളും ആശംസകളും അർപ്പിക്കുന്നു. സഭൈക്യത്തിന്റെ ജീവകേന്ദ്രമായി നിലകൊള്ളുന്ന പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ആ ഐക്യത്തിലേയ്ക്കു നമ്മെ സ്വീകരിച്ചാനയിക്കുകയും ചെയ്യട്ടെ.

25.6. സഭൈക്യത്തിന്റെ കേന്ദ്രബിന്ദു നമ്മുടെ രക്ഷകനും നാഥനുമായ യേശുക്രിസ്തുവാണ്. സഭയാകുന്ന ദൈവഭവനം (1 കൊറി. 3:9) പണിയപ്പെട്ടിരിക്കുന്നത് യേശുവെന്ന മൂലക്കല്ലിന്മേലാണ് (മത്താ. 21,24). ദിവ്യപൂജയ്ക്കായി ഇവിടെ സമ്മേളിച്ചിരിക്കുന്ന രക്ഷിക്കപ്പെട്ട മാനവകുലത്തിന്റെ—ദൈവജനത്തിന്റെ പുതിയ ജനതയുടെ—മൂലക്കല്ലും അവൻതന്നെയാണ്. നമ്മെ എല്ലാവരെയും അവനിലേയ്ക്കു ഒത്തുചേർക്കുന്നതിനാൽ നമുക്കു പരസ്പരം രമ്യപ്പെടാം. അന്ത്യ അത്താഴവേളയിൽ, തന്റെ ശിഷ്യന്മാർക്കുവേണ്ടി അവിടുന്ന് പരമപിതാവിനോടു നടത്തിയ ആ പൗരോഹിത്യ പ്രാർത്ഥനയ്ക്കു നമുക്കു ചെവികൊടുക്കാം. 'ഓ, പരിശുദ്ധ പിതാവേ, നമ്മെപ്പോലെത്തന്നെ അവരും ഒന്നായിരിക്കേണ്ടതിന് നീ എനിക്കു നൽകിയ നിന്റെ നാമത്തിൽ നീ അവരെ കാത്തുകൊള്ളണമേ' (യോഹ: 17, 11).

യേശു അവന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്ത ദൈവപിതാവിനോടുതന്നെ അവർക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ഇതിനാൽ അവരോടുകൂടി ലോകത്തിലുണ്ടാവില്ലാത്തതിനാൽ താൻ അവർക്കു കൈമാറിയ സത്യവചനത്തിന്റെ അറിവിന്റെ ഐക്യത്തിൽ അവരെ കാത്തുകൊള്ളണമേ എന്നു പ്രാർത്ഥിക്കുന്നു. താൻ തെരഞ്ഞെടുത്ത അപ്പസ്തോലന്മാരുടെ ഐക്യമാണ് അവിടുന്ന് ഈ പ്രാർത്ഥനയിലൂടെ വിവക്ഷിക്കുന്നത്. എന്നാൽ, 'ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടികൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. അതെ, അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി' (യോഹ. 17:20–21) എന്നുള്ള യേശുവിന്റെ പ്രാർത്ഥനയിൽനിന്ന് അപ്പസ്തോലന്മാരുടെ ഐക്യത്തിലുപരി എക്കാലത്തുമുള്ള തന്റെ അനുഗാമി

www.malankaralibrary.com



കളെല്ലാവർക്കുംവേണ്ടി കൂടിയാണ് അവിടുന്ന് പ്രാർത്ഥിക്കുന്ന തെന്നു വ്യക്തമാണ്.

വത്സല സഹോദരങ്ങളേ,

'അവരെല്ലാവരും ഒന്നാകാൻവേണ്ടി', എന്ന യേശുവിന്റെ പ്രാർത്ഥനയിൽ അവിടുന്നു നമ്മെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരമായ ഈ ഐക്യത്തിനുള്ള വ്യവസ്ഥയും അവിടുന്നു തന്റെ പ്രാർത്ഥനയിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു' (യോഹ. 17:19). കൂട്ടായ്മ അഥവാ ഐക്യം, വചനത്തിന്റെ സത്യത്തിൽ അടിയുറച്ചതാണ്. അതെ, ദൈവം വെളിപ്പെടുത്തിയ സത്യവചനത്തിൽ ....രക്ഷകനായ യേശുവാണ് ആ വചനം.

തന്റെ നാമത്തിൽ പഠിപ്പിക്കുവാനും, വിശുദ്ധീകരിച്ച മാമോദീസ നൽകുവാനുമായി അയയ്ക്കപ്പെട്ട അപ്പസ്തോലന്മാർക്കും ക്രിസ്തുവിന്റെ സഭയ്ക്കും അവിടുന്ന് ഈ സത്യവചനം കൈമാറിയിരിക്കുന്നു. 'നീ എന്നെ ലോകത്തിലേയ്ക്കയച്ചതുപോലെ, ഞാനും അവരെ ലോകത്തിലേയ്ക്കയച്ചിരിക്കുന്നു' (യോഹ. 17: 18). നമ്മുടെ ഈ ഐക്യവും യോജിപ്പും നമ്മുടെതന്നെ നന്മയ്ക്കുവേണ്ടി മാത്രമുള്ളതല്ല; മറിച്ച്, ഈ ജീവലോകത്തിനു മുഴുവൻ അതിന്റെ സത്ഫലങ്ങൾ അനുഭവപ്പെടണം. അതു വഴി, ദൈവം തന്റെ മഹത്വത്തിന്റെ പൂർണ്ണതയ്ക്കും നമ്മുടെ രക്ഷയ്ക്കുമായി തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചു (യോഹ. 17:21-23) എന്നു ലോകജനത മനസിലാക്കണം.

25. 7. നമ്മുടെ ഐക്യം അഥവാ കൂട്ടായ്മയാണു നമ്മുടെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അടിയുറവ. നേരെമറിച്ച് വിഭാഗീയതയും, ഭിന്നിപ്പും വിദ്വേഷവുമെല്ലാം നമ്മുടെ ഐക്യബോധത്തിനു കടകവിരുദ്ധങ്ങളാണ്. അവ തിന്മയാണെന്നു മാത്രമല്ല, സകല തിന്മകളുടെയും സമുച്ചയമായ സാത്താനുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ഞാൻ മുമ്പു സൂചിപ്പിച്ച യേശുവിന്റെ പ്രാർത്ഥനയിൽ അവിടുന്നു തന്റെ ശിഷ്യരെ ദുഷ്ടരിൽനിന്നു കാത്തുകൊള്ളണമേ (യോഹ. 17: 15) എന്നു പിതാവിനോടു പ്രാർത്ഥിക്കുന്ന ഒരു ഭാഗംകൂടിയുണ്ട്. ചുരുക്കത്തിൽ തന്റെ പൗരോഹിത്യപ്രാർത്ഥനയിലൂടെ ഐക്യത്തിന്റെ മഹത്വവും ഉത്കൃഷ്ടതയും വെളിപ്പെടുത്തുന്നതോടൊപ്പം ഈ ഐക്യചിന്തയ്ക്കു ഭീഷണിയാകുന്ന എല്ലാററിനെയും തരണംചെയ്യാനുള്ള തീക്ഷ്ണമായ ഒരപേക്ഷ കൂടിയുണ്ട്. അതിനാൽത്തന്നെ ഇത് അനുരഞ്ജനം അഥവാ സൗഹൃദം സ്ഥാപിക്കാൻവേണ്ടിയുള്ള ഒരു പ്രാർത്ഥനയാണ്.

www.malankaralibrary.com



ഈ അനുരഞ്ജനംതന്നെ അതിന്റെ വിവിധമേഖലകളിൽ നാം കൈവരിക്കേണ്ടിയിരിക്കുന്നു.

അതായത്;

—ഓരോരുത്തരും തന്നോടുതന്നെയുള്ള അനുരഞ്ജനം.

—വ്യക്തികൾ തമ്മിലുള്ള അനുരഞ്ജനം.

—ക്രൈസ്തവർ തമ്മിലുള്ള അനുരഞ്ജനം.

(ഇവിടെയാണ് സഭൈക്യപ്രസ്ഥാനങ്ങളുടെ പ്രസക്തി).

—ക്രൈസ്തവരും അക്രൈസ്തവരും തമ്മിലുള്ള അനുരഞ്ജന്

—വിവിധ രാജ്യങ്ങൾ തമ്മിലും, വികസിതവും അവികസിതവുമായ മേഖലകൾ തമ്മിലുമുള്ള അനുരഞ്ജനം.

(ഇവിടെയാണ് സമാധാനം ഉടലെടുക്കുക— സമാധാനത്തിനുള്ള പുതിയ പേരാണല്ലോ പുരോഗതി).

അനുരഞ്ജനം എന്നത് മനുഷ്യമനസിന്റെ അവർണ്ണനീയമായ അനുഭവമാണ്. പിതാവിന്റെ സ്നേഹോദാരമായ സംരക്ഷണത്തെ വലിച്ചെറിഞ്ഞശേഷം തന്റെതന്നെ സ്വാർത്ഥസുഖങ്ങളുടേതായ ലോകം കെട്ടിപ്പടുക്കാൻ ശ്രമിച്ച് വഴിയാധാരമായിത്തീർന്നു. മകനെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുന്ന സ്നേഹനിധിയായ ആ പിതാവിന്റെ ഉദാത്തഭാവമാണ് അനുരഞ്ജനത്തിന്റെ ഏററവും ഉയർന്ന പടി. ആ ധൂർത്തപുത്രന് അവന്റെ തെരഞ്ഞെടുപ്പിൽ അനുഭവപ്പെട്ട ശൂന്യതയും ഏകാന്തതയും, നഷ്ടപ്പെട്ടുപോയ അന്തസും അവനിൽ വലിയ മുറിവുകളുണ്ടാക്കി. ആ വിങ്ങുന്ന മുറിവുകളും പേറി അവൻ അല്പം ആശ്വാസത്തിനായലഞ്ഞു. വൈകിയാണെങ്കിലും, അനുഭവിച്ചറിഞ്ഞ പിതാവിന്റെ കാരുണ്യത്തിലേയ്ക്കു് അവൻ തിരിച്ചു നടക്കുകയും ചെയ്തു. ദൈവവുമായുള്ള അനുരഞ്ജനം, നമ്മിൽത്തന്നെയുള്ള അനുരഞ്ജനം, സഹോദരങ്ങളുമായുള്ള അനുരഞ്ജനം, വിവിധ സഭകളും സഭാസമൂഹങ്ങളുമായുള്ള അനുരഞ്ജനം.... ഇത് ശക്തമായ ഒരു ഹൃദയപരിവർത്തനത്തിൽനിന്നും തുടങ്ങേണ്ടതാണ്.

അനുരഞ്ജനത്തിന് സാമൂഹ്യവശം കൂടിയുണ്ട്. ഇതു് അനാവശ്യമായ വർഗബോധത്തെയും പരസ്പരം ശത്രുതയുളവാക്കുന്ന പ്രാദേശികസ്നേഹത്തെയും മറികടക്കുന്നതാണ്. ഇതു് എല്ലാവിധത്തിലുമുള്ള അന്യായമായ വേർതിരിക്കലുകളെയും ഒററപ്പെടുത്തലിനെയും തുടച്ചുനീക്കുന്നു. എല്ലാററിലുമുപരി, വ്യക്തികളുടെ മാനുഷികാന്തസിനെ ഉയർത്തിപ്പിടിക്കുകയും, മനുഷ്യാവകാശധ്വംസനം എവിടെയുണ്ടായാലും അതിനെതിരെ കർമ്മനിരതമാവുകയും ചെയ്യുന്നു.

www.malankaralibrary.com



വിവിധങ്ങളായ ഭാഷകളും മതങ്ങളും ആചാരാനുഷ്ഠാനങ്ങളും കൂടിയ വിസ്തൃതമായ ഈ ഭാരതത്തിലെ പൗരന്മാരെന്ന നിലയ്ക്ക് സൗഹൃദത്തിന്റെയും അനുരഞ്ജനത്തിന്റെയും അന്ത:സത്തയെക്കുറിച്ചും, അതിന്റെ പ്രാധാന്യത്തെക്കുറിച്ചും നിങ്ങൾ ബോധവാന്മാരായിരിക്കുമല്ലോ. മഹാത്മാഗാന്ധിയുടെ പഠനങ്ങളുടെ അന്ത:സത്തയും ഇതുതന്നെയാണ്.

25.8. ഭാരതസഭ, അവളുടെ സ്ഥാപകനോടുള്ള വിധേയത്വത്തിൻകീഴിൽ അനുരഞ്ജനത്തിന്റെ ശുശ്രൂഷക ആയിരിക്കണം.

—ഈ സൃഷ്ടപ്രപഞ്ചത്തെ മുഴുവനും നമ്മുടെ സ്രഷ്ടാവും ഭാഗധേയവുമായ ദൈവവുമായി രഞ്ജിപ്പിക്കുന്ന ഒരു ശുശ്രൂഷകയായി;

—മനുഷ്യരെ വിവിധ ചേരികളിലായി തരംതിരിക്കുന്ന വേലിക്കെട്ടുകളെ പൊളിച്ചുനീക്കുവാനും, മനുഷ്യഹൃദയങ്ങളെ വ്രണപ്പെടുത്തുകയും, നിരാശയിൽ തള്ളുകയും ചെയ്യുന്ന വിഭാഗീയതയെ മറികടന്നുകൊണ്ട് വ്യക്തികളെത്തമ്മിൽ രഞ്ജിപ്പിക്കുന്ന ശുശ്രൂഷകയായി;

—രാജ്യങ്ങളുടെ സുസ്ഥിതിക്കുതന്നെ അനുദിനമെന്നോണം ഭീഷണിയായി വളർന്നുകൊണ്ടിരിക്കുന്ന കടുംപിടുത്തങ്ങൾക്കും മത്സരബുദ്ധിക്കുംമുമ്പിൽ അനുരഞ്ജനത്തിന്റെ ശുശ്രൂഷകയായി.... സഭ വർത്തിക്കണം.

ഈവിധ ചിന്തകളുടെ അടിസ്ഥാനത്തിൽവേണം വി. പൗലോസ്ശ്ലീഹ എഫേസൂസുകാർക്കെഴുതിയ ലേഖനത്തിലെ 4:1—3 വരെയുള്ള ഭാഗങ്ങൾ മനസിലാക്കുവാൻ: 'കർത്താവിനുവേണ്ടി തടവുകാരനായിരിക്കുന്ന ഞാൻ നിങ്ങളോടപേക്ഷിക്കുന്നു. നിങ്ങൾക്കു ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ. പൂർണമായ വിനയത്തോടും ശാന്തതയോടുംകൂടി, നിങ്ങൾ സ്നേഹപൂർവ്വം അന്യോന്യം സഹിഷ്ണുതയോടുകൂടെ വർത്തിക്കുവിൻ. സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്തുവാൻ ജാഗരൂകരായിരിക്കുവിൻ'.

പത്രോസിന്റെ പിൻഗാമിയോടൊപ്പം അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും വൈദികരും, സന്യസ്തരും, അത്മായരുമെല്ലാം ആത്മാവിന്റെ ഐക്യത്തിലും സ്നേഹത്തിന്റെ ബന്ധത്തിലും ഇവിടെ ഒന്നുചേർന്നിരിക്കയാണല്ലോ. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ, മാമോദീസയിലൂടെ കൈവന്ന ഐക്യം നമ്മുടെ ക്രൈസ്തവസഹോദരങ്ങളുമായി നമുക്കേറ്റുപറയാം. അതോടൊപ്പം നമ്മുടെ

www.malankaralibrary.com



ഹൈന്ദവ-മുസ്ലീം സഹോദരങ്ങളോടുള്ള അന്യോന്യാശ്രിതത്വത്തെയും, അഭിപ്രായ ഐക്യത്തെയും പ്രഖ്യാപിക്കുകയും ചെയ്യാം. സത്യത്തിലും നീതിയിലും സമാധാനത്തിലും അടിയുറച്ച ഒരു പുതുലോകസൃഷ്ടിക്കുള്ള കൂട്ടായ യജ്ഞത്തിലേക്കുള്ള സഹകരണമായിട്ടേ ഈ വേദിക്കു ചുററുമുള്ള അവരുടെ സാന്നിധ്യത്തെ കാണാനാവൂ. ഈ പ്രദേശത്തെ പൗരാധികാരികൾക്കും, സാമൂഹികസാംസ്കാരികമണ്ഡലങ്ങളുടെ പ്രതിനിധികൾക്കും ഞാൻ അഭിവാദനം അർപ്പിക്കുന്നു. അവരുടെ എല്ലാ പ്രവർത്തനങ്ങളും പൊതുജനനന്മയ്ക്കു് ഉപയുക്തമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ ഒരു സമൂഹമെന്ന നിലയ്ക്കു് ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും അടയാളമാണല്ലോ നാം ഇവിടെ ഒന്നുചേർന്നു എന്നത്. ഈ ഐക്യം അതിന്റെ തികവിൽ വെളിപ്പെടുക വി. കുർബ്ബാന അർപ്പണത്തിലൂടെയാണ്. ഇവിടെ നാമോരോരുത്തരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ക്രിസ്തു തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു (യോഹ. 17:19).

ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ചൈതന്യത്തിൽ നമ്മുടെ ഹൃദയങ്ങളെ 'സകലത്തിലുമുപരിയും സകലത്തിലൂടെയും, സകലത്തിലും വർത്തിക്കുന്നവനും, നമ്മുടെയെല്ലാം പിതാവുമായ ഏകദൈവത്തിലേക്കുയർത്താം' (എഫേ.4:6). സ്തുതിയും ബഹുമാനവും ഇപ്പോഴും എപ്പോഴും അവനോടുകൂടി ഉണ്ടായിരിക്കട്ടെ. ആമ്മേൻ!

കളമശേരിയിലെ പ്രസംഗം. 1986 ഫെ. 7.

www.malankaralibrary.com

# 26

# വരാപ്പുഴ കത്തീഡ്രലിൽ

ആർച്ചുബിഷപ്പ് കേളന്തറ,

യേശുവിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

വി. ഫ്രാൻസിസ് അസീസിയുടെ നാമത്തിലുള്ള ഈ ഭദ്രാസന ദൈവാലയം സന്ദർശിക്കുവാൻ സാധിച്ചതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. വരാപ്പുഴ അതിരൂപത ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ ദൈവം നമ്മുടെ പൂർവ്വികരിൽ ചൊരിഞ്ഞിരിക്കുന്ന നിരവധി അനുഗ്രഹങ്ങളെയും ദൈവവചനം പുറപ്പെടുവിച്ച ഫലങ്ങളെയും നൂററാണ്ടുകളായി ദൈവപരിപാലന സഭയെ നയിച്ച വഴികളെയും നന്ദിപൂർവം ഓർക്കാൻ നാം കടപ്പെട്ടവരാണ്.

നിങ്ങളോടൊത്ത് ദൈവത്തിനു നന്ദിപറയുകയും സ്തുതികൾ അർപ്പിക്കുകയും ചെയ്യുന്ന ഈ അവസരത്തിൽ വി. പൗലോസ് അപ്പസ്തോലൻെറ വാക്കുകൾ ഓർമ്മിപ്പിക്കട്ടെ: 'ആത്മാവിൽ പൂരിതരായ മനുഷ്യരാകുവിൻ. സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവിൻ. പൂർണഹൃദയത്തോടെ കർത്താവിനെ പ്രകീർത്തിക്കുവിൻ. എപ്പോഴും എല്ലാററിനുംവേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ പിതാവായ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുവിൻ' (എഫേ. 5:18-20).

വരാപ്പുഴ അതിരൂപതയുടെ സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ സന്ദർശിച്ചപ്പോൾ, 1986 ഫെ. 7.

www.malankaralibrary.com

# 27

# യാക്കോബായ കാതോലിക്കയോട്

അഭിവന്ദ്യ കാതോലിക്കോസ് തിരുമേനി,

യേശുക്രിസ്തുവിൽ വത്സല സഹോദരങ്ങളേ,

27.1. 'സ്വർഗീയമായ എല്ലാ ആധ്യാത്മികവരങ്ങളാലും, നമ്മെ അനുഗ്രഹിച്ചവനും, കർത്താവായ യേശുക്രിസ്തുവിന്റെ പിതാവുമായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ' (എഫേ. 1:3).

വി. പൗലോസ് എഫേസൂസിലെ സഭയ്ക്കെഴുതിയ ഈ വചനങ്ങൾ ഇന്നു ഞാൻ എന്റേതാക്കിയിരിക്കയാണ്. ഞാൻ ഇപ്രകാരം ചെയ്യുവാൻ കാരണം, നമ്മുടെ ഈ കൂടിക്കാഴ്ച, നമ്മുടെ സഭകൾക്കുള്ള ദൈവത്തിന്റെ വലിയ ഒരു അനുഗ്രഹമാണ്. പ്രത്യേകിച്ചും, ഭാരതത്തിലെ കത്തോലിക്ക, ഓർത്തഡോക്സ് സുറിയാനിസഭകളെ സംബന്ധിച്ചിടത്തോളം ഇത് തികച്ചും പ്രസക്തമാണ്.

നമ്മുടെ ഈ സന്ദർശനം തീർത്തും ഹ്രസ്വമാണെങ്കിലും ഈ ചെറിയ കൂടിക്കാഴ്ചമൂലം ഇപ്പോൾ ഞാനനുഭവിക്കുന്ന സന്തോഷവും പ്രതീക്ഷയും സീമാതീതമാണ്. ഈ സമയക്കുറവാകട്ടെ, നിങ്ങളുടെ ഈ മഹത്തായ നാട്ടിലെ എന്റെ ഇടയസന്ദർശനത്തിലെ തിരക്കേറിയ പരിപാടികൾമൂലം ഉണ്ടായതാണ്.

27.2. അങ്ങയെ വീണ്ടും കാണുവാനും, അഭിവാദനങ്ങൾ അർപ്പിക്കുവാനും സാധിച്ചതിൽ ഞാൻ തികച്ചും കൃതാർത്ഥനാണ്. രണ്ടുവർഷങ്ങൾക്കുമുമ്പ് അങ്ങ്, അന്ത്യോക്യാ ഓർത്തഡോക്സ് സുറിയാനിസഭയുടെ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നേഷ്യസ് സക്കാ ഈവാസ് പ്രഥമനോടുകൂടെ റോമിൽ വന്ന് എന്നെ സന്ദർശിച്ച കാര്യം ഞാൻ മറക്കുന്നില്ല. ആ അവസരത്തിൽ ഞങ്ങൾ ഒപ്പുവച്ച പൊതുപ്രഖ്യാപനം ദൈവശാസ്ത്രപരവും അജപാലനപരവുമായ മേഖലകളിൽ ഐക്യത്തോടെ മുന്നേറാനുതകുന്ന നിർണായകമായ ഒരു ചുവടുവയ്പായിരുന്നു. ആ പൊതുപ്രഖ്യാപനം, ഇവിടെ താങ്കളുടെ സഭയിലും കത്തോലിക്കസഭയിലും ഒരുപോലെ ധാരാളം സത്ഫലങ്ങൾ ഉളവാക്കിയെന്ന് എനിക്കറിയാം. ആ പൊതുപ്രഖ്യാപനത്തിന്റെ പ്രാധാന്യത്തിന് അതർഹിക്കുന്ന ഊന്നൽ കൊടുക്കുവാനും,

www.malankaralibrary.com



അത് പ്രായോഗികമാക്കുവാനുതകുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിലും അങ്ങ് പ്രത്യേകം താൽപര്യം കാണിച്ചുവെന്നും എനിക്കറിയാൻ കഴിഞ്ഞു. ആ നിർദ്ദേശങ്ങൾക്ക കത്തോലിക്കരിൽനിന്നു നല്ല പ്രതികരണം ലഭിക്കയും ചെയ്തല്ലോ. ഏതായാലും ക്രമേണ ദൈവശാസ്ത്രപരമായ സംഭാഷണങ്ങളിലും അജപാലനപരമായ സഹകരണത്തിലും ഒന്നിച്ചു മുന്നേറുവാൻ തക്ക ഫലപ്രദമായ പുതിയ മാർഗങ്ങൾ കണ്ടെത്താനാവുമെന്നാണ് എന്റെ പ്രതീക്ഷ.

പരിശുദ്ധ സക്കാ ഈവാസും ഞാനും പൊതു പ്രഖ്യാപനത്തിൽ ഇപ്രകാരം സമ്മതിച്ചിരുന്നു: 'അന്ത്യോക്യൻ ഓർത്തഡോക്സ് സുറിയാനി സഭയും കത്തോലിക്ക സഭയും തമ്മിലുള്ള ദൃശ്യമായ ഐക്യം പൂർണമാക്കുവാൻ നമുക്ക നൽകപ്പെട്ടിരിക്കുന്ന അധികാരം ഉപയോഗപ്പെടുത്തേണ്ടതാണ്. അങ്ങനെ, ഒരുമയോടെയുള്ള സുവിശേഷസാക്ഷ്യത്തിന്, നമ്മെ പ്രാപ്തരാക്കുന്ന ഈ ഐക്യബോധത്തിനുവേണ്ടി നമുക്ക പ്രാർത്ഥിക്കാം.' ഞങ്ങളുടെ പ്രഖ്യാപനം ഇങ്ങനെ തുടർന്നു: 'നമ്മുടെ സഭകളുടെ പൂർണമായ ഐക്യത്തിന് വിലങ്ങുതടിയാകുന്ന ഏതൊരു പ്രതിബന്ധത്തെയും തരണംചെയ്യാൻ നമ്മാലാവുന്നതെല്ലാം ചെയ്യുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുന്നു' (റോം. ജൂൺ 23 1984).

27.3. നമ്മുടെ സഹോദരമെത്രാന്മാരോടും വൈദികരോടുംകൂടി, നമ്മുടെ ഈ പ്രതിജ്ഞയെ പുതുക്കി ശക്തിപ്പെടുത്താൻ കഴിഞ്ഞത് ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം തന്നെയാണ്. നമ്മുടെ സഭകളിലും, സഭകൾ തമ്മിലും, ലോകത്തിലും ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രചോദനമാകാൻ നാം വിളിക്കപ്പെട്ടിരിക്കയാണല്ലോ. വിഭജനങ്ങൾ ഏതുവിധത്തിലുള്ളതായാലും ശരി, അത് സുവിശേഷ പ്രചരണത്തിനും, സഭയ്ക്ക് അവളുടെ ദൗത്യനിർവഹണത്തിനും തടസമാകുമെന്നതിനാൽ, പ്രാദേശികതലത്തിലുള്ള ഐക്യശ്രമങ്ങൾക്ക് നാം അതിന്റേതായ പ്രാധാന്യം നൽകണം. ക്രിസ്തുവിന്റെ പരിശുദ്ധ സഭയിൽ ഒരാൾത്താരക്ക ചുറ്റും കൂടി, അവിടുത്തെ നൂതന സന്ദേശങ്ങൾക്ക കാതോർക്കുവാനും ആ പരിശുദ്ധ ബലി അർപ്പിക്കുവാനും സാധിക്കുന്ന അനുഗ്രഹദായകമായ ദിവസം വേഗം വരട്ടെ.

ഇന്ന് അങ്ങയോടും അങ്ങയുടെ മെത്രാന്മാരോടും സഹപ്രവർത്തകരോടും ഒപ്പമുള്ള, ഈ കൂടിക്കാഴ്ച, തങ്ങളുടെ സഭയോടു മുഴുവനുമായുള്ള കൂടിക്കാഴ്ചയായി ഞാൻ പരിഗണിക്കുന്നു. എന്റെ സഹോദരൻ, പരിശുദ്ധ സക്കാ പ്രഥമൻ പാത്രിയർ

www.malankaralibrary.com



ക്കീസിന് എന്റെ സഹോദരതുല്യമായ സ്നേഹാംശസകൾ. ദൈവത്തിന്റെ നിർല്ലോപമായ അനുഗ്രഹങ്ങൾ അദ്ദേഹത്തോടും, അങ്ങയോടും, അങ്ങയുടെ വൈദികരോടും, ജനങ്ങളോടും കൂടെ ഉണ്ടായിരിക്കട്ടെ.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് മാർ പൗലോസിനോട്.
1986 ഫെ. 7.

www.malankaralibrary.com

# 28

# എറണാകുളം കത്തീഡ്രലിൽ

ആർച്ചുബിഷപ്പ് പടിയറ,
കാർഡിനൽ പാറേക്കാട്ടിൽ,
യേശുവിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

എറണാകുളം അതിരൂപതയിൽ പരിശുദ്ധ കന്യകാമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ ബസിലിക്കയിലേക്കു വരുവാൻ സാധിച്ചതിൽ വളരെ സന്തോഷിക്കുന്നു. ആനന്ദദായകമായ ഈ നിമിഷത്തിൽ 'കർത്താവേ, വഴി ഞങ്ങൾ എങ്ങനെ അറിയും' എന്ന വിശുദ്ധ തോമാശ്ലീഹായുടെ സംശയത്തിനുള്ള ഉത്തരമായി 'വഴിയും സത്യവും ജീവനും ഞാനാകുന്നു' (യോഹ. 14:6) എന്നു യേശു പറഞ്ഞവാക്കുകൾ ഞാൻ സ്മരിക്കുന്നു.

കേരള ക്രിസ്ത്യാനികളായ നിങ്ങളെല്ലാവരും ആധ്യാത്മിക ജീവിതത്തിന് അടിസ്ഥാനമിട്ടിരിക്കുന്നത് വി. തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലാണ്. യേശുതന്നെയാണ് തന്റെ ചോദ്യത്തിന് ഉത്തരമെന്നു മനസിലാക്കിയ തോമാശ്ലീഹായെപ്പോലെ, സാർവത്രികസഭയോടൊപ്പം യേശുവാണു 'വഴിയും സത്യവും ജീവനും' എന്ന് നിങ്ങളും വിശ്വസിക്കുന്നു. ദൈവത്തിൽനിന്നു ലഭിച്ച ഈ വെളിപാടാണ് നമ്മുടെ സന്തോഷത്തിനു കാരണവും വിശ്വാസത്തിന് അടിസ്ഥാനവും. യേശുക്രിസ്തുവിനെ നമ്മുടെ കർത്താവും രക്ഷകനുമായി സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച നമുക്ക് ദൈവത്തെ നിരന്തരം മഹത്വപ്പെടുത്താം.

എറണാകുളം അതിരൂപത കത്തീഡ്രൽ സെന്റ് മേരീസ് ബസിലിക്ക സന്ദർശിച്ചപ്പോൾ, 1986 ഫെ. 7.

www.malankaralibrary.com

# 29

# ചാവറയച്ചനും അൽഫോൻസമ്മയും

വത്സല സഹോദരങ്ങളെ,

29.1. 'സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, നിന്നെ ഞാൻ സ്തുതിക്കുന്നു' (മത്താ. 11:25). നസ്രത്തിലെ യേശുവിന്റെ വചനങ്ങളാണ് ഇത്. ഈ വാക്കുകൾ പറഞ്ഞപ്പോൾ യേശു പരിശുദ്ധാത്മാവിനാൽ ആഹ്ളാദചിത്തനായിതീർന്നു! നമ്മെ സംബന്ധിച്ചിടത്തോളവും ഇന്ന് ഈ വാക്കുകൾ എത്രയോ അർത്ഥവത്താണ്!

'സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിൽനിന്നും വിവേകികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു' (മത്താ. 11:25).

എന്തൊക്കെയാണ് ദൈവം മറച്ചുവച്ചത്? ഇനി എന്തൊക്കെ രഹസ്യങ്ങളാണ് അവിടുന്നു നമുക്കു വെളിപ്പെടുത്തുന്നത്? അതെ, ദൈവിക ജീവനെക്കുറിച്ചുള്ള ആഴമേറിയ രഹസ്യങ്ങളാണ് അവിടുന്ന് നമുക്ക് വെളിപ്പെടുത്തിത്തന്നത്. ഈ വെളിപ്പെടുത്തലാകട്ടെ യേശുക്രിസ്തുവിലൂടെയാണ് ദൈവം നിർവ്വഹിച്ചത്. 'സർവ്വവും എന്റെ പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പിതാവല്ലാതെ മററാരും പുത്രനെ അറിയുന്നില്ല. പുത്രനും, പുത്രൻ ആർക്കുവെളിപ്പെടുത്തികൊടുക്കുവാൻ മനസാകുന്നുവോ, അവനുമല്ലാതെ മററാരും പിതാവിനെയും അറിയുന്നില്ല' (മത്താ. 11:27) എന്ന് യേശുക്രിസ്തുതന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

പുത്രൻ ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയെന്ന് നമുക്കറിവുള്ളതാണ്. അതേസമയം പിതാവിനെ അവിടുന്ന് വെളിപ്പെടുത്തി. അതേ, പിതാവ് പുത്രനിലൂടെ വെളിപ്പെടുത്തപ്പെട്ടു! എന്നാൽ ആർക്കൊക്കെ ആയിരിക്കണം പുത്രൻ ഇക്കാര്യങ്ങൾ വെളിപ്പെടുത്തിയത്? താൻ തെരഞ്ഞെടുത്ത 'എളിയവരും,' 'ശിശുക്കളും' ആയവർക്കുതന്നെ! യേശു പിതാവിനോടു പറയുന്നതുപോലെ, 'അതായിരുന്നു അവിടുത്തെ തിരുവുള്ളം'.

29.2. ഈ പരിശുദ്ധകുർബാനയിലൂടെ നമ്മുടെ നാഥനായ ക്രിസ്തുവുമായി പ്രത്യേകമായവിധം ഐക്യപ്പെടാം. ഭാരത

www.malankaralibrary.com



സഭയുടെ ഒരു മകനോടും മകളോടും കാണിച്ച പ്രത്യേകസ്നേഹത്തിന് യേശുവിനോടൊപ്പം പിതാവായ ദൈവത്തെ നമുക്കു വാഴ്ത്താം. നീണ്ട രണ്ടായിരം വർഷങ്ങളായി ഭാരതമണ്ണിൽ വളർന്നുപൊങ്ങിയ സഭയ്ക്കു നല്കിപ്പോരുന്ന എണ്ണമററ അനുഗ്രഹങ്ങളെ ഓർത്ത് പിതാവായ ദൈവത്തെ നമുക്കു സ്തുതിക്കാം. കേരളത്തിലെ എളിയ മക്കളോട് കാണിച്ച സ്നേഹവാത്സല്യങ്ങൾക്ക് അഖില ഭാരത ക്രൈസ്തവരോടൊന്നുചേർന്ന് പ്രത്യേകവിധം നമുക്കു ദൈവത്തെ, പിതാവിനെ മഹത്വപ്പെടുത്താം.

ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും സിസ്റ്റർ അൽഫോൻസായെയും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കു, വിശുദ്ധരുടെ ഐക്യത്തിലേക്കു ഉയർത്തുന്ന ഈ മഹനീയ കർമ്മത്തിൽ ഭാരതസഭയോടൊപ്പം ആഗോള ക്രൈസ്തവസഭയും ഇന്ന് അഭിമാന പുളകിതയാണ്. ദൈവപ്രസാദവരത്തോടുള്ള ഉള്ളുതുറന്ന സഹകരണംകൊണ്ടുമാത്രമാണ് കേരളത്തിലെ സീറോ മലബാർ സഭയുടെ വീരസന്താനങ്ങളായ ഇവർ വിശുദ്ധിയുടെ ഉന്നത ശൃംഗങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നത്. അടിസ്ഥാനപരമായി ഇവർ ഇരുവരും തീക്ഷ്ണത മുററിയ ദൈവസ്നേഹത്തിൻെറ ഉടമകളായിരുന്നെങ്കിലും തനതായ ആധ്യാത്മിക പാതകളിലൂടെയാണ് രണ്ടുപേരും മുന്നേറിയത്.

29.3. ഏതാണ്ട് അറുപത്തഞ്ച് വർഷത്തെ തപോനിഷ്ഠമായ ജീവിതത്തിലൂടെ ക്രൈസ്തവജീവിതത്തെ നവീകരിക്കുവാനും, സമ്പന്നമാക്കുവാനും അത്യദ്ധ്വാനംചെയ്ത ഏലിയാസച്ചൻ ഈ കേരളമണ്ണിലാണ് പിറന്നുവീണത്. യേശുവിനോടുണ്ടായിരുന്ന അഗാധമായ സ്നേഹം അദ്ദേഹത്തെ പ്രേഷിതതീക്ഷ്ണതയാൽ നിറഞ്ഞവനാക്കി. സഭൈക്യത്തിനു വേണ്ടി ജാഗരൂകതയോടെ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചു. രക്ഷാകരപ്രവർത്തനങ്ങളിൽ അദ്ദേഹം ഉദാരമനസ്കതയോടെ മററുള്ളവരുമായി, പ്രത്യേകിച്ച് സഹോദരവൈദികരും സന്യസ്തരുമായി സഹകരിച്ചു പ്രവർത്തിച്ചു.

ബ. തോമസ് പാലയ്ക്കലച്ചൻെറയും, തോമസ് പോരൂക്കരയച്ചൻെറയും സഹകരണത്തോടെ പുരുഷന്മാർക്കായി ഫാ. കുര്യാക്കോസ് Carmelite Of Mary Immaculate എന്ന് ഇന്നറിയപ്പെടുന്ന ഭാരതീയസന്യാസസമൂഹം സ്ഥാപിച്ചു. അതിനുശേഷം ഇററലിക്കാരനായ ഫാ. ലിയോപോൾഡ് ബക്കാരോ എന്ന മിഷനറിയുടെ സഹായത്തോടെ 'കർമ്മലമാതാവിൻെറ സഭ' എന്നപേരിൽ സ്ത്രീകൾക്കുവേണ്ടിയും ഇന്ത്യൻ സന്യാസസമൂഹം രൂപീകരിച്ചു. ഈ സന്യാസസമൂഹങ്ങൾ വളർന്നു വികസിച്ചതോടെ ദൈവവിളിയുടെ അർത്ഥം കൂടുതൽ മനസിലാവുകയും അതിൻെറ മഹത്വം വർദ്ധി

www.malankaralibrary.com



ക്കുകയും ചെയ്തു. ഈ പുതിയ സന്യാസഭവനങ്ങളിലെ അംഗങ്ങളുടെ കൂട്ടായ പരിശ്രമം അദ്ദേഹത്തിന്റെ പ്രതീക്ഷകളെയും പ്രവർത്തനങ്ങളെയും വർദ്ധമാനമാക്കി.

കുര്യാക്കോസ് അച്ചന്റെയും, അദ്ദേഹത്തിന്റെ സന്യാസസഭയിലെ അംഗങ്ങളുടെയും ജീവിതംമുഴുവൻ സീറോമലബാർ സഭയുടെ ശുശ്രൂഷയ്ക്കായി സമർപ്പിതമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലോ പ്രചോദനത്തിലോ ധാരാളം പ്രേഷിത സംരംഭങ്ങൾക്ക രൂപംകൊടുത്തിട്ടുണ്ട്. വൈദികരൂപീകരണത്തിനായി സെമിനാരികളും ധ്യാനപരിപാടികളും ക്രൈസ്തവാദർശങ്ങളുടെ പ്രചരണത്തിനായി ഒരു പ്രസ്സും, നിരാശ്രിതരും മരണാസന്നരുമായവക്ക് താങ്ങും തണലുമായി ആശ്രയഭവനവും പൊതുവിദ്യാഭ്യാസത്തിനായി സ്കൂളുകളും കത്തോലിക്കവിശ്വാസത്തിലേക്കുള്ള അർത്ഥികളുടെ പരിശീലനത്തിനായുള്ള പരിപാടികളുമെല്ലാം ഈ പ്രേഷിതപ്രവർത്തനത്തിന്റെ ചില രംഗങ്ങളാണ്. ദിവ്യകാരുണ്യഭക്തിയും തിരുക്കുടുംബഭക്തിയും പ്രചരിപ്പിച്ചതോടൊപ്പം സീറോമലബാർ ആരാധനക്രമത്തിന് തനതായ സംഭാവനകൾ നൽകുവാനും ഏലിയാസച്ചന് സാധിച്ചു. ക്രിസ്തീയ കുടുംബജീവിതത്തെ പ്രോത്സാഹിപ്പിക്കുന്നതിലും ഉപദേശിക്കുന്നതിലും അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. കാരണം സഭാ–സാമൂഹ്യമണ്ഡലങ്ങളിലുള്ള കുടുംബത്തിന്റെ ഉത്തരവാദിത്വപൂർണമായ പങ്കിനെക്കുറിച്ച് അദ്ദേഹം തികച്ചും ബോധവാനായിരുന്നു.

ശക്തമായ വിശ്വാസത്തിന്റെ ഉടമയായിരുന്ന ഏലിയാസച്ചൻ, മറേറതൊരു പ്രേഷിതപ്രവർത്തനത്തെക്കാളും ഹൃദ്യമായഭിലഷിച്ചത് സഭയ്ക്കുള്ളിൽത്തന്നെയുള്ള ഐക്യവും യോജിപ്പുമാണ്. 'അവരെല്ലാവരും ഒന്നായിരിക്കുവാൻവേണ്ടി, പിതാവെ നീ എന്നിലും, ഞാൻ നിന്നിലും ആയിരിക്കുന്നതു പോലെ അവരും നമ്മിൽ ഒന്നായിരിക്കുവാൻവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (ജോൺ. 17:21) എന്നുള്ള അന്ത്യഅത്താഴവേളയിലെ യേശുവിന്റെ പ്രാർത്ഥന അദ്ദേഹം എപ്പോഴും മനസ്സിൽ കൊണ്ടുനടന്നിരിക്കണം. സഭയുടെ ഐക്യത്തിനെതിരെ ഉയർന്നു വന്ന ഭീഷണികളെ എല്ലാം തരണം ചെയ്തതോടൊപ്പം, വൈദികരെയും അത്മായരെയും സാർവത്രികസഭയും പത്രോസിന്റെ പരിശുദ്ധസിംഹാസനവുമായി അഭേദ്യമായി ബന്ധപ്പെടുത്തിയും സഹകരിച്ചും മുന്നേറാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങളെ നന്ദിയോടും കൃതജ്ഞതയോടുംകൂടിയേ അനുസ്മരിക്കുവാനാവൂ. മറേറതൊരു സംരംഭത്തിലും എന്നപോലെ ഈ രംഗത്തും അദ്ദേഹം കൈവരിച്ച നേട്ടങ്ങൾക്ക നിദാനം തീക്ഷ്ണമായ പ്രാർത്ഥനയിലും പരസ്നേഹപ്രവർത്തനങ്ങളിലും നിറ

www.malankaralibrary.com



പിടിപ്പിച്ച അനുദിനജീവിതവും, പരിശുദ്ധകുർബാനയിലെ യേശുവുമായുള്ള സഹവാസവും, അതോടൊപ്പം സഭ യേശുവിന്റെ ദൃശ്യരൂപമാണെന്ന ചിന്തയോടെയുള്ള സഭാസ്നേഹവുമാണ്.

29.4. അമലോദ്ഭവ മാതാവിന്റെ സിസ്റ്റർ അൽഫോൻസാ, കുര്യാക്കോസ് അച്ചനേക്കാളും ഒരു നൂറ്റാണ്ടിന് പിറകിലാണ് ജനിച്ചതെങ്കിലും, തത്തുല്യമായ പ്രേഷിത പ്രവർത്തനങ്ങൾകൊണ്ട് തന്റെ നാഥനെ ആത്മാർത്ഥമായി ശുശ്രൂഷിച്ചവളാണ്. തന്നെയുമല്ല, അവളുടെ ആത്മീയ ജീവിതത്തിന്റെ കൊച്ചുനാൾ തുടങ്ങി, കുര്യാക്കോസച്ചനോട് വ്യക്തിപരമായ ഭക്തിയും അവളിൽ നാമ്പിട്ടിരുന്നു. വിശുദ്ധിയിലേക്കുള്ള സിസ്റ്റർ അൽഫോൻസായുടെ പാത കുര്യാക്കോസച്ചന്റേതിൽ നിന്നും തികച്ചും വ്യത്യസ്തമാണു താനും.

വേദന നിറഞ്ഞ കുരിശിന്റെ പാത....!
ദുരിതപൂർണമായ രോഗങ്ങളുടെയും തീവ്രമായ സഹനങ്ങളുടേതുമായ ഒരു പാത....!

ഓർമ്മവച്ച നാൾ തുടങ്ങി ഒരു സന്യാസിനിയായി ദൈവത്തിനുവേണ്ടി സേവനം ചെയ്യുവാൻ ആഗ്രഹിച്ച അൽഫോൻസക്ക്, ഇത്രയേറെ പ്രതിസന്ധികളെ നേരിടേണ്ടിവന്നു, ആ ലക്ഷ്യത്തിലേക്ക് നടന്നടുക്കുവാൻ. അങ്ങനെ ഫ്രാൻസിസ്കൻ ക്ലാരമഠത്തിൽ ചേർന്നതോടെ മനസിൽ സന്തോഷത്തിന്റെ പൂമരം തളിർത്തു. കേവലം മുപ്പത്തഞ്ചു വർഷങ്ങളിലൊതുങ്ങുന്നതാണെങ്കിലും, ദൈവം ദാനമായി നൽകിയ ദൈവവിളിക്കും അനുസരണം, ദാരിദ്ര്യം, കന്യാവ്രതം തുടങ്ങിയ വ്രതാനുഷ്ഠാനങ്ങളിലൂടെ തന്നിലേക്കു ചൊരിഞ്ഞ ദൈവപ്രസാദവരങ്ങൾക്കുമുള്ള തികഞ്ഞ നന്ദിപ്രകടനമായിരുന്നു അവളുടെ ജീവിതം മുഴുവൻ.

ബാല്യംമുതലേ കഠിനമായ വേദനകൾ അനുഭവിച്ചാണ് സിസ്റ്റർ അൽഫോൻസ വളർന്നത്. അങ്ങനെ തന്റെ പ്രിയ പുത്രന്റെ പീഡാനുഭവങ്ങളിൽ അവളെയും ഒരു മുഖ്യപങ്കുകാരിയാക്കുവാൻ സ്വർഗപിതാവ് ആഗ്രഹിച്ചു. തീവ്രമായ ശാരീരിക വേദനകൾക്കു പുറമെ തെറ്റിദ്ധാരണകളും മുൻവിധികളുംമൂലം അവൾ അനുഭവിച്ച മാനസികവ്യഥകളും കുറച്ചൊന്നുമായിരുന്നില്ല. എന്നാൽ തികഞ്ഞ പ്രശാന്തതയോടും ദൈവത്തിൽ അടിയുറച്ച ആശ്രയബോധത്തോടുംകൂടെ തന്നെ നിരന്തരമായി അലട്ടിക്കൊണ്ടിരുന്ന വേദനകളെ അവൾ സ്വീകരിച്ചു. കാരണം ഈ വേദനകളെല്ലാം തന്റെ ജീവിതലക്ഷ്യത്തെ കൂടുതൽ വിശുദ്ധീകരിക്കുകയും സ്വാർത്ഥതയെ തുടച്ചുനീക്കുകയും എല്ലാത്തിലുമുപരി തന്റെ ആത്മീയ മണവാളനുമായി തന്നെ കൂടുതൽ ബന്ധിപ്പിക്കുകയും ചെയ്യുമെന്ന് അവൾ മനസിലാക്കി. ഒരിക്കൽ

www.malankaralibrary.com



അവരം തൻെറ ആത്മീയോപദേഷ്ടാവിന് എഴുതിയത് ഇപ്രകാരമാണ്: 'പ്രിയ അച്ചാ, നല്ലവനായ എൻെറ ദൈവം ഇത്രയധികമായി എന്നെ സ്നേഹിക്കുന്നതിനാൽ ലോകാവസാനംവരെയും ഈ രോഗശയ്യയിൽതന്നെ കിടന്ന്, ഇതുകൂടാതെ മററന്തെങ്കിലുംകൂടെ ഉണ്ടെങ്കിൽ അതുകൂടി സഹിക്കുവാൻ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എൻെറ ജീവിതം ഒരു സഹനബലിയായി അവിടുത്തേയ്ക്കു സമർപ്പിക്കണമെന്നാണ് ദൈവേഷ്ടം എന്നെനിക്കിപ്പോരം തോന്നുന്നു' (നവംബർ 24, 1949). സർവവും സഹിച്ച് യേശുവിനെ സ്നേഹിച്ചതിനാൽ അവരംക്ക് സഹനത്തെ സ്നേഹിക്കുവാൻകഴിഞ്ഞു. ക്രൂശിതനായ നാഥനോടുള്ള സ്നേഹംവഴി അവരംക്ക് കുരിശിനെ സ്നേഹിക്കുവാൻ സാധിച്ചു.

തൻെറ സഹനംവഴി സഭയുടെ പ്രേഷിതദൗത്യങ്ങളോടു സഹകരിക്കുകയാണെന്ന് സിസ്ററർ അൽഫോൻസാ മനസ്സിലാക്കി. ആ വേദനകളെല്ലാം യേശുവിനു സമർപ്പിക്കുന്നതിൽ അവരം സന്തോഷം കണ്ടെത്തുകയും ചെയ്തു. അതുവഴി 'നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു. സഭയാകുന്ന തൻെറ ശരീരത്തെപ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എൻെറ ശരീരത്തിൽ ഞാൻ നികത്തുന്നു' (കൊളൊ. 1:24) എന്നുള്ള വിശുദ്ധ പൗലോസിൻെറ വചനങ്ങരം തൻേറതാക്കി മാററുവാൻ അവരംക്കു കഴിഞ്ഞു, വളരെ സാധാരണവും നിസ്സാരവുമായ കാര്യങ്ങളിൽ സന്തോഷവും സംതൃപ്തിയും കണ്ടെത്തുവാനുള്ള ഉദാത്തമായ ഒരു മനോഭാവം ദൈവത്തിൻെറ ദാനമായിഅവരംക്കു ലഭിച്ചിരുന്നു. അതികഠിനമായ ശാരീരിക വേദനകളും, തെററിദ്ധാരണകളും, മററുള്ളവരുടെ അസൂയയും നിമിത്തം അനുഭവിക്കേണ്ടിവന്ന മാനസിക വ്യഥകളും ഒക്കെ അവളുടെ കൊച്ചു ജീവിതത്തെ പതിയിരുന്നാക്രമിച്ചെങ്കിലും അവയ്ക്കൊന്നും അവളുടെ ഹൃദയത്തിൽ തളംകെട്ടി നിന്ന പ്രസാദാത്മകമായ തമ്പുരാൻെറ സന്തോഷത്തെ നശിപ്പിക്കുവാൻ സാധിച്ചില്ല. അൽഫോൻസ, അവളുടെ മരണത്തിനു കുറച്ചുനാരംമുമ്പ് ശാരീരികവും മാനസികവുമായ വേദനയുടെ തീച്ചൂളയിൽ എരിയുന്ന അവസരത്തിൽ എഴുതിവച്ചതിപ്രകാരമാണ്: 'ഞാൻ എന്നെ പൂർണമായും യേശുവിനു വിട്ടുകൊടുത്തിരിക്കുന്നു. എൻെറ മേലുള്ള അവിടുത്തെ തിരുവിഷ്ടം എന്തായിരുന്നാലും അതു നിറവേററട്ടെ. എനിക്കീ ലോകത്തിൽ അവശേഷിച്ചിരിക്കുന്ന ഏക ആഗ്രഹം ദൈവസ്നേഹത്തെപ്രതി സഹിക്കുകയും, അതിൽ സന്തോഷിക്കയും ചെയ്യാൻ സാധിക്കുക എന്നതാണ്' (ഫെബ്രു. 1946).

29.5. ദൈവവിളിയുടെ മഹിമയും മനോഹാരിതയും വിളിച്ചോതുന്ന ഉത്തമോദാഹരണങ്ങളാണ് ചാവറ കുരിയാ

www.malankaralibrary.com



ക്കോസച്ചനും അൽഫോൻസാമ്മയും. ഈ അവസരത്തിൽ ഭാരതത്തിലെ സന്യാസിനീ സന്യാസികളുമായി ചില ചിന്തകൾ ഞാൻ പങ്കുവയ്ക്കട്ടെ. ക്രിസ്തുനാഥനിൽ മാമോദീസ സ്വീകരിക്കുന്നതോടെ എല്ലാവരും തങ്ങളുടെ ജീവിതത്തിലുള്ള അമൂല്യമായ ഒരു നിധിയും, വിലയേറിയ രത്നവും കണ്ടെത്തുന്നു. കാരണം, മാമോദീസയാൽ മുദ്രിതരാക്കപ്പെടുന്ന എല്ലാവരും പരിശുദ്ധ ത്രിത്വത്തിൽ പങ്കുകാരാവുകയും ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമായിത്തീരുകയും ചെയ്യുന്നു (cf. മത്താ. 5:13–16). എന്നാൽ സഭയാകുന്ന ഈ വലിയ കുടുംബത്തിൽനിന്നും, പിതാവായ ദൈവം തന്റെ ദിവ്യകുമാരനെ കൂടുതൽ അടുത്തനുകരിക്കുവാനും, ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം തുടങ്ങിയ വ്രതനിഷ്ഠമായ ജീവിതത്തിലൂടെ നിങ്ങളുടെ ജീവിതത്തെ കൂടുതൽ പവിത്രമായി അവിടുത്തേക്ക് സമർപ്പിക്കുവാനും ക്ഷണിച്ചിരിക്കുകയാണല്ലോ. സഭയുടെ സന്യസ്തരായ നിങ്ങൾ കർത്താവിന്റെ സുവിശേഷത്തിനും അവിടുത്തെ മൗലിക സ്നേഹത്തിനും പരസ്യമായി സാക്ഷ്യം വഹിക്കേണ്ടവരാണ്. സ്ഥായിയായ അർപ്പണബോധവും ജീവിതാന്ത്യംവരെയും സമർപ്പിതജീവിതത്തിലെ വ്രതാനുഷ്ഠാനങ്ങളോടുള്ള നിങ്ങളുടെ വിശ്വസ്തതയും യേശുവിനോടൊപ്പം നിങ്ങളെ വളർത്തുകയും, സഭയെ അവളുടെ തനതായ പ്രേഷിതപാതയിൽ മുന്നേറാൻ സഹായിക്കുകയും ചെയ്യും. അങ്ങനെയെങ്കിൽ സഭക്ക് നിങ്ങളുടെ ഭാഗത്തുനിന്നുള്ള ഏറ്റം ഊർജ്ജസ്വലമായ സംഭാവനയും ഇതുതന്നെയായിരിക്കും.

വൈവിദ്ധ്യ സംപൂർണമായ രീതികളിലൂടെ സുവിശേഷ സമർപ്പണം നടത്തിവരികയാണല്ലോ നിങ്ങൾ. സാധാരണ ലോകജീവിതത്തിന് അപരിചിതമായ ധ്യാനാത്മക ജീവിതത്തിലൂടെ ദൈവത്തിന്റെ വ്യക്തിപരമായ വിളിയോട് പ്രത്യുത്തരിക്കുന്ന സന്യാസവിഭാഗം തങ്ങളുടെ പ്രാർത്ഥനകളിലൂടെയും പ്രവൃത്തികളിലൂടെയും മാനവ സമുദായത്തിന്റെ നന്മക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ, മറ്റൊരു വിഭാഗം ? അദ്ധ്യാപനം, ആതുരശുശ്രൂഷ, ഇടവകസേവനം, ധ്യാനപരിപാടികൾ, ഉപവി പ്രവർത്തനങ്ങൾ തുടങ്ങിയ ക്രിയാത്മകമായ അജപാലനപ്രവൃത്തികളിലൂടെ തങ്ങളുടെ പ്രേഷിത ജീവിതത്തെ അർത്ഥപൂർണമാക്കുന്നു.

ക്രിസ്തുവിൽ വാത്സല്യമുള്ള സന്യാസിനീ സന്യാസികളേ,

നിങ്ങളുടെ സേവനമാർഗമെന്തായിരുന്നാലും ശരി, നിങ്ങളുടെ സമർപ്പിതജീവിതത്തിന്റെ മൂല്യത്തെക്കുറിച്ച് ഒരിക്കലും സംശയാലുക്കളാകരുത്; ഒരുപക്ഷേ നിങ്ങളുടെ സേവ

www.malankaralibrary.com



നം കുരിയാക്കോസച്ചൻേറതുപോലുള്ള വലിയ പ്രേഷിതസം രംഭങ്ങളായിരിക്കാം. അല്ലെങ്കിൽ വേദനയുടെ തീച്ചൂളയിൽ കിടന്ന്, നിശബ്ദയായി, സഹനത്തിൻെറ ദൈവശാസ്ത്രം പറഞ്ഞുതന്ന അൽഫോൻസമ്മയുടേതിനു തുല്യമായിരിക്കാം. ഇവയിലേതായിരുന്നാലും ശരി, സഭാജീവിതത്തിൽ ഇവയെല്ലാം പ്രധാനംതന്നെ. ഇന്നത്തെ രണ്ടാമത്തെ വായനയിലെ 'ദൈവം എല്ലാം നന്മക്കായി പരിണമിപ്പിക്കുന്നു എന്നു നമുക്കറിയാമല്ലോ' (റോമ. 8:20) എന്ന വി. പൗലോസിൻെറ വാക്കുകൾ അനുസ്മരിക്കുക. നിങ്ങളുടെതന്നെ തെററുകളോ പാപങ്ങളോ മൂലമായാൽപോലും അവഗണിക്കപ്പെടുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്ന അവസരങ്ങളിൽ വദ്ധിച്ച വിശ്വാസത്തോടെ അവിടുത്തെ സ്നേഹവലയത്തിൽ അഭയം തേടുവിൻ. കാരുണ്യത്തിനും, ക്ഷമയ്ക്കും, സ്നേഹത്തിനുംവേണ്ടി അവനിൽ ശരണപ്പെടുവിൻ. 'കർത്താവ് നമ്മുടെ ബലഹീനതകളിൽ നമ്മെ സഹായിക്കുന്നു'വെന്ന് (റോമ. 8:26) മുൻവായിച്ച വി. പൗലോസിൻെറ വാക്കുകൾ അനുസ്മരിക്കുക. നമ്മുടെ ശക്തിയും സങ്കേതവും എല്ലാം അവനിൽമാത്രമേ നമുക്കു കണ്ടെത്താനാവൂ.

സന്യാസിനീസന്യാസികളുടെ ഉദാത്തമായ സംഭാവനകളില്ലായിരുന്നുവെങ്കിൽ സഭ അവരുടെ പരസ്നേഹചൈതന്യം നഷ്ടപ്പെട്ട് ഫലശൂന്യമായ പാഴ്മരംപോലെ കാണപ്പെടുമായിരുന്നു. അതിനാൽ ഭാരതത്തിൻെറ മാതൃകാസന്യസ്തരായ ഇവരെ വാഴ്ത്തപ്പെട്ടവരാക്കുന്ന ഈ മഹൽകർമ്മം, ഉൽകൃഷ്ടമായ നിങ്ങളുടെ ദൈവവിളിയുടെ തീക്ഷ്ണതയെ നവീകരിക്കാൻ ഉപകരിക്കുന്നേ ദിവ്യമുഹൂർത്തമാകട്ടെ എന്നു പ്രാർത്ഥിക്കുകയാണ്. അവരുടെ മധ്യസ്ഥതയാൽ യേശുവുമായുള്ള ഐക്യത്തിൽ നിങ്ങൾ വളരട്ടെ. അവരെപ്പോലെ സുവിശേഷത്തിലെ 'ശിശുക്കളുടെ' വിനയമനോഭാവം നിങ്ങൾ കൈമുതലാക്കുവിൻ. അലിവും ആർദ്രതയും നിറഞ്ഞ നിഷ്കളങ്കഹൃദയത്തെ രൂപപ്പെടുത്തുവിൻ. സദ്ഭാ കർത്താവിനെ പ്രീതിപ്പെടുത്തുന്നതിൽ ഉത്സുകരായിരിക്കുവിൻ.... കാരണം ഈവിധ ഗുണങ്ങളുള്ളതിനാലാണ് അവർ ദൈവത്തിൻെറ നിഗൂഢരഹസ്യങ്ങൾ ശിശുക്കൾക്കു വെളിപ്പെടുത്തിയത് (cf മത്താ. 11:25).

29.6. ഈ ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കുവാനായി കോട്ടയത്തേക്കു വന്ന എല്ലാവക്കും എൻെറ അഭിവാദനങ്ങളർപ്പിക്കുന്നു. കേരളത്തിലെ വിവിധ രൂപതകളിൽനിന്നായി ഇവിടെ എത്തിച്ചേർന്ന എൻെറ സഹോദര മെത്രാന്മാർക്കും, വൈദികർക്കും, വിശ്വാസികളേവർക്കും എൻെറ ആശംസകൾ. പ്രത്യേകിച്ച് ചങ്ങനാശേരി അതിരൂപതക്കാർക്കും,

www.malankaralibrary.com



കാഞ്ഞിരപ്പള്ളി, പാലാ, വിജയപുരം, തിരുവല്ല തുടങ്ങിയ രൂപതകൾക്കും എന്റെ പ്രത്യേകവിധമായ ആശംസകൾ.

ഇന്ന് ഈ വേദിക്കു ചുററും വന്ന് എന്നെ ബഹുമാനിച്ചാദരിച്ച ഇതര ക്രൈസ്തവ സഹോദരങ്ങൾക്കും, ഹിന്ദു മുസ്ലീം സഹോദരങ്ങൾക്കും മററു മതസ്ഥരായ എല്ലാവർക്കും ബഹുമാനാദരപൂർവം ഹൃദയംനിറഞ്ഞ നന്ദി ഞാൻ രേഖപ്പെടുത്തുന്നു. ഇവിടെ സന്നിഹിതരായിട്ടുള്ള സിവിൽ അധികാരികളോടും എന്റെ കൃതജ്ഞത. സന്തോഷവും സമാധാനവും നൽകി കാരുണ്യവാനായ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ ഭാരത മണ്ണിലെ സഭാജീവിതത്തിൽ മാത്രമല്ല, ആഗോള ക്രൈസ്തവസഭയുടെ ചരിത്രത്തിൽതന്നെ ഒരസാധാരണ ദിവസമാണിതു്. പത്രോസിന്റെ പിൻഗാമിയായ റോമിലെ മെത്രാന്റെ അജപാലന ശുശ്രൂഷയുടെ ചരിത്രത്തിലും അസാധാരണ പ്രാധാന്യമുള്ള ഒരു ദിവസം. കാരണം, ഭാരതസഭയുടെ ഒരു മകനെയും മകളെയും അവരുടെ ജന്മനാട്ടിൽവച്ച് അൾത്താരയുടെ മഹത്വത്തിലേക്കുയർത്തുന്ന ആദ്യത്തെ ചരിത്ര സംഭവത്തിന്റെ അസുലഭ നിമിഷങ്ങളാണിത്. അതിനാൽ നന്ദിനിറഞ്ഞ ഹൃദയത്തോടെ സങ്കീർത്തകനോടൊപ്പം ഈ ദിവ്യബലിയിൽ നമുക്കു ചൊല്ലാം.

'അത്യുന്നതനായ കർത്താവേ, അങ്ങേക്കു കൃതജ്ഞതയർപ്പിക്കുന്നതും
അങ്ങയുടെ നാമത്തിനു സ്തുതികളാലപിക്കുന്നതും എത്ര ശ്രേഷ്ഠം
കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ എന്നെ സന്തോഷിപ്പിച്ചു
കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ എത്ര മഹനീയം'
(92:1,4–5).

അതെ, ദൈവത്തിന്റെ പ്രവൃത്തികൾ മഹനീയമാണ്. ഭൂമിയിലുള്ള അവിടുത്തെ ഏററം മഹത്വമേറിയ സൃഷ്ടിയാണ് മനുഷ്യൻ. ദൈവികജീവനോടെ മനുഷ്യൻ പൂർണനായി ജീവിക്കുന്നതിലാണ് ദൈവത്തിന്റെ മഹത്വം. മററൊരു വിധത്തിൽ പറഞ്ഞാൽ, സഭ മുഴുവന്റെയും, വിശിഷ്യ, ഓരോ വ്യക്തിയുടെയും പരിശുദ്ധമായ ജീവിതത്തിലാണ് ദൈവത്തിന്റെ മഹത്വം.

ദൈവപ്രസാദവരത്തിന്റെ പ്രവർത്തനഫലമായി ഈ നാട്ടിലെ ദൈവജനത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ട് വിശുദ്ധിയെപ്പററി ഉറക്കെ പ്രഘോഷിക്കുമ്പോൾ, നാം സർവ്വശക്ത

www.malankaralibrary.com



നായ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്നു. വി. അഗസ്റ്റിനോസിൻെറ വാക്കുകളിൽ പറഞ്ഞാൽ, കഴിവുകളെ അംഗീകരിക്കുമ്പോഴ് നിങ്ങൾക്കു ലഭിച്ച ദൈവദാനങ്ങളെയാണ് അംഗീകരിക്കുന്നത്.

29.7. ഇതു തികച്ചും അസാധാരണമായ സുദിനമാണ്! ഏശയ്യാ പ്രവാചകൻ പറയുംപോലെ 'എൻെറ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എൻേറതുപോലെയുമല്ല. ആകാശം ഭൂമിയെക്കാൾ ഉയർന്നു നില്ക്കുന്നു. അതുപോലെ എൻെറ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉയർന്നു നില്ക്കുന്നു' (ഏശയ്യാ 55:9).

ഈ ദിവ്യമായ ചിന്തകളെല്ലാം നമുക്കു നല്കപ്പെട്ടിരിക്കുന്നതു് അവയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുവാൻ വേണ്ടിയാണ് ‒അങ്ങനെ ദൈവത്തിൻെറ വഴികൾ അടുത്തറിയാൻ. ഏതാണാവഴികൾ? ജാഗരൂകരായി ശ്രവിക്കുവിൻ....അപ്പസ്തോലൻ എഴുതുന്നതുപോലെ 'അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തൻെറ പുത്രൻെറ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇതു തൻെറ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നവരെ അവിടുന്നുവിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ അവിടുന്നു മഹത്വപ്പെടുത്തി' (റോമ. 8:29‒30).

ഇതാണ് ദൈവത്തിൻെറ ചിന്തകൾ.

ഇതാണ് ദൈവത്തിൻെറ വഴികൾ.

ദൈവത്തിൻെറ ഈ ചിന്തകൾ എപ്രകാരമാണ് പൂർത്തീകരിക്കപ്പെടുന്നതെന്ന് വാഴ്ത്തപ്പെട്ട അൽഫോൻസമ്മയിൽനിന്നും കുര്യാക്കോസച്ചനിൽനിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കും. ദൈവത്തിൻെറ ഈ വഴികൾ ഭൂമിയിലെ തീർത്ഥാടനത്തിലൂടെ അവരുടെ ഹൃദയങ്ങളെ മഹത്വത്തിൻെറ അഗാധതകളിലേക്ക് നടത്തുവാൻ എപ്രകാരമാണ് ഉപയുക്തമായതെന്ന് നമുക്ക് മനസിലാക്കാം.

29.8. വി. മത്തായിയുടെ സുവിശേഷത്തിൽ യേശു പറയുന്നുണ്ടല്ലോ: 'അതേ പിതാവേ ഇപ്രകാരമായിരുന്നു നിൻെറ തിരുവുള്ളം' (മത്താ. 11:21). യേശു തുടർന്നു പറയുന്നു: 'അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറയടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം, ഞാൻ ശാന്തശീലനും വിനീതനുമാകയാൽ എൻെറ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ ആത്മാവ് സന്തോഷം കണ്ടെത്തും. എന്തെ

www.malankaralibrary.com



ന്നാൽ എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാകുന്നു' (മത്താ. 11:28–30).

ഇതായിരുന്നു യേശുവിന്റെ സംസാരശൈലി. അവിടുന്ന് എല്ലാവരോടും സംസാരിച്ചു. അവിടുത്തെ വിശുദ്ധതയിലേക്ക നമ്മെ വിളിച്ചു... അവനുമായുള്ള ഐക്യത്തിൽ വസിക്കുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. അതെ, അവിടുത്തെ ഹൃദയത്തോടും, കുരിശിനോടും, മഹത്വത്തോടുമുള്ള ഐക്യത്തിലേക്ക്, കൂട്ടായ്മയിലേക്ക്. ഇതായിരുന്നു യേശുവിന്റെ വാക്കുകൾ. യേശുവിനോടൊപ്പം വാഴ്ത്തപ്പെട്ട കുര്യാക്കോസച്ചനും അൽഫോൻസമ്മയും അതേ വാക്കുകൾ ഉരുവിടുകയാണ്. അവരുടെ ഹൃദയങ്ങൾ ദിവ്യരക്ഷകന്റെ ഹൃദയത്തോടുള്ള ഐക്യത്തിൽ ഈ പുണ്യഭൂമിയിലെ നിങ്ങളുടെ മക്കളോടുള്ള സ്നേഹത്താൽ നിറയുകയും ചെയ്തിരിക്കുന്നു. ആമ്മേൻ.

കോട്ടയത്ത് ചാവറയച്ചനെയും അൽഫോൻസമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ച ദിവ്യബലിക്കിടയിൽ, 1986 ഫെ. 8.

www.malankaralibrary.com

# 30

# കോട്ടയംരൂപത കത്തീഡ്രലിൽ

പ്രിയ ബിഷപ്പ് കുന്നശേരി,

യേശുവിൽ പ്രിയ സഹോദരീ സഹോദരൻമാരേ,

ക്രിസ്തുരാജനു സമർപ്പിതമായ കോട്ടയം രൂപതയുടെ ഈ ഭദ്രാസന ദൈവാലയം സന്ദർശിക്കുവാൻ കഴിഞ്ഞതിൽ വളരെ ആഹ്ളാദിക്കുന്നു. യേശുവിന്റെ കുരിശുമരണത്തിനു മുമ്പ നടന്ന ആ സംഭവം ഈ ദൈവാലയത്തിന്റെ പേരു നമ്മെ അനുസ്മരിപ്പിക്കുന്നു. തന്റെ രാജത്വം സ്ഥാപിച്ചുകൊണ്ട് യേശു പീലാത്തോസിനോട് പറയുന്നു: 'ഞാൻ രാജാവാണ്. ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചിരിക്കുന്നതു്; ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു്വന്നതും–സത്യത്തിനു സാക്ഷ്യം നല്കുവാൻ. സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു' (യോഹ. 18:37).

സത്യത്തിനു സാക്ഷ്യംവഹിക്കുവാൻ മനുഷ്യാവതാരം ചെയ്ത യേശു ഇപ്രകാരം തന്റെ രാജകീയ ദൗത്യം പൂർത്തിയാക്കി. ദൈവവചനത്തിനു ചെവികൊടുത്തും, സത്യസന്ധരായി ജീവിച്ചും നാം യേശുവിനോടുള്ള പ്രതിസ്നേഹം കാട്ടുന്നു. വാഴ്ത്തപ്പെട്ടവരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസമ്മയേയും പുണ്യപൂർണതയിലേക്കു് നയിച്ചതും ഇതുതന്നെയാണ്. ദൈവേഷ്ടമനുസരിച്ച് ജീവിച്ച ഈ മഹാത്മാക്കളുടെ മാതൃക നമുക്കും അനുകരിക്കാം. സത്യത്തിലും സ്നേഹത്തിലും ജീവിച്ചുകൊണ്ട് നമുക്ക് ത്രിതൈക ദൈവത്തെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യാം.

കോട്ടയംരൂപത കത്തീഡ്രൽ സന്ദർശിച്ചപ്പോൾ. 1986

ഫെ. 8.

www.malankaralibrary.com

# 31

# ഓർത്തഡോക്സ് കാതോലിക്കായോട്

പരിശുദ്ധ തിരുമേനി,
കർത്താവിൽ വൽസല സഹോദരങ്ങളെ, സുഹൃത്തുക്കളെ,

31.1. 'നമ്മുടെ കർത്താവായ യേശുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങൾ എല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ' (2 കൊറി. 13:14). കോറിന്തിലെ ക്രൈസ്തവരെ വി. പൗലോസ് അഭിവാദനം ചെയ്ത ഈ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും വചനങ്ങൾകൊണ്ട് നിങ്ങളെയും അഭിവാദനം ചെയ്യുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്. ദൈവത്തിന്റെ നിരുപമമായ സ്നേഹത്താൽ നമ്മെ നിറയ്ക്കുകയും, സത്യത്തിന്റെ പൂർണതയിലേക്ക നമ്മെ നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് വാഴ്ത്തപ്പെട്ടവനാകട്ടെ.

ഈ ദിവ്യാത്മാവുതന്നെയാണ്, മാമോദീസയാൽ മുദ്രിതമാക്കപ്പെട്ട എല്ലാ മനുഷ്യ ഹൃദയങ്ങളിലും—തന്റെ പിതാവിനോടുള്ള പ്രാർത്ഥനയിൽ യേശു പ്രകടിപ്പിച്ചതുപോലെ — സമ്പൂർണ ഐക്യത്തിനുവേണ്ടിയുള്ള ആഗ്രഹത്തെ നട്ടുവളർത്തുന്നത്. 'അവരെല്ലാവരും ഒന്നായിരിക്കുവാൻവേണ്ടി, പിതാവേ നീ എന്നിലും, ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും തമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ നീ എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു' (യോ. 17:21). ഇതായിരുന്നുവല്ലൊ യേശുവിന്റെ പ്രാർത്ഥന. സമീപകാലങ്ങളിലായി നമ്മുടെ സഭകൾ തമ്മിൽ സാധ്യമായിക്കൊണ്ടിരിക്കുന്ന പുന:സമാഗമങ്ങൾക്ക് ആദ്യമായിത്തന്നെ നമുക്ക് ദൈവത്തോടു് നന്ദി പറയാം.

31.2. മൂന്നുവർഷം മുമ്പ് പ. തിരുമേനി നടത്തിയ സന്ദർശനം ക്രിസ്തുവിലൂള്ള നമ്മുടെ ഐക്യത്തിലേക്കുള്ള പാതയിൽ ഒരു സുപ്രധാന നാഴികക്കല്ലാണ്. അങ്ങ് വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ശവകുടീരങ്ങളിലേക്ക നടത്തിയ തീർത്ഥാടനവും, നമ്മുടെ ഇരുവരുടെയും കൂടിക്കാഴ്ചയെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു. 'കഴിഞ്ഞ കാലത്തെ തെററുകളോർത്തു പശ്ചാത്തപിക്കണം, ദൈവേഷ്ടം അനുസരിച്ച് ഒരു ചരിത്ര പുന:സൃഷ്ടിതന്നെ ചെയ്യേണ്ടത് നമ്മുടെ കർത്തവ്യമാണ്.'

www.malankaralibrary.com



എന്ന് ആ അവസരത്തിൽ അങ്ങു പറഞ്ഞത് സഹോദര തുല്യമായ സ്നേഹത്തിൻെറയും, തികഞ്ഞ പ്രത്യാശയുടെയും ബഹിർസ്ഫുരണങ്ങൾ തന്നെയായിരുന്നു. നാമിപ്പോൾ ദൈവതിരുമനസ്സു നിറവേററാനുള്ള പ്രക്രിയയിലാണ്. വളരെ ഹ്രസ്വമെങ്കിലും ഈ കൂടിക്കാഴ്ച ഒരു പ്രക്രിയയുടെ അടയാളമാണ്. ഐക്യത്തിൻെറ പാതയിൽ അവിശ്രമം നാം മുന്നേറേണ്ടിയിരിക്കുന്നു. കാരണം, അടിസ്ഥാനപരമായി ക്രിസ്തുവിൽ വിശ്വസിക്കുന്ന നാം തമ്മിലുള്ള വിഭജനം സുവിശേഷ പ്രഘോഷണത്തിനും നമ്മുടെ വിളിയുടെ പൂർത്തീകരണത്തിനുമുള്ള തടസങ്ങളാണ്.

ഭാരതത്തിലെ കത്തോലിക്കരും ഓർത്തഡോക്സ് സുറിയാനിസഭയും തമ്മിലുള്ള സഹോദരതുല്യമായ ബന്ധങ്ങളിൽ കൂടുതൽ പുരോഗതി ആവശ്യമാണെന്നു അങ്ങു പലപ്പോഴും ആഗ്രഹം പ്രകടിപ്പിച്ചിട്ടുള്ളതായി എനിക്കറിയാം. അങ്ങയുടെ ചരിത്രപ്രധാനമായ റോമാ സന്ദർശനവേളയിൽ ഞാൻ പറഞ്ഞതുപോലെ: 'ഐക്യത്തിലേക്കുള്ള ആഗോള ക്രൈസ്തവരുടെ മുന്നേററത്തിൽ, പ്രാദേശികാടിസ്ഥാനത്തിലുള്ള സഭൈക്യങ്ങൾക്കു നിർണായകമായ പ്രാധാന്യമുണ്ട്. ഐക്യം അഥവാ കൂട്ടായ്മ ക്രൈസ്തവസമൂഹത്തിൻെറ സവിശേഷമായ അടയാളമാണ്. വിഭാഗീയത, അതിൻെറ ഏതു രൂപഭാവങ്ങളിലായാലും, ഈ ഐക്യത്തിനു മങ്ങലേല്പിക്കുകയും, ചിലപ്പോൾ അപകടപ്പെടുത്തുകയും ചെയ്യും.'

31.3. നമ്മുടെ സഭകൾ നേരിടുന്ന അജപാലനപരമായ പ്രശ്നങ്ങൾക്ക് എത്രയും വേഗം ഫലപ്രദമായ പരിഹാരമുണ്ടാവണമെന്നതാണ് അങ്ങയെപ്പോലെതന്നെ എൻെറയും ആഗ്രഹം. സ്നേഹസാഹോദര്യത്തിലൂടെയും ദൈവശാസ്ത്രപരമായ സംഭാഷണങ്ങളിലൂടെയും നമുക്കിതു സാധിതപ്രായമാക്കാൻ കഴിയും. അതുവഴി ഈ ജീവലോകത്തിലെ മുഴുവൻ ക്രൈസ്തവർ തമ്മിലുള്ള അനുരഞ്ജനം നേടിയെടുക്കാൻ സാധിക്കും. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ അടിയുറച്ചുകൊണ്ട് ഈ ഉദ്യമത്തോടു പൂർണമായി സഹകരിക്കാൻ കത്തോലിക്കസഭ സന്നദ്ധയാണെന്ന് ഞാൻ ഉറപ്പു തരുന്നു.

ഈ പരിശുദ്ധ വേദിയിൽ വച്ച് അങ്ങയെയും അങ്ങയുടെ പ്രതിനിധിസംഘത്തെയും അഭിവാദനം ചെയ്യാൻ സാധിച്ചതിലുള്ള സന്തോഷം നമ്മുടെ പ്രതീക്ഷയെയും പ്രാർത്ഥനയെയും കൂടുതൽ പുഷ്ടിപ്പെടുത്താൻ പര്യാപ്തമാണ്. നമുക്കിടയിലുള്ള വ്യതിരിക്തതകളെല്ലാം തുടച്ചുനീക്കി ദിവ്യബലി അർപ്പിക്കുവാനായി കർത്താവിൻെറ പരിശുദ്ധ അൾത്താരക്കു മുമ്പിൽ നാം ഒന്നുചേരുന്ന ദിവസം വേഗം വരട്ടെ!

www.malankaralibrary.com



ഈ കൂടിക്കാഴ്ചക്ക് ഞാൻ അങ്ങയോടു നന്ദിപറയുന്നതോടൊപ്പം, സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം അങ്ങയോടും അങ്ങയുടെ സഭയിലെ വൈദികരോടും, വിശ്വാസികളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ നാഥനായ യേശുക്രിസ്തുവിൽ നിങ്ങളോടുള്ള സ്നേഹാദരങ്ങളോടെ നിർത്തട്ടെ.

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്കയോട്. 1986 ഫെ. 8.

www.malankaralibrary.com

# 32

# വിജയപുരം നല്ലഇടയൻ പള്ളിയിൽ

സ്നേഹമുള്ള ഇലഞ്ഞിക്കൽ മെത്രാൻ,
യേശുവിൽ വൽസലസുഹൃത്തുക്കളെ,

വിജയപുരം രൂപതയിലെ ഏററവും പുരാതനമായ ഈ ദൈവാലയം സന്ദർശിക്കാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

യേശു പറയുന്ന 'ഞാൻ നല്ല ഇടയനാകുന്നു ഞാൻ എൻെറ ആടുകളെ അറിയുന്നു; അവ എന്നെയും' (യോഹ. 10:14).

നല്ല ഇടയനായ ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിച്ച രക്ഷകനായ, ഉത്ഥിതനാഥനായ, സനാതനസന്തോഷത്തിൻെറയും നിത്യജീവൻെറയും ഉറവിടമായ ക്രിസ്തുവിനെ അറിയുക എത്രവലിയ ഭാഗ്യമാണ്! യേശുവിനെ നല്ലയിടയനായി കണ്ട് അവനിൽ വിശ്വസിക്കാൻ സാധിക്കുന്നത് എത്രയോ മഹത്തരമാണ്! യേശുവിലുള്ള ഈ വിശ്വാസമാണ് ജീവിതത്തിൽ കൈവരിക്കാവുന്ന ഏററം മഹത്തായ നേട്ടം.

വി. പൗലോസ്ശ്ളീഹ പറയുന്നു: 'എൻെറ കർത്താവായ യേശുവിനെപ്പററിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ അവനെപ്രതി സകലവും ഞാൻ നഷ്ടമായി പരിഗണിക്കുന്നു.' വി. അപ്പസ്തോലനോടൊപ്പം, നമുക്കു നൽകപ്പെട്ടിട്ടുള്ള ദാനത്തിൽ സന്തോഷിക്കാം. ഈ സന്തോഷം വിശ്വാസസ്ഥിരതക്കും, സഹോദരങ്ങൾക്കിടയിൽ യേശുവിനെപ്രതിയുള്ള സാക്ഷ്യത്തിനും ഉപകരിക്കട്ടെ. നല്ലയിടയനായ യേശു വിജയപുരം രൂപതയിലെ എല്ലാ വൈദികരെയും, സന്യാസിനീസന്യാസികളെയും അത്മായരെയും കാത്തുപരിപാലിക്കട്ടെ.

വിജയപുരംരൂപതയുടെ ഗുഡ്ഷെപ്പേർഡ്പള്ളി
സന്ദർശിച്ചപ്പോൾ. 1986 ഫെ.8.

www.malankaralibrary.com

# 33

# തിരുവനന്തപുരം രൂപതയിൽ

സ്നേഹമുള്ള അച്ചാരുപറമ്പിൽ മെത്രാൻ,
യേശുവിൽ വൽസല സഹോദരങ്ങളേ,

'നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു.... ദൈവാത്മാവ് നിങ്ങളിൽ വസിക്കുകയും ചെയ്യുന്നു' (1കൊറി. 3:16).

തിരുവനന്തപുരം രൂപതയിലെ സെന്റ് ജോസഫിന്റെ നാമത്തിലുള്ള ദൈവാലയം സന്ദർശിക്കുന്ന ആനന്ദദായകമായ ഈ അവസരത്തിൽ ഞാൻ മുമ്പുപറഞ്ഞ വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾക്ക് പ്രത്യേകാർത്ഥമുണ്ട്.

കർത്താവായ യേശുവിനെ അറിയാനും സ്നേഹിക്കാനും വരം ലഭിച്ച നാം എത്രയോ ഭാഗ്യവാന്മാരാണ്! മാമോദീസയിലൂടെ ദൈവത്തിന്റെ പുത്രീപുത്രൻമാരായിത്തീർന്ന നമുക്ക് ദൈവത്തെ 'പിതാവേ' എന്നു വിളിക്കാനുള്ള പ്രത്യേകാനുഗ്രഹവും കൈവന്നിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുന്ന നമ്മിലേക്ക് യേശു തന്റെ ദിവ്യാത്മാവിനെ ധാരാളമായി ചൊരിഞ്ഞിരിക്കുന്നു. ഒരു ദൈവാലയത്തിലെന്നപോലെ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നത് എത്രയോ അനുഗ്രഹദായകമാണ്! നമ്മുടെ ക്രൈസ്തവമഹത്വത്തിന്റെ കാരണവും സന്തോഷത്തിന്റെ നിദാനവും ഇതുതന്നെയാണ്. അതിനാൽ നമുക്ക് സന്തോഷചിത്തരായിരിക്കുകയും നിരന്തരം ദൈവത്തെ സ്തുതിക്കുകയും ചെയ്യാം. കാരുണ്യവാനായ ദൈവം ഈ രൂപതയിലെ എല്ലാ വൈദികരെയും, സന്യാസികളെയും, അത്മായരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

തിരുവനന്തപുരം ലത്തീൻരൂപതയുടെ കത്തീഡ്രൽ സന്ദർശിച്ചപ്പോൾ. 1986 ഫെ.8.

www.malankaralibrary.com

# 34

# തിരുവനന്തപുരം അതിരൂപതയിൽ

അഭിവന്ദ്യ മെത്രാപ്പോലീത്താ,
യേശുവിൽ വത്സല സുഹൃത്തുക്കളേ,

പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിലുള്ള ഈ കത്തീഡ്രൽ സന്ദർശിക്കുകയെന്നത് തികച്ചും ആനന്ദദായകമായ അനുഭവമാണ്. വളരെ ഹ്രസ്വമെങ്കിലും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആസ്ഥാനമായ ഈ മെത്രാപ്പോലീത്തൻ ദൈവാലയം സന്ദർശിക്കുവാൻ ഇടയായതിൽ ഞാൻ തികച്ചും കൃതാർത്ഥനാണ്.

ഈ ദൈവാലയത്തിൽ സംസ്കരിക്കപ്പെട്ടിരിക്കുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്തായോടുള്ള ബഹുമാനാദരവുകൾ ഈയവസരത്തിൽ അർപ്പിച്ചുകൊള്ളട്ടെ. തീക്ഷ്ണമതിയായ ഈ അജപാലകന്റെ നിരവധി പ്രേഷിത സംരംഭങ്ങളിൽ ഏറ്റം പ്രാധാന്യമുററതായി നിലകൊള്ളുന്നതു് ക്രിസ്തുശിഷ്യരുടെ ഐക്യത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ തീവ്രാഭിലാഷംതന്നെയാണ്. സഭയുടെ ഉത്തരവാദിത്വങ്ങളിൽ ഇതിനു പ്രഥമസ്ഥാനം ഉണ്ടുതാനും. നമ്മുടെ കർത്താവുതന്നെ 'അവരെല്ലാവരും ഒന്നായിരിക്കുന്നതിനുവേണ്ടി' (യോഹ. 17:20) തന്റെ മരണത്തിന്റെ തലേരാത്രി പ്രാർത്ഥിക്കുകയും 'ചിതറികിടക്കുന്ന ദൈവമക്കളെ ഒരുമിച്ചുകൂട്ടുന്നതിനു്' (യോഹ. 11:52) മരിക്കുകയും ചെയ്തുവല്ലോ. അതിനാൽ ക്രിസ്തുശിഷ്യരുടെ ഐക്യത്തിനും ലോകസമാധാനത്തിനും അക്ഷീണം പ്രവർത്തിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം, അവളുടെ പ്രാർത്ഥനയാൽ നമ്മെ അനുഗ്രഹിക്കട്ടെ. കാരുണ്യവാനായ ദൈവം അവിടുത്തെ സമാധാനവും സന്തോഷവും നിർലോപമായി ചൊരിഞ്ഞു നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കുകയും ചെയ്യട്ടെ.

തിരുവനന്തപുരം അതിരൂപത കത്തീഡ്രലിൽ. 1986 ഫെ. 8.

www.malankaralibrary.com

# 35

# തിരുവനന്തപുരം ശുശ്രൂഷയിൽ

ക്രിസ്തുവിൽ വത്സല മക്കളേ,

35.1. എൻെറ തീർത്ഥാടനപാതകം എന്നെ ഇന്നു തിരുവനന്തപുരത്ത് എത്തിച്ചിരിക്കുകയാണ്.

കേരളത്തിൻെറ ഈ പ്രദേശത്തുള്ള എൻെറ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ, വി. പൗലോസ് ശ്ലീഹായുടെ ആശംസാവചനങ്ങൾകൊണ്ടുതന്നെ ഞാനും നിങ്ങളെ അഭിവാദനം ചെയ്യട്ടെ. 'നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുവിൽനിന്നും നിങ്ങൾക്ക് കൃപയും സമാധാനവും' (ഫിലി. 1:2) കൃപയും സമാധാനവും.....! മനുഷ്യ ഹൃദയത്തിൻെറ എല്ലാ അഭിലാഷങ്ങളുടെയും പൂർത്തീകരണമായ ദൈവത്തിൻെറ ഏററം വലിയ സമ്മാനമാണിത്.

വിമാനത്താവളത്തിൽനിന്നുള്ള യാത്രാമദ്ധ്യേ ഇവിടത്തെ സെൻറ് ജോസഫ് കത്തീഡ്രലും, സെൻറ് മേരീസ് കത്തീഡ്രലും സന്ദർശിക്കുവാൻ എനിക്കു സാധിച്ചു. ഈ സന്ദർശനങ്ങൾക്കെല്ലാം ഒരു പ്രത്യേക പ്രതീകാത്മകത്വം ഉണ്ട്. പത്രോസിൻെറ പിൻഗാമിയും, ഇവിടത്തെ പ്രാദേശിക സഭകളും (അതിൽപ്പെട്ട ലത്തീൻ റീത്തിലെ തിരുവനന്തപുരം, കൊല്ലം, പുനലൂർ രൂപതകളും സീറോ-മലങ്കര റീത്തിലെ തിരുവനന്തപുരം അതിരൂപതയുമെല്ലാം) നമ്മിലുള്ള സഭാസാഹോദര്യവും സമാധാനവുമാണ് പ്രതിഫലിപ്പിക്കുന്നത്.

ക്രിസ്തുവിൻെറ മൗതികശരീരത്തിലുള്ള ഈ കൂട്ടായ്മയുടെ അരൂപിയിൽ ഈ രൂപതകളെ പ്രതിനിധീകരിക്കുന്ന എൻെറ സഹോദര മെത്രാന്മാർക്കും, സന്യാസിനീസന്യാസികൾക്കും വിശ്വാസികളേവർക്കും എൻെറ ഹൃദയംഗമമായ അഭിവാദനങ്ങൾ. സർവ്വശക്തനായ ത്രിതൈക ദൈവത്തിലേക്ക് നമ്മുടെ ഹൃദയവും മനസ്സും ഉയർത്തുമ്പോൾ, രക്ഷകനും നാഥനുമായ യേശുവിൻെറ അരുമശിഷ്യരാണെന്ന ഐക്യബോധം നമുക്കേവർക്കും അനുഭവവേദ്യമാകട്ടെ!

വിശിഷ്ടസിവിൽ അധികാരികളോടും വിവിധ ക്രൈസ്തവ സഭാ പ്രതിനിധികളോടും മററു മതപാരമ്പര്യങ്ങളിൽ വി

www.malankaralibrary.com



ശ്വസിക്കുന്ന എല്ലാ സഹോദരങ്ങളോടും ഉള്ള എന്റെ സ്നേഹ നിർഭരമായ ബഹുമാനവും ആദരവും പ്രകടിപ്പിച്ചുകൊള്ളട്ടെ.

35.2. ഭാരതത്തിലുടനീളമുള്ള എന്റെ ഈ തീർത്ഥാടന വേളയിൽ, തിരുവനന്തപുരത്തു വന്നുചേർന്ന ഈ അവസരത്തിൽ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിലുള്ള മലങ്കര സുറിയാനി കത്തോലിക്കരെപ്പറ്റി സ്നേഹബുദ്ധ്യാ രണ്ടുവാക്ക് പറയട്ടെ.

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹയിൽനിന്നും ജന്മംകൊണ്ടതാണ് നിങ്ങളുടെ സഭ. യേശുവിന്റെ അനുയായികളെ ആദ്യമായി ക്രിസ്ത്യാനികൾ (നട. 11:20) എന്നു വിളിച്ച അന്ത്യോക്യായിൽ രൂപം കൊണ്ട വളരെ പുരാതനമായ ആരാധനക്രമങ്ങളുടെ പാരമ്പര്യമാണ് നിങ്ങൾക്കുള്ളത്. ഏതാണ്ട് 16 നൂറ്റാണ്ടുകളിലേറെ പത്രോസിന്റെ സിംഹാസനവുമായി നിങ്ങൾ പൂർണമായി ബന്ധപ്പെട്ടിരുന്നു. പിന്നീടുണ്ടായ ചില ബുദ്ധിമുട്ടുകൾ ആ ബന്ധത്തെ തടസ്സപ്പെടുത്തി. എന്നാൽ ഈ നൂറ്റാണ്ടിലെ ഉജ്ജ്വല പ്രഭാവനും, ഭാഗ്യസ്മരണാർഹനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ കൂർമ്മബുദ്ധിയും വിശേഷജ്ഞാനവും എന്റെ മുൻഗാമി 11-ാം പീയൂസ് മാർപാപ്പയിലൂടെ ക്രൈസ്തവൈക്യം കണ്ടെത്തി. 1932 ൽ അദ്ദേഹവുമായി ചരിത്രപ്രധാനമായ കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

മലങ്കര സഭയുടെ ഇന്നത്തെ ചരിത്രം ഊർജ്ജസ്വലമായ വിശ്വാസവളർച്ചയുടെയും ജീവത്തായ ക്രൈസ്തവ സാക്ഷ്യത്തിന്റെയും സുവർണനാളുകളിലാണ് എത്തിനില്ക്കുന്നതെന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. സഭയുടെ അമ്മയായ പ. കന്യകാമറിയത്തിന്റെ മധ്യസ്ഥതയിൽ സ്ഥാപിതമായിരിക്കുന്ന മേജർ സെമിനാരിതന്നെ നിങ്ങളുടെ വിശ്വാസ ചൈതന്യത്തിന്റെ വ്യക്തമായ അടയാളമാണ്. ഇതു് ഭാവിയിലേക്കുള്ള വളർച്ചക്കും, ശക്തമായ സഭയെക്കുറിച്ചുള്ള ചിന്തകൾക്കും ഏറ്റെ പ്രതീക്ഷകളുണർത്തുന്നതുമാണു്.

1980-ൽ മലങ്കരസഭയുടെ ജൂബിലി ആഘോഷങ്ങൾക്കു വേണ്ടി ഞാനെന്റെ പ്രതിനിധിയായി കർദ്ദിനാൾ റൂബിനെ നിങ്ങളുടെ പക്കലേക്കയച്ചു. ഇന്നു നിങ്ങളെ നേരിട്ടു സന്ദർശിക്കുവാനുള്ള അനുഗ്രഹം എനിക്കുണ്ടായിരിക്കുന്നു. നിങ്ങളുടെ അചഞ്ചലമായ വിശ്വാസ ജീവിതത്തിനും, പൈതൃക പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതക്കും നിങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. യാക്കോബായ ഓർത്തഡോക്സ് സഭാ-സമൂഹങ്ങളിലെയും, ഇതരസഭകളിലെയും വിശ്വാസികളുമായി സഹോദര സഹജമായ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാൻ നിങ്ങൾ നടത്തു

www.malankaralibrary.com



ന്ന ആത്മാർത്ഥമായ പരിശ്രമങ്ങളെല്ലാംതന്നെ ശ്ലാഘനീയങ്ങ ളാണ്. ഐക്യത്തിനുവേണ്ടിയുള്ള നിരന്തരമായ പ്രയത്നങ്ങൾ പൂവണിയട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. തന്റെ അരുമശിഷ്യരുടെ ഐക്യത്തിനു വേണ്ടി പ്രാർത്ഥിച്ച ക്രിസ്തുനാഥന്റെ അഭിലാഷവും അതിലൂടെ നിറവേറട്ടെ (cf. യോഹ. 11:27). അങ്ങനെ 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ രൂപീകൃതമായ ഒരു ജനതയായി' (cf. St. Cyprian De orat Dom, 23. pl. 4:536) ക്രൈസ്തവസഭ സ്ഥലകാല ഭേദങ്ങൾക്കതീതമായി വിളങ്ങി ശോഭിക്കട്ടെ.

35.3. തിരുവനന്തപുരം ലത്തീൻ രൂപതയിലെ അഭിവന്ദ്യ ജേക്കബ് മെത്രാനും, വൈദികർക്കും സന്യസ്തർക്കും, വിശ്വാസികളേവർക്കും ക്രിസ്തുനാഥനിൽ എന്റെ സഹോദരതുല്യമായ സ്നേഹാദരങ്ങൾ.

സ്നേഹം തുളുമ്പുന്ന നിങ്ങളുടെ ഇടവകകളുടെ ജീവിതസ്രോതസായി നമ്മുടെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യസഹായം ഞാൻ തേടുകയാണ്. കൂടാതെ നിങ്ങളുടെ രൂപതാജീവിതത്തിന് വിലപ്പെട്ട സംഭാവനകൾ നല്കിപ്പോരുന്ന കർമ്മമണ്ഡലങ്ങളായ സ്കൂളുകൾ, കോളേജുകൾ, അജപാലനപരവും പരസ്നേഹപ്രേരിതവുമായ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം ഞാൻ സ്വർഗീയ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടുകയാണ്. നിങ്ങൾ ജീവിക്കുന്ന രാഷ്ട്രീയ സഭാ മണ്ഡലങ്ങളിൽ, സുവിശേഷത്തിലെ ജീവന്റെ സന്ദേശം (യോഹ. 10:10) പ്രഘോഷിക്കുന്നതിലും സ്നേഹത്തിന്റെ നിയമത്തിന് ഫലദായകമായ സാക്ഷ്യം വഹിക്കുന്നതിലും ദൈവത്തിന്റെ വിനീതദാസിയായ (ലൂക്കാ. 1:4-8) പരിശുദ്ധ അമ്മ നിങ്ങൾക്കെന്നും മാർഗദീപമായിരിക്കട്ടെ. വി. പത്രോസിന്റെ പിൻഗാമിയായ ഞാൻ നിങ്ങളോടൊത്തായിരിക്കുന്നതിൽ തികച്ചും സന്തോഷവാനാണ്. എന്റെ ഈ സന്ദർശനം നിങ്ങൾക്ക് ആശ്വാസദായകവും പ്രോത്സാഹജനകവുമാകട്ടെ.

35.4. ക്രിസ്തുവിൽ വത്സല സഹോദരങ്ങളെ, ക്രൈസ്തവർ എന്നനിലയിൽ നാം ശുശ്രൂഷിക്കുവാനായി അയക്കപ്പെട്ടവരാണ്. 'ഞാൻ നിങ്ങളുടെ ഇടയിൽ ശുശ്രൂഷകനെപ്പോലെയാണ്' എന്നാണല്ലോ ക്രിസ്തുനാഥൻതന്നെ പറഞ്ഞിരിക്കുന്നത് (ലൂക്കാ. 22:27). യേശുവിന്റെ ജീവിതത്തിലും പ്രവർത്തനത്തിലും ഏറ്റം അനുകമ്പാർഹമായത് സേവനത്തിന്റെ പാതയാണ്. ഈ പാതയിലൂടെ തന്നെയാണ് നാമും നടന്നുനീങ്ങേണ്ടത്. ബെത്‌ലഹേമിലെ പുൽക്കൂട്ടിലെ ശിശുവും ദൈവാലയത്തിൽ കാണാതായ ബാലനും നസ്രത്തിലെ തച്ചനും, യാക്കോബിന്റെ കിണററിൻകരയിലെ അദ്ധ്യാപകനായ ശിഷ്യരുടെ പാദങ്ങൾ

www.malankaralibrary.com



കഴുകുന്ന ഗുരുവും, സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്ന മനുഷ്യപുത്രനുമെല്ലാം മാനവചരിത്രത്തിൽ യേശുവിലൂടെ പ്രകടമാകുന്ന മനുഷ്യനോടുള്ള ദൈവസ്നേഹത്തിന്റെ പ്രതീകങ്ങളാണ്.

'അവൻ ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു' (ഫിലി. 2:6-7) എന്നാണല്ലോ വി. പൗലോസ്ശ്ലീഹാ യേശുവിനെപറ്റി പ്രതിപാദിച്ചിരിക്കുന്നതു്.

തന്റെ ജീവിതത്തിലും ശുശ്രൂഷയിലും യേശുവിന്റെ സേവനമാതൃക അനുകരിക്കാൻ വിളിക്കപ്പെട്ടവളാണ് സഭയും. യേശുവിനെപ്പോലെ മാനവകുടുംബത്തോട് സേവനത്തിന്റെ അരൂപിയിൽത്തന്നെയാണ് സഭയും പ്രവർത്തിക്കേണ്ടത്. അവളെ സംബന്ധിച്ചിടത്തോളം മനുഷ്യകുടുംബത്തെ സേവിക്കുക തന്റെ നാഥനായ യേശുവിനെ സേവിക്കുന്നതിനു സമമാണ്.

വത്തിക്കാൻ കൗൺസിലിൽ പറയുന്നതുപോലെ മാനുഷികബലഹീനതകളാൽ പീഡിപ്പിക്കപ്പെടുന്നവരോട് സഭ സ്നേഹബുദ്ധ്യാ സഹതപിക്കുന്നു. ദരിദ്രരും പീഡിതരുമായ മനുഷ്യമക്കളിൽ, സഭ ദരിദ്രനും പീഡിതനുമായ അവളുടെ നാഥനെ ദർശിക്കുന്നു. ജനങ്ങളുടെ ബുദ്ധിമുട്ടുകളിലും ആവശ്യങ്ങളിലും തന്നാലാവുന്നതെല്ലാം ചെയ്യുമ്പോൾ സഭ അവളുടെ നാഥനെത്തന്നെയാണ് ശുശ്രൂഷിക്കുന്നതു് (Humen Gentium 8). ഇതു് നമുക്കും ഒരു വെല്ലുവിളിയാകണം.

എക്കാലവുമുള്ള വിശുദ്ധാത്മാക്കളുടെ ജീവിതം ഇത്തരത്തിലുള്ളതായിരുന്നില്ലേ? കേരളനാടിന്റെ ഈ പ്രദേശങ്ങളിൽ ക്രിസ്തുവിനു സാക്ഷ്യംവഹിച്ചു കടന്നുപോയ ധന്യാത്മാക്കൾ കാട്ടിത്തന്ന മാതൃകയും ഇതായിരുന്നില്ലേ? ഇടവകകളിലൂടെയും സ്ഥാപനങ്ങളിലൂടെയും നിങ്ങൾ നടത്തുന്ന പ്രേഷിതപ്രവർത്തനങ്ങൾക്കുള്ള പ്രചോദനവും ഇതുതന്നെയല്ലേ? സ്വന്തമായ നേട്ടങ്ങളും ലാഭവും അന്വേഷിക്കാതെ, പക്ഷപാതരഹിതമായി സഹോദരങ്ങളെ സേവിക്കാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന ധാരാളംപേർ ഇന്നു നിങ്ങളുടെ ഇടയിൽത്തന്നെയുണ്ടല്ലോ.

35.5. ഭാരതസഭ സേവകസഭയാണ്. ദാരിദ്ര്യത്തിനും പട്ടിണിക്കും ഇരയായിത്തീർന്നിരിക്കുന്ന എല്ലാ സഹോദരങ്ങ

www.malankaralibrary.com



ളിലും, ദരിദ്രനും പീഡിതനുമായ അവളുടെ സ്ഥാപകന്റെ മുഖമാണ് സഭ ദർശിക്കുന്നത്.

ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യത്തിൽ നിന്ദിതർക്കും പീഡിതർക്കും സവിശേഷസ്ഥാനം ആണ് ഉള്ളത്. ദൈവരാജ്യം അവർക്കുള്ളതാണ്. 'ദരിദ്രരേ നിങ്ങൾ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗരാജ്യം നിങ്ങൾക്കുള്ളതാണ്'' (ലൂക്കാ. 6:20) എന്നാണല്ലോ യേശു വെളിപ്പെടുത്തിയിരിക്കുന്നത്.

ദരിദ്രരെ സുവിശേഷം അറിയിക്കുകയും, ബന്ധിതർക്കു മോചനവും, അന്ധർക്കു കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുന്നതുമെല്ലാം ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ് (ലൂക്കാ. 4:18–19). ഇതിൽനിന്നെല്ലാം വ്യക്തമാവുന്ന ഒരു കാര്യം, ദൈവരാജ്യത്തിനുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുന്നത് ദരിദ്രർക്കും പീഡിതർക്കുംവേണ്ടിയുള്ള അവളുടെ പ്രവർത്തനങ്ങളിലൂടെയാണ് എന്നതാണ്.

സഭ അവളുടെ കരുണാദ്രമായ സ്നേഹപരിചരണങ്ങളിൽ നിന്ന് ആരെയും ഒഴിവാക്കുന്നില്ല. കുട്ടികളെയും, യുവജനങ്ങളെയും, പ്രായമായവരെയും, തൊഴിലാളികളെയും, ഭവനരഹിതരെയും, വിശന്നു വലയുന്നവരെയും. വികലാംഗരെയും, ആൽമിയമന്ദത ബാധിച്ചവരെയും, ശരിയായ പാപബോധം വഴി യേശുവിന്റെ ശാന്തിദായകമായ ദിവ്യസ്പർശനം അനുഭവിക്കുന്നവരെയും എല്ലാവരെയും നല്ല അമ്മയെപ്പോലെ അവർ സ്നേഹിക്കുന്നു. വ്യക്തികളുടെ മാനുഷികവും അതിസ്വാഭാവികവുമായ മഹത്വത്തെപ്പററി സഭ എല്ലാവരെയും, പ്രത്യേകിച്ച് പാവപ്പെട്ടവരെ ഉദ്ബുദ്ധരാക്കുന്നുണ്ട്. യേശുവിലൂടെ മനുഷ്യരെല്ലാം ദൈവപുത്രസ്ഥാനത്തേയ്ക്കുയർത്തപ്പെട്ടു. ദൈവമക്കളായ നമ്മൾ, അനാദിയിലേ നമുക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന നിത്യജീവിതത്തെ മുന്നിൽ കണ്ടുകൊണ്ട് മഹത്വത്തോടെ ജീവിക്കാൻ കടപ്പെട്ടവരാണ്.

സഭ ദരിദ്രർക്കും സമ്പന്നർക്കും വേണ്ടിയുള്ള ഭവനമാണ്. കാരണം ദൈവം പക്ഷപാത രഹിതനാണ് (ഗലാ: 2:6). എന്നാൽ സഭ ദരിദ്രരുടെ ഭവനമാണെന്ന ബോധ്യം വളർത്തിയെടുക്കുവാൻ എല്ലാ സംഘടനകളും ആൽമാർത്ഥമായ ശ്രമം നടത്തേണ്ടതുണ്ട്. അതിനാൽ സഭക്ക് വിനയത്തോടും സ്വയാർപ്പണത്തോടും കൂടെ നീതിതേടുന്നവരുടെയും ഇല്ലായ്മക്കാരുടെയും പാതകളിലൂടെ നടന്നു നീങ്ങാൻ കഴിയണം. അപ്പോൾ മാത്രമേ 'സ്വയം ശൂന്യനാക്കി, ദാസന്റെ വേഷം ധരിച്ച്'

www.malankaralibrary.com



(ഫിലി 2;7) ക്രിസ്തുവിൻെറ കാലടികളെ പിന്തുടരാൻ സഭക്കേ സാധിക്കുകയുള്ളു.

35.6. (ഇരുപതു വർഷങ്ങൾക്കുമുമ്പ് രണ്ടാം വത്തിക്കാൻ സൂനഹദോസ് വളരെ വ്യക്തമായ ഭാഷയിൽ ഓർമ്മിപ്പിച്ചു: 'ഇന്നു നമുക്കു കൈവന്നിരിക്കുന്ന സാമ്പത്തികാഭ്യുന്നതിയെ കൂടുതൽ ബുദ്ധിപൂർവകവും മാനുഷികവുമായ രീതിയിൽ നടപ്പാക്കിയാൽ നിലവിലിരിക്കുന്ന സാമൂഹ്യ അസമത്വങ്ങൾ നീക്കിയെടുക്കാൻ സാധിക്കുന്ന ഒരു ചരിത്ര പശ്ചാത്തലത്തിലാണ് നാം എത്തിയിരിക്കുന്നത്'' (സഭ ആധുനിക ലോകത്തിൽ 63). അതോടൊപ്പം 'സാമ്പത്തികനേട്ടങ്ങൾ ഒട്ടുമിക്കപ്പോഴും അസമത്വങ്ങളെ വളർത്തി എടുക്കുകയേ ഉള്ളു' (സഭ ആധുനിക ലോകത്തിൽ) എന്നു സഭ മുൻകൂട്ടി പറഞ്ഞുവച്ചത് ഇന്നു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. വളരെ ഉദാത്തമായ സാമൂഹ്യ രീതിക്ക് അനിവാര്യമായിട്ടുള്ളതെന്താണെന്നോ? സാമ്പത്തിക പുരോഗതിയും, തജ്ജന്യമായ സാങ്കേതിക ഉപകരണങ്ങളുമെല്ലാം മാനവസേവനത്തിനായി പ്രതിഷ്ഠിക്കണം. അതെ! എല്ലാത്തരത്തിലുമുള്ള വിവേചനങ്ങൾക്കതീതമായി, സകല മനുഷ്യരുടെയും സമഗ്രനന്മക്കായി തന്നെ. 'മാതാവും ഗുരുനാഥയും' എന്ന ചാക്രികലേഖനത്തിലൂടെ ജോൺ 23–ാമൻ പാപ്പ ഇന്നും പ്രസക്തമായ ഒരു വലിയ തത്വം സമർത്ഥിച്ചു. 'സാമ്പത്തിക പുരോഗതിയും, സാമൂഹ്യപുരോഗതിയും ഒരുപോലെ നേടിയെടുക്കേണ്ട പരസ്പര പൂരകങ്ങളായ വസ്തുതകളാണ്. അതുവഴി എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങൾക്ക് നാടിൻെറ വർധിച്ച ഉല്പാദന പ്രക്രിയയുടെ ഗുണഭോക്താക്കളാകുവാൻ കഴിയണം' (No: 73).

അതുപോലെതന്നെ സാമൂഹ്യസാമ്പത്തിക പുരോഗതിയെ മനുഷ്യവ്യക്തിത്വത്തിൻെറ സമഗ്ര വളർച്ചക്കുപയുക്തമാകും വിധം തിരിച്ചുവിടേണ്ടതുണ്ട്. കാരണം മനുഷ്യവ്യക്തികൾ കേവലം ഉല്പാദന ഉപകരണങ്ങളല്ല. അതിനാൽത്തന്നെ ജീവിതത്തിൻെറ ഭൗതിക മണ്ഡലങ്ങൾക്കു പുറമെ, ആധ്യാത്മികവും സാംസ്കാരികവുമായ, മാനുഷികാന്തസ്സിനു യോജിച്ച അവരുടെ ആവശ്യങ്ങളെക്കൂടി പരിഗണിക്കേണ്ടതുണ്ട്.

മനുഷ്യവ്യക്തിത്വത്തിൻെറ ആധ്യാത്മികഭാവത്തെപ്പററി ഭാരത മനസ്സിനു നന്നായറിയാം. നിങ്ങളുടെ ഈ സംസ്കാരമാണ് സകല മനുഷ്യബന്ധങ്ങളുടെയും കർമ്മങ്ങളുടെയും അവിഭാജ്യഘടകമായ ആത്മീയ മൂല്യങ്ങളോട് പ്രതിപത്തി നിങ്ങളിൽ ഉണർത്തിയിരിക്കുന്നത്. മനുഷ്യൻെറ ആധ്യാത്മിക അന്തസ്സിനെയും അതുണർത്തുന്ന വ്യക്തിഗതമായ അവകാശങ്ങ

www.malankaralibrary.com



ളെയും പുരോഗതിയുമായി സമപൂരകമാംവിധം ഒത്തുചേർത്തു കൊണ്ടുപോകുക എന്നത് ഇന്ന ലോകത്തിനു മുമ്പിലുള്ള ഒരു വെല്ലുവിളിയാണ്.

കേവലം ഭൗതിക നേട്ടങ്ങളിലുപരി, സാമൂഹ്യ സമാധാനവും, സ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉൾച്ചേരുന്ന സ്ഥിതിവിശേഷമേ ഈ നാടിനും ജനത്തിനും ഗുണം ചെയ്യൂ എന്ന ചിരപുരാതനമായ വിജ്ഞാനചിന്ത നിങ്ങൾക്ക കൈമുതലായുണ്ടല്ലോ.

35.7. കത്തോലിക്കരായ എന്റെ സഹോദരീ സഹോദരങ്ങളെ, ഈ രാജ്യത്തെ പൗരന്മാരെന്ന നിലക്ക് ഈ നാടിന്റെ പുരോഗതിക്കവേണ്ടി പ്രവർത്തിക്കാനുള്ള അവകാശവും ചുമതലയും നിങ്ങൾക്കുണ്ട്. സ്നേഹത്തിന്റെ പൂർണാർത്ഥം പഠിപ്പിച്ച ക്രിസ്തുവിന്റെ അരൂപിയിൽ, സേവനത്തിന്റെ അരൂപിയിൽ നിങ്ങൾ ഇതു ചെയ്യാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. വി. യോഹന്നാൻ ശ്ലീഹ പറയുന്നതുപോലെ, 'ക്രിസ്തു സ്വന്തം ജീവൻ നമുക്കവേണ്ടി ത്യജിച്ചതിൽനിന്നും സ്നേഹം എന്തെന്നു നാം അറിയുന്നു. നാമും സഹോദരർക്കവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ലൗകിക സമ്പത്ത് ഉണ്ടായിരിക്കേ, ഒരുവൻ തന്റെ സഹോദരനെ സഹായമർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരെ ഹൃദയം അടയ്ക്കുന്നെങ്കിൽ അയാളിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്, പ്രവൃത്തിയിലും സത്യത്തിലുമാണ്.' (1 യോഹ. 3: 16-18)

സന്മനസ്സുള്ള എല്ലാവരുടെയും സഹകരണത്തോടെ ജനങ്ങളുടെ ബുദ്ധിമുട്ടും കഷ്ടപ്പാടും ഒഴിവാക്കുന്നതിൽ പ്രാദേശിക സഭകൾക്ക് വളരെയേറെ പ്രവർത്തിക്കാൻ സാധിക്കും. വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ 'മനുഷ്യന്റെ മികച്ച വൈശിഷ്ട്യത്തിനനുരൂപമായി ലോകത്തെ രൂപപ്പെടുത്തുവാനും ശക്തമായ സാർവത്രിക സാഹോദര്യത്തെ ആകാംക്ഷാപൂർവം അന്വേഷിക്കുവാനും, സ്നേഹത്തിൽനിന്നുയിർക്കൊള്ളുന്ന ഊർജ്ജസ്വലവും സംഘടിതവുമായ യത്നത്തോടെ ആധുനികയുഗത്തിന്റെ ലോകങ്ങളുടിയന്തരാവശ്യങ്ങളെ നേടിയെടുക്കുവാനും' (സഭ ആധുനികലോകത്തിൽ) നമുക്ക കഴിയണം. നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനം കഴിയുന്നിടത്തോളം യുവതലമുറക്ക് ജീവിതയാഥാർത്ഥ്യങ്ങളെ ധൈര്യപൂർവ്വം നേരിടാനും ചുമതലകൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിറവേററാനും സഹായിക്കത്തക്കവിധം പുനരാവിഷ്ക്കരിക്കേണ്ടതാണ്. വ്യക്തികളുടെയും സമൂഹത്തി

www.malankaralibrary.com



ൻെറയും ക്ഷേമത്തിനു അത്യന്താപേക്ഷിതമായ കുടുംബജീവിത പരിശുദ്ധി കാത്തു സൂക്ഷിക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതു് സഭയ്ക്കുള്ള പ്രത്യേക ഉത്തരവാദിത്വമാണ്.

പൊതുനന്മയെ ലക്ഷ്യംവച്ചുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടെയും ആധ്യാത്മികവും ഭൗതികവുമായ നന്മക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ സഭ അവളുടെ സേവന ദൗത്യമാണ് നിറവേററുന്നതു്. നിങ്ങളുടെ എല്ലാ സംരംഭങ്ങളിലും പ. കന്യകാമറിയവും വി. യൗസേപ്പും നിങ്ങൾക്കു തുണയായിരിക്കട്ടെ. തിരുവനന്തപുരത്തെ ഭദ്രാസന ദൈവാലയങ്ങൾ അവരുടെ നാമത്തിലാണല്ലോ സമർപ്പിതമായിരിക്കുന്നതും. പ. അമ്മയും വി. യൗസേപ്പുപിതാവും യേശുവിനെ സേവനതല്പരരായി വളർത്തിയെടുത്തു. അവരുടെ പ്രാർത്ഥനകളും മാതൃകകളും വഴി അവർ ഇപ്പോഴും നമുക്കുവേണ്ടി ഇതുതന്നെയാണു ചെയ്യുന്നതു്.

വത്സല സഹോദരങ്ങളെ, വി. പൗലോസിൻെറ വാക്കുകളോടെ ഞാൻ അവസാനിപ്പിക്കട്ടെ; 'നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുതന്നെ ചെയ്താലും, അതെല്ലാം കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ ചെയ്യുവിൻ' (കൊളൊ. 3:16).

തിരുവനന്തപുരം ശംഖുമുഖത്തു് പ്രാർത്ഥനാശുശ്രൂഷയിൽ ചെയ്ത പ്രഭാഷണം. 1986 ഫെ. 8.

www.malankaralibrary.com

# 36

# വാസായിലെ പ്രഭാഷണം

ക്രിസ്തുവിൽ വാത്സല്യ സഹോദരങ്ങളെ,

36.1. ബോംബെ അതിരൂപതയിലേക്കുള്ള എന്റെ യാത്രാവേളയിൽ വാസായി എന്റെ പ്രഥമസന്ദർശന സ്ഥലമാകുമ്പോൾ നിറഞ്ഞ ആനന്ദമാണ് ഞാനനുഭവിക്കുന്നത്. നിങ്ങളുടെ ഊഷ്മളമായ വരവേല്പിനു തികഞ്ഞ കൃതജ്ഞത നേർന്നുകൊണ്ട് നിങ്ങളെ യേശുക്രിസ്തുവിന്റെ സ്നേഹത്തിൽ സ്വാഗതം ചെയ്യുന്നു.

ആദ്യമായി ക്രിസ്തീയ വിശ്വാസം പ്രഘോഷിക്കപ്പെടുകയും ക്രിസ്തീയ സമൂഹങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്ത ബോംബെ അതിരൂപതയുടെ വാസായി പ്രാന്തപ്രദേശത്താണ് നാമിന്ന് സമ്മേളിച്ചിരിക്കുന്നത്. ഇന്ന് ഈ പ്രാന്തപ്രദേശം മുഴുവനും നാം കേട്ട സാമുവൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വിശുദ്ധ വചനത്തിന്റെ യാഥാർത്ഥ്യം ഒരു മണിനാദംപോലെ വീണ്ടും മുഴങ്ങുന്നു. ദൈവം തന്റെ മഹത്തായ സേവനത്തിലേക്കു സാമുവലിനെ വിളിച്ചു. സാമുവേലിന്റെ ഉത്തരം ദൃഢവും ശീഘ്രവുമായിരുന്നു. അവൻ പ്രത്യുത്തരിച്ചു: 'ഇതാ ഞാൻ, അങ്ങ് സംസാരിച്ചാലും, അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു' (സാമു. 3:4-10). വാസായിലുള്ള നിങ്ങളുടെ പിതാമഹന്മാർ ദൈവത്തിന്റെ ശബ്ദം കേട്ടു. അവരുടെ ഉദാരമായ ഉത്തരവും പെട്ടെന്നായിരുന്നു.

ഇവിടെ വാസായിലേക്കു 16-ാം നൂററാണ്ടിന്റെ ആദ്യപകുതിയിൽ ത്യാഗോജ്ജ്വലരായ മിഷനറിമാരുടെ ഒരു പ്രവാഹമുണ്ടായി. യേശുവിന്റെ സമാധാനത്തിന്റെയും ഐക്യത്തിന്റെയും സുവിശേഷപ്രഘോഷണമായിരുന്നു അവരുടെ ലക്ഷ്യം. ഇന്ന് പൗരാണികാവശിഷ്ടങ്ങളായിരിക്കുന്ന കോട്ടനഗരത്തിൽനിന്നാണ് ഫ്രാൻസിസ്കൻ, ജസ്യൂട്ട്സ്, ഡൊമിനിക്കൻ, അഗസ്റ്റീനിയൻ എന്നീ സഭകളിൽപ്പെട്ട സന്യാസികൾ മിഷനറിമാരായി യാത്രയാരംഭിച്ചത്. വാസായിയുടെ തെരുവുകളിലും ഗ്രാമങ്ങളിലും ദൈവത്തിന്റെ സദ്വാർത്ത അവർ പ്രചരിപ്പിച്ചു. പരിശുദ്ധാരൂപിയുടെ അനുഗ്രഹങ്ങൾ നിറഞ്ഞ അവരുടെ അക്ഷീണ ശ്രമങ്ങൾമൂലം നിങ്ങളുടെ

www.malankaralibrary.com



പിതാക്കന്മാർ ക്രിസ്തുവിൽ വിശ്വസിക്കുകയും ക്രിസ്തീയസമൂഹങ്ങളായി രൂപംകൊള്ളുകയും ചെയ്തു. നാലു നൂററാണ്ടുകൾക്കിപ്പുറം അതിന്ന് ബോംബെ അതിരൂപതയാണ്.

36.2. ഈ ദിവ്യമുഹൂർത്തത്തിൽ നിങ്ങളോടൊപ്പം ഞാനും ആഹ്ലാദിക്കുന്നു. നമ്മുടെ ഹൃദയങ്ങളും സ്വരങ്ങളും ഹൃദയസ്പൃക്കായ ഒരു ഗാനത്തിന്റെ ഈരടിയിലൂടെ സ്വർഗപിതാവിലേക്കുയർത്തിക്കൊണ്ട് ഈ നാലു നൂററാണ്ടുകൾക്കിടയ്ക്ക് നമുക്കുമദ്ധ്യേ ദൈവം പൂർത്തിയാക്കിയ രക്ഷാകരപ്രവർത്തനങ്ങൾക്ക് നന്ദി പറയുകയും ചെയ്യാം.

യേശുക്രിസ്തുവിന്റെ ദിവ്യസന്ദേശം നിങ്ങളുടെ പൂർവ്വപിതാക്കന്മാർ ആവേശപൂർവ്വം സ്വാഗതം ചെയ്തു. അവർ സഭയ്ക്കുവേണ്ടി സ്വയം അർപ്പണം ചെയ്തു. ഇന്നാട്ടിലെ സഭാജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അവർ വിശ്വസ്തരായിരുന്നു. പ്രതിബന്ധങ്ങളുടെ നടുവിലും ആ വിശ്വസ്തത അവർ കാത്തു. അതുകൊണ്ട് വിശ്വാസത്തിന്റെ ഫലങ്ങൾ അവർക്ക് കുറഞ്ഞില്ല. ഇന്നു നിങ്ങൾക്ക് കിട്ടിയിരിക്കുന്ന വിശ്വാസം നിങ്ങളുടെ പൂർവ്വപിതാക്കളുടെ ദൃഢവിശ്വാസംമൂലം തലമുറതലമുറകളായി കൈമാറി വന്നിരിക്കുന്നതാണ്. വാസായിൽ ഇന്ന് ഫലവത്തായിക്കൊണ്ടിരിക്കുന്ന ഇടവകജീവിതത്തിൽ ആ ദൃഢവിശ്വാസം പ്രതിഫലിക്കുന്നു.

ഈ പശ്ചാത്തലത്തിൽ കർത്താവിന് നമ്മുടെ കൃതജ്ഞതാപ്രാർത്ഥനകൾ അർപ്പിക്കാം. നിങ്ങളെ ഏല്പിച്ച ക്രിസ്തീയ വിശ്വാസത്തിനു നിറഞ്ഞ നന്ദിയോടെ കർത്താവിനു മുമ്പിൽ നിൽക്കാം. ഇവിടത്തെ സഭാതനയരുടെ ജീവിതമുദ്രകളായിരുന്ന സ്നേഹസേവനത്തിന്റെയും വിശുദ്ധിയുടെയും സത്ഫലങ്ങൾക്ക് നമുക്ക് പ്രത്യേകമായി ദൈവത്തിന് നന്ദിയർപ്പിക്കാം. ഈ വാസായിനാട്ടിലെ യുവ ഫ്രാൻസിസ്കൻ വിശുദ്ധനായ ഗൊൺസാല ഗ്രാസ്യായുടെ ഓർമ്മയാണ് ഏററവും മുന്നിട്ടു നിൽക്കുന്നത്. അദ്ദേഹം സഹപ്രവർത്തകരോടൊപ്പം ജപ്പാനിൽവച്ച് രക്തസാക്ഷിമകുടം ചൂടുകയും അങ്ങനെ വാസായിലെ ക്രിസ്തീയ വിശ്വാസികൾക്ക് യേശു അർത്ഥമാക്കിയ രക്ഷയുടെ സന്ദേശം എന്താണെന്നുള്ളതിന് അത്യുന്നതമായ മാതൃക നൽകുകയും ചെയ്തു.

കഴിഞ്ഞ കാലങ്ങളിലേക്ക് തിരിച്ചു ചെല്ലുന്നതും ഇവിടത്തെ ജനങ്ങൾക്ക് ദൈവം നൽകിയ വിളിയുടെ വിലതീരാത്ത ദാനങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും അഭികാമ്യമാണെന്ന് എനിക്ക് തോന്നുന്നു. നിങ്ങൾ ആ കാലങ്ങളിലേക്കു കടന്നുചെല്ലുക ആവശ്യമാണ്. കാരണം നിങ്ങൾ ദൈവത്തിന്റെ 'അവകാശപ്പെട്ട ജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്.

www.malankaralibrary.com



അതുകൊണ്ടുതന്നെ അന്ധകാരത്തിൽനിന്ന് തൻെറ അത്ഭുതകരമായ പ്രകാശത്തിലേയ്ക്കു വിളിച്ച ദൈവത്തിൻെറ നന്മകാം പ്രകീർത്തിക്കണം' (1. പീറ്റർ 2:9).

36.3. മനുഷ്യരാശിയോടുള്ള ദൈവത്തിൻെറ മഹത്തായ സ്നേഹരഹസ്യത്തിൻെറ പ്രത്യേകമായ വെളിപാടായി വാസായിലെ ക്രിസ്തീയ സഭാചരിത്രം നിലകൊള്ളുന്നു. 'നമ്മുടെ രക്ഷകനായ ദൈവത്തിൻെറ നന്മയും സ്നേഹം നിറഞ്ഞ കാരുണ്യവും' (1 തിമോ.3:4) ഈ ചരിത്രത്തിലൂടെ പ്രത്യക്ഷമാകുന്നു. ഓരോ പ്രാദേശിക സഭയുടെയും തീർത്ഥാടനയാത്രയിൽ—അനുദിനമുള്ള നിസാരകാര്യങ്ങളിൽ മാത്രമല്ല, മഹത്തായ സംഭവങ്ങളിലും സന്തോഷത്തിൽ മാത്രമല്ല ദുഃഖങ്ങളിലും സമാധാനത്തിൽ മാത്രമല്ല പീഡനങ്ങളിലും—അനന്തമായ ദൈവിക സ്നേഹത്തിൻെറ രഹസ്യം സജീവമാണ്. ദൈവികനന്മയുടെ പ്രഘോഷണമാണ് സഭാജീവിതത്തിൻെറ ലക്ഷ്യം. ഈ അൾത്താരയ്ക്കു ചുറ്റും നിങ്ങൾ കൂടുമ്പോഴും ലോകത്തിൻെറ അന്ത്യം വരെ യേശുവിൻെറ രക്ഷാകരബലി കൊണ്ടാടുമ്പോഴും പ്രത്യേകമായി നിങ്ങൾ ചെയ്യുന്നത് ഇതു തന്നെയാണ് (1 കൊറി. 11:26). ഇതു് ലോകം ദാഹിച്ചു് കാത്തിരിക്കുന്ന ആനന്ദത്തിൻെറയും പ്രത്യാശയുടെയും വ്യക്തമായ പ്രഘോഷണമാണ്. കാരണം യേശുവിൻെറ പീഡാനുഭവത്തിലും മരണത്തിലും പിതാവിൻെറ രക്ഷാകരമായ സ്നേഹം പൂർണമായി തുടിച്ചു നിൽക്കുന്നു: 'എന്തെന്നാൽ ദൈവം തൻെറ ഏകപുത്രനെ നൽകാൻ തക്കവിധം അത്രയേറെ ലോകത്തെ സ്നേഹിച്ചു. അവനിൽ വിശ്വസിക്കുന്നവരാരും മരിക്കുകയില്ല. അവർക്ക് നിത്യജീവൻ ഉണ്ടായിരിക്കും' (യോഹ. 3:16).

വാസായിലെയും, ബോംബെ മുഴുവനിലെയും ഭാരതം മുഴുവനിലെയും എല്ലാ സഹോദരീ സഹോദരന്മാരേ, നിങ്ങൾ ഉന്നതമായ ഒരു ലക്ഷ്യത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിൻെറ നന്മയും സ്നേഹം നിറഞ്ഞ കാരുണ്യവും അറിയിക്കുകയും അതിന് സാക്ഷ്യം വഹിക്കുകയുമാണ് നിങ്ങൾ ചെയ്യേണ്ടത്, ഇവിടെ യുവാവായ സാമുവലിൻെറ ദൈവവിളിയുടെ കഥ ഓരോ ക്രിസ്ത്യാനിക്കും മാതൃകയായിരിക്കണം. ദൈവസ്നേഹയോഗ്യമായ പ്രത്യുത്തരം നിങ്ങളുടെ മനുഷ്യസേവനത്തിനായുള്ള ജീവിതാർപ്പണമാണ്. 'ഇതാ ഞാൻ....അങ്ങ് സംസാരിച്ചാലും, അങ്ങയുടെ ദാസനിതാ ശ്രവിക്കുന്നു' (1. സാമു. 3:4–10).

36.4. ചുറ്റും കണ്ണോടിക്കുമെങ്കിൽ, എങ്ങനെയാണ് ഈ ദൈവിക നന്മ വാസായിൽ അറിയിക്കപ്പെട്ടിരിക്കുന്നത്

www.malankaralibrary.com



എന്നു ചോദിക്കമെങ്കിൽ, നിങ്ങളുടെ കുടുംബജീവിതത്തിന്റെയും ഇടവകജീവിതത്തിന്റെയും സജീവത നാം മനസ്സി ലാക്കും.

കുടുംബാംഗങ്ങളുടെ വ്യക്തിവികാസത്തിനും അതിലുപരി സമഗ്ര സമൂഹപുരോഗതിക്കും ദൃഢതയ്ക്കും സഹായിക്കുന്ന കെട്ടുറപ്പുള്ള കുടുംബബന്ധങ്ങൾ ദൈവികസ്നേഹത്തിന്റെ വില തീരാത്ത ദാനങ്ങളാണ്. വെല്ലുവിളികളും ബുദ്ധിമുട്ടുകളും നിറ ഞ്ഞതാണ് കുടുംബജീവിതം. ഇന്ന് കുടുംബജീവിതം പുതിയ പുതിയ രീതികളിൽ അപകടകരമായ ഭീഷണികൾ നേരി ട്ടുകൊണ്ടിരിക്കുന്നു. കുടുംബൈക്യത്തിന്റെയും വിവാഹബന്ധ ത്തിന്റെയും അടിസ്ഥാനവും ആത്മാവുമാണ് കൂട്ടായ്മ. കൂടുതൽ ആഴവും തീക്ഷ്ണതയുമുള്ള കൂട്ടായ്മ സാധ്യമാക്കുന്ന യേശുവിന്റെ രക്ഷാകരശക്തിയെപ്പറ്റി ക്രിസ്ത്യാനികളായ നമുക്ക് ബോധ്യമാകുമ്പോഴാണത് സാദ്ധ്യമാകുക (cfr. Familiaris Consortio, 18).

കുടുംബ ജീവിതവും അതിലെ സ്നേഹവും എന്നും ശക്ത മാക്കാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ കുടും ബ പ്രാർത്ഥന സജീവമാണെന്നു ഞാൻ കേട്ടു. പ്രത്യേകിച്ച് നി ങ്ങളുടെ വീടുകളിലെ കൊന്തനമസ്കാരം. വാസായിലെ പ്രി യപ്പെട്ട കുടുംബങ്ങളേ, നിങ്ങളെന്റെ ഈ അഭ്യർത്ഥന കേൾക്കുക, ഒരുമിച്ചുള്ള നിങ്ങളുടെ പ്രാർത്ഥന തുടരാനാണ് ഞാൻ ആവ ശ്യപ്പെടുന്നത്. ഒരു കുടുംബമെന്നോണം നിങ്ങളുടെ കുടുംബ ത്തിനുവേണ്ടിയും മറ്റു കുടുംബങ്ങൾക്കുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം. പ്രിയ മാതാപിതാക്കളേ, നമ്മുടെ സ്വർഗീ യ പിതാവിനോട് സ്നേഹംനിറഞ്ഞ വിശ്വസ്തതയോടെ പ്രാർത്ഥിക്കുവാൻ കുട്ടികളെ നിങ്ങൾ പഠിപ്പിക്കണം. യുവ ദമ്പതികളേ, പ്രത്യേകമായി നിങ്ങളോടു പറയുന്നു, കുടുംബ പ്രാർത്ഥന ഒരു സ്വഭാവമായി നിങ്ങൾ വളർത്തണം. ദൈവ വുമായുള്ള പ്രാർത്ഥനാബന്ധത്തിലാണ് കുടുംബത്തിന്റെ ദൃഢതയും ആനന്ദവും സുരക്ഷിതത്വവും നിറഞ്ഞുനിൽക്കുന്നത്.

36.5. പതിവായിട്ടുള്ള നിങ്ങളുടെ കൂദാശസ്വീകരണങ്ങളി ലും സഭാനിയമങ്ങളോടുള്ള വിശ്വസ്തതയിലും വിശുദ്ധന്മാരോട് പ്രത്യേകിച്ച് സഭാമാതാവും വിശുദ്ധരുടെ രാജ്ഞിയുമായ മറി യത്തോടുള്ള ഭക്തിയിലും പ്രതിഫലിച്ചുകാണുന്ന നിങ്ങളുടെ ഇടവകജീവിതവും വിശ്വാസജീവിതവും ദൈവത്തിന്റെ നന്മയ്ക്കും സ്നേഹത്തിനും സാക്ഷ്യം വഹിക്കുന്നു. ആദ്യകാലം തൊട്ടേ നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിന്റെതന്നെ ഭാഗമാ യിരുന്ന മാതാവിനോടുള്ള ഭക്തി. ക്രൈസ്തവരും അക്രൈസ്ത വരുമായ എത്രയോ ജനങ്ങളെയാണ് റെമഡിയിലെയും പാ ലിയിലെയും പള്ളികളിലേക്ക് ആകർഷിച്ചത്.

www.malankaralibrary.com



അങ്ങനെയുള്ള ഊർജ്ജസ്വലമായ കുടുംബജീവിതവും ഇടവക ജീവിതവും സന്യാസ ജീവിതത്തിലേക്കും പൗരോഹിത്യ ജീവിതത്തിലേക്കും ഒഴുക്കിയ ദൈവവിളികളുടെ പ്രവാഹത്തെക്കണ്ട് ആരാണ് അത്ഭുതം കൂറാത്തത്.? വാസായിലെ കുടുംബങ്ങളും ഇടവകകളും ശ്രദ്ധാപൂർവ്വം ഒരുക്കിയ, ഉദാരമായി സന്യാസ പൗരോഹിത്യ ജീവിതത്തിലേയ്ക്ക് കൈപിടിച്ചുയർത്തിയ ഈ യുവതീയുവാക്കളെ കാണുമ്പോൾ നാം സന്തോഷാശ്രുക്കൾ പൊഴിക്കുന്നു. ബോംബെ അതിരൂപതയിൽ മാത്രമല്ല ഇന്ത്യയിലെ മററു പ്രദേശങ്ങളിലും ഇവർ പ്രേഷിതപ്രവർത്തനം നടത്തുന്നുണ്ട്. ക്രിസ്തീയസഭ ഇതിന് നിങ്ങൾക്കു നന്ദിപറയുന്നു. അതോടൊപ്പം നിങ്ങളെല്ലാം വിളവിൻെറ നാഥനോട് സഹകരിക്കുന്നതിനും അങ്ങനെ സഭയ്ക്കെന്നും ഉചിതരായ സുവിശേഷ പ്രഘോഷകരുണ്ടാകുന്നതിനും പ്രാർത്ഥിക്കുന്നു.

36.6. സഭയിലെയും സമൂഹത്തിലെയും അല്മായരുടെ ഉത്തരവാദിത്വത്തെയും പ്രത്യേക കടമകളെയും പററി അവരെ ഓർമ്മപ്പെടുത്തിക്കൊണ്ട് പ്രോത്സാഹജനകമായി രണ്ടു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലൗകികവ്യാപാരങ്ങളിൽ ദൈവികനന്മ പരത്തുന്നതിനും, സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനും നീതിയിലും സത്യത്തിലും സ്വാതന്ത്ര്യത്തിലും സ്നേഹത്തിലും അടിസ്ഥാനമിട്ട സമൂഹസൃഷ്ടി കർമ്മത്തിലുമുള്ള അൽമായൻെറ കർത്തവ്യം വലുതാണ്.

കഴിഞ്ഞ 15 വർഷക്കാലത്ത് ക്രിസ്തീയവും ഭൗതികവുമായ ജ്ഞാനതൃഷ്ണ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചക്ക് കാരണമായി. ഒരു സീനിയർ കോളജ്, ഒരു ജൂനിയർ കോളജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഒരു സാങ്കേതിക സ്ഥാപനം, 14 ഹൈസ്കൂളുകൾ, എല്ലാ ഇടവകകളിലും ഓരോ പ്രൈമറി സ്കൂൾ അങ്ങനെ പലതും. ഇതിനെല്ലാം നാം പ്രത്യേകം കൃതജ്ഞതാനിർഭരരാകേണ്ടേ? വാസായിയുടെ പൊതു പുരോഗതിക്കും സാമൂഹ്യ ഉദ്ധാരണത്തിനുമായി സഭ നൽകിയിട്ടുള്ള സംഭാവനകൾ മാനുഷികതലത്തിൽ ആർക്കെങ്ങനെ കണക്കുകൂട്ടിതിട്ടപ്പെടുത്താനാവും?

ജനക്ഷേമത്തെയും സഭയുടെ അപ്പസ്തോലികത്തെയും ലക്ഷ്യം വച്ചു പ്രത്യേകമായി വാസായിലെ അല്മായർ ഏറെറടുത്തു നടത്തുന്ന സഹകരണ ശ്രമങ്ങളെക്കുറിച്ച് ഞാൻ കേട്ടു. ബാങ്കിംഗ്, കൃഷി, മത്സ്യബന്ധനം എന്നീ രംഗങ്ങളിലും ആരോഗ്യവും വിദ്യാഭ്യാസപരവുമായ മേഖലകളിലും വ്യാപിച്ചു കിടക്കുന്ന നിങ്ങളുടെ ഈ പ്രവൃത്തികൾ ക്രിസ്തീയ കൂട്ടായ്മയിൽ വളർന്നുകൊണ്ടിരിക്കുന്ന വാസായിയുടെ ക്രിസ്തീയ മനസാക്ഷിയെ കാണിക്കുന്നു. സ്വാർത്ഥതയെ ഉന്മൂലനം ചെയ്ത് സമഗ്രമായ നന്മ

www.malankaralibrary.com



യെ ലാക്കാക്കി സഭയുടെയും സമൂഹത്തിന്റെയും ഐശ്വര്യത്തിനും ക്ഷേമത്തിനും വേണ്ടി നിങ്ങളുടെ ധനവും മാനുഷിക വിഭവങ്ങളും നിങ്ങൾ ഉപയോഗിക്കുന്നുണ്ട്. എല്ലാത്തരം വിഭാഗിയ ചിന്തകളെയും സ്വാർത്ഥതാല്പര്യങ്ങളെയും ചെറുത്തുകൊണ്ട് ഇത്തരം സഹകരണ പ്രസ്ഥാനങ്ങൾ വിജയിക്കട്ടെ! നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കവ കാരണമാകട്ടെ. മെച്ചപ്പെട്ട സാമൂഹ്യ നീതിയും വർദ്ധമാനമായ സാമൂഹ്യ സാമ്പത്തിക പുരോഗതിയും ലക്ഷ്യംവച്ചുകൊണ്ടുള്ള ആരോഗ്യകരമായ നിങ്ങളുടെ എല്ലാ സംരംഭങ്ങളും നിങ്ങളുടെ ചുററുപാടുകളിലുള്ള പാവപ്പെട്ടവരുടെ ഉദ്ധാരണത്തിനു കാരണമാകട്ടെ.

36.7. വാത്സല്യമുള്ളവരേ, ഇവയിലൂടെയെല്ലാം കുടുംബ ഐക്യത്തിലൂടെയും നിങ്ങളുടെ ഇടവക ജീവിതത്തിന്റെ ഊർജ്ജസ്വലതയിലൂടെയും വാസായിലെ ദൈവജനത്തിന്റെ മുഴുവൻ ജീവിതത്തിലൂടെയും ദൈവത്തിന്റെ നന്മയും സ്നേഹം നിറഞ്ഞ കാരുണ്യവും നിരന്തരം വെളിവാക്കപ്പെടുന്നു. അപരനെ ഉദാരമായി സേവിച്ചുകൊണ്ട് നിങ്ങൾ പ്രത്യുത്തരം നൽകേണ്ട ഒരു വിളിയാണ് ദൈവസ്നേഹം. സത്യത്തിനുവേണ്ടിയുള്ള അന്വേഷണം തുടരുന്നവരെയും നിങ്ങൾ പ്രത്യേകമായി സേവിക്കാൻ കടപ്പെട്ടവരാണ്.

യേശുവിലുള്ള നിങ്ങളുടെ വിശ്വാസവും പ്രത്യാശയും നിങ്ങളുടെ പരസ്നേഹപ്രവർത്തനങ്ങൾക്ക് പ്രചോദനമാകട്ടെ. അങ്ങനെ നിങ്ങളുടെ ഇടയിൽ സഭാസമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും നിങ്ങൾ ഭാഗമായിരിക്കുന്ന സമൂഹത്തിൽ സമാധാനവും ഐക്യവും വളർത്തുന്നതിനും നിങ്ങൾ മുന്നോട്ടുവരണം. സ്നേഹാദരങ്ങളോടെ നിങ്ങൾക്കുവേണ്ടിയും കത്തോലിക്ക സമൂഹത്തിനുവേണ്ടിയും, യേശുവിലുള്ള വിശ്വാസം ഏററുപറയുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടിയും, നാം ആദരിക്കുകയും സ്നേഹിക്കുകയും സൗഹാർദ്ദബന്ധങ്ങളിലും സഹോദരൈക്യത്തിലും കഴിയുന്ന മററ് മതപാരമ്പര്യങ്ങളിലുള്ള സഹോദരീ സഹോദരന്മാർക്കുവേണ്ടിയും ഞാൻ ദൈവത്തോട് അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ബോംബെക്കു സമീപം വാസായിൽ നടത്തിയ പ്രാർത്ഥനാ ശുശ്രൂഷക്കിടയിൽ, 1986 ഫെ. 9.

www.malankaralibrary.com

# 37

# ബോംബെ ബാന്ദ്രബസിലിക്കയിൽ

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

37.1. എനിക്കുമുമ്പ് ഇവിടം സന്ദർശിച്ച എന്റെ മുൻഗാമി പോൾ ആറാമനെപ്പോലെ ഞാനും തികഞ്ഞ സന്തോഷത്തോടെയാണ് മലയിലെ മാതാവിന്റെ ഈ ബസിലിക്കയിലേക്കു വരുന്നത്.

പരിശുദ്ധ കന്യകാമറിയത്തിനു സ്നേഹബഹുമാനങ്ങൾ അർപ്പിക്കാൻ എത്തിയ ആയിരക്കണക്കിനു തീർത്ഥാടകരുടെ പാദങ്ങളാൽ പാവനമായതാണ് ഈ പുണ്യസ്ഥലം. ഭാരതത്തിലെ ജനങ്ങളുടെ മാതൃഭക്തിയെക്കുറിച്ച് ഞാൻ എന്റെ യാത്രയ്ക്കുമുൻപുതന്നെ വളരെ കേട്ടിട്ടുണ്ട്. ബാന്ദ്രയിലെ ബസിലിക്ക ഈ ഭക്തിയുടെ പ്രതീകമാണ്. ഇതുകൂടാതെ മാതാവിന്റെ പ്രസിദ്ധമായ മററു പല തീർത്ഥകേന്ദ്രങ്ങളുമുണ്ട്: സാർധനയിലെ വരപ്രസാദത്തിന്റെ മാതാവ്, വിജയവാഡയിലെ ലൂർദ് മാതാവ്, വേളാങ്കണ്ണിയിലെ ആരോഗ്യമാതാവ് എന്നിവ അവയിൽ ചിലതുമാത്രമാണ്. ഇന്ത്യയിലെ തിരുസഭാ ചരിത്രമെഴുതുമ്പോൾ, അതിലെ പ്രധാന ഒരദ്ധ്യായം നിങ്ങളുടെ ആധ്യാത്മിക ജീവിതത്തിൽ മരിയഭക്തിക്കുള്ള സ്ഥാനത്തെക്കുറിച്ചായിരിക്കും.

37.2. പുത്രസ്നേഹത്തിനും ആദരവിനും യോഗ്യയാണ് നസ്രത്തിലെ മേരി. 'രക്ഷാകരപ്രവർത്തനത്തിനു സവിശേഷമായ വിധത്തിൽ അനുസരണയിലും വിശ്വാസത്തിലും പ്രത്യാശയിലും തീക്ഷ്ണമായ സേവനത്തിലും അവൾ സഹകരിച്ചു' (Lumen Gentium, 61). ദൈവതിരുമനസ്സിനോടുള്ള പൂർണമായ തന്റെ സമ്മതംവഴി മറിയം മാനവചരിത്രത്തെ തിരുത്തിക്കുറിച്ചു. ദൈവതിരുമനസ്സിനു സ്വതന്ത്രമായി കീഴ്‌വഴങ്ങിയവളാണ് അവൾ. ഈ വിശ്വാസ സ്നേഹപ്രവൃത്തിയാൽ ദൈവത്തിനു തന്നെത്തന്നെ രൂപാന്തരപ്പെടുത്തുവാൻ അവൾ അനുവദിച്ചു. തന്നെത്തന്നെ പരിപൂർണമായി ദൈവത്തിന് സമർപ്പിച്ചുകൊണ്ട് ലോകരക്ഷകന്റെ അമ്മയാകുവാൻ അവൾ സമ്മതിച്ചു. അങ്ങനെ അനന്തമായ വചനം മാംസമായി; ദൈവം മനുഷ്യനായി. മംഗളവാർത്തയുടെ നിമിഷം

www.malankaralibrary.com



മുതൽ തന്റെ പുത്രന് അവന്റെ വ്യക്തിത്വത്തിന്, അവന്റെ പ്രവർത്തനത്തിന്, അവൻ പൂർത്തിയാക്കിയ രക്ഷാകര രഹസ്യത്തിന് അവൾ തന്നെത്തന്നെ സമർപ്പിച്ചു. അന്നുമുതൽ എല്ലാ കാലത്തേക്കും രക്ഷാകര ദൗത്യത്തിൽ അവൾ തന്റെ മകനെ സഹായിച്ചു. എല്ലാ യുഗങ്ങളിലും മറിയം യേശുവിന്റെ ശരീരമായി സഭയോടൊപ്പമുണ്ട്. അതുകൊണ്ട് അവൾ സത്യമായും സഭാമാതാവാണ്.

37.3. വിശ്വാസത്തിൽ നമ്മുടെ അമ്മയെന്ന നിലയിൽ മറിയം എല്ലാ വിശ്വാസികളെയും സംരക്ഷിക്കുന്നുണ്ട്. യേശുവിന്റെ അരികിലേയ്ക്കു വരാനും പിതാവിന്റെ പരിപാലനയിൽ വിശ്വസിക്കാനും, പരിശുദ്ധാത്മാവിക്ക് അവരുടെ ഹൃദയവും മനസ്സും തുറക്കാനും, സഭാദൗത്യത്തിൽ സജീവമായി പങ്കുകൊള്ളാനും അവൾ അവരെ സഹായിക്കുന്നു. അവളുടെ പ്രചോദനത്താലും പ്രാർത്ഥനയാലും യേശുവിന്റെ പ്രവർത്തനങ്ങൾ ലോകത്തിൽ തുടർന്നുകൊണ്ടുപോകാൻ സഭയെ അവൾ സഹായിക്കുന്നു.

ലോകത്തിൽ സമാധാനവും അനുരഞ്ജനവും സാധ്യമാക്കാനും ക്രൈസ്തവ ഐക്യം ശക്തിപ്പെടുത്തുവാനുമുള്ള നമ്മുടെ ശ്രമങ്ങളെ മറിയം പ്രത്യേകം അനുഗ്രഹിക്കുന്നു. നമ്മുടെ ശ്രദ്ധ തന്റെ പുത്രനിലേക്കു തിരിച്ചുകൊണ്ട്, കാനായിലെ കല്യാണത്തിന് ആളുകൾക്ക് നിർദ്ദേശം കൊടുത്തതുപോലെ നിർദ്ദേശങ്ങൾ തന്നുകൊണ്ടാണ് അവൾ നമ്മെ അനുഗ്രഹിക്കുന്നത്. അവൾ അന്നു പറഞ്ഞു: 'അവൻ പറയുന്നതുപോലെ ചെയ്യുക' (യോഹ. 2:5). യേശു പറയുന്നതു ചെയ്യാൻ നാം തയ്യാറാകുമ്പോൾ 'അങ്ങയുടെ വചനംപോലെ എന്നിലുമാകട്ടെ' (ലൂക്കാ. 1:38) എന്നു മറിയത്തെപ്പോലെ നാമും നിരന്തരം പറഞ്ഞാൽ, ലോകത്തിൽ സമാധാനവും അനുരഞ്ജനവും ഉണ്ടാകും. നാം യേശുവിൽ ഒന്നായിരിക്കുകയും ചെയ്യും.

ക്രൈസ്തവ ഐക്യത്തിനുള്ള പ്രവർത്തനത്തിന് മറിയത്തിന്റെ പങ്കിനെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ താഴെപ്പറയുന്ന വാക്കുകളിലൂടെയാണ് വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത്: 'വിശുദ്ധരുടെ സഹഭാഗഭാഗിത്വത്തിൽ സ്വപുത്രന്റെപക്കൽ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാൻ ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ, ആരംഭദശയിൽ തന്നെ തിരുസഭയെ പ്രാർത്ഥനയാൽ സഹായിച്ചവളും ഇപ്പോൾ സകല വിശുദ്ധർക്കും മാലാഖമാർക്കും ഉപരിയായി സ്വർഗത്തിൽ മഹത്വീകൃതയുമായ മറിയത്തിന്റെ മുമ്പിൽ ക്രൈസ്തവ ലോകംമുഴുവൻ നിരന്തരം പ്രാർത്ഥനകൾ ചൊരിയട്ടെ. ക്രൈസ്തവ നാമത്താൽ അലംകൃതരോ അഥവാ രക്ഷകനെ ഇതുവരെ അറി

www.malankaralibrary.com



ഞ്ഞിട്ടില്ലാത്തവരോ ആയ മാനവകുടുംബത്തിലെ എല്ലാ ജനതകളും സമാധാനത്തിലും ഐക്യത്തിലും ഒരു ദൈവജനമായി പരിശുദ്ധവും അവിഭക്തവുമായ ത്രീത്വത്തിന്റെ സ്തുതിക്കു വേണ്ടി സൗഭാഗ്യത്തിൽ ഒന്നിപ്പിക്കുന്നതുവരെ അവരു തന്റെ മാധ്യസ്ഥ്യം തുടരട്ടെ' (Lumen Gentium. 69) ആമേൻ.

ബോംബെ ബാന്ദ്രബസിലിക്കയിൽ ത്രികാലജപത്തോടനുബന്ധിച്ചു നടത്തിയ പ്രഭാഷണം. 1986 ഫെ. 9.

www.malankaralibrary.com

# 38

# ബോംബെ കത്തീഡ്രലിൽ

പ്രിയ പിമെൻറാ മെത്രാപ്പോലീത്താ,
യേശുവിൽ വാൽസല്യമുള്ളവരെ,

എൻെറ മുൻഗാമി, പോൾ ആറാമൻ മാർപാപ്പയെപ്പോലെ ഞാനും ബോംബെയിലെ ഈ വിശുദ്ധനാമത്തിലുള്ള കത്തീഡ്രലിലേക്ക് ഒരു തീർത്ഥാടകനെപ്പോലെ എത്തിയിരിക്കുകയാണ്. എൻെറ ഈ സന്ദർശനം നിങ്ങളുടെ അതിരൂപതയുടെ ശതാബ്ദിവേളയിലാണെന്നതിൽ പ്രത്യേകം സന്തോഷിക്കുന്നു.

സകല നാമങ്ങൾക്കും ഉപരിയായ യേശുവിൻെറ നാമത്തോടുള്ള സ്നേഹവും ബഹുമാനവും നിങ്ങളുടെ കത്തീഡ്രലിൻെറ നാമം സൂചിപ്പിക്കുന്നു. വിശുദ്ധ യോഹന്നാൻ തൻെറ സുവിശേഷത്തിൻെറ ഉദ്ദേശം വ്യക്തമാക്കുന്നത് ഇപ്രകാരമാണ്: 'ദൈവപുത്രനായ യേശുക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വാസത്താൽ അവൻെറ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനുംവേണ്ടി' (യോഹ. 20:31). പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പത്രോസ്ശ്ലീഹാ വിളിച്ചുപറഞ്ഞു: 'മററാരിലും രക്ഷയില്ല. ആകാശത്തിനുകീഴെ മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറെറാരു നാമവും നൽകപ്പെട്ടിട്ടില്ല' (നട. 4:12).

ലോകത്തിന് വരപ്രസാദവും രക്ഷയും സമാധാനവും ആശ്വാസവും ആനന്ദവും പ്രത്യാശയും കൈവരുന്നത് യേശുവിൻെറ നാമത്തിലാണ്. യേശുവിനെ കർത്താവും രക്ഷകനുമായിട്ടറിഞ്ഞവൻ അനുഗ്രഹിക്കപ്പെട്ടവനാണ്. നാം ചെയ്യുന്നതെല്ലാം ദൈവത്തിൻെറ പരിശുദ്ധനാമത്തിനുള്ള മഹത്വത്തിനും സ്തുതിക്കുമായിരിക്കട്ടെ.

ബോംബെ അതിരൂപത കത്തീഡ്രലിൽ ചെയ്ത ലഘുപ്രഭാഷണം. 1986 ഫെ. 9.

www.malankaralibrary.com

# 39

# ശിവജിപാർക്കിലെ ദിവ്യബലിയിൽ

വാൽസല്യമുള്ളവരെ,

39.1. എൻെറ ആത്മാവിനെ ഞാൻ നിങ്ങളിലേക്കു നിവേശിപ്പിക്കുന്നു (എസ. 36:27). ജെറുസലേമിലിലെ സെനക്കിളിൽ എസക്കിയേൽ പ്രവാചകൻെറ ഈ വാക്കുകൾ പൂർത്തീകരിക്കപ്പെടുന്നു. പീഡാനുഭവത്തിൻെറ തലേ ദിവസം ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞു: 'എന്നാൽ എൻെറ നാമത്തിൽ പിതാവ് അയക്കുന്നവനായ പരിശുദ്ധാത്മാവ് എല്ലാക്കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും. ഞാൻ നിങ്ങൾക്കു സമാധാനം തന്നിട്ടുപോകുന്നു. എൻെറ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു' (യോഹ. 14:26–27).

പരിശുദ്ധാരൂപിയുടെ ശക്തിയാൽ മനുഷ്യഹൃദയങ്ങളിലേക്കും മനുഷ്യസമൂഹങ്ങളിലേക്കും ക്രിസ്തുവിനാൽ നൽകപ്പെടുന്ന ഇതേ സമാധാനത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവമാണ് മനുഷ്യഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുന്നത്. അതിനെക്കുറിച്ച് എസക്കിയേൽ പ്രവാചകൻ പറയുന്നു: 'ഒരു പുതിയ ഹൃദയം ഞാൻ നിനക്കു നൽകും. ഒരു നവചൈതന്യം ഞാൻ നിന്നിൽ നിവേശിപ്പിക്കും. കരിങ്കല്ലുപോലുള്ള ഹൃദയം ഞാൻ നിന്നിൽനിന്നെടുത്തുമാററും. മാംസളമായ ഒരു ഹൃദയം ഞാൻ നിനക്കു തരും' (എസ. 36:26).

39.2. ലോകത്തിൽ സമാധാനത്തിൻെറ വേരുകൾ മനുഷ്യഹൃദയങ്ങളിലും ഓരോ സ്ത്രീയുടെയും പുരുഷൻെറയും മനഃസാക്ഷിയിലുമാണെന്ന സത്യം സഭ ആവർത്തിച്ചുപറയുന്നു. ഓരോ മനുഷ്യൻെറയും ഹൃദയത്തിൽ ആരംഭിച്ച് സമൂഹങ്ങളിലേക്കു വ്യാപിക്കുന്ന ആധ്യാത്മികപരിവർത്തനത്തിൻെറ ഫലമാണ് ഈ സമാധാനം. ഈ സമൂഹങ്ങളിൽ ആദ്യത്തേത് കുടുംബമാണ്. സമാധാനത്തിലേക്കും സമാധാനത്തിനുവേണ്ടിയും വിളിക്കപ്പെട്ടിരിക്കുന്ന ആദ്യത്തെ സമൂഹമാണ് കുടുംബം. മനുഷ്യർക്കിടയിൽ സമാധാനവും സൗഹൃദവും അതുവഴി സാധ്യമാകും.

www.malankaralibrary.com



അതുകൊണ്ടുതന്നെ ഇന്നു നമ്മുടെ ധ്യാനവും പ്രാർത്ഥനയും കുടുംബത്തിൽ കേന്ദ്രീകരിക്കപ്പെടുന്നു. സമൂഹത്തിലെ ഏററവും ചെറുതും എന്നാൽ ഏററവും അടിസ്ഥാനസാമൂഹ്യഘടകവുമായ കുടുംബത്തിൽനിന്നായിരിക്കണം സമാധാനത്തിനും സൗഹാർദ്ദത്തിനുംവേണ്ടിയുള്ള മുറവിളി ആദ്യമായി ഉയരേണ്ടത് എന്നാണ് എൻെറ ബോധ്യം. സൗഹാർദ്ദത്തിനുവേണ്ടിയുള്ള ഈ നിലവിളി എല്ലാ സമൂഹത്തിലും എത്തണം.

ഇത് ഓരോ രാഷ്ട്രത്തിലും കുടുംബത്തിലും അവസാനമായി രാഷ്ട്രങ്ങൾ ഉൾക്കൊള്ളുന്ന ആഗോളമാനവകുടുംബത്തിലും ചെന്നെത്തണം. ഇവിടെ ഭാരതത്തിൻെറ ശബ്ദവും സഭയുടെ ശബ്ദവും ഒന്നായി ഏകസ്വരത്തിൽ ഉയരട്ടെ.

39.3. ഇരുപതു വർഷങ്ങൾക്കുമുൻപ് പോൾ ആറാമൻ മാർപാപ്പ നിങ്ങളോടുകൂടി അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കുകൊണ്ട ഇവിടെ, ബോംബെയിൽവച്ചു തന്നെയാണ് നാം സംസാരിക്കുന്നത്. ചരിത്രത്തിലാദ്യമായി പത്രോസിൻെറ പിൻഗാമി നിങ്ങളുടെ രാജ്യം സന്ദർശിച്ച ചരിത്രപ്രസിദ്ധമായ ഒരു ദിനമായിരുന്നു അന്ന്. ആ ചരിത്രപ്രധാനദിനങ്ങളുടെ അന്ത്യത്തിൽ ഭാരതജനതയോടും ഈ നഗരത്തോടുമുള്ള ബഹുമാനം പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു:

'പുരാതനമായ സംസ്കാരങ്ങളും പാരമ്പര്യങ്ങളും വലിയ ജനസംഖ്യയും സമാധാനതൃഷ്ണയുമുള്ള ഈ ഏഷ്യൻ വൻകരയുടെ പ്രതീകമായും രത്നച്ചുരുക്കമായും ബോംബെയെന്ന നഗരത്തെ എൻെറ ഓർമ്മയുടെ മണിച്ചെപ്പുകളിൽ ഞാൻ സൂക്ഷിക്കും' (4 ഡിസംബർ 1964). എൻെറ മുൻഗാമിയുടെ പാതയിൽ തുടരുന്നതിനുള്ള ഭാഗ്യം തന്നതിന് ഞാൻ ദൈവത്തിനു നന്ദി പറയുന്നു. നിങ്ങളുടെ വിസ്തൃതമായ ഈ രാജ്യത്തെ പ്രധാനപല സ്ഥലങ്ങളിലേക്കും സഞ്ചരിക്കുവാൻ കഴിഞ്ഞതിൽ ഞാൻ സന്തുഷ്ടനാണ്. ഞാൻ ഇവിടെനിന്ന് വിടവാങ്ങുമ്പോൾ ഭാരതത്തിൻെറ സമൃദ്ധമായ സംസ്കാരങ്ങളും സമ്പന്നമായ പാരമ്പര്യഗുണങ്ങളും എൻെറ ഹൃദയത്തിൽ തെളിഞ്ഞ ഓർമ്മയായി സൂക്ഷിക്കുന്നു. സമാധാനത്തിനായുള്ള നിങ്ങളുടെ ഉൽക്കടമായ തൃഷ്ണ ഞാനെന്നും ഓർക്കും. ഈ പുരാതനദേശത്തുള്ള സഭയുടെ ഊർജ്ജസ്വലത എന്നിലുണ്ടാക്കിയ അനുഭവം വിലമതിക്കാനാവാത്തതാണ്. ആർച്ച്ബിഷപ് പിമൻറയോടും അദ്ദേഹത്തിൻെറ സഹായമെത്രാന്മാരോടും ഭാരതത്തിൻെറ ഈ പ്രദേശത്തുള്ള എൻെറ സഹോദര ബിഷപ്പുമാരോടും പ്രത്യേക ആശംസകൾ അറിയിക്കുന്നു. ഇവരോടുകൂടി എൻെറ സഹോദര വൈദികരെയും, സന്യാസിനീ സന്യാസികളെയും, വിശ്വാസികളെയും

www.malankaralibrary.com



സ്വാഗതം ചെയ്യുന്നു. ക്രിസ്ത്യാനികളായ സഹോദരങ്ങൾ മാത്രമല്ല, ഹിന്ദു, മുസ്ലീം, സിഖ്, ബുദ്ധ, ജൈന ,പാഴ്സിമതങ്ങളിലെ സഹോദരീ സഹോദരന്മാർക്കും ഞാൻ സ്വാഗതം നേരുന്നു. ഈ പ്രദേശത്തെ മതാധികാരികൾക്കും, ഭരണാധികാരികൾക്കും എന്റെ ആശംസകൾ. ഭാരതത്തിലെ പ്രത്യേകിച്ച് ബോംബെയിലെ എല്ലാ കുടുംബങ്ങൾക്കും നന്മ നേരുകയും സമാധാനത്തിന്റെ ഒരു നവലോക സൃഷ്ടിയിൽ ക്രിസ്തീയ കുടുംബങ്ങൾക്കുള്ള പങ്കിനെപററി പരിചിന്തനം ചെയ്യുവാനായി നിങ്ങളെ ഈയവസരത്തിൽ ക്ഷണിക്കുകയും ചെയ്യുന്നു.

39.4. ഞാനെന്റെ ആത്മാവിനെ നിന്നിൽ നിവേശിപ്പിക്കും (എശയ്യ. 36:27). രണ്ടു വ്യക്തികൾ, സ്ത്രീയും പുരുഷനും വിവാഹമെന്ന കൂദാശക്കായി അൾത്താരയെ സമീപിക്കുമ്പോൾ സഭാസ്രഷ്ടാവിനോട് പ്രാർത്ഥിക്കുകയാണ്, ഭാര്യയും ഭർത്താവുമായി തീരേണ്ട കുടുംബം ആരംഭിക്കേണ്ട ഇവരിൽ ഇറങ്ങിവസിക്കുവാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുകയാണ്.

അവർ ഒരു വീട്ടിൽ താമസിച്ച് അവിടെ കുടുംബം സൃഷ്ടിക്കേണ്ടവരാണ്. കുടുംബം ജീവിക്കുന്നിടമാണ് ഭവനം. ഇത് കുടുംബജീവിതത്തിന്റെ ബാഹ്യഘടകവുമാണ്. പക്ഷേ, അതോടൊപ്പം അവിടെ അവരുടെ ഹൃദയങ്ങളുടെ ആന്തരിക രഹസ്യവും ഉണ്ട്. മനുഷ്യൻ കുടുംബത്തിൽ ജീവിക്കുക മാത്രമല്ല, കുടുംബം സൃഷ്ടിക്കേണ്ടതും അവനാണ്. പങ്കാളിയുടെ ഹൃദയത്തിൽ ജീവിച്ചുകൊണ്ടാണ് ഇത് സാധിക്കേണ്ടത്. ഭർത്താവ് ഭാര്യയിലും ഭാര്യ ഭർത്താവിലും ജീവിക്കണം. കുഞ്ഞുങ്ങൾ മാതാപിതാക്കളിലും, മാതാപിതാക്കൾ കുഞ്ഞുങ്ങളിലും ജീവിക്കണം. അങ്ങനെയുള്ള ഒരു ഭവനം പരസ്പരമുള്ള മനുഷ്യഹൃദയങ്ങളുടെ ഒത്തുചേരലാണ്.

അതുകൊണ്ടുതന്നെ സെനക്കളിൽ യേശു സംസാരിച്ച രഹസ്യത്തിന്റെ പ്രതിഫലനം കുടുംബത്തിൽ കാണാം. യേശു പറയുന്നു: 'ഒരുവൻ എന്നെ സ്നേഹിക്കുമ്പോൾ അവൻ എന്റെ വചനങ്ങളെ അനുസരിക്കുന്നു. അവനെ എന്റെ പിതാവ് സ്നേഹിക്കുകയും ഞങ്ങൾ അവനിൽ വാസമുറപ്പിക്കുകയുംചെയ്യും' (യോഹ. 14:23).

39.5. ഇന്നത്തെ ആരാധനക്രമം വിവാഹൈക്യത്തിന്റെയും കുടുംബത്തിന്റെയും ഒരു ചിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു. വി. ഗ്രന്ഥമാണ് അത് നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. എഫേസ്യർക്കുള്ള ലേഖനത്തിൽ ഭാര്യാഭർത്തൃബന്ധത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'ഇത് ഒരു വലിയ രഹസ്യമാകുന്നു. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാനിത് പറയുന്നത്'' (എഫേ. 5:32). യേശുവിനു സഭയോടുള്ള സ്നേ

www.malankaralibrary.com



ഹം, ഭാര്യാഭർത്തൃസ്നേഹത്തിനൊരു മാതൃകയാണ്. ആ സ്നേഹം ലോകത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നു. തന്റെ സഭക്കു വേണ്ടി സ്വന്തം ജീവൻ ഹോമിച്ചപ്പോൾ യേശു കുരിശിൽ തന്റെ സമ്പൂർണ്ണ സ്നേഹം പ്രകടമാക്കുകയായിരുന്നു. നാമോരോരുത്തരും ജ്ഞാനസ്നാനത്തിലും, സ്ഥൈര്യലേപനത്തിലും സ്വീകരിച്ച പരിശുദ്ധാത്മാവിനാൽ ഭാര്യാഭർത്താക്കന്മാരെ യേശുവിന്റെ അതേ അർപ്പിതസ്നേഹത്തോടെ പരസ്പരം സ്നേഹിക്കുവാൻ കഴിവുള്ളവരാക്കുന്നു. അതുകൊണ്ടാണ് വി. പൗലോസ് ഭർത്താക്കന്മാരെ ഇപ്രകാരം ഉപദേശിക്കുന്നത്. ഭർത്താക്കന്മാരെ, യേശു സഭയെ വിശുദ്ധീകരിക്കാൻ തന്നെത്തന്നെ സ്വയം സമർപ്പിച്ചതുപോലെ, അവളെ സ്നേഹിച്ചതുപോലെ നിങ്ങളും നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം' (എഫേ. 5:25-26). യേശുവിന്റെ സ്നേഹം എന്നും നിലനിൽക്കുന്നു. അത് എന്നും ജീവൻ നൽകുന്നതും ഫലദായകവുമാണ്. ക്രിസ്തീയ ദമ്പതികൾ അഭേദ്യമായ ഈ ബന്ധത്തിൽ പരസ്പരം ഐക്യപ്പെട്ടിരിക്കുന്നു. അതാകട്ടെ നവജീവൻ ഉത്പാദിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും വേണ്ടിയാണ്.

39.6. വിവാഹകൂദാശയുടെ ശുശ്രൂഷകരാകുവാൻ അൾത്താരയെ സമീപിക്കുന്ന എല്ലാ ദമ്പതികളും കൺമുമ്പിൽ കാണേണ്ട ഒരു ചിത്രമാണിത്. ഈ കൂദാശയിൽ സഭ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുകയും പരിശുദ്ധാത്മാവ് തന്റെ ശുദ്ധീകരണശക്തിയാൽ നവദമ്പതികളിൽ ഭാര്യാഭർത്തൃത്വത്തിലേക്ക് ഹൃദയപരിവർത്തനത്തിന് കാരണമാകുകയും ചെയ്യുന്നു. ഈ ഹൃദയപരിവർത്തനം വിവാഹ ഉടമ്പടിയുടെ ഉറച്ച അടിസ്ഥാന ശിലയാണ്.

ഈ ഹൃദയ പരിവർത്തനം വിവാഹത്തിലെ പ്രത്യേകമായൊരു അർച്ചനയാണ് (cfr. Humanae Vitae, 25). സ്ത്രീയും പുരുഷനും പരസ്പരം അർപ്പിക്കുമ്പോൾ അവർ തങ്ങളുടെ ആത്മാവും ശരീരവും ദൈവത്തിൽ അർപ്പിക്കുന്നു. അവരുടെ ഐക്യമാണ് വളർന്നു വികസിച്ച് പക്വതയുള്ളൊരു കുടുംബസമൂഹമായിത്തീരേണ്ടത്. അതായത് സ്നേഹത്തിന്റെയും ജീവന്റെയും കൂട്ടായ്മ.

ഭാര്യാഭർത്താക്കന്മാർ ഈ ഐക്യം കൂടുതൽ ആഴമുള്ളതും വിശാലവുമാക്കുവാൻ ചുമതലപ്പെട്ടവരാണ്. ഉത്തരവാദിത്വപൂർണ്ണമായ ജീവദാനത്തിലൂടെ അവർ തങ്ങളുടെ കുട്ടികളെ ഫലദായകത്വത്തിന്റെ പ്രതീകവും ദൈവത്തിന്റെ ദാനവുമായി സ്വീകരിക്കുന്നു. മഹത്തായ ഒരു സ്നേഹസമർപ്പണത്തിലേക്കുള്ള വിളിയായ ശിശുവിന്റെ ജനനത്തോടെ, തങ്ങൾ തമ്മിലുള്ള സ്നേഹൈക്യം കൂടുതൽ ഭദ്രമാകുന്നതായും, അത് മററു

www.malankaralibrary.com



ള്ളവരെ ഉൾക്കൊള്ളാൻ മാത്രം വിശാലമാകുന്നതായും അവർക്ക് അനുഭവപ്പെടുന്നു. ഭാരതീയ കവി ടാഗോറിന്റെ വാക്കുകളിൽ 'ദൈവത്തിന് മനുഷ്യവംശത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടിട്ടില്ല എന്ന സന്ദേശവുമായാണ് ഓരോ ശിശുവും ജനിച്ചുവീഴുന്നത്.'

രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഉത്തരവാദിത്വ പൂർണ്ണമായ പിതൃത്വം (മാതൃത്വം) കൊണ്ട് അർത്ഥമാക്കുന്നത് ഇതാണ്. 'മാതാപിതാക്കൾ തങ്ങളുടെതന്നെയും തങ്ങൾക്ക് ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെയും നന്മയെ കണക്കിലെടുക്കണം. കൂടാതെ തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും, ആദ്ധ്യാത്മികവുമായ സാഹചര്യങ്ങളെയുംശ്രദ്ധാപൂർവ്വം പരിഗണിക്കണം. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസഭയുടെതന്നെയും താല്പര്യങ്ങളെയും സംരക്ഷിക്കണം (സഭ ആധുനികലോകത്തിൽ 50). കൗൺസിൽ വീണ്ടും പറയുന്നു: 'ദാമ്പത്യസ്നേഹത്തെ ഉത്തരവാദിത്വത്തോടെ ജീവോത്പാദനവുമായി പൊരുത്തപ്പെടുത്തേണ്ട പ്രശ്നം ഉദിക്കുമ്പോൾ പ്രവർത്തനരീതിയുടെ സാന്മാർഗിക സ്വഭാവം നിശ്ചയിക്കേണ്ടത് വെറും നിഷ്കളങ്കമായ ഉദ്ദേശശുദ്ധിയേയോ പ്രേരണയുടെ വിലയിരുത്തലിനെയോ മാത്രം ആശ്രയിച്ചല്ല, വ്യക്തിയുടെ പ്രവൃത്തികൾക്കും സ്വഭാവത്തിൽ അടിയുറച്ച വസ്തുനിഷ്ഠമായ മാനദണ്ഡങ്ങൾക്കും അനുസൃതമായാണ്. ഈ മാനദണ്ഡങ്ങൾ പരസ്പരമുള്ള സ്വയം സമർപ്പണത്തെ പരിപൂർണമായി കാത്തുസൂക്ഷിക്കുകയും യഥാർത്ഥ സ്നേഹത്തിൽനിന്നുത്ഭവിക്കുന്ന സന്താനോത്പാദനത്തെ പരിരക്ഷിക്കുകയും ചെയ്യും' (സഭ ആധുനികലോകത്തിൽ, 51).

ഗാന്ധിജിയുടെ വാക്കുകളിൽ 'ലോകത്തിന്റെ ക്രമമായുള്ള വളർച്ചക്ക് അനുയോജ്യമായവിധത്തിലായിരിക്കണം സന്താനോത്പാദനം'. അദ്ദേഹം ചോദിക്കുന്നു ജനനനിയന്ത്രണം എങ്ങനെ സാധ്യമാക്കാം? അദ്ദേഹം തന്നെ ഉത്തരവും തരുന്നുണ്ട്, 'അസാന്മാർഗികവും കൃത്രിമവുമായ മാർഗങ്ങളിലൂടെയല്ല, അച്ചടക്കത്തിന്റെയും സ്വയം നിയന്ത്രണത്തിന്റെയും മാർഗത്തിലൂടെയല്ലാതെ സാന്മാർഗിക ഫലങ്ങൾ ഉത്പാദിപ്പിക്കുവാൻ സാധ്യമല്ല'! എന്റെ പ്രിയ സഹോദരീസഹോദരന്മാരെ, ഇതുതന്നെയാണ് സഭയുടെയും ആഴമായ ബോധ്യം.

മനുഷ്യജീവിതം ഉരുവായ നിമിഷം മുതൽ അത് പാവനമാണെന്ന് പ്രഖ്യാപിക്കുകയാണ് എവിടെയുമുള്ള കുടുംബത്തിന്റെയും സമൂഹത്തിന്റെയും കടമ. മനുഷ്യജീവിതത്തെ വ്രണപ്പെടുത്തുകയോ, ബലഹീനമാക്കുകയോ നശിപ്പിക്കുകയോ ചെ

www.malankaralibrary.com



യ്യുന്ന എല്ലാററിനെയും, മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെ മാനിക്കാത്ത ഏതൊന്നിനെയും തിരസ്ക്കരിക്കുക മനുഷ്യ വംശം മുഴുവൻെറയും കടമയാണ്.

39.7. സമാധാനത്തിൻെറയും സൗഹാർദ്ദതയുടെയും ഒരു സമൂഹമാകുവാൻ കുടുംബത്തെ ദൈവം ക്ഷണിക്കുന്നു. കുടുംബം അതോടൊപ്പം എല്ലാ വ്യക്തികളെയും രാജ്യങ്ങളെയും അതു പോലെ സമൂഹമായിത്തീരുവാൻ ക്ഷണിക്കുന്നു.

കുടുംബത്തിൻെറ അവകാശങ്ങൾ സംരക്ഷിക്കുന്ന സമാധാനത്തിൻെറയും സൗഹാർദ്ദതയുടെയും സാമൂഹികാന്തരീക്ഷമാണ് ആദ്യമായി കുടുംബത്തിനാവശ്യം. ഇന്നത്തെ ഭാരതത്തിലെ കുടുംബത്തിൻെറ അവസ്ഥ പ്രോൽസാഹജനകമായ അടയാളങ്ങളാണ് കാണിക്കുന്നതു്. പരസ്പര വിശ്വസ്തതക്ക് നൽകപ്പെടുന്ന ആദരം, സ്ത്രീ മഹത്വത്തിനുവേണ്ടിയുള്ള ഉചിതമായ ശ്രമങ്ങൾ, കുഞ്ഞുങ്ങൾക്ക് മാതാപിതാക്കന്മാർ നൽകുന്ന സംരക്ഷണം, മാതാപിതാക്കളോടുള്ള മക്കളുടെ ഭക്തി, വിവാഹത്തിലെ വ്യക്തിബന്ധങ്ങളോടുള്ള ശ്രദ്ധ, കുട്ടികളുടെ വിദ്യാഭ്യാസത്തിലുള്ള താല്പര്യം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

മററൊരുതരത്തിൽ പറഞ്ഞാൽ ഇന്നത്തെ കുടുംബം ആധുനിക സമൂഹത്തിലെ ചില പ്രവണതകളുടെയും ശീഘ്രവികസനത്തിൻെറയും മററു ചില സമ്മർദ്ദങ്ങളുടെയും പിടിയിലാണ്. സംഘട്ടനങ്ങളും ഛിദ്രവാസനകളും, അധികാരത്തളർച്ചയും അതു് ഇന്നു അനുഭവിക്കുന്നുണ്ട്. തങ്ങളുടെ കുട്ടികളിലേക്ക് മഹത്തായ മൂല്യങ്ങൾ കൈമാറാൻ കഴിയാതെ മാതാപിതാക്കൾ വിഷമിക്കുന്നു. ദ്രുതഗതിയിലുള്ള നാഗരീകരണം, ഇടുങ്ങിയ ചേരികൾ, ഭവനരാഹിത്യവും വദ്ധിച്ചു വരുന്ന തൊഴിലില്ലായ്മയും കുടുംബത്തിനു നേരെ ഉയരുന്ന വെല്ലുവിളിയാണ്.

കുടുംബജീവിതത്തെയും വിവാഹജീവിതത്തെയും പ്രതികൂലമായി ബാധിക്കുന്ന അസാന്മാർഗികതയോടുള്ള സഭയുടെ എതിർപ്പ് അവളുടെ ആഴമുള്ള ബോധ്യങ്ങളിൽനിന്നാണ്. മനുഷ്യകുലത്തോടുള്ള ദൈവത്തിൻെറ പദ്ധതികൾക്കെതിരാണ് ഈ അസാന്മാർഗികത. മനുഷ്യജീവിതത്തിൻെറ മൂല്യങ്ങളെയും വിവാഹത്തിൻെറ പരിശുദ്ധിയെയും അത് കളഞ്ഞുകളിക്കുന്നു. മനുഷ്യരുടെ ക്ഷേമവും കുടുംബത്തിൻെറ അവകാശങ്ങളും സംരക്ഷിക്കുവാനുള്ള ചുമതല സഭക്കുണ്ട്. അതുകൊണ്ടാണ് മനുഷ്യനെപററിയുള്ള പൂർണ സത്യത്തെ പ്രഘോഷിക്കുന്നതിനുള്ള സഭയുടെ അർപ്പണം അവൾ പുതുക്കിക്കൊണ്ടിരിക്കുന്നത്.

www.malankaralibrary.com



39.8. പ്രാദേശികസമുദായത്തിനും കൂടുതൽ വ്യാപകമായ സമൂഹജീവിതത്തിനും രാഷ്ട്രജീവിതത്തിനുതന്നെയും അത്യാവശ്യഘടകങ്ങളാണ് സമാധാനവും സൗഹാർദ്ദതയും. സമാധാനത്തിൻെറയും സൗഹാർദ്ദതയുടെയും സാന്നിധ്യത്തെയോ അഭാവത്തെയോ ആശ്രയിച്ചാണ് ഓരോ രാഷ്ട്രത്തിൻെറയും സമൂഹത്തിൻെറയും ജീവിതത്തിൻെറ മേന്മ. എവിടെ സമാധാനത്തിൻെറ അന്തരീക്ഷം നിലനിൽക്കുന്നുവോ, അവിടെയെല്ലാം ജനങ്ങൾക്ക് സന്മാർഗവൈശിഷ്ട്യവും ആനന്ദവും നൽകിക്കൊണ്ട് അവരെ പൂർണവളർച്ചയിലേക്ക് നയിക്കുകയും സ്നേഹദൈവത്തിൻെറ മക്കളായി ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സഹായിക്കുകയുംചെയ്യുന്ന നന്മയുടെ ഉറവ രൂപംകൊള്ളുന്നു. എവിടെ സാഹോദര്യത്തിൻെറ ഐക്യമുണ്ടോ അവിടെ പാവപ്പെട്ടവരുടെയും, പ്രതിരോധശക്തിയില്ലാത്തവരുടെയും അവകാശങ്ങൾ ലംഘിക്കപ്പെടുന്നില്ല. മറിച്ച് അവരുടെ നിലയും ക്ഷേമവും സംരക്ഷിക്കപ്പെടുകയും പ്രോത്സാഹിക്കപ്പെടുകയും ചെയ്യുന്നു. എവിടെയൊക്കെ നീതിയും സ്വാതന്ത്ര്യവും, മനുഷ്യപ്രകൃതിയോടുള്ള കറകളഞ്ഞ ബഹുമാനവും ഉണ്ടോ, അവിടെ മാത്രമേ സമാധാനം നിലനിൽക്കുകയുള്ളു.

പക്ഷേ, ആധുനികലോകം സാഹോദര്യരാഹിത്യത്തിലേക്കും, അക്രമത്തിലേക്കും, പിരിമുറുക്കത്തിലേക്കും, വിവേചനത്തിലേക്കും അനീതിയിലേക്കും വീണുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നങ്ങളെ നേരിടുന്നവിധം ആശ്രയിച്ചിരിക്കും മനുഷ്യവംശത്തിൻെറ ഭാവി. സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും നിലനിൽപും ഇതിനെ ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയും ലോകത്തിലെ എല്ലാ രാജ്യങ്ങളും നേരിടുന്ന ഒരു വെല്ലുവിളിയാണിത്.

39.9. മനുഷ്യവംശം മുഴുവൻ ഒരു കുടുംബമാണ്. വൈവിധ്യങ്ങൾ നിറഞ്ഞ മനുഷ്യൻെറ ബൃഹത്തായ കുടുംബം. ലോകം മുഴുവനും സമാധാനം ഉറപ്പുവരുത്തുകയും അന്തർദേശീയ നീതി സംജാതമാക്കുകയും ലോകത്തിലെ എല്ലാ ജനങ്ങളും തമ്മിലുള്ള പരസ്പര ധാരണയുണ്ടാക്കുകയുമാണ് ഈ കാലഘട്ടത്തിൻെറ മോഹനലക്ഷ്യം. ഇത് രാഷ്ട്രങ്ങളുടെയും അന്തർദേശീയ സംഘടനകളുടെയും നേതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. സമാധാനത്തിനുവേണ്ടിയുള്ള എന്തെന്ത് പരിപാടികളാണ് ലോകത്തിലുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും വിവിധ ഭാവത്തിൽ, രൂപത്തിൽ സംഘടിപ്പിച്ചുവരുന്നത്. ജനകീയ പ്രസ്ഥാനങ്ങളും പൊതു ജനാഭിപ്രായവും ഇതിനെ പിൻതാങ്ങുന്നു. കലാപവും വിഭജനവുംകൊണ്ട് ലോകത്തിലെ ജനത പൊറുതിമുട്ടിയിരിക്കുന്നു. ലോകം സമാധാനത്തിനും ശാന്തിക്കുമായി കേഴുന്നു.

www.malankaralibrary.com



39.10. അതുകൊണ്ട് 20-ാം നൂററാണ്ടിൽ സഭ നീതിക്കും സമഗ്രമാനവ പുരോഗതിക്കുംവേണ്ടി ആഹ്വാനം ചെയ്യുന്നു. ബിഷപ്പുമാരുടെ സമ്മേളനങ്ങൾ വഴിയും പ്രാദേശിക സഭകളിലൂടെയുംഅതുപോലെതന്നെ ഇടവകകളുടെ പരിശ്രമത്തിലൂടെയും വിവിധ സംഘടനകളിലൂടെയും നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലൂടെയും മററും പല രീതികളിൽ സഭ സാഹോദര്യത്തിനും ഐക്യത്തിനും വേണ്ടി യത്നിക്കുന്നു. എല്ലാററിനുമുപരിയായി യേശുവിന്റെ സുവിശേഷത്തിലെ സഹോദരസ്നേഹത്തിന് സാക്ഷ്യം വഹിക്കാൻ ക്രിസ്തീയ കുടുംബങ്ങൾ മുന്നോട്ട് വരണമെന്നു സഭ ആഗ്രഹിക്കുന്നു.

മനുഷ്യവംശത്തിന് ഒരു നവചൈതന്യം പകർന്നുകൊടുക്കുന്നതിനും ശിലാഹൃദയങ്ങൾ മാററി പകരം മാംസളമായ ഒരു ഹൃദയം ലഭ്യമാക്കുന്നതിനും അങ്ങനെ സംഘർഷമേഖലകളും അന്തർദേശീയജീവിതവും സമാധാനംകൊണ്ടു നിറയാൻ അവർ പ്രാർത്ഥിക്കുന്നു.

കാരണം ലോകം വ്യക്തികളുടെയും, ജനതകളുടെയും, രാഷ്ട്രങ്ങളുടെയും, മനുഷ്യവംശത്തിന്റെതന്നെയും കുടുംബമാണ്. എന്നത്തെക്കാളും മനുഷ്യവർഗം ഇന്ന് അംഗസംഖ്യയിൽ വളർന്നിരിക്കുന്നു. മറേറതൊരു കാലഘട്ടത്തെക്കാളും ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങൾ നാം കൈവരിച്ചിരിക്കുന്നു. ഇക്കാരണംകൊണ്ടുതന്നെ സന്മാർഗികപുരോഗതിയും ആധ്യാത്മികവികാസവും അതിനെല്ലാമുപരിയായി സമ്പൂർണമായ മാനവവികാസവും നാം നേടേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ സഭയുടെ മുറവിളി ഭാരതത്തിലെ ഓരോ പൗരന്റെയും ഹൃദയവികാരങ്ങളാണെന്ന് എനിക്കുറപ്പുണ്ട്.

39.11. മാനവകുലത്തിന്റെതന്നെ ഭവനമായ ഭൂമി ദൈവത്തിന്റേതാണ്. ഇന്നത്തെ ആരാധനക്രമവും സങ്കീർത്തകന്റെ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇതുതന്നെയാണ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്: 'ജനപദങ്ങളെ, ഉദ്ഘോഷിക്കുവിൻ; മഹത്വവും ശക്തിയും കർത്താവിന്റേതെന്ന് ഉദ്ഘോഷിക്കുവിൻ. കർത്താവിന്റെ നാമത്തിനു ചേർന്നവിധം അവിടുത്തെ മഹത്വപ്പെടുത്തുവിൻ.... ഭൂമിമുഴുവൻ അവിടുത്തെ മുമ്പിൽ ഭയന്നു വിറയ്ക്കട്ടെ. ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ, കർത്താവ് വാഴുന്നു. ലോകം സുസ്ഥാപിതമായിരിക്കുന്നു; അതിന് ഇളക്കം തട്ടുകയില്ല. അവിടുന്ന് ജനതകളെ നീതിപൂർവം വിധിക്കും,.... അവിടുന്ന് ഭൂമിയെ വിധിക്കാൻവരുന്നു.

www.malankaralibrary.com



അവിടുന്നു ലോകത്തെ നീതിയോടും, ജനതകളെ സത്യത്തോടുംകൂടെ വിധിക്കും' (സങ്കീ. 96:7–10,13).

ഈ പ്രാർത്ഥന എത്രയുംവേഗം കേൾക്കുവാൻ ഇടവരട്ടെ. ആമ്മേൻ.

ബോംബെ ശിവജിപാർക്കിൽ ദിവ്യബലിക്കിടയിൽ ചെയ്ത സുവിശേഷപ്രഭാഷണം. 1986 ഫെ. 9.

www.malankaralibrary.com

# 40

# ശിവജിപാർക്കിൽ മാതാവിനോട്

നസ്രത്തിലെ മറിയമേ, ദൈവത്തിന്റെ അമ്മേ, സഭയുടെ മാതാവേ,

ഈ ദിവ്യബലിയുടെ അവസാനം വിശ്വാസത്തോടും പ്രത്യാശയോടും പ്രാർത്ഥനാപൂർവം ഞങ്ങൾ അങ്ങിലേക്കു തിരിയുന്നു. ഞങ്ങളുടെ അത്യഗാധമായ ഹൃദയവികാരങ്ങൾ അങ്ങേക്കു അർപ്പിക്കുന്നു.

'സ്ത്രീയെ, ഇതാ നിന്റെ മകൻ' (യോഹ. 19:26) എന്നു കുരിശിന്റെ ചുവട്ടിൽ നീ നിന്നപ്പോൾ അങ്ങേ മകൻ പറഞ്ഞ അവസാന വാക്കുകൾ ഓർത്തുകൊണ്ട് ദൈവത്തിന്റെ പരിശുദ്ധ അമ്മേ, ഇതാ ഞങ്ങൾ അങ്ങേപക്കൽ വരുന്നു.

സ്ത്രീയെ, ഇതാ നിന്റെ മകൻ! മറിയമെ, ഇതാ നിന്റെ മക്കൾ! ഏററവും പ്രിയപ്പെട്ട അമ്മേ, ഇതാ ഭൂമിയിലെ അങ്ങയുടെ മക്കൾ, ഭാരതത്തിലെ അങ്ങയുടെ മക്കൾ.

തന്റെ പ്രിയ ശിഷ്യനായ യോഹന്നാനെ അങ്ങയുടെ സംരക്ഷണയിൽ യേശു ഭരമേല്പിച്ചതുപോലെ ഞാനും ഈ രാജ്യത്ത് വസിക്കുന്ന എല്ലാ മനുഷ്യരെയും അങ്ങയെ ഭരമേൽപിക്കുന്നു. മാതൃസഹജമായ സംരക്ഷണയോടെ അങ്ങ് അവരോടു കൂടെയായിരിക്കണമെ. നിന്നെ നോക്കിക്കൊണ്ടിരിക്കുന്നവരെയും പ്രാർത്ഥനകൾ ദൈവത്തിലേക്ക് എത്തിക്കണമെന്നു പ്രാത്ഥിക്കുന്നവരെയും അങ്ങ് കൈകൾ വിരിച്ച് ആശ്ലേഷിക്കു.

ഏററവും പരിശുദ്ധ കന്യകാമറിയമേ, ഈ രാജ്യത്തെ യുവജനങ്ങളെ അങ്ങയുടെ സ്നേഹത്തിനും സംരക്ഷണത്തിനുമായി ഞാൻ ഭരമേൽപിക്കുന്നു. സ്രഷ്ടാവിന്റെ നന്മ പ്രതിഫലിപ്പിക്കുന്നു. നിഷ്കളങ്കതയോടുകൂടിയ, കർത്താവിന്റെ മഹത്വം വെളിവാക്കുന്ന ലാളിത്യമുള്ള ശിശുക്കളെയും ഞാൻ അങ്ങയെ ഭരമേൽപിക്കുന്നു. സത്യത്തിനും മാർഗനിർദേശത്തിനും ലക്ഷ്യങ്ങൾക്കുംവേണ്ടി ഉഴലുന്ന യുവാക്കൾക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സെമിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുകയും ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം എന്നീ പുണ്യങ്ങളിലൂടെ തങ്ങളുടെ ജീവിതത്തെ ദൈവത്തിനർപ്പിക്കാൻ തയ്യാ

www.malankaralibrary.com



യിൽ ഞങ്ങരം ആശ്രയിക്കുന്നു. യേശുവിനോടും ഞങ്ങളുടെ സഹോദരങ്ങളോടും പൂർണമായ ഐക്യത്തിൽ ജീവിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കായി വാങ്ങിത്തരേണമേ. ഞങ്ങരം പറയുന്നതും ചെയ്യുന്നതും പിതാവിനും പുത്രനും പരിശുദ്ധാത്രുപിക്കും ഉപരിസ്തുതിക്കും പുകഴ്ചക്കും കാരണമാകട്ടെ.

ആമേൻ

ബോംബെയിലെ കുർബാനമധ്യേ നടത്തിയ പരിശുദ്ധ കന്യകാമറിയത്തിനുള്ള സമർപ്പണം. 1986 ഫെ. 9.

www.malankaralibrary.com

# 41

# പൂനെ സെമിനാരിയിൽ

പ്രിയപ്പെട്ട സഹോദരീസഹോദരൻമാരെ,

41.1. 'ഞാൻ മുന്തിരിച്ചെടിയും നിങ്ങളതിൻെറ ശാഖകളുമാകുന്നു' (യോഹ. 15:5). പൂനെയിലെ പേപ്പൽസെമിനാരി മൈതാനത്തിൽ നിങ്ങളോടൊപ്പം ദിവ്യപൂജയർപ്പിക്കുവാൻ സാധിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഭാരതസഭയുടെ ഭാവിയിലേക്കുള്ള പ്രതീക്ഷകൊണ്ട് നിറഞ്ഞതാണ് ഈ നഗരം. വളരെയേറെ നൊവീഷ്യററ് ഭവനങ്ങളും, വിവിധ സന്യാസസഭകളുടെ രൂപീകരണഭവനങ്ങളും, ദേശീയദൈവവിളികേന്ദ്രവും ഇവിടെയുണ്ട്. ദൈവവിളിയുടെ മഹോന്നതമായ ദാനത്തിനും പ്രത്യാശയുടെ അത്ഭുതകരമായ ഈ അടയാളത്തിനും ഭാരതത്തിൽ ആകമാനമുള്ള ദൈവവിളികൾക്കും നാം ദൈവത്തിന് നന്ദിപറയുകയും സ്തോത്രമർപ്പിക്കുകയും ചെയ്യുന്നു.

എൻെറ മുന്നിലിരിക്കുന്ന അനേകം വൈദികവിദ്യാർത്ഥികളെ കാണുമ്പോൾ ഞാൻ ആനന്ദനിർവൃതിയടയുന്നു. ഉന്നതമായൊരു അർപ്പിതജീവിതത്തിന് തയ്യാറെടുക്കുന്ന ഈ സന്യാസിനീസന്യാസികൾ എന്നെ സന്തോഷവാനാക്കുന്നു. അനേകം വെല്ലുവിളികളും പ്രശ്നങ്ങളും നേരിടുന്ന ഈ രാഷ്ട്രത്തിൽ, യേശുവിൻെറ മുന്തിരിത്തോപ്പിൽ, അവിടത്തെ അഭീഷ്ടമനുസരിച്ച് ജോലിചെയ്യാൻ, ആവേശിതരും അർപ്പിതരുമായ കൂടുതൽ വേലക്കാരുടെ ആവശ്യകതയെ ആർക്ക് അവഗണിക്കാനാവും?

പാവനമായ ഈ മുഹൂർത്തത്തിൽ സന്നിഹിതരായിരിക്കുന്ന ഏവരെയും ഞാൻ അത്യാഹ്ളാദത്തോടെ സ്വാഗതം ചെയ്യുന്നു ഭാരതത്തിലെ ഈ പ്രദേശത്തുള്ള എൻെറ എല്ലാ സഹോദരമെത്രാന്മാരെയും, സഹോദരവൈദികരെയും, എല്ലാ സന്യാസിനീസന്യാസികളെയും വിശ്വാസികളെയും സ്വാഗതം ചെയ്യുന്നു. സഭയിലെ ദൈവവിളികളെ ഉദാരമായി ശ്രവിക്കാനും സ്വീകരിക്കാനും യുവജനങ്ങളുടെ ഹൃദയങ്ങളെ ആദ്യമായൊരുക്കിയ കുടുംബങ്ങൾക്കും, അതോടൊപ്പം ദൈവവിളി വളർത്തിയെടുക്കുന്നതിൽ സഹായിക്കുന്ന സഭാധികാരികൾക്കും, സെമിനാരി അധികാരികൾക്കും, സന്യാസഭവനങ്ങൾക്കും ഞാൻ പ്രത്യേകം സ്വാഗതം അർപ്പിക്കുന്നു.

www.malankaralibrary.com



41.2. വൈദികവിദ്യാർത്ഥികളോടായി ഞാൻ അല്പം സംസാരിക്കാൻ ആഗ്രഹിക്കുന്നു. പ്രിയ സഹോദരങ്ങളെ, ക്രിസ്തുവിൽ പ്രിയ മക്കളെ, ഭാവിപുരോഹിതരെന്നനിലയിൽ ശ്രദ്ധേയമായ തനിമയുള്ള ആധ്യാത്മികനേതാക്കന്മാരാകാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവവചനത്തോടും, പ്രാർത്ഥനയോടും അർപ്പണം ചെയ്യപ്പെട്ട സഭാംഗങ്ങളായി എളിമയോടും ഉദാരതയോടുംകൂടി യേശുവിന്റെ മധ്യസ്ഥതയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവരാണ് നിങ്ങൾ.

മനുഷ്യാസ്തിത്വത്തിന്റെ വിവിധ മേഖലകളിൽ വിദഗ്ധന്മാരും, നേതാക്കന്മാരും നിറഞ്ഞ ലോകമാണ് നമ്മുടേത്. സഭാശുശ്രൂഷകൻ സമൂഹത്തിലെ ഭൗതികമേഖലകളിൽ നേതൃത്വം ഏറ്റെടുക്കാനല്ല വിളിക്കപ്പെട്ടിരിക്കുന്നത്. ഇക്കാര്യങ്ങൾ നോക്കാൻ ഭാരതത്തിൽ പ്രാപ്തിയുള്ള അനേകം അല്മായരുണ്ട്. ഭാരതീയനേതൃത്വത്തോടുള്ള വളർന്നുവരുന്ന അഭിനിവേശം നമ്മെ പ്രലോഭിപ്പിച്ചേക്കാം. നിങ്ങളുടെ വിളി പ്രത്യേകമായി ആധ്യാത്മികതയിലേക്കുള്ളതായതിനാൽ നിങ്ങൾ ലോകത്തിനു പ്രസക്തരല്ലെന്നു തോന്നിയേക്കാം. ദൈവത്തിൽനിന്നുള്ള ഈ വിളിയുടെ അമൂല്യതയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ആധ്യാത്മികതയോട് എന്നും നിലനിന്നുപോരുന്ന ഈ ആഭിമുഖ്യം ഭാരതത്തിലുള്ളതുകൊണ്ട് ഇത് പ്രത്യേകം ശ്രദ്ധേയമാണ്. ദൈവത്തിന്റെ വിദ്യയിലും അനുഭവത്തിലും നിങ്ങൾക്ക് താല്പര്യമുണ്ട്. ഈ ആഭിമുഖ്യം ദൈവവിളിയിലും നമുക്ക് പ്രയോഗിക്കാം.

41.3. മനുഷ്യഹൃദയത്തിന്റെ നിഗൂഢമേഖലകളിൽ ദൈവവിളിയെന്ന വരപ്രസാദം ഒരു സംഭാഷണത്തിന്റെ രൂപമെടുക്കുന്നു. ഈ സംഭാഷണത്തിന് വ്യക്തിപരമായ ഒരു ക്ഷണവുമുണ്ട്, യേശു വ്യക്തിയെ പേരുചൊല്ലി വിളിക്കുകയാണ്. അവിടുന്ന് ആഹ്വാനംചെയ്യുന്നു, 'വന്ന്', എന്നെ അനുഗമിക്കുക. രഹസ്യവും ആന്തരികവുമായ ഈ വിളി നിശ്ശബ്ദതയിലും പ്രാർത്ഥനയിലുമാണ് വ്യക്തമായി നാം കേൾക്കുക. ഇതിന്റെ സ്വീകരണം വിശ്വാസത്തിന്റെ പ്രവർത്തനമാണ്.

ദൈവവിളി സ്നേഹത്തിന്റെ അടയാളവും സ്നേഹത്തിലേക്കുള്ള ക്ഷണവുമാണ്. സുവിശേഷത്തിലെ ചെറുപ്പക്കാരനോടുള്ള സംഭാഷണത്തിലൂടെ നാമറിയുന്നു; 'യേശു സ്നേഹത്തോടെ അവനെ നോക്കി'യെന്ന്. ദൈവവിളി എപ്പോഴും ഒരു തെരഞ്ഞെടുപ്പ് നമ്മോട് ആവശ്യപ്പെടുന്നു. തന്റെ സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള അവബോധത്തിൽനിന്നുള്ള തീരുമാനം. യേശുവിന്റെ വിളിയോട് 'അതെ' എന്നുത്തരം പറയാനുള്ള ഈ തീരുമാനം പ്രധാനപ്പെട്ട പല അനന്തരഫലങ്ങളും ഉളവാക്കുന്നുണ്ട്.

www.malankaralibrary.com



അവ ഇതൊക്കെയാണ്. മററ് ജീവിത പദ്ധതികൾ ഉപേക്ഷിക്കുക, പ്രിയപ്പെട്ടവരെ ഉപേക്ഷിക്കാനുള്ള സന്നദ്ധത, യേശുവിന്റെ സാമീപ്യത്തിലേക്കും ഐക്യത്തിലേക്കുമുള്ള പാതയിലൂടെ ആഴമുള്ള വിശ്വാസത്തോടെ യാത്ര ചെയ്യുന്നതിലുള്ള തയ്യാറെടുപ്പ്.

സങ്കീർത്തകന്റെ വാക്കുകളിൽ ദൈവവിളിയോടുള്ള സ്നേഹ പ്രതികരണം പ്രകാശിതമാകുന്നു.

'ഞാൻ കർത്താവിനോട് പറഞ്ഞു,
അങ്ങ് എന്റെ കർത്താവാണ്.
എന്റെ ആനന്ദം നിന്നിൽ മാത്രമാണ്.
കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും.
അങ്ങാണെന്റെ പ്രതിഫലം.
നീയെനിക്ക് ജീവന്റെ വഴി കാണിച്ചുതരുന്നു;
നിന്റെ സന്നിധിയിൽ നിറവാർന്ന ആനന്ദമുണ്ട്;
നിന്റെ വലംകയ്യിൽ ശാശ്വതമായ ആഹ്ലാദമുണ്ട്' (സങ്കീ. 6:2-5,11).

41.4. ഈ വരപ്രസാദം ഒരു പ്രതികരണം ആവശ്യപ്പെടുന്നു. അതായത് ധാരണാശക്തിക്കപ്പുറവും ദൈവത്താൽ വെളിവാക്കപ്പെട്ട രഹസ്യവുമായി താദാത്മ്യപ്പെടാനുള്ള ബോധപൂർവമായ ശ്രമം. ഓരോ വിളിയും ദൈവികരഹസ്യത്തിലേക്ക് പൂർണമായി ആഴ്ന്നിറങ്ങുവാനുള്ള ക്ഷണമാണ്. ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവുമായ പഠനങ്ങൾ യേശു എന്ന വ്യക്തിയെക്കുറിച്ചുള്ള ഗാഢമായ അറിവു തരുന്ന അവസരങ്ങളാണ്. അഗാധമായ ആ അറിവ് നമ്മുടെ ഭൗതിക ശ്രമങ്ങളെ മാത്രമല്ല ആശ്രയിച്ചുനിൽക്കുന്നത്, അതിലുപരി പുത്രനെ അറിയുവാൻ നമ്മെപ്രാപ്തരാക്കുന്ന പരിശുദ്ധാത്മാവുവഴി നമുക്ക് നൽകപ്പെടുന്ന പിതാവിന്റെ ദാനമാണിത്. നിശ്ശബ്ദതയിലും പ്രാർത്ഥനയിലും നിങ്ങൾ ദൈവികശബ്ദം ശ്രവിക്കുവാൻ പഠിക്കണം. വിശ്വാസ കാര്യങ്ങളിൽ കൂടുതൽ അറിവു സമ്പാദിച്ചാൽമാത്രം പോരാ, ഒരുവൻ യേശുവിനോട് അനുരൂപപ്പെടണം.

മുന്തിരിച്ചെടിയുടെ ഉപമയിൽ യേശു ക്രമപ്പെടുത്തിയ പ്രവർത്തന പദ്ധതിയെ പിൻതുടരുകയാണ് ദൈവവിളിയെന്ന പ്രസാദവരത്തോടുള്ള പൂർണവും ബോധപൂർവകവുമായ സഹകരണംവഴി ഉദ്ദേശിക്കുന്നത്. യേശു പറയുന്നു: 'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്'' (യോഹ. 15:1).

യേശുവിനോട് ഐക്യപ്പെട്ട് ജീവിക്കുവാനും അവനോടുകൂടി ഒന്നായിരിക്കാനും അവന്റെ വിളിയോട് വിശ്വസ്തനായിരിക്കാനുമായിരിക്കണം നമ്മുടെ ആദ്യത്തെ ശ്രദ്ധ. 'നിങ്ങളെന്നിലും ഞാൻ നിങ്ങളിലും ആകുന്നു' (യോഹ. 15:4). ഈ രീതി

www.malankaralibrary.com



യിൽ മാത്രമേ സ്വർഗരാജ്യത്തിനുവേണ്ടി സമൃദ്ധമായ ഫലങ്ങൾ വഹിക്കുവാൻ നിങ്ങൾക്ക് കഴിയൂ. യേശുവിൽ ജീവിച്ചുമാത്രമേ സഭയിൽ വലിയ കാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാനാകൂ. അതിനാൽ യേശു പറയുന്നു: 'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ അതിന്റെ ശാഖകളുമാണ്. ആര് എന്നിൽ വസിക്കുന്നുവോ അവനിൽ ഞാൻ വസിക്കും. അവനാണ് ഫലങ്ങൾ പുറപ്പെടുവിക്കുന്നവൻ. കാരണം എന്നെക്കൂടാതെ അവന് ഒന്നും ചെയ്യാനാവില്ല' (യോഹ. 15:5).

സന്യാസരൂപീകരണത്തിനിടയിൽ വൈദിക പരിശീലനത്തിന്റെ കാലഘട്ടം യേശുവുമായുള്ള ഐക്യത്തെ ആഴപ്പെടുത്താനുള്ളതാണ്. മുന്തിരിച്ചെടിയുമായി ശാഖയുടെ ആധ്യാത്മികവും അലൗകികവുമായ ബന്ധം പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിൽ ശക്തിപ്പെടുത്തണം. വിളിക്കപ്പെട്ട വ്യക്തിയും, വിളിക്കുന്ന യേശുവും ഗാഢമായി ഐക്യപ്പെടണം. ഇത് സ്വാഭാവികമായി അച്ചടക്കവും ത്യാഗവും ആവശ്യപ്പെടുന്നു. പ്രത്യേകമായി പഠനത്തിലും പ്രാർത്ഥനയിലും ദൈവവചനത്തെ ആവേശത്തോടെ ആശ്ലേഷിക്കുന്നതിന് ഹൃദയത്തെ സ്വതന്ത്രമാക്കുകയും, മററുള്ളവരുടെ സേവനത്തിനായി നമ്മെത്തന്നെ സമർപ്പിക്കുകയും ചെയ്യുന്ന ത്യാഗങ്ങളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇതും യേശുവിന്റെ വാക്കുകളുമായി പൊരുത്തപ്പെടുന്നു. 'ഫലം തരുന്നവയെ കൂടുതൽ കായ്ക്കാനായി അവിടുന്ന് വെട്ടിയൊരുക്കുന്നു' (യോഹ. 15:2). അതുകൊണ്ട് യാതനകളും വേദനകളും ജീവിതത്തിൽ നേരിടുമ്പോൾ ദൈവസ്നേഹത്തെക്കുറിച്ചു സംശയിക്കേണ്ട. കാരണം, താൻ സ്നേഹിക്കുന്നവരെ കൂടുതൽ ഫലം നൽകാനായി അവർ വെട്ടിയൊരുക്കുന്നു.

സഭാപാരമ്പര്യങ്ങളിലൂടെയും വി. ഗ്രന്ഥത്തിലൂടെയും നമുക്കു നൽകപ്പെടുന്ന ദൈവവചനത്തിന്റെ സമ്പൂർണ സ്വീകരണമാണ് യേശുവുമായുള്ള ഐക്യത്തിന് ഒരു മാർഗം. സഭ തന്നെ എല്ലാ പരിശുദ്ധിയോടും ശക്തിയോടും ഈ വചനത്തെ കാക്കുകയും നമുക്കുമുന്നിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയും സഭയുടെ ഔദ്യോഗിക പഠനത്തിലൂടെയും ആധ്യാത്മിക ചൈതന്യത്തിലൂടെ ഓരോ തലമുറക്കും സഭ സുവിശേഷസന്ദേശം എത്തിച്ചുകൊടുക്കുന്നു. സഭയുടെ പ്രാമാണികവും ഔദ്യോഗികവുമായ പഠനങ്ങളോടുള്ള സ്നേഹപൂർവമുള്ള വിധേയത്വം ദൈവവചനത്തിന്റെ യഥാർത്ഥ സൂക്ഷിപ്പിന് ഉറപ്പ് നൽകുന്നു. ഇതു കൂടാതെ ക്രിസ്തുവുമായി ജീവദായകമായ ഒരൈക്യം സാധിക്കുകയില്ല. കാലത്തിന്റെ ചുവരെഴുത്തുകളെ ഉജ്ജ്വലമായി വ്യാഖ്യാനിക്കാനുള്ള ഒഴിച്ചുകൂടാനാവാത്ത ഒരുപാധിയാണ് സഭാപഠനങ്ങളോടുള്ള നമ്മുടെ വിശ്വസ്തത.

www.malankaralibrary.com



41.5. ഈ ദൈവാരാധനയിലെ ആദ്യവായനയിൽ തൻെറ ദൈവവിളിയെക്കുറിച്ചുതന്നെ പൗലോസ് അപ്പസ്തോലൻ നമ്മോടു പറയുന്നു: 'വിജാതീയരോട് ക്രിസ്തുവിൻെറ അപരിമേയമായ സമ്പന്നതയെക്കുറിച്ച് സംസാരിക്കുവാൻ വിശുദ്ധരിൽ ഏററവും നിസ്സാരനായ എനിക്ക് വരം നൽകപ്പെട്ടു' (എഫേ. 3:8). 'ക്രിസ്തുവിൻെറ അപരിമേയ സമ്പന്നതയെക്കുറിച്ച് സംസാരിക്കുക' ഇതായിരുന്നു പൗലോസിൻെറ വിളി. ഇതുതന്നെയാണ് സഭയുടെ ഏററവും വലിയ കർത്തവ്യം. ഇതുതന്നെയാണ് ഓരോ പുരോഹിതൻെറയും പ്രമുഖ ദൗത്യം.

സന്യാസ-വൈദികരൂപീകരണവും പരിശീലനവും ഇതിലാണ് എപ്പോഴും അടിസ്ഥാനപ്പെടേണ്ടത്. വർഷങ്ങളായുള്ള ഈ തയ്യാറെടുപ്പിൽ യുവാക്കൾ യേശുവിൻെറ അപരിമേയമായ സമ്പന്നതയുമായി താദാത്മ്യം പ്രാപിക്കണം. ഇങ്ങനെ ഈ സമ്പന്നത മററുള്ളവർക്കും സ്വീകാര്യമാക്കിത്തീർക്കണം. ഭാവിയിൽ, ഇനിയുള്ള വർഷങ്ങളിൽ സ്വയം ബോധ്യത്തോടുകൂടി ഇതിനെ പ്രഘോഷിക്കുവാൻ ഈ സമ്പന്നതയുമായി നിങ്ങൾ താദാത്മ്യപ്പെടണം. ക്രിസ്തുവിനെ അറിയിക്കുകയാണ് നിങ്ങളുടെ ചുമതല. പക്ഷേ ക്രിസ്തുവിൻെറ സ്നേഹം നിങ്ങൾ ആദ്യമായി അനുഭവിച്ചെങ്കിൽ മാത്രമേ ഇത് നിങ്ങൾക്ക് ചെയ്യാനാവൂ.

41.6. എൻെറ പ്രിയപ്പെട്ട മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, ക്രിസ്തീയകുടുംബത്തിലെ എല്ലാ അംഗങ്ങളോടും ഈ പശ്ചാത്തലത്തിൽ ഇതാണ് എനിക്കു പറയുവാനുള്ളത്.

ക്രിസ്തീയ ഭവനം വെറുമൊരു മനുഷ്യസമൂഹമല്ല. അമൂല്യമായ മനുഷ്യജീവിതം യേശുവിൻെറ ജീവനിൽ പൂർത്തിയാകുകയും സമ്പന്നമാകുകയും വേണം. മാനുഷികമൂല്യങ്ങൾ സംരക്ഷിക്കുവാൻ കുടുംബം തയ്യാറാകണം. അതോടൊപ്പം ക്രിസ്തീയമൂല്യങ്ങളുടെ സമ്പാദ്യത്തിന് കുടുംബത്തെ അർപ്പിക്കണം.

പുരോഹിതന്മാരിലും സന്യാസിമാരിലുമാണ് സഭാചുമതല ഏല്പിക്കപ്പെട്ടിരിക്കുന്നതെന്ന് കുടുംബാംഗങ്ങൾ ചിന്തിച്ചുപോയേക്കാം. പക്ഷേ അതു ശരിയല്ല. 'സുവിശേഷത്തിലൂടെ യേശുക്രിസ്തുവിൽ വാഗ്ദാനത്തിൻെറ ഭാഗഭാക്കുകളാകുക' (എഫേ. 3:6) എന്നതിൻെറ അർത്ഥം ആദ്യമായി കുട്ടികൾ പഠിക്കേണ്ടത് ഭവനങ്ങളിൽനിന്നായിരിക്കണം. രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നതുപോലെ 'ക്രിസ്തീയ ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ സന്താനങ്ങൾക്കും തങ്ങൾക്കുതന്നെയും കുടുംബത്തിലെ മററംഗങ്ങൾക്കും വിശ്വാസത്തിനു സാക്ഷികൾ

www.malankaralibrary.com



ളും പ്രസാദവരത്തിന്റെ സഹപ്രവർത്തകരുമായിരിക്കണം. മക്കളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടവരും അവരെ വിശ്വാസം പഠിപ്പിക്കേണ്ടവരും മാതാപിതാക്കൾ തന്നെ. അവർ സ്വന്തം മാതൃകയാലും ഉപദേശത്താലും മക്കളുടെ ക്രിസ്തീയവും പ്രേഷിതപരവുമായ ജീവിതത്തിന് രൂപംകൊടുക്കണം. ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിന് അവരെ വിവേകപൂർവ്വം സഹായിക്കുകയുംവേണം. ദൈവവിളി ആരിലെങ്കിലും കാണുന്നെങ്കിൽ ശ്രദ്ധാപൂർവം പരിപോഷിപ്പിക്കേണ്ടതാണ്" (അത്മായപ്രേഷിതത്വം 11).

41.7. ക്രിസ്ത്യൻ ഭവനങ്ങളിലാണ് ആദ്യമായി ദൈവവിളി വളർന്നുവരുന്നത്. പ്രാഥമിക സെമിനാരിയും നൊവിഷ്യേററുമാണ് കുടുംബം. മാതാപിതാക്കളായ നിങ്ങൾ നിരന്തരം നിങ്ങളുടെതന്നെ ക്രിസ്തീയ ജീവിതത്തെ ആഴപ്പെടുത്തുകയും വളർത്തിയെടുക്കുകയും ചെയ്യണമെന്നാണിതിന്റെയർത്ഥം. ക്രിസ്തീയത പരിശീലിക്കേണ്ടത് പൂർണമായും ദൈവാലയത്തിലായിരിക്കണം എന്ന തെററുധാരണ നമുക്ക് മാററാം. ദൈവാരാധനയിൽ സംഭവിക്കുന്നവ ജീവിതത്തിലേക്ക് നാം പകർത്തണം, അത് കുടുംബത്തിൽ ജീവിക്കണം. അപ്പോൾ ആ ഭവനം യേശുവിലുള്ള ജീവിതം പൂർണതയിലേക്ക വളർത്തുന്ന ഒരു സ്ഥലമായിരിക്കും. അപ്രകാരമുള്ള കുടുംബം സഭയുടെ തനിപകർപ്പുമായിരിക്കും.

പുരോഹിതന്മാരെയും സന്യാസികളെയും ബഹുമാനിക്കുകയും, സ്നേഹിക്കുകയും പ്രാദേശിക സഭാജീവിതത്തിലും സാർവത്രിക സഭാജീവിതത്തിലും ഉത്സാഹം കാണിക്കുകയും ചെയ്യുന്ന ഭവനങ്ങളിലാണ് സഭയിലെ ദൈവവിളികൾ പരിപോഷിപ്പിക്കപ്പെടുന്നതെന്ന സത്യം നാം മറക്കരുത്. എങ്കിൽ നിങ്ങളുടെ കുഞ്ഞുങ്ങളെ, തങ്ങളുടെ ജീവിതാന്തസ്സ് തെരഞ്ഞെടുക്കാൻ സമയമാകുമ്പോൾ ലൗകിക ജീവിതാന്തസ്സ് മാത്രമല്ല അവരുടെ ചിന്താവിഷയമാകേണ്ടത്, പൗരോഹിത്യത്തിലേക്കും അർപ്പിതജീവിതത്തിലേക്കുമുള്ള സാധ്യതകളെക്കുറിച്ച് അവൻ ചിന്തിക്കണം. ഭൗതികതയുടെ അതിപ്രസരമുള്ള ഈ യുഗത്തിൽ അങ്ങനെയുള്ള ദൈവവിളിയുടെ സാധ്യതകളെക്കുറിച്ച മറക്കാൻ മനുഷ്യൻ പ്രേരിതനായേക്കാം. പക്ഷേ, ഈ സാധ്യതകൾ യഥാർത്ഥമാണ്. കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ക്ഷേമത്തിന് ഇപ്രകാരമുള്ള ദൈവവിളികൾ ആവശ്യമാണ്. സഭക്ക് യേശുവിന്റെ ഇഷ്ടം നിറവേററുവാനും ഇവ ആവശ്യമാണ്.

41.8. നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്. പോയി കൂടുതൽ ഫലം പുറപ്പെടുവിക്കുവാനും ആ ഫലങ്ങളിൽ നിലനിൽ

www.malankaralibrary.com



കുവാനും ഞാനാണ് നിങ്ങളെ തെരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തത് (യോഹ. 15:16).

പ്രിയ വൈദിക വിദ്യാർത്ഥികളെ, അർപ്പിത ജീവിതാർത്ഥികളെ, എല്ലാ നല്ല ദൈവവിളികളുടെയും ആരംഭം ദൈവത്തിൽ നിന്നാണ്. നിങ്ങളുടെ സ്വന്തം തീരുമാനങ്ങളെയല്ല നിങ്ങൾ പിന്തുടരേണ്ടത്. വിളി ദൈവത്തിൽനിന്നാണ്. നമ്മുടെ ഭാഗത്തുനിന്നും സ്വതന്ത്രമായൊരു പ്രത്യുത്തരമാണ് ഇവിടെ ആവശ്യം. യേശു ആഗ്രഹിക്കുന്നത് ചെയ്യാൻ അവിടുന്നു തന്നെയാണ് നമ്മെ തെരഞ്ഞെടുക്കുന്നതും ജീവിക്കുന്നതും. അപ്പോൾ നാം ചെയ്യേണ്ടത് ദൈവത്തിന്റെ ജോലിയാണ്; നമ്മുടെ ജോലിയല്ല. എങ്കിൽ, പ്രവർത്തനം ഫലദായകമാകാനും ആ ഫലം അവസാനംവരെ നിലനിൽക്കാനും അവിടുന്നു തന്നെ ശ്രദ്ധിച്ചുകൊള്ളും.

'നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തതു്; ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്' ഈ വാക്കുകൾതന്നെ യേശു ഭാര്യാഭർത്താക്കന്മാരോടും, സഭയിൽ പരിശുദ്ധ കന്യാവ്രതജീവിതം നയിക്കാൻ വിളിക്കപ്പെട്ടവരോടും ആവർത്തിക്കുകയാണ്. ഈ പുരാതനഭാരതത്തിലെ സഭയെമുഴുവൻ ഈ വാക്കുകളിൽ അവിടുന്നു സംബോധന ചെയ്യുന്നു. എന്നാൽ തന്റെ ശരീരമായ സഭക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുവാനും ശിഷ്യത്വം വഹിക്കുവാനും താൻ പ്രത്യേകം വിളിച്ചവരെ ഉദ്ദേശിച്ചാണ് പ്രത്യേകമായ സംബോധന. ആകയാൽ യേശു പറയുന്നത് നമുക്കു ശ്രവിക്കാം. 'ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾപോയി ഫലം പുറപ്പെടുവിക്കുന്നതിന് ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്കു നൽകും' (യോഹ. 15:16).

ആമ്മേൻ

പൂനെയിലെ പേപ്പൽസെമിനാരിയിൽ ഇന്ത്യയിലെ വൈദികവിദ്യാർത്ഥികളോട് കുർബാനമധ്യേ ചെയ്ത സുവിശേഷപ്രഭാഷണം. 1986 ഫെ. 10.

www.malankaralibrary.com

# 42

# സന്യാസിനീസന്യാസികളോട്

പ്രിയപ്പെട്ട വൈദികരെ, സഹോദരീ സഹോദരൻമാരെ,

42.1. 'യേശുവിൽ നിങ്ങൾക്കേവർക്കും സമാധാനം'. (1 പത്രോ. 5:14) ഭാരതത്തിലെ സന്യാസിനീസന്യാസികളായ നിങ്ങളോടുള്ള ഈ കൂടിക്കാഴ്ച ഞാൻ വളരെ പ്രതീക്ഷയോടെ കാത്തിരിക്കുകയായിരുന്നു. യേശുവിലുള്ള അർപ്പണം ജീവിതത്തിന്റെ മുഖമുദ്രയാക്കിയ നിങ്ങളിൽ, ഭാരതത്തിലെ ഓരോ കോണിലെയും ആയിരക്കണക്കിനുള്ള നിങ്ങളുടെ സഹോദരീ സഹോദരങ്ങളെ ഞാൻ കാണുന്നു. നിങ്ങൾക്കെല്ലാവർക്കും സമാധാനമുണ്ടായിരിക്കട്ടെ.

വ്യത്യസ്തവും വൈവിധ്യപൂർണവുമായ റീത്തുകളിലും രീതികളിലുമുള്ള ജീവിതവും അപ്പസ്തോലപ്രവർത്തനങ്ങളുമുള്ള സഭയുടെ അർപ്പിതജീവിതയാഥാർത്ഥ്യത്തിൽ ഏകീഭവിച്ചിരിക്കുന്ന ഭാരതത്തിലെ സന്യാസസമൂഹങ്ങൾക്കും, എല്ലാ സന്യാസസമൂഹങ്ങളിലെയും അംഗങ്ങൾക്കും നിങ്ങളോരോരുത്തർക്കും ഹൃദയപൂർവം ഞാൻ സ്വാഗതം അർപ്പിക്കുന്നു. ഈ സ്വാഗതവാക്കുകൾ ഞാൻ 'Redemptionis Donum' എന്ന അപ്പസ്തോലിക ഉപദേശത്തിൽ എഴുതിയതുപോലെ 'സഭ നിങ്ങൾക്കുവേണ്ടി സംസാരിക്കുന്ന സ്നേഹത്തിന്റെ വാക്കുകളാണ്. നിങ്ങൾ എവിടെയൊക്കെയായിരുന്നാലും; മിണ്ടാമഠത്തിന്റെ ആവൃതികളിലായിരുന്നാലും, അപ്പസ്തോലിക സേവനത്തിന്റെ വിവിധതലങ്ങളിലുള്ള അർപ്പണത്തിലായിരുന്നാലും, മിഷൻപ്രവർത്തനത്തിലോ, അജപാലനത്തിലോ, ആതുരശുശ്രൂഷയിലോ, വേദനിപ്പിക്കുന്നവരെ ആശ്വസിപ്പിക്കുന്നതിലോ, വിദ്യാഭ്യാസസ്ഥാപനങ്ങളിലോ, മററവിടെ ആയിരുന്നാലും യേശുവിന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്ന നിങ്ങളുടെ ഓരോ ഭവനത്തിലും ഈ സ്നേഹത്തിന്റെ വാക്കുകൾ ഹൃദയപൂർവം നിങ്ങളെ സ്വാഗതം ചെയ്യണം.' ദൈവം നിങ്ങളുടെ ഇടയിലുണ്ട് എന്ന ബോധത്തിൽ നിങ്ങൾ ജീവിക്കണം (No.2). 'ഞാൻ നിന്നെ നിന്റെ പേരുചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്റേതാണ്'' (ഇസ. 43:1) എന്ന് ഏശയ്യാ പ്രവാചകനിലൂടെ അരുൾചെയ്ത ദൈവത്തിന്റെ സത്യവചന

www.malankaralibrary.com



ത്തിൽ വിശ്വസിച്ചുകൊണ്ട് ഭാരതത്തിലെ ഓരോ സന്യാസിയും ഈ അതുല്യമായ സാന്നിധ്യത്തെ അനുഭവിക്കട്ടെ.

42.2. നിങ്ങളുടെ ഈ അർപ്പണം ദൈവം തന്റെ സഭക്കു നൽകുന്ന മഹത്തായതും സവിശേഷവുമായ ഒരു സമ്മാനമാണ്. സഭക്കുപുറത്ത്, യേശുവിന്റെ ശരീരത്തിനു വെളിയിൽ, പ്രവാചകന്മാരിലും അപ്പസ്തോലന്മാരിലും അടിത്തറ പാകിയ രക്ഷാകരസമൂഹത്തിനു വെളിയിലുള്ള ക്രിസ്തീയസന്യാസജീവിതത്തെക്കുറിച്ച് നമുക്ക് ആലോചിക്കാനാകില്ല (എഫേ. 2:20). ദൈവവുമായുള്ള ദൃഢമായ ഐക്യത്തിന്റെയും മനുഷ്യസമൂഹത്തിന്റെ ഒരുമയുടെയും ഉപകരണവും അടയാളവുമാണ് സഭ. ഈ സഭയാണ് നിങ്ങളുടെ യഥാർത്ഥഭവനം.

സഭയുടെ ആന്തരികവിശുദ്ധിയുടെയും ഊർജ്ജസ്വലതയുടെയും ശക്തമായ പ്രതിഫലനമാണ് വാസ്തവത്തിൽ സന്യാസജീവിതം. ഇത് ഭാരതസഭയെ സംബന്ധിച്ചും വാസ്തവമാണ്. ഇന്ന് ഭാരതത്തിൽ 50,000 സന്യാസിനികളും 5,000 സന്യാസവൈദികരും, 2800 സന്യാസസഹോദരങ്ങളും, അവരോടൊപ്പം ലോകത്തിന്റെ വിവിധ കോണുകളിൽ സേവമനുഷ്ഠിക്കുന്ന 1500–ൽപരം ഭാരതീയസന്യാസിനീസന്യാസികളുമുണ്ട്. കൂടുതൽകൂടുതൽ ദൈവവിളിയാൽ നമ്മെ അനുഗ്രഹിക്കുന്ന ദിവ്യനാഥന്റെ മുമ്പിൽ നമുക്ക് കൃതജ്ഞതാപൂർവം കൈകൂപ്പി നിൽക്കാം. നിങ്ങളുടെ ഈ വിശ്വാസത്തിനും കാരുണ്യവർഷത്തിനും, സഭമുഴുവനും ആഹ്ളാദംകൊള്ളുകയും നന്ദി പ്രകടിപ്പിക്കുകയുംചെയ്യുന്നു. 'ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്' എന്ന ഏശയ്യാപ്രവാചകന്റെ വാക്കുകൾ അഗാധമായ സ്നേഹത്തോടും അതിരററ ബഹുമാനത്തോടുംകൂടെ സഭ ഇവിടെ വീണ്ടും ആവർത്തിക്കുന്നു.

42.3. വാത്സല്യമുള്ളവരെ, നിങ്ങളുടെ സന്യാസാർപ്പണത്തിന്റെ ആത്മാവ് കുടികൊള്ളുന്നത് യേശുവിനോടുള്ള സവിശേഷമായ സ്നേഹത്തിലാണ്. നിങ്ങളുടെ തനതായ ചരിത്രം നിങ്ങളെ മുഴുവനായും യേശുവിനായി സമർപ്പിക്കുന്നതിനും ലോകത്തിൽ ദൈവരാജ്യത്തിന്റെ വരവിനായുള്ള സേവനത്തിനും നിങ്ങളെ നയിച്ചു. ഈ വ്യക്തിചരിത്രത്തിലാകമാനം നിങ്ങൾ യേശുവിന്റെ അപരിമേയമായ സമ്പന്നത കണ്ടറിഞ്ഞു (എഫേ.3:8). നിങ്ങളുടെ സഹോദരങ്ങളെക്കാൾ അധികമായി നിങ്ങൾ ആധ്യാത്മികനവീകരണത്തിനായുള്ള ആവശ്യകതയെ അനുഭവിക്കണം. പാപത്തിൽനിന്ന് വിടുതൽ പ്രാപിക്കുമ്പോഴേ, ദൈവത്തിനുവേണ്ടി നിങ്ങൾക്കു ജീവിക്കാനാവൂ.

സുവിശേഷോപദേശങ്ങൾക്കനുസരിച്ച വ്രതങ്ങൾ എടുത്തിരിക്കുന്നവരിൽനിന്ന് സഭയും ലോകവും എന്താണ് പ്രതീ

www.malankaralibrary.com



ക്ഷിക്കുന്നത് എന്ന ചോദ്യത്തിന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം ഉത്തരം നൽകുന്നു: 'മലയോരങ്ങളിൽ പ്രാർത്ഥിക്കയും ജനങ്ങളോടു ദൈവരാജ്യം പ്രസംഗിക്കയും, രോഗികളെയും മുറിവേററവരെയും സുഖപ്പെടുത്തുകയും, പാപികളെ നേർവഴിക്കു തിരിക്കുകയും, ശിശുക്കളെ അനുഗ്രഹിക്കുകയും, എല്ലാവർക്കും നന്മചെയ്യുകയും, തന്നെ അയച്ച പിതാവിൻെറ അഭീഷ്ടം നിറവേററുകയുംചെയ്ത ക്രിസ്തുവിനെ വിശ്വാസികൾക്കും അവിശ്വാസികൾക്കും തങ്ങളിലൂടെ ഉത്തരോത്തരം വെളിപ്പെടുത്തുവാൻ തിരുസ്സഭയ്ക്കു കഴിയേണ്ടതിന് സന്യാസികൾ ജാഗരൂകരായിരിക്കണം (ജനതകളുടെ പ്രകാശം. 46).

സന്യസ്തരുടെ ഈ സാക്ഷ്യത്തിന് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രാധാന്യമുണ്ട്. ധാരാളം മതങ്ങളുള്ള ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിൽ തീർച്ചയായും ഫലപ്രദമായതുമായ സുവിശേഷ പ്രഘോഷണ രൂപമാണ് നിങ്ങളുടെ ജീവിതശൈലിതന്നെ. നിങ്ങളുടെ അർപ്പണത്തിൻെറ സമഗ്രതയിലും, ദാരിദ്ര്യത്തിൻെറ സരളതയിലും, എളിമയിലും, ബ്രഹ്മചര്യത്തിൻെറ സന്തോഷത്തിലും, സമ്പൂർണമായ സ്വയാർപ്പണത്തിലും, നിങ്ങളുടെ അനുസരണത്തിൻെറ ത്യാഗത്തിലും, സ്വയം ശൂന്യവൽക്കരണത്തിലും, ഭാരതം നിങ്ങളുടെ സന്ദേശത്തിൻെറ സത്യം കാണാൻ കൊതിക്കുന്നു. യേശുവിൻെറ അരൂപിയാൽ നിറഞ്ഞവരും, ദൈവസ്നേഹവും പരസ്നേഹവുംമൂലം പ്രചോദിതരുമായ യുവതീയുവാക്കളെ ഭാരതം ആദരവോടെ ഉററുനോക്കുന്നു എന്ന സത്യം പ്രോത്സാഹജനകമാണ്.

തീർത്ഥാടക സഭയോടുള്ള കടപ്പാടുകളെക്കുറിച്ച് ബോധവാന്മാരാകാൻ കൗൺസിൽ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. മററാരെക്കാളും ക്രിസ്തീയ ജീവിതത്തിൻെറ തീർത്ഥാടക സ്വഭാവത്തെ ഉയർത്തിപ്പിടിക്കേണ്ടത് സന്യാസത്തിൻെറ ദൈവവിളിയാണ്. 'എന്നും നിലനിൽക്കുന്ന ഒരു നഗരം നമുക്കില്ല. മറിച്ച് വരാനിരിക്കുന്ന നഗരത്തിനായി നാം തിരയുന്നു' (ഹെബ്രാ. 13:14) എന്ന സത്യത്തിൻെറ ജീവിക്കുന്ന സാക്ഷികളാണ് നിങ്ങൾ.

ഒരുവൻെറ ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന തരത്തിൽ, ബ്രഹ്മചര്യത്തിൻെറയും, ദാരിദ്ര്യത്തിൻെറയും, അനുസരണത്തിൻെറയും പാത, യേശുവിൻെറ രാജ്യത്തിനായി സ്നേഹപൂർവം നാം ആശ്ലേഷിക്കുന്നു.

42.4. ഏറെ വൈവിധ്യപൂർണമായ നിങ്ങളുടെ സന്യാസവസ്ത്രധാരണത്തെയും നിങ്ങളുടെ അർപ്പണത്തിൻെറ ബാഹ്യാടയാളങ്ങളെയും കാണുമ്പോൾ, ഭാരതത്തിലെ സന്യാസിനീ

www.malankaralibrary.com



സന്യാസികൾ ഏർപ്പെട്ടിരിക്കുന്ന അതിവിശാലമായ പ്രവർത്തന മണ്ഡലത്തെക്കുറിച്ച് ഞാൻ ഓർമ്മിച്ചുപോകുന്നു.

ആദ്യമായി ബാഹ്യമായ ധ്യാനാത്മക ജീവിതം നയിക്കുന്ന എല്ലാ സന്യാസികൾക്കും എന്റെ ആശംസകൾ. പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂടെയും പൂർണ്ണവും അതീന്ദ്രിയവുമായ ദൈവിക യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട ഈ ആത്മാക്കൾക്ക് ഭാരതം എന്നും ആദരവും പ്രാധാന്യവും നൽകുന്നുണ്ട്. നിങ്ങളുടെ ഇടയിലെ ധ്യാനാത്മകസമൂഹങ്ങൾ വളർന്നുവരുന്നുണ്ടെന്ന് അറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾക്കുവേണ്ടി കൗൺസിലിന്റെ വികാരങ്ങൾ എന്റേതാക്കുന്നു. ക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ നിങ്ങൾക്ക് അനുഷ്ഠിക്കേണ്ട ഭാഗം അതുല്യമാണ്. വിശുദ്ധിയുടെ ഏററവും സമ്പന്നമായ പ്രകാശരേണുക്കളാൽ നിങ്ങൾ ദൈവജനത്തെ ഉജ്ജ്വലിപ്പിക്കുന്നു. നിഗൂഢവും അപ്പസ്തോലികവുമായ ഫലദായകത്വത്തെ നൽകിക്കൊണ്ട് നിങ്ങൾ ജനങ്ങളെ വളർത്തുന്നു. നിങ്ങളാണ് സഭയുടെ മഹത്വം (cfr. Perfectae Caritatis No. 7). സമസ്ത ദൈവജനത്തിന്റെയും പേരിൽ ഞാൻ നിങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിങ്ങൾക്കു നന്ദി പറയുകയും ചെയ്യുന്നു.

42.5. സജീവമായ അപ്പസ്തോലപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ ഭാരതത്തിലെ ജനങ്ങളുടെ വ്യത്യസ്തമായ ആവശ്യങ്ങളെ കണക്കിലെടുക്കുന്നു. വിവേചനമില്ലാതെ, സ്നേഹാരൂപിയിലും, സാഹോദര്യത്തിന്റെയും സേവനത്തിന്റെയും അരൂപിയിലും, ദൈവത്തിന്റെ മക്കളെന്ന നിലയിൽ എല്ലാ മനുഷ്യരെയും ആദരിച്ചുകൊണ്ട്, നിങ്ങൾ ഇപ്രകാരം ചെയ്യുമ്പോൾ ക്രിസ്തുവിന്റെതന്നെ സ്നേഹത്തെ കാണിച്ചുകൊടുക്കുകയും അവിടത്തെ ദൗത്യത്തെ ഭൂമിയിൽ തുടർന്നുകൊണ്ടുപോകുകയുമാണ് നിങ്ങൾ ചെയ്യുന്നത്. ഈ സ്നേഹപ്രവർത്തനം നിങ്ങളിലാണ് സഭ ഏല്പിച്ചിരുന്നിരിക്കുന്നത്. സഭയുടെ നാമത്തിലാണ് നിങ്ങൾ ഈ കർത്തവ്യം അനുഷ്ഠിക്കേണ്ടത്. (cfr. Perfectae Caritatis, 8). നിങ്ങളുടേത് വെറും മനുഷ്യസേവനമല്ല, മറിച്ച് സഭാപരമായ പ്രവർത്തനവും ശുശ്രൂഷയുമാണ്. നിങ്ങളിൽ വളരെപ്പേർ വിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നവരാണ്. അങ്ങനെ ക്രിസ്തീയവും ലൗകികവുമായ വിജ്ഞാനം നിങ്ങൾ പകരുന്നു. രാജ്യത്ത് വ്യാപിച്ചുകിടക്കുന്ന ആയിരക്കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയാണ് ഇത് നിങ്ങൾ ചെയ്യുന്നത്. ഈ കർത്തവ്യത്തിന്റെ പ്രാധാന്യത്തിന് അടിവരയിടാൻ നിങ്ങൾ എന്നെ അനുവദിക്കണം. പ്രത്യേകിച്ച്, സത്യത്തോടും നന്മയോടും സൗന്ദര്യത്തോടുമുള്ള ബന്ധത്തിന് സാക്ഷ്യം വഹിക്കുമ്പോഴും അതില്ല

www.malankaralibrary.com



പരി ക്രിസ്തുവിന്റെ പരിപൂർണതയുടെ അളവിലേയ്ക്ക് (എഫേ. 4:13) നിങ്ങളുടെ വിദ്യാർത്ഥികളെ നയിക്കാൻ ഇത് നിങ്ങളെ സഹായിക്കണം. ഭാരതത്തിലെ ഗ്രാമങ്ങളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അനേകായിരം സന്യാസികളിലേയ്ക്ക് ഈ നിമിഷത്തിൽ എന്റെ ചിന്തകൾ പായുന്നു. ഭാരതസമൂഹത്തിന്റെ ക്ഷേമത്തിനായുള്ള ശ്രേഷ്ഠമായ സേവനമാണ് അവരുടേത്.

പാവങ്ങളോടും രോഗികളോടുമുള്ള ക്രിസ്തുവിന്റെ പരിഗണനയെ അനുകരിച്ചുകൊണ്ട് ആതുരശുശ്രൂഷാരംഗത്ത് വളരെപ്പേർ സേവനം ചെയ്യുന്നുണ്ട്. യേശുവിന്റെ സഹോദരീസഹോദരങ്ങൾക്കായി ദൈനംദിനം വ്യയം ചെയ്യപ്പെടുന്ന നിങ്ങളുടെ ജീവിതത്തിന്റെ മഹത്വത്തെ ആർക്ക് അളക്കാനാവും? അവക്ക് ഉചിതമായ സമ്മാനം നൽകാൻ ദൈവത്തിനു മാത്രമേ കഴിയൂ.

ഇടവകയിലെ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ധാരാളമുണ്ട്. അവർ ദൈവവചനം പ്രഘോഷിക്കുകയും ദൈവത്തിന്റെ രക്ഷാകരപ്രവർത്തനത്തിന്റെ ശക്തിയെ അനുഭവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ ജനങ്ങളുടെ ജീവിതങ്ങളെ മാററാനും, വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഐക്യത്തിന്റെ അടയാളമായ സഭയിലേക്ക് അവരെ കൊണ്ടുവരാനും ഇവർ സഹായിക്കുന്നു. പാവപ്പെട്ടവരെ സഹായിച്ചുകൊണ്ടും, ചൂഷിതരെ തങ്ങളുടെ അനിഷേധ്യമായ മാനുഷികമൂല്യത്തിന് ഉതകുംവിധം ജീവിക്കാൻ സഹായിച്ചുകൊണ്ടും മററുചിലർ സജീവമായി സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. വേറെ ചിലർ ആധുനിക വാർത്താവിനിമയ മണ്ഡലങ്ങളിലും, അജപാലനരംഗത്തെ പ്രത്യേകമായ മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

നിങ്ങളുടെ ആവേശത്തെ ഹൃദയംഗമമായി ഞാൻ പ്രകീർത്തിക്കുന്നു. സർവശക്തനായ ദൈവം നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളെയും അനുഗ്രഹിക്കട്ടെ. സഭയുടെ നന്മയ്ക്കും നിങ്ങളുടെ രാജ്യത്തിന്റെ സർവതോമുഖമായ പുരോഗതിക്കുംവേണ്ടിയുള്ള നിങ്ങളുടെ സംഭാവനകൾ തുടർന്നും കൊണ്ടുപോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ദൈവാനുഗ്രഹത്താൽ, രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിച്ച സന്യാസജീവിതത്തിന്റെ ഉചിതമായ നവീകരണവും, ആധ്യാത്മിക ഉണർവ്വും ഈ കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാനുള്ള വർദ്ധിച്ച ഊർജ്ജസ്വലതയും, നിങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന എന്ന കാര്യം ഞാൻ മനസ്സിലാക്കുന്നു. സമകാലിക സമൂഹത്തിലെ മാററംവന്ന സാഹ

www.malankaralibrary.com



പാരമ്പര്യങ്ങളോട് നിങ്ങൾ അനുരൂപപ്പെടുന്ന അവസരത്തിൽ, ക്രിസ്തീയജീവിതത്തിന്റെ മുഴുവൻ സ്രോതസ്സുകളിലേക്കും, ഓരോ സ്ഥാപനത്തിന്റെയും പുറകിലുള്ള പ്രഥമപ്രചോദനത്തിലേക്കുമുള്ള തിരിച്ചുപോക്കിന്റെ ആവശ്യകതയെക്കുറിച്ചും നിങ്ങൾക്ക മനസ്സിലായിക്കാണുമല്ലോ. എല്ലാ സന്യാസജീവിതത്തിന്റെയും അടിസ്ഥാനാശയം സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതുപോലെ യേശുവിനെ പിന്തുടരുക എന്നതാണ് എന്ന് സഭ നിങ്ങളെ ഈ പ്രക്രിയയിലൂടെ അനുസ്മരിപ്പിക്കുകയാണ്. നിരന്തരമായ ഹൃദയപരിവർത്തനത്തിലൂടെയുള്ള സമ്പൂർണമായ മനുഷ്യസേവനത്തെ പിൻതുടരുകയുമാണ് നിങ്ങളുടെ അർപ്പണജീവിതത്തിന്റെയും പ്രധാനപ്പെട്ട നിയമമെന്ന് സഭ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

അത്യാവശ്യമായുള്ള ചട്ടക്കൂടിനുള്ളിൽനിന്നുകൊണ്ട്, തങ്ങളുടെ സഭാസ്ഥാപകന്റെ 'കാരീസം' കണക്കിലെടുത്തുകൊണ്ട്, അംഗീകരിക്കപ്പെട്ടിട്ടുള്ള നിയമവും ഭരണഘടനയും പാലിച്ചുകൊണ്ടും, ഓരോ സ്ഥാപനത്തിന്റെയും പ്രത്യേകലക്ഷ്യങ്ങളുടെ വെളിച്ചത്തിലും, ആരോഗ്യകരമായ പാരമ്പര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ടും വേണം, സന്യാസസഭകൾ തങ്ങളുടെ തനതായ സ്വഭാവം വളർത്തിയെടുക്കാൻ.

42.7. നവസന്യാസികൾക്ക നൽകുന്ന പരിശീലനത്തെ പുരോഗമിപ്പിക്കുവാനുള്ള നിങ്ങളുടെ എല്ലാ ശ്രമങ്ങളെയും ഞാൻ പ്രത്യേകമായി അനുമോദിക്കുന്നു. സന്യാസജീവിതത്തിനായുള്ള അർത്ഥികളുടെ പരിശീലനം വിജ്ഞാനം പകർന്നുകൊടുക്കാൻ മാത്രമല്ല, മറിച്ച് എല്ലാററിലുമുപരി സുവിശേഷത്തിലെ മൗലികമായ നിർദ്ദേശങ്ങൾക്കനുസരിച്ച് തങ്ങളുടെ ജീവിതത്തെ അനുരൂപപ്പെടുത്തി ദൈവത്തിന്റെ വിളിക്ക് അഗാധവും വ്യക്തിപരവുമായ പ്രത്യുത്തരം നൽകാൻവരെ പ്രാപ്തരാക്കുന്ന അതിമനോഹരമായ കർത്തവ്യമാണത്. സഭാജീവിതത്തോടും പാനങ്ങളോടുമുള്ള ഐക്യത്തിലും, അവരുടെ സന്യാസകുടുംബത്തോടുള്ള ഉദാരവും ആത്മാർത്ഥവുമായ സ്നേഹപ്രകടനത്തിലുമായിരിക്കണം ഇത് പ്രകടിപ്പിക്കേണ്ടത്. യുവസന്യാസികൾക്ക് തികച്ചും മാനുഷികവും സമഗ്രവുമായ ആധ്യാത്മിക രൂപീകരണം നല്കുക പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സത്യം, നീതി, സ്നേഹം, ആദരം തുടങ്ങിയ മൂല്യങ്ങളെക്കുറിച്ച് ശരിയായ ബോധ്യം അവരിൽ കുത്തിവയ്ക്കുക എന്നത് അവരുടെ രൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. ക്രിസ്തു അവരിൽ രൂപീകൃതമാകുകയും, ജ്ഞാനസ്നാനത്തിൽ ലഭിക്കുന്ന പ്രസാദവരം പൂർണമായി ജീവിക്കുകയും ചെയ്യുമ്പോൾ മാത്രമേ, സന്യാസരൂപീകരണം ഫലവത്തായി എന്നു പറയാൻ കഴിയൂ. യുവ

www.malankaralibrary.com



സന്യാസികൾക്ക് ഉചിതമായ രൂപീകരണവും എല്ലാ സന്യസ്തർക്കും സ്ഥിരപരിശീലനവും കൊടുക്കാൻ, പര്യാപ്തമായ പദ്ധതികൾ തയ്യാറാക്കുന്ന നിങ്ങളുടെ ശ്രമങ്ങൾ യോജ്യമായ ഫലം പുറപ്പെടുവിക്കുമെന്ന് നിങ്ങൾക്ക് ഉറച്ചു വിശ്വസിക്കാം.

വിവിധ സന്യാസസമൂഹങ്ങളിലെ അംഗങ്ങളായ ആസ്പിരൻസിനും, പോസ്റ്റുലൻസിനും, നോവീസിസിനും, അനുഗ്രഹീതവചനങ്ങളും പ്രോത്സാഹനവും ഞാൻ പറയുന്നു. ദൈവത്തിന് നിങ്ങളോടുള്ള സ്നേഹത്തിന്റെ ഉദാത്തമായ പ്രകടനമായി ദൈവവിളിയെന്ന ദാനത്തെ മനസിൽ സൂക്ഷിക്കുവാൻ നിങ്ങളെ ക്ഷണിക്കുന്നു. 'ഞാൻ നിന്നെ നിന്റെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്'' എന്ന പ്രവാചകവചനങ്ങൾ നിങ്ങൾക്കുവേണ്ടി എഴുതപ്പെട്ടവയാണ്. നിങ്ങൾക്കു കിട്ടിയിരിക്കുന്ന ഈ പ്രത്യേക ദൈവവരപ്രസാദത്തെക്കുറിച്ചുള്ള ബോധത്തിൽ ഓരോ ദിവസവും നിങ്ങൾ വളരട്ടെ. ദൈവത്തെ അന്വേഷിക്കുന്നതിനും, യേശുവിനെ പിൻതുടരുന്നതിനും, നിങ്ങൾ ശ്രമിക്കുന്നതിനോടൊപ്പം, സഭാസേവനത്തിനും ലോകസേവനത്തിനുമായി, നിങ്ങളുടെ യുവത്വത്തിന്റെ ഊർജ്ജം മുഴുവനും നിങ്ങൾ അടിയറവയ്ക്കണം.

42.8 പ്രിയപ്പെട്ട എന്റെ സഹോദരീസഹോദരങ്ങളെ, സന്യാസിനീ സന്യാസികളെ, സുവിശേഷോപദേശങ്ങളുടെ പാതയിലൂടെ യേശുവിനെ പിൻതുടരുവാനാണ് അവിടുന്ന് നിങ്ങളെ വിളിച്ചിരിക്കുന്നത്. നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കാൻ, നിങ്ങളുടെ പ്രവൃത്തികൾക്ക് ഊർജ്ജം നൽകാൻ, ഈ രാജ്യത്ത് താൻ പ്രത്യേകം തെരഞ്ഞെടുത്ത സാക്ഷികളാകാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പാവങ്ങൾക്ക് എളിമയോടെ സേവനം ചെയ്തുകൊണ്ടും, വിശ്വസ്തതയോടെ നിങ്ങളെടുത്ത പ്രതിജ്ഞകൾ കാത്തുകൊണ്ടും, മതമൂല്യങ്ങളിൽ ആഴ്ന്നിറങ്ങിയിട്ടുള്ള ഭാരത ജനതയുടെ ഹൃദയങ്ങളിലേക്ക് നിങ്ങൾ ഇറങ്ങിച്ചെല്ലണം. അവിടെ, ജനങ്ങളുടെ ആധ്യാത്മിക ജീവിതത്തിൽ, ദൈവത്തിന്റെ രാജ്യം, സത്യത്തിന്റെയും ജീവന്റെയും രാജ്യം, പരിശുദ്ധിയുടെയും ദൈവദാനത്തിന്റെയും രാജ്യം, നീതിയുടെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും രാജ്യം വളരാൻ ഉത്തേജിപ്പിക്കണം (ക്രിസ്തുരാജത്തിരുനാളിന്റെ ആമുഖപ്രാർത്ഥനയിൽനിന്ന്). സഭയോടുള്ള നിങ്ങളുടെ അദമ്യമായ സ്നേഹം ലോകത്തിന്റെ മുമ്പിലുള്ള സഭയുടെ രൂപം പൂർണ്ണമാക്കുന്ന ഒരു ഏകീകൃത ശക്തിയാകട്ടെ. കാരണം, സഭ ഒരേ സമയത്തുതന്നെ വിശുദ്ധയും, വിശുദ്ധീകരിക്കപ്പെടേണ്ടവളുമാണ്. (ജനതകളുടെ പ്രകാശം, 8). അതിനായി സഭ, ഇടതടവില്ലാതെ ത്യാഗ

www.malankaralibrary.com



ത്തിന്റെയും നവീകരണത്തിന്റെയും പാത പിൻതുടരുന്നു. ശുദ്ധീകരണത്തിന്റെയും ത്യാഗത്തിന്റെയും മാനസാന്തരത്തിന്റേതുമായ ഈ പാത പ്രത്യേകമാംവിധം നിങ്ങൾക്കുള്ളതാണ്.

യേശുക്രിസ്തുവിന്റെയും, സഭയുടെയും മാതാവായ മറിയത്തിന്റെ മധ്യസ്ഥതയ്ക്ക് നിങ്ങളെ ഓരോരുത്തരെയും നിങ്ങളുടെ സമൂഹങ്ങളെയും നിങ്ങളുടെ പ്രവർത്തനങ്ങളെയും ഞാൻ ഭരമേല്പിക്കുന്നു. എങ്ങനെയാണ് സന്യാസാർപ്പണം വിശ്വാസത്തിലും, സ്നേഹത്തിലും ജീവിക്കേണ്ടത് എന്നതിന് ഏററവും ഉത്തമമായ മാതൃകയായി മറിയം വിളങ്ങുന്നു. യേശുവിന്റെ സ്നേഹത്തിന്റെയും സന്യാസാർപ്പണത്തിന്റെയും ഉത്തമ മാതൃകകളായ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെയും, ചാവറ കുര്യാക്കോസച്ചന്റെയും പ്രാർത്ഥനകൾ നിങ്ങളെ എന്നും ശക്തിപ്പെടുത്തട്ടെ. അവ നിങ്ങളെ എക്കാലവും ആനന്ദംകൊണ്ട് നിറയ്ക്കുകയും ചെയ്യട്ടെ.

ബോംബെയിലെ സെൻറ് പയസ് കോളജ് മൈതാനത്ത്
ഭാരതത്തിലെ സന്യാസിനീ സന്യാസികളോട്, 1986 ഫെ. 10.

www.malankaralibrary.com

# 43

# ബോംബെയിൽ യുവാക്കളോട്

പ്രിയ സുഹൃത്തുക്കളെ, യുവജനങ്ങളെ,

43.1. ഭാരതത്തിലേക്കുള്ള എന്റെ യാത്രയുടെ അന്ത്യത്തിൽ ഇവിടത്തെ യുവജനങ്ങളോടുള്ള ഈ സമാഗമം എനിക്കേറെ ആനന്ദം പകരുന്നു. നിങ്ങളോടൊപ്പമായിരിക്കുവാൻ, നിങ്ങളോടു സംസാരിക്കുവാൻ, നിങ്ങളെ ശ്രവിക്കുവാൻ, നിങ്ങളോടൊപ്പം യേശുവിന്റെ നാമത്തിൽ ചെലവഴിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. യേശുവിൽ നാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ സ്നേഹത്തിൽ നാം ഒന്നാണ്. ഒത്തൊരുമിച്ച് നാം യേശുവിന്റെ സാന്നിധ്യം അനുഭവിക്കുന്നു. കാരണം, അരുൾചെയ്തതുപോലെ അവിടുന്ന നമ്മുടെ ഇടയിലുണ്ട്. 'എന്റെ നാമത്തിൽ ഒന്നോ രണ്ടോ ആളുകൾ ഒരുമിച്ചുകൂടുമ്പോൾ അവരുടെ മധ്യേ ഞാനുണ്ട്'' (മത്തായി 18:20).

രണ്ടായിരം വർഷങ്ങളായി യേശു എന്ന വ്യക്തിയെയും അവിടത്തെ പഠനങ്ങളെയും ഭാരതത്തിൽ ആചരിച്ചുപോരുന്നു. നിങ്ങളുടെ പ്രസിഡൻറ് ഈയിടെ ബോംബെയിൽ പറഞ്ഞതുപോലെ ക്രിസ്തീയ വിശ്വാസം റോമിൽ പ്രശോഭിക്കുന്നതിനു മുമ്പേ അത് ഇന്ത്യയിൽ പരന്നു. തന്നെയുമല്ല യേശുവിൽ വിശ്വസിച്ച നിങ്ങളിലൂടെ അവിടുന്നുതന്നെ ഒരു ഭാരതീയനായി. ഇന്ന് ഈ യേശുവിലേക്കാണ് പ്രചോദനത്തിനായി നാം ഉററുനോക്കുന്നത്. അവന്റെ പഠനങ്ങളിൽ നാമന്വേഷിക്കുന്ന സന്ദേശം കണ്ടെത്തുന്നു. നാമെങ്ങനെ ജീവിക്കണമെന്ന് അവിടുന്ന് നമ്മോട് പറയുന്നു. കാരണം നാം എന്തുകൊണ്ട് ജീവിച്ചിരിക്കുന്നു എന്ന് യേശു പറയുന്നു. നമ്മുടെ ഉത്ഭവത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും വിശുദ്ധിയെക്കുറിച്ചും യേശു നമ്മോടു വിശദീകരിച്ചു പറയുന്നു. ദൈവത്താൽ നാം സൃഷ്ടിക്കപ്പെട്ടു. യേശുവിൽ നാം ദൈവത്തിന്റെ മക്കളായി ദൈവിക സ്നേഹത്തിൽ നിന്നുത്ഭവിച്ചു. നാമിവിടെ ജനിച്ചത് ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും അവിടത്തെ ശുശ്രൂഷ ചെയ്യുവാനും നമ്മുടെ അയൽക്കാരനിൽ അവിടത്തെ കണ്ടെത്താനും ആശ്ലേഷിക്കാനും ശുശ്രൂഷിക്കാനുമാണ്. ദൈവത്തോടൊപ്പം അനന്തമായി ജീവിക്കുക

www.malankaralibrary.com



എന്നതാണ് നമ്മുടെ ലക്ഷ്യം. ഈ സത്യം അവിടുന്ന് സുവിശേഷത്തിലൂടെ പറയുകയും ഇതിൻെറ വെളിച്ചത്തിൽ അവിടുന്ന് എന്താണ് നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നതെന്നുകൂടി വിവരിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ സഹോദരീസഹോദരന്മാരെയും സേവിക്കണമെന്നും, അങ്ങനെ ലോകത്തെതന്നെ സേവിക്കണമെന്നും അവിടുന്ന് നമ്മോട് ഉദ്ഘോഷിക്കുന്നു.

ഒരൊററ വാക്കിൽ പറഞ്ഞാൽ യേശു നമ്മെപററി നമ്മോടുതന്നെ പറയുന്നു. ദൈവത്തോടും അപരനോടുമുള്ള നമ്മുടെ ബന്ധത്തെക്കുറിച്ച് നമ്മോടു പറഞ്ഞുകൊണ്ടാണ് ഇത് ചെയ്യുന്നത്. നമ്മുടെ സഹോദരീസഹോദരന്മാരോടും പൊതുവേ ലോകത്തോടും ഉള്ള ഒരു ബന്ധമാണ് നമുക്കുള്ളത്. അവിടുത്തേക്ക് ഇത് ചെയ്യുവാൻ കഴിയുന്നു. കാരണം യേശുവിനു ദൈവത്തെയും മനുഷ്യരെയും മനസിലാക്കുവാൻ കഴിയുന്നു. യേശു മനുഷ്യപുത്രനാണ്. അതുപോലെ ദൈവപുത്രൻ യേശുവിൻെറ പഠനങ്ങളാലും വരദാനങ്ങളാലും അവിടുത്തെ വചനത്തിൻെറ ശക്തിയാലും സത്യസന്ധമായി ജീവിതം നയിക്കുവാൻ നമ്മെ കഴിവുള്ളവരാക്കുന്നു. അതുവഴി നാം നിത്യജീവനു അർഹരായിത്തീരുന്നു. വി. യോഹന്നാൻ ദൈവികപദ്ധതിയെക്കുറിച്ചു നമ്മോടു പറയുന്നു: 'ദൈവം നിത്യജീവൻ നമുക്ക് പ്രദാനം ചെയ്തു. അവിടുത്തെ പുത്രനിലാണ് ഈ ജീവൻ. പുത്രനെ സ്വീകരിക്കുന്നവന് ജീവനുണ്ട്. സ്വീകരിക്കാത്തവനോ നിത്യജീവനില്ല (1യോഹ. 5:11).

43.2. ഈ നിത്യജീവിതം നഷ്ടപ്പെടാതിരിക്കുന്നതിന് നാം യേശുവുമായി ഐക്യപ്പെട്ടുകൊണ്ടിരിക്കണം. അവനിൽ നിന്നാണ് എല്ലാ ജീവനും എന്നവൻ പറയുന്നു. അവനുവേണ്ടി മാത്രമാണ് നാം ജീവിക്കുന്നത്. ഞാൻ മുന്തിരിച്ചെടിയും നിങ്ങളതിൻെറ ശാഖകളുമാകുന്നു. എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോകുകയും ചെയ്യുന്നു (യോഹ. 15:4-6). ദൈവത്തിൻെറ സ്നേഹത്തിൽ നിലനിൽക്കാൻ നാം അയൽക്കാരനെ സ്നേഹിച്ചുതുടങ്ങണമെന്ന് യേശു അരുൾചെയ്യുന്നു. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുകയെന്നതാണ് എൻെറ കല്പന' (5:12). നാം നമ്മുടെ സഹോദരനെ സേവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നും സമൂഹത്തിൽ നമ്മുടെ സംഭാവന നൽകണമെന്നും നമ്മുടെ രാജ്യത്തിൻെറയും ലോകത്തിൻെറയും നന്മക്കുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നുമാണ് ഇതർത്ഥമാക്കുന്നത്. യേശുവിൽ സ്വന്തമാകുകയെന്നതാണ് യേശുവിൻെറ സ്നേഹകല്പന. നാം ജീവിതത്തിൽ വിശ്വസ്തതയോടെ മുന്നോട്ടു പോകണമെന്ന് വി. ജോൺ ഉപദേശി

www.malankaralibrary.com



കന്നു. ലളിതവും സ്പഷ്ടവുമായി അത് അദ്ദേഹം എഴുതുന്നു: 'നാം ദൈവത്താൽ സ്നേഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് നമ്മുടെ അയൽക്കാരനെ നാം സ്നേഹിക്കണം. അദ്ദേഹത്തിൻെറ വാക്കുകൾ ശക്തമാണ്. ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറയുകയും അവൻെറ സഹോദരനെ വെറുക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയില്ല' (1 യോഹ. 4:20).

43.3 പ്രിയ യുവജനങ്ങളെ, ജീവിതത്തോടുള്ള നിങ്ങളുടെ മനോഭാവങ്ങളിൽ ഈ തത്വങ്ങൾ നിങ്ങളെ വെല്ലുവിളിക്കുന്നു. കുടുംബത്തിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങൾ, അപരനോടുള്ള നിങ്ങളുടെ പെരുമാററരീതിയെ, ലോകത്തിനു നിങ്ങൾ സംഭാവന കൊടുക്കുന്ന രീതിയെ ഇവയെയെല്ലാം ഇതു ബാധിക്കുന്നു.

നിങ്ങൾക്ക് ഒററപ്പെട്ടു ജീവിക്കുവാൻ കഴിയില്ല എന്ന വസ്തുതയെ ഇത് അരക്കിട്ടുറപ്പിക്കുന്നു! ഭാരതത്തിലെ യുവജനങ്ങളെന്ന നിലയിൽ നിങ്ങളുടേതായ വെല്ലുവിളികൾ നേരിടുമ്പോൾ സഭ നിങ്ങളെ തുണയ്ക്കുന്നു. എന്തിലാണ് നിങ്ങൾ മുഴുകേണ്ടത്? എന്താണ് നിങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നത്? ഏററവും നന്നായി എങ്ങനെ സേവനം ചെയ്യാം എന്നിവയെക്കുറിച്ചൊക്കെ നിങ്ങളോടൊപ്പം ചിന്തിക്കുവാൻ സഭ ആഗ്രഹിക്കുന്നു.

ജീവിതോദ്ദേശത്തെ വിലയിരുത്തിക്കൊണ്ട് മനുഷ്യമഹത്വത്തെ ഉറപ്പിച്ചുപറഞ്ഞുകൊണ്ട് മനുഷ്യരാശിയെപ്പററിയുള്ള അറിവ് നിങ്ങളോടൊപ്പം പങ്കുവഹിച്ചുകൊണ്ട് ലോകത്തിലെ പ്രശ്നങ്ങളെ മനസിലാക്കുവാൻ സഭ നിങ്ങളെ സഹായിക്കും. നിങ്ങളുടെ ഓരോ പാതയിലും നിങ്ങൾക്കരികിൽ നിൽക്കുവാനും പ്രോത്സാഹിപ്പിക്കുവാനും സഭയുണ്ടായിരിക്കും. എന്നാൽ അതിലുപരി പ്രശ്നങ്ങളെ നേരിടുവാനുള്ള മാർഗനിർദേശം അവർ നൽകുന്നു. സഭ നിങ്ങൾക്ക് യേശുവിനെ നൽകുന്നു. യേശുവുമായി ഐക്യപ്പെട്ടുനിൽക്കാൻ, അവിടുത്തെ സ്നേഹത്തിൽ നിലനിൽക്കാൻ സഭ നിങ്ങളെ ആഹ്വാനംചെയ്യുന്നു. കാരണം യേശുവിൽ ജീവൻെറ ഉറവമാത്രമല്ല, പൂർണമായ മനുഷ്യജീവിതത്തിൻെറ രൂപവും നിങ്ങൾ കണ്ടെത്തും.

43.4. നിങ്ങളെ നിലനിറുത്താനും സുഖപ്പെടുത്താനും ശക്തിപ്പെടുത്താനും ഉള്ള കൂദാശകൾ സഭ നിങ്ങൾക്ക് നൽകുന്നു. ദിവ്യബലിയിൽ നിങ്ങൾക്ക് യേശുവിൻെറ ജീവൻ സഭ നൽകുന്നു. പാപമോചനത്തിലൂടെ കരുണ നിറഞ്ഞവനും ക്ഷമാശീലനുമായ യേശുവിനെ നിങ്ങൾ കണ്ടെത്തുന്നു. നിങ്ങൾ കരുണക്കായി ദാഹിക്കുന്ന നിമിഷങ്ങളും അത് പ്രായോഗികമാക്കു

www.malankaralibrary.com



വാൻ നിങ്ങൾ ക്ഷണിക്കപ്പെടുന്ന വേളകളും പ്രിയ സഹോദരരെ നിങ്ങളുടെ ജീവിതത്തിൽ ധാരാളം ഉണ്ടാകും. ക്രിസ്തുവിൽ നിന്ന് അവർ പഠിച്ചതെല്ലാം സഭ നിങ്ങൾക്ക് വിശദീകരിച്ചു തരും. പ്രാർത്ഥനയെന്ന കലയാണ് അതിൽ പ്രഥമം. ഇതൊക്കെ നിങ്ങൾ ക്രിസ്തുവുമായി ബന്ധപ്പെടുവാനും സംഭാഷിക്കുവാനും ഐക്യത്തിൽ ജീവിക്കാനുംവേണ്ടിയാണ്.

ജീവിതത്തിൻെറ വിജയങ്ങളും പരാജയങ്ങളും മോഹങ്ങളും സമചിത്തതയോടെ നേരിടുവാൻ സഭ നിങ്ങളെ തയ്യാറാക്കും. കാരണം, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിൻെറ ജീവദായകവും ഉന്നതവുമായ സന്ദേശം സഭ നിങ്ങൾക്ക് നൽകുന്നുണ്ട്.

പക്ഷേ സഭ നമ്മിൽനിന്ന് ഒന്ന് ആവശ്യപ്പെടുന്നുണ്ട്. അതായത് മനുഷ്യരാശിയെ ദൈവത്തിലേക്ക് നയിക്കുന്നതിനുള്ള സഹായം. യേശുവിനു സാക്ഷ്യംവഹിക്കുവാൻ അവർ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങളുടെ ദൈനംദിനജീവിതത്തിൽ അപരനെ നിങ്ങൾ സേവിക്കണമെന്ന് അവർ താല്പര്യപ്പെടുന്നു. അത് ഇവിടെവച്ചുതന്നെ, ഇപ്പോൾതന്നെ ബോംബെയിൽ, ഭാരതത്തിൽ 1986-ൽത്തന്നെ തുടങ്ങണം.

43.5. ഇവിടെ ഈ വെല്ലുവിളി നിയതരൂപം സ്വീകരിക്കുന്നു. നിങ്ങളോരോരുത്തരും പ്രത്യേക കാര്യത്തിനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ എല്ലാവരുംകൂടി ഈ ലോകത്തെ രൂപാന്തരപ്പെടുത്താനാണ് വിളിക്കപ്പെട്ടിരിക്കുന്നത്.

—ക്ഷമിക്കുക ദൈവികമാണെന്നറിഞ്ഞുകൊണ്ട് വ്യക്തി ജീവിതത്തിലും സമൂഹജീവിതത്തിലും മററുള്ളവർ അപമര്യാദയോടെ പെരുമാറുമ്പോൾ ക്ഷമിച്ചും അനുരഞ്ജനപ്പെട്ടുംകൊണ്ട്.

—സഹോദരസ്നേഹത്തിലും കൂട്ടായ്മയിലും നിങ്ങളുടെ സഹോദരീ സഹോദരന്മാരോടൊത്ത് പ്രവർത്തിച്ചുകൊണ്ട്. കാരണം യേശുവിൻെറ കല്പന സാർവലൗകികമാണ്.

—നിങ്ങളുടെ ജീവിതംകൊണ്ടാരംഭിച്ച് നീതിക്കുവേണ്ടിയുള്ള ശ്രമത്തിൽ സമാധാനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട്.

—നിങ്ങളുടെ മാതൃരാജ്യത്തെ സ്നേഹിച്ചുകൊണ്ടും അതിലെ ജനങ്ങളുടെ പുരോഗതിക്കായി പ്രവർത്തിച്ചുകൊണ്ടും.

—നിങ്ങളുടെ ദേശീയ പാരമ്പര്യങ്ങളോടും സമൂഹത്തോടും വിശ്വസ്തത പാലിച്ചുകൊണ്ട്, അതേസമയം ലോകസമൂഹത്തിൻെറയും സാർവലൗകികസഭയുടെയും അംഗമെന്നനിലയിൽ.

—ദൈവത്തെ സ്നേഹിക്കുവാനും മനുഷ്യരെ സേവിക്കുവാനുമുള്ള ഉദ്ദേശത്തോടെ ഉദാരമായ സേവനത്തിന് അർപ്പിതമായ യേശുവിൻെറ അമ്മയായ മറിയത്തിൻെറ ജീവിതമാതൃകയെ നോക്കിക്കൊണ്ട്.

www.malankaralibrary.com



—ലോകത്തിനുവേണ്ടിയുള്ള ദൈവികവസതിയോട് മറിയത്തെപ്പോലെ സഹകരിച്ച് നിങ്ങളെത്തന്നെ ദാനംചെയ്തുകൊണ്ട്.
—എളിമയുടെയും വിശ്വസ്തതയുടെയും ആത്മാർത്ഥതയുടെയും പുണ്യങ്ങൾ അഭ്യസിച്ചുകൊണ്ട്.

—വർഗത്തിൻെറയും മതത്തിൻെറയും ലിംഗത്തിൻെറയും സാമൂഹികാവസ്ഥയുടെയും പേരിലുള്ള എല്ലാത്തരം വിമോചനത്തെ ഇല്ലാതാക്കിക്കൊണ്ട്.

ഇങ്ങനെയാണ് നിങ്ങൾ ലോകത്തെ രൂപാന്തരപ്പെടുത്തേണ്ടത്.

നാമെല്ലാം ഒരേ പിതാവിൻെറ മക്കളും സഹോദരീ സഹോദരന്മാരുമാണ്. കുമിഞ്ഞുകൂടിയ ധാരാളിത്വത്തിലൂടെയല്ല നമ്മുടെ സമ്പത്ത് അടങ്ങിയിരിക്കുന്നത്, നമ്മുടെ ആവശ്യങ്ങളുടെ മിതത്വത്തിലാണ്. സൃഷ്ടവസ്തുക്കളോടുള്ള നമ്മുടെ ശരിയായ മനോഭാവത്തിൽനിന്നുരുത്തിരിയുന്ന ആധ്യാത്മിക സ്വാതന്ത്ര്യത്തിൽ. പ്രിയ യുവജനങ്ങളെ, ലൗകികസമ്പത്ത് വെട്ടിപ്പിടിക്കുന്നതിലോ, സ്വാർത്ഥരായിരിക്കുന്നതിലോ അല്ല നിങ്ങൾ സന്തോഷം കണ്ടെത്തേണ്ടത്. നിങ്ങളുടെ ജീവിതത്തിൽ അലസതക്കും ഉദാസീനതക്കും സ്ഥലം കൊടുക്കരുത്. നിങ്ങളുടെ അയൽവാസിയുടെയും ഭാരതത്തിൻെറയും ലോകത്തിൻെറയും നന്മക്കായി നിങ്ങളുടെ ഉത്സാഹവും നിഷ്കപടതയും തീക്ഷ്ണതയും ഉപയോഗിക്കുവാൻ ദൈവം നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

ഇന്ന് സമൂഹം നേരിടുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാനും ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുവാനും ഒരു നവലോകം സൃഷ്ടിക്കുവാനുമുള്ള സംഭാവനയായി നിങ്ങളുടെ ദൈനംദിന ജോലികൾ ചെയ്യുവാനും യുവത്വത്തിൻെറ ഊർജ്ജസ്വലത നിങ്ങൾ തിരിച്ചുവിടണം. ആലസ്യത്തിനെതിരേ സമരം ചെയ്യുകയും പ്രതിബന്ധങ്ങൾക്കെതിരേ ഉറച്ചുനിൽക്കുകയുംവേണം. ഭാരതീയജീവിതരീതിയിൽ ഉദാത്തമായതിനെ സ്നേഹിക്കുവാനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്.

പൂർണതയിൽ സത്യത്തെ കാണിച്ചുതരേണമെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തിനായി ദിവസവും നിങ്ങളുടെ ഹൃദയം തുറക്കണം.

ഈ സത്യത്തെ അടിസ്ഥാനപ്പെടുത്തി അത് നിങ്ങളുടെ അസ്തിത്വത്തെക്കുറിച്ചുള്ള സത്യമായിരിക്കട്ടെ. മനുഷ്യനെക്കുറിച്ചുള്ള സത്യമായിരിക്കട്ടെ. ഏതായാലും സത്യത്തെ അടിസ്ഥാനമാക്കിവേണം നിങ്ങൾ സാമൂഹ്യസൃഷ്ടി നടത്തുവാൻ. സഭതന്നെ നിങ്ങളെ മനുഷ്യനെക്കുറിച്ചുള്ള സത്യത്തിലേക്ക് നയിക്കും. നി

www.malankaralibrary.com



ങ്ങളുംതന്നെ ആ സത്യത്തെ ആശ്ലേഷിക്കുകയും പ്രായോഗിക മാക്കുകയും വേണം.

43.6. മനുഷ്യരാശി നേരിടുന്ന എല്ലാ പ്രശ്നങ്ങൾക്കും ഉട നടിയുള്ള എളുപ്പ പരിഹാരങ്ങൾ ഉണ്ടെന്ന് സഭ അവകാശപ്പെടു ന്നില്ല. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ കാര്യം തെളിച്ചു പറയുന്നു: 'ധാർമ്മികവും മതാത്മകവുമായ തത്വസംഹിതക ളുടെ ഉറവിടമായ ദൈവവചനത്തെ സ്വന്തം പൈതൃകാവകാശ മായി സംരക്ഷിക്കുന്ന തിരുസഭ ഓരോ പ്രത്യേക പ്രശ്നത്തിനും അപ്പോഴപ്പോൾ പരിഹാരം നിർദ്ദേശിക്കുന്നില്ല (സഭ ആധുനിക ലോകത്തിൽ, 33). അതുപോലെതന്നെ യേശുവിന്റെ സന്ദേ ശവുമായാണ് സഭ ലോകത്തിലേക്കയക്കപ്പെട്ടിരിക്കുന്നതെന്നും അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ച് തീരുമാനങ്ങളെടുക്കുവാൻ, മനു ഷ്യനെ സഹായിക്കുവാൻ താൻ പ്രാപ്തനാണെന്നും സഭക്കറി യാം. ഇപ്രകാരമുള്ള പ്രതിബന്ധങ്ങളെ പരിഗണിച്ചുകൊണ്ടു കൗൺസിൽ പറയുന്നു: 'ദൈവിക വെളിപാടിനാൽ പ്രചോദി തരായി സഭക്ക് പ്രത്യുത്തരം കൊടുക്കാനാവും (സഭ ആധുനിക ലോകത്തിൽ 12).

ഈ മൂർത്തമായ വിശ്വാസസത്യങ്ങളെ ഇന്നത്തെ യാഥാർത്ഥ്യ ത്തിൽ പ്രയോഗിക്കാനാണ് ഭാരതീയ യുവത്വം വിളിക്കപ്പെ ട്ടിരിക്കുന്നത്.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ക്രിസ്തീയസന്ദേശം അന്വർത്ഥമാക്കുവാനാണ് നിങ്ങളിൽ ക്രിസ്ത്യാനികളായവർ വി ളിക്കപ്പെട്ടിരിക്കുന്നത്.

ക്രൈസ്തവരാകട്ടെ, അക്രൈസ്തവരാകട്ടെ, ദരിദ്രരോടും മർദ്ദി തരോടും പ്രത്യേകം കാരുണ്യം കാട്ടിക്കൊണ്ട് ഭാരതത്തിൽ ഇന്ന് മനുഷ്യന്റെ സമഗ്രമായ വികസനത്തിനുവേണ്ടി സാഹോ ദര്യ സ്നേഹത്തിൽ കൂട്ടായ്മയോടെ പ്രവർത്തിക്കണമെന്നാണ് ഇതിന്റെയർത്ഥം.

43.7. നിങ്ങളുടെ നാടിന്റെ ഋഷിമാരെ നിങ്ങൾ ശ്രവിക്കു ന്നത് നന്നായിരിക്കും. അവരുടെ ജീവിതത്തിന്റെ പ്രധാന ഘട കമായിരുന്നതും നിങ്ങളെ എല്ലാവരെയും പ്രചോദിപ്പിക്കുവാൻ പോരുന്നതുമായ സത്യത്തിന്റെ മഹാശക്തിയെപ്പറ്റി സംസാ രിച്ചിട്ടുള്ളവരാണവർ. അവരെപ്പോലെതന്നെ നിങ്ങളും ധാരണ യും ക്ഷമയും അഹിംസയും സഹനവും യാതനയും ഉൾക്കൊള്ളു ണം. സത്യം ശക്തിയാണ്, ലോകത്തെ മാററിമറിക്കുന്ന ശക്തി. ഈ ശക്തി സ്നേഹവുമായി കലർത്തുമ്പോൾ ലോകത്തെ സമഗ്ര മായി രൂപാന്തരപ്പെടുത്തുവാൻ പോരുന്നതാകും.

സത്യത്തിന്റെ ആത്യന്തികഫലം വിജയവും മോചനവു മാണ്. യേശു വ്യക്തമായി ഉറപ്പു തരുന്നത് നോക്കുക. നിങ്ങൾ

www.malankaralibrary.com



സത്യത്തെ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ. 8:32). ഭാരതത്തിലെ യുവാക്കളെ, നിങ്ങളോടൊപ്പം നിങ്ങളുടെ മഹത്തായ രാജ്യത്തിലേക്കുള്ള എന്റെ തീർത്ഥാടനം ഇവിടെ അവസാനിക്കുന്നു. പക്ഷേ ഞാൻ കണ്ട മൂല്യങ്ങൾ അവസാനമില്ലാത്തതാണ്.

അന്തർദേശീയ തലത്തിൽ മനുഷ്യരാശിയോടുള്ള ഭാരതത്തിന്റെ സേവനദൗത്യം അവർ പൂർത്തിയാക്കാൻ അവർ മുന്നോട്ടുവരണം.

പ്രിയ ഭാരതീയ ജനങ്ങളെ,

നിങ്ങളുടെ സൗഹൃദവും ആതിഥേയമര്യാദയും എന്നും എന്റെ ഹൃദയത്തിലുണ്ടാകും. അതിനൊക്കെ നിങ്ങളോട് എനിക്ക് നിറഞ്ഞ നന്ദിയുണ്ട്.

നിങ്ങളുടെ പ്രസിഡൻറിനോടും പ്രധാനമന്ത്രിയോടും ഗവൺമെൻറിനോടും ഉള്ള ആദരവും നന്ദിയും ഒരിക്കൽക്കൂടി ഞാൻ ആവർത്തിക്കുന്നു. ഭാരതത്തിലേക്കുള്ള ഈ തീർത്ഥാടനയാത്ര സാധ്യമാക്കിത്തന്ന എല്ലാ മതാധികാരികളോടും ഇതിന്റെ വിജയത്തിനുവേണ്ടി അക്ഷീണം പ്രവർത്തിച്ച എല്ലാവരോടും എന്റെ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് ഞാൻ പറയുന്ന 'നിങ്ങൾക്കു നന്ദി'. ഇന്ത്യയിലെ എല്ലാവർക്കുംവേണ്ടി സമാധാനത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും അനുഗ്രഹങ്ങൾക്കായി ദൈവത്തോട് ഞാൻ യാചിക്കുന്നു.

ജയ്ഹിന്ദ്.

ബോംബെയിലെ ശിവജിപാർക്കിൽ യുവാക്കളോടു ചെയ്ത പ്രഭാഷണം, 1986 ഫെ. 10.

www.malankaralibrary.com

# 44

# വിടവാങ്ങൽ സന്ദേശം

ബഹുമാന്യനായ ഗ്യാനി സെയിൽസിംഗ്
ഇന്ത്യൻ പ്രസിഡൻറ്, ന്യൂഡൽഹി.

ഭാരതത്തിലെ എൻെറ സന്ദർശനം പൂർത്തിയാക്കി വിടവാങ്ങുമ്പോൾ ഹൃദയംനിറഞ്ഞ നന്ദിയുടെ വികാരവും അങ്ങേക്കും ഗവൺമെൻറിലെ എല്ലാ അംഗങ്ങൾക്കും ഭാരതത്തിലെ എല്ലാ ജനങ്ങൾക്കും ഞാൻ അർപ്പിക്കുന്നു. നിങ്ങളുടെ ആതിഥ്യത്തിൻെറ ഊഷ്മളതക്കും, ഈ രാജ്യത്തിൻെറ സാംസ്കാരിക മൂല്യങ്ങളെയും മതമൂല്യങ്ങളെയും വ്യക്തിപരമായി അനുഭവിച്ചറിയുവാൻ നിങ്ങൾ എനിക്കുതന്ന അവസരത്തിനും നന്ദി. പുരാതന സംസ്കാരത്തിൻെറ ആധ്യാത്മിക പ്രകൃതിയോടുകൂടി ഐക്യത്തിൽ ജീവിക്കുന്ന ഭാരതത്തിലെ എല്ലാ മനുഷ്യരുടെയും സമഗ്രമായ വികസനരൂപവും പുരോഗമനവും ഉറപ്പുവരുത്തുന്ന നിങ്ങളുടെ ശ്രമങ്ങളെയെല്ലാം ദൈവം നിരന്തരം അനുഗ്രഹിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഇന്ത്യയോടുള്ള എൻെറ അഗാധമായ ആദരവും അങ്ങയോടുള്ള നിറഞ്ഞ നന്ദിയും ഞാനിതാ ഏററുപറയുന്നു, അങ്ങിത് സ്വീകരിച്ചാലും.

—ജോൺ പോൾ രണ്ടാമൻ

റോമിലേക്കു വിമാനം കയറുന്നതിനു മുമ്പ് പ്രസിഡൻറ് ഗ്യാനി സെയിൽസിംഗിനു നൽകിയ വിടവാങ്ങൽ സന്ദേശം.

www.malankaralibrary.com

അനുബന്ധം

# സന്ദർശനത്തിനു മുമ്പും പിമ്പും

ഇൻഡ്യയോട് ബന്ധപ്പെട്ട പ. പിതാവിന്റെ പ്രസംഗങ്ങളും രേഖകളും (1978–1986).

**നവംബർ 14, 1978. എറണാകുളം അതിരൂപതയിലെ ഒരു സംഘം വൈദികരോടും സന്യാസികളോടും അൽമായരോടും ചെയ്ത പ്രസംഗം.**

ഈ മാസാന്ത്യം കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ തന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുകയാണല്ലോ. എറണാകുളം അതിരൂപതയിൽനിന്നുള്ള ഒരു സംഘം വിശ്വാസികളെ സ്വീകരിച്ചുകൊണ്ട് ഈ സംഭവം അനുസ്മരിക്കുവാൻ സാധിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പ്രധാന ഇടയനായ ക്രിസ്തുവിന്റെ കീഴിൽ ആഗോള സഭയോടുള്ള സ്നേഹത്തിലും, വിശ്വാസൈക്യത്തിലും മെത്രാപ്പോലീത്തയുടെ ചുററും കൂടിയിരിക്കുന്ന വൈദികരും സന്യാസികളും അൽമായരുമായ അതിരൂപതയിലെ അജഗണങ്ങളുടെ പ്രതിനിധികളെയാണ് നിങ്ങളിൽ ഞാൻ കാണുന്നത്.

**ജനുവരി 11. 1979. വത്തിക്കാനിലേക്കുള്ള ഇൻഡ്യയുടെ പുതിയ അംബാസഡർ എച്ച്. എഫ്. ഗുർബച്ചൻസിംഗ് സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചപ്പോൾ.**

താങ്കൾക്ക് അറിയാവുന്നതുപോലെ സഭക്ക് ഏൽപിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവ സന്ദേശം ദൈവസ്നേഹത്തെയും മനുഷ്യസ്നേഹത്തെയും ഗാഢമായി കൂട്ടിയിണക്കുന്ന ഒന്നാണ്. അതുകൊണ്ട് സഭ പഠിപ്പിക്കുന്ന പാത പിൻതുടരാൻ ആഗ്രഹിക്കുന്നവരെല്ലാം തങ്ങളുടെ ഹൃദയത്തിൽനിന്നും സ്വാർത്ഥത, അഹങ്കാരം, അനുചിതമായ അഭിലാഷങ്ങൾ, പ്രതികാരം അനീതി മുതലായവയെല്ലാം തുടച്ചുമാററിക്കൊണ്ട് തങ്ങളോട് മററുള്ളവർ എപ്രകാരം പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ അപ്രകാരം അവരോട് പെരുമാറിക്കൊണ്ട്, തങ്ങളുടെ ദൈവസ്നേഹം തെളിയിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള മനോഭാവം ജനങ്ങൾതമ്മിൽ വളർത്തിക്കൊണ്ടുവരുന്നതിന് സഭ തീവ്രശ്രമം നടത്തുന്നു. ഈ മനോഭാവമില്ലാതെ മാനവകുടും

www.malankaralibrary.com



ബത്തിലെ അംഗങ്ങളായ വ്യക്തികളും ജനങ്ങളും തമ്മിൽ ആത്മാർത്ഥമായൊരു ഐക്യബോധം ഉണ്ടാകുകയില്ല.

തന്റെ പുരാതനമായ ജീവിത പാരമ്പര്യങ്ങളിൽ അങ്ങനെയൊരു മനോഭാവത്തെ ഊട്ടിവളർത്തുന്ന അനേകം അമൂല്യഘടകങ്ങളാൽ അനുഗൃഹീതയാണ് ഭാരതം. സമാധാനത്തിനും ശരിയായ പുരോഗതിക്കും മനുഷ്യന്റെ സമ്പൂർണമായ ആത്മീയ മഹത്വം ഉറപ്പിക്കുന്നതിനും അവരം നടത്തുന്ന പരിശ്രമങ്ങളെ ഞാൻ അതീവപ്രതീക്ഷയോടെയാണ് ഉററുവീക്ഷിക്കുന്നത്. ദൈവം അവളെ സംരക്ഷിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

> ഏപ്രിൽ 26, 1979. കാർഡിനൽ ലോറൻസ് പിക്കാച്ചിയുടെ നേതൃത്വത്തിൽ ബംഗാളിലെയും വടക്കു കിഴക്കൻ ഇൻഡ്യയിലെയും മെത്രാപ്പോലീത്തമാരും മെത്രാന്മാരും തങ്ങളുടെ 'ആദ് ലമീന' സന്ദർശനം നടത്തിയപ്പോരം.

നിങ്ങരം ഇവിടെ വന്നിരിക്കുന്നത്, ബംഗാളിലെയും വടക്കുകിഴക്കൻ ഇൻഡ്യയിലെയും പ്രാദേശിക സഭകളിൽ ഇന്ന് പരിശുദ്ധാത്മാവ് എന്താണ് പ്രവർത്തിക്കുന്നതെന്ന് എന്നോടൊത്ത് പരിചിന്തനം ചെയ്യുന്നതിനും ദൈവകൃപയുടെ മഹത്വത്തിന് സ്തുതിപാടുന്നതിനുംവേണ്ടിയാണ്.

> മെയ് 5, 1979. മററൊരു സംഘം ഇൻഡ്യൻ മെത്രാപ്പോലീത്തമാരോടും മെത്രാന്മാരോടും തങ്ങളുടെ ആദ് ലമീന സന്ദർശനത്തിന്റെ അവസരത്തിൽ.

ഈ ചുരുങ്ങിയ സമയത്തിനകം ഇൻഡ്യയിൽനിന്ന് രണ്ടാമതൊരു സംഘം മെത്രാന്മാരെ സ്വീകരിക്കാനിടയായതിൽ എനിക്ക് അതീയായ സന്തോഷമുണ്ട്.

സുവിശേഷത്തിനുവേണ്ടിയുള്ള നിങ്ങളുടെ ഉൽക്കണ്ഠക്കു കാരണമാകുന്ന പല പ്രശ്നങ്ങളെക്കുറിച്ചും, പഠനത്തിലൂടെയും നാം തമ്മിലുള്ള വ്യക്തിപരമായ കൂടിക്കാഴ്ചകളിലൂടെയും ഞാൻ ബോധവാനാണ്. നിങ്ങളുടെ പാവനദൗത്യത്തെ അപകടത്തിലാക്കുകയും സുവിശേഷപ്രഘോഷണത്തിലും മാനവസേവനത്തിലും നിങ്ങളെ തടസപ്പെടുത്തുകയും ചെയ്യുന്ന പ്രശ്നങ്ങളെ ധൈര്യത്തോടും ആത്മവിശ്വാസത്തോടും സ്ഥിരതയോടുംകൂടി നേരിടുമ്പോരം നിങ്ങളോടൊത്ത് ആത്മനാ ഞാനും സന്നിഹിതനാണ്. നിങ്ങളുടെ അജപാലനവൃത്തിയിൽ എന്റെ പ്രാർത്ഥനവഴി ഞാൻ നിങ്ങളെ അനുധാവനംചെയ്യുന്നു. സുവിശേഷത്തിൽ ഭാഗഭാക്കാകുന്നവരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ഉദ്യമങ്ങളെയും കലർപ്പില്ലാത്ത വിശ്വാസസത്യങ്ങളിലും ജീവിതവിശുദ്ധിയിലും വൈദികവിദ്യാർത്ഥികളെ പരി

www.malankaralibrary.com



ശീലിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെയും ഞാൻ ആശീർവദിക്കുന്നു. നിങ്ങളുടെ മതപഠനപരിപാടികളിലും യുവജനവിദ്യാഭ്യാസത്തിലും യുവജനപ്രേഷിതത്വത്തിലും വിവാഹത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിലും വിശ്വാസത്തിലും സ്നേഹത്തിലും ദൈവജനത്തിന്റെ ഐക്യം കാത്തു പരിപാലിക്കുന്നതിനും പ്രേഷിത അവബോധം ഓരോരുത്തരിലും ഉളവാക്കുന്നതിനുള്ള സംരംഭങ്ങളിലും ഞാൻ അതീവതല്പരനാണ്. മാനവപുരോഗതിക്കും ക്രിസ്തുവിലുള്ള ജീവിതത്തിന്റെ പൂർണതയ്ക്കുംവേണ്ടിയുള്ള നിങ്ങളുടെ ജനങ്ങളുടെ അഭിനിവേശങ്ങളിൽ നിങ്ങൾ അവരോട് സമീപസ്ഥരായിരിക്കുന്നതുപോലെ സഹോദരസ്നേഹത്തിലും പരസ്പരധാരണയിലും നിങ്ങളോട് സമീപസ്ഥരായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അഗതികളെയും ദരിദ്രരെയും രോഗികളെയും സഹായിക്കുന്നതിനുള്ള നിങ്ങളുടെ പ്രാദേശികസഭകളിലെ വൈദികരുടെയും സന്യസ്തരുടെയും അത്മായരുടെയും പ്രവർത്തനങ്ങൾക്ക് എന്റെ പിന്തുണ ഉണ്ടായിരിക്കുന്നതാണ്.

അങ്ങനെ അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും പ്രതീക്ഷയുടെ നാളങ്ങൾ കൊളുത്തുന്നതിനും യേശുവിന്റെ തിരുഹൃദയത്തിന്റെ സ്നേഹം പരത്തുന്നതിനും ഇടയാകട്ടെ.

**മെയ് 31, 1979. ഇൻഡ്യയിൽനിന്നുള്ള മൂന്നാമത്തെ സംഘം മെത്രാന്മാരോട് തങ്ങളുടെ 'ആദ് ലമിന' സന്ദർശനത്തിന്റെ അവസരത്തിൽ.**

ആദ് ലമിന സന്ദർശനം നടത്തുന്ന ഇൻഡ്യയിൽനിന്നുള്ള ഒരു സംഘം മെത്രാന്മാരെ ഏതാണ്ട് ഒരു മാസത്തിനകം മൂന്നാം പ്രാവശ്യം കാണാൻ ഇടയായതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. നിങ്ങളുടെ പ്രോൽസാഹനത്തിനും ശക്തിക്കുംവേണ്ടി നിങ്ങളുടെ സഹോദരമെത്രാന്മാരുമായി പങ്കുവച്ച വിചിന്തനങ്ങൾ ഞാൻ ആവർത്തിക്കുകയാണ്. ദൈവപുത്രനും ലോകരക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിർവഹിക്കപ്പെടുന്ന വിശ്വാസത്തിന്റെ പൊതുവായ ശുശ്രൂഷയെപ്പററി നിങ്ങളുമായി ഇന്ന് പരിചിന്തനം തുടരാൻ ഞാൻ ആഗ്രഹിക്കുന്നു.

**ജൂൺ 23, 1979. തമിഴ്നാട്ടിൽനിന്നുള്ള മെത്രാന്മാരോട്. തങ്ങളുടെ ആദ് ലമിന സന്ദർശനത്തിന്റെ അവസരത്തിൽ.**

ക്രിസ്തുവിന്റെ വികാരിയും പത്രോസിന്റെ പിൻഗാമിയുമെന്നനിലയിൽ നിങ്ങൾവഴി തമിഴ്നാട്ടിലെ കത്തോലിക്കർക്കു മുഴുവൻ ഞാൻ ആശംസകൾ അർപ്പിക്കുന്നു. അതോടൊപ്പം നിങ്ങളോടൊത്തുചേർന്നിട്ടുള്ള മററു മെത്രാന്മാർ പ്രതിനിധാനം

www.malankaralibrary.com



ചെയ്യുന്നവരെയും വിജ്ഞാനത്തിൽ അടിയുറച്ച്, മനുഷ്യാനുഭവങ്ങളാൽ സമ്പന്നമായ മാനവചരിത്രത്തിൽ ദൈവത്തെയും അവിടുത്തെ പരിപാലനയെയും സൂചിപ്പിക്കുന്ന ആത്മീയമൂല്യങ്ങൾനിറഞ്ഞ നിങ്ങളുടെ രാജ്യത്തിന്റെ പൗരാണിക സംസ്കാരത്തിന് ഞാൻ ആദരമർപ്പിക്കുന്നു.

നിങ്ങളുടെ ജനങ്ങളുടെ ജീവിതത്തിന്റെ ഒരു പ്രത്യേക നിമിഷത്തിൽ അനുപമവും മൗലികവുമായ വെളിപാടിന്റെ സന്ദേശം നൽകപ്പെടുകയും അതു സ്വതന്ത്രമായി സ്വീകരിക്കുകയും ചെയ്തു. സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതുവരെ യേശു ചെയ്തതും പഠിപ്പിച്ചതുമായ കാര്യങ്ങളിൽ (അപ്പ. നടപടി 1:1) അവർ തങ്ങളുടെ ജീവിതം അടിസ്ഥാനമാക്കി. നിങ്ങളുടെ ഇടയിൽ യേശുവിന്റെ നാമം പ്രസംഗിക്കപ്പെടുകയും അവിടുത്തെ സുവിശേഷം പ്രഘോഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവിടുത്തെ വൈദികവ്യക്തിത്വം അനേകർക്ക് തങ്ങളുടെ ജീവിതത്തിന്റെ കേന്ദ്രവും, അവിടുത്തെ ഹൃദയശാന്തതയുടെയും എളിമയുടെയും സന്ദേശം അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രചോദനവുമായിരിക്കുന്നു. ദൈവാരൂപിയുടെ പ്രവർത്തനത്താൽ നല്ല നിലത്ത് വിതയ്ക്കപ്പെട്ട ദൈവവചനം വിശുദ്ധിയുടെയും നീതിയുടെയും സ്നേഹത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്. ദൈവത്തിന്റെ കൃപ ഭാരതത്തിൽ സംസിദ്ധമാക്കിയ അത്ഭുതകരമായ കാര്യങ്ങൾക്ക് അവിടുന്ന് നിരന്തരം സ്തുതിക്കപ്പെടുന്നു.

സെപ്റ്റംബർ 9, 1979. മെത്രാന്മാരുടെ ആദ് ലിമിന സന്ദർശനത്തെപ്പറ്റി ത്രികാല പ്രാർത്ഥനാവേളയിൽ നൽകിയ സന്ദേശം.

ശ്രീലങ്കയിലെ എല്ലാ മെത്രാന്മാരും ഇൻഡ്യയിലെ അനേകം മെത്രാന്മാരും റോമിൽ എത്തിയിട്ടുണ്ട്. വലുതും വൈവിധ്യം നിറഞ്ഞതും ഏഷ്യയിലെ ഒരു ഉപഭൂഖണ്ഡംതന്നെയുമായ ഈ രാജ്യം ഭൂമിയിലെ ഏററവുമധികം ജനപ്പെരുപ്പമുള്ള പ്രദേശങ്ങളിൽ ഒന്നാണ്. ഇന്ത്യയിലെ 630 ദശലക്ഷം ജനങ്ങളിൽ ക്രൈസ്തവർ വലിയ ശതമാനമൊന്നുമില്ല. കത്തോലിക്കർ പതിനൊന്ന് ദശലക്ഷം മാത്രം. എന്നാലും ഈ ചെറിയ ശതമാനം ഇൻഡ്യയിലെയും ശ്രീലങ്കയിലെയും സാമൂഹ്യ ജീവിതത്തിൽ ശ്രദ്ധേയമായൊരു സ്ഥാനം വഹിക്കുന്നു. അവരുടെ സംഖ്യ വച്ചു നോക്കുമ്പോൾ ഒരുവന്റെ പ്രതീക്ഷക്കതീതമാണിത്.

ഈ ഭാഗഭാഗിത്വം ഏററവും കൂടുതൽ പ്രകടമായിരിക്കുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. ആശുപത്രികൾവഴിയും പരസ്നേഹ പ്രവർത്തനങ്ങൾ വഴിയും ഈ മേഖലയിൽ കൽക്കട്ട

www.malankaralibrary.com



യിലെ മദർ തെരേസയുടെ സ്തുത്യർഹങ്ങളായ സേവനങ്ങൾ എടുത്തുപറയേണ്ടതാണ്. ഇൻഡ്യയുടെ വലിപ്പംമൂലം മെത്രാൻ സംഘത്തിൽ 107 രൂപത ഭരിക്കുന്ന മെത്രാന്മാരും, 7 സഹായ മെത്രാന്മാരും 17 റിട്ടയർ ചെയ്ത മെത്രാന്മാരുമുണ്ട്. അവരിൽ രണ്ടുപേർ–ജോസഫ് പാറേക്കാട്ടിലും ലോറൻസ് പിക്കാച്ചിയും–കർദ്ദിനാൾമാരാണ്. 10682 വൈദികരിൽ 6493 പേർ രൂപതാവൈദികരും 4189 പേർ സന്യാസവൈദികരുമാണ്.

ഇൻഡ്യൻ ഉപഭൂഖണ്ഡത്തിലെ ക്രൈസ്തവമതം ഏറെ പഴക്കമുള്ളതാണ്. അപ്പസ്തോലനായ വി. തോമസിൽനിന്നാണ് അവർ വിശ്വാസം ഏറ്റുവാങ്ങിയത്. കത്തോലിക്കരിൽ ഭൂരിഭാഗം ലത്തീൻ റീത്തിൽപ്പെട്ടവരാണ്. എന്നാൽ സീറോ മലബാർ,സീറോ മലങ്കര റീത്തുകളിൽപെട്ട അനേകം കത്തോലിക്കരുമുണ്ട് .സന്യാസ സഭകൾ പ്രേഷിതപ്രവർത്തനങ്ങളിൽ അതുല്യമായ പങ്കുവഹിക്കുന്നു. രൂപതാവൈദികരുടെ പങ്ക് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അവരുടെ അനുക്രമമായ വളർച്ച ധാരാളം ദൈവവിളികളുള്ളതിന്റെ ഫലമാണ്. പുരുഷന്മാരുടെയും സ്ത്രീകളുടെയും സന്യാസസഭകളെ സംബന്ധിച്ചും ഈ വസ്തുത ശരിയാണ്.

ഇൻഡ്യയിൽനിന്നും ശ്രീലങ്കയിൽനിന്നുമുള്ള അനേകം മെത്രാന്മാരെ കാണുവാൻ ഈ വർഷം ഇടയായതിൽനിന്നും, ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുടെയും മുസ്ലീംങ്ങളുടെയും ബുദ്ധമതക്കാരുടെയും ഇടയിൽ വസിക്കുന്ന അവിടുത്തെ ദൈവജനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി വ്യക്തമായൊരു ധാരണയും ലഭിക്കയുണ്ടായി.

> ഓഗസ്റ്റ് 29, 1980. ഇൻഡ്യയിൽനിന്നുള്ള സീറോ–മലബാർ, സീറോ–മലങ്കര റീത്തുകളിലെ മെത്രാപ്പോലീത്തമാരോടും മെത്രാൻമാരോടും തങ്ങളുടെ ആഡ് ലമിന സന്ദർശനത്തിന്റെ അവസരത്തിൽ.

ഇന്ന് നിങ്ങളുടെ ഈ സന്ദർശനത്തിൽ ഞാൻ അതീവ കൃതജ്ഞനാണ്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയും പൗരസ്ത്യ കാനൻ നിയമ പരിഷ്കരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡൻറുമായ കാർഡിനൽ ജോസഫ് പാറേക്കാട്ടിലുമൊത്ത് ആഡ് ലമിന സന്ദർശനത്തിനും നിങ്ങളുടെ സംഘാത്മക സമ്മേളനത്തിനുമായി വന്നിട്ടുള്ള നിങ്ങൾക്ക് ഞാൻ അതിരററ സന്തോഷത്തോടെയാണ് സ്നേഹാശംസകൾ നേരുന്നത്.

പൗരസ്ത്യവും തികച്ചും ഭാരതീയവുമായ സീറോ–മലബാർ സഭയെ മുഴുവൻ ഞാൻ നിങ്ങളിൽ കാണുകയാണ്. ശതാബ്ദ

www.malankaralibrary.com



ങ്ങളോളം തൻെറ പൗരാണിക വിശ്വാസത്തോടും നിയമാനു സൃതമായ പാരമ്പര്യങ്ങളോടും വിശ്വസ്തയായിരുന്നുകൊണ്ട് ക്രൈസ്തവ സാക്ഷ്യത്തിൻെറ മഹോജ്ജ്വല മാതൃകയായിരുന്നു അവരു.

കേരളത്തിലും ഇൻഡ്യയുടെ മററുഭാഗങ്ങളിലും നിങ്ങളോടൊപ്പം ജീവിക്കുന്ന മററു സഭകളിലെ വിശ്വാസികൾക്കും ഇടയന്മാർക്കും ഞാൻ ആശംസകളും അഭിവാദനങ്ങളും അർപ്പിക്കുകയാണ്. നാമുമായി ഇനിയും പൂർണമായി കൂട്ടായ്മയില്ലാത്ത ക്രൈസ്തവ സമൂഹങ്ങളിലെ സോദരർക്കും അക്രൈസ്തവ മതാനുയായികൾക്കും ആശംസകൾ നേരുന്നു.

നിങ്ങളുമായുള്ള ഈ കൂടിക്കാഴ്ച ഞാൻ വളരെയേറെ ആഗ്രഹിച്ചിരുന്നതാണ്. നിങ്ങളുടെ സഭയുടെ ആരാധനക്രമ നവീകരണത്തിനുവേണ്ടിയുള്ള ഒരു പഠന സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘം നൽകിയ ക്ഷണം നിങ്ങൾ സ്തുത്യർഹമായ ഉത്തരവാദിത്വത്തോടെ സ്വീകരിച്ചതിനു ഞാൻ നിങ്ങളോടു നന്ദി പറയുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ നിർദ്ദേശങ്ങൾക്കും ചൈതന്യത്തിനുമനുസരിച്ച് ആരാധനക്രമത്തിൽ ചിട്ടയും നവീകരണവും ഉളവാക്കുന്ന ഏററം സന്തോഷദായകമായ ഫലങ്ങൾ ഈ സമ്മേളനത്തിൽനിന്നും പ്രതീക്ഷിക്കുന്നത് തികച്ചും യുക്തമാണ്.

നിങ്ങളുടെ സഭയുടെ ഏററവും ഫലപ്രദമായ ജീവിതത്തിന് ആരാധനക്രമ നവീകരണം അടിസ്ഥാനപരമായ ഘടകമാണ്. ഈ നവീകരണം നിങ്ങളുടെതന്നെ യഥാർത്ഥമായ സഭാപാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ടുള്ളതും നിങ്ങളുടെ ജനങ്ങളുടെ ആവശ്യങ്ങൾക്കും സംസ്കാരത്തിനും അനുയോജ്യമായതും നിങ്ങളുടെ സജീവമായ പുരോഗതിക്കനുസരിച്ച മാററങ്ങൾക്ക സാധ്യതയുള്ളതുമായിരിക്കണം.

ആരാധനക്രമത്തെപററിയുള്ള ഈ പരിചിന്തനങ്ങൾക്കുശേഷം പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘംവഴി നിങ്ങൾ എനിക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തെപ്പററി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പരിതഃസ്ഥിതികൾമൂലം ഹ്രസ്വമാണെങ്കിലും ഈ രേഖയുടെ ഉള്ളടക്കം നിങ്ങളുടെ മഹത്തായ സഭയുടെ ചരിത്രത്തെപ്പററി വിചിന്തനം ചെയ്യാൻ എന്നെ പ്രേരിപ്പിക്കുന്നു. സ്വതന്ത്രലോകത്തിലെ പൗരസ്ത്യസഭകളിൽവച്ച് ഏററവും കൂടുതൽ അംഗസംഖ്യയുള്ളതും തഴച്ചുവളരുന്നതുമാണിത്. വൈദികരും സന്യാസിനീസന്യാസികളും വൈദിക വിദ്യാർത്ഥികളും ഏററവും കൂടുതലുള്ള സഭകളിൽ ഒന്നാണിത്.

ഇൻഡ്യയിൽ മാത്രമല്ല ലോകത്തിൻെറ ഇതര ഭാഗങ്ങളിലും നിങ്ങളുടെ സഭ മിഷൻരംഗത്തും പൗരോഹിത്യ – സന്യാസ

www.malankaralibrary.com



ദൈവവിളികളുടെ പ്രോത്സാഹനത്തിനും, വിദ്യാഭ്യാസ– പര സ്നേഹപ്രവർത്തനങ്ങൾക്കും നൽകുന്ന സംഭാവനകളെ തികഞ്ഞ സംതൃപ്തിയോടും സന്തോഷത്തോടുംകൂടി എടുത്തു പറയാതിരിക്കാൻ എങ്ങനെ സാധിക്കും? ഈ പ്രതിഭാസത്തിന് സഹായകരമായ ഏറെ മാനുഷിക ഘടകങ്ങളെ കണക്കിലെടുക്കാതിരിക്കുന്ന പ്രശ്നമേയില്ല. എന്നാൽ തങ്ങളുടെ സന്താനങ്ങളെ, തങ്ങളുടെ പ്രാദേശികസഭയുടെ അതിരുകൾക്കപ്പുറത്തുപോലും ആഗോളസഭയ്ക്കു നൽകുവാൻമാത്രം വിശാലമനസ്കരായ സീറോ–മലബാർ കുടുംബങ്ങളുടെ ക്രൈസ്തവ വിശ്വാസത്തോട് ഈ ഘടകങ്ങൾ എങ്ങനെ കടപ്പെട്ടിരിക്കുന്നു എന്നു ശ്രദ്ധിക്കേണ്ടതുണ്ട്. നിങ്ങൾ സാർവത്രികസഭക്ക് ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ എല്ലാത്തിനും, മെത്രാന്മാരായ നിങ്ങളോടും നിങ്ങളുടെ വൈദികരോടും സന്യസ്തരോടും സെക്കുലർ ഇൻസ്റ്റിട്യൂട്ട് അംഗങ്ങളോടും വൈദിക വിദ്യാർത്ഥികളോടും ഉദാരതയുള്ള കുടുംബങ്ങളോടും ഞാൻ എന്റെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. ഒരുകാലത്ത് യൂറോപ്പിലും അമേരിക്കയിലുംനിന്നുള്ള മിഷനറിമാർ പൗരസ്ത്യസഭകൾക്ക് ചെയ്തുതന്നിരുന്നതും ഇപ്പോൾ ചെയ്യുന്നതുമായ സഹായം ലത്തീൻസഭയുടെ സഹായത്തിനായി നിങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ഞാൻ നിങ്ങളോട് ആത്മാർത്ഥമായി നന്ദി പറയുന്നു. പ്രാദേശിക സഭകളോടും ആഗോള സഭയോടും ഉത്തരവാദിത്വമുണ്ടെന്ന വസ്തുത മനസിലാക്കണമെന്ന സൂനഹദോസിന്റെ ചൈതന്യത്തോട് പൂർണമായും യോജിച്ചതാണ് ഇവയെല്ലാം.

നിങ്ങളുടെ സഭയെപ്പററിയുള്ള ഒരു വിഹഗ വീക്ഷണത്തിനുശേഷം എന്റെ ചിന്തകൾ നിങ്ങൾ സമർപ്പിച്ച ആ മെമ്മോറാണ്ടത്തിലേക്ക് തിരിയുകയാണ്. നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ പ്രാധാന്യവും അതിൽ ഉൾക്കൊള്ളുന്ന കാനോനികവും സഭാപരവും അജപാലനപരവും താത്വികവും പ്രായോഗികവുമായ സൂചനകളും ഈയവസരത്തിൽ പെട്ടെന്ന് പൂർണമായൊരു പ്രതികരണം നൽകാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുന്നു.

നിങ്ങളുടെ രൂപതകൾക്കു വെളിയിൽ വസിക്കുന്ന വിശ്വാസികൾക്കു സഹായം നൽകേണ്ട പ്രശ്നമുണ്ട്. പൗരസ്ത്യസഭകളുടെ ഭരണസീമകൾക്കു വെളിയിൽ ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന സീറോ–മലബാർ വിശ്വാസികൾക്കു വേണ്ടി അപ്പസ്തോലിക് വിസിററായി ആർച്ചുബിഷപ്പ് ആൻറണി പടിയറയെ നിയമിക്കുവാനുള്ള ഭാഗ്യവും അവസരവും എന്റെ മുൻഗാമിയായ ജോൺ പോൾ പാപ്പക്ക് തന്റെ ചുരുങ്ങിയ ഭരണകാലത്തിനകം ഉണ്ടായതാണ്. തന്നിൽ ഏല്പ

www.malankaralibrary.com



പിക്കപ്പെട്ട ആ ദൗത്യം മാതൃകാപരമായ രീതിയിൽ പൂർത്തിയാക്കിയ മെത്രാപ്പോലീത്തയോട് നിങ്ങളുടെ മുന്നിൽവച്ച് ഞാൻ കൃതജ്ഞത രേഖപ്പെടുത്തുകയാണ്. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തിരിക്കുന്ന വിശ്വാസികളുടെ ജന്മനാട്ടുകളിലെ മെത്രാന്മാരും അവരുടെ പുതിയ സ്ഥലത്തെ മെത്രാന്മാരുംതമ്മിൽ ഐക്യത്തിൽ അടിയുറച്ച ബന്ധവും സഹോദരനിർവിശേഷമായ സഹകരണവും ഉണ്ടാകണം. ദേശീയമോ, പ്രാദേശികമോ ആയ മെത്രാന്മാരുടെ സംഘങ്ങളും ഈ ആവശ്യത്തിന് നീതിയുക്തമായൊരു മാർഗം അവലംബിക്കുമെന്ന് ഞാൻ ആത്മാർത്ഥമായി അഭിലഷിക്കുന്നു. എനിക്കത് ബോധ്യവുമാണ്.

ആധ്യാത്മികമോ ഭൗതികമോ ആയ സഹായം ഏററവും അർഹിക്കുന്ന വിശ്വാസികളെ സഹായിക്കുന്നതിനുള്ള ശ്രമത്തിൽ സീറോ-മലബാർ മെത്രാന്മാർക്ക് പ. സിംഹാസനത്തിൽ നിന്ന് ആത്മാർത്ഥമായ പിന്തുണയും സജീവമായ ശക്തിയും കണ്ടെത്താൻ സാധിക്കും. പ്രാദേശികസഭകളുടെ ആവശ്യങ്ങളും ആഗോളസഭയുടെ പൊതുനന്മ ഉൾക്കൊള്ളുന്ന സഭാപരമായ കാഴ്ചപ്പാടിൽ വിവിധ വർഗങ്ങളിലും രാജ്യങ്ങളിലും റീത്തുകളിലുംപെട്ട വിശ്വാസികൾതമ്മിൽ പരസ്പര അറിവിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പ. സിംഹാസനം ശ്രമിക്കുന്നു.

എന്റെ ചിന്ത ഒരേ സ്ഥലത്തുതന്നെ പ്രവർത്തിക്കുന്ന മററു റീത്തുകളിൽപെട്ട മെത്രാന്മാരിലേക്ക് പോകുകയാണ്. അവർ നിങ്ങളോടൊപ്പം വസിക്കുന്ന സഹോദരർ മാത്രമല്ല, നിങ്ങളോടും ആഗോളസഭയോടും സഭോൻമുഖമായ കൂട്ടായ്മയിൽ വർത്തിക്കുന്നവരാണ്. പത്രോസിന്റെ പിൻഗാമിയുമായുള്ള നിങ്ങളുടെ ബന്ധത്തെ ആത്മാർത്ഥമായ ബഹുമാനത്തോടെ വീക്ഷിക്കുന്ന നമ്മിൽനിന്നും വേർപെട്ട സഹോദരങ്ങളുടെ സമൂഹങ്ങളിലേക്കും സംഘങ്ങളിലേക്കും എന്റെ ചിന്ത പോകുകയാണ്.

സീറോ-മലബാർ മെത്രാന്മാരോടൊപ്പം എത്തിയിട്ടുള്ള സീറോ-മലങ്കര മെത്രാന്മാരോടും ഒരു വാക്ക്.

ഈ വർഷം നിങ്ങളുടെ സഭയിൽ ഒരു അസാധാരണസംഭവത്തിന്റെ വാർഷികമായതിനാൽ നിങ്ങൾക്കു ഞാൻ പ്രത്യേകമായി ആശംസകൾ നേരുകയാണ്. ഭാഗ്യസ്മരണാർഹനായ മാർ ഇവാനിയോസ് നേതൃത്വം കൊടുത്ത ആ ആത്മീയമുന്നേററത്തിന്റെ സുവർണജൂബിലി നിങ്ങൾ ആഘോഷിക്കുകയാണ്. അതുവഴിയാണല്ലോ അദ്ദേഹവും മററു മെത്രാന്മാരും അദ്ദേഹം സ്ഥാപിച്ച സന്യാസസഭകളും മിശിഹാനുകരണ സഹോ

www.malankaralibrary.com



രന്മാരും (The Brothers of the Imitation of Christ) ബഥനി സഹോദരികളും റോമുമായി പൂർണ്ണൈക്യത്തിലേക്കു വന്നത്.

> ഡിസംബർ 1, 1980. കോട്ടയത്ത് 1980 ഡിസംബർ 26മുതൽ 28വരെ നടന്ന സീറോ-മലങ്കരസഭയുടെ പുനരൈക്യജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ട് കാർഡിനൽ വ്ളഡിസ്ളാവൂസ് റൂബിൻ വഴി മാർപാപ്പ നൽകിയ സന്ദേശം.

ഈ സുന്ദരമുഹൂർത്തത്തിൽ എന്റെ ഹൃദയം നാഥനിലുള്ള സന്തോഷത്താൽ നിറഞ്ഞിരിക്കുകയാണ്. 1930 സെപ്റ്റംബർ 20 അനുഗ്രഹത്തിന്റെ ദിനമായി നാം അനുസ്മരിക്കുന്നത് അഗാധമായ സന്തോഷത്തോടെയാണ്. അന്നാണ് പ. സിംഹാസനം പ്രത്യേകമായി നിയമിച്ച ബിഷപ്പ് അലോഷ്യസ് മരിയ ബേൻസിംഗറുടെ മുൻപാകെ മാർ ഇവാനിയോസും മാർ തെയോഫിലോസും ഏതാനും അനുയായികളും കത്തോലിക്കവിശ്വാസം ഏറ്റുപറഞ്ഞത്.

അനുസ്മരണത്തിന്റെ ഈ നിമിഷത്തിൽ 1932 മെയ് 21-ാം തീയതി പതിനൊന്നാം പീയൂസ് എന്റെ ഏറ്റം പ്രിയങ്കരനായ മാർ ഇവാനിയോസ് എന്നു സംബോധനചെയ്ത അതേ വാത്സല്യത്തോടെ ഞാനും, വിശ്വാസത്തിന് തന്റെ സംസ്കാരത്തിലൂടെ ധന്യതയേകുന്നതായി മാർ ഇവാനിയോസ് കണ്ട ഇൻഡ്യയുടെ പ്രിയപ്പെട്ട ഒരു സഭയായ മലങ്കരസഭയെ മുഴുവൻ അഭിവാദ്യം ചെയ്യുന്നു. ഒരേ വിശ്വാസവും മാമ്മോദീസയും പ്രതീക്ഷയുമുള്ള യേശുവിൽ വിശ്വസിക്കുന്ന എല്ലാ സഭകളും ഐക്യത്തിനുവേണ്ടി, പ്രാർത്ഥനയുടെയും പഠനത്തിന്റെയും ജോലിയുടെയും എക്യുമെനിസം മനസിലാക്കുന്നതിനും ജീവിക്കുന്നതിനും നമ്മെ സഹായിക്കുന്നു.

> ജനുവരി 14, 1982. പ. സിംഹാസനത്തിലേക്കുള്ള ഇൻഡ്യയുടെ ആറാമത്തെ അംബാസഡർ എച്ച്. എഫ്. നരേന്ദ്രസിംഗ് സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചപ്പോൾ.

താങ്കൾ സൂചിപ്പിച്ചതുപോലെ ക്രൈസ്തവവിശ്വാസം ഭാരതത്തിൽ വളരെ നേരത്തേതന്നെ എത്തിയിരുന്നു. അന്നുമുതൽ അത് നിങ്ങളുടെ രാജ്യചരിത്രത്തിന്റെ ഭാഗമാണ്. ആധുനിക ഇൻഡ്യ സ്വാതന്ത്ര്യം നേടിയപ്പോൾ ക്രൈസ്തവർ, സഹപൗരന്മാരിലും ഭരണഘടന നൽകിയ ഉറപ്പുകളിലും വിശ്വാസമുറപ്പിക്കുകയും ചെയ്തു. താങ്കൾ സൂചിപ്പിച്ച മതവിശ്വാസത്തിന് ആദരം നൽകുന്ന പ്രശംസനീയമായ ആ പാരമ്പര്യം മനസാക്ഷി

www.malankaralibrary.com



സ്വാതന്ത്ര്യത്തിനു ഏതു മതവും വിവേചനം കൂടാതെ വിശ്വസിക്കുന്നതിനും ജീവിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശംതുടന്നും പരിരക്ഷിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.സത്യം അന്വേഷിക്കുന്നതിനും അതിനെ മുറുകെപിടിക്കുന്നതിനും അതനുസരിച്ചു് ജീവിതം ക്രമവൽക്കരിക്കുന്നതിനുമുള്ള സ്ത്രീപുരുഷന്മാരുടെ ശ്രമങ്ങൾക്ക് ആദരം അർപ്പിക്കുന്ന മഹത്തായ മാതൃകയാണ് ഇൻഡ്യയുടേത്.

ഈ പൈതൃകം ലോകസമൂഹത്തിൽ ഇൻഡ്യക്ക് അതിപ്രധാനമായൊരു സ്ഥാനം നൽകുന്നു. മനുഷ്യാവകാശങ്ങളെപ്പററി എല്ലായിടത്തുമുള്ള സ്ത്രീപുരുഷന്മാരുടെ അവകാശങ്ങളെപ്പററി, അവരുടെ ശാരീരികവും ആത്മീയവുമായ അവകാശങ്ങളെപ്പററി സംസാരിക്കുവാൻ കെല്പുള്ള ശബ്ദങ്ങൾ അന്തർദ്ദേശീയ രംഗത്തു് ആവശ്യമാണ്. ഈ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയാണ്. ഈ ആവശ്യങ്ങൾ സംരക്ഷിക്കപ്പെടാതെ ബുദ്ധിയും മനസ്സും വ്യക്തിത്വവുമുള്ള മനുഷ്യരെന്ന നിലയിൽ ജീവിക്കുവാൻ അവർക്ക് സാധിക്കുകയില്ല. ഈ മൗലികാവകാശങ്ങൾ സമാധാനത്തിനുള്ള ഒരു ഉപാധിയാണ്. ഇവയുടെ ആദരം ഉറപ്പുവരുത്താൻ സഹായിക്കുന്നവർ സമാധാനസംസ്ഥാപകരാണ്.

ഏവരും തങ്ങളുടെ മാനുഷികസാദ്ധ്യതകൾ പൂർണമായി സാക്ഷാത്ക്കരിക്കുന്നതിന് ഇൻഡ്യയിലും, ഇൻഡ്യവഴിയായും നടക്കുന്ന എല്ലാ ശ്രമങ്ങളെയും അനുഗ്രഹിക്കണമെയെന്നു് ഞാൻ ദൈവത്തോട് പ്രാത്ഥിക്കുന്നു. ഇൻഡ്യയിലെ എല്ലാ ജനങ്ങളെയും ഭരണരംഗത്തും നയതന്ത്രരംഗത്തും മററു മേഖലകളിലും പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഡിസംബർ 3,1982.പ.സിംഹാസനത്തിലേക്കുള്ള ഇൻഡ്യയുടെ ഏഴാമത്തെ അംബാസഡർ എച്ച്. ഇ. തോമസ് ഏബ്രഹാം തന്റെ സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചപ്പോൾ.

നിങ്ങളുടെ രാജ്യം ലോകത്തിലെ ഏററം പുരാതനമായ പാരമ്പര്യങ്ങളിലൊന്നിന്റെ പിള്ളത്തൊട്ടിലും, വിവിധ മതവിശ്വാസികളുടെ പരസ്പരധാരണകളുടെയും ഐക്യത്തിന്റെയും സമാഗമഫലവുമാണ്. ക്രൈസ്തവമതം അവിടെ പ്രസംഗിക്കപ്പെടുകയും ജീവിക്കപ്പെടുകയും ചെയ്തുതുടങ്ങിയിട്ട് 2000 വർഷങ്ങളോളമായി. പണ്ടെന്നപോലെ ഇന്നും രാജ്യത്തിന്റെ മുഴുവൻ ക്ഷേമത്തിനും പുരോഗതിക്കും ക്രൈസ്തവരും മററു മതാനുയായികളും കൈകോർത്തു പ്രവത്തിക്കുന്നു.

www.malankaralibrary.com



തന്റെ സ്വതന്ത്ര സ്വഭാവത്തെ പ്രകടമാക്കുന്ന മതാത്മക സ്വാതന്ത്ര്യത്തിന്റെയും മാനവമൂല്യങ്ങളുടെയും ആദർശങ്ങൾക്ക് പിന്തുണ കൊടുത്തുകൊണ്ട് ഇൻഡ്യൻ റിപ്പബ്ലിക് ലോകരാഷ്ട്ര ങ്ങൾക്കിടയിൽ വളരെക്കാലം വിളങ്ങട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും പ്രതീക്ഷയും. ഇൻഡ്യയുടെ പ്രതിനിധി എന്ന നി ലയിൽ താങ്കളുടെ കടമകൾ നിർവഹിക്കുന്നതിന് സർവശക്ത നായ ദൈവം തന്റെ അനുഗ്രഹങ്ങൾ താങ്കളുടെ മേൽ ചൊരിയ ട്ടെ. അതുപോലെതന്നെ തങ്ങൾ ഉന്നം വയ്ക്കുന്ന ലോകസമാധാന ത്തിന്റെ ലക്ഷ്യങ്ങളിലേക്ക വളരുവാൻ ഇൻഡ്യയുടെ നേതാ ക്കളെയും ജനങ്ങളെയും അവിടുന്ന് അനുഗ്രഹിക്കട്ടെ.

**ജൂൺ 3, 1983.** ഔദ്യോഗിക സന്ദർശനാർത്ഥം റോമിൽ എത്തിച്ചേർന്ന ഇൻഡ്യയിലെ ഓർത്ത ഡോക്സ് സുറിയാനി സഭയിലെ പരിശുദ്ധ കാതോലിക്ക മോറോൻ മാർ ബസേലിയോസ് മാർ ത്തോമാ മാത്യൂസ് പ്രഥമനോട്.

അപ്പസ്തോലന്മാരായ വി. പത്രോസും വി. പൗലോസും ത ങ്ങളുടെ സാക്ഷ്യത്തിന് മകുടം ചൂടിയ ഈ നഗരത്തിലേക്ക് അത്യധികമായ സന്തോഷത്തോടും ആഹ്ളാദത്തോടുംകൂടി ഞാൻ അങ്ങയെയും അങ്ങയുടെ സംഘത്തെയും സ്വാഗതം ചെ യ്യുന്നു. അപ്പസ്തോലനായ വി. തോമസിന്റെ സുവിശേഷ പ്രസം ഗത്തിൽനിന്നും അദ്ദേഹം യേശുക്രിസ്തുവിന് നൽകിയ സാക്ഷ്യ ത്തിൽനിന്നും ജന്മംകൊണ്ട ഒരു സഭക്ക് താങ്കളിലൂടെ ഞാൻ ആശംസകൾ അർപ്പിക്കുന്നു.

ചരിത്രത്തിന്റെ സങ്കീർണത അതിന്റെ വളർച്ചയിൽ ന മ്മുടെ രണ്ടു സഭകളെയും പരസ്പരം അറിവില്ലാതെ നൂറ്റാണ്ടു കളോളം വേർതിരിച്ചു നിറുത്തുകയും ചില അവസരങ്ങളിൽ പര സ്പരവൈരാഗ്യത്തോടെ വീക്ഷിക്കുന്നതിന് പ്രേരിപ്പിക്കുക യും ചെയ്തിട്ടുണ്ട്. മതസാംസ്കാരിക ഭാഷകളെയും രാഷ്ട്രീ യവും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഘടകങ്ങളെയും സംബന്ധിക്കുന്ന പരസ്പരമുള്ള അറിവിന്റെ അപര്യാപ്തത നിർഭാഗ്യവശാൽ നാം തമ്മിലുള്ള നാനാത്വത്തിന്റെ ആഴം വർ ധിപ്പിക്കുക മാത്രമല്ല, വ്യത്യസ്ത ധ്രുവങ്ങളിലേക്ക നയിക്കുന്ന വിധം പരസ്പരം അപകടകരമായ അന്യവൽക്കരണത്തിലേ ക്കും തദ്വാര അതിന്റെ ഭാരവും ഫലങ്ങളും വദ്ധിപ്പിക്കുന്ന ഒരു അവസ്ഥാവിശേഷത്തിലേക്കും നമ്മെ കൊണ്ടുചെന്നെത്തിച്ചി ട്ടുണ്ട്. ആഴമേറിയ ദൈവശാസ്ത്രപഠനവും അതിലുപരിയായി നാം തമ്മിൽ നേരിട്ടുള്ള സമ്പർക്കവും ചക്രവാളങ്ങളെ വിശദീ കരിച്ച് വ്യക്തമാക്കുകയും രണ്ടു സഭകളും തമ്മിൽ നേരത്തെ മുതൽ

www.malankaralibrary.com



നിലവിലുള്ള പ്രൗഢമായ കൂട്ടായ്മയെ കൂടുതൽ തെളിമയോടെ കാണാൻ ഇടയാക്കുകയും ചെയ്യുന്നു.

നാം തമ്മിലുള്ള സഹോദര നിർവിശേഷവും എന്നെന്നും നിലനിൽക്കുന്നതുമായ കൂടിക്കാഴ്ചയുടെ ചൈതന്യം കത്തോലിക്ക സഭയിലെയും മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയിലെയും വിശ്വാസികളിലേക്ക് ചെന്നെത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പ്രത്യേകിച്ച് അവർ ഒരുമിച്ചു വസിക്കുന്ന സ്ഥലങ്ങളിൽ. അവർ തമ്മിൽ പരസ്പരമുള്ള ധാരണ വളർന്നുവരട്ടെ. അവർ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും വളർന്നുവരികയും അവ സഹോദരപൂർണവും ക്രിയാത്മകവുമായ സഹവർത്തിത്വത്തിലൂടെ ഓരോ സ്ഥലത്തെയും സാമൂഹ്യവും സാംസ്ക്കാരികവും അജപാലനപരവുമായ സാധ്യതകൾക്കനുസരിച്ച് പ്രകടമാക്കുകയും ചെയ്യട്ടെ. അങ്ങനെ നമ്മുടെ അയൽക്കാരുടെ മുന്നിൽ യേശുക്രിസ്തു നമ്മുടെ ദൈവവും നാഥനുമാണെന്ന് നമുക്ക് ഏറ്റുപറയാം.

ഈ കൂടിക്കാഴ്ച സാധ്യമാക്കിയ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നാം തമ്മിൽ നിലവിലിരിക്കുന്ന എല്ലാ വൈഷമ്യങ്ങളെയും തരണം ചെയ്ത് ഒരുദിവസം പൂർണൈക്യത്തോടെ പരിശുദ്ധ കുർബാനയർപ്പിക്കാനുള്ള അനുഗ്രഹം അവിടുന്നു പ്രദാനം ചെയ്യട്ടെ.

ജൂൺ 10, 1984 പന്തക്കുസ്താദിനം നൽകിയ സന്ദേശം.

ഈ ദിവസങ്ങളിൽ ഇൻഡ്യയിലെ പഞ്ചാബിൽ ഗൗരവതരമായ പല സംഭവങ്ങളും നടക്കുന്നതായി വാർത്തയുണ്ട്. നൂറുകണക്കിനാളുകളുടെ ജീവൻ അപഹരിച്ച ദുരന്തപൂർണമായ സംഭവങ്ങൾ നിർഭാഗ്യവശാൽ ഇനിയും അവസാനിച്ചിട്ടില്ല. പല വർഗങ്ങളുടെയും സംസ്കാരങ്ങളുടെയും ഈററില്ലമായ ആ വലിയ രാജ്യത്തു നടക്കുന്ന സംഭവങ്ങളുടെ സങ്കീർണമായ കാരണങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ധാരാളം ആളുകൾ തങ്ങളുടെ ദുരന്തപൂർണമായ അന്ത്യം കണ്ടെത്തിയത്, ജനങ്ങൾ പ്രാർഥനക്കായി ഒരുമിച്ചുകൂടുന്ന ഒരു ക്ഷേത്രത്തിൽവച്ചാണെന്നതാണ് ഏററവും ദൗർഭാഗ്യകരമായ വസ്തുത.

എല്ലാവരിലും കാരുണ്യത്തിൻെറ വികാരങ്ങൾ ജന്മമെടുക്കുകയും പരസ്പരധാരണയോടെ ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഇടയാവുകയും ചെയ്യട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

ഒക്ടോബർ 31. രാഷ്ട്രപതി ഗ്യാനി സെയിൽസിങ്ങിന് അയച്ച കമ്പിസന്ദേശം.

www.malankaralibrary.com



പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ജീവനെടുക്കപ്പെട്ട ഭീകരപ്രവർത്തനത്തിന്റെ വാർത്ത കേട്ട് അതീവവ്യസനത്തോടെ എന്റെ ഹൃദയംഗമമായ അനുശോചനം താങ്കളെയും ഇൻഡ്യയിലെ ജനങ്ങളെയും ഞാൻ അറിയിക്കുകയാണ്. ഈ ദുരന്തവിനാഴികയുടെ ദുഃഖത്തിൽ ഞാനും നിങ്ങളോട് ഐക്യദാർഢ്യപ്പെടുന്നു. അക്രമത്തിലേക്കു നയിക്കുന്ന ഭിന്നിപ്പിന്റെയും വൈരാഗ്യത്തിന്റെയും വികാരങ്ങൾ തങ്ങളിൽ നിന്ന് അകററുന്നതിനുവേണ്ട വിവേകവും ധൈര്യവും എല്ലായിടത്തുമുള്ള ജനങ്ങൾക്കും നൽകണമെന്ന് ഞാൻ സർവശക്തനായ ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു. അവിടുത്തെ അനുഗ്രഹത്താൽ ത്യാഗപൂർണമെങ്കിലും അത്യാവശ്യമായ സമാധാനത്തിന്റെ മാർഗത്തിലൂടെ ചരിക്കാൻ മാനവകുടുംബത്തിന് സാധിക്കട്ടെ. സാമുദായിക ഐക്യവും മൈത്രിയും ഇന്ത്യയിൽ നിലനിൽക്കുന്നതിനായി ഇൻഡ്യയിലെ എല്ലാ ജനങ്ങൾക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 31, 1984, പ്രതിവാര പൊതുസന്ദർശനത്തിൽനിന്ന്.

അക്രമത്തിന്റെ അതിഭീകരമായൊരു സംഭവംകൂടി ഈ പ്രഭാതത്തിൽ ലോകമനസാക്ഷിയെ ഞെട്ടിച്ചിരിക്കുന്നു. ഇൻഡ്യയുടെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി അതിനീചമായ വധത്തിന് ഇരയായിരിക്കുന്നു. എല്ലാവരിലും ഞെട്ടലും ആശങ്കയും ജനിപ്പിച്ചുകൊണ്ട്, ലോകത്തെ രക്തക്കറ പുരളുന്ന ക്രൂരതകളുടെ പട്ടികയിൽ സങ്കടകരമായ ഒരു കണ്ണികൂടി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു. ഈ സംഭവത്തെ ഞാൻ നിശിതമായി അപലപിക്കുന്നതോടൊപ്പം, അവരുടെ ബന്ധുക്കളുടെ ദുഃഖത്തിലും അതോടൊപ്പം മഹത്തായ ഇൻഡ്യാരാജ്യത്തിന്റെ ഞെട്ടലിലും പങ്കുചേരുന്നു. ഈ നിമിഷം ഇൻഡ്യയോട് ഞാൻ കൂടുതൽ സമീപസ്ഥനായിരിക്കുന്നതുപോലെ തോന്നുന്നു. കഠിനമായ ഈ പരീക്ഷണം അതിനനുസരിച്ച വിവേകത്തോടും ശാന്തഗാംഭീര്യത്തോടുംകൂടി ഇൻഡ്യ നേരിടുമെന്നു പ്രതീക്ഷിക്കുന്നു. ശ്രീമതി ഗാന്ധിയുടെ ആത്മാവിനെ ഞാൻ സർവശക്തനായ ദൈവത്തിന്റെ കരുണക്കു ഭരമേല്പിക്കുന്നു. നിങ്ങളും എന്നോടൊപ്പം പ്രാർത്ഥനയിൽ പങ്കുചേരുക.

ഡിസംബർ 5, പ്രതിവാര പൊതുസന്ദർശനത്തിൽനിന്ന്.

ഇൻഡ്യയെ ഞെട്ടിച്ച, നൂറുകണക്കിനാളുകളുടെ ജീവൻ അപഹരിക്കുകയും അനേകർക്കു പരുക്കേൽപിക്കുകയും ചെയ്ത വിഷവാതകദുരന്തത്തെപ്പററി അത്യധികം ദുഃഖത്തോടെയാണ് ഞാൻ ശ്രവിച്ചത്. കഴിഞ്ഞ മാസങ്ങളിൽ വളരെയധികം വ

www.malankaralibrary.com



രീക്ഷണങ്ങൾക്ക വിധേയരായ ഒരു ജനതയ്ക്കുണ്ടായ ദാരുണമായ മറ്റൊരു യാതനയാണിത്.

അപകടത്തിനിടയായ കുടുംബങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. മരണമടഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും പരിക്കേററവർ വേഗം സുഖം പ്രാപിക്കട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു. അപകടത്തെ അതിജീവിച്ചവർക്ക് ഈ ദുരന്തത്തിനിടയിൽ, മാനവഐക്യത്തിൻെറയും സഹോദരസ്നേഹത്തിൻെറയും സാക്ഷ്യങ്ങൾ അനുഭവവേദ്യമാകട്ടെ. അതുവഴി ഈ ദുരന്തത്തിൻെറ അനന്തരഫലങ്ങൾ അല്പമെങ്കിലും ലഘൂകരിക്കപ്പെടട്ടെ.

**നവംബർ 22, 1985. കേരളത്തിലെ ലത്തീൻ റീത്തിൽപെട്ട മെത്രാന്മാർ തങ്ങളുടെ ആദ്‌ലിമിന സന്ദർശനം നടത്തിയപ്പോൾ.**

അപ്പസ്തോലന്മാരുടെ കബറിടങ്ങൾ സന്ദർശിച്ചുകൊണ്ട് ആദ് ലിമിന സന്ദർശനത്തിനെത്തിയിരിക്കുന്ന, കേരളത്തിൽ നിന്നുള്ള ലത്തീൻ രൂപതകളിലെ മെത്രാന്മാരായ നിങ്ങളെ ഞാൻ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. എനിക്ക നിങ്ങളുടെ പ്രാദേശികസഭകളുമായി ആത്മീയമായ കൂട്ടായ്മയിൽ ആയിരിക്കാനുള്ള നിമിഷമാണിത്. നിങ്ങളുടെ വൈദികരെയും സന്യാസിനീസന്യാസികളെയും അത്മായരെയും എൻെറ സ്നേഹാശംസകൾ അറിയിക്കുക. ദൈവാനുഗ്രഹത്താൽ അടുത്ത ഫെബ്രുവരിയിൽ ഞാൻ നടത്താൻ പോകുന്ന ഭാരതസന്ദർശനത്തെ സന്തോഷത്തോടെ പ്രതീക്ഷിച്ചിരിക്കുകയാണ്.

സഭക്ക മുഴുവനും എന്നപോലെ കേരളത്തിലെ ലത്തീൻ രൂപതകൾക്കും രക്ഷയുടെ സുവിശേഷസന്ദേശം അറിയിക്കാൻ പരമപ്രധാനമായ കടമയുണ്ട്.

സഭാസമൂഹംതന്നെയും അനുസ്യൂതം സുവിശേഷവൽക്കരിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതു നിങ്ങളുടെ രൂപതകളെ സംബന്ധിച്ചും ശരിയാണ്. നിങ്ങളുടെ ജനങ്ങൾക്ക ശക്തമായ ക്രൈസ്തവബോധ്യങ്ങളും പാരമ്പര്യങ്ങളുമുണ്ട്. അവർ തങ്ങളുടെ ക്രൈസ്തവതനിമ വളർത്തിയെടുത്തിട്ടുണ്ട്. 21-ാം നൂററാണ്ടിലേക്ക പ്രവേശിക്കുന്ന സഭയ്ക്കു അഭിമുഖീകരിക്കേണ്ടിവരുന്ന വെല്ലുവിളികളെ നേരിടുന്നതിന് വിശ്വാസികളെ, പ്രത്യേകിച്ചും യുവതലമുറയെ സുവിശേഷവത്ക്കരിക്കുകയും മതബോധ്യങ്ങളിൽ പ്രബുദ്ധരാക്കുകയുംവേണം.

വചനശ്രോതാക്കൾ പ്രായോഗികമാക്കേണ്ട വ്യക്തിപരവും സാമൂഹ്യവുമായ സാഹചര്യങ്ങളുമായി ക്രിസ്തുവിലുള്ള രക്ഷയുടെ സുവിശേഷസന്ദേശം ബന്ധപ്പെട്ടിരിക്കുന്നു,

www.malankaralibrary.com



നിങ്ങളുടെ ജനങ്ങൾ സാമ്പത്തികവും സാമൂഹ്യവുമായ വികസനപ്രക്രിയകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. ഈ പ്രവർത്തനങ്ങൾ മികച്ച ജീവിതനിലവാരത്തിന്റെയും പൊതുരംഗത്തുള്ള സജീവ പങ്കാളിത്തത്തിന്റെയും ഫലങ്ങൾ അനുഭവിക്കാൻ പലർക്കും ഇടവന്നിട്ടുണ്ട്. അതേസമയം മറ്റുള്ളവർ ജീവിതത്തിന്റെ അടിത്തട്ടിൽത്തന്നെ തുടരാൻ നിർബന്ധിതരാകുന്ന സാഹചര്യങ്ങളെ ഇതു വെളിവാക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സഭയ്ക്കു മനുഷ്യമഹത്വത്തിനു സാക്ഷ്യംവഹിക്കേണ്ട ചുമതലയുണ്ട്. അതോടൊപ്പം നീതിയിലും സുവിശേഷസ്നേഹത്തിലും അടിയുറച്ച യഥാർത്ഥമോചനത്തിന്റെ അന്വേഷകയാകണം സഭ.

സഭ പ്രഖ്യാപനം ചെയ്യുന്ന വിമോചനം സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ തലങ്ങളിലുള്ള വികസനവുമായി ഒന്നായിക്കാണാനാവില്ല. സഭയ്ക്കു എന്നും പ്രഖ്യാപിക്കാനുള്ളത് യേശു വാഗ്ദാനം ചെയ്ത ആത്മീയവും യുഗാന്ത്യോന്മുഖവുമായ രക്ഷയാണ്.

ഡിസംബർ 19, 1985. ആദ് ലമീന സന്ദർശനത്തിനെത്തിയ സീറോ മലബാർ, സീറോ മലങ്കര മെത്രാന്മാരോട് പ. പിതാവിന്റെ സന്ദേശം.

റോമിൽ ആദ് ലമീന സന്ദർശനത്തിനെത്തിയിരിക്കുന്ന സീറോ മലബാർ, സീറോ മലങ്കരസഭകളുടെ ഇടയന്മാരായ നിങ്ങളെ ഞാൻ അതീവ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു, ഇതുവഴി നിങ്ങൾ തമ്മിൽത്തമ്മിലും, 'നമ്മുടെ നാഥൻ തന്റെ വിശസ്തയായ സഭയെ ആരുടെ ഉറപ്പിന്മേൽ പണിതുയർത്തിയോ ആ അപ്പസ്തോലന്മാരുടെ തലവനും' പത്രോസിന്റെ പിൻഗാമിയും റോമിലെ മെത്രാനും തമ്മിലുള്ള ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ബന്ധങ്ങൾ വെളിപ്പെടുത്തുകയാണ്.

നിങ്ങളിലൂടെ തനിമയോടുകൂടിയ രണ്ടു പ്രാദേശിക സഭകൾക്കാണ് ഞാൻ ആശംസകൾ അർപ്പിക്കുക. ഈ രണ്ടു സഭകളും പുരാതനവും വ്യതിരിക്തവും എന്നാൽ പരസ്പരപൂരകവുമായ പൗരസ്ത്യക്രിസ്തീയതയുടെ രണ്ടു രൂപങ്ങളാണ അവതരിപ്പിക്കുന്നത്. ഈ രണ്ടു സഭകളും ഭാരതമണ്ണിൽ വേരുറച്ചവയും ഭാരതീയജീവിതശൈലിയുമായി ഇണങ്ങിപ്പോകുന്നവയുമാണ്, മറ്റൊരു മതപാരമ്പര്യമുള്ള ഭൂരിപക്ഷം വരുന്ന അയൽക്കാരുമായി സമാധാനത്തിലും ഹൃദയ ഐക്യത്തിലും കഴിയുന്നവയുമാണ്.

നിങ്ങളുടെ സഭകളുടെ സജീവ പാരമ്പര്യം വഴിയും അവ ഉൾക്കൊള്ളുന്ന സഭായാഥാർത്ഥ്യം വഴിയും പ്രത്യേക വിധം

www.malankaralibrary.com



നിങ്ങളുടെ ആരാധനക്രമവും, സഭാനിയമങ്ങളും, ആധ്യാത്മിക പൈതൃകവും വഴിയും നിങ്ങൾ അപ്പസ്തോലന്മാരുമായി ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നു എനിക്കറിയാം. അതേസമയം നിങ്ങളുടെ സഭാപാരമ്പര്യം ഇൻഡ്യൻ യഥാർത്ഥ്യത്തിന്റെ തന്നെ ഒരു അവിഭാജ്യഭാഗമാണ്.

നിങ്ങളുമായുള്ള ഈ കൂടിക്കാഴ്ച സമ്പൂർണ്ണ സഭാകൂട്ടായ്മയാകുന്ന ദാനത്തെക്കുറിച്ചുള്ള അവബോധത്താൽ സവിശേഷമായിരിക്കുന്നു. അടുത്ത ഫെബ്രുവരിയിൽ എന്റെ ഭാരതസന്ദർശനവേളയിൽ നിങ്ങളുമായും നിങ്ങളുടെ എണ്ണമററ വിശ്വാസികളുമായുള്ള കൂടിക്കാഴ്ചകളെക്കുറിച്ചുള്ള പ്രതീക്ഷ ഈ കൂടിക്കാഴ്ചയുടെ മാററ് വർധിപ്പിക്കുന്നു. അതേസമയം നിങ്ങളോടുകൂടിയായിരിക്കുന്നതിനും നിങ്ങളോടൊത്തു വിശുദ്ധ കുർബാന അർപ്പിക്കുന്നതിനുമുള്ള എന്റെ തീക്ഷ്ണമായ ആഗ്രഹം നിങ്ങളുടെ വൈദികരെയും സന്യസ്തരെയും അത്മായരെയും അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൗൺസിലിന്റെ മാർഗനിർദേശങ്ങൾ നടപ്പിലാക്കുന്ന പ്രക്രിയ, സുവിശേഷവത്ക്കരണത്തിനായുള്ള തങ്ങളുടെ സമർപ്പണത്തെ പൂർണമായ രീതിയിൽ സാക്ഷാത്കരിക്കുന്നതിന് ഭാരതത്തിലെ പൗരസ്ത്യസഭകളെ സഹായിച്ചിട്ടുണ്ട്.

സുവിശേഷപ്രഘോഷണം നാട്ടിലും അയൽപ്രദേശങ്ങളിലും വിദേശത്തും, സാധ്യമായ എല്ലായിടത്തും നടന്നുകൊണ്ടിരിക്കുകയാണ്. ഭാരതത്തിലെങ്ങും മററൊരു രീതിയിൽപെട്ട മെത്രാന്മാരുടെ കീഴിൽ പൗരസ്ത്യരീതിയിൽപെട്ട ആയിരക്കണക്കിന് സ്ത്രീപുരുഷന്മാർ വിവിധങ്ങളായ സഭാശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ കത്തോലിക്ക സഭകൾ തമ്മിലുള്ള ഫലദായകവും തീക്ഷ്ണവുമായ സഹവർത്തിത്വത്തിന്റെ വിസ്മരിക്കാനാവാത്ത ഒരു മാതൃക നമുക്കിവിടെയുണ്ട്.

സീറോ മലബാർ സഭയുടെ മകനും മകളുമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും അൽഫോൻസമ്മയുടെയും നാമകരണ നടപടികൾ അതിന്റെ അന്തിമഘട്ടത്തിൽ എത്തിയിട്ടുണ്ട് എന്നതും എന്റെ ഭാരതസന്ദർശനവേളയിൽ ദൈവേഷ്ടമെങ്കിൽ സാർവത്രികസഭയുടെ ഇടയൻ എന്ന നിലയിൽ ഞാൻ നടത്താൻ പോകുന്ന ആഘോഷമായ ചടങ്ങുമാത്രമേ അവശേഷിക്കുന്നുള്ളു എന്നതും നിങ്ങളെപ്പോലെതന്നെ എനിക്കും ആശ്വാസകരമായ കാര്യമാണ്.

കൗൺസിലിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും പ. സിംഹാസനത്തിന്റെ നേതൃത്വത്തിൽ നേരത്തേ ആരംഭിച്ച നവീകരണപ്രക്രിയയുടെ തുടർച്ചയായും സീറോ മലബാർ സഭ

www.malankaralibrary.com


യിലെ മെത്രാൻസംഘം ദൃഢനിശ്ചയത്തോടെ ചെയ്തുകൊണ്ടിരിക്കുന്ന പ്രധാന ജോലികളിലൊന്നാണു ആരാധനക്രമം സംബന്ധിച്ച പുസ്തകങ്ങളുടെ പുതുക്കലും ഒരുക്കലും.

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിലും, വെളിയിലും സ്ഥലത്തെ ലത്തീൻ മെത്രാന്മാരുടെ സൂക്ഷത്തിൽ കഴിയുന്ന നിങ്ങളുടെ റീത്തിൽപെട്ട വിശ്വാസികളെക്കുറിച്ചുള്ള നിങ്ങളുടെ ഉൽക്കണ്ഠയെപ്പററി പ. സിംഹാസനത്തിന് നന്നായി അറിയാം. സഭാന്തരബന്ധങ്ങളുടെ പശ്ചാത്തലത്തിൽ ഈ കാര്യം രണ്ടാം വത്തിക്കാൻ കൗൺസിൽ ഗൗരവത്തോടെ ചർച്ചചെയ്തിട്ടുള്ളതാണ്. ഈ പ്രശ്നത്തിന് ഇൻഡ്യയിൽ ഇനിയും തൃപ്തികരമായ പരിഹാരം കണ്ടെത്തിയിട്ടില്ല. പൗരസ്ത്യറീത്തിന്റെ അതിർത്തികൾക്കു പുറത്തു താമസിക്കുന്ന ഈ വിശ്വാസികൾക്ക് അജപാലനപരമായ ശ്രദ്ധയും മതബോധനവും അവരുടെ പാരമ്പര്യം അനുസരിച്ച് സഭാനിയമങ്ങൾ നിർദ്ദേശിക്കുന്നതുപോലെ ലഭ്യമാകണമെന്ന് പ. സിംഹാസനം ആഗ്രഹിക്കുന്നു. സഭകൾ തമ്മിലുള്ള ബന്ധങ്ങളിൽ ഹൃദ്യത വളർത്തുന്നതിനും വിവിധ വർഗങ്ങളുടെയും സംസ്കാരങ്ങളുടെയും റീത്തുകളുടെയും പശ്ചാത്തലത്തിൽ വൈദികരും അത്മായരും തമ്മിൽ പരസ്പര അറിവിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം വളർത്തുന്നതിനും പ. സിംഹാസനം ആഗ്രഹിക്കുന്നു. സഭയുടെ മാതൃസഹജവും അജപാലനപരവുമായ ആവശ്യങ്ങൾക്കു പൂർണമായും അനുയോജ്യമായവിധം റീത്തുകൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. പൗരസ്ത്യസഭയിലെ മെത്രാന്മാർക്ക് ലത്തീൻറീത്തിലെ തങ്ങളുടെ സഹോദര മെത്രാന്മാർക്കൊപ്പം പ. സിംഹാസനത്തിൽനിന്ന് ഉറച്ച പിന്തുണയും, ഓരോ പ്രാദേശികസഭയുടെയും നിയമാനുസൃതമായ അവകാശങ്ങൾക്കു സംരക്ഷണവും, അവരുടെ ആവശ്യങ്ങൾക്കും ആഗോളസഭയുടെ പൊതുനന്മയ്ക്കും അനുസരിച്ച് തുറന്ന മനോഭാവവും പ്രതീക്ഷിക്കാവുന്നതാണ്.

മെത്രാന്മാരായ എന്റെ പ്രിയ സഹോദരരേ, പൗരസ്ത്യ സഭകളെക്കുറിച്ച് പറയുമ്പോൾ അവയുടെ ആദരണീയതയെയും പൗരാണികതയെയും സമ്പന്നമായ പാരമ്പര്യങ്ങളെയും പരാമർശിക്കുക സാധാരണമാണ്. ഇതു ശരിയാണ്, നല്ലതുമാണ്. എന്നാൽ ഇൻഡ്യയിലെ പൗരസ്ത്യ സഭകളെക്കുറിച്ച് പറയുമ്പോൾ, അവ പ്രകടമാക്കുന്ന അസാധാരണമായ യുവത്വം എന്നെ സന്തുഷ്ടനാക്കുന്നു. ആഗോളസഭക്ക് നിങ്ങളുടെ ഊർജ്ജസ്വലതയും അപ്പസ്തോലികവും സഭാപരവുമായ സാക്ഷ്യവും ആവശ്യമാണ്.

അവസാനമായി നിങ്ങളുടെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും, അല്മായ പ്രേഷിതർക്കും, അല്മായർക്കുമുള്ള

www.malankaralibrary.com



വനും എന്റെ ശ്ലൈഹികാശിർവാദം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. പൗരോഹിത്യത്തിലേക്കും സന്യാസ ജീവിതത്തിലേക്കുമുള്ള ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് നിങ്ങൾ നടത്തുന്ന എല്ലാ ശ്രമങ്ങളെയും ശ്ലാഘിക്കുന്നു. ആലുവയിലും ബാംഗ്ലൂരിലും കോട്ടയത്തുമുള്ള ദൈവശാസ്ത്രപീഠങ്ങൾക്കും തിരുവനന്തപുരത്തുള്ള സീറോ മലങ്കര സഭയുടെ മേജർ സെമിനാരിക്കും എന്റെ ആശംസകൾ.

ജനുവരി 1, 1986 (ദൈവമാതാവിന്റെ സ്തുതിക്കായി 19-ാം ലോകസമാധാന ദിനത്തിൽ സെന്റ് പീറ്റേഴ്സ് ബസ്ലിക്കയിൽ നടന്ന ദിവ്യബലിയിൽ നൽകിയ സന്ദേശം.

എന്റെ സമാഗതമാകുന്ന ഭാരത സന്ദർശനത്തെ മുൻനിറുത്തി, സമാധാനത്തിലേക്കുള്ള പാത സാഹോദര്യമാണെന്ന വസ്തുത വിചിന്തനം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിനെക്കുറിച്ച് ഭാരതസ്വാതന്ത്ര്യത്തിന്റെ ശില്പിയായ മഹാത്മാഗാന്ധി പ്രസ്താവിച്ചിട്ടുണ്ട്: 'സ്നേഹംകൊണ്ടു മാത്രമേ വിദ്വേഷത്തെ നേരിടാൻ സാധിക്കുകയുള്ളു. പകരം വിദ്വേഷം വച്ചു പുലർത്തിയാൽ അതു വൈരാഗ്യത്തിന്റെ വ്യാപ്തിയും ആഴവും വർദ്ധിപ്പിക്കുകയേയുള്ളൂ.' D.C. Tendulkar, Mahatma, Life of Mohandas Karamchand Gandhi VII, Bombay, 1953, P 172) 'എവിടെ ഭിന്നതയുണ്ടോ അവിടെ നിങ്ങൾ ഒരു എതിരാളിയെ കണ്ടുമുട്ടും. അയാളെ സ്നേഹംകൊണ്ടു കീഴടക്കുക.' Nirmal Kumar Bose·Selections from Gandhi, Ahmedabad, 1948, P 24

ജനുവരി 10. പ. സിംഹാസനത്തിലേക്കുള്ള ഇൻഡ്യയുടെ എട്ടാമത്തെ അംബാസിഡർ എച്ച്. ഇ. അശോക്സെൻ ചിബ്ബ് സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചപ്പോൾ.

ദൈവ സഹായത്താൽ നിങ്ങളുടെ പ്രിയപ്പെട്ട രാജ്യം ഏതാനും ആഴ്ചകൾക്കുള്ളിൽ ഞാൻ സന്ദർശിക്കാൻ വരികയാണ്. ഈ സംഭവത്തെ വലിയ പ്രതീക്ഷയോടെയാണ് ഞാൻ ഉറ്റുനോക്കുന്നതെന്നു താങ്കളെയും ഇൻഡ്യൻ ജനതയെയും അറിയിക്കട്ടെ. ഈ സന്ദർശനം സാധ്യമാക്കിയതിന് ഗവൺമെന്റ് അധികാരികളോടും സഭാധികാരികളോടും കൃതജ്ഞത പ്രകാശിപ്പിക്കാൻ ഈയവസരം വിനിയോഗിക്കുന്നു. എന്റെ കൃതജ്ഞതയുടെ വികാരങ്ങൾ പ്രസിഡൻറ് ഗ്യാനി സെയിൽ സിംഗിനെയും പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയെയും അറിയിക്കാൻ പ്രത്യേകവിധം ഞാൻ താങ്കളോട് അഭ്യർത്ഥിക്കുകയാണ്.

ലോകസമാധാനത്തിനും നിരായുധീകരണത്തിനും വിഭവങ്ങളുടെ ശരിയായ ഉപയോഗത്തിനുംവേണ്ടി താങ്കളുടെ രാജ്യം

www.malankaralibrary.com



അന്തർദ്ദേശീയ തലത്തിൽ ശബ്ദമുയർത്തുന്നുണ്ടെന്ന് താങ്കൾ സൂചിപ്പിച്ചല്ലോ. ഈ ലക്ഷ്യങ്ങൾ ജനങ്ങളുടെയും അവരുടെ നേതാക്കന്മാരുടെയും മന:സാക്ഷികളിൽ കൂടുതലായി എത്തിച്ചേരട്ടെയെന്നും അതുവഴി ലോകത്തിൽ നീതിയും സമാധാനവും സ്വാതന്ത്ര്യവും പുലരുവാൻ സംഘാതമായൊരു ശ്രമം നടക്കട്ടെയെന്നും പ. സിംഹാസനം ആശിക്കുന്നു.

താങ്കളുടെ സാന്നിധ്യം പ. സിംഹാസനവും ഇൻഡ്യയും തമ്മിൽ നിലവിലിരിക്കുന്ന പ്രത്യേക ബന്ധത്തെ സ്മരിപ്പിക്കുന്നു. താങ്കൾ പറഞ്ഞതുപോലെ ക്രിസ്തീയ യുഗത്തിന്റെ ആരംഭം മുതൽ ക്രൈസ്തവമതം ഇൻഡ്യയിൽ ആവിർഭവിച്ചു. എന്റെ ആസന്നമായ സന്ദർശനംവഴി, ഈ ബന്ധങ്ങൾ കൂടുതൽ ആഴത്തിൽ വളരട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ രാജ്യചരിത്രത്തിന്റെ പ്രത്യേകതയായ ആധ്യാത്മിക പാരമ്പര്യങ്ങളോടുള്ള എന്റെ ഹൃദയംഗമമായ ബഹുമാനം ഈ അവസരത്തിൽ ഞാൻ പ്രകടിപ്പിക്കുന്നു.

എല്ലാ പൗരന്മാരുടെയും ആധ്യാത്മികവും ഭൗതികവുമായ നന്മയ്ക്കുവേണ്ടി ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഉൽകൃഷ്ടമായ ആദർശങ്ങളിലേക്കു ഭാരതം സമാധാനത്തിലും ഐക്യത്തിലും മുന്നേറട്ടെയെന്നാണ് എന്റെ തീവ്രമായ പ്രതീക്ഷയും പ്രാർത്ഥനയും.

ഇൻഡ്യൻ ജനതയെ സർവശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഫെബ്രുവരി 12, 1986. ഇൻഡ്യയിൽ നിന്നു തിരിച്ചെത്തിയതിന്റെ പിറ്റെദിവസം വിഭൂതിബുധനാഴ്ച പോപ്പ് പോൾ ആറാമൻ ഹാളിൽ പൊതു കൂടിക്കാഴ്ചയുടെ അവസരത്തിൽ പ. പിതാവു നൽകിയ സന്ദേശം.

പ്രിയ സഹോദരീസഹോദരൻമാരെ,

വിഭൂതി ബുധനാഴ്ചയെ പററിയുള്ള ചിന്ത നിങ്ങളുമായി പങ്കുവയ്ക്കുന്നതിനുമുമ്പ്, മഹത്തായ ഇൻഡ്യാരാജ്യത്തേക്കുള്ള എന്റെ യാത്രയുടെ ഓരോ നിമിഷത്തെയും സംരക്ഷിക്കുകയും, ആ രാജ്യത്തെ പതിനാലു പട്ടണങ്ങളിൽ വിശ്വാസികളായ അനേകം സഹോദരീ സഹോദരന്മാരെ സന്ദർശിക്കാനുള്ള അവസരം നൽകുകയും അവിടെയുള്ള അക്രൈസ്തവമതങ്ങളുമായുള്ള സംവാദം ശക്തിപ്പെടുത്തുന്നതിന് സഹായിക്കുകയും ചെയ്ത ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നു.

സന്തോഷത്തിന്റെയും വിശ്വാസത്തിന്റെയുമായ ഈ കൂടിക്കാഴ്ചകൾക്ക് ക്രൈസ്തവരെ ഒരുക്കുന്നതിൽ കാണിച്ച തീക്ഷ്ണതയ്ക്കു ഞാൻ മെത്രാന്മാരോടും വൈദികരോടും സന്യസ്ത

www.malankaralibrary.com



രോടും നന്ദിപറയുന്നു. സിവിൽ അധികാരികളോടും കൃതജ്ഞത പ്രകാശിപ്പിക്കുന്നു. മററു മതങ്ങളുടെ പ്രതിനിധികളോട് അവരുടെ ഹൃദ്യമായ സ്വാഗതത്തിന് ഞാൻ നന്ദിയുള്ളവനാണ്. പ്രത്യേകിച്ചും നല്ലവരായ ഇൻഡ്യൻ ജനതയോടു നന്ദിപറയുന്നു. അവരുടെ പരമ്പരാഗതമായ ആതിഥ്യമര്യാദയെയും മതചൈതന്യത്തെയും ശ്ലാഘിക്കുന്നു.

എന്റെ ധ്യാനത്തിനുശേഷമുള്ള പൊതുസന്ദർശനവേളയിൽ ഈ വിഷയത്തിലേക്കു ഞാൻ മടങ്ങിവരുന്നതാണ്.

ഫെബ്രുവരി 26, 1986. പ. പിതാവ് പൊതുകൂടിക്കാഴ്ചയിൽ നല്കിയ സന്ദേശം.

ഇന്ത്യയിലെ എന്റെ അജപാലന ദൗത്യത്തെ നയിച്ച ദൈവികപരിപാലനക്കു ഒരിക്കൽക്കൂടി നന്ദി പ്രകാശിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഫെബ്രുവരി ഒന്നുമുതൽ പത്തുവരെ ഞാൻ നടത്തിയ യാത്ര—തീർത്ഥാടനം—ഗവൺമെൻറും മെത്രാൻ സംഘവും നൽകിയ ക്ഷണമനുസരിച്ചായിരുന്നു. ക്ഷണത്തിനു നന്ദിപറയുന്നു. പോപ്പിന്റെ സന്ദർശനത്തിനുള്ള തയ്യാറെടുപ്പിനും അതു ഭംഗിയായി നടത്തുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തതിനും ഞാൻ കൃതജ്ഞനാണ്. തെരുവീഥികളിൽക്കൂടി കടന്നുപോയപ്പോൾ വലിയ താൽപര്യവും ദയാവായ്പും പ്രകടമാക്കിയ അനേകം ജനങ്ങൾക്കും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കും കൃതജ്ഞതയർപ്പിക്കുന്നു. ഇൻഡ്യയിൽ കത്തോലിക്കർ ചെറിയ ശതമാനമാണെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ, അത്തരത്തിലുള്ള സ്വീകരണത്തിന്റെ പ്രസക്തിയേറുന്നു.

## ഗാന്ധിജിയുടെ പാത

ക്രിസ്തുവിനു മുമ്പു മൂവായിരം വർഷം പഴക്കമുള്ള മഹത്തായതും, ഉന്നതവും വൈവിധ്യപൂർണവുമായ പൗരാണികചരിത്രവുമായുള്ള കൂടിക്കാഴ്ചയായിരുന്നു പോപ്പിന്റെ ഭാരതതീർത്ഥാടനം. ഈ പൗരാണികത, വെറുമൊരു വർഗ ചരിത്രമോ, വൈവിധ്യമേറിയ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളുടെ പ്രകാശനമോ അല്ല, ആദ്യമായിത്തന്നെ മത, ധാർമ്മിക, സാംസ്കാരിക തലത്തിലുള്ള മഹത്തായ ആധ്യാത്മികമൂല്യങ്ങളുടെ പൈതൃകമാണത്. മനുഷ്യജീവിതത്തിൽ ആത്മാവിന്റെ പ്രാധാന്യവും ധാർമ്മിക പ്രകൃതിയുടെ ആവശ്യകതയും അംഗീകരിക്കുന്നതുകൊണ്ട്, ഈ സാംസ്കാരിക പൈതൃകവുമായുള്ള സമ്പർക്കം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

www.malankaralibrary.com



ഈ സാംസ്കാരിക ധാർമ്മിക യാഥാർത്ഥ്യം ഇൻഡ്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജീവിതത്തിലൂടെയും പ്രവർത്തനത്തിലൂടെയും ഇൻഡ്യയുടെ ആധുനിക ചരിത്രത്തിലും സ്ഥിരപ്പെട്ടിട്ടുണ്ട്. അദ്ദേഹം ഇൻഡ്യൻ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ നേതാവായിരുന്നു. അക്രമമാർഗം സ്വീകരിക്കാതെ ധാർമ്മിക സമരത്തിലൂടെ അദ്ദേഹം കോളനിവാഴ്ചയെ പരാജയപ്പെടുത്തി. സത്യത്തോടുള്ള വിശ്വസ്തതയായിരുന്നു ഗാന്ധിജിയുടെ മാർഗം. സത്യത്തിന്റെ പേരിൽ സ്വന്തം ജനങ്ങളെ സംബന്ധിച്ചും കോളനി അധികാരികളെ സംബന്ധിച്ചും നീതിപൂർവകമായ ആവശ്യങ്ങളേ അദ്ദേഹം ഉന്നയിച്ചുള്ളു. മഹാത്മാഗാന്ധി ഈ ആവശ്യങ്ങൾ ആദ്യമേ തന്നിൽത്തന്നെ പ്രയോഗിച്ചുനോക്കിയെന്നുകൂടി പറയേണ്ടതുണ്ട്. ഇത് അദ്ദേഹത്തിന് അനവധി ശത്രുക്കളെ നേടിക്കൊടുത്തെങ്കിലും—സ്വാതന്ത്ര്യത്തിന്റെ ഉമ്മറപ്പടിയിൽവച്ച് ഒരു ഇൻഡ്യൻ തീവ്രവാദി അദ്ദേഹത്തെ വധിച്ച കാര്യം മാത്രമെടുത്താൽ മതി—അദ്ദേഹം ചൂണ്ടിക്കാണിച്ച പാത സന്മാർഗികകാരണങ്ങളാൽ അംഗീകാരം അർഹിക്കുന്നു. നീതിക്കുവേണ്ടിയുള്ള സമരത്തിൽ ഇത്തരത്തിലുള്ള ഒരു പാത സുവിശേഷത്തിലെ മൗലിക തത്വങ്ങളുമായി വളരെയധികം സാധർമ്മ്യം പുലർത്തുന്നുണ്ടെന്ന വസ്തുത മനസ്സിലാക്കാൻ വിഷമമില്ല. ഉത്കൃഷ്ടമായ ആദർശങ്ങളുടെ പേരിൽ നീതിക്കുവേണ്ടിയുള്ള സമരത്തെ എല്ലാത്തരം വിദ്വേഷത്തിൽനിന്നും മാററിനിർത്താൻ ആഗ്രഹിക്കുന്നവർക്ക് ഭാരതസ്വാതന്ത്ര്യത്തിന്റെ പിതാവു മാർഗംതെളിക്കുന്നു.

## ഭൂരിപക്ഷമതങ്ങളുമായുള്ള സംവാദം

രണ്ടാമതായി പോപ്പിന്റെ ഭാരതപര്യടനത്തിനു ഇൻഡ്യയിലെ ഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്ന മതങ്ങളുമായി സംവാദത്തിന്റേതായ സ്വഭാവവും ഉണ്ടായിരുന്നു (ഹിന്ദുക്കൾ 83%; മുസ്ലീങ്ങൾ 11%). നമുക്കു പൊതുവായിട്ടുള്ള തത്വങ്ങളുടെയും മൂല്യങ്ങളുടെയും തലത്തിലാണ് ഈ സംവാദം നടന്നത്. ഇതു ക്രൈസ്തവമതത്തെയും സഭയെയും ഭാരതത്തിലെ ഇതരമതങ്ങളുമായി സ്വാഭാവികമായിത്തന്നെ ഐക്യപ്പെടുത്തുന്നു.

എന്നിരുന്നാലും, സംവാദം അതിന്റെ നിഷ്കൃഷ്ടാർത്ഥത്തിൽ നടന്ന കൂടിക്കാഴ്ചകളും ഉണ്ടായിട്ടുണ്ട്. അവ ഞാൻ സന്തോഷപൂർവം സ്മരിക്കുന്നു. മഹാത്മാഗാന്ധിക്ക് അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന രാജ്ഘട്ടിൽ വച്ചു നടത്തിയ ആദരാഞ്ജലി, ദലായ്ലാമയുടെ സന്ദർശനം, ഭാരതസംസ്കാരത്തിന്റെയും മതപാരമ്പര്യങ്ങളുടെയും പ്രതി

www.malankaralibrary.com



നിധികളുമായി ഇന്ദിരാഗാന്ധി സ്റ്റേഡിയത്തിൽവച്ച് നടത്തിയ കൂടിക്കാഴ്ച, അവരിൽ ഹൈന്ദവ, ഇസ്ലാമിക, സിക്ക്, ബുദ്ധ, ജൈന, പാർസി മതങ്ങളുടെയും ഇതര ക്രൈസ്തവ വിഭാഗങ്ങളുടെയും പ്രതിനിധികരം ഉണ്ടായിരുന്നു. ക്രൈസ്തവ സമൂഹങ്ങളുടെ പ്രതിനിധികളുമായി കൽക്കട്ടയിൽവച്ച് നടത്തിയ കൂടിക്കാഴ്ച, അതിനുശേഷം ഇതരമതങ്ങളുടെയും സാംസ്കാരിക, ബൗദ്ധിക ലോകത്തിന്റെയും പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ച, ഇതേ അനുഭവം മദ്രാസിലും ആവർത്തിക്കുകയുണ്ടായി.

കൊച്ചിയിൽവച്ച് മലങ്കരസുറിയാനി യാക്കോബായ സഭയുടെ കാതോലിക്കോസിനെ ഞാൻ സന്ദർശിക്കുകയും കോട്ടയത്തുവച്ച് മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ കാതോലിക്കോസിനെ കാണുകയും ചെയ്തു. കൊച്ചിയിൽവച്ച് ദക്ഷിണേന്ത്യൻ സഭയുടെ നേതാക്കളോടും അക്രൈസ്തവ പ്രതിനിധികളോടും സംസാരിച്ചു. അവസാനമായി ബോംബെയിൽ വച്ച് ആംഗ്ലിക്കൻ സഭാതലവനായ ഡോ. റോബർട്ട് റൺസിയേയും കണ്ടുമുട്ടി.

അതിനാൽ ഇൻഡ്യയിലേക്കുള്ള എന്റെ തീർത്ഥാടനം മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, ദൈവത്തിൽ വിശ്വസിക്കുകയും ഒരു അതീന്ദ്രിയ യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ തങ്ങളുടെ ജീവിതങ്ങളെ ക്രമവൽക്കരിക്കുകയും ചെയ്യുന്ന എല്ലാവരുമായി സംവാദം തുടരുന്നതിന് ദൈവപരിപാലന ഒരുക്കിയ ഒരവസരമായിരുന്നു. ഇൻഡ്യയിലെ പല മതങ്ങളുടെയും ആധ്യാത്മികതയിൽ കേവലസത്തയ്ക്കു വേണ്ടിയുള്ള അന്വേഷണവും സമാധാനത്തിനായുള്ള ആഗ്രഹവും വളരെ വ്യക്തമായി കാണാം. അവയെല്ലാം പല വിശിഷ്ട വ്യക്തികളും തങ്ങളുടെ ചിന്തകളിലൂടെയും കവിതകളിലൂടെയും പ്രകാശിപ്പിച്ചിട്ടുണ്ട്.

എന്റെ കൂടിക്കാഴ്ചകരം ഹ്രസ്വമായിരുന്നു, നിമിഷനേരത്തേക്കുള്ളതും. എന്നാൽ സംവാദം സ്ഥിരവും ക്രമീകൃതവുമായ വിധത്തിൽ ഭാരതമെത്രാന്മാരുടെ സംഘം തുടരുന്നതാണ്.

## മൂന്നു സഭകളുടെ കൂട്ടായ്മ

ഭാരതത്തിൽ വളരെ വലിയൊരു സംഖ്യ കത്തോലിക്കരില്ലെങ്കിലും (ആകെ ജനസംഖ്യയുമായി ഒത്തുനോക്കുമ്പോരം) സഭയുടെ ഏറ്റവും വലിയ മെത്രാൻ സംഘങ്ങളിൽ ഒന്നാണ് ഇൻഡ്യയുടേത്. ഭാരതത്തിൽ 122 മെത്രാന്മാരും പതിനെട്ടു സഭാപ്രോവിൻസുകളും 89 സാമന്തരൂപതകളുമുണ്ട്. രാജ്യത്തിന്റെ പരപ്പും ജനപ്പെരുപ്പവും ഇതിനു കാരണമാണ്. പല

www.malankaralibrary.com



വലിപ്പത്തിലുള്ള വ്യതിരിക്തമായ സഭാസമൂഹങ്ങൾ ഇവിടെ വിവിധ സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്നു.

ഏവർക്കും അറിവുള്ളതുപോലെ സഭാത്മകമായ വീക്ഷണത്തിൽ ഇൻഡ്യയിലെ കത്തോലിക്കരെ മൂന്നു സമൂഹങ്ങളായി തിരിക്കാം: ലത്തീൻസഭ, പൗരസ്ത്യസഭകളായ സീറോ മലബാർ റീത്ത്, സീറോ മലങ്കര റീത്ത്.

## വി. തോമസും വി. ഫ്രാൻസീസ് സേവ്യറും

ഇൻഡ്യയിലെ എല്ലാ കത്തോലിക്കരും, വാസ്തവത്തിൽ എല്ലാ ക്രൈസ്തവരും തങ്ങളുടെ ആരംഭം അപ്പസ്തോലിക കാലത്തോട്, പ്രത്യേകിച്ച്, വി. തോമസിന്റെ മിഷൻ പ്രവർത്തനങ്ങളോട് ബന്ധപ്പെടുത്തുന്നു. ഇൻഡ്യയിലെ ഓർത്തഡോക്സ് സഭകളും അദ്ദേഹത്തിൽനിന്നു പിന്തുടർച്ച അവകാശപ്പെടുന്നു. മദ്രാസ് അപ്പസ്തോലന്റെ രക്തസാക്ഷിത്വത്തിന്റെ സ്ഥലമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു സഹസ്രാബ്ദം കഴിഞ്ഞ് പതിനാറാം നൂറ്റാണ്ടിൽ വി. ഫ്രാൻസീസ് സേവ്യറിന്റെയും പുതിയ മിഷനറിമാരുടെയും നേതൃത്വത്തിൽ ഒരു പുതിയ സുവിശേഷപ്രഘോഷണപ്രക്രിയ ഭാരതത്തിൽ നടന്നു. ഈ സുവിശേഷവത്ക്കരണത്തിന്റെ ഹൃദയസ്ഥാനം ഗോവയിൽ കണ്ടെത്താനാവും (വി. ഫ്രാൻസീസ് സേവ്യറുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിരിക്കുന്നത് അവിടെയാണ്).

ഭാരത കത്തോലിക്കസഭയിലെ ഇരു പ്രകൃതികളുടെ കാരണം ഇതാണ്. പൗരസ്ത്യറീത്ത് പുരാതന സുവിശേഷവത്ക്കരണത്തിന്റെ ഫലമായുള്ളതും ലത്തീൻറീത്ത് അതിനുശേഷം പതിനാറാം നൂറ്റാണ്ടിൽ നടന്ന സുവിശേഷപ്രഘോഷണത്തിന്റെ ഫലവും.

ഇൻഡ്യയിലെ സഭൈക്യപ്രശ്നം പൗരസ്ത്യ ഓർത്തഡോക്സ് സഭകളുമായി മാത്രമല്ല (മലങ്കര യാക്കോബായ സഭയും മലങ്കര ഓർത്തഡോക്സ് സഭയും) പിന്നെയോ, പ്രൊട്ടസ്റ്റന്റു മതനവീകരണത്തിനുശേഷം ഉടലെടുക്കുകയും ഈ ആധുനിക നാളുകളിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത സമൂഹങ്ങളുമായും ഉള്ളതാണ് (പ്രത്യേകിച്ച് ഇംഗ്ലീഷുകാരുടെ സാന്നിധ്യം മൂലമുള്ളതു്).

## വീണ്ടും ഭാരതയാത്രയെപ്പററി

പത്തുദിവസത്തെ സന്ദർശനപരിപാടി ഭാരതത്തിലെ കത്തോലിക്കസഭയുടെ പ്രധാന കേന്ദ്രങ്ങളിൽ ഒതുങ്ങിനിന്നു. ഡൽഹിയിൽ (ഇൻഡ്യയുടെ തലസ്ഥാനം — വടക്കെ ഇൻഡ്യയിൽ സ്ഥിതിചെയ്യുന്നു, ഇവിടെ കത്തോലിക്കർ വളരെ

www.malankaralibrary.com



പെറിയൊരു ശതമാനമാണ്—എന്റെ സന്ദർശനാവസരത്തിൽ എല്ലാ സമീപശ്രുപതകളും പങ്കെടുത്തിരുന്നെങ്കിലും) ആരംഭിച്ച തീർത്ഥാടനം സാമാന്യം കുറച്ചു കത്തോലിക്ക ജനസംഖ്യയുള്ള പൂർവദിക്കിലെ കൽക്കട്ടയിലേക്കു നീങ്ങി. കൽക്കട്ടയ്ക്കു പടിഞ്ഞാറു റാഞ്ചിയിൽ താരതമ്യേന വലിയൊരു സഭാസമൂഹം വളർന്നുവരുന്നുണ്ട്. അതുപോലെതന്നെ കൽക്കട്ടക്കു വടക്ക് ഷില്ലോംഗ് കേന്ദ്രമാക്കി വലിയൊരു ഭൂപ്രദേശമുണ്ട്. ഈ രണ്ടു സ്ഥലങ്ങളിലും തദ്ദേശീയരുടെയിടയിൽ സഭയുടെ സാധാരണവും ചലനാത്മകവുമായ വളർച്ച ആർക്കും ദർശിക്കാൻ കഴിയും.

ഇവിടെനിന്നും തെക്കോട്ടു നീങ്ങിയ തീർത്ഥാടനം തെക്കു കിഴക്കുള്ള മദ്രാസിലെത്തി. അവിടെ ഏതാണ്ടു പത്തുലക്ഷം പേർ വി. കുർബാനയിൽ പങ്കെടുത്തു. അതിനുശേഷം ഞങ്ങൾ തെക്കുപടിഞ്ഞാറുള്ള കേരളത്തിലെത്തി. ജനനിബിഡമായ ഈ പ്രദേശത്തെ നിവാസികളിൽ വലിയൊരു ശതമാനം കത്തോലിക്കരാണ്. ഇവിടെ രണ്ടു റീത്തുകളും തമ്മിലുള്ള വ്യത്യാസങ്ങൾ വളരെ വ്യക്തമാണ്. പൗരസ്ത്യറീത്തിൽപെട്ട സീറോമലബാറും സീറോ മലങ്കരയുമാണ് കൂടുതലുള്ളത്. സന്ദർശനം പ്രധാന നാലു കേന്ദ്രങ്ങളിലായിരുന്നു: തൃശ്ശൂർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം.

കേരളസന്ദർശനത്തിനുമുമ്പ് ഗോവയിലും ഗോവയ്ക്കു തെക്കു മംഗലാപുരത്തുമുള്ള വിശ്വാസികളെ സന്ദർശിച്ചു.

ബോംബെ നഗരത്തിലേക്കുള്ള സന്ദർശനമായിരുന്നു തീർത്ഥാടനത്തിന്റെ അന്ത്യഘട്ടം. പ്രധാന കൂടിക്കാഴ്ചകൾ മൂന്നു സ്ഥലങ്ങളിലായിട്ടായിരുന്നു: ഏററവും പുരാതന ക്രൈസ്തവ സമൂഹം വസിക്കുന്ന വാസായിലും, പല പ്രധാന കൂടിക്കാഴ്ചകൾക്കും വേദിയൊരുക്കിയ ബോംബെയിലും ഇന്ത്യയുടെ പശ്ചിമ ഭാഗത്തെയും സെമിനാരികളുടെയും നൊവിഷ്യേററുകളുടെയും പഠനകേന്ദ്രങ്ങളുടെയും ആസ്ഥാനമായ പൂനയിലും വച്ച്.

## വി. കുർബാന

വിശദാംശങ്ങളിലേക്കു കടക്കുക, വളരെ വിഷമമാണ്. എല്ലായിടത്തും പ്രധാന പരിപാടി വി. കുർബാനയായിരുന്നു. ഒഴിവാക്കാനാവാത്ത ചിലയവസരങ്ങളിൽ സുവിശേഷപ്രഭാഷണത്തോടുകൂടിയ ദൈവവചനശുശ്രൂഷയും. ഓരോ സമ്മേളനവും വളരെ സൂക്ഷ്മതയോടെ ആസൂത്രണം ചെയ്യുതായിരുന്നു. അനേകം ജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. നവീകരിക്കപ്പെട്ട ആരാധനക്രമത്തിൽ ഭാരതസംസ്കാരത്തിന്റെ ചില ഘടകങ്ങൾ ഉണ്ടായിരുന്നു.

www.malankaralibrary.com



ഭാരതസഭയുടെ അപ്പസ്തോലികവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾ അംഗസംഖ്യ ചൂണ്ടിക്കാണിക്കുന്നതിനെക്കാൾ വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. വിവിധ തലങ്ങളിലുള്ള കത്തോലിക്ക വിദ്യാലയങ്ങളും ആശുപത്രികളും, സാമൂഹ്യസേവനകേന്ദ്രങ്ങളും ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്നു. ഇവയിൽനിന്നു് കൂടുതൽ പ്രയോജനമനുഭവിക്കുന്നത് അകത്തോലിക്ക വിഭാഗങ്ങളാണ്.

## ദരിദ്രരിൽ ദരിദ്രർ

നിർഭാഗ്യവശാൽ ഇൻഡ്യയിൽ ഇപ്പോഴും ഒരു ആഗോളപ്രതിഭാസമായ ദാരിദ്ര്യവും കഷ്ടപ്പാടും നിലനില്ക്കുന്നു. ഭാരതഗവണ്മെൻറും അവിടത്തെ ജനാധിപത്യസംവിധാനവും ഇന്നു നേരിടുന്ന ഏററവും ഭാരിച്ച വെല്ലുവിളിയാണത്. ഇൻഡ്യയിലെ സഭക്കും കത്തോലിക്ക സമൂഹത്തിനും അതിൻെറ പരിമിതമായ സാധ്യതകൾക്കുള്ളിൽനിന്നു മാത്രമേ, ഇതിന് മുൻകൈയെടുക്കാനാവുകയുള്ളു. മദർ തെരേസ കൽക്കട്ടയിലും രാജ്യത്തിൻെറ ഇതരഭാഗങ്ങളിലും നടത്തുന്ന പ്രവർത്തനങ്ങൾ ഈ മേഖലയിൽ വളരെ പ്രാധാന്യമർഹിക്കുന്നു. മദർ തെരേസ ദരിദ്രരുടെയടുക്കലേക്കു മാത്രമല്ല ദരിദ്രരിൽ ദരിദ്രരായവരുടെ പക്കലേക്കു ചെന്നുകൊണ്ട് സമകാലികലോകത്തിന് ശക്തമായൊരു ക്രൈസ്തവസാക്ഷ്യം നൽകുന്നു. ദരിദ്രർക്കുവേണ്ടി മററു സമൂഹങ്ങളും സഭാസ്ഥാപനങ്ങളും നടത്തുന്ന പ്രവർത്തനങ്ങളും വളരെ സ്തുത്യർഹമാണ്.

## ഐക്യത്തിൻെറ പാത

മാർപാപ്പയെന്ന നിലയിൽ ഇൻഡ്യൻസഭയിൽ എനിക്കു നിറവേററാൻ സാധിച്ച ദൗത്യത്തിൽ ഞാൻ സന്തോഷവാനാണ്. ഈ സന്തോഷത്തിൻെറ ഒരു സവിശേഷ പ്രകടനമായിരുന്നു, സി.എം.ഐ.സഭയുടെ സ്ഥാപകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറയും, സി. അൽഫോൻസ മുട്ടത്തുപാടത്തിൻെറയും നാമകരണനടപടികൾ.

കൂടാതെ പത്രോസിൻെറ സിംഹാസനവുമായി ഇൻഡ്യയിലെ മെത്രാൻ സംഘത്തിനും ഭാരതസഭ മുഴുവനുമുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഈ സന്ദർശനം ഉപകരിച്ചു. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന രൂപതാവൈദികരും, സന്യാസികളും അത്മായരുമായുള്ള പ്രത്യേക കൂടിക്കാഴ്ചകളും ബോംബെയിൽവച്ചു നടന്ന അവിസ്മരണീയമായ യുവജനസമ്മേളനവും ഈ ലക്ഷ്യത്തെ സാക്ഷാത്കരിച്ചു. അപ്പസ്തോലന്മാരുടെ കാലംമുതൽ ഇൻഡ്യൻ മണ്ണിൽ

www.malankaralibrary.com


ഭാരതസഭയുടെ അപ്പസ്തോലികവും സാമൂഹ്യവുമായ പ്രവർത്തനങ്ങൾ അംഗസംഖ്യ ചൂണ്ടിക്കാണിക്കുന്നതിനെക്കാൾ വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണ്. വിവിധ തലങ്ങളിലുള്ള കത്തോലിക്ക വിദ്യാലയങ്ങളും ആശുപത്രികളും, സാമൂഹ്യസേവനകേന്ദ്രങ്ങളും ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്നു. ഇവയിൽനിന്നു് കൂടുതൽ പ്രയോജനമനുഭവിക്കുന്നത് അകത്തോലിക്ക വിഭാഗങ്ങളാണ്.

## ദരിദ്രരിൽ ദരിദ്രർ

നിർഭാഗ്യവശാൽ ഇൻഡ്യയിൽ ഇപ്പോഴും ഒരു ആഗോളപ്രതിഭാസമായ ദാരിദ്ര്യവും കഷ്ടപ്പാടും നിലനില്ക്കുന്നു. ഭാരതഗവണ്മെൻറും അവിടത്തെ ജനാധിപത്യസംവിധാനവും ഇന്നു നേരിടുന്ന ഏററവും ഭാരിച്ച വെല്ലുവിളിയാണത്. ഇൻഡ്യയിലെ സഭക്കും കത്തോലിക്ക സമൂഹത്തിനും അതിൻെറ പരിമിതമായ സാധ്യതകൾക്കുള്ളിൽനിന്നു മാത്രമേ, ഇതിന് മുൻകൈയെടുക്കാനാവുകയുള്ളു. മദർ തെരേസ കൽക്കട്ടയിലും രാജ്യത്തിൻെറ ഇതരഭാഗങ്ങളിലും നടത്തുന്ന പ്രവർത്തനങ്ങൾ ഈ മേഖലയിൽ വളരെ പ്രാധാന്യമർഹിക്കുന്നു. മദർ തെരേസ ദരിദ്രരുടെയടുക്കലേക്കു മാത്രമല്ല ദരിദ്രരിൽ ദരിദ്രരായവരുടെ പക്കലേക്കു ചെന്നുകൊണ്ട് സമകാലികലോകത്തിന് ശക്തമായൊരു ക്രൈസ്തവസാക്ഷ്യം നൽകുന്നു. ദരിദ്രർക്കുവേണ്ടി മററു സമൂഹങ്ങളും സഭാസ്ഥാപനങ്ങളും നടത്തുന്ന പ്രവർത്തനങ്ങളും വളരെ സ്തുത്യർഹമാണ്.

## ഐക്യത്തിൻെറ പാത

മാർപാപ്പയെന്ന നിലയിൽ ഇൻഡ്യൻസഭയിൽ എനിക്കു നിറവേററാൻ സാധിച്ച ദൗത്യത്തിൽ ഞാൻ സന്തോഷവാനാണ്. ഈ സന്തോഷത്തിൻെറ ഒരു സവിശേഷ പ്രകടനമായിരുന്നു, സി.എം.ഐ. സഭയുടെ സ്ഥാപകനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻെറയും, സി. അൽഫോൻസ മുട്ടത്തുപാടത്തിൻെറയും നാമകരണനടപടികൾ.

കൂടാതെ പത്രോസിൻെറ സിംഹാസനവുമായി ഇൻഡ്യയിലെ മെത്രാൻ സംഘത്തിനും ഭാരതസഭ മുഴുവനുമുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്താൻ ഈ സന്ദർശനം ഉപകരിച്ചു. അപ്പസ്തോലപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന രൂപതാവൈദികരും, സന്യാസികളും അത്മായരുമായുള്ള പ്രത്യേക കൂടിക്കാഴ്ചകളും ബോംബെയിൽവച്ചു നടന്ന അവിസ്മരണീയമായ യുവജനസമ്മേളനവും ഈ ലക്ഷ്യത്തെ സാക്ഷാത്കരിച്ചു. അപ്പസ്തോലന്മാരുടെ കാലംമുതൽ ഇൻഡ്യൻ മണ്ണിൽ

www.malankaralibrary.com



വേരുറച്ച രക്ഷയുടെ കൂദാശയായ സഭയെ വൈവിധ്യങ്ങളുടെയും നാനാത്വങ്ങളുടെയും നടുവിൽ യേശു നയിക്കുന്ന പാത ഈ ഐക്യമാണ്. അവിടുന്നു വരാനിരിക്കുന്ന ലോകത്തിന്റെ രാജാവായി തുടരുകയും ചെയ്യുന്നു.

> മാർച്ച്, 4, 1986. മാർച്ച് 9 മുതൽ 15 വരെ ബാംഗ്ളൂർവച്ചു നടന്ന അഖിലേന്ത്യാ ക്രൈസ്തവ വിദ്യാഭ്യാസ കോൺഫറൻസിലേക്കു അയച്ചുകൊടുത്ത സന്ദേശം.

'ഇന്നു ഇൻഡ്യയെ രൂപപ്പെടുത്തുന്ന സാംസ്കാരിക ശക്തികൾ: അതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക്'' എന്ന വിഷയം പഠിക്കുന്നതിന് ബാംഗ്ളൂരിൽ സമ്മേളിച്ചിരിക്കുന്ന നിങ്ങൾക്ക് ഈ സന്ദേശം അയച്ചുതരുന്നതിൽ എനിക്ക് അദമ്യമായ സന്തോഷമുണ്ട്. ഭാരതത്തിന്റെ ഭാവി വിധാതാക്കളായ യുവജനങ്ങളുടെ രൂപീകരണത്തിനും, ഇൻഡ്യയുടെ സാംസ്കാരിക സാമൂഹ്യപുരോഗതിക്ക് സ്വയം അർപ്പണം ചെയ്തിരിക്കുന്ന വിദ്യാഭ്യാസ പ്രവർത്തകരുടെ ആഴമേറിയ പങ്കാളിത്തത്തിനും ഈ വിഷയം വളരെ പ്രസക്തമാണ്. എന്നെ വളരെയധികം സ്വാധീനിക്കുകയും എന്റെ ഓർമ്മയിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുകയും ചെയ്യുന്ന ഉത്കൃഷ്ടമായ മതസാംസ്കാരിക പാരമ്പര്യങ്ങളുള്ള നിങ്ങളുടെ നാട്ടിലേക്കു ഞാൻ നടത്തിയ സന്ദർശനത്തിന്റെ തൊട്ടുപിന്നാലെ തന്നെ നിങ്ങളെ അഭിസംബോധന ചെയ്യാൻ ഇടയായതിൽ ഞാൻ പ്രത്യേക വിധത്തിൽ ആഹ്ളാദഭരിതനാണ്.

ആധ്യാത്മിക, ധാർമ്മിക മൂല്യങ്ങൾക്കു നൽകുന്ന മുൻതൂക്കമാണ്, ഭാരതസംസ്ക്കാരത്തിലെ സത്താപരമായ പ്രത്യേകതയെന്നു എന്റെ സന്ദർശനവേളയിൽ എനിക്കു മനസ്സിലായി. ഡൽഹിയിൽവച്ചു ഞാൻ വിവിധ മതസാംസ്ക്കാരികപ്രതിനിധികളെ അഭിസംബോധന ചെയ്തപ്പോൾ പറഞ്ഞതുപോലെ മനുഷ്യന്റെ ഉൽകൃഷ്ടമായ ആധ്യാത്മിക ദർശനമാണ് ഭാരതം പ്രദർശിപ്പിക്കുന്നത്—പരിപൂർണതയുടെ തീർത്ഥാടകനും, ഒരേ ലക്ഷ്യത്തിലേക്കു യാത്ര ചെയ്യുന്നവനും ദൈവത്തെ അന്വേഷിക്കുന്നവനുമാണ് മനുഷ്യൻ. മനുഷ്യനെപ്പററിയുള്ള സത്യം നാം പ്രഘോഷിക്കുമ്പോൾ, അവന്റെ ലൗകികവും സാമൂഹ്യവുമായ ക്ഷേമത്തിനും അവന്റെ ആധ്യാത്മിക പ്രകൃതി അനുശാസിക്കുന്ന തരത്തിലുള്ള പൂർണമായ മനുഷ്യമഹത്വത്തിനുമാണ് നാം ഊന്നൽ കൊടുക്കുന്നത് (ഫെബ്രുവരി 2, 1986). പൗരാണികകാലം മുതൽക്കുതന്നെ, മനുഷ്യപ്രകൃതിയെയും ദൈവവുമായുള്ള അവന്റെ ബന്ധത്തെയും അടിസ്ഥാ

www.malankaralibrary.com



നമാക്കിയുള്ള ഒരു ധാരണയുടെ വെളിച്ചത്തിലാണ് ഇൻഡ്യ തൻെറ നാഗരികത പണിതുയർത്തിയത്.

ധ്യാനപരിശീലനത്തിലൂടെ ആത്മാവിനും ആന്തരികമനസിനും ഉപബോധമനസിലെ വിവിധ തലങ്ങൾക്കും ഭാരതസംസ്കാരം പ്രത്യേക ശ്രദ്ധനൽകുന്നു. ശാസ്ത്രജ്ഞാനം ഉൽപാദനക്ഷമവും പ്രയോജനപ്രദവും പ്രായോഗികവുമാണെന്ന് തെളിഞ്ഞിരിക്കുന്നു. വിദ്യാഭ്യാസ പ്രവർത്തകരെന്നനിലയിൽ ശാസ്ത്രീയമായ ശിക്ഷണരീതി പുലർത്താൻ നിങ്ങൾ ശ്രദ്ധിക്കണം. ഇന്ന് ശാസ്ത്രം, രാഷ്ട്രത്തിൻെറ സാമൂഹ്യവും സാമ്പത്തികവുമായ വികസനത്തിനു ഒഴിച്ചുകൂടാനാവാത്ത സഹായിയായിത്തീർന്നിരിക്കുന്നു. എന്നാൽ നമുക്കറിയാവുന്നതുപോലെ ശാസ്ത്രം മനുഷ്യാത്മാവിൻെറ അഗാധമായ പ്രകൃതിയെ അവഗണിക്കുകയും തന്മൂലം വ്യക്തിയുടെയും സമൂഹത്തിൻെറയും സമഗ്രമായ വികസനത്തെ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മനുഷ്യരഹസ്യത്തെ പ്രസ്പഷ്ടമാക്കാനായി നിങ്ങളുടെ സംസ്കാരം നടത്തിയ നിരന്തരമായ പരിശ്രമങ്ങൾ ധന്യമാണ്. ഇൻഡ്യയിലെ സംസ്കാര സമ്പന്നനായ ഒരു പൗരൻ സുശിക്ഷിതനായ വ്യക്തിയാണെന്ന വസ്തുത ഭാരതസംസ്കാരത്തിൻെറ ധാർമ്മികതലത്തെ നിതരാം തെളിയിക്കുന്നു. അവൻ തൻെറ സ്വാഭാവിക പ്രവണതകളെ നിയന്ത്രിക്കുകയും, ധാർമ്മിക മനസ്സാക്ഷി തൻെറ മുന്നിൽ പ്രതിഷ്ഠിച്ചിരിക്കുന്ന ആദർശങ്ങൾക്കനുസരിച്ച് തന്നെത്തന്നെ രൂപപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, ഉചിതവും അനുചിതവും, നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിയാനുള്ള ശേഷിയും അവനുണ്ട്. യുവജനങ്ങളുടെ വിദ്യാഭ്യാസത്തെപ്പററി മഹാത്മാഗാന്ധി പറയുന്നു: 'ഹൃദയത്തെ ഉണർത്തുകയെന്നത്, ഉറങ്ങിക്കിടക്കുന്ന ആത്മാവിനെയും ബുദ്ധിയെയും ഉണർത്തുകയും നന്മയും തിന്മയും തമ്മിൽ തിരിച്ചറിയാനുള്ള കഴിവുണ്ടാക്കുകയുമാണ്' (All Men are Brothers, Ahmedbad, 1960, P 206).

ഓരോ രാജ്യത്തിനും ഓരോ സമൂഹത്തിനും അവയുടേതായ പ്രത്യേക സംസ്കാരവും ആവശ്യങ്ങളുമുണ്ട്. ഓരോ യുഗവും ഓരോ സമൂഹവും തങ്ങളുടെ പുരാതനമായ ആദർശങ്ങൾ നൂതന പരിതോവസ്ഥകളിൽ സന്നിവേശിപ്പിക്കണം. അനുഭവജ്ഞാനമുള്ള വിദ്യാഭ്യാസ വിചക്ഷണന്മാരെന്ന നിലയിൽ, നിങ്ങൾക്കറിയാവുന്നതുപോലെ, ആധുനിക ഇൻഡ്യ, ലോകത്തിലെ ബൗദ്ധിക, ധാർമ്മിക, സാംസ്കാരിക സ്രോതസ്സുകളെ സ്വാംശീകരിക്കണം. തൻെറ തന്നെ സാംസ്കാരികവും പരമ്പരാഗതവുമായ തനിമ നിലനിർത്തിക്കൊണ്ടു വേണം

www.malankaralibrary.com



ഇപ്രകാരം നിവർത്തിക്കാൻ. മററു സംസ്കാരങ്ങളുടെ സംഭാവനകൾക്ക് നിങ്ങളുടെ സംസ്കാരപൈതൃകവുമായി ബന്ധപ്പെടുത്തിയുള്ള ഒരു പുനരാഖ്യാനവും സ്വീകരണവും ആവശ്യമാണെന്ന വസ്തുത നിങ്ങൾ അംഗീകരിക്കുന്നു. മനുഷ്യനിൽ വിശ്വാസമർപ്പിച്ചുകൊണ്ട്, പൗരസ്ത്യ-പാശ്ചാത്യമൂല്യങ്ങളെ സംയോജിപ്പിച്ച് അവയിൽനിന്ന് സാർവത്രികവും മനുഷ്യോന്മുഖവുമായ ഒരു വീക്ഷണം വളർത്തിയെടുക്കുന്നതിനുവേണ്ടിയാണല്ലൊ രവീന്ദ്രനാഥ ടാഗോർ വിശ്വഭാരതി അന്തർദേശീയ സർവകലാശാല സ്ഥാപിച്ചത്. ഞാൻ യുനെസ്കോ അസംബ്ളിയിൽ പ്രസ്താവിച്ചതുപോലെ, ഇങ്ങനെയുള്ള ഒരു വിശ്വസംസ്കാരം പണിതുയർത്തുന്നതിന്, 'സാങ്കേതികത്വത്തിനുപരി സന്മാർഗത്തിനും, വസ്തുക്കൾക്കുമുപരി വ്യക്തികൾക്കും, ഭൗതികത്വത്തിനുപരി ആധ്യാത്മികതയ്ക്കും മുൻഗണന കൊടുക്കേണ്ടതിനെപ്പററി നാം ബോധവാന്മാരായിരിക്കണം' (ജൂൺ 2, 1980).

ഇൻഡ്യയുടെ ഭാവിയെ രൂപപ്പെടുത്തുന്ന പഴയതും പുതിയതുമായ ശക്തികൾ നേരാംവണ്ണം വിദ്യാഭ്യാസപദ്ധതികളിൽ സമന്വയിക്കപ്പെടണം. അങ്ങനെ ഈ മഹത്തായ രാഷ്ട്രം അതിന്റെ ആധ്യാത്മികതക്കനുസരിച്ച് വികസിക്കട്ടെ. ഇൻഡ്യൻ സംസ്കാരത്തിന്റെ ഭാവിക്ക് സുപ്രധാനമാണ് നിങ്ങളുടെ അദ്ധ്വാനവും അർപ്പണവും. നിങ്ങൾക്ക ഞാൻ ആത്മാർത്ഥവും ഹൃദ്യവുമായ ആശംസകൾ നേരുന്നു.

എല്ലാ പ്രകാശത്തിന്റെയും സൗന്ദര്യത്തിന്റെയും ഉറവിടവും ആരുടെ അതിരില്ലാത്ത സ്നേഹമാണോ നമ്മുടെ പ്രചോദനവും ശക്തിയും, ആ സർവശക്തനായ ദൈവം സത്യത്തിന്റെയും സ്നേഹത്തിന്റേതുമായ ഒരു സംസ്കാരം നിർമ്മിക്കാൻ നമ്മെ സഹായിക്കട്ടെ.

## ഇന്ത്യൻ സംഘത്തെ സ്വീകരിച്ചപ്പോൾ

1986 ജൂൺ 12 വ്യാഴാഴ്ച, പ. പിതാവ് റോമിലുള്ള ആയിരത്തോളം വരുന്ന ഭാരതീയരെ സ്വീകരിച്ചു. കാർഡിനൽ ലൂർദ്ദുസ്വാമിയുടെ ഉപക്രമത്തിനുശേഷം പ. പിതാവ് അവരെ അഭിസംബോധന ചെയ്തു.

പ്രിയ സ്നേഹിതരെ,

ഇന്ന് നിങ്ങളെ എല്ലാവരെയും ഇവിടെവച്ചു കാണാൻ സാധിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തൊഴിൽ, പഠനം മുതലായ കാരണങ്ങളാൽ നിങ്ങളുടെ വിദൂര

www.malankaralibrary.com



മായ മാതൃരാജ്യത്തുനിന്നുവന്ന് ഈ റോമാനഗരത്തിൽ വസിക്കുന്ന ഭാരതമക്കളാണ് നിങ്ങൾ. ദൈവാനുഗ്രഹത്താൽ കഴിഞ്ഞ ഫെബ്രുവരി ആദ്യം ഞാൻ നിങ്ങളുടെ രാജ്യത്തേക്ക നടത്തിയ തീർത്ഥാടനത്തിന്റെ സന്തോഷവും ആത്മീയമായ പ്രാധാന്യവും ഒന്നുകൂടി അനുസ്മരിക്കുന്നതിനുവേണ്ടിയാണല്ലോ, നിങ്ങൾ പോപ്പുമായുള്ള ഈ കൂടിക്കാഴ്ചക്ക് ആഗ്രഹിച്ചത്.

ആ അനുഗൃഹീതമായ നിമിഷങ്ങളെപ്പററി ഓർക്കുമ്പോൾ ആദ്യമായി, അഗാധമായ കൃതജ്ഞതയുടെ വികാരങ്ങളാണ് എന്റെ ഹൃദയത്തിൽ നിറയുന്നത്. എല്ലാററിലുമുപരി എന്റെ അപ്പസ്തോലികദൗത്യം നേരിട്ടു നിർവഹിക്കാൻ അവസരം തന്ന സ്വർഗീയ പിതാവിന് കൃതജ്ഞത. സമ്പന്നവും വൈവിദ്ധ്യമാർന്നതുമായ സാംസ്കാരിക പൈതൃകമുള്ള ഇൻഡ്യൻ ജനതയോടും ഞാൻ കൃതജ്ഞനാണ്. അതിപുരാതനവും തിളക്കമാർന്നതുമായ സംസ്കാരങ്ങളിലൊന്നിന്റെ ആത്മീയവും മാനവികവുമായ നേട്ടങ്ങളോട് അത്യധികമായ ആദരം പുലർത്തിക്കൊണ്ടാണ് ഞാൻ നിങ്ങളുടെ ജനതയെ സമീപിച്ചത്. ഞാൻ എവിടെയെല്ലാം പോയോ, അവിടെയെല്ലാം ഹൃദ്യവും സ്നേഹനിർഭരവുമായ സ്വാഗതമാണ് ജനങ്ങളും ദേശീയ, പ്രാദേശിക അധികാരികളും എനിക്കു നൽകിയത്. എല്ലാത്തിനും ഞാൻ വളരെയേറെ കടപ്പെട്ടിരിക്കുന്നു.

സ്വന്തം പാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തിക്കൊണ്ട്, സമകാലികലോകത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉയർന്ന്, ഇന്നു മാനവരാശി അഭിമുഖീകരിക്കുന്ന വലിയ വെല്ലുവിളികൾക്ക് പ്രത്യുത്തരം കൊടുക്കുന്ന പ്രക്രിയകളിലും സംവാദങ്ങളിലും ഇൻഡ്യ അതിപ്രധാനമായൊരുസ്ഥാനം വഹിക്കുന്നു. ഇന്നു സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പരിവർത്തനത്തിന് ക്രിയാത്മകമായ രൂപം കൊടുക്കുന്നതിന് ആധുനിക മനുഷ്യനെ പ്രാപ്തനാക്കുന്ന ശരിയായ മാനവികതയുടെ ഉദയത്തിന് വളരെ വലിയൊരു സംഭാവനനൽകാൻ മനുഷ്യനെപ്പററിയുള്ള ഇന്ത്യയുടെ ആത്മീയ വീക്ഷണത്തിന് സാധിക്കുമെന്ന വിശ്വാസം എന്റെ സന്ദർശനവേളയിലെ പല അവസരങ്ങളിലും ഞാൻ പ്രകടിപ്പിച്ചിട്ടുണ്ട്. ഞാൻ ന്യൂഡൽഹിയിൽ പ്രസ്താവിച്ചതുപോലെ, 'മനുഷ്യനെക്കുറിച്ചുള്ള ആത്മീയ വീക്ഷണത്തിന് അർഹിക്കുന്ന ആദരംകൊടുക്കുകയും അതിനെ പിഞ്ചെല്ലുകയും ചെയ്യുമ്പോൾ മാത്രമേ, മനുഷ്യന്റെ ശരിയായ വിമോചനം സാധിക്കുകയും മനുഷ്യമഹത്വത്തെ ഭീഷണിപ്പെടുത്തുന്ന സകലതും തുടച്ചുനീക്കപ്പെടുകയും ചെയ്യുകയുള്ളൂ' — (ഇന്ദിരാഗാന്ധിസ്റ്റേഡിയത്തിൽ ഫെബ്രുവരി 2. 1986).

www.malankaralibrary.com



യഥാർത്ഥമായ എല്ലാ മാനവപുരോഗതിയുടെയും ആത്മീയമായ അടിത്തറയിലേക്കു ശ്രദ്ധ ക്ഷണിക്കാൻ എന്റെ ഭാരത സന്ദർശനത്തിൽ ഞാൻ ശ്രമിച്ചിരുന്നു. രാജ്ഘട്ടിൽവച്ച് ഇൻഡ്യയുടെ ആത്മാവിനെ അത്യുജ്ജ്വലമായ രീതിയിൽ വ്യാഖ്യാനിച്ച മഹാത്മാഗാന്ധിയുടെ സ്മരണയ്ക്ക് പ്രണാമമർപ്പിക്കുന്നതിനു എനിക്ക് അവസരം ലഭിച്ചു. എല്ലാ മനുഷ്യരും അവർ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയായാലും ഓരോ മനുഷ്യവ്യക്തിയുടെയും തനതായ മഹത്വത്തെ ബഹുമാനിച്ചുകൊണ്ട്, സത്യത്തോട് ഒട്ടിച്ചേർന്നു നിൽക്കുകയാണെങ്കിൽ പുതിയ ലോകക്രമം—സ്നേഹത്തിന്റെ സംസ്കാരം—സംജാതമാകുമെന്ന് അദ്ദേഹം പഠിപ്പിച്ചു (രാജ്ഘട്ട് പ്രസംഗം, ഫെബ്രുവരി 1, 1986).

സഹസ്രാബ്ദങ്ങളായി നിങ്ങളുടെ രാജ്യത്തെ ധന്യമാക്കിയിട്ടുള്ള ഉന്നതമായ ആത്മീയ പാരമ്പര്യങ്ങളെ നേരിൽ കാണുകയെന്നതായിരുന്നു എന്റെ ഭാരതതീർത്ഥാടനത്തിന്റെ പ്രധാന ഉദ്ദേശ്യം. മററു മതാനുയായികളുമായി ആത്മാർത്ഥവും ആദരപൂർവവുമായ സംവാദം നടത്താനുള്ള ദൗത്യം രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയ്ക്കു കൈമാറി. ഈ സംവാദം, നാം തമ്മിലുള്ള ആഴമേറിയ വൈജാത്യങ്ങളെ ഉപരിപ്ലവമായി അവഗണിക്കുകയെന്നു അർത്ഥമാക്കുന്നില്ല. പ്രത്യുത, നാം തമ്മിൽ ചില പ്രധാനവിഷയങ്ങളിൽ വ്യത്യസ്തരായതുകൊണ്ട്, ഏററവും ആവശ്യമായിട്ടുള്ളത് പരസ്പരബഹുമാനത്തിന്റെയും ആദരവിന്റേതുമായ ഒരു മനോഭാവമാണ്. കൂടാതെ, മനുഷ്യർ തമ്മിൽ പൊതുവായിട്ടുള്ളതെന്താണെന്നും അവർതമ്മിലുള്ള കൂട്ടായ്മയെ വളർത്തുന്നതെന്താണെന്നും ഐക്യത്തിന്റെയും സ്നേഹത്തിന്റെയുമായ ക്രൈസ്തവസന്ദേശം ഊന്നിപ്പറയുന്നു. ഗാഢവും ഫലദായകവുമായ സഹകരണം സാധ്യമായിട്ടുള്ളതും, വാസ്തവത്തിൽ ആവശ്യമായിട്ടുള്ളതുമായ ധാരാളം മതാത്മകവും, സാമൂഹ്യവും, പൊതുകാര്യപ്രസക്തവുമായ പ്രശ്നങ്ങൾ ഉണ്ടെന്നുള്ള കാര്യത്തിൽ സഭയ്ക്ക് ഉറച്ച ബോധ്യമുണ്ട്.

ഹൈന്ദവ, ഇസ്ലാമിക, സിക്ക്, ബുദ്ധ, ജൈന പാരമ്പര്യങ്ങളുടെ വളരെയേറെ പ്രതിനിധികളെ സൗഹാർദ്ദത്തിന്റെയും തുറന്ന മനസ്ഥിതിയുടേയുമായ അന്തരീക്ഷത്തിൽ എനിക്കു കണ്ടുമുട്ടാൻ സാധിച്ചു. മതങ്ങൾ തമ്മിലുള്ള കൂടുതൽ സംവാദങ്ങൾക്ക് ഈ കൂടിക്കാഴ്ചകൾ സഹായകരമാകട്ടെയെന്ന് ഞാൻ തീവ്രമായി അഭിലഷിക്കുകയാണ്.

എല്ലാ മതങ്ങളിലുമുള്ള സന്മനസ്സുള്ള എല്ലാവരും പരസ്പരം തങ്ങളുടെ ഉൽക്കണ്ഠയും താൽപര്യവും പങ്കുവയ്ക്കുന്ന നമ്മുടെ കാലഘട്ടത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്

www.malankaralibrary.com



ലോകസമാധാനം. ഈ വർഷം ഒക്ടോബർ 27–ന അസ്സീസിയിൽ സമാധാനത്തിനുവേണ്ടി ഒരു പ്രാർത്ഥനായോഗം നടത്തുന്നതിനുള്ള എൻെറ അഭ്യർത്ഥനയ്ക്ക് പല മതനേതാക്കളും ക്രിയാത്മക പ്രതികരണം നൽകിയിട്ടുണ്ടെന്ന കാര്യം ഈയവസരത്തിൽ അനുസ്മരിക്കുകയാണ്. ഇതിൻെറ വിജയത്തിനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എൻെറ സന്ദർശനത്തിൻെറ ഓരോ ഘട്ടത്തിലും ഭാരതത്തിലെ ദൈവജനത്തിൻെറ വിശുദ്ധസ്ഥലങ്ങളിലെ ഒരു തീർത്ഥാടകനാണ് ഞാൻ എന്നത് എന്നിൽ രൂഢമൂലമായിക്കൊണ്ടിരുന്നു. പ്രാദേശികസഭകളും മെത്രാന്മാരും, വൈദികരും, സന്യാസിനീസന്യാസികളും അത്മായരുമായിട്ടുള്ള എൻെറ സമ്പർക്കം യഥാർത്ഥമായ ആത്മീയാനന്ദത്താൽ മുദ്രിതമായിരുന്നു.

നിങ്ങളുടെ സഭാജീവിതത്തിൻെറ സമ്പന്നതയും വൈവിധ്യവും അനുഭവിച്ചറിയാൻ എനിക്കു സാധിച്ചു. ഓരോ സ്ഥലത്തുമുള്ള ഒരേ വിശ്വാസവും, ഒരേ കൂദാശയും ഒരേ സഭാജീവിതത്തിലുള്ള കൂട്ടായ്മയും ക്രിസ്തുവിൻെറ ഭൗതികശരീരത്തിൻെറ സാർവത്രികത പ്രസ്പഷ്ടമാക്കുന്നു. ഇവയെല്ലാം ലത്തീൻസഭയുടെയും പൗരസ്ത്യസഭകളായ സീറോമലബാർ, സീറോമലങ്കര റീത്തുകളുടെയും പാരമ്പര്യങ്ങൾക്കനുസരിച്ച് ജീവിക്കപ്പെടുന്നു. പ്രത്യേകിച്ചും കേരളത്തിൽ ഓരോ റീത്തിൻെറയും ഉൽകൃഷ്ടമായ പാരമ്പര്യങ്ങൾ ആത്മീയമായ ഭക്തിയുടെയും ആരാധനക്രമത്തിലുള്ള ഭാഗഭാഗിത്വത്തിൻെറയും സ്രോതസ്സുകളാണ്.

മററ് ക്രിസ്തീയസഭകളുടെയും സമൂഹങ്ങളുടെയും പ്രതിനിധികളുമായി ധാരാളം കൂടിക്കാഴ്ചകൾ നടത്താനുള്ള അവസരം എനിക്കുണ്ടായി. ഈ കൂടിക്കാഴ്ചകൾ, എല്ലാ ക്രിസ്തുശിഷ്യരുടെയും മുമ്പിലുള്ള എക്യുമെനിക്കൽപ്രസ്ഥാനത്തിന് പുതിയ ഊന്നൽ നൽകുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. 'എല്ലാവരും ഒന്നാകണമെന്ന' (cfr. യോഹ. 17:21) നാഥൻെറ വ്യക്തമായ അഭിലാഷത്തിൽനിന്നുരുത്തിരിയുന്ന അടിയന്തിരമായ ഈ കല്പനയാണല്ലോ എല്ലാവരുടെയും മുമ്പിലുണ്ടായിരിക്കേണ്ടതു്.

ഇൻഡ്യൻ സഭയ്ക്കു ജന്മം നൽകിയ വി. തോമസിൻെറ സുവിശേഷപ്രസംഗവും രക്തസാക്ഷിത്വവുമായി ബന്ധപ്പെട്ട ചില സ്ഥലങ്ങളും സന്ദർശിക്കുന്നതിനു് എനിക്ക് സാധിച്ചു. ഗോവയിൽവച്ച് ഭാരതത്തിൻെറ ദ്വിതീയാപ്പസ്തോലനായ വി. ഫ്രാൻസിസ് സേവ്യറിൻെറ കബറിടം സന്ദർശിക്കുന്നതിന് എനിക്കു കഴിഞ്ഞു. ഫെബ്രുവരി 8–നു കോട്ടയത്തുവച്ച്

www.malankaralibrary.com



ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസമ്മയെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ച അവസരം എനിക്ക് ആത്മീയ ഉൽക്കർഷത്തിന്റെ നിമിഷങ്ങളിലൊന്നായിരുന്നു. ക്രിസ്തുവിനോടും സഭയോടുമുള്ള നിരുപമമായ സ്നേഹത്താൽ നിറഞ്ഞവരായിരുന്നു കേരളത്തിന്റെയും സീറോ മലബാർ സഭയുടെയും ആ മകനും മകളും. ഭാരതസഭയുടെ പ്രത്യേകമായ വിശുദ്ധിയുടെ നീണ്ട പാരമ്പര്യത്തിന്റെയും സന്യാസ അർപ്പണത്തിന്റെയും മാതൃകാസാക്ഷികളാണവർ. നിങ്ങളുടെ രാജ്യത്ത് സേവനത്തിലും സുവിശേഷസാക്ഷ്യത്തിലുമുള്ള സഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു അവരുടെ സ്വർഗീയ മാധ്യസ്ഥ്യം ഇടയാകട്ടെ.

ഈ തീർത്ഥാടനത്തിന്റെ അനുഭവങ്ങൾ മുഴുവൻ ഏതാനും വാക്കുകളിൽ ഒതുക്കാൻ സാധ്യമല്ല. സന്ദർശനത്തോടനുബന്ധിച്ചുള്ള ബാഹ്യമായ സംഭവങ്ങളുടെ മാത്രമല്ല, പ്രത്യേകിച്ചും 'സകലർക്കുമുണ്ടായ ദൈവകൃപയെപ്പറ്റി' (2 കൊറി 8:1) ഒരു വിചിന്തനത്തിന് സമയം ആവശ്യമാണ്.

ഇൻഡ്യയിലെ സഭാസമൂഹത്തിന്റെ മുമ്പിലുള്ള വെല്ലുവിളികൾ ഇൻഡ്യതന്നെ അഭിമുഖീകരിക്കുന്ന ഭാവിച്ചരിത്യത്തിന്റെ സംരക്ഷണവും സഹായമർഹിക്കുന്ന ഓരോ വ്യക്തിക്കും നൽകുന്ന വിനീതസേവനവുമല്ലാതെ മറ്റൊന്നുമല്ല സഭയുടെ പാത. ഭാരതത്തിലെ എല്ലാ ഉന്നതമായ മതപാരമ്പര്യങ്ങൾക്കും സഹകരിക്കാവുന്ന മേഖലകളാണിവ. ഈ വഴിയിലൂടെ ചരിക്കാൻ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കട്ടെ.

മാതൃരാജ്യത്തുനിന്നു വളരെയകലെയാണെങ്കിലും നിങ്ങൾ റോമിലായിരിക്കുമ്പോൾ അന്യോന്യം ബന്ധപ്പെട്ടുകൊണ്ടാണിരിക്കുന്നതെന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അങ്ങനെ നിങ്ങൾ നിങ്ങളുടെ സാംസ്കാരിക പൈതൃകവുമായി അടുത്ത സമ്പർക്കം പുലർത്തുകയും അന്യോന്യം സഹായിക്കുകയും ഐക്യത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു.

സർവശക്തനായ ദൈവം നിങ്ങളുടെ ജീവിതത്തെ അനുഗ്രഹിക്കട്ടെ. അവിടുന്ന് തന്റെ സമാധാനവും സ്നേഹവും നിങ്ങൾക്കും നിങ്ങളുടെ കുടുംബങ്ങൾക്കും പ്രദാനംചെയ്യട്ടെ.

00

www.malankaralibrary.com

# മാർപാപ്പ ഇന്ത്യയോട്

മതേതരരാഷ്ട്രമായ ഭാരതത്തിൻെറ രാഷ്ട്ര അതിഥിയായിട്ടാണു പാപ്പ വന്നതെങ്കിലും ആ സന്ദർശനം ഒരു തീർത്ഥാടനം ആയിരുന്നു. ഭാരതീയരെ കാണാൻ, കേൾക്കാൻ, പഠിക്കാൻ തൻെറ അനുഭവങ്ങൾ അവരുമായി പങ്കുവയ്ക്കാൻ, അവരോടൊത്തു പ്രാർത്ഥിക്കാൻ—ഇതായിരുന്നു പാപ്പാസന്ദർശനത്തിൻെറ ലക്ഷ്യം.

പാപ്പ സംസാരിച്ചത് വിശ്വസാഹോദര്യത്തിൻെറ ഭാഷയാണ്. മാനവസമൂഹത്തിനു മുഴുവൻ പ്രസക്തമായിരുന്നു ആ സന്ദേശം. അതിൽ മതനേതാക്കൾക്കും രാഷ്ട്രമീമാംസകർക്കും സാമൂഹ്യ-സാമ്പത്തിക വിദഗ്ദ്ധർക്കും തൊഴിലാളികൾക്കും രോഗികൾക്കും യുവജനങ്ങൾക്കും വൃദ്ധർക്കും വേണ്ട മാർഗനിർദ്ദേശങ്ങളുണ്ട്. കുടുംബനാഥർക്കും സന്യസ്തർക്കും വൈദികവിദ്യാർത്ഥികൾക്കും വൈദികർക്കും മെത്രാന്മാർക്കുംവേണ്ട സന്ദേശങ്ങളുണ്ട്. മാനവികാഭിമുഖ്യമുള്ള എല്ലാവർക്കുമായുള്ള ആ സന്ദേശങ്ങളുടെ സമാഹാരമാണീഗ്രന്ഥം.

അവിടുന്നു സന്ദർശിച്ച എല്ലായിടങ്ങളിലും സന്ദേശങ്ങൾ നൽകി. ഓരോ പ്രസംഗവും ഒരു പിതാവിൻെറ വികാരങ്ങളോടെ, ഹൃദയത്തിൻെറ ഭാഷയിൽ, താൻ അനുഭവിച്ചറിഞ്ഞ ആഴമേറിയ ആധ്യാത്മിക ചൈതന്യം തുടിക്കുന്നതാണ്. അവ ആരിലും ചലനം സൃഷ്ടിക്കാൻ ശക്തവുമാണ്.

പാപ്പാസന്ദർശനത്തിൻെറ ചൈതന്യം കഴിഞ്ഞകാലസംഭവമായി നമുക്കു നഷ്ടപ്പെടാനുള്ളതല്ല. ശാശ്വതമായ സമ്പത്തായിരിക്കണമത്. അത് കാത്തുസൂക്ഷിക്കാൻ ഈ പ്രസംഗശേഖരം വളരെ സഹായകമാണ്.

മാർ ആൻറണി പടിയറ
(അവതാരികയിൽനിന്ന്)

വില 30.00

എസ്. എച്ച്. ലീഗ്, ആലുവ 683103